വേണാടിന്റെ വീരചരിതം

196

TTT
ARCHIVES
1991

ഗ്രന്ഥകർത്താ:

ശ്രീയുത് മഹാദേവദേശായ്

പരിഭാഷകന്മാർ:

സി. നാരായണപിള്ള ബി. എ., ബി. എൽ.
കെ. പി. ശങ്കരമേനോൻ ബി. എ., ബി. എൽ.
തിരുവനന്തപുരം.

[copy right]

[വില ൧ ക. ൪ ണ്ണ.]

First Edition 1000 Copies

1937.

PUBLISHED BY P. N. NAIR.
MANAGER, KAMALALAYA PRINTING WORKS,
TRIVANDRUM.

തിരുവിതാംകൂറിന്.

Printed at the Kamalalaya Prin

വിളംബരം

"നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോദ്ധ്യപ്പെട്ടും, ആയതു് ദൈവീകമായ അനുശാസനത്തിലും സർവ്വവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ചും, അതിന്റെ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചു പോന്നു എന്നു ധരിച്ചും, നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കും തന്നെ അവരുടെ ജനനമോ, ജാതിയോ സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉൽക്കണ്ഠയിലും, നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നതെന്തെന്നാൽ, സമുചിത പരിതസ്ഥിതികൾ പരിരക്ഷിക്കുന്നതിനും, ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചു നടത്തുന്നതിനും, നാം നിശ്ചയിക്കുകയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനാലോ, മതവിശ്വാസത്താലോ, ഹിന്ദുവായ യാതൊരാൾക്കും നമ്മുടേയും നമ്മുടെ ഗവമ്മെൻറിന്റേയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ, ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു."

"തിരുവിതാംകൂറിനെപ്പററിയുള്ള
മററു സകല സംഗതികളും വിസ്മരിക്കപ്പെട്ടുപോയാലും,
മഹാരാജാവു തിരുമനസ്സിലെ
ഈ ഏക കൃത്യം—

ക്ഷേത്രപ്രവേശനവിളംബരം—

ഭാവി തലമുറകൾ കൃതജ്ഞതയോടുകൂടി
സ്മരിക്കുന്നതാണ്."

ഗാന്ധിജി.

വിഷയവിവരം.

ഒന്നാം ഭാഗം.

വിവരണം.

		പേജ്
	ആമുഖം	
൧.	തിരുവിതാംകൂർ—ഒരു കടംകഥ	൧
൨.	പ്രക്ഷോഭണകാലം	൯
൩.	അത്ഭുതം സംഭവിക്കുന്നു	൨൩
൪.	ഈ അത്ഭുതത്തിന്റെ മഹത്വം	൪൩
൫.	തീർത്ഥയാത്ര I.	൫൫
൬.	തീർത്ഥയാത്ര II.	൬൧
൭.	തീർത്ഥയാത്ര III.	൭൭

രണ്ടാം ഭാഗം.

വിളംബരത്തിനു മുൻപുള്ള ഗാന്ധിജിയുടെ ലേഖനങ്ങളും പ്രസംഗങ്ങളും.

		പേജ്
൧.	വൈക്കം	൩
൨.	നാഗർകോവിൽ	൧൨
൩.	തിരുവനന്തപുരം	൧൭
൪.	കൊല്ലം	൨൭
൫.	പള്ളുരുത്തി	൩൦
൬.	ആലപ്പുഴ	൩൩
൭.	തിരുവനന്തപുരം	൪൧

തിരുവെഴുത്തുവിളംബരം

മഹാത്മജിയുടെ ലേഖ

വ.	ഹിന്ദുരാജാക്കന്മാരും അവരുടെ ഇ	
	ഒരു മാതൃക	
ൻ.	ദൈവത്തിന്റെ മഹിമ	
൧.	തിരുവിതാംകൂർ തീർത്ഥാടനം	

തീർത്ഥാടനപ്രസംഗങ്ങൾ.

൧൧.	തീർത്ഥാടനത്തിനിടയിൽ ഗാന്ധിജി സന്ദർശിച്ച ക്ഷേത്രങ്ങളുടെ പേരുകൾ	൩൩
൧൨.	തിരുവനന്തപുരം	൩൪
൧൩.	ഹിന്ദി ഖിരുദ്ദാനസമ്മേളനാവസരത്തിൽ	൪൦
൧൪.	തിരുവനന്തപുരത്തെ പ്രസംഗം	൪൨
൧൫.	വെങ്ങാനൂർ	൫൧
൧൬.	തക്കല	൫൩
൧൭.	നെയ്യാററിൻകര	൫൫
൧൮.	തിരുവട്ടാർ	൫൭
൧൯.	നാഗർകോവിൽ	൬൦
൨൦.	വക്കലയിലെ ശിവഗിരിമഠം	൬൪
൨൧.	പാരിപ്പിള്ളി	൬൬
൨൨.	കൊല്ലം	൭൦൨
൨൩.	തട്ടാരമ്പലം	൭൧൧
൨൪.	ഹരിപ്പാട്	൭൧൪
൨൫.	ചേർത്തല	൭൨൦
൨൬.	വൈക്കം	൭൨൫
൨൭.	ഏററുമാനൂർ	൭൩൫
൨൮.	കുമാരനല്ലൂർ	൭൪൨
൨൯.	തിരുവാർപ്പ്	൭൪൬
൩൦.	കോട്ടയം (മഹിളായോഗം)	൭൪൫
൩൧.	കോട്ടയം	൭൫൦
൩൨.	ചങ്ങനാശ്ശേരി	൭൫൫
൩൩.	തിരുവല്ല.	൭൬൦
൩൪.	ചെങ്ങന്നൂർ	൭൬൧
൩൫.	ആറന്മുള	൭൬൫
൩൬.	ഇലന്തൂർ	൭൬൭
൩൭.	പന്തളം	൭൭൦
൩൮.	കൊട്ടാരക്കര	൭൭൫
൩൯.	ക്ഷേത്രങ്ങളിലെ പ്രാർത്ഥനായോഗങ്ങൾ	൭൭൭

ചിത്രങ്ങൾ.

പേജ്

൧. ശ്രീപത്മനാഭദാസ വഞ്ചിപാല ശ്രീ രാമവർമ്മ തിരുവിതാംകൂർമഹാരാജാവു തിരുമനസ്സുകൊണ്ടു് മുഖചിത്രം.

൨. മഹാറാണി സേതു പാർവ്വതീഭായി തിരുമനസ്സുകൊണ്ടു് ൪൮

൩. തിരുവനന്തപുരത്തു് അനന്തപത്മനാഭക്ഷേത്രം ൩൩

൪. ശുചീന്ദ്രം ക്ഷേത്രവും ക്ഷേത്രക്കുളവും. ൩൯

൫. സചിവോത്തമൻ സർ സി. പി. രാമസ്വാമി അയ്യർ, തിരുവിതാംകൂർ ദിവാൻ. ൯൪

ആമുഖം.

ഈ പുസ്തകത്തിന്റെ പേരിന് ഞാൻ ശ്രീമതി സരോജിനിനായിഡുവിനോടു കടപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ തിരുവിതാംകൂറിലെ തീർത്ഥയാത്ര കഴിഞ്ഞ ഉടൻ ആ മഹതി വാർദ്ധാവഴി കടന്നുപോകുവാനിടയാകുകയും, സ്റ്റേഷനിൽ ചെന്നു കാണുവാൻ എന്നോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. തിരുവിതാംകൂറിലുണ്ടായ സംഭവങ്ങളെക്കുറിച്ച് അവർ വളരെയൊക്കെ പ്രശംസിക്കുകയും അവരുടെ പ്രത്യേക രീതിയിൽ ഇങ്ങിനെ പ്രസ്താവിക്കയും ചെയ്തു: "സംഭവിച്ചുകഴിഞ്ഞിരിക്കുന്നത് വീരചരിതസ്വഭാവമുള്ള ഒന്നാണ്. വീരോചമമായ ഉപവാസം ഫലശൂന്യമായിരുന്നില്ലെന്നുള്ളതിനു സംശയമില്ല."

ഒന്നാംഭാഗത്തിലെ ഏഴ് അദ്ധ്യായങ്ങൾ തിരുവിതാംകൂറിൽ അയിത്താചാരം അവസാനിപ്പിക്കുന്നതിനു ചെയ്തിട്ടുള്ള ശ്രമങ്ങളെ സംക്ഷിപ്തമായി വിവരിക്കുന്നു. രണ്ടാംഭാഗത്തിൽ ഗാന്ധിജിയുടെ പ്രസംഗങ്ങൾ അടങ്ങിയിരിക്കുന്നു. ൧൯൨൫-ൽ ചെയ്ത ഒരു പ്രധാനമായ പ്രസംഗം, ൧൯൨൬-ലെ മൂന്നു പ്രസംഗങ്ങൾ, ൧൯൨൭—൨൮-ലെ സ്മരണീയമായ ഹരിജനങ്ങൾക്കു വേണ്ടിയുള്ള സഞ്ചാരത്തിൽ ചെയ്ത മൂന്നു പ്രസംഗങ്ങൾ, തിരുവിതാംകൂറിൽ നടത്തിയ തീർത്ഥയാത്രയിൽ ആകെ ചെയ്ത ൨൦ പ്രസംഗങ്ങൾ ഇത്രയുമാണ് ഇവ. "ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾക്ക് ഒരു അസ്ത്രമെന്നപോലെ നിങ്ങളുടെ ഹൃദയങ്ങളിൽ വന്നു തറയ്ക്കുവാനുള്ള ശക്തി പ്രദാനം ചെയ്യുവാൻ ഈശ്വരനു മാത്രമേ കഴിയുകയുള്ളൂ." ൧൯൨൮-ൽ തിരുവനന്തപുരത്തു വച്ചു ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹമിങ്ങനെ പറഞ്ഞു: "എല്ലായ്പ്പോഴും സത്യാന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന ഒരു മനുഷ്യന്റെ വാക്ക് നിങ്ങൾക്കു വിശ്വസിക്കുവാൻ കഴിയുമെങ്കിൽ, ഉണർന്നിരിക്കുന്ന എല്ലാ സമയങ്ങളിലും എനിക്കങ്ങിനെ പറയുവാൻ കഴിയുമെങ്കിൽ ഉറക്കത്തിൽക്കൂടിയും ഈശ്വരനോടുള്ള എന്റെ ഏകപ്രാർത്ഥന, ഹിന്ദുക്കളുടെ ഹൃദയം സ്പർശിക്കുന്നതിനും അയിത്താചാ

രമാകുന്ന കളങ്കത്തെ അവിടെനിന്നു കഴുകിക്കളയുന്നതിനും, അങ്ങിനെ ഹിന്ദുക്കളേയും ഹിന്ദുമതത്തേയും ആസന്നമായിരിക്കുന്ന നാശത്തിൽനിന്നു രക്ഷിക്കുന്നതിനും വേണ്ട ശക്തി എന്റെ വാക്കുകൾക്കു നൽകണം എന്നാണെന്നു പറയുമ്പോൾ നിങ്ങൾ വിശ്വസിക്കുക."

തിരുവിതാംകൂറിലെ വിളംബരം എന്റെ ഈ പ്രാർത്ഥനയ്ക്കു മറുപടിയായിരുന്നു എന്നുള്ളതിന് എന്റെ ഹൃദയത്തിൽ യാതൊരു സംശയവുമില്ല. ഇക്കൊല്ലം ജാനുവരിയിലെ പത്തു തീർത്ഥയാത്രാദിവസങ്ങൾ പ്രാർത്ഥനകൾകൊണ്ടും ഭക്തികൊണ്ടും പരസ്പരം കൂട്ടിയിണക്കിയിട്ടുള്ളതായിരുന്നു. ആ പ്രാർത്ഥനകൾക്കു കൂടുതൽ ഫലങ്ങളുണ്ടാകട്ടേ എന്നു മാത്രമാണ് ആ തീർത്ഥയാത്രയിൽ എളിയ രീതിയിൽ പങ്കെടുക്കുവാനുള്ള ജനിച്ച ഒരുവന്റെ പ്രാർത്ഥന.

മതപരമായ സ്വാതന്ത്ര്യത്തിനു വേണ്ടി നടത്തിയിട്ടുള്ള അക്രമരഹിതമായ ഒരു സമരത്തിന്റെ ഈ സംക്ഷിപ്തചരിത്രം ആ സമരം ഇത്ര ധീരമായും ശ്രേഷ്ഠമായും നടത്തിയ ജനങ്ങൾക്കായി ഞാൻ സമർപ്പിക്കുന്നു.

വാർദ്ധാ,
൧൯൩൦ മാർച്ച് ൧൨-ാംനു- } മഹാദേവദേശായി.

P. S:—ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള ഫോട്ടോകൾക്കും, മററു വിലയേറിയ പല വിവരങ്ങൾക്കും ഞാൻ സർ സി. പി. രാമസ്വാമിഅയ്യരോടും, അക്ക്വിളാജിക്കൽഡിപ്പാർട്ടുമെൻറിനോടും, ദേവസ്വംഡിപ്പാർട്ടുമെൻറിനോടും കടപ്പെട്ടിരിക്കുന്നു. ക്ഷേത്രങ്ങളെക്കുറിച്ചുള്ള പല വിവരങ്ങളും എടുത്തിട്ടുള്ളത് ശ്രീ: നാഗമയ്യായുടെ വിലയേറിയ തിരുവിതാംകൂർ സ്റ്റേററുമാനുവലിൽ നിന്നും, അക്ക്വിളാജിക്കൽഡിപ്പാർട്ടുമെന്റിൽ നിന്നും തയാറാക്കി റാവുസാഹിബ്ബ് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ പരിശോധിച്ച ഒരു കുറിപ്പിൽനിന്നുമാണ്.

എം. ഡി.

I

തിരുവിതാംകൂർ—ഒരു കടങ്കഥ.

ഏഴായിരത്തി അറുനൂറ്റി ഇരുപത്തഞ്ചു ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള (ഇതിന്റെ ഏററവും കൂടിയ നീളം തെക്കു വടക്ക് ഏഴര മൈലും ഏററവും കൂടിയ വീതി ഒമ്പതു മൈലും ആകുന്നു) ഒരു ഭൂപ്രദേശം; കിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ബ്രിട്ടീഷ്ഇൻഡ്യയിൽനിന്നു സഹ്യപർവ്വതപങ്ക്തികളാൽ തിരിക്കപ്പെട്ട്, അങ്ങനെ പ്രത്യേകരീതിയിലുള്ള സംസ്ഥാനവും പരിഷ്കാരവും സമാജ്ജിച്ച ഒരു ഭൂവിഭാഗം; ഇൻഡ്യയിലെ പ്രകൃതിരമണീയങ്ങളായ സ്ഥലങ്ങളിലൊന്നായിത്തീരത്തക്കവണ്ണം ഹൃദയാവർജ്ജകമായ മനോഹാരിതയോടു കൂടിയ ഭൂരംഗം; വിദ്യാഭ്യാസത്തിലും, ഗതാഗതസൌകര്യങ്ങളിലും, ശുചീകരണത്തിലും ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ നില്ക്കത്തക്കവണ്ണം അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള ഒരു രാജ്യം; സമമായ ശീതോഷ്ണാവസ്ഥയും, മതിയായ വിധത്തിലുള്ള മഴയും, വിവിധങ്ങളായ കൃഷികളും വിളവുകളും ക്ഷാമബാധയെന്യേ സംരക്ഷിച്ചുപോരുന്ന പുരുഷന്മാരും സ്ത്രീകളുമായി അൻപതുലക്ഷം ജനങ്ങളുള്ള ഒരു പ്രദേശം; അനേകം വർഷങ്ങളായി, അവിച്ഛിന്നമായി, സ്വപ്രജകളുടെ സ്വാഭാവികമായ രാജഭക്തിക്കു പാത്രീഭൂതരായ ഹിന്ദുരാജാക്കന്മാർ ഭരിച്ചുപോരുന്ന ഒരു സംസ്ഥാനം; അസ്പൃശ്യരായി ഗണിക്കപ്പെട്ട, ഇൻഡ്യയിൽ മററു യാതൊരിടത്തുമില്ലാത്ത വിധത്തിലുള്ള അവശതകൾക്കു വിധേയരായ ഇരുപതു ലക്ഷത്തോളം ജനങ്ങൾ അധിവസിച്ചുപോരുന്ന ഒരു സ്ഥലവിഭാഗം; ഇപ്രകാരമുള്ള തിരുവിതാംകൂർ ഏതാനും ദിവസങ്ങൾക്കു മുമ്പുവരെ ദൈവ്യയ്യകരമായ ഒരു കടങ്കഥയായിരുന്നു. "സംസ്ഥാനത്തിന്റെ സ്ഥിതി എന്തായിരുന്നുവെന്നും, അവിടത്തെ ഭരണാധികാരിയും ദിവാനും എത്രത്തോളം സംസ്കൃതചിത്തരായിരുന്നുവെന്നും, ഞാൻ നേരിട്ടു മനസ്സിലാക്കിയപ്പോൾ, അവിടെ

ഇപ്പോഴും തീണ്ടൽ ആചരിച്ചുപോരുന്നതു് എന്നെ അമ്പരപ്പിക്കയും വിഷമിപ്പിക്കയും ചെയ്തു"വെന്നു് ഫൻവ-ൽ, തിരുവിതാംകൂർ ആദ്യമായി സന്ദർശിച്ചതിനു ശേഷം ഗാന്ധിജി അത്ഭുതത്തോടു കൂടി പ്രസ്താവിക്കയുണ്ടായി. "അപ്രകാരമുള്ള ഒരു ഭരണകർത്തിയും ദിവാനും ജനങ്ങളും ഉള്ള ഒരു സംസ്ഥാനത്തിൽ ഇത്രത്തോളം പൈശാചികമായ ഒരാചാരം എങ്ങിനെ നിലനില്ക്കുന്നുവെന്നുള്ള ചോദ്യത്തിനു സമാധാനം പറയുവാൻ എനിക്കു സാധിച്ചില്ല; ഇപ്പോഴും സാധിക്കുന്നുമില്ല." "ഇത്ര പ്രകൃതിസുന്ദരവും മനോഹർവുമായ ഒരു സ്ഥലത്തു്, നരനു നരനശുദ്ധാവസ്ഥവായിരിക്കുന്നതു് എന്നെ അത്യധികം പരിതപിപ്പിച്ചു; ഇപ്പോഴും പരിതപിപ്പിക്കുന്നു. ഈ സംസ്ഥാനത്തിൽ അനുഷ്ഠിച്ചുപോരുന്ന ഹിന്ദുമതത്തെ ആസ്പദമാക്കി അതിനെ മതിക്കുവാൻ അന്യക്കു് ഒരവകാശമുണ്ടു്. ഹിന്ദുമതത്തിന്റെ ദൌർഭാഗ്യം കൊണ്ടു്, ഈ രാജ്യത്തിന്റെ ദൌർഭാഗ്യം കൊണ്ടു്, എന്നു വേണ്ട, ഭാരതത്തിന്റെ ദൌർഭാഗ്യം കൊണ്ടു്, ഈ തൊടീലാചാരത്തിന്റെ കാര്യത്തിൽ ഈ രാജ്യത്തിനഭിമാനിക്കുവാൻ അധികമൊന്നുമില്ല." ഫൻവ-ൽ ഗാന്ധിജി തിരുവിതാംകൂർ രണ്ടാമതു സന്ദർശിച്ചപ്പോൾ പ്രസ്താവിച്ചതു് ഇപ്രകാരമായിരുന്നു.

ഈ ദുരദൃഷ്ടത്തിന്റെ പാരമ്യം ഇൻഡ്യയ്ക്കു് ആദ്യമായി കാണിച്ചുകൊടുത്തതു വൈക്കം സത്യഗ്രഹമായിരുന്നു. തൊടീലിനെപ്പററി ഇൻഡ്യയിൽ എല്ലായിടത്തും അറിയാം; എന്നാൽ തീണ്ടലിനെക്കുറിച്ചു് അറിയാൻ പാടില്ലായിരുന്നു. അസ്പൃശ്യജാതിക്കാരെന്നു പറയപ്പെടുന്നവർ പാവനങ്ങളായ ക്ഷേത്രങ്ങൾക്കു ചുററുമുള്ളതോ, ക്ഷേത്രങ്ങളിൽ ചെന്നു വസാനിക്കുന്നതോ ആയ റോഡുകളിൽക്കൂടി സഞ്ചരിക്കുന്ന പക്ഷം ക്ഷേത്രങ്ങൾ അശുദ്ധമായിപ്പോകുമെന്നോ, അല്ലെങ്കിൽ, വീണ്ടും ആലോചിച്ചതിനു ശേഷം അഭിപ്രായപ്പെട്ടതു പോലെ, അവരുടെ നിഴൽ തട്ടി ക്ഷേത്രത്തിൽ പോകുന്നവക്കു് അശുദ്ധി സംഭവിച്ചുപോകുമെന്നോ, ഉള്ള യാഥാസ്ഥിതികരുടെ അഭിപ്രായം വൈക്കം സത്യഗ്രഹംമുഖേന വെളിവായി. ഈ തീണ്ടൽജാതിക്കാർ, അല്ലെങ്കിൽ, അവർണ്ണർ എന്നു പറയപ്പെടുന്നവരുടെ കൂട്ടത്തിൽ, ഒൻപതു ലക്ഷത്തി

മേൽ പത്തു ലക്ഷത്തിനകം ജനസംഖ്യയുള്ളവരും, ആ രാജ്യത്ത് സംസ്കാരവും വിദ്യാഭ്യാസവും ഉള്ളവരെന്ന് അഭിമാനിക്കുന്ന ഏതൊരു സമുദായത്തോളവും സംസ്കാരവും വിദ്യാഭ്യാസവും ഉള്ളവരും, ആയ ഈഴവരും ഉൾപ്പെട്ടിരുന്നു. ആരുടെ പരിശ്രമമാണോ സവർണ്ണരുടെ ദിവസേനയുള്ള ജീവിതത്തിന് അത്യന്താപേക്ഷിതമായിരുന്നത്, ആ കൃഷിപ്പണിക്കാരായ പുലയരുടെ ജനസംഖ്യ മൂന്നു ലക്ഷത്തോളമായിരുന്നു; ആരുടെ പ്രയത്നഫലമാണോ ക്ഷേത്രങ്ങളിൽപോലും ഉപയോഗിച്ചുപോരുന്നത്, ആ കൃഷിപ്പണിക്കാരായ പറയരുടെ ജനസംഖ്യ മൂന്നു ലക്ഷത്തോളം ആകുന്നു; എല്ലാ സമുദായക്കാരും ഉപയോഗിച്ചുവരുന്ന കരിപ്പട്ടി ഉണ്ടാക്കുന്നതിന് ആരുടെ പരിശ്രമമാണോ അവശ്യം ആവശ്യമായിട്ടുള്ളത്, ആ ചാന്നാന്മാരുടെ (കള്ളുചെത്തുകാരുടെ) ജനസംഖ്യയും അത്രത്തോളം തന്നെ ആകുന്നു.

ഫൻസ്പന്ന നവംബർ ൧൨-ാംതീയതി വൈകുന്നേരത്ത് തിരുവിതാംകൂർമഹാരാജാവു തിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ച ക്ഷേത്രപ്രവേശനവിളംബരത്തിന്റെ വീരചരിതോപമമായ മാഹാത്മ്യത്തെ മനസ്സിലാക്കാൻ, അയിത്തം ഇല്ലായ്മ ചെയ്ത ആ വിളംബരത്തിനു മുമ്പു നിലവിലിരുന്ന ആ ദുരദൃഷ്ടത്തിന്റെ വൈപുല്യം എത്രത്തോളമായിരുന്നുവെന്നു മനസ്സിലാക്കേണ്ടത് ആവശ്യമായിരിക്കുന്നു. അസ്പൃശ്യതയുടെ മൂർദ്ധന്യരൂപമായ തീണ്ടൽ അനേകശതാബ്ദങ്ങളായി നിലനിന്നിരുന്നുവെന്ന് ഫാ ഹിയാൻ ചണ്ഡാളന്മാരെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു മനസ്സിലാക്കാം. അവർ വളരെ അകലെ താമസിക്കാനും, ഒരു പട്ടണത്തിലോ കമ്പോളത്തിലോ കടക്കുമ്പോൾ അവർ പ്രവേശിക്കുന്നുവെന്നുള്ളതിന്റെ മുന്നറിവായി ഒരു കമ്പിൽ തട്ടി ശബ്ദമുണ്ടാക്കാനും, നിർബന്ധിതരായിരുന്നു. ഫാ ഹിയാൻ തെക്കേഇൻഡ്യയിൽ കടന്നിട്ടില്ല. എന്നാൽ അദ്ദേഹം വിവരിക്കുന്ന തീണ്ടൽ തെക്കേ ഇൻഡ്യയിൽ നിലവിലിരിക്കുന്നതിന്റെ പ്രതിധ്വനിയാണെന്നു തെളിയുന്നു. തീണ്ടൽ വാസ്തവത്തിൽ ഇപ്പോൾ ആചരിക്കുന്നില്ലെങ്കിൽതന്നെയും, കുറച്ചുകാലം മുമ്പുവരെ ആചരിച്ചുവന്നിരുന്നുവെന്ന്, ഏകദേശം പത്തു വർഷക്കാലമായി തിരുവിതാംകൂറിൽ മിഷനറിജോലി ചെയ്യുന്ന ഹവേർഡ്

സാമർവെൽ ഏതാനും മാസങ്ങൾക്കു മുമ്പ് പ്രസിദ്ധപ്പെടുത്തിയ "എവറെസ്റ്റിനു ശേഷം" എന്ന് ഒരു പുതിയ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ഒരു സംഭവത്തിൽനിന്നു വെളിവാകുന്നു: "ഈയിടെ എന്റെ ഭാര്യയും ഞാനും ഒരു ചെറിയ റോഡിൽക്കൂടി പോകയായിരുന്നു. അപ്പോൾ അവിടത്തെ അംഗീകൃതമതം അനുസരിച്ച് അസ്പൃശ്യരായി ഗണിക്കപ്പെട്ടിരുന്ന ഏതാനും ഗ്രാമീണർ അവരുടെ അന്നത്തെ കൂലിപ്പണി കഴിഞ്ഞ് അതേ റോഡിൽക്കൂടി വീട്ടിലേക്കു പോകയായിരുന്നു. നേരം സന്ധ്യ കഴിഞ്ഞിരുന്നതിനാൽ ഞങ്ങൾ ആരാണെന്ന് അവർക്കു വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും അവരുടെ നേരെ ആരോ ചെല്ലുന്നതായി അവർക്കു തോന്നി. ഉടൻതന്നെ അവർ മതിൽ ചാടി പാടങ്ങളിലേക്ക് ഓടി. ഞങ്ങൾ ഉയർന്ന ജാതിക്കാരായിരിക്കുമെന്ന് അവർ വിചാരിച്ചിരിക്കണം. റോഡിൽ വച്ച് അങ്ങനെയുള്ളവരെ സമീപിക്കയോ കടന്നുപോകയോ ചെയ്യുന്നത് വളരെ ഭയങ്കരമായ ഒരപരാധമായിരുന്നു. തങ്ങളുടെ സാമീപ്യംകൊണ്ട് അശുദ്ധിയുള്ളവരായി ഭവിക്കുന്ന ഉയർന്ന ജാതിക്കാരുടെ ശാപമേൾക്കുകയായിരിക്കും അതിന്റെ ഫലം.....എതിരേ വരുന്ന തീണ്ടൽജാതിക്കാരെ റോഡിൽനിന്നു വളരെ അകലെ ആട്ടിപ്പായിക്കുന്നതിലേക്ക് ഉയർന്നജാതിക്കാർ അവരുടെ ഏകദേശം അൻപതു വാര മുൻപിലായി മറ്റൊരാളെക്കൂടി കൊണ്ടുപോകുന്നത് തിരുവിതാംകൂറിലെ ചില നാടൻപ്രദേശങ്ങളിലെ റോഡുകളിൽ ഞാൻ കണ്ടിട്ടുണ്ട്. തീണ്ടൽജാതിക്കാരുടെ സാന്നിദ്ധ്യം, ഏതാനും ദണ്ഡകലത്തിൽ ഉയർന്നജാതിക്കാരെ അശുദ്ധിപ്പെടുത്തുന്നു." "എന്നാൽ ഇത്തരം ആചാരങ്ങൾ, ഒരുകാലത്ത് സാധാരണസംഭവങ്ങളായിരുന്നെങ്കിലും, കാലം കഴിയുന്തോറും കുറഞ്ഞുവരികയാണെന്നും, തിരുവിതാംകൂറിൽതന്നെയും സ്കൂളുകളിലും കാളേജുകളിലും ബ്രാഹ്മണവിദ്യാർത്ഥികൾ തീണ്ടൽജാതിക്കാരിൽപെട്ട വിദ്യാർത്ഥികളുടെ അടുത്തിരുന്നു പഠിക്കുന്നത് സാധാരണസംഭവമാണെ"ന്നും അതേ ഗ്രന്ഥകാരൻതന്നെ പറയുന്നു. "കഴിഞ്ഞ അൻപതു വർഷങ്ങൾക്കുള്ളിൽ തീണ്ടൽ ഹിന്ദുസമുദായത്തിൽ ക്രമേണ കുറഞ്ഞുവരികയായിരുന്നു.....നാം പഠിച്ചിരുന്ന കാലത്ത് സവർണ്ണരായ ആൺകുട്ടികൾ സ്കൂൾ വിട്ട് വീട്ടിൽ

ചെന്നാൽ ഉച്ചയ്ക്കും വൈകുന്നേരത്തും കുളിച്ച് അശുദ്ധി മാറേറണ്ടിയിരുന്നതിനെ നമ്മളിൽ ചിലക്ക് എളുപ്പത്തിൽ ഓർമ്മിക്കുവാൻ കഴിയും. ഈ പതിവ് ഇപ്പോൾ പ്രായേണ ഇല്ലാതായിരിക്കുന്നു. തീണ്ടൽജാതിക്കാക്ക് നിർവിഘ്നം പ്രവേശിക്കാവുന്ന പബ്ളിക്ക്റോഡുകളിലും പബ്ളിക്ക് സ്ഥലങ്ങളിലും പ്രവേശിക്കുമ്പോഴൊക്കെ മതസംബന്ധമായ നിലയിൽ തീണ്ടൽ ആചരിച്ചിട്ട്, തിരിയെ വീട്ടിൽ കയറുന്നതിനു മുമ്പ് കുളിക്കുന്ന വളരെ കുറച്ച് ആളുകളെ ഇപ്പോഴും ചിലേടങ്ങളിൽ കണ്ടേക്കാം. എന്നാൽ ഒട്ടധികം പേക്കും ഈ പരിതഃസ്ഥിതികളിൽ തീണ്ടിപ്പോയല്ലോ എന്ന കാര്യമേ ഓർമ്മ വരുന്നില്ല. അതുകൊണ്ട് സവർണ്ണരുടെ ഇടയിൽ സാധാരണയായുള്ള സാമുദായികകാര്യങ്ങളിൽ തീണ്ടൽബോധം മിക്കവാറും ഇല്ലാതായിരിക്കുന്നുവെന്നു വിചാരിക്കാവുന്നതാണ്". ഇപ്രകാരമാണ് ഫർമ്പർ-ൽ പ്രസിദ്ധപ്പെടുത്തിയ ക്ഷേത്രപ്രവേശനാന്വേഷണക്കമ്മററിറിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്.

ഇങ്ങനെ തീണ്ടൽ ശീഘ്രഗതിയിൽ ഇല്ലാതായിത്തീർന്നുകൊണ്ടിരിക്കെ, ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം തൊടീൽ നിവൃത്തൽ ചെയ്യുന്നതിനു ശക്തിമത്തായ പല സമരങ്ങളും പ്രക്ഷോഭണങ്ങളും നടക്കുകയുണ്ടായി. തിരുവിതാംകൂറിലെ ഈ തൊടീൽപ്രശ്നം ഇൻഡ്യയുടെ ഒട്ടാകെയുള്ള ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചത് ഫർവർ-ൽ ആരംഭിച്ച് ഫർവ-ന്റെ അവസാനംവരെ നീണ്ടുനിന്ന വയ്ക്കം സത്യഗ്രഹമായിരുന്നു. അടുത്ത രണ്ട് അദ്ധ്യായങ്ങളിൽ തൊടീൽ നശിപ്പിക്കാൻ ചെയ്ത അതികഠിനമായ പ്രയത്നത്തിന്റെ ഒരു ചുരുങ്ങിയ വിവരണം നൽകാൻ ഞാനുദ്ദേശിക്കുന്നു. പലപ്രകാരത്തിലുള്ള അനേകം വൈഷമ്യങ്ങൾ ഇതുസംബന്ധിച്ച് തരണം ചെയ്യേണ്ടതുണ്ടായിരുന്നു. യാഥാസ്ഥിതിക വിശ്വാസങ്ങളേയും ആചാരങ്ങളേയും സാംസ്ഥാനികഗവണ്മെന്റ് അംഗീകരിച്ചിരുന്നുവെന്നു മാത്രമല്ല, കുറച്ചു നാളുകൾക്കു മുൻപുവരെ രാജസ്ഥാനവും ഈ ആചാരം അനുഷ്ഠിച്ചുപോന്നു. ൧൯-ാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ മാർത്താണ്ഡവർമ്മമഹാരാജാവ് രാജ്യം ശ്രീപത്മനാഭനു സമർപ്പിച്ചതിനുശേഷം ഭരണകർത്താ

ക്കളായിരുന്നിട്ടുള്ള രാജാക്കന്മാർ എല്ലാം, മതാചാരങ്ങളും അനുഷ്ഠാനങ്ങളും ബഹുമാനിക്കുന്ന ഹിന്ദുമതഭക്തന്മാരായിരുന്നു. ലാർഡ് റാബെർട്ട്സ് അദ്ദേഹത്തിന്റെ "നാല്പത്തൊന്നു കൊല്ലം ഇൻഡ്യയിൽ" എന്ന ഗ്രന്ഥത്തിൽ അസാമാന്യസംസ്കാരം സിദ്ധിച്ചിരുന്ന വിശാഖംതിരുനാൾ രാമവർമ്മമഹാരാജാവ് ഒരു രാജകീയവിരുന്നിൽ സന്ധിച്ചു എന്നും, വിരുന്നു നടന്നുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം ലാർഡ് റാബെർട്ട്സിന്റേയും പത്നിയുടേയും മദ്ധ്യത്തിൽനിന്ന് പിൻവാങ്ങിയെന്നും, അദ്ദേഹം ഭക്ഷണമോ, വീഞ്ഞോ ഒന്നും കഴിച്ചില്ലെന്നും, ഞങ്ങളോടുള്ള സാമീപ്യം (അദ്ദേഹം ഭക്ഷണസ്ഥലത്തേയ്ക്കും അവിടെ നിന്നു പുറത്തേയ്ക്കും എന്റെ ഭാര്യയുടെ കരം ഗ്രഹിച്ചുകൊണ്ടുപോയി) അദ്ദേഹത്തെ അശുദ്ധപ്പെടുത്തിയതുകൊണ്ട് വിരുന്നിനു ശേഷം ബ്രാഹ്മണരുടെ ഗുരുതരങ്ങളായ ശുദ്ധികർമ്മങ്ങൾക്കു വിധേയനായി" എന്നും എഴുതിയിരിക്കുന്നു. ലാർഡ് റാബെർട്ട്സ് പറയുന്നതുപോലെ മഹാരാജാവ് അന്ധവിശ്വാസത്തിൽ മുഴുകിയിരുന്നതുകൊണ്ടല്ല, നിലവിലിരിക്കുന്ന ആചാരങ്ങൾ ബഹുമാനിച്ചതുകൊണ്ടാണ് ഇങ്ങിനെ ചെയ്തത്. അതിനു മുൻപു ജീവിച്ചിരുന്ന ഒരു മഹാരാജാവ് പത്മനാഭസ്വാമിക്ഷേത്രത്തോടനുബന്ധിച്ചുള്ള എല്ലാ വ്രതങ്ങളും പ്രാർത്ഥനകളും അനുഷ്ഠിച്ചുപോന്നതായും, അനവധി ധനം ക്ഷേത്രത്തിലേക്ക് കാണിക്ക കൊടുത്തിരുന്നതായും, പറയപ്പെടുന്നുണ്ട്. ഒരവസരത്തിൽ ഇങ്ങിനെ കാണിക്കയായി കൊടുത്തത് ഒരു ലക്ഷം രൂപയായിരുന്നു. മഹാരാജാവു പോലും അംഗവസ്ത്രവും ചെരുപ്പുമില്ലാതെയാണ് ക്ഷേത്രങ്ങൾ പതിവായി സന്ദർശിക്കുന്നത്. രാജഭക്തരായ പ്രജകൾ മഹാരാജാക്കന്മാരോടും മഹാറാണിമാരോടും, ആരാധനയെ സമീപിക്കുന്ന ബഹുമാനത്തോടുകൂടി പെരുമാറിയിരുന്നതുകൊണ്ട്, ഈ അയിത്തപ്രശ്നത്തിന് പോംവഴി കണ്ടുപിടിക്കുവാൻ വിഷമത വർദ്ധിക്കുകയാണു ചെയ്തത്. എന്തുകൊണ്ടെന്നാൽ അതിനു മുതിരുന്നവരെ യാഥാസ്ഥിതികന്മാർ പഞ്ചമഹാപാപികൾ എന്നു വിളിച്ചുപോന്നു; എന്നുമാത്രമല്ല ആ പരിഷ്കർത്താക്കൾക്ക്, പ്രജാവൃന്ദം ബഹുമാനിക്കുന്ന രാജാക്കന്മാരെ അതൃപ്തിപ്പെടുത്തുവാൻ ധൈര്യവും ഉണ്ടായി

രുന്നില്ല. ഫർന്ചന്ന–ൽ പ്രസിദ്ധം ചെയ്ത 'എവറസ്റ്റിനുശേഷം' എന്ന ഗ്രന്ഥം എഴുതിയിട്ടുള്ള മിസ്റ്റർ സാമർവലിന്റെ ഒരു ധൈര്യപൂർവ്വമായ പ്രസ്താവനയിൽനിന്ന് ഈ പ്രശ്നത്തിന്റെ ഗൌരവം മനസ്സിലാക്കാവുന്നതാണ്. "ഇൻഡ്യയിലെ മഹാന്മാരിലൊരാളായ മിസ്റ്റർ ഗാന്ധി അയിത്തത്തിന്റെ അടിസ്ഥാനം മതമാണെന്നും, ഗ്രാമങ്ങളിലേയും പട്ടണങ്ങളിലേയും മതജീവിതത്തിന്റെ ചിഹ്നവും കേന്ദ്രവുമായ ക്ഷേത്രത്തിൽ കൂടിയാണ് ഇതിനെ ആക്രമിക്കേണ്ടതെന്നും മനസ്സിലാക്കി. മനുഷ്യന്റെ അവകാശങ്ങൾ ഈ തീണ്ടൽജാതിക്കാക്കു നൽകണമെന്നും, ഇവരെ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇവരെ പുറത്തു നിർത്തുന്നതിൽ വ്യവസ്ഥാപിതതാല്പര്യങ്ങളുള്ള വർഗ്ഗങ്ങളോടു മത്സരിക്കേണ്ടി വരുമെന്ന് അദ്ദേഹം മനസ്സിലാക്കി. ഹിന്ദുമതത്തിലെ ഉൽകൃഷ്ടഹൃദയരായ ചിലർ ഇതിനോടു യോജിക്കുകയുണ്ടായി എങ്കിലും, ഇൻഡ്യയുടെ പല ഭാഗങ്ങളിലും, വിശേഷിച്ചും ഞാൻ താമസിക്കുന്ന തിരുവിതാംകൂറിൽ, ഒരൊറ്റ തീണ്ടൽജാതിക്കാരനെയെങ്കിലും മിസ്റ്റർ ഗാന്ധിയുടെ പ്രചരണജോലികളുടെ ഫലമായി ഒരടിപോലും ക്ഷേത്രസങ്കേതത്തിലേക്ക് അടുപ്പിച്ചില്ല."

ഈ വാക്കുകൾ എഴുതിക്കഴിഞ്ഞു് ഏതാനും ദിവസത്തിനകം എന്താണു സംഭവിക്കാൻ പോകുന്നതു് എന്നു മിസ്റ്റർ സാമർവെൽ അറിഞ്ഞിരുന്നില്ല. ഞങ്ങൾക്കും ഇതു് അറിഞ്ഞുകൂടായിരുന്നു. മനുഷ്യനു ചെയ്യുവാൻ കഴിവില്ലാതിരുന്നതു് കരുണാനിധിയായ ഈശ്വരനു ചെയ്യുവാൻ ദയവുണ്ടായി. എന്നാൽ ഈ കാലങ്ങളിലെല്ലാം നാം അലസരായി കഴിഞ്ഞുകൂടിയിരുന്നെങ്കിൽ, ഈശ്വരന്റെ കാരുണ്യത്തെ നാം അർഹിക്കുമായിരുന്നില്ലെന്നു വ്യക്തമാണ്. സവർണ്ണരിലും അവർണ്ണരിലുമുള്ള ജനങ്ങൾ മുന്നോട്ടു വന്ന് ഈ പ്രയത്നത്തിനു വേണ്ടി അവരുടെ ജീവിതം അർപ്പിച്ചു. ശ്രീയുത് ററി. കെ. മാധവൻ, ശ്രീയുത് ററി. ആർ. കൃഷ്ണസ്വാമിഅയ്യർ തുടങ്ങിയ ചിലർ ഇതിനുവേണ്ടി പൊരുതുകൊണ്ടിരിക്കുമ്പോൾ മരണമടഞ്ഞു. ശ്രീയുത് കേളപ്പൻ ഇതിനുവേണ്ടി ജീവൻ തന്നെ പണയപ്പെടുത്തി. ശ്രീയുത് സി. കെ. പരമേശ്വരൻ

പിള്ള, ശ്രീയുത് എം. ഗോവിന്ദൻ തുടങ്ങിയ പെൻഷൻ പററിയ ജഡ്ജിമാർ ഇതിനുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചു. ശ്രീയുത് രാമചന്ദ്രൻ മററു കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാതെ തൻെറ സമയവും ശേഷിയും ഈ ദുരിതത്തെ എന്നേയ്ക്കുമായി പിഴുതുകളയുന്നതിനു വിനിയോഗിച്ചു. ഗ്രാമങ്ങളുടെ അന്തർഭാഗങ്ങളിൽ കുന്നുകളിലും കുററിക്കാടുകളിലും ജീവിച്ച്, പ്രശസ്തിയില്ലെങ്കിലും, തങ്ങൾ ആരുടെ ഇടയ്ക്കു സംസ്കാരം പരത്തുവാൻ ശ്രമം ചെയ്തുവോ ആ ജനങ്ങൾ, മുൻ പറഞ്ഞ നേതാക്കന്മാരെക്കാൾ കൂടുതലായി അറിയുന്ന അയ്യങ്കാളി, രാമൻപിള്ള എന്നു തുടങ്ങിയ ചിലരും ഇതിൽ ഏർപ്പെട്ടിരുന്നു. അവർ വിശ്വാസത്തോടും ധീരതയോടും പ്രവർത്തിക്കുകയും, ഈശ്വരൻ അവരുടെ പ്രയത്നങ്ങൾക്കും വിശ്വാസങ്ങൾക്കും പ്രതിഫലം നൽകുവാൻ കാരുണ്യം പ്രദർശിപ്പിക്കുകയും ചെയ്തു.

II

പ്രക്ഷോഭണകാലം

തിരുവിതാംകൂറിൽ തീണ്ടൽ ആചരിച്ചുവന്നിരുന്നതിനെപ്പററി ഇൻഡ്യ ഒട്ടുക്കു പ്രഖ്യാപനം ചെയ്തതു് വയ്ക്കം സത്യഗ്രഹമായിരുന്നുവെങ്കിലും, ഈ ദുരാചാരത്തെ ഉന്മൂലനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ അവിടെ അതിനു മുമ്പേ തുടങ്ങിയിരുന്നു. ഈ പ്രക്ഷോഭണത്തിന്റെ ചരിത്രം സംബന്ധിച്ച ഒരു കുറിപ്പു് ഒരു പ്രവർത്തകനിൽനിന്നു് എനിക്കു കിട്ടി. അദ്ദേഹം പറയുന്നതു് ഫർഫ-ൽ കൊല്ലത്തു നടന്ന ഒരു പൊതുജനസമ്മേളനത്തിൽ വച്ചു് എല്ലാ സർക്കാർ ക്ഷേത്രങ്ങളിലും അവർണ്ണർക്കു പ്രവേശനം നൽകണമെന്നു തിരുവിതാംകൂറിൽ ആദ്യമായി ആവശ്യപ്പെട്ടതു് പെൻഷൻ പററിയ ഹൈക്കോടതിജഡ്ജി ശ്രീയുത് സി. രാമൻതമ്പി ആയിരുന്നു എന്നാണു്. എന്നാൽ വളരെ കാര്യമായ രീതിയിലും, പ്രാധാന്യംകൊണ്ടു പ്രഥമസ്ഥാനത്തിന്നർഹമായ വിധത്തിലും പ്രവർത്തിച്ചതു് ഈഴവസമുദായത്തിന്റെ ഒരു പ്രധാന നേതാവും, "ദേശാഭിമാനി" എന്ന മലയാളം വാരികയുടെ അപ്പോഴത്തെ പത്രാധിപരും ആയിരുന്ന പരേതനായ ശ്രീയുത് ടി. കെ. മാധവൻ ആയിരുന്നു. അയിത്തോച്ചാടനത്തിനും സവർണ്ണക്ഷേത്രങ്ങളിൽ അവർണ്ണരെ പ്രവേശിപ്പിക്കുന്നതിനും ആയി അദ്ദേഹം ശ്രീമൂലംപ്രജാസഭയിൽ നിവേദനങ്ങൾ സമർപ്പിക്കയുണ്ടായി. അതു് മതസംബന്ധമായ ഒരു കാര്യമായതിനാൽ ഇടപെടാൻ നിവൃത്തിയില്ലെന്നായിരുന്നു ഗവമ്മെൻറിന്റെ മറുപടി. അങ്ങനെ ഇത്തരം കാര്യങ്ങൾ സംബന്ധിച്ചു് ബ്രിട്ടീഷ്ഗവമ്മെൻറു് പലപ്പോഴും പുറപ്പെടുവിക്കാറുള്ള ന്യായങ്ങളെ ഏററവും താഴ്ന്ന നിലയിലുള്ള ഒരു ഹിന്ദുപ്രജയുടെ താല്പര്യങ്ങളെപ്പോലും സംരക്ഷിക്കാൻ ബാല്യതയുള്ള ഒരു ഹിന്ദുഗവമ്മെൻറു് പുറപ്പെടുവിക്കാൻ പാടില്ലെന്നുള്ള കാര്യം അവർ പാടേ വിസ്മരിച്ചുകളഞ്ഞു. ശ്രീയുത് ടി. കെ. മാധവൻ ഫർഫ-ലെ ശ്രീമൂലംപ്രജാസഭാസമ്മേളനത്തിൽ വീണ്ടും ഈ പ്രശ്നം അവതരിപ്പിക്കയും,

മുൻസമ്മേളനത്തിൽ നൽകിയ മറുപടിതന്നെ ദിവാൻ ആവർത്തിക്കയും ചെയ്തു. ഇതിന്നിടയിൽ ഈഴവരുടെ ഒരു മഹത്ത് സ്ഥാപനവും ശ്രീനാരായണഗുരുവിന്റെ അദ്ധ്യക്ഷതയിൽ നടന്നുവരുന്നതുമായ എസ്. എൻ. ഡി. പി. യോഗം അതിന്റെ ഓരോ സമ്മേളനത്തിലും ക്ഷേത്രപ്രവേശനം ആവശ്യപ്പെട്ടുകൊണ്ടു് നിശ്ചയങ്ങൾ പാസ്സാക്കിയിരുന്നു. ഗവർമ്മെൻറിന്റെ മനോഭാവത്തെ പ്രതിഷേധിച്ചുകൊണ്ടുള്ള യോഗങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും കൂടി. തിരുവനന്തപുരത്തു നടത്തിയ പ്രധാനപ്പെട്ട ഒരു പ്രതിഷേധയോഗത്തിൽ വച്ചു് ശ്രീയുത് ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള സവർണ്ണഹിന്ദുക്കളുടെ അഭിപ്രായം പ്രകടിപ്പിക്കയുണ്ടായി. അനന്തരം, അയിത്തോച്ചാടനപരമായ ജോലികൾ നിർവ്വഹിക്കുന്നതിനായി, കോകനദകാൺഗ്രസ് കേരളഅയിത്തോച്ചാടനക്കമ്മറ്റിയെ സംഘടിപ്പിച്ചു. കേരളഹിന്ദുസഭ, ശ്രീയുത് ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള വളരെക്കാലം അദ്ധ്യക്ഷനും വയ്ക്കത്തുനിന്നു തിരുവനന്തപുരത്തേയ്ക്കു പോയ സവർണ്ണജാതയുടെ നേതൃത്വം വഹിച്ച ശ്രീയുത്. മന്നത്ത് കെ. പത്മനാഭപിള്ള ജനറൽസെക്രട്ടറിയും ആയിരുന്ന നായർസർവീസ്സൊസൈററി, മലയാളബ്രാഹ്മണരുടെ (നമ്പൂതിരിമാരുടെ) പ്രധാന സ്ഥാപനമായ യോഗക്ഷേമസഭ, ക്ഷത്രിയമഹാസഭ മുതലായ മററു സ്ഥാപനങ്ങളും പ്രക്ഷോഭണത്തെ അനുകൂലിച്ചിരുന്നു. പ്രത്യേകിച്ചു് നായർസർവീസ്സൊസൈററിയും, നായർസമാജങ്ങളും ഈ പ്രക്ഷോഭണത്തെ തുടർന്നു നടത്തുകയും, സംസ്ഥാനമൊട്ടുക്കു് പ്രകർഷകമാംവണ്ണം പ്രചരണവേല നടത്തുകയും, അങ്ങനെ സവർണ്ണരുടെ ഇടയിൽ ഗണ്യമായ വിധത്തിലുള്ള പ്രബുദ്ധതയെ ഉളവാക്കുകയും ചെയ്തു. ആർക്കും അഭിമതമായ അത്ഭുതം ജനിപ്പിക്കുമാറു് നമ്പൂതിരിയോഗക്ഷേമസഭയും അവർണ്ണർക്കു ക്ഷേത്രപ്രവേശനം നൽകുന്നതിനെ അനുകൂലിച്ചു് അതിന്റെ വാർഷികസമ്മേളനങ്ങളിൽ നിശ്ചയങ്ങൾ പാസ്സാക്കിയിരുന്നു.

ഇവയെല്ലാമാണു് വയ്ക്കം സത്യഗ്രഹം ആവിർഭവിപ്പിച്ചതു്. അതു് ഒരു ഭയങ്കരമായ സമരമായിരുന്നു. പക്ഷേ, ഈ ഭയങ്കരത, ശത്രുദുർഗ്ഗത്തെ ഇടിച്ചുനിരത്തി പരിഷ്കാരത്തി

ന്നുള്ള വഴി വെട്ടിത്തുറക്കുന്നതിനുള്ള ഉദ്യമത്തെ നിരോധിക്കാൻ ശ്രമിച്ച യാഥാസ്ഥിതികവ്യൂഹത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. അപ്പോഴത്തെ ഉദ്ദേശം വാസ്തവത്തിൽ വളരെ പരിമിതമായിരുന്നു. അതു് ക്ഷേത്രപ്രവേശനമല്ല; പിന്നെയോ ഹിന്ദുക്കളല്ലാത്തവക്ക് സഞ്ചാരസ്വാതന്ത്ര്യമുണ്ടായിരുന്ന ക്ഷേത്രപരിസരറോഡുകളിൽ അവർണ്ണക്കും സഞ്ചരിക്കാൻ സ്വാതന്ത്ര്യം ലഭിക്കണമെന്നുള്ളതു മാത്രമായിരുന്നു. വയ്ക്കം സത്യഗ്രഹത്തിലെ വിവിധഘട്ടങ്ങളേയോ, ആ പരസഹായരഹിതമായ സമരത്തിൽ ഭാഗഭാക്കുകളായ ധീരന്മാരുടെ കഷ്ടപ്പാടുകളേയും ത്യാഗങ്ങളേയുമോ, വിവരിക്കാൻ നിവൃത്തിയില്ല. എന്നാൽ ആ പ്രസ്ഥാനത്തിന്റെ ഓരോ ഘട്ടത്തേയും ഗാന്ധിജി എത്രത്തോളം ഗാഢമായി സൂക്ഷിച്ചു പരിലാളിച്ചു പോന്നിരുന്നു എന്നും, ഒരു വ്യാഴവട്ടത്തിനുശേഷം ഒരു മഹത്സംഭവമായ ക്ഷേത്രപ്രവേശനവിളംബരമായി പരിണമിച്ച ആ വീരോചിതവും അക്രമരഹിതവുമായ സമരത്തിന്റെ അസ്തിവാരം എത്രത്തോളം സുനിശ്ചിതമായ വിധത്തിലാണ് പടുത്തിട്ടുണ്ടായിരുന്നതെന്നും മനസ്സിലാക്കേണ്ടതു് സത്യഗ്രഹതാല്പര്യങ്ങൾക്ക് അവശ്യം ആവശ്യമായിരിക്കുന്നു. അതുകൊണ്ട് സത്യഗ്രഹകാലത്ത് സത്യഗ്രഹികൾക്കായി അപ്പൊഴപ്പോൾ ഏർപ്പെടുത്തിയതും അവർ നിഷ്കൃഷ്ടമായി അനുഷ്ഠിച്ചതുമായ തത്വങ്ങളെ ചുരുക്കത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ.

"ഏ. സത്യഗ്രഹത്തിന്റെ ഉദ്ദേശം പരിമിതമായിരുന്നുവെന്നു വ്യക്തമായി മനസ്സിലാക്കിയിരുന്നു. എന്നാൽ അതിന്റെ പരമമായ ലക്ഷ്യം തിരുവിതാംകൂറിൽ മാത്രമല്ല ഇൻഡ്യ ഒട്ടുക്കു മററു ഹിന്ദുക്കൾക്കു തുറന്നുകൊടുത്തിട്ടുള്ള എല്ലാ പബ്ളിക്ക്റോഡുകളും, എല്ലാ പബ്ളിക്ക്സ്കൂളുകളും, എല്ലാ പബ്ളിക്ക്കിണറുകളും, എല്ലാ പബ്ളിക്ക്ക്ഷേത്രങ്ങളും, ഹരിജനങ്ങൾക്കുകൂടി തുറന്നുകൊടുപ്പിക്കണമെന്നുള്ളതായിരുന്നു എന്ന വാസ്തവത്തെ രഹസ്യമാക്കി വച്ചിരുന്നതുമില്ല.

ഐ. പ്രസ്ഥാനം ഹിന്ദുക്കളുടേതു മാത്രമായിരിക്കണം. അതിനെ സംഘടിപ്പിച്ചോ, നയിച്ചോ, പണസഹായം ചെയ്തോ അഹിന്ദുക്കൾ അതിൽ പങ്കെടുക്കാൻ പാടില്ല. പ്രസ്ഥാ

നത്തെ സംഘടിപ്പിക്കയൊ, സത്യഗ്രഹം അനുഷ്ഠിക്കയൊ ചെയ്യാതെ തുലികാചലനംമുഖേന അനുഭാവം പ്രദർശിപ്പിക്കാൻ ശ്രീയുത് ജാർജ്ജ്ജോസഫിനോട്ട് ഗാന്ധിജി വ്യക്തമായി ഉപദേശിച്ചു. (എന്നാൽ ഗാന്ധിജിയുടെ ഈ ഉപദേശം ലഭിക്കുന്നതിനു മുമ്പ് ജാർജ്ജ്ജോസഫ് ബന്ധനസ്ഥനായ നായകൻ കേശവമേനോന്റെ സ്ഥാനം സ്വീകരിക്കയും അദ്ദേഹത്തെ അനുഗമിച്ച് ജയിലിൽ പോകയും ചെയ്തു)

൩. ഈ പ്രസ്ഥാനത്തിനു വേണ്ടി ഹിന്ദുക്കൾതന്നെ പരിശ്രമിക്കയും പണം ചെലവാക്കയും ചെയ്യണം. തിരുവിതാംകൂറിനു വെളിയിലുള്ള ഹിന്ദുക്കളുടെ സഹായം പ്രവൃത്തിരൂപത്തിൽ ഉണ്ടായിരിക്കാൻ പാടില്ല. അത് ഈ നാട്ടിലെ ഹിന്ദുക്കൾ പരിഷ്കാരത്തിനു തയ്യാറായിട്ടില്ലെന്നു ദ്യോതിപ്പിച്ചേക്കും.

൪. സത്യഗ്രഹികൾ അധികാരസ്ഥർ കെട്ടിച്ചിരിക്കുന്ന വേലി പൊളിക്കയൊ, അതു കയറിച്ചാടുകയൊ, പോലീസ്സുകാരുടെ ഇടയിൽക്കൂടി പോകയൊ ചെയ്യാൻ പാടില്ല. അത് മറ്റൊരു തരത്തിലുള്ള അക്രമമാണ്.

൫. അധികാരസ്ഥരുടേയൊ സ്വേച്ഛാധികാരിയുടേയൊ പേരിൽ ഉപവസിക്കുന്നതു് ഒരു തരം അക്രമം കാണിക്കയാകകൊണ്ട് ഉപവാസത്തിന്റെ കാര്യമേ ചിന്തിക്കാൻ പാടില്ല. (ഉപവാസം നീതീകരിക്കാവുന്നതു് സത്യഗ്രഹത്തിന്നനുകൂലികളായി നില്ക്കുന്ന സ്വദേശികൾ അവരുടെ വാഗ്ദാനത്തെ അതിലംഘിക്കുമ്പോൾ മാത്രമാണെന്നു ഗാന്ധിജി പറഞ്ഞിട്ടുണ്ടായിരുന്നു).

൬. സത്യഗ്രഹികളെ അറസ്റ്റു ചെയ്യുന്നതുവരെ അവർ വളരെ അനുസരണയോടുകൂടി തവണ വച്ച് സത്യഗ്രഹം അനുഷ്ഠിച്ചു നില്ക്കുകയോ നിലത്തിരിക്കുകയോ ചെയ്യണം.

൭. മഹാറാണി തിരുമനസ്സിനെയും ദിവാനെയും ഡപ്യൂട്ടേഷനായി ചെന്നു കണ്ട് പരിഷ്കാരത്തിന്നനുകൂലികളായ യാഥാസ്ഥിതികരായ ഹിന്ദുക്കൾ ഒപ്പിട്ടിട്ടുള്ള ഒരു ഭീമഹർജി സമർപ്പിക്കാനുള്ള ജോലികൾ ആരംഭിക്കണം."

ഗാന്ധിജിയുടെ ഈ തത്വങ്ങളെ ഈഴവരുടെ ഗുരുവായ ശ്രീനാരായണഗുരുസ്വാമിയും അനുകൂലിച്ചിരുന്നു.

സംസ്ഥാനത്തിലെ ഉദ്യോഗസ്ഥന്മാർ സവിശേഷമായ ആത്മനിയന്ത്രണത്തോടു കൂടിയാണു പെരുമാറിയതെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. ഈ പ്രസ്ഥാനത്തിന്റെ നേതാക്കന്മാരായ ശ്രീയുത് ടി. കെ. മാധവൻ, ശ്രീയുത് കേശവമേനവൻ മുതലായവരെ ബന്ധനസ്ഥരാക്കിയെങ്കിലും, ജയിലിൽ അവരോടു വളരെ ബഹുമാനമായിട്ടും മര്യാദയായിട്ടും ആണു പെരുമാറിയതു്. സത്യഗ്രഹം നടന്നുകൊണ്ടിരുന്നപ്പോൾത്തന്നെ, ഏററവും അടുത്തുണ്ടായ ഒരു സന്ദർഭത്തിൽ മഹാറാണി തിരുമനസ്സുകൊണ്ടു് സത്യഗ്രഹതടവുകാരെ എല്ലാവരേയും ജയിലിൽനിന്നു മോചിപ്പിക്കയുണ്ടായി. ഇതു് മഹാറാണി തിരുമനസ്സിലെ മഹാമനസ്കതയുടേയും വളരെ നിഷ്കൃഷ്ടമായ വിധത്തിൽ അക്രമരഹിതമായി സത്യഗ്രഹം അനുഷ്ഠിച്ചതിന്റേയും ഫലമായിരുന്നു.

എന്നാൽ സത്യഗ്രഹം തുടന്നു നടത്തേണ്ടി വന്നു. സത്യഗ്രഹികൾ യാതൊരു തരത്തിലുള്ള പിറുപിറുപ്പും കൂടാതെ വളരെ ക്ലേശങ്ങൾ അനുഭവിച്ചു; യാഥാസ്ഥിതികരായ ജനങ്ങൾ അവരെ സമുദായത്തിൽനിന്നു ബഹിഷ്കരിച്ചു; സ്വകുടുംബാംഗങ്ങൾപോലും അവരോടു വളരെ നിർദ്ദയമായി പെരുമാറി; ഇതിനും പുറമേ കുടുംബത്തിലെ ഓഹരിപോലും കിട്ടാതാക്കിക്കളയുമെന്നു പറഞ്ഞു ചിലരെ ഭീഷണിപ്പെടുത്തുകയുണ്ടായി. അതിലൊന്നിലും ഭയപ്പെടാതെ, ആശാജനകമല്ലാത്ത സംഗതികൾ നിമിഷംപ്രതി ഉണ്ടായിക്കൊണ്ടിരുന്നിട്ടും, അവർ സത്യഗ്രഹം അനുഷ്ഠിക്കതന്നെ ചെയ്തു. അതിന്നൊരവസാനമില്ലെന്നു തോന്നി. പൊതുജനാഭിപ്രായം ഉത്പാദിപ്പിക്കുന്നതിനും, പ്രബുദ്ധരായ സവർണ്ണഹിന്ദുക്കളിൽ അധികഭാഗവും പരിഷ്കാരത്തിന്നനുകൂലികളാണെന്നു സംസ്ഥാനത്തിലെ അധികൃതന്മാരെ ബോദ്ധ്യപ്പെടുത്തുന്നതിനും ആയി വയ്ക്കത്തുനിന്നു് ഒന്നും, ഡാക്ടർ എം. ഇ. നായിഡുവിന്റെ നേതൃത്വത്തിൽ നാഗരുകോവിലിൽനിന്നു മറെറാന്നും, ഇങ്ങനെ സവർണ്ണഹിന്ദുക്കളുടെ രണ്ടു ജാഥാ തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. സത്യഗ്രഹികളെ കാരാഗൃഹത്തി

ലടയ്ക്കുന്നതു നിരുത്തൽ ചെയ്തു; റോഡിൽ വേലികെട്ടി നിരോധിച്ചു. അങ്ങനെ ജയിലിൽ പോകുന്നതിനെക്കാൾ കഠിനമായ ഒരു പരീക്ഷണത്തെയാണു് സത്യഗ്രഹികൾക്കു നേരിടേണ്ടിവന്നതു്. വേലികൾ വെച്ചുകൊണ്ടിരുന്നതിന്റെ ഫലമായി അനിശ്ചിതകാലത്തേക്കു് വെയിലിലും മഴയിലും അവിടെ പിക്കററിംഗ് നടന്നുകൊണ്ടിരുന്നു. ഈ അവസരത്തിലായിരുന്നു ദീനബന്ധു സി. എഫ്. ആൻഡ്രൂസ് വയ്ക്കം സന്ദർശിച്ചതു്. സത്യഗ്രഹികളുടെ ശാന്തമായ ദൃഢനിശ്ചയത്തേയും, അവരുടെ കഷ്ടപ്പാടുകളേയും പററി അദ്ദേഹം രചിച്ച തൂലികാചിത്രം അതുപോലെതന്നെ ഇവിടെ പകർത്തുന്നതു സമുചിതമാകാതിരിക്കയില്ല. അതുകൊണ്ടു് അതിനെ ഞാൻ താഴെ പകർത്തിക്കൊള്ളുന്നു.

"ഞാൻ വൈക്കം സന്ദർശിച്ചു. ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്ന സത്യഗ്രഹത്തിന്റെ പ്രവർത്തനസ്വഭാവം എന്റെ ഹൃദയത്തിൽ എങ്ങിനെ ദൃഢമായി പതിഞ്ഞിരിക്കുന്നു എന്നു ശരിയായി വിവരിക്കുവാൻ എനിക്കു സാദ്ധ്യമല്ല. എല്ലായിടത്തും ആജ്ഞ പരിപാലിക്കപ്പെട്ടുവരുന്നു. സത്യഗ്രഹികളുടെ വശത്തും പോലീസ്സൈന്യത്തിന്റെ വശത്തും എല്ലാം ശാന്തവും സമാധാനവുമായിരിക്കുന്നു. എങ്കിലും ഈ അവസരങ്ങളിൽ എല്ലാം ഒരുഗ്രസമരം നടന്നുകൊണ്ടിരിക്കുന്നു. അതു സത്യഗ്രഹത്തിന്റെ വിജയത്തിലല്ലാതെ കലാശിക്കുവാൻ നിവ്വാഹമില്ല.

ഞാൻ ഓരോ വേലികളും ഒന്നൊന്നായി നോക്കിക്കണ്ടു. ഒരു ധർമ്മഭടൻ റോഡരുകത്തിരുന്നു് ഒരു ചക്കായിൽ നൂൽ നൂത്തുകൊണ്ടിരിക്കുന്നു. മററു രണ്ടുപേർ റോഡിലേക്കു പ്രവേശിക്കുന്ന സ്ഥലത്തു് ശാന്തമായി നിലകൊള്ളുന്നു. തിരുവിതാംകൂറിലെ പോലീസ്സൈന്യം അവരുടെ പ്രവേശം തടഞ്ഞുകൊണ്ടു് എതിർഭാഗത്തു നില്ക്കുന്നു. ഇങ്ങനെ ആറു മണിക്കൂറിലൊരിക്കൽ മാറിക്കൊണ്ടിരിക്കുന്ന ചെറുസംഘങ്ങളായി പിരിഞ്ഞു് അവർ പരസ്പരം അഭിമുഖരായി നിന്നുകൊണ്ടിരുന്നു. ഒരു സംഘം കാലത്തു് ആറു മണിക്കു പോയി പന്ത്രണ്ടു മണിക്കു തിരിച്ചുപോരുന്നു. മറെറാരു സംഘം

വിജയം ദീർഘവും ദണ്ഡനപരവും ആയ ഒരു പദ്ധതിയായിരുന്നു. അതു് ദീർഘകാലത്തേക്കു നിലനിന്നിരുന്ന ഒരു വിജയമായിരുന്നോ എന്നു് ആർക്കും തീർച്ചയില്ല. പ്രതിക്രിയിച്ചുകൊണ്ടു് മൃതിയടഞ്ഞവരെ മാനസാന്തരപ്പെടുത്തുവാൻ അതിനു കഴിഞ്ഞിട്ടില്ല. പ്രതിയോഗികളെ മൃതിപ്പെടുത്തിക്കൊണ്ടു മരണമടഞ്ഞവരുടെ കഷ്ടാനുഭവങ്ങളാണു് മാനസാന്തരം ലഭിച്ചു മററുള്ളവരെ ആകൃഷ്ടരാക്കിയതു്. ആ കാലഘട്ടം ലോകത്തിനു നൽകിയ സമ്പാദ്യം അക്രമപരമായ മാർഗ്ഗങ്ങളിൽ വിശ്വാസം ഉറപ്പിക്കുക എന്നുള്ളതു മാത്രമായിരുന്നു. അതുകൊണ്ടു് സത്യഗ്രഹികൾ, അവരുടെ സംഘബലം ശോഷിച്ചുപോയിരുന്നാലും, വിജയം ഏററവും കൂടുതൽ വിദൂരമായിരിക്കുന്നു എന്നു തോന്നിയാലും, അവരുടെ മാർഗ്ഗങ്ങളിൽ നിന്നു വ്യതിചലിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. സത്യഗ്രഹം സ്വാർത്ഥപരിത്യാഗമാണു്. അതേററവും വലിയ താഴ്ചയാണു്. ഏററവും വലിയ ക്ഷമയും ശോഭനതരമായ വിശ്വാസവും ആണു്. അതുതന്നെയാണു് അതിനുള്ള പ്രതിഫലം."

അതിനെത്തുടർന്നു് അദ്ദേഹം വൈക്കം സന്ദർശിക്കുകയും, സത്യഗ്രഹികളോടൊന്നിച്ചു താമസിക്കുകയും, അവരെ സത്യഗ്രഹത്തിന്റെ നടപടികളേയും ആന്തരാർത്ഥങ്ങളേയുംകുറിച്ചു ഗുണദോഷിക്കുകയും ചെയ്തു. യാഥാസ്ഥിതികരായ നമ്പൂരിമാരുമായി അദ്ദേഹം അഭിമുഖസംഭാഷണം നടത്തുകയും, അതിനുശേഷം തിരുവനന്തപുരം സന്ദർശിച്ചു് മഹാറാണി, ദിവാൻ, പോലീസ്കമ്മീഷണർ ഇവരെ സന്ദർശിക്കുകയുമുണ്ടായി. ഗാന്ധിജിയുടെ പ്രസംഗങ്ങളടങ്ങിയ ഈ പുസ്തകത്തിന്റെ രണ്ടാംഭാഗത്തിൽ സത്യഗ്രഹികളോടു് അദ്ദേഹം നടത്തിയ ഒരു സംഭാഷണത്തിന്റെ ഒരു പ്രത്യക്ഷരറിപ്പോർട്ടു്—അതു് സത്യഗ്രഹത്തെക്കുറിച്ചുള്ള സാഹിത്യത്തിന്റെ ഒരു സ്ഥിരമായ ഭാഗമായതുകൊണ്ടു്—ഞാൻ ചേർത്തിട്ടുണ്ടു്.

ക്ഷേത്രപരിസരങ്ങളിൽ വച്ചു് ഗാന്ധിജി നമ്പൂതിരിമാരുമായി നടത്തിയ സംഭാഷണത്തെക്കുറിച്ചു് ഞാനെടുത്തിട്ടുള്ള കുറിപ്പുകളിൽ നിന്നു് യാഥാസ്ഥിതികത്വത്തിന്റെ സ്വഭാവം നിർണ്ണയിക്കുവാൻ കഴിയും. ഇതു് ഇവിടെ രേഖ

പ്പെടുത്തുന്നതു പ്രയോജനകരമായിരിക്കും. എന്തുകൊണ്ടെന്നാൽ വീണ്ടും പന്ത്രണ്ടു കൊല്ലം കഴിഞ്ഞു് ഗാന്ധിജി തിരുവിതാംകൂറിൽ നടത്തിയ തീൎത്ഥയാത്രയിൽ വൈക്കം സന്ദൎശിച്ചപ്പോൾ, അന്നു് അദ്ദേഹത്തോടു് സംഭാഷണം ചെയ്തനമ്പൂരിമാർതന്നെയായിരുന്നു അപ്പോൾ ക്ഷേത്രപ്രവേശന വിളംബരത്തെ അനുഗ്രഹിച്ചതു്.

ഗാന്ധിജി:—കുററവാളികളും ദുഷ്ടന്മാരും എന്നുവേണ്ട, പട്ടികളും നാല്ക്കാലികളും നടക്കുന്ന പബ്ളിക്ക്റോഡുകളിൽ നിന്നു് ഹിന്ദുക്കളിൽ ഒരു വിഭാഗത്തെ മുഴുവനും അവരുടെ താഴ്ന്ന നിലയിലുള്ള ജനനംകൊണ്ടു മാത്രം അകററിനിൎത്തുന്നതു ഭംഗിയാണോ?

നമ്പൂതിരി ഊരാളൻ:—അല്ലാതെ എന്തുചെയ്യട്ടെ! അവരുടെ കൎമ്മത്തിനുള്ള ഫലം അവർ അനുഭവിക്കയാണു്.

ഗാ:—തൊട്ടിൽ ഉള്ള ജാതിക്കാരായി ജനിച്ചതു് അവരുടെ കൎമ്മത്തിന്റെ അനുഭവമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ നിങ്ങൾ ആ ശിക്ഷ വർദ്ധിപ്പിക്കുന്നതെന്തിനു്? അവർ പാതകികളെക്കാളും മൃഗങ്ങളെക്കാളും നികൃഷ്ടരാണോ?

ന:—അങ്ങിനെയായിരിക്കണം. അല്ലെങ്കിൽ ഈശ്വരൻ അവരെ തൊട്ടിലുള്ള വർഗ്ഗക്കാരായി ജനിപ്പിക്കുകയില്ലായിരുന്നു.

ഗാ:—ഈശ്വരനു് അവരെ ശിക്ഷിക്കാം. എന്നാൽ മനുഷ്യരായ നമുക്കു് ഈശ്വരന്റെ സ്ഥാനം കൈയേററം ചെയ്തുകൊണ്ടു് അവരുടെ ശിക്ഷ വർദ്ധിപ്പിക്കുവാൻ എന്തധികാരമാണുള്ളതു്?

ന:—നാം കേവലം ആയുധങ്ങൾ മാത്രമാണു്. അവരുടെ കൎമ്മങ്ങളുടെ ഫലമായി അവർ സമ്പാദിച്ചിട്ടുള്ള ശിക്ഷകൾ നൽകുവാൻ ഈശ്വരൻ നമ്മെ അദ്ദേഹത്തിന്റെ ഉപകരണങ്ങളായി ഉപയോഗിക്കുന്നു.

ഗാ:—നിങ്ങളെ ശിക്ഷിക്കുവാൻ ഈശ്വരന്റെ കൈവശമുള്ള ഉപകരണങ്ങളാണു് അവർണ്ണർ എന്നു് അവർ പറയുകയാണെന്നു വിചാരിക്കുക. അപ്പോൾ നിങ്ങൾ എന്തു ചെയ്യും?

ന:—അവർ അങ്ങിനെ ചെയ്യുന്നതിനെ തടയുവാൻ ഗവമ്മെൻറ് ഇടപെടും. നല്ലവരും അങ്ങിനെ ചെയ്യും. ദീഘകാലമായി ഞങ്ങൾക്കു ലഭിച്ചിട്ടുള്ള അവകാശങ്ങളെ അപഹരിക്കുന്നതിനുള്ള ഉദ്യമത്തിൽ നിന്ന് അവർണ്ണരെ തടയണമെന്ന് മഹാത്മജീ! ഞങ്ങൾ അങ്ങയോടു പ്രാത്ഥിക്കുന്നു.

ഗാ:—റോഡുകൾ ഉപയോഗിക്കുന്നതിൽനിന്ന് അവരെ തടയുവാൻ നിങ്ങൾക്ക് അവകാശമുണ്ടെന്നു തെളിയിക്കാമോ? നിങ്ങൾക്കുള്ളതുപോലെതന്നെ ഈ മർദ്ദിതവിഭാഗങ്ങൾക്കും റോഡുകൾ ഉപയോഗിക്കുവാൻ അവകാശമുണ്ടെന്ന് എനിക്കു തീച്ചയാണ്. അവർ ഈ റോഡുകൾ ഉപയോഗിക്കുവാൻ പാടില്ലെന്നു ശാസ്ത്രങ്ങളിൽ ഒരിടത്തും പറയുന്നില്ല. ദിവാൻജിപോലും നിങ്ങൾ സ്വീകരിക്കുന്ന നില തെററാണെന്നു വിചാരിക്കുന്നു എന്നു നിങ്ങൾ അറിയുന്നുണ്ടോ?

ന:—ദിവാൻജിയുടെ അഭിപ്രായങ്ങൾ ഞങ്ങളെ എങ്ങിനെയാണു സഹായിക്കുവാൻ പോകുന്നത്? അദ്ദേഹത്തിന് ഇഷ്ടമുള്ള അഭിപ്രായം വച്ചുകൊണ്ടിരിക്കുന്നതിൽ ഞങ്ങൾക്കു വിരോധമില്ല. മഹാത്മജീ! ഈ വിഭാഗം ജനങ്ങളെ അങ്ങ് 'മർദ്ദിതർ' എന്നു വിളിക്കുന്നതെന്തുകൊണ്ടാണ്? അവർ എന്തുകൊണ്ടാണ് മർദ്ദിതരായിട്ടുള്ളതെന്ന് അങ്ങയ്ക്കറിയാമോ?

ഗാ:—അറിയാം. ജല്ലിയൻവാലായിൽവച്ച് നിരപരാധികളായ ജനങ്ങളെ ഡയർ കൂട്ടക്കൊല ചെയ്ത കാരണം കൊണ്ടുതന്നെ.

ന:—അപ്പോൾ ഈ ആചാരങ്ങൾ ഏപ്പെടുത്തിയവർ 'ഡയറ'ന്മാരാണെന്ന് അങ്ങു വിചാരിക്കുന്നു, അല്ലേ? ശങ്കരാചാര്യരെ ഒരു 'ഡയർ' എന്ന് അങ്ങു വിളിക്കുമല്ലോ!

ഗാ:—ഞാൻ ഒരു ആചാര്യനേയും ഡയർ എന്നു വിളിക്കുന്നില്ല. എന്നാൽ നിങ്ങളുടെ പ്രവൃത്തി ഡയറുടെ പ്രവൃത്തിപോലെ ക്രൂരമാണെന്നു ഞാൻ പറയും. ഏതെങ്കിലും ആചാര്യനാണ് ഈ ആചാരങ്ങളുടെ ചുമതല വഹിക്കുന്നതെങ്കിൽ അദ്ദേഹത്തിൻെറ അജ്ഞത 'ജനറൽ ഡയറുടേ'യെന്നതുപോലെതന്നെ രാക്ഷസീയമാണ്.

ന:—എന്നാൽ പ്രാചീനമായ ഒരു ആചാരത്തെ ഞങ്ങൾക്കെങ്ങിനെ ഉപേക്ഷിക്കുവാൻ കഴിയും? സത്യഗ്രഹികൾ കഷ്ടത അനുഭവിക്കുന്നു എന്ന് അങ്ങു പറയുന്നു. എന്നാൽ കഷ്ടത മുഴുവൻ ഞങ്ങളുടെ വശത്താണ്. സത്യഗ്രഹികൾ ക്ഷേത്രഗോപുരങ്ങളിൽ ഇരിക്കുന്നു. അവരുടെ നിഴലുകൾ ഞങ്ങളെ അശുദ്ധപ്പെടുത്തുന്നതുകൊണ്ട് ഞങ്ങൾക്ക് ദീർഘവും വളഞ്ഞതുമായ വഴികളിൽക്കൂടി അമ്പലങ്ങളിൽ പോകേണ്ടിയിരിക്കുന്നു. അതൊരു വലിയ കഷ്ടതയല്ലേ?

ഗാ:—അത് തീച്ചയായും അസാധാരണമായിരിക്കുന്നു. ഇത് ചെന്നായുടേയും ആട്ടിൻകുട്ടിയുടേയും പഴയ കഥ എന്റെ ഓർമ്മയിൽ കൊണ്ടുവരുന്നു. അല്പമെങ്കിലും യുക്തിയോടുകൂടി സംഭാഷണം ചെയ്യുകയെങ്കിലും വേണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

ന:—മതപരമായ കാര്യങ്ങളിൽ യുക്തിക്കു സ്ഥാനമില്ല.

ഗാ:—ഇത് സനാതനികളുടെ ഒരു പഴയ ആചാരമായിരുന്നെങ്കിൽ ഇൻഡ്യയിൽ എല്ലായിടത്തും കാണേണ്ടതായിരുന്നു. എന്നാൽ രാജ്യത്തിൽ മറ്റൊരിടത്തും ഞാനിതു കാണുന്നില്ല.

ന:—ഇൻഡ്യയുടെ എല്ലാ ഭാഗത്തും തൊടീൽആചാരം തീച്ചയായും നിലനിന്നുപോരുന്നുണ്ട്. തൊടീൽആചാരം ഞങ്ങൾ അല്പംകൂടി വിപുലമാക്കി, അത്രേയുള്ളു.

ഗാ:—ഈ ജനങ്ങൾ പാതകികളെക്കാൾ നികൃഷ്ടരാണെന്നു നിങ്ങൾ പറയുന്നു. അവർ നാളെ മുസൽമാൻമാരോ ക്രസ്ത്യാനികളോ ആയി മതം മാറുന്നു എന്നു വിചാരിക്കുക. അപ്പോൾ അവർ പാതകികളല്ലാതായിത്തീരുമോ?

(നമ്പൂതിരി മൌനം ദീക്ഷിച്ചു. എന്നാൽ ദേവസ്വം കമ്മീഷണർ നമ്പൂതിരിക്കുവേണ്ടി ഇങ്ങിനെ പറഞ്ഞു:

പുത്തനായി മതം മാറുന്ന ക്രസ്ത്യാനിക്കോ, മുസൽമാനോ ഈ അവകാശം ഉണ്ടായിരിക്കയില്ല. പഴയ ക്രസ്ത്യാനികൾക്കും മുസൽമാൻമാർക്കും മാത്രമുള്ള ഒരവകാശമാണിത്!

സി. രാജഗോപാലാചാരി:—(കൂടിക്കാഴ്ച നടക്കുമ്പോൾ അദ്ദേഹവും സന്നിഹിതനായിരുന്നു) അപ്പോൾ ക്രസ്ത്യാനികൾ

ക്കും മുസൽമാൻമാക്കും ഈശ്വരന്റെ ചട്ടങ്ങളേയും നിയമങ്ങളേയും തകടം മറിക്കാം—അല്ലേ?

(മറുപടി ഇല്ല)

ഗാ:—നിങ്ങളുടെ വാദത്തിനു പിൻതുണയായി നിങ്ങൾ ശങ്കരാചാര്യരുടെ പ്രമാണം ഉദ്ധരിക്കുന്നു. അതു് എന്നെ കാണിച്ചുതരാമോ?

ന:—കാണിച്ചുതരാം.

ഗാ:—ശങ്കരാചാര്യരുടെ കൃതികൾ നിങ്ങളുടെ ആചാരങ്ങളെ സഹായിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് ഈ പ്രാതികൂല്യം പിൻവലിക്കാമോ?

ന:—വേണ്ട തെളിവുകൾ അതിലുണ്ട്. പക്ഷെ അങ്ങ് അതിനെല്ലാം സമാധാനം പറഞ്ഞു് തള്ളുമായിരിക്കാം.

ഗാ:—ഇല്ല. ഞാൻ അവയെ സമാധാനം പറഞ്ഞു് തള്ളിക്കളയുകയില്ല. നമുക്ക് സർവ്വസമ്മതരായ പണ്ഡിതന്മാരെക്കൊണ്ടു് അതിനെ വ്യാഖ്യാനിപ്പിക്കാം.

ന:—അവരുടെ വ്യാഖ്യാനം ആചാരങ്ങൾക്കു വിരുദ്ധമാണെങ്കിൽ ഞങ്ങൾക്ക് അതു സ്വീകരിക്കുവാൻ നിവൃത്തിയില്ല.

ഗാ:—നിങ്ങളുടെ യുക്തിഹീനതയിലല്ലാതെ ശങ്കരാചാര്യരുടെ ഗ്രന്ഥങ്ങളിൽ യാതൊരു പ്രമാണങ്ങളും ഇല്ല. ആകട്ടെ. അവർണ്ണക്ക് റോഡുകൾ തുറന്നുകൊടുക്കേണ്ടതാണെന്നു കോടതികൾ വിധിച്ചാലോ?

ന:—ഞങ്ങൾ പിന്നീട് റോഡുകൾ ഉപയോഗിക്കയില്ല. ഞങ്ങൾ ക്ഷേത്രങ്ങളും ഉപേക്ഷിക്കേണ്ടിവരും.

ഗാ:—നിങ്ങൾ ഈ നിരോധനത്തിനു തുണയായി അവകാശപ്പെടുന്ന ശങ്കരാചാര്യസ്മൃതിപോലെ മഹാരാജാവു തിരുമനസ്സുകൊണ്ട് റോഡുകൾ തുറന്നുകൊടുത്തുകൊണ്ട് മറ്റൊരു സ്മൃതി വിളംബരപ്പെടുത്തിയാൽ നിങ്ങൾ എന്തു ചെയ്യും?

ന:—രാജാധികാരത്തിന്, ഇഷ്ടമുള്ള സ്മൃതികൾ പുറപ്പെടുവിക്കുവാൻ അധികാരമുണ്ട്. ഞങ്ങൾ അതനുസരിക്കേണ്ടി വരും.

ഗാ:—നിങ്ങൾ ഹിന്ദുമതത്തിന്റെ ഉൗരാഴ്മക്കാരാണെന്നുള്ള കാര്യം വിസ്മരിക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ

അതിൻെറ പരിശുദ്ധമായ നാമധേയത്തെ മലിനപ്പെടുത്തുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു രാജിവ്യവസ്ഥ നിർദ്ദേശിക്കുവാൻ നിങ്ങൾ എന്നെ അനുവദിക്കുക. നിങ്ങൾ ജനങ്ങളുടെ ഭൂരിപക്ഷാഭിപ്രായം സ്വീകരിക്കുമോ?

ന:—ക്ഷേത്രത്തിൽ പോകുന്ന ജനങ്ങളുടെ മാത്രം ഭൂരിപക്ഷാഭിപ്രായമാണോ?

ഗാ:—അതു ശരിയല്ല. സവർണ്ണരുടെ ഭൂരിപക്ഷാഭിപ്രായം എന്നാണു് ഞാൻ അർത്ഥമാക്കുന്നതു്. അവർണ്ണരെ ഞാനുൾപ്പെടുത്തുന്നില്ല. അതു് നിങ്ങളെ തൃപ്തിപ്പെടുത്തണമല്ലോ.

(മറുപടി ഇല്ല)

ഗാ:—മറ്റൊരു നിർദ്ദേശം ഞാൻ പറയാം. ഇന്ത്യയിലെ സർവ്വസമ്മതനായ ഒരു പണ്ഡിതനോടു് ശങ്കരസ്മൃതി വ്യാഖ്യാനിക്കണമെന്നു നാം അപേക്ഷിച്ചാലോ? അദ്ദേഹത്തിന്റെ വ്യാഖ്യാനം നിങ്ങൾ സ്വീകരിക്കുമോ?

ന:—സ്മൃതികളിൽ പ്രമാണം ഉണ്ടായിരിക്കയില്ലെന്നു വരാം. എന്നാൽ സ്മൃതികളുടെ ഭാഷ്യങ്ങളിൽ ആവശ്യമുള്ളിടത്തോളം വിധികൾ കാണുവാൻ കഴിയും.

(ഈ ഘട്ടത്തിൽ ഒരു വൃദ്ധൻ ഇങ്ങനെ വിളിച്ചു പറഞ്ഞു. "പരശുരാമനാണു് ഞങ്ങൾക്കു് ഈ കേരളം മുഴുവൻ ദാനം ചെയ്തതു്. ഇപ്പോൾ അങ്ങു് പരശുരാമൻെറ ശാസനം ഹാജരാക്കുവാൻ ഞങ്ങളോടു് ആവശ്യപ്പെട്ടാൽ അതെങ്ങിനെ ഞങ്ങൾക്കു കഴിയും? ഈ അവകാശവും ഇതിനു തുല്യമാണു്. അതിനു ഞങ്ങൾ വേണ്ട ശാസ്ത്രവിധികൾ ഹാജരാക്കുന്നതെങ്ങിനെ?")

ഗാ:—അവസാനമായി ഒരു നിർദ്ദേശവും കൂടി ഞാൻ പറയട്ടെ! നിങ്ങൾ മദ്ധ്യസ്ഥത സ്വീകരിക്കുമോ? നിങ്ങൾ ഒരു പണ്ഡിതനെ നിയമിക്കുക. സത്യഗ്രഹികൾക്കു വേണ്ടി ഞാനും ഒരു പണ്ഡിതനെ നിയമിക്കാം. ദിവാൻജി നമ്മുടെ മദ്ധ്യസ്ഥനായിരിക്കും. അതിനു് നിങ്ങൾ എന്തു പറയുന്നു?

(മറുപടി ഇല്ല)

ഈ ഉപാഖ്യാനം ഇനിയും തുടർന്നുപോകുന്നതുകൊണ്ടു് പ്രയോജനമില്ല. അന്ധമായ യുക്തിഹീനത ഇതിലധികമാ

കുന്നതെങ്ങിനെ? എന്നാൽ അന്ധമായ യുക്തിഹീനതയോടും ക്ഷമകേടു കാണിക്കുവാൻ ഒരു സത്യഗ്രഹിക്ക് അവകാശമില്ല. അധികാരസ്ഥാനങ്ങൾക്ക് അലിവു തോന്നി ക്ഷേത്രത്തിനു മുന്നുവശവുമുള്ള റോഡുകൾ തുറന്നുകൊടുക്കുന്നതിനു മുൻപ് അനവധി മാസങ്ങൾ ഈ പ്രക്ഷോഭണം തുടന്നുകൊണ്ടിരുന്നു. ഈ റോഡുകൾ തുറന്നുകൊടുത്തതിന്റെ ഫലമായി ഇതുപോലെയുള്ള പ്രക്ഷോഭണങ്ങൾ മററു ക്ഷേത്രറോഡുകളെ സംബന്ധിച്ചും നടത്തുകയുണ്ടായി. സത്യഗ്രഹികൾ മർദ്ദനങ്ങൾക്കും അപമാനങ്ങൾക്കും വിധേയരാകേണ്ടി വന്നു എങ്കിലും, അവസാനത്തിൽ എല്ലാ സമരമുഖങ്ങളിലും അവർ ജയിക്കുകതന്നെ ചെയ്തു.

എങ്കിലും പ്രതീക്ഷിച്ചിരുന്ന വേഗതയിൽ ഈ പരിഷ്കാരങ്ങൾ നടപ്പിൽ വന്നില്ലെന്ന് പറയേണ്ടിയിരിക്കുന്നു. ഗാന്ധിജി ഒരവസരത്തിൽ പ്രസ്താവിച്ചതുപോലെ വൈയ്ക്കത്തുവച്ചുണ്ടായ തീരുമാനം ഒരു പ്രകാരത്തിൽ വളരെ "നിസ്സാരമായ ഒന്നായിരുന്നു." എന്തുകൊണ്ടെന്നാൽ, "ഹൈന്ദവേതരന്മാക്കു തുറന്നുകൊടുത്തിട്ടുള്ള" എന്ന പദങ്ങളെ അഭയം പ്രാപിച്ച് ഗവമ്മെൻറു ഹൈന്ദവേതരന്മാരെ എന്നപോലെതന്നെ അവർണ്ണഹിന്ദുക്കളേയും നിരോധിക്കുവാനുള്ള അധികാരം കൈവശം വച്ചിരുന്നതുകൊണ്ട്, ഹൈന്ദവേതരന്മാക്ക് തുറന്നുകൊടുത്തിട്ടുള്ള റോഡുകൾ തങ്ങൾക്കു തുറന്നുകിട്ടിയിട്ടില്ലെന്ന് അവർണ്ണഹിന്ദുക്കൾക്ക് പഴിക്കുവാൻ നിവൃത്തിയില്ലായിരുന്നു. എന്നിട്ടും ഗാന്ധി പറഞ്ഞതുപോലെ ആ തീരുമാനം സ്വാതന്ത്ര്യത്തിന്റെ ഒരു ഉറച്ച അടിസ്ഥാനമെന്നു പറഞ്ഞേ മതിയാവൂ. ഫൻറഷ്-ൽ ആലപ്പുഴ വച്ചു ചെയ്ത ഒരു പ്രസംഗത്തിൽ "ഞാൻ ഇതിനെ സ്വാതന്ത്ര്യത്തിന്റെ ഉറച്ച അടിസ്ഥാനമെന്നു വിളിക്കും. എന്തുകൊണ്ടെന്നാൽ ഒരുവിധത്തിലെങ്കിലും സ്വാതന്ത്ര്യാഭിമുഖമായ പ്രയാണത്തിൽ അതിനോടടുക്കുന്ന ഒരു താവളമാണ് ഗവമ്മെൻറും ജനങ്ങളും തമ്മിലുള്ള ഈ തീരുമാനം" എന്ന് ഗാന്ധിജി പറയുകയുണ്ടായി.

എന്നാൽ ഈ പരിഷ്കാരം അല്പാല്പമായി മാത്രമാണു ലഭിച്ചുകൊണ്ടിരുന്നത്. തിരുവാപ്പിലും ശുചീന്ദ്രത്തും ഉള്ള

റോഡുകളെക്കുറിച്ച് അപ്പോഴും പ്രക്ഷോഭണങ്ങൾ നടന്നു കൊണ്ടിരുന്നു. ഗാന്ധിജിക്കു പിന്നെയും മഹാറാണിയേയും ദിവാൻജിയേയും പോലീസുകമ്മീഷണറേയും സന്ദർശിക്കയും ഉൽക്കണ്ഠാജനകങ്ങളായ ആലോചനകൾ തുടൎന്നുകൊണ്ടുപോകയും ചെയ്യേണ്ടിവന്നു. ശ്രീയുത് മാധവൻെറ പേരിലുള്ള നിരോധനാജ്ഞയും, തിരുവാർപ്പിൽ ഒരു നിശ്ചിതപരിധിയിൽ പൊതുയോഗങ്ങൾ കൂടുവാൻ പാടില്ലെന്നുള്ള ഉത്തരവും പിൻവലിക്കണമെന്ന് അദ്ദേഹം അധികാരസ്ഥാനങ്ങളോട് അപേക്ഷിക്കേണ്ടിവന്നു. ഈ പുസ്തകത്തിൽ ഏതാനും ഭാഗം എടുത്തു ചേൎത്തിട്ടുള്ള അദ്ദേഹത്തിൻെറ ഹൻവ-ലെ പ്രസംഗങ്ങൾ ഈ പ്രസ്ഥാനം അക്കാലത്തു് ഏതു നിലയിൽ എത്തിയിരുന്നു എന്ന് കാണിക്കുന്നുണ്ട്. തൊടീൽ എന്ന പൈശാചികമായ ആചാരം അവസാനിക്കണമെന്ന് സവർണ്ണർ ആവശ്യപ്പെടുന്നു എന്ന് അധികാരസ്ഥാനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതുവരെ സവർണ്ണർ തുടൎന്നു പ്രക്ഷോഭണം നടത്തണമെന്നായിരുന്നു അദ്ദേഹം അവരോട് അവസാനമായി പറഞ്ഞതു്. അവർ അതിൽ അമാന്തം പ്രദർശിപ്പിച്ചിരുന്നുമില്ല. ശുചീന്ദ്രംക്ഷേത്രത്തിനു ചുററുമുള്ള റോഡുകൾ തുറന്നുകിട്ടുന്നതിന് ശുചീന്ദ്രത്തും പ്രക്ഷോഭണം നടത്തുകയുണ്ടായി. ഡാക്ടർ യം. ഇ. നായിഡു സിക്രട്ടറിയായിരുന്ന ഒരു കമ്മിററിയുടെ ആഭിമുഖ്യത്തിൽ അവിടേയും സത്യഗ്രഹം തുടങ്ങി. ഈ പ്രക്ഷോഭണം ഉദ്ദേശം ഒരു മാസക്കാലത്തേക്ക് തുടൎന്നു കൊണ്ടുപോവുകയും അതിനുശേഷം ശ്രീയുത് സി. കെ. പരമേശ്വരൻപിള്ള പ്രസ്തുതറോഡുകൾ തുറന്നുകൊടുക്കാമെന്ന് പോലീസുകാർ സമ്മതിച്ചിരിക്കുന്ന വിവരം അറിയിച്ചതിൻെറ ഫലമായി അതിനെ അവസാനിപ്പിക്കുകയും ചെയ്തു. സത്യഗ്രഹം അവസാനിപ്പിച്ചെങ്കിലും റോഡുകൾ പഴയപോലെ അടയ്ക്കപ്പെട്ടുതന്നെ ഇരുന്നു. റോഡുകൾ തുറന്നുകൊടുക്കണമെന്നും, പിന്നീട് ക്ഷേത്രങ്ങൾ കൂടി തുറന്നുകൊടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അനവധി യോഗങ്ങൾ കൂടുകയുണ്ടായി. ഈ പ്രക്ഷോഭണത്തിൻെറ ജീവാത്മാവായിരുന്ന ശ്രീയുത് ടി. കെ. മാധവൻ, ക്ഷേത്രങ്ങളെന്നു വേണ്ടാ റോഡുകൾ മുഴുവൻതന്നേയും തുറന്നുകൊടുക്കുന്നതിനുമുൻപ്, ചരമമടഞ്ഞു. എന്നാൽ അദ്ദേഹത്തിൻെറ പ്രയത്നങ്ങൾ ഫല

ശൂന്യങ്ങളായില്ല. ഫലം പ്രതീക്ഷിക്കാതെ പ്രയത്നിച്ചതിന്ന ള്ള മഹിമ അദ്ദേഹത്തിന്ന് മാത്രമുള്ളതാണ്. ഫെബ്രുവരി ജാ നുവരിയിൽ മാത്രമാണ് ഈ പ്രക്ഷോഭണത്തിന്റെ ശക്തി യും യുക്തിയും ഗവമ്മെന്റ് മനസ്സിലാക്കി, ഗാന്ധിജി തിരുവ നന്തപുരം സന്ദർശിച്ചവേളയിൽ, താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചത്. "തീണ്ടൽ അവസാനിപ്പിക്കണമെന്നുള്ള കമ്മിററിയുടെ അഭിപ്രായത്തോട് ഗവമ്മെന്റ് യോജിക്ക കയും, തീണ്ടൽജാതിയിൽ പെട്ടതുകൊണ്ട് ഒരുത്തന്ന് പ്രവേ ശനമനുവദിച്ചിട്ടില്ലാത്ത പബ്ളിക്ക്കളങ്ങളും കിണറുകളും സത്രങ്ങളും സംരക്ഷിക്കുന്നതിന്ന് ഗവമ്മെന്റ് പൊതുമുതൽ വ്യയം ചെയ്യുവാൻ പാടില്ലെന്ന് അഭിപ്രായപ്പെടുകയും ചെ യ്യുന്നു. അതുകൊണ്ട് ഗവമ്മെന്റ് പൊതുമുതൽകൊണ്ട് സംരക്ഷിച്ചുപോരുന്ന എല്ലാ പബ്ളിക്ക്റോഡുകളും, കുള ങ്ങളും, കിണറുകൾ, സത്രങ്ങൾ മുതലായവയും, എല്ലാ വിഭാ ഗം ജനങ്ങൾക്കും ജാതിഭേദമെന്യേ തുറന്നുകൊടുക്കുവാൻ തീ രുമാനിച്ചിരിക്കുന്നു. ഈ ഉദ്ദേശങ്ങൾ ഉടൻ നടപ്പിൽ വരു ത്തുവാൻ വേണ്ട നടപടികൾ ആലോചനയിലിരിക്കുന്നു." ഈ നടപടികൾ യഥാർത്ഥത്തിൽ ആരംഭിച്ചത് ഫെബ്രുവ്യ മേയ് മാസത്തിൽ മാത്രമാണ്.

III

അത്ഭുതം സംഭവിക്കുന്നു.

ആ പ്രഖ്യാപനം ആശാസ്യമായ ഒന്നുതന്നെ. എങ്കിലും അതു് ആവിർഭവിച്ചതു് കാലം വൈകിയിട്ടായിരുന്നു. പരിഷ്കർത്താക്കളുടെ ലക്ഷ്യം ഇപ്പോൾ മാറിയിരുന്നു. തൊടീലാചാരം പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാതെ അതിൽ കുറഞ്ഞ യാതൊന്നുകൊണ്ടും തൃപ്തിപ്പെടുകയില്ലെന്നു് അവർ നിശ്ചയിച്ചുകഴിഞ്ഞു. ക്ഷേത്രപ്രവേശനപ്രക്ഷോഭണം തുടങ്ങിക്കൊള്ളുന്നതിനും, സാദ്ധ്യമെങ്കിൽ വ്യക്തികൾ സത്യഗ്രഹമനുഷ്ഠിച്ചുകൊള്ളുന്നതിനും ഫൻവ-ൽ തന്നെ ഗാന്ധിജി ശ്രീയുത് ടി. കെ. മാധവനും, കുറൂർ നമ്പൂരിപ്പാടിനും അനുവാദം നൽകിയിരുന്നു. ആദിമപരിശ്രമങ്ങൾ, സാവധാനമെങ്കിലും സുനിശ്ചിതമായ രീതിയിൽ, പബ്ളിക്ക് റോഡുകളും കിണറുകൾ മുതലായവയും തുറന്നുകൊടുക്കുവാൻ ഇടവരുത്തിയതുകൊണ്ടു് യാഥാസ്ഥിതികകോട്ടയുടെ ഇഷ്ടികകൾ ഒന്നൊന്നായി ഇളകിക്കഴിഞ്ഞിരുന്നു. പ്രഖ്യാപനം പ്രസിദ്ധംചെയ്തപ്പോൾ യാഥാസ്ഥിതികതപത്തിന്റെ വശത്തുനിന്നു് യാതൊരെതിർപ്പുമുണ്ടായില്ല. അവർണ്ണർ ഉപയോഗിക്കുന്നതുകൊണ്ടു് അശുദ്ധപ്പെട്ടുപോകുമെന്നു പറഞ്ഞ റോഡുകളെക്കുറിച്ചോ, റോഡുകൾക്കു സമീപമുള്ള ക്ഷേത്രങ്ങളെക്കുറിച്ചോ, യാതൊരു കുഴപ്പങ്ങളും ബഹളങ്ങളും ഉണ്ടായില്ല. പൊതുജനാഭിപ്രായം സൃഷ്ടിച്ചുകൊണ്ടിരുന്ന പ്രയത്നങ്ങളുടെ ഫലമായി ശ്രീയുത് ടി. കെ. മാധവൻ അകാലമൃത്യുവിനു വശംവദനായി. ഈഴവരുടെ ശ്രേഷ്ഠകുലഗുരുവായിരുന്ന ശ്രീനാരായണഗുരുസ്വാമിയുടെ നിയന്ത്രണത്തിലും പ്രേരണയിലും ഈ പ്രസ്ഥാനത്തിന്റെ ശക്തി വർദ്ധിക്കുകയും, അദ്ദേഹം സമാധിയടഞ്ഞപ്പോൾ, അതു് ഒട്ടുംതന്നെ ബലഹീനമായിത്തീരാതെ പൂർവ്വാധികം ഊർജ്ജിതത്തോടും നിശ്ചയത്തോടുംകൂടി മുന്നോട്ടുപോകുകയും ചെയ്തു. ഈഴവരുടേയും, ചെറുമന്മാരുടേയും, പുലയരുടേയും ഇടയിലുള്ള ഒരുകൂട്ടം കടന്നു ഉല്പതിഷ്ണുക്കൾ അസ്വസ്ഥരായിത്തീ

രുകയും, സവർണ്ണർ വീണ്ടും തങ്ങളെ ത്യജിക്കുന്നപക്ഷം ഹിന്ദു മതത്തിൽനിന്നു പുറത്തുപോകുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഏതാനും ചിലർ മതമില്ലെന്നും, ഈശ്വരനില്ലെന്നും മററും മുറവിളി കൂട്ടുവാനും മടിച്ചില്ല. ഗാന്ധിജി, തിരുവിതാംകൂറിലെ സഞ്ചാരവേളയിൽ, ഈ വിവിധവിഭാഗം ജനങ്ങളേയും കണ്ടുമുട്ടി അവരോട് ക്ഷമാപൂർവ്വം യുക്തിവാദം ചെയ്തു.

നേരേമറിച്ച്, ക്ഷേത്രപ്രവേശനപ്രശ്നം റോഡുകളുടെ പ്രശ്നത്തെക്കാൾ പോംവഴി കണ്ടുപിടിക്കുവാൻ കൂടുതൽ വൈഷമ്യമുള്ള ഒന്നായിരുന്നു. റോഡുകൾ നിരോധിക്കുന്നതിന് ശാസ്ത്രീയമായ യാതൊരു പ്രമാണങ്ങളുമുണ്ടായിരുന്നില്ലെന്നു മാത്രമല്ല, ഗാന്ധിജി പ്രമാണങ്ങൾ കാണിക്കുവാൻ തുടച്ചയായി ആവശ്യപ്പെട്ടുകൊണ്ടിരുന്നിട്ടും, യാതൊന്നുംതന്നെ കാണിക്കുവാൻ ആർക്കും കഴിഞ്ഞതുമില്ല. എന്നാൽ വേദഗ്രന്ഥങ്ങളിൽ ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ചിടത്തോളം അവർണ്ണരെ നിരോധിക്കുന്ന പ്രമാണങ്ങൾ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലെങ്കിലും, മദ്ധ്യകാലങ്ങളിൽ, ഒരു പക്ഷേ വിദേശീയവും വിഗ്രഹധ്വംസനാപരവുമായ ആചാരങ്ങളുടെ ആക്രമണങ്ങൾക്കു ശേഷം, ആചാരങ്ങളെ വിവരിക്കുന്ന ഒട്ടു വളരെ സാഹിത്യം ഉത്ഭവിക്കുകയുണ്ടായി. ചില സ്മൃതികൾ ചണ്ഡാളരെന്നു വിളിക്കപ്പെട്ടുവരുന്നവരെ അകറ്റിനിറുത്തി. എന്നാൽ ഇന്നു നിലവിലിരിക്കുന്ന ഒരു വർഗ്ഗക്കാരേയും ചണ്ഡാളന്മാരുടെ വിവരണങ്ങളിൽ ഉൾപ്പെടുത്തുവാൻ നിവൃത്തിയില്ല. നേരേമറിച്ച് മററു സ്മൃതികൾ ചില അസ്പൃശ്യജാതിക്കാരുടെ സ്പർശനം അശുദ്ധിയും സ്നാനവും നിർബന്ധിതമാക്കാത്ത പ്രത്യേക അവസരങ്ങൾ വർണ്ണിക്കുന്നുമുണ്ട്.

ദക്ഷിണദേശങ്ങളിൽ, വിശേഷിച്ചും തിരുവിതാംകൂറിൽ, ഉള്ള ക്ഷേത്രങ്ങളെക്കുറിച്ചുള്ള പ്രശ്നം, ആ ക്ഷേത്രങ്ങൾ ഉത്തരഇൻഡ്യയിലുള്ള ക്ഷേത്രങ്ങളെക്കാൾ സങ്കീർണ്ണങ്ങളും ആഡംബരഗർഭങ്ങളും ആയിരുന്നതുകൊണ്ട്, കൂടുതൽ വൈഷമ്യമേറിയതായിരുന്നു. ആഗമശാസ്ത്രങ്ങളനുസരിച്ച് അവ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ക്ഷേത്രത്തിന്റെ ഓരോ ഭാഗവും ഓരോ ഉദ്ദേശത്തോടും പ്രയോജനത്തോടും കൂടിയതാണ്. ആരാധനാസംബന്ധമായ നിസ്സാരകാര്യങ്ങൾ പോലും അതി

സൂക്ഷ്മമായി അവിടെ ആചരിച്ചു പോരുന്നു. നിത്യാനുഷ്ഠാനങ്ങളുടെ ലംഘനം അന്ധവിശ്വാസപരമായ ഭയത്തോടു കൂടിയാണു് വീക്ഷിച്ചുപോന്നതു്. കഴിഞ്ഞ കാലങ്ങളിൽ സാധാരണയായി ആഗമശാസ്ത്രങ്ങളിലെ ഏതെങ്കിലും നിയമമോ നിർദ്ദേശമോ അതിലംഘിച്ചതുകൊണ്ടു്, സുദീർഘങ്ങളും വ്യയഹേതുകവുമായ പല ശുദ്ധികർമ്മങ്ങൾ ഈ ക്ഷേത്രങ്ങളിൽ കഴിക്കേണ്ടിവന്നിട്ടുണ്ടു്. സനാതനികളുടെ നില ക്ഷേത്രപ്രവേശനകമ്മിററി ഇങ്ങിനെ വിവരിച്ചിരിക്കുന്നു.

"ക്ഷേത്രങ്ങളുടെ പരിശുദ്ധി ആഗമശാസ്ത്രങ്ങളുടെ ലംഘനംകൊണ്ടു കളങ്കപ്പെടുത്തുന്നതു് അനുവദനീയമല്ല. ആഗമശാസ്ത്രങ്ങൾ ക്ഷേത്രങ്ങളിൽ അവർണ്ണരുടെ പ്രവേശനത്തെ നിരോധിക്കുന്നു. അങ്ങിനെ പ്രവേശിച്ചാൽ, നിർദ്ദിഷ്ടങ്ങളായ ശുദ്ധികർമ്മങ്ങൾ ചെയ്തില്ലെങ്കിൽ ക്ഷേത്രങ്ങളുടെ പരിശുദ്ധി നഷ്ടപ്പെട്ടുപോകുമെന്നു പറയപ്പെടുന്നു. വിഗ്രഹങ്ങളുടെ ചൈതന്യം നശിച്ചുപോയാൽ ക്ഷേത്രം കേവലം ഒഴിഞ്ഞുകിടക്കുന്ന ഒരു കെട്ടിടം മാത്രമായി രൂപാന്തരപ്പെടുകയും, ക്ഷേത്രങ്ങളുടെ ഉദ്ദേശങ്ങൾ അങ്ങിനെ പരിപാലിക്കപ്പെടാതിരിക്കയും ചെയ്യും. ക്ഷേത്രങ്ങളിലെ പ്രതിഷ്ഠ ദിവ്യമാണെന്നും, അവയുടെ പരിശുദ്ധി ഈശ്വരസാന്നിദ്ധ്യംകൊണ്ടാണെന്നും വിശ്വസിക്കുന്നവരുടെ ഉപയോഗത്തിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണു് ക്ഷേത്രങ്ങൾ. ക്ഷേത്രങ്ങൾ ആഗമശാസ്ത്രങ്ങൾ അനുസരിച്ചും, വിഗ്രഹങ്ങൾ ആഗമശാസ്ത്രങ്ങളിലെ വിധികളനുസരിച്ചും പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളവയാണു്. ആരാധകന്മാരായ ഹിന്ദുക്കളുടെ വിശ്വാസമനുസരിച്ചു് ക്ഷേത്രങ്ങളുടേയും അവയിൽ പ്രതിഷ്ഠിച്ചിട്ടുള്ള വിഗ്രഹങ്ങളുടേയും പരിശുദ്ധി ആഗമശാസ്ത്രങ്ങളനുസരിച്ചുള്ള വിധികളും കർമ്മങ്ങളും അനുഷ്ഠിക്കുന്നതുകൊണ്ടു് ഉണ്ടാകുന്നതാണു്. ഈ പരിശുദ്ധി നിലനിറുത്തിക്കൊണ്ടു പോരുന്നതിനു് ആഗമശാസ്ത്രങ്ങളിലെ നിയമങ്ങളും നിർദ്ദേശങ്ങളും ആചരിക്കണമെന്നു നിർബ്ബന്ധമുണ്ടു്. നമുക്കു് ക്ഷേത്രങ്ങളിലും, അവയിൽ പ്രതിഷ്ഠിച്ചിട്ടുള്ള വിഗ്രഹങ്ങളിലും, ക്ഷേത്രങ്ങളിൽ ആചരിക്കുന്ന അനുഷ്ഠാനങ്ങളിലും, വിശ്വാസമുണ്ടെങ്കിൽ ഏതാനും ചില നിബന്ധനകളിൽനിന്നു മാത്രം വിശ്വാസം പിൻവലി

ക്കുവാൻ പാടുള്ളതല്ല. എല്ലാം ഒന്നുപോലെ വിശ്വാസങ്ങളിൽ അടിയുറച്ചിരിക്കുന്നതുകൊണ്ട്, ഏതെങ്കിലും ഒരു സംഗതിയിൽമാത്രം യുക്തി പ്രയോഗിക്കുവാൻ ശ്രമിക്കുന്നതു് യുക്തിവിഹീനവും അനുചിതവുമായിരിക്കും. പ്രതിഷ്ഠാകർമ്മങ്ങൾ വിഗ്രഹത്തെ എങ്ങിനെ പരിശുദ്ധമാക്കിച്ചെയ്യുന്നു എന്നോ, ആഗമശാസ്ത്രങ്ങളനുസരിച്ചുള്ള നിത്യകർമ്മാനുഷ്ഠാനങ്ങൾ വിഗ്രഹത്തിന്റെ പരിശുദ്ധത പരിപാലിക്കുവാൻ എങ്ങിനെ ആവശ്യമായിത്തീരുന്നു എന്നോ, നമുക്കു യുക്തിയുക്തം സ്ഥാപിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട്, ക്ഷേത്രങ്ങളുടെ പരിശുദ്ധി നശിക്കാതിരിക്കുവാൻ ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ചും ചില നിയന്ത്രണങ്ങൾ ആവശ്യമായിരിക്കുന്നതെന്തിനെന്നു് വാദമുഖങ്ങൾകൊണ്ട് സ്ഥാപിക്കുവാൻ ശ്രമിക്കുന്നതു് ശരിയല്ല.

കൂടാതെ ആരാധനാകർമ്മം നടത്തുന്നവരുടെ വ്യക്തിപരമായ ശുചിത്വത്തിനും പരിശുദ്ധതയ്ക്കും, ആരാധകന്മാരുടെ വ്യക്തിപരമായ ശുചിത്വത്തിനും പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ഫർഗ്ഗുസൻ–ൽ പ്രസിദ്ധം ചെയ്ത തിരുവിതാംകൂർ സ്റ്റേറ്റ് മാനുവൽ എന്ന ഗ്രന്ഥത്തിൽ തിരുവനന്തപുരം അനന്തപത്മനാഭസ്വാമിക്ഷേത്രത്തിൽ ആരാധനാകർമ്മം നടത്തുന്നവരുടെ കർത്തവ്യങ്ങളേയും യോഗ്യതകളേയും കുറിച്ചു നിലനിന്നുപോരുന്ന വിശ്വാസത്തെ ഇങ്ങിനെ വിവരിച്ചിരിക്കുന്നു.

"കേരളത്തിലെ ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായ പരിശുദ്ധിയുടെ നിഷ്കൃഷ്ടമായ ആചരണം ഒരു വിശേഷവിധിയാണ്. ക്ഷേത്രങ്ങളുടെ നാലുവശവുമുള്ള മതിലിനകത്ത് ശൂദ്രരിൽ താണവർഗ്ഗത്തിലുള്ള ആരെങ്കിലും യാദൃച്ഛികമായി പ്രവേശിക്കുകയാണെങ്കിൽ പുണ്യാഹം എന്ന ശുദ്ധികർമ്മം ആവശ്യമാണ്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലാണിതു സംഭവിക്കുന്നതെങ്കിൽ അവിടത്തെ പുണ്യാഹം വളരെ വ്യയഹേതുകമായ ഒന്നായിത്തീരും. പ്രധാന ക്ഷേത്രങ്ങളിലെല്ലാം മേൽ ശാന്തികളെന്ന പേരിലറിയപ്പെടുന്ന പ്രധാന പുരോഹിതന്മാരും, നിത്യപൂജാനുഷ്ഠാനങ്ങൾക്ക് കീഴ് ശാന്തികളുമുണ്ട്. എന്നാൽ വിശേഷഅവസരങ്ങളിൽ ഒരു തന്ത്രിയുടേയോ, നമ്പൂതിരിപ്പാടിന്റേയോ, അല്ലെങ്കിൽ ശ്രീ

ഭൂതബലി, കൊടിയേററ്, കലശം മുതലായ വിവിധകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിന് പുരാതനകാലം മുതല്ക്കേ പ്രത്യേകം നിയുക്തനായിരിക്കുന്ന ഏതെങ്കിലും സ്ഥാനിയുടേയോ സഹായം ഒഴിച്ചുകൂടുവാൻ വഹിയാത്തതാണ്.

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ കർമ്മികളായി വിലപമംഗലമഠത്തിന്റെ പ്രതിനിധികളായ രണ്ടു സന്യാസിമാരും, രണ്ടു നമ്പൂതിരിപ്പാടന്മാരും, നാലു നമ്പിമാരും (രണ്ടുപേർ ശ്രീപത്മനാഭപൂജയ്ക്കും, രണ്ടുപേർ നരസിംഹപൂജയ്ക്കും കൃഷ്ണപൂജയ്ക്കും) ൩൪ കീഴ്ശാന്തിക്കാരും ഉണ്ട്. വലിയ നമ്പി എന്നും, പഞ്ചഗവ്യനമ്പി എന്നും ഉള്ള പേരുകളിലറിയപ്പെടുന്ന പത്മനാഭസ്വാമിക്ഷേത്രത്തിലെ രണ്ടു നമ്പിമാർ അവരെ പുരോഹിതവൃത്തിയ്ക്കു നിയമിക്കുന്ന കാലത്ത് ൩ വർഷത്തേയ്ക്ക് ക്ഷേത്രത്തിനടുത്ത് മിത്രാനന്ദപുരത്ത് അവർക്കുവേണ്ടി ഒഴിച്ചിട്ടിട്ടുള്ള കെട്ടിടങ്ങളിൽ സ്ഥിരമായി താമസിക്കുന്നു. മററു രണ്ടു നമ്പിമാരേയും ൩ വർഷകാലത്തേയ്ക്കു മാത്രമാണ് നിയമിക്കാറുള്ളത്. ഉത്തരകേരളത്തിൽ മാന്യതയുള്ള കുടുംബങ്ങളിൽനിന്നു മാത്രമേ ഈ നമ്പിമാരെ നിയമിക്കുവാൻ പാടുള്ളൂ. നമ്പൂതിരിസമുദായത്തിൽപെട്ടവരും ഈ ക്ഷേത്രത്തിന്റെ ഉത്ഭവത്തോടു ബന്ധപ്പെട്ടവരുമായ രണ്ടു സന്യാസിമാരെ മഹാരാജാക്കന്മാരും ജനങ്ങളും അത്യധികമായി ബഹുമാനിക്കയും ആദരിക്കയും ചെയ്തുവരുന്നുണ്ട്. മിത്രാനന്ദപുരത്ത് അവർക്കു താമസിക്കാൻ പ്രത്യേകം മഠങ്ങൾ ഒഴിച്ചിട്ടിട്ടുണ്ട്. സന്യാസിമാർക്കും, നമ്പിമാർക്കും, മററ് അപ്രധാനന്മാരായ പുരോഹിതന്മാർക്കും, അവരുടെ നിത്യആവശ്യങ്ങൾക്കുള്ള അരിയും കോപ്പും ക്ഷേത്രത്തിൽ നിന്നു ലഭിക്കുന്നു. നമ്പിമാർ പൌരോഹിത്യകാലത്ത് അവരുടെ ബ്രഹ്മചര്യജീവിതം ഏകാന്തതയിൽ കഴിച്ചുകൂട്ടേണ്ടതുണ്ട്. ഉൽക്കൃഷ്ടമായ മതഭക്തിയും പരിശുദ്ധമായ ജീവിതവും അവർക്കുണ്ടായിരിക്കുമെന്നാണ് പ്രതീക്ഷ. മിത്രാനന്ദപുരത്തുനിന്നു ക്ഷേത്രത്തിലേക്ക് ഈ പുരോഹിതന്മാർക്കു നടക്കുവാൻ വേണ്ടി ഉണ്ടാക്കിയിട്ടുള്ള മൂന്നു നാലടി വീതിയുള്ളതും കരിങ്കൽ പാകിയിട്ടുള്ളതുമായ ഒരു പാതയുണ്ട്. ക്ഷേത്രത്തിലേയ്ക്കു കുളി കഴിഞ്ഞു പോകുമ്പോൾ ഇവർ, വഴിപോക്കർ,

അശുദ്ധപ്പെടുത്തുമെന്നു ഭയന്നു് ഒരു ക്ഷേത്രപരിചാരകനാൽ അനുഗതരായി ഔദ്യോഗികചിഹ്നമായ ഓലക്കുടകളും ധരിച്ച് ഈ വഴിയേ പോകുന്നു. നിത്യവും പ്രഭാതത്തിൽ ക്ഷേത്രത്തിലേക്കു പോകുന്ന സന്ന്യാസിയെ (രണ്ടുപേരിലൊരാളെ) പൂജ കഴിക്കുവാനുള്ള ഒരു ചെറിയ ഓട്ടുപാത്രവും, ആവണപലകയും വഹിക്കുന്ന രണ്ടു ബ്രാഹ്മണർ അകമ്പടി സേവിക്കുകയും, അവർ സന്ന്യാസി അശുദ്ധനാകാതെ ക്ഷേത്രത്തിലെത്തുവാൻ വേണ്ടി വഴിപോക്കരെ ഒച്ച പുറപ്പെടുവിച്ച് അകററുകയും ചെയ്യുന്നു. വിശേഷഅവസരങ്ങളിൽ മാത്രമേ ക്ഷേത്രത്തിലെ ഏററവും ഉയന്ന സ്ഥാനിയായ തന്ത്രിനമ്പൂതിരിപ്പാട് സന്നിഹിതനാകാറുള്ളു.

മുകളിൽ പ്രസ്താവിച്ച പുരോഹിതന്മാരും കീഴ്ശാന്തികളും കൂടാതെ ഓരോ ക്ഷേത്രത്തിലും വിളക്കെടുപ്പുകാർ, വാദ്യക്കാർ, ശംഖു വിളിക്കുന്നതിനും പാടുന്നതിനും കുഴൽ വിളിക്കുന്നതിനും തകിലടിക്കുന്നതിനും പാണികൊട്ടുന്നതിനും മാരാന്മാർ, തുപ്പുകാർ, പാത്രംതേപ്പുകാർ, വയ്പുകാർ, വെള്ളം കോരുന്നവർ, കണക്കെഴുത്തുകാർ, ചന്ദ്രക്കാരന്മാർ, ക്ഷേത്രരക്ഷകന്മാർ, പരമ്പരാവകാശികളായ പാട്ടുകാർ, മാലകെട്ടുകാർ മുതലായ ഭൃത്യവൃന്ദങ്ങളും പരിചാരികമാരുമുണ്ട്. ആരാധനാസമ്പ്രദായത്തിന്റെ ശ്രേഷ്ഠതകൊണ്ടും, അവിടെ നിറഞ്ഞിരിക്കുന്ന ശാന്തികൊണ്ടും, പരിമളംകൊണ്ടും, അവിടെ ലഭിക്കുന്ന ആരോഗ്യംകൊണ്ടും, വിനോദംകൊണ്ടും, ശുചിത്വം, വിവിധനടപടികളിലുള്ള സമയകൃത്യത, കണിശം ഇവകൊണ്ടും, അവിടെ വിതരണം ചെയ്യുന്ന പ്രായോഗികമായ ഔദാര്യംകൊണ്ടും, ഇവയെല്ലാം ഉപരിയായി ബഹുസഹസ്രം ഭക്തസന്ദർശകന്മാരിൽ അതു നിശ്ശബ്ദമായി ഉല്പാദിപ്പിക്കുന്ന ഭക്ത്യാദരസമാധാനങ്ങളെക്കൊണ്ടും, കേരളക്കരയിലെ ഹിന്ദുക്ഷേത്രങ്ങൾ ആബാലവൃദ്ധം ജനങ്ങളുടെ ആകർഷണകേന്ദ്രങ്ങളായി ഭവിച്ചിട്ടുണ്ട്."

ഒരു ക്ഷേത്രത്തിന്റെ വിവിധഭാഗങ്ങളുടെ ഒരു വിവരണം താഴെ ചേർത്തിരിക്കുന്നു.

ഛ. "ശ്രീകോവിൽ—ഇതു് സാധാരണയായി സമചതുരശ്രാകൃതിയിൽ ചെമ്പുതട്ടുകൾ പൊതിഞ്ഞ സ്തൂപികാ

കൃതിയിലുള്ള മേല്പുരയോടും മുകൾഭാഗത്തു് സ്വർണ്ണത്തിലോ സ്വർണ്ണം പൂശിയ ചെമ്പിലോ ഉള്ള ഒരു താഴികക്കുടത്തോടും കൂടിയതാണു്. ഇതിനകത്തു് വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നു. വയ്ക്കം, ഏററുമാനൂർ മുതലായ പ്രാചീനക്ഷേത്രങ്ങളിലെപ്പോലെ വൃത്താകൃതിയിലുള്ള ശ്രീകോവിലുകളും ചില സ്ഥലങ്ങളിൽ കാണുന്നുണ്ടു്.

൨. മണ്ഡപം—ഇതു ശ്രീകോവിലിൻെറ മുൻഭാഗത്താണു്.

൩. നടപ്പുരകൾ—ഇവ വിവിധകാര്യങ്ങൾക്കു് ഉപയോഗിക്കുന്നു.

൪. ഗോപുരങ്ങൾ—പല ദേവന്മാരുടേയും പുരാണപുരുഷന്മാരുടേയും രൂപങ്ങൾ ഇവയിൽ കൊത്തുപണി ചെയ്തിട്ടുണ്ടു്. വിവിധമാതൃകകളിലുള്ള ഇത്തരം അത്ഭുതജനകമായ പല കൊത്തുപണികളും മണ്ഡപത്തിലെ തൂണുകൾ മുതലായവയെ അലങ്കരിക്കുന്നു. ദ്രാവിഡശില്പികളുടെ ശില്പകലാവൈചിത്ര്യം ഈ ക്ഷേത്രങ്ങളുടെ അലങ്കാരങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ടു്.

൫. ശീവേലിപ്പുരകൾ—പ്രവേശനദ്വാരത്തിനും ഗർഭഗൃഹത്തിനും മദ്ധ്യേയുള്ള പ്രദക്ഷിണവഴികളാണിതു്. രണ്ടു വരികളായി നില്ക്കുന്ന തൂണുകളും മുകളിലുള്ള കരിങ്കൽമച്ചും ശില്പകലാവിദഗ്ദ്ധന്മാരുടെ ഉളിപ്രയോഗത്തിൻെറ ആവാസസ്ഥാനമാണു്.

൬. ധ്വജസ്തംഭം—കൊടിമരങ്ങളില്ലാത്ത ക്ഷേത്രങ്ങളിൽ ഉത്സവകാലങ്ങളിലേക്കു് താൽക്കാലികമായവ ഉണ്ടാക്കപ്പെടുന്നു. ഇവ കൂടാതെ പരിശുദ്ധ കർമ്മങ്ങൾക്കു ഉപയോഗിക്കുന്ന കിണറുകൾ, കുളങ്ങൾ, പല കാര്യങ്ങൾക്കുപയോഗിക്കുന്ന പൊക്കം കുറഞ്ഞ കെട്ടിടങ്ങൾ ഇങ്ങിനെ പലതുമുണ്ടു്."

ഇവയൊക്കെ യാഥാർത്ഥ്യങ്ങളാണു്. എന്നാൽ തെളിയിക്കാൻ നിവൃത്തിയില്ലാത്ത സംഗതി ഇന്നു് അവർണ്ണർ എന്ന പേരിലറിയപ്പെടുന്നവർ സ്മൃതികളിലും ആഗമങ്ങളിലും പറയുന്ന ചണ്ഡാളന്മാരാണെന്നുള്ളതു മാത്രമാണു്. ക്ഷേത്ര

ങ്ങളിലെ അച്ചനകളിൽ അനുഷ്ഠിക്കുന്ന പരിശുദ്ധതയ്ക്കു ഭംഗം വരുത്തണമെന്നു തങ്ങൾക്ക് ഉദ്ദേശമില്ലെന്നു പരിഷ്കർത്താക്കൾ വാഗ്ദാനം ചെയ്യുകയും, ശുചിത്വസംബന്ധമായി നിർമ്മിക്കുന്ന കർശനമായ ചട്ടങ്ങൾ അവർണ്ണരും സവർണ്ണരും ഒന്നുപോലെ ആദരിക്കുമെന്ന് ഉറപ്പു പറകയും ചെയ്തു.

ഈ ക്ഷേത്രങ്ങളുടെ ഉത്ഭവം അജ്ഞാതമായിരിക്കുന്നു. എന്നാൽ പ്രധാന ഗവർമ്മെൻറുക്ഷേത്രമായ തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൻെറ കേന്ദ്രഭാഗം അതിലുള്ള ശിലാലേഖനങ്ങളിൽനിന്ന് തീർച്ചയായും ഒരായിരം കൊല്ലത്തെ പഴക്കമുള്ളതാണെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അതിൻെറ ഉത്ഭവത്തെപ്പററിയുള്ള ഐതിഹ്യം ചുവടെ ചേർക്കുന്നു:—

"ഇപ്പോൾ തിരുവനന്തപുരം ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം പഴയകാലത്ത് അനന്തൻകാട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു വനമായിരുന്നു. അക്കാലത്ത് തങ്ങളുടെ കുടിലിനു ചുററുമുള്ള വിശാലമായ വയലുകളിൽ കൃഷി ചെയ്ത് ഉപജീവിച്ചിരുന്ന ഒരു പുലയനും അയാളുടെ ഭാര്യയും ഈ കാട്ടിൽ താമസിച്ചിരുന്നു. ഒരു ദിവസം പുലയന്റെ ഭാര്യ വയലുകളിൽ കള പറിച്ചുകൊണ്ടിരിക്കുന്ന സമയത്ത് ഒരു ശിശുവിൻെറ രോദനം കേൾക്കുകയും, അന്വേഷണത്തിൽ അതൊരു കോമളശിശുവാണെന്നു മനസ്സിലാക്കുകയും ചെയ്തു. എന്നാൽ അതൊരു ദിവ്യശിശുവാണെന്നു കരുതി അതിനെ സ്പർശിക്കുവാൻ ആദ്യം അവൾ മടിച്ചു. എങ്കിലും അവൾ കുളിച്ചു വന്ന് കുട്ടിക്കു മുല കൊടുത്ത് അതിനെ ഒരു വലിയ വൃക്ഷത്തിൻെറ തണലിൽ കൊണ്ടുചെന്നു കിടത്തി. അവൾ പോയിക്കഴിഞ്ഞ ഉടൻ, ആ ശിശു വിഷ്ണുവിൻെറ അവതാരമായിരുന്നതുകൊണ്ട് അഞ്ചു തലകളുള്ള ഒരു സർപ്പം അതിനെ ഒരു വൃക്ഷകോടരത്തിലേക്കു മാററി മീതെ അതിൻെറ ഫണം വിടർത്തി വെയിലിൽനിന്നും സംരക്ഷിച്ചു. അവിടെ വച്ച് പുലയനും ഭാര്യയും ഒരു ചിരട്ടയിൽ പാലും കഞ്ഞിയും ആ ശിശുവിനു നൽകിവന്നു. ഈ വിവരം തിരുവിതാംകൂർ മഹാരാജാവ് അറിയുവാൻ ഇടവരികയും, തിരുമനസ്സുകൊണ്ട്

ഉടൻ അവിടെ ഒരു ക്ഷേത്രം പണിയുവാൻ ആജ്ഞ നൽകുകയും ചെയ്തു."

ഈ ക്ഷേത്രത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള സങ്കല്പചരിത്രത്തിൽ ഒരു പുലയസ്ത്രീ അതിപ്രധാനമായി അവതരിക്കുന്നുണ്ടെങ്കിലും, ഈ അടുത്ത കാലംവരെ മനുഷ്യനെ മാത്രമല്ല ഈശ്വരനെപ്പോലും അവന്റെ നിഴലശുദ്ധപ്പെടുത്തത്തക്കവണ്ണം അത്ര വളരെ അധഃപതിച്ച ഒരു മനുഷ്യനായിട്ടാണ് പുലയനെ കരുതിയിരുന്നതെന്നുള്ളത് വളരെ കൌതുകകരമായ ഒരു കാര്യമാണ്.

ഇനി ആ പ്രസ്ഥാനത്തെക്കുറിച്ചു തന്നെ എനിക്കു ചിലതു പറയേണ്ടിയിരിക്കുന്നു. ഈ പ്രസ്ഥാനം സാവധാനമായി, സുനിശ്ചിതമായി, ശക്തിമത്തായി, തീർന്നതോടുകൂടി ഇംഗ്ലണ്ടിലെ പ്രധാന മന്ത്രിയുടെ വർഗ്ഗീയതീരുമാനത്തിന് എതിരായി ഗാന്ധിജിയുടെ ചരിത്രപ്രസിദ്ധമായ ഉപവാസം തുടങ്ങി. അതിനെത്തുടർന്ന് ഹരിജനങ്ങളുടെ പ്രശ്നത്തിൽ അദ്ദേഹം കൂടുതൽ ശ്രദ്ധ പതിപ്പിക്കയും, ഗാന്ധി-ൽ ൨൧ ദിവസം ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു. വൈയ്ക്കം സത്യഗ്രഹത്തോടും മലബാറിലെ അയിത്തോച്ചാടനപ്രവർത്തനത്തോടും അടുത്തു ബന്ധപ്പെട്ടിരുന്ന ശ്രീയുത് കേളപ്പൻനായർ ഗാന്ധി-ാമാണ്ട് അവസാനത്തിൽ മലബാറിൽ ഗുരുവായൂർക്ഷേത്രം തുറന്നു കിട്ടുന്നതിലേക്ക് ഉപവാസം തുടങ്ങി. പൊതുജനാഭിപ്രായം ആവശ്യമുള്ളിടത്തോളം രൂപവൽക്കരിച്ചിരുന്നില്ലെന്നുള്ളതുകൊണ്ട് അകാലത്തിലുള്ള ഒരു സംരംഭമായി ഗാന്ധിജി ഇതിനെ കരുതുകയും, അതനുസരിച്ച് യർവാദാ ജയിലിലെ ഉപവാസശയ്യയിൽനിന്ന് ഗുരുവായൂർ ക്ഷേത്രത്തിലുള്ള ജനങ്ങളെ പിൻവലിക്കണമെന്നും, ഉപവാസം. നിർത്തിവയ്ക്കണമെന്നും കാണിച്ച് ആജ്ഞാസ്വരത്തിൽ ശ്രീ: കേളപ്പന് കമ്പിയടിക്കുകയും ചെയ്തു. ഈ പ്രസ്ഥാനത്തിലുള്ള താല്പര്യം കൊണ്ടും, ഈ ദുരാചാരത്തെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഏകമാർഗ്ഗമായ അക്രമരാഹിത്യത്തിലുള്ള താല്പര്യംകൊണ്ടുമാണ് അദ്ദേഹം അങ്ങിനെ ചെയ്തത്. "കേളപ്പൻനായരോട് അനുഭാവം പ്രദർശിപ്പിച്ച് അനവധി പരിഷ്കർത്താക്കൾ

ഉപവാസം തുടങ്ങുമെന്നു ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു എന്നും, പരിഷ്കൃത്താക്കൾ അവരുടെ പ്രയത്നഫലം കരഗതമായതായി വിശ്വസിച്ചിരുന്നു എന്നും അദ്ദേഹത്തിന് അറിയാമായിരുന്നു" എങ്കിലും, മേൽ പ്രസ്താവിച്ചിരിക്കുന്ന കാരണങ്ങൾകൊണ്ട് ആജ്ഞാസ്വരത്തിൽ ഉപദേശിക്കുവാൻ അദ്ദേഹം മടിച്ചില്ല. ക്ഷേത്രങ്ങൾ തുറന്നുകൊടുക്കുന്നതിൽ പല ഊരാഴ്മക്കാക്കും ഉണ്ടായിരുന്ന ശക്തിഹീനതയെ ഇല്ലായ്മ ചെയ്യണമെന്നും, അയിത്താചാരത്തെ അംഗീകരിക്കരുതെന്നും, ഉള്ളതിൽ കൂടുതലായി ക്ഷേത്രപ്രവേശനബില്ലിനും അയിത്തോച്ചാടനബില്ലിനും യാതൊരുദ്ദേശവും ഉണ്ടായിരുന്നില്ല. ഹൻസ്നു-ലെ ഗാന്ധിജിയുടെ ൨൧ ദിവസത്തെ ഉപവാസം ആത്മപരിശുദ്ധിക്കുവേണ്ടി ഹിന്ദുമതത്തോടുള്ള ഒരു കാഹളധ്വനി മാത്രമായിരുന്നു.

ഈ സംഭവങ്ങളുടെ ഫലമായി, നാനാഭാഗങ്ങളിലും
രിഷ്കൃത്താക്കൾ അതിതീവ്രമായ പ്രക്ഷോഭണം ആരം
ശ്രീയുത് രാജഗോപാലാചാരിയും ഹരിജനസേവക
ത്തിലെ അംഗങ്ങളും ഗുരുവായൂർ നടത്തിയ ജനഹി
രീക്ഷണം (റെഫറണ്ടം) ഒരു വിലയേറിയ പ്രചാര
യായിരുന്നതുകൊണ്ട്, തിരുവിതാംകൂറിലും താദൃ
പദ്ധതികൾക്ക് അത് വഴി തെളിച്ചു. ഇതിനെത്തുടർ
ന്നവരുടെ പൊതുജനാഭിപ്രായത്തെ ഉണർത്തിക്കൊണ്ടും,
സ്ഥിതിക്കരെ അഭിമുഖമായി നേരിട്ടും, അവരുടെ പരി
ങ്ങളും, ഭത്സനങ്ങളും, ആഭാസപ്രദർശനങ്ങളും, അക്രമങ്ങ
മന്ദഹാസത്തോടും ആഹ്ലാദത്തോടും സ്വീകരിച്ചും, പരിഷ്കൃ
ത്താക്കളുടെ വശത്ത് അക്രമപരമായ വല്ല പ്രവർത്തനങ്ങളുമു
ണ്ടെന്നു സംശയം തോന്നിയാൽ അവരെ തീവ്രമായി ഭത്സി
ച്ചും, ഹിന്ദുമതത്തിൽനിന്നു വേർപെട്ടോ മതംതന്നെ ഉപേ
ക്ഷിച്ചോ പോകുന്നതാണെന്ന്, വിഷമയമായ ശാഖകൾ മുറി
ച്ചുകളയാതെ വൃക്ഷത്തെത്തന്നെ ചുവടെ പിഴുതുകളയുമെന്നു
ശഠിക്കുന്നവരെപ്പോലെ ഭീഷണിപ്പെടുത്തുന്നവരുമായി യുക്തി
വാദം ചെയ്തുകൊണ്ടും, ഗാന്ധിജി ഭാരതമൊട്ടുക്ക് ഹരിജന
ങ്ങൾക്കുവേണ്ടിയുള്ള ഒരു സഞ്ചാരം നടത്തി. ഹരിജനങ്ങൾക്കു
വേണ്ടിയുള്ള ഈ തിരുവിതാംകൂർയാത്രയിലാണ് എല്ലാ
പബ്ലിക്ക്റോഡുകളും കിണറുകളും സത്രങ്ങളും എല്ലാ ജന

വിഭാഗങ്ങൾക്കും തുറന്നുകൊടുത്തുകൊണ്ടു് ഗവമ്മെൻറു് ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചതെന്നു നാം മുൻപു് കണ്ടുവല്ലോ. അയിത്താചാരം യാതൊരു രൂപത്തിലും ഗവമ്മെൻറു് അംഗീകരിക്കരുതെന്നുള്ളതിൽ കൂടുതലായോ കുറവായോ ഒന്നും തന്നെ ഗാന്ധിജി ആവശ്യപ്പെട്ടില്ല. തിരുവിതാംകൂറിൽ ചെയ്ത എല്ലാ പ്രസംഗങ്ങളിലും ഇതിനുവേണ്ടി അദ്ദേഹം ഗവമ്മെൻറിനോടു് ഹൃദയംഗമമായി പ്രാർത്ഥിക്കുകയാണു ചെയ്തതു്.

ഇതിനിടയ്ക്കു് ഗവമ്മെന്റു് മൂന്നു പ്രസിദ്ധരായ പരിഷ്കർത്താക്കളും, രണ്ടു അവർണ്ണരും ഉൾപ്പടെ ഒൻപതു് അംഗങ്ങൾ അടങ്ങിയ ഒരു ക്ഷേത്രപ്രവേശനകമ്മിററി നിയമിച്ചു. ഈ കമ്മിററി ഒട്ടു വളരെ പരിശ്രമങ്ങളുടേയും ഗവേഷണങ്ങളുടേയും ഫലമായി അനവധി സാക്ഷികളെ വിസ്തരിച്ചു് ഫൻമ്പര്ദ്ദാനുവരിയിൽ വിജ്ഞാനപ്രദമായ ഒരു തടിച്ച റിപ്പോർട്ടു് [illegible]ിദ്ധം ചെയ്തു. ഇതിൻെറ അല്പപക്ഷറിപ്പോർട്ടിൽ ഒപ്പു [illegible]ണ്ടംഗങ്ങളായ ശ്രീയുത് സി. കെ. പരമേശ്വരൻ [illegible]ം, എം. ഗോവിന്ദനും, ക്ഷേത്രങ്ങൾ ഉടൻ തുറന്നു [illegible]ന്നുമെന്നു ശുപാർശ ചെയ്തിരുന്നു. എന്നാൽ ഭൂരിപക്ഷ [illegible]രകൾ, പരിഷ്കാരത്തിനു അനുകൂലമായി ലഭിച്ചി [illegible]ത്യധികമായ തെളിവുകളെ പ്രതിഫലിപ്പിച്ചില്ലെന്നു [illegible]ം, അതു് അതിസൂക്ഷ്മമായ രക്ഷാവ്യവസ്ഥകളോടുകൂടി [illegible]മ പുരോഗമനം ചെയ്യാവു എന്നു സൂചിപ്പിക്കുകയും ചെയ്തു. എങ്കിലും കമ്മിററിയുടെ നിയമനവും അവരുടെ [illegible]ത്നവും പരിഷ്കാരോന്മുഖമായ മാർഗ്ഗത്തിലുള്ള ഒരു തെളിഞ്ഞ പടിയായിരുന്നു. അവർ ൨൪ പ്രധാന സ്ഥലങ്ങളിൽവച്ചു സാക്ഷികളെ വിസ്തരിക്കുകയും, മൂവ്വായിരത്തിഒരുന്നൂററിഇരുപത്തിരണ്ടു് ജനങ്ങളുടെ പക്കൽനിന്നു സുദീർഘമായ ഒരു പ്രശ്നാവലിക്കു് ഉത്തരങ്ങൾ വരുത്തുകയും ചെയ്തു. ഇവയിൽ അധികവും ക്ഷേത്രപ്രവേശനത്തിനു് അനുകൂലമായിരുന്നു. വിസ്തരിച്ച ൩൨൪ സവർണ്ണരിൽ ൨൩൮ പേരും ക്ഷേത്രപ്രവേശനാനുകൂലികളായിരുന്നു. ൨൨ സ്ത്രീകളുടെ മൊഴി രേഖപ്പെടുത്തിയതിൽ ൨൨ പേരും ക്ഷേത്രപ്രവേശനത്തിനു് അനുകൂലമായി മൊഴി കൊടുത്തു. "ക്ഷേത്രപ്രവേശനത്തിനു് അനുകൂലമായി സവർണ്ണരുടെ ഇടയിൽ ശക്തിയേറിയ അഭിപ്രായമുണ്ടെ"ന്നു

കമ്മിററി രേഖപ്പെടുത്തി. ഇതെല്ലാം ജനങ്ങൾക്കു നല്ല ശിക്ഷണമായിരുന്നു.

ഇതിനുശേഷം നാസിക്ക് ഡിസ്ട്രിക്ററിൽ കൂടിയ ഒരു ഹരിജനസമ്മേളനത്തിൽ വച്ച് ഡാക്ടർ അംബഡ്ക്കർ ഹരിജനങ്ങൾ ഹിന്ദുമതത്തിന്റെ പിടിയിൽനിന്നു പുറത്തുപോകണമെന്ന് അനുശാസിക്കുകയും, അതിനെത്തുടന്ന് വിവിധ ഹൈന്ദവേതര മിഷനറിസംഘടനകൾ മതത്യാഗസന്നദ്ധത പ്രദർശിപ്പിച്ച ജനങ്ങളെ അവകാശപ്പെട്ടുകൊണ്ട് അവരുടെ മതങ്ങളിലേക്ക് അവരെ പിടിച്ചുവലിക്കയും ചെയ്തു. അംബഡ്ക്കരുടെ പ്രസ്താവന അതുദ്ദേശിച്ചുവണ്ണം ഹരിജനോദ്ധാരണത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നവരെ വൈദ്യുതശക്തികൊണ്ടെന്നപോലെ നടുക്കുകയും, തങ്ങൾക്കു ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നുള്ള അവർണ്ണരുടെ മുറവിളി വർദ്ധിപ്പിക്കുകയും ചെയ്തു. ഫൻസ്സ ജാനുവരി ആദ്യം കൂടിയ ഹരിജനസേവകസംഘത്തിൽവച്ച് കേരളപ്രാദേശികബോർഡിന്റെ ഊർജ്ജസ്വലനായ സിക്രട്ടറി ശ്രീ: ജി. രാമചന്ദ്രൻ തിരുവിതാംകൂറിൽ സുഘടിതമായ ക്ഷേത്രപ്രവേശനപ്രക്ഷോഭണം കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകതയെ വ്യക്തമാക്കുകയും, ബോർഡിന്റെ അദ്ധ്യക്ഷനും തിരുവിതാംകൂർ ഹൈക്കോടതിയിലെ ജഡ്ജിയുദ്യോഗത്തിൽനിന്നു വിരമിച്ച ആളുമായ ശ്രീ: സി. കെ. പരമേശ്വരൻപിള്ള, ഒരു ഈഴവനേതാവും ഡിസ്ട്രിക്ററ് ജഡ്ജിയുദ്യോഗത്തിൽനിന്നു പെൻഷ്യൻ പററിയ ആളുമായ മി. എം. ഗോവിന്ദൻ എന്നീ തഴക്കമുള്ള ഹരിജനപ്രവർത്തനനേതാക്കന്മാർ ഇതിനെ പിന്താങ്ങുകയും ചെയ്തു. ഹരിജനസേവകസംഘം സെൻട്രൽബോർഡ് ഈ പ്രമേയം സ്വീകരിച്ച്, ഹരിജനങ്ങൾക്കു ക്ഷേത്രപ്രവേശനം ലഭിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തണമെന്നും, അതിലേക്കു വേണ്ട പ്രക്ഷോഭണത്തിന് ൧൦൦ രൂപ അനുവദിക്കണമെന്നും, ഗാന്ധിജിയുടെ ആലോചനയോടുകൂടി ആവശ്യമെന്നു തോന്നുന്ന നടപടികൾ നടത്തുവാൻ ശ്രീ: ജി. രാമചന്ദ്രനെ അധികാരപ്പെടുത്തിയിരിക്കുന്നു എന്നും തീരുമാനിച്ചു. തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ സവർണ്ണർക്കുള്ള തുല്യാവകാശങ്ങളോടുകൂടി ഹരിജനങ്ങൾക്കു തുറന്നുകൊടുക്കണമെന്നാണ് സവർണ്ണഭൂരി

പക്ഷത്തിന്റെ സുനിശ്ചിതമായ അഭിപ്രായമെന്ന് സൂക്ഷ്മമായ ഒരു ജനസമ്മതിപരീക്ഷണം മൂലമോ, അല്ലെങ്കിൽ, തത്തുല്യമായ മററു മാർഗ്ഗങ്ങളിലൂടയോ വ്യക്തമാക്കണമെന്ന് ഗാന്ധിജി നിർദ്ദേശിച്ചു.

ഹരിജനസേവകസംഘത്തിന്റെ കേരളപ്രാദേശിക ബോർഡ് ഫൻനുന്ന മേയ് ൻ–ം ഫാ–ം തീയതികളിൽ തിരുവനന്തപുരത്തു വച്ച് ശ്രീമതി രാമേശ്വരി നെഹറുവിന്റെ അദ്ധ്യക്ഷതയിൽ ഒരു അഖിലകേരളക്ഷേത്രപ്രവേശസമ്മേളനം വിളിച്ചുകൂട്ടി. ഇത് ഈ സംസ്ഥാനത്തു കൂടിയിട്ടുള്ള ക്ഷേത്രപ്രവേശനസമ്മേളനങ്ങളിൽ ഏററവും മികച്ച ഒന്നായിരുന്നു. ശ്രീയുത് കേളപ്പൻ ആയിരുന്നു പ്രധാന പ്രമേയം അവതരിപ്പിച്ചത്. ഈ സമ്മേളനം, ഗവമ്മെൻറധീനത്തിലുള്ള എല്ലാ ക്ഷേത്രങ്ങളും ഉടൻ പൂർണ്ണമായും നിരുപാധികമായും ഹരിജനങ്ങൾക്കു തുറന്നുകൊടുക്കണമെന്ന് തിരുവിതാംകൂർ ഗവമ്മെൻറിനോട് അഭ്യർത്ഥിക്കുകയും, തിരുവിതാംകൂർമഹാരാജാവു തിരുമനസ്സിനെ മുഖംകാണിച്ച് ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നു പ്രാർത്ഥിച്ചുകൊണ്ട് അനവധി സഹസ്രം സവർണ്ണർ ഒപ്പിട്ടിട്ടുള്ള ഒരു മെമ്മോറിയൽ സമർപ്പിക്കുവാൻ ഒരു പ്രതിനിധിസംഘത്തെ നിയമിക്കുകയും ചെയ്തു. ഇതിനെത്തുടന്ന് രണ്ടുകൊല്ലത്തിലധികം കാലമായി ഈ ശ്രമങ്ങളിൽ ഏർപ്പെട്ടിരുന്ന ഹരിജനസേവകസംഘപ്രവർത്തകന്മാർ വായുവേഗതയോടുകൂടിയ ഒരു പ്രചരണം നടത്തി, മഹാരാജാവുതിരുമനസ്സിലേയ്ക്ക് സമർപ്പിക്കുവാനുള്ള മെമ്മോറിയലിൽ ക്ഷേത്രസന്ദർശകരായ കഴിവുള്ളിടത്തോളം പ്രായപൂർത്തിവന്ന ജനങ്ങളുടെ ഒപ്പുകൾ ശേഖരിച്ചും ഭജനപാർട്ടികൾ സംഘടിപ്പിച്ചും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ സംഘംചേർന്നു സഞ്ചരിച്ചും, പൊതുജനാഭിപ്രായം രൂപവൽക്കരിച്ചു. ശ്രീമാന്മാരായ എം. ഗോവിന്ദൻ, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, കെ. പി. നീലകണ്ഠപ്പിള്ള, വി. അച്ചുതമേനവൻ, ദാമോദരമേനവൻ, ജി. രാമചന്ദ്രൻ എന്നിവരടങ്ങിയ കേരളഹരിജനസംഘം നിയോഗിച്ച ഒരു ഡപ്യൂട്ടേഷൻ തിരുവിതാംകൂർ ഒട്ടുക്ക് ചുററിസ്സഞ്ചരിച്ചു. അകൃത്രിമമായ ഉത്സാഹത്തോടുകൂടി ജനങ്ങൾ ഈ ശ്രമം ഏറെറടുത്തു.

എല്ലാസ്ഥലത്തും വൻപിച്ച പൊതുയോഗങ്ങൾ നടത്തുകയും, സത്യഗ്രഹികളുടെ സംഘങ്ങൾക്കു പോയിടത്തെല്ലാം ജനങ്ങൾ ഹൃദയംഗമമായ സ്വാഗതം അരുളുകയും ചെയ്തു. പ്രാദേശികസിക്രട്ടറിയുടെ റിപ്പോർട്ട് ഇവിടെ ഉദ്ധരിച്ച് ഇതു കൂടുതൽ വിശദമാക്കിക്കൊള്ളട്ടെ.

"ഈ സംസ്ഥാനത്ത് എല്ലായിടങ്ങളിലും പൊതുയോഗങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഉത്തരഭാഗത്തുള്ള മലബാർ ഡിസ്ട്രിക്ടിലും കാര്യങ്ങൾ ഭംഗിയായി നടക്കുന്നു. കൊച്ചീരാജ്യം വളരെ സാവധാനമായി മാത്രമേ പുരോഗമനം ചെയ്യുന്നുള്ളൂ. ഹരിജനങ്ങൾക്കു ക്ഷേത്രപ്രവേശനം അനുവദിക്കുന്ന വിഷയത്തിൽ ഗുരുവായൂർ ക്ഷേത്രപ്രവേശനസത്യഗ്രഹകാലത്തുപോലും പ്രതികൂലാഭിപ്രായം പുറപ്പെടുവിച്ച യാഥാസ്ഥിതികർ കൂടിയും ഇപ്പോൾ ക്ഷേത്രപ്രവേശനമെന്നോർമ്മിക്കുവാൻ പൂർണ്ണസമ്മതത്തോടുകൂടി ഒപ്പുവയ്ക്കുന്നു. തിരുവിതാംകൂറിൽ അഭൂതപൂർവ്വമായ ഉത്സാഹം കാണുന്നു എന്ന് മദ്ധ്യതിരുവിതാംകൂറിൽ സഞ്ചരിച്ച ഹൈക്കോടതി വക്കീൽ ശ്രീയുത് വി. അച്ചുതമേനവൻ ബി. എ. ബി. എൽ. റിപ്പോർട്ടു ചെയ്തിരിക്കുന്നു. ൯ ലക്ഷം ഒപ്പുകൾ കൊള്ളിക്കാവുന്ന ൨൦൦൦ ഫാറങ്ങൾ ഈ സംസ്ഥാനത്തു വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഈഴവരുടെ ഇടയിൽ ക്രിസ്തുമതത്തിലേയ്ക്കുള്ള പരിവർത്തന പ്രസ്ഥാനം പ്രബലപ്പെട്ടിരുന്ന മദ്ധ്യതിരുവിതാംകൂറിലെ ഈഴവവർഗ്ഗത്തിൽ പെട്ട സാമാന്യജനങ്ങളുടെ ഇടയിൽ നമ്മുടെ പ്രവർത്തനങ്ങളുടെ ആത്മാർത്ഥതയിൽ വിശ്വാസം ജനിക്കുകയും അതിന്റെ ഫലമായി മതപരിവർത്തനപ്രസ്ഥാനം നാശോന്മുഖമായിത്തീരുകയും ചെയ്തുതുടങ്ങിയിട്ടുണ്ടെന്ന് ശ്രീയുത് അച്ചുതമേനോൻ തുടർന്ന് റിപ്പോർട്ടു ചെയ്തിരിക്കുന്നു. ഇതിനെക്കുറിച്ചു കൂടുതൽ വിശ്വസനീയമായ തെളിവുകൾ മററു മാർഗ്ഗങ്ങളിൽ നിന്നു കിട്ടിയിട്ടുണ്ട്. ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്തിനനുകൂലമായി എണ്ണക്കാട്ടു വലിയരാജാ അവർകളുടെ അഭിപ്രായമാററവും, രാജാവും ശ്രീയുത് പാണ്ഡവത്ത് ശങ്കരപ്പിള്ളയും, കുമാരും മദ്ധ്യതിരുവിതാംകൂറിൽ ചെയ്യുന്ന പ്രചരണജോലികളും നല്ല ഫലങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ശ്രീയുത് കെ. കേശവക്കുറുപ്പിന്റെ അദ്ധ്യക്ഷതയിലുള്ള പന്തളം കമ്മിററി ക്ഷേത്രപ്രവേശനം അനുവ

ദീക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മഹാരാജാവു തിരുമനസ്സിലേയ്ക്കു സമർപ്പിക്കുവാനുള്ള നമ്മുടെ മെമ്മോറിയലിൽ സവർണ്ണരുടെ ഒപ്പുകൾ ശേഖരിക്കുന്ന വിഷയത്തിൽ മുന്നിട്ടു നില്ക്കുന്നു. സംഘടിതമായ രീതിയിൽ ഒപ്പുശേഖരണം എല്ലാ കമ്മിററികളും ഇതുവരെ തുടങ്ങിയിട്ടില്ല. ഒന്നു രണ്ടു കമ്മിററികൾ അലസത കാണിച്ചിട്ടുണ്ട്. അവിടെയും ശക്തിമത്തായ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനു വേണ്ട ഏർപ്പാട് ചെയ്തു വരുന്നു. ഒപ്പുശേഖരണജോലി ഏകദേശം സംഘടിതമായി വരുന്നു എന്നു പറയുവാനേ നിവൃത്തിയുള്ളൂ. ഇപ്പോൾ ഞങ്ങളുടെ ശ്രദ്ധ പരിപൂർണ്ണമായി കേന്ദ്രീകരിച്ചിരിക്കുന്നതു് ഈ വിഷയത്തിലാണ്. ഈ ജോലി ഈ ആഴ്ചയിൽ എല്ലാ സ്ഥലത്തും കൂടുതൽ ഭംഗിയായി സംഘടിപ്പിക്കുന്നതാണ്. മദ്ധ്യതിരുവിതാംകൂറിലെന്നപോലെ ഗുരുവായൂർ ക്ഷേത്രപ്രവേശനസത്യഗ്രഹകാലത്തു് ശക്തിയായി പ്രതികൂലിച്ചുനിന്ന പലരും ഇപ്പോൾ മാനസാന്തരപ്പെട്ട് സഹായദാനം ചെയ്യുവാൻ സമ്മതിക്കുന്നുണ്ടെന്ന് ഡാക്ടർ എം. ഇ. നായിഡുവിൻെറ തെക്കൻതിരുവിതാംകൂറിനെപ്പററിയുള്ള റിപ്പോർട്ടുകളിൽ പറയുന്നു."

യോഗങ്ങളിലും മഹാസമ്മേളനങ്ങളിലും വച്ച് ഈ പ്രസ്ഥാനത്തിൻെറ ഉദ്ദേശം വിശദീകരിച്ചതിനുശേഷം അനവധി സഹസ്രം ജനങ്ങളുടെ ഒപ്പുകൾ ശേഖരിച്ചതുതന്നെ ശക്തിയുക്തമായ ഒരു പ്രചരണമായിരുന്നു. ഈഴവരുടെ ഇടയിലുള്ള സാമാന്യജനങ്ങളുടെ വിശ്വാസം വർദ്ധിച്ചുവരുന്നു. ചില ഈഴവനേതാക്കന്മാർ സ്വാധീനശക്തി പ്രയോഗിച്ച് അവരുടെ ഇടയിലുള്ള ചില യുവാക്കന്മാരുടെ കാടുകയറിയ സംഭാഷണങ്ങളെ നിയന്ത്രിക്കയും, അല്പംകൂടി ക്ഷമ പരിശീലിക്കണമെന്ന് അവരോട് അപേക്ഷിക്കുകയും ചെയ്തു. 'ഹിന്ദു'പത്രത്തിൻെറ പത്രപംക്തികളിൽ പ്രസിദ്ധം ചെയ്തിരുന്ന താഴെ ചേർത്തിട്ടുള്ള അഭ്യർത്ഥന ആകർഷണീയമായ ഭാഷയിൽ എഴുതിയിട്ടുള്ളതായിരുന്നു.

"നമ്മുടെ ഇടയിലും വീരപുരുഷന്മാരുണ്ട്....ഒരീഴവൻ മററൊരാളെക്കാളും കൂടുതൽ മഹത്വമുണ്ടെന്നു വിശ്വസിക്കുന്ന ദിവ്യശ്രീ ശ്രീനാരായണഗുരു ഒരു സുസമ്മതനായ

ഹിന്ദുവായിരുന്നു. ഏകദൈവം, ഏകമതം, ഏകജാതി എന്നുള്ള അദ്ദേഹത്തിന്റെ ഉപദേശം ഹൈന്ദവതത്ത്വജ്ഞാനത്തിന്റെ ഏററവും ഉൽകൃഷ്ടമായ സിദ്ധാന്തമാകുന്നു. മഹാകവി കുമാരനാശാൻ ഹിന്ദുവായി ജീവിച്ച് ഹിന്ദുവായിത്തന്നെ മരിച്ചു. അയിത്തോച്ചാടനപ്രക്ഷോഭണത്തിന്റെ നേതൃത്വം വഹിച്ച് ആ പ്രസ്ഥാനത്തിൽ ഇൻഡ്യയൊട്ടുക്ക് മററുള്ളവക്ക് മാർഗ്ഗദർശിയായി നിന്ന ടി. കെ. മാധവൻ ഹിന്ദുസമുദായത്തെ പരിഷ്കരിക്കുന്നതിനു വേണ്ടി തന്റെ ജീവിതം വിനിയോഗിച്ചു. അദ്ദേഹവും ഒരു ഹിന്ദുവായിരുന്നു. ഇപ്പോൾ നാം നമ്മുടെ ഈ വീരപുരുഷന്മാരുടെ മതം ഉപേക്ഷിക്കയാണെങ്കിൽ, അവരുടെ ആത്മാവ് അവരുടെ ശവക്കുഴിയിൽ അസ്വസ്ഥമായിത്തീരുകയും, വിരൽ ചൂണ്ടി കുററപ്പെടുത്തി അവർ നമ്മെ ദ്രോഹികളെന്നു വിളിക്കുകയും ചെയ്യും. ഐകമത്യം, സംഘടന എന്നിവകൊണ്ട് തിരുവിതാംകൂറിലെ ഈഴവസമുദായം മററു സമുദായങ്ങൾക്ക് ആദർശപരവും, അസൂയാജനകവുമായ നിലയിൽ ഇന്ന് എത്തിച്ചേർന്നിട്ടുണ്ട്. മതപരിവർത്തനകാര്യത്തിൽ അഭിപ്രായഭിന്നതകളും ഛിദ്രങ്ങളും ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഈ പ്രശ്നം അതിന്റെ പരമാവധിയിലേയ്ക്കു കൊണ്ടുവരുന്ന ദിവസം സംഘടിതമായ ഒരു മഹാസമുദായത്തിന്റെ മരണമണിമുഴക്കം കേൾക്കാം." എല്ലാററിലും ഉപരിയായി "നമുക്കു പരിചയമില്ലാത്ത ആ കഷ്ടതകളുടെ സമീപത്തേയ്ക്കു പറക്കുന്നതിനെക്കാൾ നമുക്കുള്ള അവശതകൾ സഹിക്കയാണു ഭേദ"മെന്നും ഈ ലേഖകൻ ആ സമുദായത്തെ ഉൽബോധിപ്പിക്കുകയും ചെയ്തു.

ഫർന്നന്ന ഏപ്രിൽമാസത്തിൽ അഖിലകേരളക്ഷേത്രപ്രവേശനസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കുവാൻ തിരുവിതാംകൂറിലേക്കു പോയിരുന്ന ശ്രീമതി രാമേശ്വരിനെഹ്റു രാജ്യമൊട്ടുക്ക് അതിവിസ്തൃതമായ ഒരു സഞ്ചാരം നടത്തി. അവർ പോയ സ്ഥലങ്ങളിലെല്ലാം ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനമനുവദിക്കുന്നതിൽ വിപരീതപക്ഷക്കാരുണ്ടോ എന്ന് സദസ്യരോടു വിളിച്ചുചോദിച്ചുകൊണ്ടിരുന്നു എങ്കിലും, ഒരൊററ ആളുപോലും അതിനു വിപരീതമായി കയ്യുയർത്തിയില്ല. ഹരിജനങ്ങളും സവർണ്ണരും സമ്മിശ്രമായി ഇടകലർന്ന

ഭജനസംഘങ്ങൾ ഭക്തിദ്യോതകങ്ങളായ ഗാനങ്ങൾ പാടിക്കൊണ്ടു് പല സ്ഥലങ്ങളിലും അവക്കു് സ്വാഗതമരുളി. അവരെ ഒരു നോക്കു കാണുന്നതിനും, അഭിവാദനം ചെയ്യുന്നതിനും, അവരുടെ കർമ്മപരിപാടിക്കു് മംഗളമാശംസിക്കുന്നതിനും, ജനങ്ങൾ സംഘം ചേർന്നു് അവരുടെ കാർ കടന്നുപോകുന്ന റോഡുകളിൽ മൈലുകൾ നീളത്തിൽ അണിനിരന്നു നിന്നിരുന്നു. നായർ, നമ്പൂതിരി, ഈഴവർ, ഹരിജനങ്ങൾ എന്നീ സമുദായങ്ങളിൽപെട്ട അനവധി സഹസ്രം സ്ത്രീജനങ്ങൾ അവർ പ്രസംഗിച്ച മഹായോഗങ്ങളിൽ സന്ധിച്ചിരുന്നു. ഈഴവസ്ത്രീകൾ അവക്കു് മംഗളപത്രങ്ങൾ കൊടുത്തു. "ഹിന്ദുമതത്തിൽനിന്നു പുറത്തു പോകണമെന്നു വിചാരിക്കുന്ന അനവധി ഈഴവർ ഉണ്ടെന്നു് എനിക്കറിയാം. എന്നാൽ നിങ്ങൾ, സ്ത്രീകൾ, ഹിന്ദുമതത്തോടു ഭക്തി പ്രദർശിപ്പിക്കുകയും അതിനെ പരിശുദ്ധമാക്കുവാൻ സഹായിക്കുകയും ചെയ്താൽ പുരുഷന്മാക്കു് എങ്ങിനെ മതം മാറുവാൻ കഴിയും?" ഇങ്ങനെ ശ്രീമതി രാമേശ്വരിനെഹ്റു അവരോടു പ്രസംഗിച്ചു. ഒരു യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ച ഒരു ബഹുമാന്യനമ്പൂരി വനിതയായ ശ്രീമതി ദേവകിഅന്തർജ്ജനം ഇങ്ങിനെ പറഞ്ഞു:—

"എന്റെ ഗൃഹത്തിന്റെ നാലു ഭിത്തികൾക്കുള്ളിൽ വളരെ നിയന്ത്രണമനുഭവിച്ചു് വളരെക്കാലം ജീവിച്ച ഒരു നമ്പൂരിസ്ത്രീയാണു് ഞാൻ. വളരെ പ്രാചീനമായ ഒരു നമ്പൂരികുടുംബത്തിലാണു് എന്റെ ജനനം. ഹരിജനങ്ങളുടെ ക്ഷേത്രപ്രവേശനത്തിനായുള്ള പ്രവർത്തനങ്ങളിൽ നിങ്ങളുടെ സഹായം അഭ്യർത്ഥിക്കുവാനാണു് ഞാൻ ഇവിടെ നില്ക്കുന്നതു്. ഹരിജനങ്ങൾ ഹിന്ദുക്കളും നമ്മോടു രക്തബന്ധമുള്ള സഹോദരന്മാരും സഹോദരിമാരുമാണെന്നു് എനിക്കു പൂർണ്ണവിശ്വാസമുള്ളതുകൊണ്ടാണു് ഞാനങ്ങിനെ ചെയ്യുന്നതു്. നമുക്കു് അവരെ നമ്മുടെ ക്ഷേത്രങ്ങളിലും ഗൃഹങ്ങളിലും ക്ഷണിച്ചു വരുത്തി സമത്വവും സാഹോദര്യവും നൽകാമെന്നു് ഉറപ്പു കൊടുക്കാം." മദ്ധ്യതിരുവിതാംകൂറിൽ മുട്ടം എന്ന സ്ഥലത്തു് പരേതനായ ടി. കെ. മാധവന്റെ സ്മാരകമായി നാമകരണം ചെയ്തിട്ടുള്ള മാധവനഗരത്തിൽ വച്ചു് സർവ്വസമുദായമൈത്രിയുടെ ചിഹ്നമായി ഒരു വെള്ളത്തു കൊടി ഉയർത്തണമെന്നു

സ്വാഗതമരുളിയ ബഹുസഹസ്രം ഈഴവർ ശ്രീമതി രാമേശ്വരിനെഹ്റുവിനോട് അപേക്ഷിച്ചു. അവിടെ ചെയ്ത പ്രസംഗത്തിൽ അവർ ഈഴവരുടെ മതപരിവർത്തനപ്രശ്നത്തെക്കുറിച്ച് പ്രസ്താവിക്കുകയും നേരിട്ട് സ്ത്രീസഹജമായ രീതിയിൽ അവരോട് ഇങ്ങിനെ അഭ്യർത്ഥിക്കുകയും ചെയ്തു.

"ഈഴവരെ ഒരു മതത്തിലല്ലെങ്കിൽ മറെറാരു മതത്തിലേയ്ക്കു പരിവർത്തനം ചെയ്യാമെന്നുള്ള ഉദ്ദേശത്തോടെ എല്ലാ മതങ്ങളിലേയും മിഷനറിമാർ തിരുവിതാംകൂറിലേക്ക് ഇരച്ചുകയറുന്നതു കണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു. ഇതു വളരെ ദുഃഖകരവും ലജ്ജാകരവുമായ ഒരു കാഴ്ചയാണ്. അവക്ക് ചാടിവീണ് ആഹരിക്കുവാൻ മാത്രമുള്ള ഇരകളാണ് ഈഴവരെന്നപോലെ ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്ന് ഇത്ര വളരെ മിഷനറിമാർ എന്തിനാണ് തിരുവിതാംകൂറിൽ വരുന്നത്? ഈഴവർ അവരുടെ വിവിധമതങ്ങളിലേക്ക് പരിവർത്തനം ചെയ്യുകയാണെങ്കിൽ അവരുടെ അഭ്യുന്നതിക്കുവേണ്ടി സകലതും ചെയ്തുകൊള്ളാമെന്നും, വിവിധവർഗ്ഗങ്ങളുടെ നേതൃത്വം തന്നെ അവക്കു കൊടുത്തുകൊള്ളാമെന്നും കാണിച്ച് ഉത്തരഇൻഡ്യയിലെ ഇതരസമുദായങ്ങളിൽപെട്ട ചില മിഷനറിമാർ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നതായി ഇന്നു പത്രങ്ങളിൽ ഞാൻ കാണുകയുണ്ടായി. ഇതു് മതഭക്തരായ ജനങ്ങൾക്ക് യോജിച്ചതല്ലാത്ത ഒരു വിപുലമായ വാഗ്ദാനമാണ്. ഇങ്ങനെ ഒരു വാഗ്ദാനം നിറവേററുവാൻ ആർക്കു കഴിയും? ഇത്തരം വാഗ്ദാനങ്ങൾ ഇതിനു മുൻപ് ഒരിക്കലും പരിപാലിക്കപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, ഭാവിയിൽ അവ നല്കിയിട്ടുള്ള രീതിയിൽ പരിപാലിക്കപ്പെടുവാൻ സാദ്ധ്യമല്ലെന്നും ഞാൻ തീർത്തുപറയാം. ക്രിസ്ത്യാനികളുടെ ഇടയിൽപോലും വർഗ്ഗീയമായ അസമത്വങ്ങളും തൊട്ടീലാചാരവും ഉണ്ടെന്നാണ് എന്റെ അറിവ്. പഞ്ചാബിൽ ഒരു മതത്തിലേക്ക് അല്ലെങ്കിൽ മറെറാരു മതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ള ഹരിജനങ്ങൾ ഇപ്പോഴും ഒരു പ്രത്യേക വർഗ്ഗമായിത്തന്നെ സ്ഥിതിചെയ്യുന്നു. നിങ്ങൾ ഹിന്ദുമതഭക്തരായിത്തന്നെ സ്ഥിതിചെയ്യുമെന്ന് ഉറപ്പു തന്നാലും, എനിക്ക് ഇത്ര വലിയ വാഗ്ദാനമൊന്നും തരുവാൻ നിവൃത്തി

യില്ല. കഴിഞ്ഞ കാര്യങ്ങളെക്കുറിച്ചു ഹൃദയവേദനയുണ്ടാക്കുന്ന പശ്ചാത്താപവും, ഭാവിയിൽ ഞങ്ങളുടെ അക്ഷീണമായ സേവനവും മാത്രമേ എനിക്കു വാഗ്ദാനം ചെയ്യുവാൻ കഴിയുകയുള്ളു. ഇതു നിങ്ങളെ തൃപ്തിപ്പെടുത്തുമെങ്കിൽ, എല്ലാം ഭംഗിയായി പര്യവസാനിക്കും. ഇതു നിങ്ങളെ തൃപ്തിപ്പെടുത്തുന്നില്ലെങ്കിൽ, മററു യാതൊരു പ്രലോഭനങ്ങളും അപ്പിക്കുവാൻ എനിക്കില്ല. എന്നാൽ ഈഴവരും ഹരിജനങ്ങളും ഞങ്ങളെ ഉപേക്ഷിച്ചുപോയാലും ഞങ്ങളോടുകൂടി യോജിച്ചുനിന്നാലും, ഹിന്ദുമതത്തേയും ഹിന്ദുസമുദായത്തേയും പരിശുദ്ധപ്പെടുത്തുവാനും, തൊട്ടീലാചാരം തുടങ്ങിയ തിന്മകളേയും ഉച്ചനീചത്വം തുടങ്ങിയ അസമത്വങ്ങളേയും ബഹിഷ്കരിക്കുവാനും ഉള്ള പാവനമായ കർത്തവ്യങ്ങൾ ഞങ്ങൾ തുടർന്നുകൊണ്ടു പോവുകതന്നെ ചെയ്യും."

ഇതിനു ശേഷം ജനറൽ സിക്രട്ടറി താക്കർ ബാപ്പാ തിരുവിതാംകൂർ ഒട്ടുക്കു ചുററിസഞ്ചരിച്ചു. അനന്തരം സംഘാദ്ധ്യക്ഷൻ ശ്രീയുത് ഘനശ്യാമദാസ് ബർളാ പല സ്ഥലങ്ങളും സന്ദർശിക്കുകയും തിരുവനന്തപുരത്ത് ധാരാളം പ്രാതിനിധ്യമുള്ള ഒരു യോഗത്തിൽ പ്രസംഗിക്കുകയും ചെയ്തുകൂടാതെ, മഹാറാണിയേയും മഹാരാജാവിനേയും മുഖംകാണിച്ച് പരിഷ്കാരം നടപ്പിൽ വരുത്തുന്നതിന് അധികം കാലതാമസം വരുത്തുകയില്ലെന്ന് സ്നേഹപൂർവ്വമായ ഒരു ഉറപ്പു വാങ്ങിക്കയും ചെയ്തു. അഖിലകേരളക്ഷേത്രപ്രവേശനസമ്മേളനം നിയമിച്ച ഡപ്യൂട്ടേഷൻ നവംബർ ൩-ാംനു ദിവാൻ സർ സി. പി. രാമസ്വാമിഅയ്യരെ സന്ദർശിച്ച് പരിപൂർണ്ണമായും നിരുപാധികമായും ഉടൻ ക്ഷേത്രങ്ങൾ ഹരിജനങ്ങൾക്കു തുറന്നുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നതും, തിരുവിതാംകൂറിലെ ൩൦൭൨ സവർണ്ണർ ഒപ്പിട്ടിട്ടുള്ളതുമായ മെമ്മോറിയൽ സമർപ്പിച്ചു.

നവംബർ ൧൨-ാംനു തിരുവിതാംകൂർ ഗവർണ്മെന്റ് പുറപ്പെടുവിച്ച താഴെക്കൊടുത്തിട്ടുള്ള വിളംബരത്തുപത്തിലാണ് ഈ പരിഷ്കാരം നടപ്പിൽ വന്നത്.

"നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോദ്ധ്യപ്പെട്ടും, ആയതു് ദൈവീകമായ

അനുശാസനത്തിലും, സർവ്വവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ചും, അതിന്റെ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളായി കാലുചുമിക്കുന്നതിന് അനുയോജിച്ചു പോന്നുവെന്നു ധരിച്ചും, നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കുംതന്നെ, അവരുടെ ജനനമോ, ജാതിയോ, സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും, സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉൽക്കണ്ഠയിലും, നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നതെന്തെന്നാൽ, സമുചിതപരിതസ്ഥിതികൾ പരിരക്ഷിക്കുന്നതിനും, ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചു നടത്തുന്നതിനും, നാം നിശ്ചയിക്കയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനാലോ മതവിശ്വാസത്താലോ ഹിന്ദുവായ യാതൊരാൾക്കും നമ്മുടേയും നമ്മുടെ ഗവമ്മെൻറിന്റേയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു."

മഹാരാജാവു തിരുമനസ്സിലെ ഒരു തൂലികാചലനം കൊണ്ടു് ഈ വിളംബരം തൊടീലാചാരത്തിനുണ്ടായിരുന്ന ഗവമ്മെൻറംഗീകാരം നശിപ്പിച്ചു. ഹിന്ദുമതം അനുശാസിക്കാത്ത ഒരു വലിയ അനീതിഭാരം അനവധി ശതാബ്ദങ്ങളായി വഹിച്ചു് വിമ്മിഷ്ടം അനുഭവിച്ചുവന്ന തിരുവിതാംകൂറിലെ അവർണ്ണർക്കു് മതസ്വാതന്ത്ര്യമനുവദിക്കുന്ന ഒരു ശാസനമായിരുന്നു ഇതു്. ഈ വിളംബരം ഓരോ ഹിന്ദുഗൃഹത്തിലും ആഴ്ചകളും മാസങ്ങളും പ്രധാന സംഭാഷണവിഷയമായിത്തീർന്നതും, മഹാരാജാവു തിരുമനസ്സിലെ നാമധേയം അശോകന്റേയും, അക്ബറുടേയും നാമധേയങ്ങളോടു തുല്യത വഹിക്കുന്നു എന്നു് ലോകമൊട്ടുക്കു കീർത്തനീയമായിത്തീർന്നതും ഈ ശാസനത്തിന്റെ അന്യാദൃശമായ സ്വഭാവത്തെ കാണിക്കുന്നു.

IV

ഈ അത്ഭുതത്തിന്റെ മഹത്വം.

ഞാൻ മഹാരാജാവു തിരുമനസ്സിനെ അക്ബറോടും, അശോകനോടും താരതമ്യപ്പെടുത്തിയതു് ആലോചനകൂടാതെയല്ല. ഈ മതപരമായ പാരമ്പര്യം സുദീർഘമായ ആ രാജവംശാവലിയിൽ വളരെ പുരാതനമായിത്തന്നെ ഉള്ളതാണു്. ഞാൻ മുൻപു പ്രസ്താവിച്ചതുപോലെ പല മഹാരാജാക്കന്മാരുടേയും ഈശ്വരവിശ്വാസവും, മതനിബന്ധനകളുടേയും ആചാരങ്ങളുടേയും അനുഷ്ഠാനങ്ങളിലുള്ള നിഷ്ഠയും സുപ്രസിദ്ധങ്ങളാണു്. അവരിൽ ചിലരുടെ നൈസർഗ്ഗികമായ വിനയം സുപ്രശസ്തവും, അവരുടെ ജീവിതം പത്മനാഭദാസൻ എന്ന സ്ഥാനപ്പേരിനെ അന്വർത്ഥമാക്കുന്നതുമായിരുന്നു. ധർമ്മരാജാ എന്ന പേരിൽ രാജഭക്തരായ സ്വപ്രജാവർഗ്ഗങ്ങളുടെ ഇടയിൽ വിഖ്യാതനായിരുന്ന രാമവർമ്മമഹാരാജാവു് ഇന്നും ഓർമ്മിക്കപ്പെട്ടുപോരുന്ന ഏതാനും വാക്കുകൾ ഉച്ചരിച്ചുകൊണ്ടാണു് ഫ്രൻവ്-ൽ നാടുനീങ്ങിയതു്. അദ്ദേഹം ചരമമടഞ്ഞ ദിവസം ഒരു ഹിന്ദുവിന്റെ മരണത്തിനു് അത്ര വളരെ ശുഭകരമായ ഒന്നല്ലായിരുന്നു. മാനസികശക്തി അപ്പോൾ അശേഷം ക്ഷയിച്ചിരുന്നില്ലാത്ത മഹാരാജാവു് ഇങ്ങിനെ പറയുകണ്ടായി: "അതേ! ഇന്നു് ചതുർദ്ദശിയാണെന്നു് എനിക്കറിയാം. എന്നാൽ ഞങ്ങൾ പല ചെറിയ രാജ്യങ്ങളും ആക്രമിച്ചു പിടിച്ചടക്കിയപ്പോൾ, ഞാനും രാമയ്യനും യുദ്ധത്തിൽ ചെയ്തിട്ടുള്ള പാപങ്ങൾ ആലോചിക്കുമ്പോൾ ഇതൊഴിച്ചുകൂടുവാൻ പാടില്ലാത്തതാണു്. ഈ പരിതസ്ഥിതികളിൽ നരകത്തിൽ പോകുക എന്നുള്ളതു് അനിവാര്യമാണു്. യുദ്ധകാലത്തു് ഞങ്ങൾ ചെയ്തിട്ടുള്ള ഘോരകൃത്യങ്ങൾ എനിക്കു് ഒരിക്കലും മറക്കുവാൻ കഴിയുകയില്ല. പിന്നെ എങ്ങിനെയാണു് ചതുർദ്ദശിയെക്കാൾ കൂടുതൽ നല്ല ഒരുദിവസം ഞാൻ മരിക്കുമെന്നു് നിങ്ങൾ ഉദ്ദേശിക്കുന്നതു്? എന്റെ സകല പാപങ്ങളും ഈശ്വരൻ ക്ഷമിക്കട്ടെ!" മറ്റൊരു

മഹാരാജാവ് തിരുവനന്തപുരം ക്ഷേത്രത്തിലെ അതിമനോഹരമായ കുലശേഖരമണ്ഡപത്തിന്റെ ശില്പവേലകളും കൊത്തുപണികളും നടന്നുകൊണ്ടിരിക്കുമ്പോൾ അവ ഒന്നൊന്നായി പരിശോധിച്ചുകൊണ്ടിരുന്നു. ഒരു ശില്പി അതിലോലമായ രൂപം കൊത്തിക്കൊണ്ടിരിക്കുമ്പോൾ, തന്റെ ഭൃത്യനോട് അല്പം മുറുക്കാൻ എടുത്തുകൊടുക്കണമെന്ന് ആവശ്യപ്പെടുന്നതു കേട്ട്, ശില്പി യാതൊരു പ്രതിബന്ധവും കൂടാതെ ജോലി നടത്തിക്കൊള്ളട്ടേ എന്നു വിചാരിച്ച്, മഹാരാജാവു തന്നെ മുറുക്കുസാധനങ്ങൾ എടുത്തുകൊടുത്തതായി ഒരു കഥ കേട്ടിട്ടുണ്ട്. ജനങ്ങളുടെ മതപരമായ ജീവിതത്തെക്കുറിച്ച് മഹാരാജാക്കന്മാർ അത്ര വളരെ ശ്രദ്ധ പ്രദർശിപ്പിച്ചിരുന്നു. ഇപ്പോഴത്തെ മഹാരാജാവു തിരുമനസ്സുകൊണ്ട് ജനനാൽത്തന്നെ ഇങ്ങിനെ ഒരു പാരമ്പര്യത്തിന് അവകാശിയായിത്തീർന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭരണകാലത്തിലെ ഈ മഹനീയകൃത്യംകൊണ്ട് അദ്ദേഹം ഈ പാരമ്പര്യങ്ങളെ ശ്രേഷ്ഠതരമാക്കി എന്നുമാത്രമല്ല, ഏററവും അധഃപതിച്ചുപോയ സാധുപ്രജകൾക്കു ദാസ്യമോചനം നൽകി, പത്മനാഭദാസൻ എന്ന സ്ഥാനപ്പേരിനെ അനർത്ഥമാക്കുകയും ചെയ്തു. ആത്മീയമായ ദാസ്യമോചനം നൽകുന്ന ജനങ്ങളുടെ രാജശാസനമാകുന്ന ഒരു സ്മൃതി പുറപ്പെടുവിച്ചതുകൊണ്ട്, മറ്റേതൊരു മഹാരാജാവിനെക്കാളും കൂടുതൽ കാലം അദ്ദേഹത്തിന്റെ നാമധേയം ജനങ്ങളുടെ സ്മരണയിൽ നിലനില്ക്കുന്നതാണ്. ഈ വിളംബരം മഹാരാജാവു തിരുമനസ്സിലെ നാമധേയം മഹാന്മാരായ പ്രാചീനമഹാരാജാക്കന്മാരുടേതിനോടു തുല്യമാക്കിത്തീർക്കുന്നതുപോലെ, മഹാറാണിയുടെ തിരുനാമം ജനങ്ങൾ ബഹുമാനാദരങ്ങളോടുകൂടി ഇന്നും സ്മരിക്കുന്ന മഹാറാണി അഹല്യാഭായി, ലക്ഷ്മീഭായി എന്നിവരുടെ നാമധേയങ്ങളോട് തുല്യമാക്കിത്തീർക്കുന്നതാണ്. തിരുവിതാംകൂറിലെ അഭിനവമായ ഈ അത്ഭുതം ഒരു സ്ത്രീയുടെ,—തിരുവിതാംകൂർ മഹാറാണി തിരുമനസ്സിലെ—സ്വാധീനശക്തികൊണ്ട് ഉണ്ടായിട്ടുള്ളതാണെന്ന് ഗാന്ധിജി അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തിയ ഒരു അമേരിക്കൻവനിതയോട് പറയുകയുണ്ടായി. "ഞാൻ എത്രയോ വർഷങ്ങൾക്കു മുൻപ് തിരുവിതാംകൂർ സന്ദർശിച്ചപ്പോൾ ഇപ്പോഴത്തെ മഹാ

റാണിയെ കാണുവാനിടയായി. കേവലം നീതിപരമായ ഈ കൃത്യം ചെയ്യുവാൻ തിരുമനസ്സുകൊണ്ടു് ഉറച്ചിരുന്നു. മഹാരാജാവു തിരുമനസ്സിലെ നിശ്ചയത്തിനു പുറകിൽ നാം കാണുന്നതു് മഹാറാണിയെ അല്ലാതെ മററാരേയും അല്ല. ഇങ്ങിനെ ഒരു വിളംബരം പുറപ്പെടുവിക്കുന്നതു് ഏററവും ധീരമായ ഒരു പ്രവൃത്തിയായിരുന്നു. അതിനെ പ്രത്യക്ഷരം നടപ്പിൽ വരുത്തുക എന്നുള്ളതു് അതിലധികം ധീരമായ ഒരു കൃത്യമാണു്. മാതാവിന്റെ പിൻതുണയില്ലാതെ മഹാരാജാവു തിരുമനസ്സിലേയ്ക്കു് ഇതു ചെയ്യുവാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടു് ആദിനവമായ ഈ അത്ഭുതത്തിൽ ഒരു വനിതയുടെ ഹസ്തം ഞാൻ കാണുന്നു."

കേശവപിള്ള ദിവാൻജി, രാജാ സർ ടി. മാധവറാവു തുടങ്ങിയ ദിവാൻജിമാരെപ്പോലെ തന്നെ ജനങ്ങൾ അഭിമാനത്തോടും കൃതജ്ഞതയോടും സ്മരിക്കുവാൻ ഇടയുള്ള ദിവാൻ സചിവോത്തമൻ സർ സി. പി. രാമസ്വാമിഅയ്യർ ഈ അത്ഭുതത്തിന്റെ മാഹാത്മ്യത്തിൽ ഒരു വലിയ ഓഹരി അവകാശപ്പെടുന്നുണ്ടു്. രാജാ സർ. ടി. മാധവറാവുവിനേയും, കേശവപിള്ള ദിവാൻജിയേയും, ഇന്നത്തെ തിരുവിതാംകൂറിന്റെ നിർമ്മാതാക്കളായി ഗണിക്കപ്പെട്ടുപോരുന്നു. എന്നാൽ അല്പകാലം മുൻപുവരെ ഇൻഡ്യാഭൂപടത്തിലെ കറുത്ത പാടുകളായി കരുതിപ്പോന്ന ഒന്നിനെ ഇൻഡ്യാ ഒട്ടുക്കു് പ്രകാശം ചൊരിയുന്ന ഒരു ശോഭനമായ സ്ഥലമായി അതിവേഗത്തിൽ രൂപാന്തരപ്പെടുത്തുവാൻ ഉള്ള ഭാഗ്യം ദിവാൻ സർ, സി. പി. രാമസ്വാമിഅയ്യർക്കാണു ലഭിച്ചതു്. ഹവുഡവ്-ലുണ്ടായ ചാന്നാർലഹള അമർച്ചചെയ്യുവാൻ മാധവറാവു ദിവാൻജിക്കു് സൈന്യങ്ങളെ അയയ്ക്കുകയും, പോലീസ്ശക്തി വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിവന്നു എന്നും, അന്നത്തെ പ്രശ്നം കേവലം പ്രാഥമികമായ ഒരു അവകാശത്തെ—ചാന്നാർസ്ത്രീകൾക്കു് മാറു മറയ്ക്കുവാനുള്ള അവകാശത്തെ—കുറിക്കുന്ന ഒന്നു മാത്രമായിരുന്നു എന്നും, ദീർഘമായ രാജിയാലോചനകൾക്കു ശേഷം മഹാനായ ആ ദിവാൻജി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുവാൻ നിർബന്ധിതനായിത്തീർന്നു എങ്കിലും, ആ അവകാശദാനത്തോടു് അനുബന്ധിച്ചു്

സേതു പാർവ്വതീഭായി മഹാറാണി തിരുമനസ്സുകൊണ്ട്.

ചാന്നാർസ്ത്രീകൾ ഉൽകൃഷ്ടജാതിക്കാരുടെ വസ്ത്രധാരണ രീതി അനുകരിക്കുവാൻ പാടില്ലെന്ന് ഒരു നിബന്ധനകൂടി ചേർക്കേണ്ടിവന്നു എന്നും ഉള്ള പൂർവ്വചരിത്രങ്ങൾ സ്മരിക്കുമ്പോൾ, സർ സി. പി രാമസ്വാമിഅയ്യർ അന്യാദൃശമായ ഈ വിളംബരം പ്രഖ്യാപനം ചെയ്യുന്നതിൽ പ്രദർശിപ്പിക്കേണ്ടി വന്ന നയത്തിന്റേയും, പ്രശാന്തമായ ധൈര്യത്തിന്റേയും, ഭരണപാടവത്തിന്റേയും, ഒരേകദേശരായ നമുക്ക് ഗ്രഹിക്കുവാൻ കഴിയുമെന്നു തോന്നുന്നു. ഉൽകൃഷ്ടന്മാരും അപകൃഷ്ടന്മാരും തമ്മിലുള്ള അസമത്വങ്ങളെ പരിപൂർണ്ണമായി നിർമ്മാർജ്ജനംചെയ്യുവാൻ അദ്ദേഹം ദീർഘകാലം ജീവിച്ചിരിക്കട്ടെ.

തിരുവിതാംകൂറിലെ ജനങ്ങൾ വിശേഷിച്ചും ഈ പ്രശസ്തമായ വിളംബരത്തെ ഭംഗിയായി സ്വീകരിക്കയും, അക്രമരാഹിത്യത്തിന്റെ അന്യാദൃശമായ ശക്തിയെ ഒന്നുകൂടി ബലപ്പെടുത്തുകയും ചെയ്തു സവർണ്ണഹിന്ദുക്കൾ ഈ അത്ഭുതത്തിന്റെ മാഹാത്മ്യത്തിൽ ഓഹരിക്കാരാണ്. "ഒരു പരിഷ്കർത്താവിനോ മിഷനറിയ്ക്കോ സാദ്ധ്യമല്ലാത്ത സവർണ്ണരുടെ ഒരു സാർവ്വജനീനമായ മതപരിവർത്തനം" എന്നാണ് ഗാന്ധിജി അവരുടെ ഈ ആനുകൂല്യത്തിന് നാമകരണം ചെയ്തത്. വിളംബരത്തോട് സവർണ്ണർ പ്രദർശിപ്പിച്ച ഈ ആനുകൂല്യം അദ്ദേഹത്തെ ഗാഢമായി സ്പർശിക്കുകയും അതിനെക്കുറിച്ച് ദീർഘകാലം സ്മരിക്കപ്പെടുന്ന ഈ വാക്കുകൾ അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു.

"മനുഷ്യന്റെ എളിയ പരിശ്രമങ്ങളെ ഈശ്വരൻ അനുഗ്രഹിക്കയാണു ചെയ്തത്. ഗവർമ്മെൻറിന് പ്രധാന ക്ഷേത്രങ്ങളിൽ ശക്തിയുള്ള ഓരോ പോലീസ്സൈന്യത്തെ കാവലിടേണ്ട ആവശ്യമെങ്കിലും നേരിടുമെന്നും, ഏതാനും തലകളെങ്കിലും അടിച്ചു കീറേണ്ടിവരുമെന്നും ഞാൻ വിചാരിച്ചിരുന്നു. എന്നാൽ അതൊന്നും സംഭവിച്ചില്ല. മഹാരാജാവുതന്നെ സന്ദർശിക്കുന്ന രാജ്യത്തിലെ ഏററവും വലിയ ക്ഷേത്രത്തിലാണ് ഈ പരീക്ഷണം തുടങ്ങിയത്. രാഷ്ട്രീയമായ യാതൊരു ബലപ്രയോഗവും ഇവിടെ ഉണ്ടായിരുന്നില്ല. പത്തുലക്ഷം ജനങ്ങളുടെ മേൽ ഒന്നിച്ച് അതു പ്രയോഗിക്കുവാനും നിവൃത്തിയില്ല. തിരുവിതാംകൂറിൽ ഉദ്ദേശം ൨൦൦൦

ക്ഷേത്രങ്ങളുണ്ടെന്നുള്ള വിവരം ഞാൻ അറിഞ്ഞിരുന്നില്ല. പത്തു കൊല്ലങ്ങൾക്കു മുൻപ് വയ്ക്കം ക്ഷേത്രത്തിനു സമീപത്തു നിരോധിച്ചിരുന്ന ഒരു റോഡിൽ കടന്നതിന്ന് ഞങ്ങളുടെ ധർമ്മഭടന്മാരെ നിർദ്ദയമായി മർദ്ദിക്കുകയുണ്ടായി എന്നു മാത്രമേ ഞാൻ അറിഞ്ഞിരുന്നുള്ളു. എന്നാൽ ഇപ്പോൾ യാതൊരു തടസ്സവും കൂടാതെ എളിയവരിൽ എളിയവൻ നിർബാധമായി വൈക്കംക്ഷേത്രത്തിൽ പ്രവേശിച്ചിരിക്കുന്നു. വിളംബരം ഒരു ഫലഭരമായ യാഥാർത്ഥ്യമായിരുന്നു എങ്കിലും, അതെന്നിൽ അത്ര വളരെ ഉത്സാഹം ജനിപ്പിച്ചില്ല. എന്തുകൊണ്ടെന്നാൽ, അതിന്റെ പുറകിൽ രാഷ്ട്രീയമായ ഏതെങ്കിലും ഉദ്ദേശമുണ്ടായിരിക്കുമെന്ന് എനിക്കു ഭയം തോന്നി. എന്നാൽ എന്റെ ഭയങ്ങളെല്ലാം നീങ്ങിയിരിക്കുന്നു. ആചാരങ്ങൾ പ്രത്യക്ഷരം അനുഷ്ഠിക്കണമെന്നു മക്കടമുഷ്ടി പിടിക്കയും, പറയന്റെ നിഴൽപോലും ക്ഷേത്രാരാധനയുടെ മാഹാത്മ്യത്തെ നശിപ്പിക്കുവാൻ പര്യാപ്തമെന്നു ശഠിക്കുകയും ചെയ്തുകൊണ്ടിരുന്ന യാഥാസ്ഥിതികർ ഏതായാലും ഇത്ര ഝടുതിയിൽ വിളംബരത്തെ അനുകൂലിക്കുമെന്നു വിശ്വസിക്കുവാൻ ഞാൻ തയ്യാറായിരുന്നില്ല. എന്നാൽ മനുഷ്യനു ചെയ്യുവാൻ കഴിവില്ലാത്ത സംഗതികൾ ഈശ്വരൻ സുസാദ്ധ്യമാക്കിത്തന്നു."

തിരുവിതാംകൂർ സന്ദർശിക്കുന്നതിനു മുൻപ് വിളംബരത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കിട്ടിയപ്പോൾ ഗാന്ധിജിയുടെ ആനന്ദം ഇത്ര അധികമായിരുന്നു എങ്കിൽ, ഈ ശ്രേഷ്ഠമായ പരിവർത്തനം സ്വന്തം കണ്ണുകൾ കൊണ്ടു കണ്ടവരുടെ ആനന്ദം മനസ്സിലാക്കുവാൻ പ്രയാസമില്ലല്ലോ. തിരുവിതാംകൂർ സന്ദർശിച്ചതിനു ശേഷം ശ്രീയുത് സി. രാജഗോപാലാചാരി എനിക്ക് ഇപ്രകാരം എഴുതി അയച്ചു:

"മററുള്ളവരോട് പങ്കുചേരാതെ ഒരാനന്ദവും അനുഭവിക്കുവാൻ നമുക്കു കഴിയുകയില്ലെന്ന് എനിക്കു തോന്നുന്നു. നമുക്ക് ഒരു ഭാര്യയോ, ഒരു സ്നേഹിതനോ, അയൽവാസികളോ, അല്ലെങ്കിൽ, അതിന്റെ എല്ലാം അവസാനത്തിൽ, ഈശ്വരനോ ആവശ്യമാണ്. ഒരു വിളക്കിന്റെ ദീപവും ഇതുപോലെ തന്നെ വിചാരിക്കുകയും, അതിന്റെ ഫലമായി അതു് ചുററും

പ്രകാശം പരത്തുകയും ചെയ്യുന്നു. അതുപോലെ തന്നെ ക്ഷേത്രത്തിലെ വിശുദ്ധ ദൈവവും ഈ കാലങ്ങളിൽ എല്ലാം ഈ മർദ്ദനത്തിന്റെ വേദന അനുഭവിച്ചുകൊണ്ടിരുന്നതായി ഞാൻ വിചാരിക്കുന്നു. ശാന്തിക്കാരൻ കന്യാകുമാരിക്ഷേത്രത്തിലെ ശ്രീകോവിലിന്റെ നട തുറക്കുകയും അവിടത്തെ ആ ദിവ്യകന്യകയുടെ ദർശനം എനിക്കു ലഭിക്കയും ചെയ്തപ്പോഴെങ്കിലും ഞാൻ ഇങ്ങിനെ സങ്കല്പിക്കുകയുണ്ടായി. നിങ്ങൾ അന്നേദിവസം അവിടെ ഉണ്ടായിരുന്നെങ്കിലോ എന്നു ഞാൻ ആഗ്രഹിച്ചു. അവിടെ കാര്യങ്ങൾ എങ്ങിനെ നടക്കുന്നു എന്നറിയുവാൻ രാമചന്ദ്രനും, ഡാക്ടർ എം. ജി. നായിഡുവും, ഞാനും ഒന്നിച്ചു പോയിരുന്നു. കടലോരത്തുള്ള മനോഹരമായ ആ ക്ഷേത്രക്കുളത്തിൽ മുപ്പതോളം നാടാർബാലന്മാരും ബാലികമാരും കുളിക്കുന്നതും, സംഭാഷണം ചെയ്യുന്നതും, ചിരിക്കുന്നതും, മുങ്ങിമറിയുന്നതും ഞങ്ങൾ കണ്ടു. ഞാൻ ഒരു കവിയോ ചിത്രകാരനോ ആയിരുന്നു എങ്കിൽ, അതു് കണ്ണുകൊണ്ടു കാണുവാൻ കഴിഞ്ഞിട്ടില്ലാത്ത മററുള്ളവർക്കുവേണ്ടി ആ മനോഹരകാഴ്ചയെ രേഖപ്പെടുത്തുവാൻ ശ്രമിക്കുമായിരുന്നു. എന്നാൽ ആ സ്ഥിതിയിൽ എന്റെ കണ്ണുനീർ തുടയ്ക്കുവാൻ മാത്രമേ എനിക്കു കഴിഞ്ഞുള്ളു. ആ കുളം ഈ പ്രദേശങ്ങളിലുള്ള കുളങ്ങളെപ്പോലെ അല്ല സംരക്ഷിക്കപ്പെട്ടുപോരുന്നതു്. തിരുവിതാംകൂർ ദേവസ്വംഭരണത്തിൽ ഉൾപ്പെടുന്ന മറ്റെല്ലാ വസ്തുക്കളേയുംപോലെ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമായി ഭംഗിയായ മറകൊണ്ടു് രണ്ടായിത്തിരിച്ചു് ശുചിയായും മനോഹരമായും സൂക്ഷിച്ചിരുന്ന ആ കുളത്തിലെ വെള്ളം വളരെ നിർമ്മലമായിരുന്നു. 'ഇങ്ങിനെ ഒരു സ്ഥലം ഉണ്ടായിരുന്നതായിപ്പോലും ഞങ്ങൾ അറിഞ്ഞിരുന്നില്ല' എന്നു് ഹരിജനസേവകസംഘത്തിലെ ഒരംഗം പറയുകയുണ്ടായി. അയാൾ എങ്ങിനെ അറിയും? അവർ അവിടെ പ്രവേശിക്കുവാൻ ഒരിക്കലും ധൈര്യപ്പെടുകയില്ല. ജനങ്ങളുടെ ദൃഷ്ടിയിൽനിന്നു് പൂർണ്ണമായി മറച്ചു സംരക്ഷിച്ചിരുന്ന കുളത്തിലെ ജലത്തിൽ മുട്ടുന്നതുവരെ കല്പടകൾ നേരെ കീഴ്ക്കാംതൂക്കായി കെട്ടിയിറക്കിയിരുന്നു. അയാൾ പറഞ്ഞതു് അക്ഷരംപ്രതി ശരിയായിരുന്നു. അതുകൊണ്ടുതന്നെ അയാളുടെ അന്നത്തെ ആനന്ദവും വളരെ അധികമായിരുന്നു. ബാലന്മാരും ബാലികകളും ശരീരമെല്ലാം

തോത്തി ഉണക്കി. അതിൽ ഒരു ചെറിയ ബാലിക ഒരു ശിശു വിനെപ്പോലെ തണുപ്പുകൊണ്ടു വിറയ്ക്കുന്നുണ്ടായിരുന്നു. പരിശുദ്ധഭസ്മം അവളെ ചൂടു പിടിപ്പിക്കയും, അവരെല്ലാവരുംകൂടി കുളിച്ചു തുള്ളിച്ചാടി ക്ഷേത്രത്തിലേക്ക് ഓടിപ്പോവുകയും ചെയ്തു. ഞങ്ങൾ ക്ഷേത്രം ചുററി പരിശുദ്ധമായ ക്ഷേത്രനടയിൽ വന്നുചേൎന്നു. കഴിഞ്ഞ രണ്ടായിരത്തിലധികം വൎഷങ്ങളായി പുറത്തു നിറുത്തിയിരുന്ന ഇത്ര വലിയ ഒരു സംഘവുമായി ഞങ്ങൾക്ക് അകത്തു പോകുവാൻ കഴിയുമെന്ന് എനിക്ക് അപ്പോഴും വിചാരിക്കുവാനോ വിശ്വസിക്കുവാനോ തോന്നിയില്ല. ഏററവും പ്രാചീനമായ തമിഴ്ഗ്രന്ഥങ്ങൾ ഈ ശ്രേഷ്ഠമായ കുമാരീക്ഷേത്രത്തെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ട്. ഞങ്ങൾ അകത്തു കടന്നെങ്കിലും ഞങ്ങളെ ആരും തടഞ്ഞില്ല. വിവിധങ്ങളായ അനവധി ഓട്ടുവിളക്കുകൾ കത്തിച്ചുവെച്ചിരുന്നു. വികാരതീക്ഷ്ണത നിറഞ്ഞ അല്പസമയം കഴിഞ്ഞു് ശ്രീകോവിൽ തുറന്നു. മണിനാദം മുഴങ്ങി. തൻെറ അദൃശ്യനായ കാമുകനെ ദീൎഘകാലം കാത്തുകൊണ്ടുനില്ക്കുന്ന സുന്ദരിയും മഹാപ്രഭയും സൎവ്വാലങ്കാരഭൂഷിതയുമായ ദേവിയുടെ രൂപം പ്രത്യക്ഷമായി. ആ ദൎശനം പരമാനന്ദകരം തന്നെയായിരുന്നു. നടപ്പുരയുടെ നെടുനീളത്തിൽ അഴികളുടെ സമീപം കഴുത്തുകൾ മുന്നോട്ടു കുനിച്ച് പ്രാൎത്ഥനയുടേയും പശ്ചാത്താപത്തിൻേറയും സൂചനയായി കൈകൾകൊണ്ട് കവിൾത്തടങ്ങളിൽ തട്ടിക്കൊണ്ട് ബാലന്മാർ നിരന്നുനില്ക്കുന്നതു് നിങ്ങൾ കാണേണ്ടതുതന്നെയായിരുന്നു. എന്തിനാണു പശ്ചാത്താപം? നമ്മുടെ പാപങ്ങൾക്കു വേണ്ടിയാണെന്നു ഞാൻ വിചാരിക്കുന്നു. ആ രംഗം എനിക്ക് ഒരിക്കലും മറക്കുവാൻ കഴിയുകയില്ല.

ഒരിക്കലും ചെയ്യുവാൻ പാടില്ലാതിരുന്നതോ അല്ലെങ്കിൽ ഇത്രയും കാലം നിലനിന്നുപോരുവാൻ അനുവദിക്കത്തക്കതല്ലാത്തതോ ആയ ഒരു തെററിന് കേവലം ഒരു പ്രതിവിധി ചെയ്തുകൊണ്ടു മാത്രം ഇത്ര വളരെ ആഹ്ലാദപ്പെടുന്ന ഞാൻ എന്തു മൂഢനാണ്! എന്നാൽ ഈ ലോകത്തിൽ കേവലം പ്രായശ്ചിത്തമോ പുനരൈക്യമോ അല്ലാത്ത എന്തൊരു ആനന്ദമാണുള്ളതു്? ഇതാണ് ഈശ്വരന്റെ വലിയ

ഒരു ക്രൂരോപായം. തിന്മകളുള്ളതുകൊണ്ടാണ് ഈശ്വരൻ നന്മയായിരിക്കുന്നത്."

ഈ പരിഷ്കാരത്തിനുവേണ്ടി അതികഠിനമായി പരിശ്രമിക്കുകയും, അതിന്റെ ആവിർഭാവത്തിനുണ്ടാകുന്ന കാലദൈർഘ്യംകൊണ്ട് അത്യധികമായ ഹൃദയവേദന അനുഭവിക്കയും ചെയ്ത ശ്രീയുത് ജി. രാമചന്ദ്രൻ ഇപ്രകാരമാണ് എഴുതിയയച്ചത്.

"ആലപ്പുഴനിന്നും കൊല്ലത്തേയ്ക്കുള്ള ബസ്സിൽ വച്ച് ഒരു വൃദ്ധയായ ബ്രാഹ്മണസ്ത്രീയുടെ നാവിൽനിന്നാണ് ഇതിന്റെ പരിപൂർണ്ണമായ യാഥാത്ഥ്യം ഞാൻ ശ്രവിച്ചത്. അവർ ഇങ്ങിനെ പറഞ്ഞു: 'ഇത് ഈശ്വരന്റെ വിളയാട്ടമാണ്. ഈശ്വരൻ നിയോഗിക്കാത്ത യാതൊന്നും തന്നെ മഹാരാജാവിനു ചെയ്യുവാൻ കഴിയുകയില്ല.'

ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ശ്രീയുത് സി. രാജഗോപാലാചാരി ഒരു ശീഘ്രസന്ദർശനത്തിന് തിരുവിതാംകൂറിൽ വരികയും, ഞങ്ങളുടെ ഏററവും പ്രധാനപ്പെട്ട അഞ്ചു മഹാക്ഷേത്രങ്ങളിൽ വിളംബരത്തിന്റെ പ്രവത്തനം സൂക്ഷിച്ചുവീക്ഷിക്കുകയും, വിളംബരത്തിന്റെ ഏററവും പരിപൂർണ്ണരീതിയിൽ ആ വിളംബരം പ്രവത്തിക്കുന്നതു കണ്ട് അദ്ദേഹം കൃതജ്ഞതയിലും ആനന്ദത്തിലും നിമഗ്നനാകുകയും ചെയ്തു. തിരുവനന്തപുരത്ത് അനന്തപത്മനാഭസ്വാമിക്ഷേത്രത്തിലും, ശുചീന്ദ്രത്തും, കന്യാകുമാരിയിലുമുള്ള പുരോഹിതന്മാർ ഹരിജനങ്ങളെ സ്വാഗതം ചെയ്ത് അവരോട് സ്നേഹമസൃണമായ രീതിയിൽ പെരുമാറുന്നതു കണ്ട് അദ്ദേഹം സ്തംഭിച്ചുനിന്നുപോയി.

സംഭവിച്ചുകഴിഞ്ഞതിനെക്കുറിച്ച് യാതൊരു സംശയവും വേണ്ട. തിരുവിതാംകൂറിലെ ഹിന്ദുമതത്തിനും, അതുവഴി ഭാരതമൊട്ടുക്കുള്ള ഹിന്ദുമതത്തിനും പ്രത്യേകമായും, മതത്തിനു പൊതുവേയും, ഈ വിളംബരം ഒരു നൂതനമായ അന്തഃകരണവും വീക്ഷണഗതിയും സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്. ഹിന്ദുമതത്തിനു ലബ്ധമായിരിക്കുന്ന ഈ മഹത്തരമായ ശ്രേഷ്ഠത—ഭക്തിസമ്പൂർണ്ണമായ ഈ വിളംബരം—എല്ലാ മതങ്ങളുടേയും സിരാപടലങ്ങൾക്കു ശക്തി വർദ്ധിപ്പിക്കുകയും, ആ

ഉൽകൃഷ്ടമായ ആത്മീയലക്ഷ്യത്തിലെത്തിച്ചേരുവാനുള്ള പുരോഗമനത്തിന് എല്ലായിടത്തും ശക്തിയും ധൈര്യവും പ്രദാനം ചെയ്യുകയും ചെയ്യും."

എന്നാൽ ഗാന്ധിജിക്ക് ഇതിൽ കൂടുതൽ ആനന്ദം ഇവിടെ പിന്നീട് അനുഭവപ്പെട്ടു. ബാക്കിയുള്ള അദ്ധ്യായങ്ങൾ അദ്ദേഹത്തിന്റെ തിരുവിതാംകൂറിലേയ്ക്കുള്ള തീർത്ഥയാത്രയെ വർണ്ണിക്കുവാൻ വിനിയോഗിക്കേണ്ടിയിരിക്കുന്നു. ഈ പുസ്തകത്തിന്റെ രണ്ടാംഭാഗത്തിൽ കാലാനുക്രമമായി വിസ്തരിച്ച് എടുത്തുചേർത്തിട്ടുള്ള പ്രസംഗങ്ങളിൽനിന്ന് ഗാന്ധിജി മഹത്തായ ഈ ഉണർച്ചയെ എങ്ങിനെ ആർത്തിയോടേ ആസ്വദിച്ചു എന്നും, മഹാമനസ്കതയോടുകൂടി ഈ വിളംബരത്തെ സ്വാഗതം ചെയ്ത തിരുവിതാംകൂറിലെ ജനങ്ങൾക്ക് എങ്ങിനെ അദ്ദേഹം പടിപടിയായി അതിന്റെ ആന്തരാർത്ഥങ്ങളെ ചൂണ്ടിക്കാണിച്ചുകൊടുത്തുകൊണ്ട് സഞ്ചരിച്ചു എന്നും വായനക്കാർക്കു മനസ്സിലാകുന്നതാണ്. ആത്മീയമായ പാരമ്യത്തിലെത്തിച്ചേർന്ന അദ്ദേഹത്തിന്റെ വചനങ്ങൾ യഥാർത്ഥമായ ഹിന്ദുമതം കുറിക്കുന്ന സമത്വസമ്പാദനത്തിനുള്ള പരിശുദ്ധ ശുഷ്കാന്തിയിൽ നീറുന്ന അവരുടെ ഹൃദയങ്ങളിൽ സംശയമെന്യേ അല്ലാല്ലമായി പ്രവേശിച്ചിരിക്കണം.

V

തീൎത്ഥയാത്ര.

I

ജനുവരി ൧൦-ാംനു- ഞങ്ങൾ പൂനയിൽനിന്ന് തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടു. ഈ പ്രാവശ്യം ഒരു 'ദിൽരുബ' എടുത്തുകൊള്ളുന്നതിന് തൻെറ ഭ്രാതൃപൗത്രനും യുവാവുമായ കനുവിനോട് ഗാന്ധിജി ആലോചനാപൂൎവ്വകമായി ആവശ്യപ്പെട്ടു. ഞാൻ അല്പം തടസ്സം പുറപ്പെടുവിച്ചു. "ഞങ്ങൾ ആവശ്യത്തിൽ കൂടുതലായി യാത്രാസാമാനങ്ങൾ എടുക്കുന്നതിനെ അവിടുന്ന് എല്ലായ്പ്പോഴും വിരോധിക്കാറുണ്ടല്ലോ. ഇപ്പോൾ വിരോധം പറയേണ്ടതു ഞാനാണ്. ഈ പ്രാവശ്യം ദിൽരുബ എടുക്കുന്നതെന്തിനായിട്ടാണ്? കടയുന്നതിനുള്ള കമ്പും പഞ്ഞിയും നാം എടുത്തിട്ടുണ്ടല്ലോ. ഈ സംഗീതോപകരണംകൂടി എന്തിനാണ്?" എന്ന് ഞാൻ ഗാന്ധിജിയോടു ചോദിച്ചു. അദ്ദേഹം ചിരിച്ചുംകൊണ്ടു പറഞ്ഞു:—'നിങ്ങൾ പറഞ്ഞതു ശരിയാണ്. നിങ്ങൾ ഇഷ്ടപ്പെടുന്ന പക്ഷം കടയുന്നതിനുള്ള കമ്പ് കളഞ്ഞുകൊള്ളണം; എന്നാൽ ദിൽരുബ എടുക്കാതിരിക്കാൻ പാടില്ല. തിരുവിതാംകൂറിലേയ്ക്കുള്ള ഈ സന്ദൎശനയാത്ര ഒരു തീൎത്ഥയാത്രയായിരിക്കുന്നതാണ്. എല്ലായിടത്തും, ദൈവേച്ഛയുണ്ടെങ്കിൽ ചിലപ്പോൾ പൊതുസ്ഥലങ്ങളിൽ കൂടിയും, നമുക്ക് തുളസീരാമായണം വായന നടത്തേണ്ടതായി വരും; അവിടെ ഒരു ദിൽരുബ നമുക്കു ലഭിക്കുന്നതല്ല." എനിക്കു മൗനം അവലംബിക്കേണ്ടതായിവന്നു. ഒരു മഹത്തായ തീൎത്ഥയാത്രയ്ക്കു ഗാന്ധിജി മനസ്സിൽ ഉദ്ദേശിക്കയായിരുന്നു എന്നു ഞാൻ മനസ്സിലാക്കി. ഒരുക്കവും പ്രാൎത്ഥനയും ആവശ്യമായിത്തന്നെ വന്നുകൂടുകയും ചെയ്തു. തിരുവനന്തപുരത്ത് എത്തുന്നതിനു കുറച്ചു മണിക്കൂർ നേരം മുൻപ്, അദ്ദേഹത്തിനു സാധാരണയായി ഉണ്ടാകാറില്ലാത്ത കലശലായ ഒരു ജലദോഷം പിടിപെട്ടു. ഞാൻ ഭയപ്പെട്ടുപോയി. മിക്കവാറും യാത്ര മുഴുവൻ ജലദോഷം തുടൎന്നിരുന്നു. എന്നാൽ അതു് ദിനചൎയ്യയെ ബാധിച്ചില്ല. സർ സി. പി. രാമസ്വാമിഅയ്യർ 'അസാദ്ധ്യ'മെന്നു പ്രസ്താവിച്ച കാൎയ്യപരി

പാടി മുഴുവൻ വൈഷമ്യംകൂടാതെ അദ്ദേഹം നിർവ്വഹിച്ചു; അദ്ദേഹത്തെ സമീപിച്ച അനേകശതം ആളുകളോടു ഹൃദയം തുറന്നു സംസാരിച്ചതിനാലുള്ള സംതൃപ്തി അദ്ദേഹത്തിനുണ്ടാകയും ചെയ്തു. "ദൈവത്തെ ആരാധിക്കുന്നവർ അവരുടെ ശക്തി പുനർജ്ജീവിപ്പിക്കുന്നു; അവർ ഗരുഡനെപ്പോലെ മേല്പോട്ടുയരുന്നു; അവർ ഓടും, എന്നാൽ ക്ഷീണിക്കയില്ല; അവർ നടക്കും, എന്നാൽ മോഹാലസ്യപ്പെടുകയുമില്ല" എന്നു പറഞ്ഞിട്ടുള്ളതു് യഥാർത്ഥമല്ലേ? വാസ്തവത്തിൽ ദിവസംതോറും ശക്തി പുനർജ്ജീവിക്കയാണു ചെയ്തതു്.

ഇതു് തിരുവിതാംകൂറിലേയ്ക്കുള്ള അദ്ദേഹത്തിന്റെ നാലാമത്തെ സന്ദർശനയാത്രയായിരുന്നു; മുൻപുള്ള മൂന്നു സന്ദർശനങ്ങൾ തൊട്ടീലിനു് എതിരായി പ്രവർത്തിക്കുന്നതിലേയ്ക്കു മാത്രമായിരുന്നു. എന്നാൽ മുൻപിലത്തെ സന്ദർശനയാത്രകളിൽ തിരുവിതാംകൂറിലെ പ്രസിദ്ധപ്പെട്ട ക്ഷേത്രങ്ങളിൽ ദർശനം നടത്തിയെന്നുള്ള തീർത്ഥയാത്രക്കാരന്റെ ആശ്വാസംപോലും ഇല്ലാതിരുന്നതിനാൽ, അവ തീർത്ഥയാത്രകളായിരുന്നുവെന്നു് പറയാൻ അദ്ദേഹത്തിനു നിവൃത്തിയില്ല. എല്ലാ പബ്ളിക്ക്റോഡുകളും ഉപയോഗിക്കുന്നതിനു് അവർണ്ണക്കുള്ള പ്രാഥമികാവകാശം അവർക്കു നൽകുന്നതിനു് യാഥാസ്ഥിതികന്മാരായ സവർണ്ണരോടും ഗവണ്മെന്റധികാരികളോടും അപേക്ഷിക്കുന്നതിലേയ്ക്കായിരുന്നു ഒന്നാമത്തെ സന്ദർശനയാത്ര: തീണ്ടലാകുന്ന ശാപം ഇല്ലാതാക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പററി ഊന്നിപ്പറയുന്നതിനുള്ള യാതൊരു അവസരവും രണ്ടാമത്തെ യാത്രയിൽ ഗാന്ധിജി വിട്ടുകളഞ്ഞിട്ടില്ലെങ്കിലും, അതു് ഒരു ഖാദിപ്രചരണാർത്ഥമുള്ള സഞ്ചാരത്തിന്റെ ഒരു ഭാഗമായിരുന്നു. ആദ്യത്തെ രണ്ടെണ്ണത്തിനും ഗവമ്മെൻറിന്റെ ഹാർദ്ദമായ സഹകരണമുണ്ടായിരുന്നു. ഫർഗ്ഗുസ്സൻ--ൽ നടന്ന മൂന്നാമത്തെ യാത്രയ്ക്കു് ആ സഹകരണംപോലുമുണ്ടായിരുന്നില്ല. നാലാമത്തെ ഈ യാത്ര മുഖ്യമായി ഒരു തീർത്ഥയാത്ര—ഗാന്ധിജി പറയുംപോലെ, ഇപ്പോൾ തൊടാവുന്ന ഒരാളായി സ്വീകരിക്കപ്പെട്ടിരിക്കുന്ന തൊടാൻ പാടില്ലാതിരുന്ന ഒരാളിന്റെ തീർത്ഥയാത്ര—ആയിരുന്നു; അതിനു് ഗവമ്മെൻറിന്റെ സഹ

കരണവും ഉണ്ടായിരുന്നു. നടപ്പിൽ വരുത്തിയിരിക്കുന്ന പരിഷ്കാരത്തിന്റെ വലിപ്പം വിചാരിക്കുമ്പോൾ പന്ത്രണ്ടു സംവത്സരം വെറും നിസ്സാരമാണ്. അനേക ശതവർഷങ്ങൾക്കു മുൻപ് ചിതംബരേശ്വരന്റെ ഒരു ദർശനം ലഭിക്കുന്നതിന് ഋഷിനന്ദനാർ അഗ്നിപരീക്ഷ നടത്തുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ തപസ്സ് ഏകാന്തമായിരുന്നു. അനേകായിരം ആളുകൾ അടുത്തു സഹകരിച്ച് അനുഭവിച്ചിട്ടുള്ള കഷ്ടതകളും സത്യപരീക്ഷകളുംമൂലം ഒരു ക്ഷേത്രത്തിലെന്നല്ല എല്ലാ ക്ഷേത്രങ്ങളിലുമുള്ള സജീവമായ ദൈവത്തെ ദർശിക്കുന്നതിന് അവർക്കെല്ലാവർക്കും സാധിച്ചു. എന്നാൽ നന്ദനാരുടെ തപസ്സ് ഭാവിയിൽ അദ്ദേഹത്തെ ഒരു ഋഷിയാക്കിത്തീർക്കുന്നതിനു പര്യാപ്തമായിരുന്നു; കഴിഞ്ഞ പന്ത്രണ്ടു സംവത്സരക്കാലം സ്വാതന്ത്ര്യലബ്ധിക്കായി പ്രവർത്തിച്ചവരുടെ ശ്രമങ്ങളുടെ വിജയം യാതൊരാളേയും ഋഷിപദത്തിലേക്ക് ഉയർത്തുന്നില്ല; എന്നാൽ സകലർക്കും ഋഷിപദം ലഭിക്കുന്നതിനുള്ള സൌകര്യം അതു് ഉണ്ടാക്കിയിരിക്കുന്നു. അവർ സ്വയം പരിശുദ്ധരാകണമെന്നുള്ളതാണ് വ്യവസ്ഥ.

തിരുവിതാംകൂറിലേയ്ക്കുള്ള മുഴുവൻ സഞ്ചാരവും ഉത്സാഹപ്രമത്തരായ ഒരു ജനതതിയുടെ ഇടയിൽക്കൂടിയായിരുന്നു. പകലും രാത്രിയും, എല്ലാ സമയവും, തീവണ്ടിആഫീസ്സുകളിൽ ജനങ്ങൾ കൂട്ടംകൂടി വിശ്രമമോ നിദ്രയോ അസാദ്ധ്യമാക്കിത്തീർത്തു. തീവണ്ടി നിൽക്കാത്ത ആഫീസ്സുകളിൽ പോലും വണ്ടി പോകുന്നതിനോടടുത്തുള്ള റോഡുകളിൽ അവർ നിരന്നുനിന്നിരുന്നു. മുൻപ് ഏതൊരവസരങ്ങളിലേയുംകാൾ ഈ അവസരത്തിൽ അവരുടെ ഉത്സാഹം വർദ്ധിച്ചിരിക്കും. വളരെക്കാലമായുള്ള ബന്ധനത്തിൽ നിന്നു മോചനം ലഭിച്ചതിലുള്ള ആനന്ദം അത്രമാത്രം വലുതായിരുന്നു. ഞങ്ങളുടെ വണ്ടി, ശങ്കരനായനാർകോവിൽ എന്നു വിളിക്കുന്ന ഒരു സ്റ്റേഷനിൽ നിന്നു. അതിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ, അതു് ഒരു പ്രസിദ്ധപ്പെട്ട ക്ഷേത്രമുള്ള സ്ഥലമായിരുന്നു; ട്രെയിനിൽനിന്ന് ക്ഷേത്രം കാണാമായിരുന്നു. അവരോടു കുറച്ചു സംസാരിച്ചതിനിടയ്ക്ക് ഗാന്ധിജി ഇപ്രകാരം പറഞ്ഞു:—
"എന്റെ മുൻപിൽ ഞാൻ കാണുന്ന ക്ഷേത്രം എല്ലാ ഹരിജ

നങ്ങൾക്കും എന്നാണു തുറന്നുകൊടുക്കുന്നതു്?" "വേഗത്തിൽ", എന്നായിരുന്നു മറുപടി. "അതിനാൽ ഞാൻ തിരുവിതാംകൂറിൽ നിന്നു തിരിച്ചുവരുമ്പോൾ, ഈ ക്ഷേത്രം തുറക്കുന്നതിനു് ഞാൻ ഇവിടെ താമസിക്കണമെന്നു് നിങ്ങൾ എന്നോടു് ആവശ്യപ്പെടുകയില്ലയോ?" എന്നു ഗാന്ധിജി ചോദിച്ചു. അപ്പോൾ കോലാഹലമായ ചിരിയും, "ഉവ്വ്" എന്നുള്ള ശബ്ദവും പുറപ്പെട്ടു. പരാജിതനാകാതിരിക്കുന്നതിനു് ഗാന്ധിജി ഇപ്രകാരം പറഞ്ഞു:—"എന്നാൽ എല്ലാത്തരത്തിലുള്ള മൃഗങ്ങളും, അവയുടെ തെററുകൾക്കല്ലാതെ, നമ്മുടെ സ്വന്തം പാപങ്ങൾക്കായി, ബലി കഴിക്കപ്പെടുന്ന ഒരു ക്ഷേത്രം തുറക്കുന്നതിനുള്ള ക്ഷണം സ്വീകരിക്കാൻ എനിക്കു നിവൃത്തിയില്ല. ഈ മൃഗബലികളെ പ്രോത്സാഹിപ്പിക്കുന്ന യാതൊരു സ്മൃതിയുമില്ല. ഉണ്ടെങ്കിൽ അതു് ഒരു സ്മൃതിയല്ല. നിങ്ങൾ എപ്പോഴെങ്കിലും ഈ ബലികൾ കഴിക്കുന്നുണ്ടെങ്കിൽ അവയെ നിങ്ങൾ നിറുത്തേണ്ടതാണു്." വേറൊരു സ്ഥലത്തു് അദ്ദേഹം ഒററ വാചകത്തിൽ ഒരു സന്ദേശം നൽകി. "എന്റെ ഈ തീൎത്ഥയാത്രയിൽ, ഇതിനുമുൻപു് ഒരിക്കലും ഞാൻ കണ്ടിട്ടില്ലാത്ത സംഗതികൾ കാണുന്നതിനും, മഹാരാജാവു തിരുമനസ്സിലെ ഈ മഹത്തായ വിളംബരം ജനങ്ങൾ യഥാൎത്ഥത്തിൽ അൎഹിച്ചിരുന്നു എന്നു മനസ്സിലാക്കുന്നതിനും ഞാൻ ആശിക്കുന്നു." ഈ വാക്കുകളിൽ ഗാന്ധിജിയുടെ തിരുവിതാംകൂറിലെ പ്രസംഗങ്ങളുടെ ബീജം അടങ്ങിയിട്ടുണ്ടു്. തിരുവനന്തപുരത്തെ വൻപിച്ച പൊതുയോഗത്തിലെ പ്രസംഗത്തിൽ—അദ്ദേഹത്തിന്റെ എല്ലാ പ്രസംഗങ്ങളിലുമെന്നപോലെ തിരുവനന്തപുരത്തെ വൻപിച്ച മഹായോഗത്തിലെ പ്രസംഗത്തിലും—മഹത്തായ വിളംബരം പ്രസിദ്ധപ്പെടുത്തിയതിൽ മഹാരാജാവു തിരുമനസ്സിനോടും മഹാറാണി തിരുമനസ്സിനോടും ഹാൎദ്ദമായ കൃതജ്ഞത പ്രകടിപ്പിച്ചിട്ടുണ്ടു്. എന്നാൽ വിളംബരത്തിൽ നിന്നു് ശാശ്വതമായ ഫലം ലഭിക്കുന്നതിലേക്കു് അതിൽ അടങ്ങിയിട്ടുള്ള തത്ത്വങ്ങൾ അനുഭവസിദ്ധമാക്കണമെന്നു ജനങ്ങളെ ഹൃദയപൂൎവ്വമായി ഉൽബോധിപ്പിക്കുകകൂടി അദ്ദേഹം ആ അവസരത്തിൽ ചെയ്തു.

ഈ വിളംബരം അവർണ്ണക്ക് എത്രമാത്രം ആഹ്ലാദം നൽകിയിട്ടുണ്ടെന്നു കാണുന്നതിന് ആഗ്രഹിക്കുന്നവർ ജനുവരി ൧൩-ാംതീയതി പൊതുയോഗം അവസാനിച്ചതിനുശേഷം തിരുവനന്തപുരത്തെ ആഘോഷങ്ങൾ കാണേണ്ടതായിരുന്നു. കൃതജ്ഞതാപ്രകടനത്തിലും ആഹ്ലാദത്തിലും ഭാഗഭാക്കുകളാകുന്നതിന് അവിടെ അനേകായിരം ഈഴവർ വന്നുകൂടിയിരുന്നു; ഈ ഘോഷയാത്രയിൽ സംബന്ധിക്കുന്നതിന് സംസ്ഥാനത്തുള്ളതിൽ വച്ച് ഏററവും നല്ലതും, അത്യാഡംബരമായി അലങ്കരിച്ചിട്ടുള്ളതുമായ ഗജവീരന്മാരെ ലഭിക്കുന്നതിന് അവക്ക് ധാരാളം ചെലവും നേരിട്ടിട്ടുണ്ട്.

ഒരു ജഡ്ജിയായിരുന്ന ആളും ആഘോഷങ്ങളുടെ ഒരു ഈഴവനേതാവുമായ ശ്രീയുത് എം. ഗോവിന്ദനോട്, "ഘോഷയാത്ര എങ്ങനെയായിരുന്നു?" എന്നു ഗാന്ധിജി ചോദിച്ചു.

"വളരെ നന്നായിരുന്നു. ഘോഷയാത്ര ഒരു മൈൽ ദൂരത്തിൽ കൂടുതലുണ്ടായിരുന്നു. സംസ്ഥാനത്തിലെ ഒന്നാംതരത്തിലുള്ള എല്ലാ ആനകളും അതിലുണ്ടായിരുന്നു; അതിലൊന്ന് ലോകത്തിലെ ഏററവും വലിയ ആനയാണ്" എന്ന് അദ്ദേഹം സന്തോഷപൂർവ്വം മറുപടി പറഞ്ഞു.

ഗാന്ധിജി അദ്ദേഹത്തെ കളിയാക്കിക്കൊണ്ടു പറഞ്ഞു: "എന്നാൽ ലോകത്തിൽ വച്ച് ഏററവും വലുതാണെന്ന് നിങ്ങൾ തീർച്ചയായും ഉദ്ദേശിക്കുന്നില്ലല്ലോ? അതു് തിരുവിതാംകൂറിൽ ഏററവും വലുതായിരിക്കും."

"അല്ല, മഹാത്മജി, അതു ലോകത്തിൽ വച്ച് ഏറ്റവും വലുതാണ്."

"എല്ലാക്കൊല്ലവും അനേകായിരം ആനകൾ കൂടുന്ന ബീഹാറിലുള്ള സോൺപൂരിലെ ആനച്ചന്ത നിങ്ങൾ കണ്ടിട്ടുണ്ടോ?"

"ഇല്ല, മഹാത്മജി, എന്നാൽ ഇതു് ഞങ്ങൾ കണ്ടിട്ടുള്ളതിൽ ഏററവും വലിയ ആനയാണ്."

"അതു കൊള്ളാം. വെടിക്കെട്ട് എങ്ങിനെയിരുന്നു?"

"വളരെ കേമമായിരുന്നു. ഇവിടെനിന്ന് അനേകം മൈൽ ദൂരത്തുള്ള ഗ്രാമങ്ങളിൽ നിന്ന് വാണങ്ങൾ കാണാമായിരുന്നു."

"മഹാരാജാവു തിരുമനസ്സുകൊണ്ടു് തൃക്കൺപാക്കുകയുണ്ടായോ?"

"അവിടുന്നു നേരിട്ടു് ഘോഷയാത്ര തൃക്കൺപാക്കയും കുറേദൂരം ഘോഷയാത്രയോടുകൂടി എഴുന്നെള്ളുകയും ചെയ്തു."

ഒരു ജഡ്ജിയായിരുന്ന ആളിനു് ഇത്രയും സന്തോഷം ഉണ്ടായിരുന്നെങ്കിൽ, അവരുടെ ഇടയിലുള്ള സാധാരണന്മാരുടെ സന്തോഷം എത്രമാത്രമാണെന്നു് ഊഹിക്കാവുന്നതാണല്ലോ. സാമുദായികമായും സാമ്പത്തികമായും സവർണ്ണരിൽ നിന്നു വളരെ താഴെയല്ലാത്ത തിരുവിതാംകൂറിലെ പത്തു ലക്ഷം ഈഴവരായിരുന്നു ക്ഷേത്രപ്രവേശനനിരോധനത്തിൽ ഏററവും ദുഃഖിതരായിരുന്നതു്. വാസ്തവത്തിൽ തൊടീൽ അവക്കു ദുഃഖമല്ലാതെ മറെറാന്നുമായിരുന്നില്ല. അങ്ങിനെ ഈ നിരോധനം നീക്കിയതു് അവരെ സംബന്ധിച്ചിടത്തോളം അയിത്തത്തിന്റെ നിർമ്മാർജ്ജനമായിരുന്നു. എന്നാൽ ഇത്രയും ഒച്ചപ്പാടു് ഉണ്ടാക്കാത്തവരുടെ സ്ഥിതിയെന്താണു്? പുലയർ തീച്ചയായും ക്ഷേത്രങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞിട്ടുണ്ടു്. എന്നാൽ അവരിൽ നിന്നും താഴ്ന്നവരായി ഗണിക്കപ്പെട്ടിട്ടുള്ളവരുടെ സ്ഥിതിയെന്താണു്? തങ്ങളുടെ സന്തോഷത്തിൽ എല്ലാ അവർണ്ണരേയും ഒരുപോലെ ഭാഗഭാക്കുകളാക്കുന്നതിനു് അദ്ദേഹം ഈഴവരോടു് അപേക്ഷിക്കയുണ്ടായി.

അവക്കു ലഭിച്ച ഈ മഹൽപരിഷ്കാരത്തിനു് അനുരൂപമായ വിധം ആത്മശുദ്ധി നിർവ്വഹിക്കുകയാണു് അവരുടെ മറെറാരു കൃത്യം. വെങ്ങാന്തുരിൽ വച്ചുള്ള പുലയരുടെ ഒരു മഹായോഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "ഈ വിളംബരം ബുദ്ധിപൂർവ്വകമായും മതപരമായും നിങ്ങൾ ഉപയോഗിക്കുമെന്നു് ഞാൻ ആശിക്കുന്നു. ക്ഷേത്രത്തിൽ പോകുന്നതുമൂലം നമുക്കു് വല്ല ഗുണവും സിദ്ധിക്കുന്നുണ്ടെന്നോ ഇല്ലെന്നോ ഉള്ളതു് നമ്മുടെ മനസ്ഥിതിയെ അവലംബിച്ചിരിക്കുന്നു. വിനയത്തോടും പശ്ചാത്താപത്തോടും കൂടിയാണു് നാം ഈ ക്ഷേത്രങ്ങളെ സമീപിക്കേണ്ടതു്. അവ ദൈവത്തിന്റെ ഗൃഹങ്ങളാണു്. ദൈവം തീച്ചയായും ഓരോ മനുഷ്യാകൃതിയിലും, അദ്ദേഹത്തിന്റെ സൃഷ്ടിയിലുള്ള ഓരോ അണുവിലും, ഈ ലോകത്തിലുള്ള എല്ലാററിലും വസിക്കുന്നുണ്ടു്. എന്നാൽ

തെററു ചെയ്യാറുള്ള മൎത്ത്യരായ നാം, ദൈവം എല്ലായിടത്തും ഉണ്ടെന്നുള്ള വസ്തുത ഗ്രഹിക്കുന്നില്ലാത്തതിനാൽ, ക്ഷേത്രങ്ങൾക്ക് പ്രത്യേക വിശുദ്ധി കല്പിക്കുകയും ദൈവം അവിടെ വസിക്കുന്നുണ്ടെന്നു വിശ്വസിക്കയും ചെയ്യുന്നു. അതിനാൽ ഈ ക്ഷേത്രങ്ങളിൽ നാം പ്രവേശിക്കുമ്പോൾ, നമ്മുടെ ദേഹവും നമ്മുടെ മനസ്സും നമ്മുടെ ഹൃദയവും നാം ശുചിയാക്കേണ്ടതാണ്; അവിടെ നാം ഭക്തിയോടുകൂടി പ്രവേശിക്കേണ്ടതും അവിടെ പ്രവേശിച്ചതിന്റെ ഫലമായി നമ്മെ കൂടുതൽ വിശുദ്ധരായ പുരുഷന്മാരും കൂടുതൽ വിശുദ്ധരായ സ്ത്രീകളും ആക്കിത്തീൎക്കുന്നതിന് ദൈവത്തോടു പ്രാൎത്ഥിക്കേണ്ടതും ആകുന്നു. ഒരു വൃദ്ധന്റെ ഈ ഉപദേശം നിങ്ങൾ സ്വീകരിക്കുന്നപക്ഷം നിങ്ങൾക്കു ലഭിച്ചിരിക്കുന്ന കായികമായ ഈ മോചനം ആത്മാവിന്റെ ഒരു മോചനംകൂടി ആയിത്തീരുന്നതാണ്."

വേറൊരു യോഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "ഈ അനുഗ്രഹീതവിളംബരം തീരേ ഉപയോഗശൂന്യമാക്കുന്നതിന് സവൎണ്ണൎക്കും അവൎണ്ണൎക്കും തീൎച്ചയായും സാധിക്കുന്നതാണ്; സവൎണ്ണൎ ഉദാസീനരും അതൃപ്തരും ആവുകയും, തൊടീൽ തങ്ങളുടെ ഹൃദയത്തിൽനിന്ന് അകററാതിരിക്കയും ചെയ്യാവുന്നതാണ്; വിളംബരത്തിന്റെ അനുഗ്രഹം തെററിദ്ധരിക്കയും ശരിയായ മനസ്ഥിതിയോടുകൂടി ക്ഷേത്രങ്ങളിൽ പോകാതിരിക്കയും ചെയ്താൽ, അവൎണ്ണൎക്ക് ഇതു തീരേ നിഷ്പ്രയോജനമാക്കാൻ കഴിയുന്നതുമാണ്. പുറകിൽ മാനസികമായോ മററു വിധത്തിലോ ഉള്ള യാതൊരു കരുതലുകളും ഇല്ലാത്ത ഈ വിളംബരം പുറപ്പെടുവിച്ചതിൽ മഹാരാജാവു തിരുമനസ്സുകൊണ്ടും, മഹാറാണി തിരുമനസ്സുകൊണ്ടും, ദിവാനും, അവരുടെ കൃത്യം നിൎവ്വഹിച്ചു. ഗവൎമ്മെൻറിന്റെ മഹനീയമായ ഈ പ്രവൃത്തിക്ക് തങ്ങൾ അൎഹരാണെന്ന് സവൎണ്ണരും അവൎണ്ണരും അവരുടെ യഥാൎത്ഥത്തിലുള്ള ധാൎമ്മികമായ സ്വഭാവംമൂലം തെളിയിക്കുന്നപക്ഷം, തിരുവിതാംകൂർ നാശോന്മുഖമായിരുന്ന ഹിന്ദുമതത്തിന്റെ ഉദ്ധാരകരെന്ന ചരിത്രപ്രസിദ്ധി സമ്പാദിക്കുമെന്നു വിശ്വസിച്ചുകൊള്ളുക. എന്തെന്നാൽ, തൊടീൽ ഉണ്ടായിരിക്കുന്നപക്ഷം ഹിന്ദുമതം നശിക്കുമെന്നുള്ള എന്റെ അഭിപ്രായം ഭേദപ്പെ

ടുത്തുന്നതിന്ന് തൊടീലിന്ന് എതിരായി തീവ്രയത്നം ചെയ്തു കൊണ്ടിരുന്ന ഈ ദീർഘകാലത്തിനിടയ്ക്ക് ഞാൻ ഒന്നും തന്നെ കാണുകയുണ്ടായിട്ടില്ല. നിങ്ങൾക്കെല്ലാവർക്കും അതേ വിശ്വാസം ഉണ്ടാകയും, തൊടീലിന്റെ മാലിന്യം നിങ്ങളുടെ ഹൃദയങ്ങളിൽനിന്ന് നിർമാർജ്ജനം ചെയ്തിട്ടുണ്ടെന്ന് നിങ്ങളുടെ ഓരോ പ്രവൃത്തിയിലും നിങ്ങൾ പ്രദർശിപ്പിക്കയും ചെയ്താൽ കൊള്ളാമെന്ന് ഞാൻ ആഗ്രഹിക്കുന്നു."

എല്ലാ പ്രധാനപ്പെട്ട ക്ഷേത്രങ്ങളും—അദ്ദേഹത്തിന്റെ മുൻപിലത്തെ സഞ്ചാരങ്ങളിൽ അദ്ദേഹം മനഃപൂർവം കയറാതിരുന്നിട്ടുള്ള എല്ലാ ക്ഷേത്രങ്ങളും—ഗാന്ധിജി സന്ദർശിക്കത്തക്കവണ്ണം സഞ്ചാരഭാരവാഹികൾ ഏർപ്പാട് ചെയ്തുണ്ടായി. മഹാരാജാവു തിരുമനസ്സിലെ സ്വന്തം ക്ഷേത്രമായ അനന്തപത്മനാഭസ്വാമിക്ഷേത്രം അദ്ദേഹം സന്ദർശിച്ചതിനു ശേഷമാണ് തിരുവനന്തപുരത്തെ പ്രസിദ്ധമായ പ്രസംഗം നടത്തിയത്. തെക്കു കന്യാകുമാരിയിലേയ്ക്കു പോയപ്പോൾ തിരുവട്ടാർ എന്നു പറയുന്ന ഒരു ചെറിയ സ്ഥലത്ത് ഞങ്ങൾ എത്തി. തിരുവിതാംകൂറിലെ ഏററവും പുരാതനമെന്നു വിശ്വസിക്കപ്പെടുന്ന ഒരു ക്ഷേത്രം ഇവിടെയാണു സ്ഥിതിചെയ്യുന്നത്. ഇവിടെ മൂന്നു കൊല്ലം മുൻപ് ഈ ക്ഷേത്രത്തിന്റെ ഗംഭീരമായ മതിൽക്കെട്ടിനരികെവെച്ചു നടത്തിയ ഒരു യോഗത്തിൽ ഗാന്ധിജി പ്രസംഗിക്കേണ്ടതായി വരികയും അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കാൻ ഇടയാകയും ചെയ്തു. "ഈ ക്ഷേത്രകവാടങ്ങൾ ഇന്ന് നമുക്കെതിരായി അടച്ചിട്ടിരിക്കുന്നു. എന്നാൽ ദൈവാനുകൂല്യമുണ്ടെങ്കിൽ താമസിയാതെ അവ നമുക്കു തുറന്നുതരേണ്ടതായിവരും." ഈ മഹാക്ഷേത്രത്തിന്റെ വിശാലമായ അന്തർഭാഗത്തിൽക്കൂടി നയിക്കപ്പെട്ടതിനുശേഷം ഒരു പൊതുയോഗത്തിൽ ഗാന്ധിജി പ്രസംഗിച്ചപ്പോൾ, അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നു നിർഗ്ഗമിച്ച ആത്മാനന്ദവും കൃതജ്ഞതയും എത്രമാത്രമായിരുന്നെന്നു പറയേണ്ടതില്ലല്ലൊ. ഭക്ത്യാദരങ്ങളോടും നിശ്ശബ്ദതയോടുംകൂടി ശ്രവിച്ചുകൊണ്ടിരുന്ന ഏകദേശം പതിനായിരം ജനങ്ങളോട് ക്ഷേത്രത്തിലേയ്ക്കു പോകുന്ന പൊക്കമുള്ള ഒരു കല്പടയുടെ മുകളിൽ ഇരുന്നുകൊണ്ട് ഗാന്ധിജി ഇപ്രകാരം പ്രസംഗിച്ചു:

"യഥാർത്ഥത്തിൽ തുലികയുടെ ഒരു ചലനംകൊണ്ടു് കഴിഞ്ഞ കാലങ്ങളിലെ പാപങ്ങൾ നിർമാജ്ജനം ചെയ്യപ്പെടുകയാണുണ്ടായതു്. വിളംബരം തുല്യംചാർത്തിയിരിക്കുന്നതു് മഹാരാജാവു തിരുമനസ്സുകൊണ്ടാണെങ്കിലും അതിന്റെ പിന്നിൽ നിൽക്കുന്ന ശക്തി ഭഗവാൻ ശ്രീപത്മനാഭസ്വാമിയുടേതാണു്. മഹാരാജാവിനെക്കുറിച്ചു് തിരുവിതാംകൂറിൽ പ്രചരിക്കുന്ന മനോഹരമായ ഐതിഹ്യം ഇപ്പോൾ മാത്രമാണു് ഞാൻ അറിഞ്ഞതു്. തിരുവിതാംകൂർ മഹാരാജാക്കന്മാർ പത്മനാഭദാസർ എന്ന പേരിലാണു് അറിയപ്പെടുന്നതെന്നു് തിരുവിതാംകൂറിലെ ഓരോ ബാലനും അറിയാമെന്നു ഞാൻ വിചാരിക്കുന്നു. തിരുമേനിമാർ പത്മനാഭസ്വാമിയുടെ വൈസ്രായിമാരാണു്. മഹാരാജാവു് എല്ലാ ദിവസവും ആ ക്ഷേത്രത്തിൽ പോയി ആ ദിവസത്തിൽ ചെയ്യേണ്ട പ്രവൃത്തികളെപ്പററി ഉപദേശങ്ങൾ സ്വീകരിക്കണമെന്നു് ഞാൻ ഇന്നലെ മനസ്സിലാക്കി. മനുഷ്യർ തമ്മിൽ സംഭവിക്കുന്നതുപോലെയല്ല ഈ ഉപദേശദാനവും സ്വീകരണവും നടക്കുന്നതെന്നുള്ളതു ശരിതന്നെ. എന്നാൽ ഈ ഇതിഹാസത്തിൽ അന്തർഭവിക്കുന്ന തത്വം വളരെ ശ്രേഷ്ഠമായിട്ടുള്ള ഒന്നാണു്. ഈശ്വരന്റെ അംഗീകാരമാകുന്ന മുദ്ര പതിഞ്ഞിട്ടില്ലാത്ത തെറേറാ പാപകരമോ ആയ ഒരു കൃത്യം മഹാരാജാക്കന്മാർ ചെയ്യുകയില്ലെന്നാണു് ഇതിന്റെ അർത്ഥം. അതുകൊണ്ടാണു് മഹാരാജാവു് ഇപ്പോൾ ചെയ്തിട്ടുള്ള കൃത്യം ഈശ്വരചൈതന്യത്തിന്റെ പ്രേരണമൂലം ഉണ്ടായിട്ടുള്ളതാണെന്നു ഞാൻ പറഞ്ഞതു്. ഈ മഹത്തായ വിളംബരത്തിന്റെ അവകാശികളായ നിങ്ങളെ അനുമോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നാം ഈ മഹൽകൃത്യത്തിന്റെ കാലത്തിനു വളരെ അടുത്തു ജീവിക്കുന്നതുകൊണ്ടു് അതിന്റെ മാഹാത്മ്യം മനസ്സിലാക്കുവാൻ നമുക്കു കഴിയുന്നില്ല. എന്റെ കഴിഞ്ഞ സന്ദർശനവേളയിൽ അന്നു് എനിക്കു വെറുപ്പുതോന്നിയ ഈ ക്ഷേത്രത്തിന്റെ ഭിത്തികൾക്കു വെളിയിൽ വച്ചു് ഒരു യോഗത്തിൽ പ്രസംഗിച്ചു. ഹരിജനങ്ങളിൽ ഏററവും താഴ്ന്ന ഹരിജനവും അധഃകൃതരിൽ ഏററവും വലിയ അധഃകൃതനും ആയ ഒരു പുലയനോ പറയനോ ആണു് ഞാനെന്നു സ്വയം വിചാ

രിച്ചു. മഹാരാജാവു തിരുമനസ്സുകൊണ്ടു തന്നെയും ഈശ്വരന്റെ ദാസൻ—അതായതു് ഹരിജൻ—എന്ന സ്ഥാനപ്പേരിനെ വഹിക്കുന്നു എന്നും, അഭിമാനത്തോടുകൂടി ആ പേരിൽ ത്തന്നെ തുല്യം ചാർത്തുന്നു എന്നും ഞാൻ ഇപ്പോൾ മനസ്സിലാക്കി. സേവനത്തിനുള്ള അവകാശംകൊണ്ടു് ഈശ്വരദാസന്മാരിൽ അഗ്രഗണ്യനാണു് അദ്ദേഹം എന്നുള്ളതിനു സംശയമില്ല. എന്നാൽ പ്രഭുക്കന്മാരിലും യജമാനന്മാരിലും അദ്ദേഹം ഒന്നാമനല്ല. സേവനത്തിൽ എപ്പോഴും പരസ്യമായും പ്രശംസനീയമായുമുള്ള മത്സരങ്ങൾ ഉണ്ടു്. അതു് പ്രതിഫലമോ പ്രശസ്തിയോ പ്രതീക്ഷിക്കുന്നില്ല. ഈ വിളംബരത്തെ നമുക്കു് ഈ നിലയിൽ വീക്ഷിക്കാം. തിരുവിതാംകൂറിലെ നമ്പൂതിരിമാരും മററു ബ്രാഹ്മണരും ഉൽകൃഷ്ടജാതിക്കാരെന്നഭിമാനിക്കുന്നവരും ഈ അവസരത്തിൽ ഉണർന്നെഴുന്നേററു് ഹരിജനങ്ങളായും ഈശ്വരദാസന്മാരായും തീരുകയും, അങ്ങിനെ അവരുടെ പ്രവൃത്തികൊണ്ടു് ഈ വിളംബരത്തിന്റെ ഫലമായി ഉൽകൃഷ്ടനും അപകൃഷ്ടനും എന്ന വ്യത്യാസമില്ലെന്നും, എല്ലാവരും ഈശ്വരദൃഷ്ടിയിൽ സമന്മാരാണെന്നും, അവരുടെ പ്രവൃത്തികളാൽ ലോകത്തിനു കാണിച്ചുകൊടുക്കുകയും ചെയ്യട്ടെ!"

ഈ പ്രശസ്തമായ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനുള്ള എളിയ അവകാശം എനിക്കും ഉണ്ടായിരുന്നതുകൊണ്ടു് ഈ ക്ഷേത്രങ്ങൾ പണികഴിച്ചിട്ടുള്ളവർ പ്രദർശിപ്പിച്ചിട്ടുള്ള ഭാവനയുടെ വൈപുല്യവും, ഈ ക്ഷേത്രങ്ങളുടെ സഹായം പോലും ലഭിക്കാതെ അന്ധകാരത്തിൽ ആണ്ടുപോയ മനുഷ്യന്റെ അല്പത്വവും കണ്ടു് ഞാൻ മതിമറന്നു സ്തംഭിച്ചു നിന്നുപോയിട്ടുണ്ടു്. മനുഷ്യൻ പ്രകാശത്തിന്റെ ഉറവുകളായ ഇവയെ അന്ധകാരനിബിഡങ്ങളായ ഗുഹകളായി രൂപാന്തരപ്പെടുത്തി. ഈ സഞ്ചാരത്തിൽ എനിക്കു കാണുവാനിടയായ അനവധി ക്ഷേത്രങ്ങളിൽ ഒന്നിനെയെങ്കിലും വർണ്ണിക്കുവാൻ പര്യാപ്തമായ കാലനൈപുണ്യം എനിക്കു ലഭിച്ചിരുന്നെങ്കിലോ എന്നു് ഞാൻ ആഗ്രഹിക്കുന്നു. എപ്പിഗ്രാഫിയാ, കർണ്ണാട്ടിക്കാ എന്ന പത്തു ഭാഗങ്ങളുള്ള സ്മരണീയഗ്രന്ഥങ്ങൾ രചിച്ച റൈസ് എന്ന ഗ്രന്ഥകാരന്റെ പരിശ്രമശീലവും വൈദഗ്ദ്ധ്യവും ഉള്ള ഒരു പുരാതനതത്വശാസ്ത്രജ്ഞൻ ഇന്നു് തിരു

വിതാംകൂറിലില്ല. ഞങ്ങൾ ഈ ക്ഷേത്രങ്ങളുടെ ഉത്ഭവകാലത്തെക്കുറിച്ച് ആരോടെങ്കിലും ചോദിക്കുമ്പോൾ, അവർ അനിശ്ചിതമായി "അനവധി സഹസ്രം വർഷങ്ങൾ" എന്ന് പറയാറുണ്ടായിരുന്നു. കൂടുതൽ സൂക്ഷ്മമായി പറയുമ്പോൾ അവർ "അയ്യായിരം കൊല്ലങ്ങൾ" എന്നു പറയും. അവ പ്രാചീനങ്ങൾതന്നെയാണ്. ഇൻഡ്യയിലെ മറേറതു ക്ഷേത്രങ്ങളേക്കാളും കൂടുതൽ പ്രാചീനങ്ങളാണ്. പക്ഷേ ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ, കൃഷ്ണൻ, രാമൻ തുടങ്ങിയ ആര്യവർഗ്ഗക്കാരുടെ ദേവന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്നതുകൊണ്ട് അവ ആര്യവർഗ്ഗക്കാരുടെ കാലത്തിനു മുൻപുള്ളവയായിരിക്കുവാൻ ഇടയില്ല. എങ്കിലും ഉത്തരഭാരതത്തിൽ കാണുന്ന ശില്പകലയിൽ നിന്ന് ഇവയുടെ ശില്പകല വിഭിന്നമാണ്. ക്ഷേത്രങ്ങളുടെ ഗർഭഗൃഹങ്ങളിൽ നില്ക്കുകയോ ഇരിക്കുകയോ ചെയ്യുന്ന പ്രധാന വിഗ്രഹത്തിനു ചുററും, അനവധി അപ്രധാനങ്ങളായ ആരാധനസ്ഥലങ്ങൾ സ്ഥിതിചെയ്യുന്ന ചതുരശ്രങ്ങളായ ക്ഷേത്രവാടങ്ങളും, ഇവയെല്ലാം വഹിച്ചുകൊണ്ടു നില്ക്കുന്ന സുന്ദരമായ ശില്പവേലകൾ ചെയ്തിട്ടുള്ള ഉയർന്നസ്തംഭങ്ങളും കാണാം. തിരുവനന്തപുരത്തും തിരുവട്ടാറുമുള്ള അനന്തപത്മനാഭക്ഷേത്രങ്ങളിൽ ആയിരം തലയുള്ള അനന്തൻ എന്ന സർപ്പത്തിന്മേൽ വിഷ്ണുഭഗവാന്റെ വലിയ വിഗ്രഹങ്ങൾ പള്ളികൊള്ളുന്നു. ഒരു പക്ഷേ ഈ രണ്ടു ക്ഷേത്രങ്ങളേയും കാൾ വലിപ്പമുള്ള ശുചീന്ദ്രംക്ഷേത്രത്തിൽ ശിവന്റെ വിഗ്രഹവും, കന്യാകുമാരിക്ഷേത്രത്തിൽ അനിതരസാധാരണമായ കഠിന തപസ്സുകൊണ്ട് ശിവനെ വശീകരിച്ച കന്യക ഉമയുടെ വിഗ്രഹവും ആണുള്ളത്. ക്ഷേത്രത്തിന്റെ മററു ഭാഗങ്ങളിൽ വേറെ പല വിഗ്രഹങ്ങളുമുണ്ട്. കലാസുന്ദരമായ രീതിയിൽ പണിതെടുത്തിട്ടുള്ള വിവിധവിഗ്രഹങ്ങൾ നിരന്നു നിൽക്കുന്ന അനവധി തൂണുകൾ ഉള്ള വിശാലമായ നടപ്പുര തിരുവനന്തപുരം ക്ഷേത്രത്തിലുണ്ട്. ശുചീന്ദ്രം ക്ഷേത്രത്തിലെ തൂണുകളിൽ രാമായണകഥ മുഴുവൻ കൊത്തിയിട്ടുണ്ട്. തിരുവനന്തപുരത്തും തിരുവട്ടാറുമുള്ള അനന്തപത്മനാഭക്ഷേത്രങ്ങളിലെ മുൻഭാഗത്തുള്ള മണ്ഡപം ൨൪ അടി നീളവും ൨൪ അടി വീതിയുമുള്ള ഓരോ ഒററക്കല്ലുകൊണ്ടു നിർമ്മിച്ച

താണ്. ശുചീന്ദ്രം ക്ഷേത്രത്തിന്റെ പ്രവേശനദ്വാരത്തിലുള്ള ഗോപുരം ഭാരതത്തിലെ ഏററവും വലിപ്പമുള്ളതും അതി സൂക്ഷ്മമായി പണികഴിച്ചിട്ടുള്ളതുമായ ഒന്നാണ്.

ഇതൊക്കെ ശുഷ്കവും നീരസപ്രദവുമായ വിവരണങ്ങളാണ്. അനവധി ഫണങ്ങളുള്ള ഒരു ഭയങ്കരസർപ്പത്തിന്റെ മടക്കുകൾപോലെ അസുഖപ്രദമായ പ്രപഞ്ചത്തിൽ യാതൊരു അസ്വസ്ഥതയുമെന്യേ കിടന്നു വിശ്രമിക്കുകയും, ഏകാഗ്രതയോടെ ചിന്തിക്കുന്ന ജനങ്ങളെ ജനനമരണഭയങ്ങളിൽനിന്നു വിമോചിപ്പിക്കുകയും ചെയ്യുന്ന സർവ്വേശ്വരനെക്കുറിച്ചുള്ള ആ ഭാവനയുടെ മാഹാത്മ്യം വാക്കുകൾകൊണ്ടു വ്യക്തമാക്കുന്നതെങ്ങിനെ? ലൌകികനായ ഒരു ചക്രവർത്തിയെ അല്ല, പിന്നെയോ, ഐഹികസുഖാനുഭവങ്ങൾ ദഹിപ്പിച്ചുണ്ടായ ഭസ്മം പൂശി, മൃത്യുസന്നിധിയിൽ ജീവിച്ച്, ഭയങ്കരതകളുടേയും കാരുണ്യത്തിന്റേയും അധീശത്വം ഒരേ സമയംതന്നെ വഹിക്കുന്ന ദേവനെ വരനായി തിരഞ്ഞെടുത്ത ഉമാദേവി അദ്ദേഹത്തെ ലഭിക്കുവാൻ വേണ്ടി അനുഷ്ഠിച്ച അതുലമായ കഠിനതപസ്സ് ഏതൊരു പേനയ്ക്കാണു വർണ്ണിക്കുവാൻ കഴിയുന്നത്? ഏതാനും മൈൽ അകലെ സ്ഥിതിചെയ്യുന്ന ശുചീന്ദ്രം ക്ഷേത്രത്തിലെ ശിവനോടു് ഉമയുടെ ചരിത്രം ഇതിഹാസപരമായി സംഘടിപ്പിച്ചിട്ടുണ്ട്. ഇൻഡ്യൻ മഹാസമുദ്രം, ബംഗാൾ ഉൾക്കടലും അറേബ്യൻസമുദ്രവുമാകുന്ന തന്റെ രണ്ടു കരങ്ങൾ കൊണ്ടു് പാദങ്ങൾ കഴുകുന്ന ഉമാദേവി, തന്റെ തപോനിഷ്ഠകൊണ്ടു് ഭാരതത്തിന്റെ ഏററവും ഉത്തരഭാഗത്തു സ്ഥിതിചെയ്യുന്ന കൈലാസത്തിൽ വസിക്കുന്ന ദേവനെ വശീകരിച്ചു എന്നു വിചാരിക്കുവാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. തപോനിഷ്ഠയ്ക്ക് സ്വർഗ്ഗപടിവാതിൽ ആക്രമിക്കുവാൻ കഴിയുന്നത് ഇങ്ങിനെയാണ്.

ഇതിനു മുൻപ് ഒരദ്ധ്യായത്തിൽ ഞാൻ തിരുവനന്തപുരം അനന്തപത്മനാഭക്ഷേത്രത്തെക്കുറിച്ചുള്ള ഐതിഹ്യം വിവരിച്ചിട്ടുണ്ട്. ശുചീന്ദ്രംക്ഷേത്രത്തെക്കുറിച്ചുള്ള ഐതിഹ്യം നോക്കുക:—

"അത്രിമഹാമുനിയും പതിവ്രതാരത്നമായ അദ്ദേഹത്തിന്റെ ഭാര്യ അനസൂയയും ഇന്ന് ശുചീന്ദ്രമെന്ന പേരിൽ അറിയപ്പെടുന്ന സ്ഥലത്തിനടുത്തുള്ള ഒരു പർണ്ണശാലയിൽ

തപസ്സു ചെയ്തുകൊണ്ടിരിക്കയായിരുന്നു. അത്രിമുനി പർണ്ണശാലയിൽ ഇല്ലാതിരുന്ന ഒരവസരത്തിൽ, അനുസൂയയുടെ പാതിവ്രത്യം ഒന്നു പരീക്ഷിക്കുവാൻ വേണ്ടി, ത്രിമൂർത്തികൾ മൂന്നു ബ്രാഹ്മണരുടെ വേഷം സ്വീകരിച്ച് അവിടെ ചെന്ന് ഭിക്ഷ ചോദിച്ചു. ഹിന്ദുക്കളുടെ ആതിഥ്യമുറകൾ അനുസരിച്ച് അതിഥി ദിവ്യനായതുകൊണ്ട് ഏതുവിധത്തിലെങ്കിലും സല്ക്കരിക്കണമെന്നു നിർബന്ധമുണ്ട്. അനുസൂയ അവരെ ആദരവോടുകൂടി സ്വീകരിച്ചു ഉപചരിച്ചു. ഭക്ഷണത്തിനിരുന്നപ്പോൾ വസ്ത്രം ധരിച്ചിട്ടുള്ളവർ ഭക്ഷണസാധനങ്ങൾ വിളമ്പിക്കൊടുത്താൽ ഭുജിക്കയില്ലെന്ന് ഒരു ശപഥം അവർ ചെയ്തിട്ടുണ്ടെന്ന് അനുസൂയയെ അറിയിച്ചു. വേറെ വിധത്തിൽ പറയുകയാണെങ്കിൽ നഗ്നമായി നിന്നു വിളമ്പിക്കൊടുക്കണമെന്ന് അവർ ആവശ്യപ്പെട്ടു. തൻെറ ചാരിത്ര്യത്തിൽ സ്വയം പൂർണ്ണമായ വിശ്വാസമുണ്ടായിരുന്നു എങ്കിലും, ആ ദിവ്യവനിത ഈ ദുർഘടമായ പരിതസ്ഥിതിയിൽ ഒന്നുചെയ്തു. അതിഥികൾ ശിശുക്കളായിത്തീരണമെന്നു ജഗദീശ്വരനോടുപ്രാർത്ഥിച്ചുകൊണ്ട്, അല്പം പരിശുദ്ധജലം അതിഥികളുടെ മേൽ ആജ്ഞിപതി തളിച്ചു. ബ്രാഹ്മണർ ശിശുക്കളായിത്തീരുകയും അനുസൂയ അവർക്ക് പാൽ കൊടുത്തു ശുശ്രൂഷിക്കുകയും ചെയ്തു. അവർ അങ്ങിനെ കുട്ടികളെ ഓമനിച്ചുകൊണ്ടിരിക്കുമ്പോൾ ശിവൻ, വിഷ്ണു, ബ്രഹ്മാവ് എന്നിവരുടെ ഭാര്യമാരായ പാർവ്വതിയും, ലക്ഷ്മിയും, സരസ്വതിയും ഭർത്താക്കന്മാരെ അന്വേഷിച്ച് അവിടെ വരികയും, ഭർത്താക്കന്മാരെ ഈ നിലയിൽ കണ്ട് കഠിനമായ തപസ്സ് ആരംഭിക്കുകയും ചെയ്തു. മഹാദേവൻ പ്രത്യക്ഷമായി അവരുടെ അഭീഷ്ടങ്ങൾ സാധിച്ചുകൊടുത്തു. മൂന്നു ശിശുക്കൾ മൂന്നു ദേവന്മാരായി രൂപാന്തരപ്പെട്ടതോടുകൂടി അനസൂയ, ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തികളെ തന്റെ മുൻപിൽ അവരുടെ യഥാർത്ഥരൂപങ്ങളിൽ കാണുകയും ചെയ്തു. അവരെ ശിശുക്കളായി രൂപഭേദപ്പെടുത്തിയ അപരാധത്തിന് കാൽക്കൽ വീണു മാപ്പ് അപേക്ഷിക്കുകയും, അതുപോലെ മൂന്നു ശിശുക്കൾ ഉണ്ടാകുവാൻ വരം തരണമെന്നു പ്രാർത്ഥിക്കുകയും ചെയ്തു. അതിൻെറ ഫലമായി ത്രിമൂർത്തികളുടെ സകല ഗുണങ്ങളും തികഞ്ഞ ദത്താത്രേയൻ

എന്ന ഒരു പുത്രൻ അനസൂയയ്ക്കു് ഉണ്ടാകുകയും ചെയ്തു. ഈ സംഭവത്തിന്റെ സ്മരണയെ നിലനിർത്തുവാൻ വേണ്ടിയാണു് ബ്രഹ്മാവു്, വിഷ്ണു, ശിവൻ എന്നീ മൂന്നു ദേവന്മാർക്കും ഇവിടെ പൂജ നടത്തുന്നതു്."

അനസൂയാദേവിയുടെ നാമധേയം പരിശുദ്ധി കലർന്നതായി ഗണിക്കപ്പെട്ടുപോരുന്നതിലും, എല്ലാകാലങ്ങളിലും ജീവിച്ചിരുന്നിട്ടുള്ള അനവധിസഹസ്രം സ്ത്രീകൾ ആ നാമധേയത്തോടു് അനുബന്ധിച്ചിട്ടുള്ള ഇതിഹാസം ആനന്ദപൂർവ്വം ആവർത്തിച്ചുപോരുന്നതിലും അതിശയിക്കുവാൻ ഒന്നുമില്ല. ഈ ക്ഷേത്രം ആത്മശുദ്ധി നേടുവാനുള്ള ഒരു സ്ഥലമായി എല്ലാവരും ഗണിച്ചുപോരുന്നു. ഇന്ദ്രൻപോലും ഇവിടെയാണു പാപപരിഹാരം നേടിയിട്ടുള്ളതു്. ഇൻഡ്യയുടെ അവസാനസ്ഥലത്തു സ്ഥിതിചെയ്യുന്ന കന്യാകുമാരിയെപ്പോലുള്ള ക്ഷേത്രങ്ങളുടെ പ്രാചീനത്വം അവിതർക്കിതമാണു്. മഹാഭാരതത്തിൽ ഈ ക്ഷേത്രത്തെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ടെന്നു മാത്രമല്ല, പെരിപ്ലസ് എന്ന പ്രാചീന യവനഗ്രന്ഥത്തിൽ പോലും ഗ്രന്ഥകർത്താവു് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "ജീവിതത്തിന്റെ അന്ത്യഘട്ടം മതത്തിനു വേണ്ടി സമർപ്പിക്കണമെന്നു്, ആഗ്രഹിക്കുന്നവർ ഇവിടെ വന്നു കുളിച്ചു് ബ്രഹ്മചര്യമനുഷ്ഠിച്ചു നിവസിക്കുന്നു." കാശിയിലെ ഒരു ബ്രാഹ്മണന്റെ പത്നിയായിരുന്ന സതി കന്യാകുമാരിവരെ നടന്നുവന്നു കടലിൽ കുളിച്ചു് കുമാരീദേവിയുടെ പാദങ്ങൾ ഭജിച്ചു് പാതിവ്രത്യഹീനതയെന്ന പാപത്തെ നശിപ്പിച്ചു എന്നു് ൨-ാം ശതാബ്ദത്തിലെ ഒരു തമിഴ്കൃതിയായ മണിമേഖല എന്ന പ്രസിദ്ധ മഹാകാവ്യത്തിൽ ഒരു ഐതിഹ്യം കാണുന്നുണ്ടു്. അക്കാലങ്ങളിൽ പാതിവ്രത്യത്തിനു കല്പിച്ചിരുന്ന ശ്രേഷ്ഠതയും, തപോനിഷ്ഠയുടെ ശക്തിയിലുള്ള വിശ്വാസവും അത്ര വലുതായിരുന്നു.

കാലക്രമേണ ഈ ഐതിഹ്യങ്ങളിൽ അന്തർഭവിക്കുന്ന ശ്രേഷ്ഠമായ ഗുണപാഠങ്ങൾ നാം മറന്നുകളഞ്ഞു. ചിരട്ട സൂക്ഷിക്കുവാനുള്ള നമ്മുടെ ശ്രദ്ധത്തിൽ അകത്തുള്ള കഴമ്പു് ഇല്ലാതായി. ഒടുവിൽ അകത്തു് കഴമ്പുണ്ടായിരുന്നു എന്നുള്ള കാര്യം തന്നെ നാം വിസ്മരിക്കുകയും ചെയ്തു. അകത്തുള്ള കഴമ്പിനെക്കു

റിച്ച് ഇനിയും വിചാരിക്കുവാൻ തുടങ്ങിയില്ലെങ്കിൽ, ഈ ക്ഷേത്രങ്ങൾ നമ്മുടെ വിമോചനത്തിനുള്ള ഉപകരണങ്ങളായി ഭവിക്കയില്ല. നാഗർകോവിലിൽവച്ച് ൧൦൦൦൦ ജനങ്ങൾ കൂടിയ ഒരു മഹായോഗത്തെ അഭിമുഖീകരിച്ചപ്പോൾ ഇങ്ങിനെ ചില കാര്യങ്ങളാണു ഗാന്ധിജിയുടെ ഹൃദയത്തിലുണ്ടായിരുന്നത്. മറെറാരു അവസരത്തിൽ പരിപുഷ്ടമാക്കിക്കൊള്ളാമെന്നു വിചാരിച്ച് അദ്ദേഹം ഈ ആശയം മാത്രം സഭയുടെ മുൻപിൽ സമർപ്പിച്ചു.

"തൊടീൽ ആചാരം ഹിന്ദുമതത്തിലെ മനോഹരസുമങ്ങളെ വാട്ടിക്കളയുമെന്നു ഭയപ്പെടുത്തിയ ചില കളകളായിരുന്നു എന്നും, ഇപ്പോഴും ആകുന്നു എന്നും, ഞാൻ വിചാരിക്കുന്നു. അയിത്താചാരമാകുന്ന ശാപത്തെ ഹിന്ദുമതത്തിൽ നിന്നു തുരത്തുവാനുള്ള ധീരവും ശ്രേഷ്ഠവുമായ ഒരു ശ്രമമായി ഈ വിളംബരത്തെ ഞാൻ കരുതുന്നു. ഇങ്ങിനെയൊരു വിളംബരം പ്രഖ്യാപനം ചെയ്തതിൽ മഹാരാജാവും അദ്ദേഹത്തിൻെറ ഉപദേശകന്മാരും അയിത്താചാരത്തിൻെറ അടിതോണ്ടുകയാണു ചെയ്തിരിക്കുന്നത്. എന്നാൽ സവർണ്ണരും അവർണ്ണരും ഒന്നുപോലെ ഇതിനെ സ്വാഗതം ചെയ്തില്ലെങ്കിൽ ഈ വിളംബരം പ്രയോജനശൂന്യമായി ഭവിക്കും. ഞാൻ എൻെറ സ്വന്തനിശ്ചയം അനുസരിച്ച് അല്പകാലം മുൻപു വരെ ഉപേക്ഷിച്ചിരുന്ന ക്ഷേത്രങ്ങൾ സന്ദർശിക്കുകയല്ലാതെ തിരുവിതാംകൂറിൽ വന്നതിൽ പിന്നീട് മററു യാതൊന്നും ചെയ്തിട്ടില്ല. തിരുവിതാംകൂറിലെ ഹിന്ദുക്കളിൽ ഭൂരിഭാഗത്തെ ഈ ക്ഷേത്രങ്ങളിൽനിന്ന് അകററിനിറുത്തിയിരുന്നിടത്തോളം കാലം അവയ്ക്ക് യഥേഷ്ടം പ്രവർത്തിക്കുവാൻ അവകാശമുണ്ടായിരുന്നു. ഈ വിളംബരം ഹിന്ദുമതത്തെ പരിശുദ്ധപ്പെടുത്തുവാനുള്ള പ്രവർത്തനത്തിൻെറ ആരംഭമായതുകൊണ്ട് സവർണ്ണക്കും അവർണ്ണക്കും ഇതിൽ ഓരോ പങ്കുകൾ വഹിക്കുവാനുണ്ട്. ഇന്നലെവരെ അയിത്തജാതിക്കാരെന്നു കരുതപ്പെട്ടുപോന്നവരെ നിസ്സഹായരായിത്തന്നെ വിട്ടേയ്ക്കുവാനാണ് സവർണ്ണ ഹിന്ദുക്കൾ തുടങ്ങുന്നതെങ്കിൽ അതിൽനിന്നുണ്ടാകുന്ന പഴി അവരിൽതന്നെ പ്രതിഫലിക്കുന്നതാണ്. അതുകൊണ്ട് ഹിന്ദുമതത്തിൻെറ വളർച്ചയിൽ ക്ഷേത്രങ്ങൾക്കുള്ള സ്ഥാനം

എന്തെന്നു നമുക്കു കണ്ടുപിടിക്കേണ്ടതു് അത്യാവശ്യമാണു്. സ്ചേതനനായ ഒരു ഈശ്വരൻ ഈ ക്ഷേത്രങ്ങളിൽ നിവസിക്കുന്നുണ്ടോ എന്നു നമുക്കു കണ്ടുപിടിക്കുവാനുണ്ടു്. നാം നമ്മുടെ ഹൃദയവും ബുദ്ധിയും അതിൽ വ്യാപരിപ്പിച്ചില്ലെങ്കിൽ നമ്മുടെ അന്വേഷണം വിഫലമാകും. ഈ അന്വേഷണം എങ്ങിനെ തുടരണമെന്നു് എനിക്കു് അറിയാമെന്നു് എന്റെ എളിയബുദ്ധിയിൽ തോന്നുന്നു. എന്നാൽ ഈ അന്വേഷണം തുടങ്ങുന്നതിനു കൂടുതൽ സൌകര്യമുള്ള മറെറാരു അവസരം ഞാൻ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ ഒരു അന്വേഷണം തുടങ്ങുവാനുള്ള നിങ്ങളുടെ തൃഷ്ണയെ ഉണർത്തിവിടുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ, തല്ക്കാലം ഞാൻ അതുകൊണ്ടു സംതൃപ്തനായിക്കൊള്ളാം."

ഈ വിളംബരത്തിൽനിന്നു ജനിക്കുന്ന കർത്തവ്യം കണ്ടുപിടിക്കുന്നതിലും അതു പ്രയോഗത്തിൽ കൊണ്ടുവരുന്നതിലും തിരുവിതാംകൂർ ഭാരതത്തിനു് ഒരു മാർഗ്ഗദർശി ആയിത്തീരും എന്നു വിശ്വസിക്കാം.

VI

തീർത്ഥയാത്ര.

II

ദിവസങ്ങൾ കഴിഞ്ഞുപോയതോടുകൂടി തീർത്ഥയാത്ര, നാടൊട്ടുക്കു പ്രചരിക്കുന്ന ആത്മപരിശുദ്ധിയും ഉണർച്ചയുമാകുന്ന ഗംഗാനദിയിലെ ഒരു പുണ്യസ്നാനമെന്നപോലെ ഫലവത്തായിത്തീൎന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും അസംതൃപ്തിയുണ്ടായിരുന്നു എന്നും, വയ്ക്കം തുടങ്ങിയ ചില യാഥാസ്ഥിതികകേന്ദ്രങ്ങളിൽ യാഥാസ്ഥിതികന്മാരായ ചിലർ ക്ഷേത്രങ്ങളെ ബഹിഷ്കരിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങിയിരുന്നു എന്നും ഞങ്ങളെ അറിയിച്ചിരുന്നു. എന്നാൽ ഇതിന്റെ ലക്ഷണങ്ങൾ ഒന്നും ഞങ്ങൾക്ക് കാണുവാൻ കഴിഞ്ഞില്ല. ഗാന്ധിജി തിരുവിതാംകൂറിന്റെ തെക്കും വടക്കുമായി അനവധി സഹസ്രം ജനങ്ങൾ സമ്മേളിച്ച യോഗങ്ങളിൽ പ്രസംഗിച്ചു. എങ്കിലും പ്രതികൂലമായ ഒരു ശബ്ദംപോലും കേൾക്കുകയുണ്ടായില്ല. ക്ഷേത്രങ്ങളിൽത്തന്നെ അനവധി സഹസ്രം സവർണ്ണർ അത്രയുംതന്നെ അവർണ്ണരോടു തോളോടുതോൾ ചേൎന്നുനിന്ന് പ്രാൎത്ഥന നടത്തി. കാൎയ്യങ്ങൾ മനസ്സിലാക്കുവാൻ കഴിവുള്ള സവർണ്ണരിൽ സംഭവിച്ചിരുന്ന മാനസാന്തരം സന്ദൎശകരെക്കൊണ്ടു് സന്തോഷാശ്രു പൊഴിപ്പിച്ചു. "ഈ ദേവാലയത്തേയും, അവിടെ വരുന്ന ഹരിജനങ്ങളെ സ്വീകരിക്കുന്ന സ്നേഹാർദ്രമായ രീതിയേയും മാത്രം കാണുവാനായിട്ടെങ്കിലും ഞാൻ തിരുവിതാംകൂർ സന്ദൎശിക്കാതിരുന്നെങ്കിൽ അതൊരു മൌഢ്യമായിരുന്നേനെ" എന്നു ഗാന്ധിജി സമ്മതിച്ചുപോയി.

മഹാത്മജി ഈ വാക്കുകൾ ഉച്ചരിച്ചതു് നമ്പൂതിരിമാരുടെ ഒരു പ്രബലകേന്ദ്രമായ കുടമാളൂർ വച്ചായിരുന്നു. നമ്പൂതിരിമാരുടെ ഒരു വലിയ ഭാഗം ഇവിടത്തെ യോഗത്തിൽ സന്നിഹിതരായിരുന്നതിനുപുറമെ അവർ പ്രകടിപ്പിച്ച ഉത്സാഹവും പരസ്പരസാഹോദൎയ്യവും അപൂർവ്വമായ ഒരു്

അത്ഭുതപ്രകാശനം മാത്രമായിരുന്നു. ഊരാളന്മാരിൽ വച്ച് പ്രധാനി ഗാന്ധിജിയോടൊപ്പം നടന്ന് അദ്ദേഹത്തിന്ന് ഒരു കുട പിടിച്ചും, ചെരുപ്പക്കാരായ കുറെ ഹരിജനങ്ങളെ സാവധാനത്തിൽ ഗാന്ധിജിയുടെ മുമ്പിലേക്ക് ഉന്തിവിടുകയും ചെയ്തുകൊണ്ട് അവരെ ക്ഷേത്രത്തിന്റെ ഗർഭഗൃഹത്തിലേക്ക്—ശ്രീകോവിലിലേക്ക് നയിച്ചു. ആ ഊരാളൻ അന്നത്തെ ആഘോഷങ്ങളിൽ പങ്കുകൊള്ളുവാനായി അനേകം ഹരിജനങ്ങളെ നേരത്തെതന്നെ ക്ഷണിച്ചുവരുത്തിയിരുന്നു. ഞങ്ങൾ അവിടെ എത്തിയ അവസരത്തിൽ അവർ ക്ഷേത്രത്തിന്റെ മുൻവശത്ത് വൃത്തത്തിലുള്ള ഒരുതരം നൃത്തവിശേഷത്തിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ഞങ്ങൾ അവിടെ എത്തിയതോടുകൂടി അവർ, ആ ഘോഷയാത്രയെ ക്ഷേത്രത്തിനകത്തേക്കു നയിച്ചു. ക്ഷേത്രം ഊരാളനും, പ്രധാന നമ്പൂരി തന്ത്രിയും, ഇതെല്ലാം ഏർപ്പാടു ചെയ്തിരുന്ന ആളും ആയ ആ നമ്പൂതിരിക്ക് സ്ത്രീപുരുഷന്മാർ അടങ്ങിയ ആ ഹരിജനസംഘത്തോടൊത്ത് ക്ഷേത്രാന്തർഭാഗത്തു പ്രവേശിച്ച അവസരത്തിൽ താൻ ഒരു ശുദ്ധീകരണകർമ്മാനുഷ്ഠാനത്തിൽ ഏർപ്പെട്ടിരിക്കുന്നതുപോലെ തോന്നുകയും, അദ്ദേഹം അവരോട് പ്രസാദം വാങ്ങുവാൻ നിർബന്ധിക്കുകയും ചെയ്തു. തിരുവിതാംകൂറിലെ സവർണ്ണഹിന്ദുക്കൾ ഈ വിളംബരത്തിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ തികച്ചും പ്രവൃത്തിരൂപത്തിൽ കൊണ്ടുവരാൻ ശ്രമിക്കുമെന്നും, തന്മൂലം അവർ "ഹിന്ദുമതത്തിന്റെ രക്ഷിതാക്കളല്ലെങ്കിലും ഉദ്ധാരകന്മാർ" എന്ന പ്രശസ്തിബിരുദത്തിന് അർഹന്മാരായിത്തീരുമെന്നും ഉള്ള ആശയെ പ്രകടിപ്പിച്ചിട്ടുള്ള മഹാത്മജി പുനർജന്മമെന്നും പുനർജീവിക്കലെന്നും ഉള്ള പദങ്ങൾ നിരർത്ഥകമായി ഉച്ചരിക്കയല്ല ചെയ്തത്. ഈ ക്ഷേത്രം പണികഴിച്ചതായി പറയപ്പെടുന്ന പരശുരാമന്റെ കാലത്തോളം തന്നെ ഇതിനു പഴക്കമുണ്ടെന്നു പറയപ്പെടുന്നു. ഈ ഉണർവ്വിനു മുൻപ് മഹാരാജാക്കന്മാർപോലും ഇതിൽ പ്രവേശിച്ചിരുന്നതായി വിചാരിക്കപ്പെട്ടുവരുന്നില്ല.

ചെങ്ങന്നൂർവച്ച് സ്വകാര്യഹർമ്മ്യങ്ങളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതും നമ്പൂതിരിമാരുടെ വകയും ആയ ഒരു സ്വകാര്യക്ഷേത്രം ആദ്യമായി അവർണ്ണക്കു തുറന്നുകൊടു

ക്കുവാൻ ഗാന്ധിജിയോടപേക്ഷിച്ചു. നമ്പൂതിരിസ്ത്രീകൾ അന്യരുടെ സമീപത്തു വരുമ്പോൾ ഓലക്കുടകൊണ്ടു മുഖം മറയ്ക്കുന്ന ഒരുതരം ഘോഷാസമ്പ്രദായം ആചരിക്കാറുണ്ട്. ബഹുദശം നമ്പൂതിരിസ്ത്രീകൾ ക്ഷേത്രത്തിനു മുൻപുള്ള നാലുകെട്ടിൽ സമ്മേളിച്ചിരുന്നു. അവർ ഘോഷാസമ്പ്രദായം വലിച്ചെറിഞ്ഞു് അവരുടെ സ്വകാര്യക്ഷേത്രത്തിനകത്തേക്കു് ഗാന്ധിജി ഹരിജനങ്ങളുടെ ഘോഷയാത്ര നയിച്ചുകൊണ്ടു പോകുന്നതു കാണുവാൻ ഉൽക്കണ്ഠയോടെ കാത്തിരിക്കുകയായിരുന്നു. ആ ഇല്ലത്തെ പ്രധാനികളായ പുരുഷന്മാർ ഗാന്ധിജിയുടെ മുൻപിൽ വന്നു് തള്ളിക്കയറി നമസ്കരിച്ചു്, മുഖസ്തുതി പറയുവാനല്ല, പിന്നെയോ, അവരുടെ ഹൃദയങ്ങളിൽ തിളച്ചുപൊങ്ങുന്ന വികാരങ്ങളെ പ്രകടിപ്പിക്കുവാനായി ഇങ്ങിനെ പറഞ്ഞു: "ഞങ്ങളുടെ ഗൃഹം ഇന്നു പാവനമായിത്തീർന്നിരിക്കുന്നു." എഴുപതിനെക്കാൾ എൺപതിനോടടുത്തു വയസ്സു വരുന്ന ഒരു വൃദ്ധയായ നമ്പൂതിരിസ്ത്രീ ഗാന്ധിജിക്കു് സ്വർണ്ണവും മുത്തുംകൊണ്ടുണ്ടാക്കിയ വിലപിടിച്ച ഒരു മാല സംഭാവന ചെയ്തു. പുല്യബാലന്മാർ അവരുടെ കാട്ടുകയറിയ ഭാവനയിൽപോലും ഇങ്ങിനെ ഒരു സ്ഥിതി വരുമെന്നു സങ്കല്പിച്ചിരുന്നില്ലാത്തതുകൊണ്ടു് ക്ഷേത്രത്തിനകത്തു കയറുവാൻ വൈമനസ്യം പ്രകടിപ്പിച്ചപ്പോൾ നമ്പൂതിരിമാരിൽ പ്രധാനിതന്നെ അവരെ വിളിച്ചു് അകത്തുകൊണ്ടുപോയി പ്രസാദം നൽകി.

കൊട്ടാരക്കര വച്ചു് ശ്രീയുത് കെ. എൻ. നമ്പൂരിപ്പാടു് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട സ്വകാര്യക്ഷേത്രം തുറന്നുകൊടുക്കുവാൻ ഗാന്ധിജിയെ ക്ഷണിക്കുകയും, അവിടെവച്ചു തന്നെ അദ്ദേഹത്തിന്റെ മററു ഏ ക്ഷേത്രങ്ങൾ തുറന്നുകൊടുത്തിരിക്കുന്നതായി പ്രഖ്യാപിക്കയും ചെയ്തു. അദ്ദേഹത്തിനു് കൊച്ചിയിലും ഒരു ക്ഷേത്രമുണ്ടു്. അതു് തുറന്നുകൊടുക്കുവാൻ അദ്ദേഹത്തിനു സമ്മതവുമാണു്. എന്നാൽ പ്രത്യക്ഷത്തിൽതന്നെ അവിടെയും ഒരു രാജകീയവിളംബരം അദ്ദേഹം പ്രതീക്ഷിക്കുന്നു.

അവർണ്ണരുടെ ആനന്ദം വാക്കുകൾകൊണ്ടു വിവരിക്കുവാൻ പ്രയാസമാണു്. അതു് ഹൃദയത്തിൽനിന്നും നിഷ്കളി

ക്കുന്നതും കൃതജ്ഞതാസമ്പൂർണ്ണവും പൊട്ടിപ്രവഹിക്കുന്നതും ഉന്മാദപരവുമാണ്. സാഹോദര്യത്തിന്റെ പ്രത്യക്ഷമായ ആലിംഗനം അവർ അനുഭവിച്ചു. സാക്ഷാൽ ജഗദീശ്വരനെ ത്തന്നെ കണ്ടതുപോലെയുള്ള ആനന്ദം വിഗ്രഹദർശനം അവരിൽ ഉല്പാദിപ്പിച്ചു. അവർ വിഗ്രഹത്തിന്റെ മുൻപിൽ ഇരച്ചുകയറി. മഹാരാജാവു തിരുമനസ്സിലേയും, ഗാന്ധിജിയുടേയും മുൻപിൽ അവർ പ്രണമിച്ചു. പൊതുസ്ഥലങ്ങളിൽ സന്നിഹിതനാകുന്ന പതിവില്ലാത്തതുകൊണ്ട് മഹാരാജാവു തിരുമനസ്സിലേക്ക് ഇത്തരം വിമ്മിഷ്ടങ്ങളിൽനിന്നു രക്ഷ നേടുവാൻ കഴിഞ്ഞു. ഗാന്ധിജിക്ക് അതിൽനിന്നു രക്ഷ നേടുവാൻ നിവൃത്തിയില്ലായിരുന്നു; എന്തുകൊണ്ടെന്നാൽ അദ്ദേഹം എപ്പോഴും പൊതുജനങ്ങളിൽ ഒരുവനാണ്. അദ്ദേഹം പൊതുജനങ്ങൾക്ക് അവകാശപ്പെട്ട ആളാണ്. സുപ്രസിദ്ധമായ ഒരു പദ്യം ഗുരുവിനെ ഇങ്ങനെ കീർത്തിക്കുന്നു.

ഗുരുഗോവിന്ദ് ദോനോ ഖഡേ കിസകൊലാംഗുപായ്—
ബലിഹാരിഗുരുദേവ്കീജിസനേ ഗോവിന്ദ്ദിയോബതായ്.

(ദൈവവും ഗുരുവും എന്റെ മുൻപിലുണ്ട്. ഞാൻ ആരേയാണു വണങ്ങേണ്ടത്? എനിക്ക് ഈശ്വരനെ കാണിച്ചുതന്ന ആളെ ഞാൻ ആദ്യം വണങ്ങും.) അതിരു കടന്ന ആനന്ദവും കൃതജ്ഞതയും പ്രദർശിപ്പിച്ച ആ ജനക്കൂട്ടത്തിന്റെ വികാരം ഏകദേശം ഈവിധത്തിലുള്ളതായിരുന്നു.

ക്ഷേത്രപ്രവേശനപ്രക്ഷോഭണം പരിപൂർണ്ണമായി പരിഷ്കൃതന്മാരുടെ ഒരു സൃഷ്ടിയാണെന്നും, ക്ഷേത്രപ്രവേശനം ഗണ്യമാക്കിയിട്ടില്ലാത്ത ജനങ്ങളോട് അതിനു യാതൊരു ബന്ധവുമില്ലെന്നും ഇതിന്റെ വിമർശകന്മാർ സാധാരണ പറയാറുണ്ട്. ഈ വിമർശകന്മാക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ—തെളിവുകൾ അവരിൽ വിശ്വാസം ജനിപ്പിക്കുമെങ്കിൽ—തിരുവിതാംകൂറിൽ പോയി ഈ വിളംബരം സംബന്ധിച്ചുണ്ടായ ആഹ്ലാദപ്രകടനങ്ങളുടെ സ്വാഭാവികത അവർ കാണേണ്ടതായിരുന്നു. ആറന്മുള എന്ന സ്ഥലത്ത് മനോഹരമായ പമ്പാനദിക്ക് അഭിമുഖമായി നില്ക്കുന്ന ഒരു ഗവമ്മെൻറ് ക്യാംപ്ഷെഡ്ഡിലാണ് ഞങ്ങൾ താമസിച്ചത്. ഞങ്ങളുടെ യോഗം പൂഴയുടെ മറുകരയിലായിരുന്നു. യോഗസമയത്തിനു വളരെ

മണിക്കൂറുകൾ മുമ്പുതന്നെ അനവധി സഹസ്രം ജനങ്ങൾ അവിടെ സമ്മേളിച്ചിരുന്നു. എന്നാൽ ഗാന്ധിജി പുഴ കടക്കുവാൻ വള്ളത്തിൽ കയറുന്നതിനു ചെന്നപ്പോൾ പുഴയിൽ അരയോളം വെള്ളത്തിൽ നിന്ന് അനവധി ശതം വാര നീളത്തിൽ പുഴ തന്നെ മറച്ചുകളയുന്ന ബഹുസഹസ്രം ജനങ്ങൾ പിന്നെയും കാത്തുനിൽക്കുന്നുണ്ടായിരുന്നു. അവർ വള്ളത്തെ അനുഗമിച്ച് യോഗസ്ഥലത്ത് ആദ്യം കൂടിയിരുന്ന ജനപ്പെരുപ്പ വർദ്ധിപ്പിച്ചു. അവിടെയും കഠിനമായ വെയിലിൽ നിന്നുകൊണ്ട് അവർ നിശ്ശബ്ദമായി കഴിയുംവിധത്തിൽ പ്രസംഗം ശ്രദ്ധിച്ചുകൊണ്ടിരുന്നു. വയ്ക്കത്ത് പന്ത്രണ്ടു വർഷം മുൻപ് സത്യഗ്രഹരംഗങ്ങളായിരുന്ന ക്ഷേത്രറോഡുകളിൽ തിങ്ങി നിരന്നുനിന്നിരുന്ന ജനങ്ങളും, ക്ഷേത്രത്തിനകത്തും യോഗസ്ഥലത്തും കൂടിയിരുന്ന ജനക്കൂട്ടവും ആയിരുന്നു ഒരുപക്ഷേ സംഖ്യയിൽ ഏററവും മികച്ചത്. ഏതാനും മണിക്കൂറുകൾ അവരുടെ ഇടയിൽ കഴിച്ചുകൂട്ടിയതും ആഹ്ലാദപ്രകടനങ്ങളിൽ പങ്കെടുത്തതും ഒരു മഹാകാവ്യമായിരുന്നു.

ആഹ്ലാദപ്രകടനരംഗങ്ങൾ മനുഷ്യരെ ആഹ്ലാദഭരിതരും കൃതജ്ഞതാപരവശന്മാരും ആക്കിത്തീർത്തെങ്കിൽ, ആരാധനസമയത്ത് ക്ഷേത്രത്തിനകത്തുള്ള രംഗങ്ങൾ മനുഷ്യരെ ഉൽകൃഷ്ടരാക്കുകയും ഉന്നമിപ്പിക്കുകയും ചെയ്യുന്ന വിശിഷ്ടസ്മരണകൾ ഉണർത്തുകയാണു ചെയ്തത്. സാധാരണയായി തിരുവിതാംകൂറിലെ ജനക്കൂട്ടം ഇൻഡ്യയുടെ മറേറതൊരു ഭാഗത്തുള്ളതിനേയുംകാൾ കൂടുതൽ നിയന്ത്രണാധീനമാണ്. എന്നാൽ ഗാന്ധിജി പ്രാർത്ഥനായോഗങ്ങൾ നടത്തുമ്പോൾ ക്ഷേത്രങ്ങളിലുള്ള അവരുടെ പെരുമാററം കാണേണ്ട ഒന്നുതന്നെയാണ്. ഒരു സ്വകാര്യക്ഷേത്രം ഹരിജനങ്ങൾക്കു തുറന്നുകൊടുക്കയും മററു പല ക്ഷേത്രങ്ങളും തുറന്നുകൊടുത്തിരിക്കുന്നതായി പ്രസ്താവിക്കപ്പെടുകയും ചെയ്ത തകഴി എന്ന സ്ഥലത്ത് മൌനം ആചരിക്കാറുള്ള ദിവസമാണ് ഗാന്ധിജി ക്ഷണിക്കപ്പെട്ടത്. അവിടെ ദർശനത്തിനു വേണ്ടിയുള്ള തിക്കോ, തിരക്കോ, ശബ്ദമോ ഉണ്ടായിരുന്നില്ല. രണ്ടു മൂവ്വായിരം പുരുഷന്മാരും, അത്രയുംതന്നെ സ്ത്രീകളും സമ്മേളിച്ച ആ യോഗം, ഗാന്ധിജി ഒരു സംഘം ഹരിജനങ്ങളുമായി ക്ഷേത്രത്തിനകത്തു പോയ

ആരാധന നടത്തി ദീപക്കാഴ്ചകൊണ്ടു പ്രശോഭിതമായ ക്ഷേത്രം ചുററിക്കാണുമ്പോൾ, വിശാലമായ ക്ഷേത്രമുററത്തു് ഒരു മൂലയിൽ സ്വസ്ഥാനങ്ങളിൽ ചലനശൂന്യരായി സ്ഥിതിചെയ്യുകയായിരുന്നു. അന്നു് സായാഹ്നപ്രാർത്ഥനയുടെ വിവിധഭാഗങ്ങൾ വിവരിച്ചു വിശദമാക്കുവാനുള്ള അന്യാദൃശമായ ഭാഗ്യം എനിക്കാണുണ്ടായതു്. അവർ ഏകാഗ്രമായ ശ്രദ്ധയോടെ അവിടെ നടക്കുന്നുണ്ടായിരുന്ന പരിഭാഷയിലെ ഓരോ വാചകവും ശ്രവിച്ചുകൊണ്ടിരിക്കുകയും അതിനുശേഷം പ്രശാന്തമായ അന്തരീക്ഷത്തിൽ മുഴങ്ങിയ പ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തു. ഇമ്മാതിരി രംഗങ്ങൾ വയ്ക്കം, കോട്ടയം മുതലായ സ്ഥലങ്ങളിൽ ഓരോ രാത്രിയിലും ആവർത്തിക്കുകയും, ഭക്തിയുടേയോ, വിശ്വാസത്തിന്റേയോ, പ്രാർത്ഥനയുടേയോ അഭാവം എന്തെന്നറിഞ്ഞിട്ടില്ലാത്ത ഗാന്ധിജിയുടെ ഹൃദയംപോലും അഭൂതപൂർവ്വമായ വിശ്വാസപൌഷ്കല്യത്തിനും ക്ഷേത്രസന്ദർശനത്തെക്കുറിച്ചുള്ള നൂതനമായ അർത്ഥഗ്രഹണത്തിനും വിധേയമായിത്തീരുകയും ചെയ്തു. പന്ത്രണ്ടു വർഷങ്ങൾക്കു മുൻപു് വയ്ക്കം ക്ഷേത്രറോഡുകൾ ഹരിജനങ്ങൾക്കു തുറന്നുകൊടുക്കുന്നതിനു് എതിരായി ശക്തിയായ പ്രതികൂലാഭിപ്രായം നയിച്ച നമ്പൂതിരിഉന്നതരാളർ യോഗത്തിനും പ്രാർത്ഥനയ്ക്കും ശേഷം ഗാന്ധിജിയെക്കണ്ടു് നടന്നുകഴിഞ്ഞ സംഭവങ്ങളിൽ തന്റെ സംതൃപ്തി പ്രകടിപ്പിക്കുന്നതിനു വന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. ഗാന്ധിജി ജനങ്ങളിൽ ഒരു പുതിയ വിശ്വാസം ഉത്തേജിപ്പിക്കുമെന്നും, സാധാരണയിൽ കവിഞ്ഞ സംഖ്യയിൽ ക്ഷേത്രസന്ദർശകന്മാരെ ആകർഷിക്കുമെന്നും ഉള്ളതിനു് തനിക്കു സംശയമില്ലെന്നു് അദ്ദേഹം ഗാന്ധിജിയോടു പറഞ്ഞു.

"ഞാൻ ഒരു ക്ഷേത്രസന്ദർശകൻ ആയിരുന്നില്ല" മഹാത്മജി അദ്ദേഹത്തോടു പറഞ്ഞു:—"എന്നാൽ പെട്ടെന്നു് എനിക്കു ലഭ്യമായ ഈ ആരാധനസ്വാതന്ത്ര്യത്താൽ ഞാൻ ആകർഷിക്കപ്പെടുകയും, ക്ഷേത്രവളപ്പിൽ നില്ക്കുന്ന അരയാലിൻചുവട്ടിൽ കൂടാറുള്ള പ്രാർത്ഥനാരംഗങ്ങളെ വലയംചെയ്യുന്ന ആ ദൈവീകമായ പരമശാന്തി, ക്ഷേത്രസന്ദർശകന്മാരുടെ സംഖ്യയെ വർദ്ധിപ്പിക്കുവാനുള്ള പുതിയ മാർഗ്ഗങ്ങളെ

ആരായുവാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. എന്റെ ഭേവാലയദർശനം കേവലം ഒരു നേരംപോക്കല്ല. അതു് എനിക്ക് എന്റെ ജീവിതത്തിലെ ഒരു മഹനീയമുഹൂർത്തത്തിൽ സംജാതമായിട്ടുള്ള പാവനമായ ഒരു സംഗതിയാണു്."

"ആരാധനാരീതിയെക്കുറിച്ച് അവിടുത്തെ അഭിപ്രായം എന്തായിരിക്കാം?"

"ഞാൻ അതിനെ വിമർശിക്കുകയില്ല. എന്നെ നമിപ്പിക്കുന്ന ഒരു പുതുമയോടുകൂടി ഈ പുതിയ സംഭവം എനിക്കും അനുഭവപ്പെട്ടിരിക്കുന്നു. വിമർശകബുദ്ധിയോടുകൂടി ഞാൻ അതിനെ വീക്ഷിക്കണമെന്നു വിചാരിക്കുന്നില്ല. എന്നുവരികിലും ഒരു കാര്യം എനിക്കു പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ടു്. അതു പുരോഹിതന്മാരുടെ അജ്ഞതയും ഭക്തിക്കുറവുമാണു്."

കൊല്ലത്തുവച്ചു കൂടിയ ഒരു പൊതുയോഗത്തിൽ മഹാത്മജി ആദ്യമായിട്ടു് ഹിന്ദുമതത്തിന്റെ മൌലികവിശ്വാസങ്ങളെ സംഗ്രഹിക്കുന്ന ഉപനിഷത്തിലെ ഒരു മന്ത്രം ചൊല്ലുകയും, അതിനുശേഷം ഓരോ യോഗങ്ങളിലും തുലോം സമഗ്രമായ ആ മന്ത്രത്തിൽ അടങ്ങിയിട്ടുള്ള അസംഖ്യം തത്വങ്ങളെ പ്രസന്നവും ലളിതവും ആയ വ്യാഖ്യാനങ്ങളാൽ വിശദീകരിക്കയും ചെയ്തുകൊണ്ടിരുന്നു. കൊല്ലത്തെ പൊതുയോഗത്തിൽ വച്ചു് ആദ്യമായി അദ്ദേഹം അതിനു് ഒരു പദാനുപദവ്യാഖ്യാനം നൽകുകയും, ഹരിപ്പാട്ടേ പ്രസംഗം മുഴുവനും ആ മന്ത്രത്തെ ആസ്പദിച്ചുചെയ്യുകയും, മററു സ്ഥലങ്ങളിലെ യോഗങ്ങൾ ഓരോന്നിലും ക്രമേണ ഹിന്ദുമതം മുഴുവനും തന്നെ ഈ മന്ത്രത്തിൽ അടങ്ങിയിരിക്കുന്നു എന്നുള്ള വസ്തുത വിശദീകരിക്കുകയും ചെയ്തു. ഇവയിൽ, ഒരു യോഗത്തിൽ വച്ചു്, അദ്ദേഹം, ഒരു വ്യക്തിയുടെ ഹൃദയത്തെ അഭിമുഖീകരിക്കുന്ന സകലവിധ കുഴപ്പങ്ങളേയും സന്ദേഹങ്ങളേയും പരിഹരിക്കുവാൻ പര്യാപ്തമായ ഒരു സ്വർണ്ണത്താക്കോലായിട്ടു് ഈ മന്ത്രത്തെ നിർവ്വചിക്കുകയുണ്ടായി. "ഈശോപനിഷത്തിലെ ആ ഏകപദ്യത്തെ സ്മരണയിൽ സൂക്ഷിച്ചുകൊണ്ടു് മററു സകല വേദശാസ്ത്രങ്ങളേയും വിസ്മൃതകോടിയിൽ തള്ളുക. വേദശാസ്ത്രങ്ങളാകുന്ന മഹാസമുദ്രത്തിൽ വേണമെങ്കിൽ നിങ്ങൾക്കു് മുങ്ങി ശ്വാസം മുട്ടാമെന്നേയുള്ളു.

വിനയശീലന്മാരും, ബുദ്ധിമാന്മാരുമായ പണ്ഡിതന്മാക്ക് അവ ഉപയുക്തങ്ങളായേക്കാം. എന്നാൽ ഒരു സാധാരണ മനുഷ്യന് ഈ സംസാരസാഗരത്തെ തരണംചെയ്യുന്നതിന് ഈ മന്ത്രമൊഴിച്ചു മറെറാന്നും ആവശ്യമില്ല".

കോട്ടയത്തെ പൊതുയോഗത്തിൽ ഒരു വലിയ വിഭാഗം ക്രിസ്ത്യാനികൾ സന്നിഹിതരായിരുന്നതിനാൽ, പ്രസംഗത്തിൻെറ ഒരു ഭാഗം അവരെ ഉദ്ദേശിച്ചായിരുന്നെങ്കിലും, പൊതുവേ ആ പ്രസംഗവും ഈ മഹാമന്ത്രത്തിന്റെ ഒരുതരം ഭാഷ്യംതന്നെയായിരുന്നു. ദുർഗ്രഹമായ ഒരു തത്ത്വമോ ഹിന്ദുമതത്തിൻെറ മൌലികവിശ്വാസങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒരു സിദ്ധാന്തമോ അല്ലാത്തതും, എന്നാൽ കേവലം സാർവ്വത്രികമായ ഒരു നിയമത്തെ ഉൾക്കൊള്ളുന്നതും ആയ ആ മന്ത്രത്തിൽ അന്തർല്ലീനമായ സത്യത്തിൻെറ സ്വീകരണം മാത്രം മനുഷ്യരുടെ ഇടയ്ക്ക് സൌഭ്രാത്രവും ലോകസമാധാനവും ഉണ്ടാക്കുന്നതാണ്.

"ഈശാവാസ്യമിദം സർവ്വം യത് കിം ച ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാ മാ ഗൃധഃ കസ്യസ്വിദ്ധനം."

"ലോകത്തിൽ കാണുന്ന സകല വസ്തുക്കളിലും ഈശ്വരൻ വ്യാപിച്ചിരിക്കുന്നു. അതിനാൽ സകലവും സന്ത്യജിച്ച് ആദ്ദേഹത്തിൽ സമർപ്പിച്ചതിനുശേഷം, ബാക്കി യാതൊന്നു നിങ്ങൾക്കായി അവശേഷിക്കുന്നുവോ അതിനെ അനുഭവിക്കുക. മററാരുടേയും വസ്തുക്കളെ ആഗ്രഹിക്കാതിരിക്കുക."

കോട്ടയത്തെ പ്രസംഗം ക്രിസ്ത്യാനികളെ ഉദ്ദേശിച്ചു ചെയ്ത ഒരുതരം മതപരിവർത്തനപ്രചരണമാണെന്ന് എന്റെ ചില ക്രിസ്ത്യൻസ്നേഹിതന്മാർ പറകയുണ്ടായി. ഇതു് ഗാന്ധിജിക്ക് ആലോചിക്കുവാൻ കൂടി കഴിയാത്ത ഒരു സംഗതിയാണ്. അതു് മററു മതവിശ്വാസികളെ ഹിന്ദുമതത്തിലേയ്ക്കു പരിവർത്തനം ചെയ്യിക്കുവാൻ വേണ്ടിയുള്ള അഭ്യർത്ഥനയായിരുന്നില്ല; പിന്നെയോ, ഹിന്ദുമതത്തിന്റെ ഉൽകൃഷ്ടമായ ആദർശങ്ങളെ മനസ്സിലാക്കുവാൻ സവർണ്ണാവർണ്ണഭേദമെന്യേ തിരുവിതാംകൂറിലുള്ള ഹിന്ദുക്കളെ സഹായിച്ച് സമാധാ

നവും സൌഹാർദ്ദവും പുലർത്തണമെന്നും, അജ്ഞതകൊണ്ട് ഹിന്ദുമതത്തെ ദൂഷിക്കാൻ ഒരുങ്ങാതെ ഹിന്ദുമതതത്വങ്ങളെ ഗ്രഹിക്കണമെന്നും അവരോടുള്ള ഒരു അഭ്യർത്ഥന മാത്രമായിരുന്നു അത്. ക്രിസ്തുമതത്തോടോ, ഇസ്ലാമിനോടോ, അവക്കുള്ള ബന്ധത്തിന്റെ വില ഹിന്ദുമതപരിജ്ഞാനത്തെ അടിസ്ഥാനമാക്കിയുള്ള അവരുടെ ഹിന്ദുമതസഹിഷ്ണുതയിലും വിശ്വാസത്തിലും അടിയുറച്ചിരിക്കുന്നു.

VII

തീർത്ഥയാത്ര.

III

മഹാത്മജി അനന്തപത്മനാഭപുരം ക്ഷേത്രത്തിലെ ശാന്തിക്കാരനിൽനിന്നും ഗ്രഹിച്ച ആ ചെറുകഥയെ തന്റെ തീർത്ഥയാത്രയ്ക്കു് ഉപയുക്തമാക്കിത്തീർത്ത രീതിയിൽനിന്നും, ഏററവും നിസ്സാരസംഭവങ്ങൾപോലും അത്യധികം അർത്ഥഗർഭമാംവണ്ണം അദ്ദേഹത്തിന്റെ സ്മരണയിൽ പ്രതിഫലിക്കുമെന്നു് പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. 'പത്മനാഭദാസൻ'—പത്മനാഭന്റെ ദാസൻ—ഇതു് മഹാരാജാവു തിരുമനസ്സിലെ സർവ്വവിദിതമായ ഒരു സ്ഥാനമാണു്. തിരുമനസ്സുകൊണ്ടു് പതിവായി ക്ഷേത്രത്തിൽ വന്നു് ആരാധന നടത്തുക മാത്രമല്ല, രാജ്യം വിടുന്ന അവസരങ്ങളിൽ വിഗ്രഹത്തിനോടു യാത്ര പറഞ്ഞു് ആശീർവ്വാദങ്ങൾ വാങ്ങുകയും തിരിച്ചെഴുന്നള്ളിയ ശേഷം ഭരണസംബന്ധമായ കാര്യങ്ങളിൽ പ്രവേശിക്കുന്നതിനു മുമ്പുതന്നെ ക്ഷേത്രത്തിൽ ആഗതനായി അർച്ചനകൾ നടത്തുകയും പതിവുണ്ടെന്നു് ആ ക്ഷേത്രാധികാരി ആദ്യമായി ഞങ്ങളെ അറിയിച്ചു. ഇതു് മഹാത്മജിയുടെ പല പ്രസംഗങ്ങളുടേയും ഒരു ബീജമായിത്തീരുകയും, സുദീർഘമായി രാജാവിന്റേയും രാജ്യക്കാരുടേയും നന്മയ്ക്കായി അദ്ദേഹം 'പത്മനാഭദാസൻ' എന്ന സ്ഥാനപ്പേരിൽ അടങ്ങിയിട്ടുള്ള തത്ത്വങ്ങളെ വിശദീകരിക്കുകയും ചെയ്തു.

ഏതൊരു കാലംമുതൽക്കാണു് തിരുവിതാംകൂർ മഹാരാജാക്കന്മാർക്കു് ഇപ്രകാരം ഒരു സ്ഥാനം ലബ്ധമായിട്ടുള്ളതെന്നു് ക്ലിപ്തമായി മഹാത്മജിക്കു് അറിഞ്ഞുകൂട; എന്നാൽ അറിയുവാൻ ആഗ്രഹിക്കുന്നുണ്ടാകാം. തിരുവിതാംകൂർ സ്റ്റേററ്മാനുവൽ ഇതിന്റെ ഉല്പത്തിയെക്കുറിച്ചു് താഴെക്കാണുംവിധം പറഞ്ഞിരിക്കുന്നു:—

"തന്റെ പുരാതനമായ രാജകുടുംബത്തിന്റെ രക്ഷയ്ക്കായിട്ടും താൻ പടവെട്ടിപ്പിടിച്ചടക്കിയ അന്യരാജ്യങ്ങളുടെ

സമീചീനമായ സംഘടനയ്ക്കും അന്തഃഛിദ്രങ്ങളെ അപാകരിച്ച് സ്വസ്ഥാനം സുദൃഢമാക്കേണ്ടതിലേയ്ക്കും ചിന്താശീലനായ മഹാരാജാവ്, തിരുവിതാംകൂർ രാജകുടുംബത്തിലെ കുലദേവതയായ ശ്രീപത്മനാഭസ്വാമിയുടെ തൃപ്പാദങ്ങളിൽ തന്റെ രാജ്യത്തെ സമർപ്പിക്കുക എന്ന ധീരകൃത്യം ചെയ്യുവാൻ തീരുമാനിച്ചു. അപ്രകാരം കൊല്ലവർഷം ൯൮൭-ാമാണ്ട് മകരമാസം ൭-ാംതീയതിയിലെ സുപ്രഭാതത്തിൽ (ക്രിസ്ത്വാബ്ദം ൧൭൦൬-ാമാണ്ട്) യുവരാജാവ് ഉൾപ്പെടെ രാജകുടുംബത്തിലുള്ള സകല സ്ത്രീപുരുഷന്മാരും അടങ്ങിയ പരിവാരത്താൽ അനുഗതനായി മന്ത്രിസത്തമനോടുകൂടി മഹാരാജാവുതിരുമനസ്സുകൊണ്ട് യോഗക്കാരെയും പുരോഹിതന്മാരെയും നേരത്തേതന്നെ വിളിച്ചുകൂട്ടിയിരുന്ന ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ എഴുന്നള്ളി. തിരുമനസ്സുകൊണ്ട് തന്റെ ഉടവാളിനെ ഈശ്വരസന്നിധിയിൽ ഒറ്റക്കൽമണ്ഡപത്തിൽ വയ്ക്കുകയും, രാജ്യം മുഴുവൻ ദേവസ്വത്തിന് വിട്ടുകൊടുക്കുകയും, അതിനു ശേഷം അതിന്റെ ഭരണകർത്തൃത്വം ഈശ്വരന്റെ ദാസൻ എന്ന നിലയ്ക്ക് ഏററുവാങ്ങുകയും ചെയ്തു. അന്നുതൊട്ട് ശ്രീപത്മനാഭസ്വാമിയുടെ ദാസൻ എന്ന അർത്ഥം വരത്തക്കവണ്ണം 'ശ്രീപത്മനാഭദാസൻ' എന്ന സ്ഥാനപ്പേര് അദ്ദേഹം സ്വീകരിച്ചു. ഈ നയോപായം അതിന്റെ ഉദ്ദിഷ്ടഫലത്തെ ജനിപ്പിക്കയും, അന്നുമുതൽ തിരുവിതാംകൂർകാർ തങ്ങളുടെ രാജ്യത്തെ ഈശ്വരന്റെ ഒരു പൊതുസ്വത്തായും രാജാവിനെ അദ്ദേഹത്താൽ നിയുക്തനാക്കപ്പെട്ടിട്ടുള്ള ഒരു പ്രതിനിധിയായും ആദരിക്കുവാൻ തുടങ്ങുകയും ചെയ്തു. അവരിൽ ഒരാൾ പോലും തന്റെ നാടുവാഴിയെക്കുറിച്ച് ഒരു അപവാദം പുറപ്പെടുവിക്കുവാൻ ധൈര്യപ്പെടാറില്ല. എന്തുകൊണ്ടെന്നാൽ അപ്രകാരം ചെയ്യുന്നപക്ഷം ഈശ്വരവിദ്വേഷമാകുന്ന സ്വാമി ദ്രോഹത്തിന് അവർ വിധേയരാകുമെന്നാണ് അവരുടെ വിശ്വാസം."

ഈ സമർപ്പണത്തെ ഒരു "ധീരമായ നയപ്രയോഗം" എന്ന് നാമകരണം ചെയ്യാമോ എന്നു ഞാൻ സംശയിക്കുന്നു. പ്രാചീനകാലങ്ങളിലെ ഭരണാധികാരികളെ പ്രേരിപ്പിച്ചുകൊണ്ടിരുന്ന വിശ്വാസങ്ങളെക്കുറിച്ച്, പല തലമുറകൾക്ക

ശേഷം ജീവിച്ചിരിക്കുന്നവരായ നമുക്ക്, ഒരു ത്രുപവും ഉണ്ടാകാൻ തരമില്ല. മാർത്താണ്ഡവർമ്മമഹാരാജാവ് സ്വതന്ത്രസിദ്ധമായ വിനയാധിക്യത്താൽ തൻെറ എളിമയെ ഏററുസമ്മതിക്കുകയും, താൻ ബഹുമാനപൂർവ്വം പൂജിച്ചുപോന്ന ഏതൊരു കുലദേവതയിൽനിന്നും ഏതൊന്നു തനിക്കു ലഭിച്ചുവോ അതിനെ മടക്കിക്കൊടുക്കുകയും ചെയ്തുയാണുണ്ടായത്. എന്നാൽ ഈ സമർപ്പണസമ്പ്രദായം മാർത്താണ്ഡവർമ്മമഹാരാജാവിൻെറ കാലത്തല്ല ആദ്യമായി ഉത്ഭവിച്ചിട്ടുള്ളതെന്നും നാം സ്മരിക്കണം. പതിന്നാലാംശതാബ്ദത്തിൽപോലും തിരുവിതാംകൂറിലെ മഹാരാജാക്കന്മാർക്ക് "ശ്രീപത്മനാഭപദകമലപരമാരാധകന്മാർ" എന്നുകൂടി പേരുണ്ടായിരുന്നതായി ശിലാരേഖകളിൽ കാണുന്നുണ്ട്. "ശ്രീപത്മനാഭദാസൻ" എന്നത് ഈ പഴയ സ്ഥാനപ്പേരിൻെറ ഒരു സരസസംക്ഷേപം മാത്രമാണ്. മാർത്താണ്ഡവർമ്മമഹാരാജാവ് ഒരു ശ്രേഷ്ഠമായ ഐതിഹ്യത്തെ സ്വീകരിച്ച്, അതിന് നവീനമായ ഒരു് അർത്ഥകല്പനയെ പ്രദാനം ചെയ്തെങ്കിലും, കുറേക്കൂടി വിപുലമായ ധ്വനികൾ അടങ്ങിയിട്ടുള്ള പുതിയ അർത്ഥങ്ങൾ മഹാത്മജിയാണ് അതിനു നൽകിയത്.

ഐതിഹ്യത്തിന് നമ്മെ ഉന്നമിപ്പിക്കുവാനും യോജിപ്പിക്കുവാനും കഴിയും. അല്പകാലം മുമ്പുവരെ ഹിന്ദുരാജ്യങ്ങൾ അയിത്തത്തെപ്പോലും ഐതിഹ്യപരമായി സ്വീകരിച്ചുപോന്നിരുന്നു എന്നുള്ള വസ്തുത സ്മരണീയമാണ്. തിരുവനന്തപുരം കാഴ്ചബംഗ്ലാവിനകത്ത് മാർത്താണ്ഡവർമ്മമഹാരാജാവിനുവേണ്ടി (ഒന്നാമത്തെയാളല്ല, ഏവുന്നാം-നു സമീപിച്ച് ജീവിച്ചിരുന്ന മറെറാരു മാർത്താണ്ഡവർമ്മമഹാരാജാവാണിത്) പ്രത്യേകം ദന്തത്താൽ നിർമ്മിക്കപ്പെട്ടിരുന്ന ഒരു മനുഷ്യാസ്ഥികൂടം സൂക്ഷിച്ചുവച്ചിട്ടുണ്ട്. ഇദ്ദേഹം മനുഷ്യൻെറ ശരീരശാസ്ത്രം അഭ്യസിക്കുവാൻ ആഗ്രഹിച്ചെന്നും, എന്നാൽ ഹിന്ദുമതം അസ്ഥിയെ സ്പർശിക്കുവാൻ അനുവദിക്കായ്കയാലാണ് ഇപ്രകാരം ഒരു കങ്കാളം നിർമ്മിക്കേണ്ടിവന്നതെന്നും ഐതിഹ്യം ഘോഷിക്കുന്നു. കൂടാതെ മുന്നദ്ധ്യായത്തിൽ രാമവർമ്മമഹാരാജാവിനെക്കുറിച്ച് ലാർഡ് റാബർട്ടസ് എഴുതീട്ടുള്ള കഥയെ ഞാൻ സൂചിപ്പിച്ചുകഴിഞ്ഞല്ലോ.

അങ്ങിനെയുള്ള ആ അയിത്തമാകുന്ന പൂർവ്വാചാരം ഇതാ നിശ്ശേഷം നിരാകൃതമായിരിക്കുന്നു. എന്നുതന്നെയല്ല, ഏതാനും ദിവസങ്ങൾക്കു മുൻപ് മഹാരാജാവു തിരുമനസ്സു കൊണ്ടു് തന്റെ വിളംബരത്തിനനുകൂലമായി ഇനിയും തുറന്നു കൊടുത്തിട്ടില്ലാത്ത ആററിങ്ങലെ ഒരു ക്ഷേത്രത്തിൽ ഈശ്വരാരാധന നടത്തുവാൻ വിസമ്മതിച്ചിരിക്കുന്നു എന്നുപോലും ഒരു പത്രറിപ്പോർട്ടിൽ കാണുന്നു. മഹാത്മാഗാന്ധി വയ്ക്കുത്തുവച്ചു് താൻ ചെയ്ത പ്രസംഗത്തിൽ "തിരുവിതാംകൂറിനെ സംബന്ധിക്കുന്ന സകലതും വിസ്മൃതകോടിയിൽ തള്ളപ്പെട്ടു പോയാലും, മഹാരാജാവിന്റെ ഈ ഏകകൃത്യം—അതെ ക്ഷേത്രപ്രവേശനാനുവാദവിളംബരം —എന്നെന്നേയ്ക്കുമായി ഭാവിതലമുറകൾ നന്ദിപൂർവ്വം അനുസ്മരിക്കുകതന്നെ ചെയ്യുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു" എന്നു ദീർഘദർശനം ചെയ്തതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല.

ഗാന്ധിജി തിരുവിതാംകൂറിലെ ഒട്ടധികം ഈഴവരേയും അവരുടെ നേതാക്കന്മാരേയും സന്ദർശിക്കുകയുണ്ടായെങ്കിലും ഇക്കുറി അവക്കു പ്രകടിപ്പിക്കുവാനുണ്ടായിരുന്ന ഏകവികാരം അവക്കുള്ള കൃതജ്ഞതയും ആനന്ദാനുഭൂതിയും മാത്രമായിരുന്നു. ഫർഹ-ൽ ഈഴവരുടേയും ചെറുമന്മാരുടേയും ഒരു നിവേദകസംഘം താഴെക്കാണുന്നതുപോലെയുള്ള ചില ചോദ്യങ്ങളുമായി അദ്ദേഹത്തെ സമീപിച്ചു. "ഞങ്ങൾ അനീതിയെ അഭിമുഖീകരിക്കേണ്ടതെങ്ങിനെയാണു്? ഹിന്ദുമതത്തെത്തന്നെ ഞങ്ങൾ വച്ചുകൊണ്ടുപോകണമോ? അതോ ഉപേക്ഷിക്കണമോ? ഒരു ന്യായമായ കാലപരിധിക്കുള്ളിൽ ശുദ്ധീകൃതമായ ഒരു ഹിന്ദുമതം നടപ്പിൽ വരുമെന്നു് അവിടുന്നു് ആശിക്കുന്നുണ്ടോ?" ഫർഹ-ൽ അവർ കൂടുതൽ കുപിതന്മാരും കലഹോന്മുഖരുമായിട്ടാണു കാണപ്പെട്ടതെന്നുതന്നെയല്ല, മതത്തിന്റെ ആവശ്യകതയെക്കുറിച്ചുപോലും അവർ ചോദ്യം ചെയ്തുയുണ്ടായി. "ജാതിയും മതവും ഹരിജനങ്ങളുടെ വൈരികളാകുന്നു" എന്നു് അവർ പറഞ്ഞു. ഇവ രണ്ടിനേയും പരിത്യജിക്കുവാൻ അവർ ഗാന്ധിജിയോടു് അഭ്യർത്ഥിച്ചു.

എന്നാൽ ഇത്തവണയിലെ തീർത്ഥയാത്രയിൽ വിളംബരംനിമിത്തം ഇമ്മാതിരിയുള്ള അവിശ്വാസദ്യോതകങ്ങളോ,

നാസ്തികതപ്രചാരങ്ങളോ ആയ സകല ശബ്ദങ്ങളുടേയും അഭാവം വിശേഷിച്ചും ദർശനീയമായിരുന്നു. ഈഴവസമുദായത്തിന്റെ പ്രതിനിധി എന്ന നിലയെക്കാൾ സ്വാഭിപ്രായപ്രകടനം ചെയ്യുന്ന ഒരാളുടെ നിലയിൽ ഗാന്ധിജിയോടു സംസാരിക്കുവാൻ ചെന്ന ഒരു സ്വാമി, സമാധിയടഞ്ഞ ശ്രീനാരായണഗുരുസ്വാമിയുടെ മുദ്രാവാക്യമായ "ഒരു മതം, ഒരു ജാതി, ഒരു ദൈവം" എന്ന തത്ത്വത്തെ അനുസ്മരിപ്പിക്കയും "ജാതിവ്യത്യാസം നിലവിലിരിക്കുന്ന ഒരു നാട്ടിൽ മഹാത്മാക്കൾപോലും അസ്വതന്ത്രരാണെ"ന്ന് അഭിപ്രായപ്പെടുകയും ചെയ്തു. എന്നാൽ അദ്ദേഹവും മതത്തെ അവഹേളിക്കയുണ്ടായില്ല. ഫർണ്ണർ–ൽ മതത്തിന്റെ പേരിൽ ഏററവും അവജ്ഞയോടുകൂടിയ കത്തുകൾ മഹാത്മജിയുടെ പേക്ക് അയച്ചുകൊണ്ടിരുന്ന ചേത്തല നിവാസികളായ ഒരു വലിയ സംഘം ഈഴവർ, ഇത്തവണയിലെ യാത്രയിൽ, ക്ഷേത്രപ്രവേശനവിളംബരത്തെ കൊണ്ടാടുവാനും, അതു് അനുവദിച്ച മഹാരാജാവു തിരുമനസ്സിനോട് അവക്കുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കുവാനും ഒരു യോഗം കൂടി. എസ്. എൻ. ഡി. പി. യോഗത്തിന്റെ 'ക്ഷേത്രപ്രവേശനയോഗം' എന്ന ആ വിശേഷാൽസമ്മേളനത്തിൽ പ്രസംഗിക്കുവാൻ അവർ പ്രത്യേകമായി ദിവാൻജിയെ ക്ഷണിച്ചുകൊണ്ടുപോകുകയും, അതോടുകൂടി അവരുടെ പഴയ മുറവിളികൾ ശാന്തമായിത്തീരുകയും ചെയ്തു. എന്നാൽ മഹാത്മജി തന്റെ പ്രസംഗത്തിൽ ഭൂതകാലത്തെക്കുറിച്ച് അവരെ അനുസ്മരിപ്പിക്കുകയും, യാദൃച്ഛികമായുണ്ടാകാവുന്ന വികാരവിജൃംഭണങ്ങൾക്ക് വശംവദരാകാതെയിരിക്കുവാൻ സൂക്ഷിക്കണമെന്ന് ഉൽബോധിപ്പിക്കുകയും ചെയ്തു. "കഴിഞ്ഞ തവണ", അദ്ദേഹം പറഞ്ഞു, "ഞാൻ കൊച്ചിയിലും തിരുവിതാംകൂറിലും കൂടി കടന്നുപോയപ്പോൾ നിരവധി ഈഴവസ്നേഹിതന്മാരെ കാണുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായി. അവരിൽ ഏറിയഭാഗവും ഹിന്ദുമതത്തോടും ഹിന്ദുക്കളോടും വളരെ വെറുപ്പുള്ളവരായിരുന്നു. അവർ ഹിന്ദുക്കളല്ലെന്നും നാസ്തികരാണെന്നും സ്വയം അഭിമാനിക്കുന്നതായി ഞാൻ കണ്ടു. ഹിന്ദുമതഗ്രന്ഥങ്ങൾ എന്നറിയപ്പെടുന്ന പുസ്തകങ്ങളെ അവർ സസന്തോഷം ചുട്ടുകളയു

മായിരുന്നു. ഈ അവിശ്വാസികളെ വിളംബരം സ്വസ്ഥചിത്തരാക്കിത്തീർത്തു എന്ന് എനിക്കറിയാം. അക്കാലത്തു ഞാനവരോടൊത്തു സഹതപിച്ചു എന്നുള്ളതിന് അന്ന് അതിനെക്കുറിച്ച് എന്നോടു വാദപ്രതിവാദം ചെയ്തിട്ടുള്ളവർ തന്നെ സാക്ഷ്യം വഹിക്കും. അവക്കെതിരായി നില്ക്കുന്നതു് സവർണ്ണരാണെന്ന് അവർ കണ്ടപ്പോൾ തങ്ങളിൽ ജനിച്ച വെറുപ്പും നാസ്തികത്വവും ചെറുക്കുവാൻ അവക്കു കഴിഞ്ഞില്ല. യഥാർത്ഥമായ ഹൈന്ദവവിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും ഒരു ശരിയായ സൂചനയായി സവർണ്ണവിശ്വാസത്തേയും ആചാരങ്ങളേയും അവക്ക് പരിഗണിക്കാതെ ഗത്യന്തരമില്ലായിരുന്നു. എന്നാൽ, ഇന്നാകട്ടെ, സവർണ്ണഹിന്ദുക്കൾ തികച്ചും മാനസാന്തരപ്പെട്ടിരിക്കുന്നു എന്ന് അവക്കറിയാം. അതുകൊണ്ട് ഈ തീർത്ഥയാത്രയിൽ തിരുവിതാംകൂറിൽക്കൂടി കടന്നുപോകുന്നതിനിടയ്ക്ക് ഞാൻ കണ്ടുമുട്ടിയ സവർണ്ണരുടെ ഇടയ്ക്ക് യാതൊരു എതിർപ്പും ഉണ്ടായിരുന്നതായി ഞാൻ കണ്ടില്ല. മനുഷ്യനും മനുഷ്യനും തമ്മിൽ യാതൊരു വ്യത്യാസവും ഞാൻ കണ്ടില്ല. കുറച്ചുനാൾ മുൻപുവരെ അസ്പൃശ്യരായിരുന്ന അനേകായിരം ആളുകൾ ഈ ജനക്കൂട്ടങ്ങളിലുണ്ടായിരുന്നെങ്കിൽ, അവയിൽ അനേകായിരം സവർണ്ണർ എന്നറിയപ്പെടുന്നവരും ഉണ്ടായിരുന്നു. എന്നാൽ സവർണ്ണരുടെ ഹൃദയത്തിന് യാതൊരു മാററവും സംഭവിച്ചിട്ടില്ലെന്ന് ഒരു നിമിഷനേരത്തേയ്ക്കു വിചാരിക്കുക. നിങ്ങളുടെ മതം അന്യരുടെ മാനസാന്തരത്തെ ആശ്രയിക്കുന്നതെന്തിന്? നമ്മുടെ മതം അന്യരുടെ നമ്മോടുള്ള പെരുമാററത്തിൽ നിന്നും തികച്ചും സ്വതന്ത്രമായിരിക്കണം. അന്തര്യാമിയായ സാക്ഷാൽ ഈശ്വരനിൽ നിന്നുമാണ് നമ്മുടെ മതം ആവിർഭവിച്ചിട്ടുള്ളത്. നാം നമ്മുടെ ദൈവത്തോട് നിഷ്കപടമായി വർത്തിക്കുന്നതായാൽ, നമുക്ക് അദ്ദേഹത്തിൽ നിന്നു ലഭിക്കുന്ന മതത്തെ നാം ഒരിക്കലും ഉപേക്ഷിക്കുന്നതല്ല. നമ്മുടെ ഓരോ പ്രവൃത്തിയിലും ദൈവത്തെ നമ്മുടെ മാർഗ്ഗദർശിയായും, ഗുരുവായും, നായകനായും കരുതുകയാണെങ്കിൽ; നമുക്ക് ലോകരുടെ മുഴുവൻ എതിർപ്പിനെ വിഗണിക്കുന്നതിനും, നമ്മുടെ മതത്തെ മുറുകെ

പ്പിടിച്ചുകൊണ്ടിരിക്കുന്നതിനും കഴിയും. ഞാൻ ഇപ്പോൾ ഇവിടെ വ്യാഖ്യാനിച്ച ആ മന്ത്രം ഈ ലോകത്തിലുള്ള ഏതൊരു മനുഷ്യന്റെയും അത്യുന്നതങ്ങളായ ആകാംക്ഷകളെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാണെന്നു് ഞാൻ ധൈര്യപൂർവ്വം പറയും. അവ നിങ്ങളുടെ ആകാംക്ഷകളെ തൃപ്തിപ്പെടുത്തട്ടെ! അതനുസരിച്ചു ജീവിക്കുന്നതിനുള്ള ശക്തി ദൈവം നിങ്ങൾക്കു പ്രദാനംചെയ്യട്ടെ!!"

എന്നാൽ ഈ തീർത്ഥയാത്ര കേവലം ആഹ്ലാദപ്രകടനങ്ങളിൽ ഭാഗഭാക്കാകുവാൻ ചെയ്ത ഒരു വിനോദയാത്ര മാത്രമായിരുന്നില്ല. ഗാന്ധിജി തന്നെ ഈ അടുത്ത കാലത്തു് ഒരു സന്ദർശകനോടു പറഞ്ഞതുപോലെ, "ഇതൊരു ആഹ്ലാദപ്രകടനാർത്ഥമുള്ള സഞ്ചാരമല്ല; പിന്നെയോ, സ്വന്തം ആത്മപരിശോധനയ്ക്കും മനഃശുദ്ധീകരണത്തിനും ഒരു മുന്നറിയിപ്പിനും വേണ്ടിയുള്ള ഒരു യാത്രയാണു്. നമുക്കു് സുഖവിശ്രമത്തിനു് അവസരമില്ല. നാം ഉണർന്നു് ഏററവും ജാഗ്രതയോടുകൂടി പ്രവൃത്ത്യുന്മുഖരാകേണ്ടിയിരിക്കുന്നു."

ഒരു സ്ഥലത്തു വച്ചു് അദ്ദേഹത്തിനു് ആ നാട്ടുകാരെ സൗമ്യമായിട്ടെങ്കിലും, അല്പം രൂക്ഷതയോടെ, ശാസിക്കേണ്ടി വന്നു. "മതം ശുദ്ധീകൃതമായി; സാമുദായികാസമത്വങ്ങൾ ദൂരീകൃതങ്ങളായി; ഈശ്വരന്റെ പിതൃത്വവും മനുഷ്യന്റെ സാഹോദര്യവും സംജാതമായി. ഞങ്ങൾ, 'രാമരാജ്യം' എന്ന അഭിധാനത്തെ അക്ഷരംപ്രതി സാർത്ഥവത്താക്കിത്തീർത്തിട്ടുള്ള ആ മനോഹരരാജ്യത്തിലാകുന്നു ഇന്നു നിവസിക്കുന്നതു്" എന്നിങ്ങനെ സർവ്വം സാധിച്ച ഒരു സംതൃപ്തികരമയ മനോഭാവമാണു് അവർ പ്രദർശിപ്പിച്ചിരുന്നതു്. മഹാത്മജിക്കു് സമ്മാനിച്ച ഒരു മംഗളപത്രത്തിൽ അവർ ഉപയോഗിച്ചിരുന്ന വാക്കുകൾ ആയിരുന്നു ഇവ. അതിനാൽ അദ്ദേഹം പറഞ്ഞു:—"നിങ്ങൾ ക്ഷന്തവ്യമായ ആഹ്ലാദാവേശത്തോടുകൂടി ചെയ്തുപോയതാണു് ഈ ധീരപ്രസ്താവനകൾ എന്നു് എനിക്കറിയാം. എന്നാൽ ഈ പ്രസ്താവനകളെ മുറുകെപ്പിടിച്ചുകൊണ്ടു് അവയുടെ സാധുത്വത്തെ സുവ്യക്തമാക്കുവാൻ പര്യാപ്തമാകുംവണ്ണം നിങ്ങളുടെ പ്രവൃത്തികളേ കൂടി നിയ

ന്ത്രിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. നിങ്ങൾ എന്നെ അറിയിച്ചിട്ടുള്ളപ്രകാരം നമ്പൂതിരിമാക്ക് പ്രാബല്യമുള്ള ഈ പ്രദേശത്ത്, ഒരു നമ്പൂതിരിയുടെ സ്വകാര്യക്ഷേത്രമായ ഇത്, ഔദാര്യപൂർവ്വം പൂർണ്ണമനസ്സോടെ നിങ്ങൾ ഹരിജനങ്ങൾക്ക തുറന്നുകൊടുത്തിരിക്കവേ, നിങ്ങൾ നിങ്ങളുടെ പ്രസ്താവനകൾ അനുസരിച്ച പ്രവർത്തിച്ചാൽ കൂടി അത്ഭുതത്തിന്നവകാശമില്ല. പ്രസ്താവനകൾ ഓരോന്നും അവനവന്റെ ജീവിതത്തിൽത്തന്നെ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരിക എന്നതാകുന്നു ഓരോ പ്രധാന വ്യക്തിയുടേയും ചുമതല. സത്യാത്മകമായ രീതിയിൽ നയിച്ചുപോരുന്ന ഒരു ആത്മീയജീവിതത്തിന്, ലോകത്തിലുള്ള സകല രോഗാണുക്കളേയും ഒന്നിച്ചു ചേർത്താലുള്ളതിൽ കൂടുതൽ സാംക്രമിക ശക്തി ഉണ്ടെന്നു പറഞ്ഞുകൊള്ളട്ടെ. ഇതിൽ രണ്ടാമതു പറഞ്ഞതിനെ പ്രായേണ ജനങ്ങൾ ഭയപ്പെടുകയും അവയിൽ നിന്നും രക്ഷ പ്രാപിക്കയും ചെയ്യുമ്പോൾ ആദ്യത്തേതിനെ സന്തോഷസമേതം സ്വാഗതംചെയ്യുന്നു."

എന്നാൽ ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം അവ ഇന്ന് നിലനില്ക്കുന്ന രീതിയിൽ അവയിൽ അധികം ആസക്തിയും വിശ്വാസവുമുള്ള ഒരാളായിട്ടാണോ തിരുവിതാംകൂറിൽ നിന്നും ഗാന്ധിജി മടങ്ങിയെത്തിയിട്ടുള്ളത്? അദ്ദേഹം ആരാധനാസമ്പ്രദായത്തെ ശുദ്ധീകരിച്ച് പുരോഹിതന്മാക്കും ആരാധകന്മാക്കും വേണ്ട ശിക്ഷണം നൽകുമോ? ഇതും ഇതുപോലുള്ളതും ആയ അനവധി ചോദ്യങ്ങൾ അദ്ദേഹത്തോടു ചോദിക്കുകയുണ്ടായിട്ടുണ്ട്.

ഞാൻ മുൻപു സൂചിപ്പിച്ച സന്ദർശനത്തിൽ അവയെക്കുറിച്ച് അദ്ദേഹം സംക്ഷിപ്തമായി ഇങ്ങിനെ മറുപടി പറഞ്ഞു:—

"പുതുതായി കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ആത്മീയസത്യങ്ങളോടുകൂടിയാണ്, ഞാൻ, തീർച്ചയായും തിരുവിതാംകൂർ വിട്ടിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ, ഞാൻ അവിടെ ദർശിച്ചവയെല്ലാം തന്നെ എന്റെ പ്രതീക്ഷയെ അതിശയിക്കുന്നവയും ഹൃദയത്തെ അത്യന്തം ആനന്ദിപ്പിക്കുന്നവയും ആയിരുന്നു.

അവിടത്തെ ക്ഷേത്രങ്ങൾ എനിക്ക് ക്ഷേത്രങ്ങളേയും, ഈശ്വരാരാധനയേയും കുറിച്ച് അത്യുന്നതമായ ആശയങ്ങൾ പ്രദാനം ചെയ്തു. ഇതിനുമുമ്പ് ഞാൻ വടക്കേഇൻഡ്യയിലെ ദേവാലയങ്ങളിൽ ദർശനം നടത്തിയിട്ടുണ്ട്. എന്നാൽ ഭക്തിപുരസരമുള്ള ഒരു മനോഭാവത്തോടുകൂടിയല്ല ഞാൻ അപ്രകാരം ചെയ്തിട്ടുള്ളത്. അവ, എന്നിൽ ഭക്തിപാരമ്യത്തെ ഉദ്ദീപിപ്പിക്കുവാൻ അപര്യാപ്തങ്ങളായിരുന്നു. എന്നാൽ മാഹാത്മ്യമേറിയ തിരുവിതാംകൂറിലെ, ക്ഷേത്രങ്ങൾ എന്നെ ഉണർത്തുകയുണ്ടായി. അവയിലുണ്ടായിരുന്ന ഓരോ ശില്പവേലയും, ഓരോ ചെറിയ പ്രതിമയും, ഓരോ ചെറിയ ദീപവും എനിക്ക് ഓരോ സന്ദേശം വീതം നൽകി. എന്നാൽ ഞാൻ പരിപൂർണ്ണമായ തൃപ്തിയടഞ്ഞിരിക്കുന്നെന്ന് ഇതുകൊണ്ട് അർത്ഥമാക്കരുത്. കഴിഞ്ഞ പ്രസംഗത്തിൽ ഞാൻ എന്റെ വിപ്ലവപരമായ പരിപാടിയെ മഹാരാജാവിനെ അറിയിക്കുകയുണ്ടായി. എന്തുകൊണ്ടെന്നാൽ ഈ വിളംബരം വിപ്ലവപരമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

തിരുവിതാംകൂറിലെന്നപോലെ ഇന്ത്യയുടെ സകല ഭാഗങ്ങളിലും ഈ അയിത്തമാകുന്ന അനാചാരത്തിന്റെ ധ്വംസനത്തിനുവേണ്ടി അവനവനാൽ ആവുംവിധം പരിശ്രമിക്കണമെന്ന് പന്തളത്തു വച്ച് അദ്ദേഹം മഹാരാജാവിനോടും ദിവാൻജിയോടും ജനങ്ങളോടും ഗാഢമായി അഭ്യർത്ഥിച്ചു.

ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ ആദ്ധ്യാത്മികനവീകരണത്തേയും പുരോഹിതന്മാരുടെ മനഃസംസ്കരണത്തേയും കുറിച്ച് "അവർ വയറുപിഴപ്പിനെ മാത്രം ഉദ്ദേശിച്ചു വന്നിട്ടുള്ള വെറും അജ്ഞന്മാരായിരിക്കരുതെന്നും, ക്ഷേത്രസന്ദർശകന്മാർക്കുള്ള ഈശ്വരന്റെ സന്ദേശവാഹകന്മാരായ അവർക്കുള്ള ആ പ്രത്യേകാവകാശത്തിൽ അഭിമാനിക്കുന്നവരും, സ്വനടപടികളാലും ജീവിതക്രമത്താലും ഈ ദേവാലയങ്ങൾ ഈശ്വരചൈതന്യത്തിന്റെ ഇരിപ്പിടങ്ങളാണെന്ന് ആളുകളെ അറിയിച്ചുകൊടുക്കുന്നവരും ആയിരിക്കണ"മെന്ന് മഹാരാജാവിനോടു ചെയ്ത അഭ്യർത്ഥന സാമാ

ന്യമായിട്ടുള്ള ഒന്നാണെങ്കിലും അതു് ഗാന്ധിജിയുടെ സ്വന്തം നിരീക്ഷണങ്ങളിൽനിന്നു പുറപ്പെട്ടതായിരുന്നു. ഉദാഹരണമായി ഒരു സ്ഥലത്തു വച്ചു് അനവധി ബ്രാഹ്മണർ വിഗ്രഹത്തിനു മുൻപിൽ നിന്നുകൊണ്ടു് മന്ത്രോച്ചാരണം ചെയ്യുന്നതായി അദ്ദേഹം കണ്ടു. മഹാത്മജി അവരോടു് തനിക്കു വേണ്ടി 'ഇശോപനിഷത്തു്' ഒന്നു ചൊല്ലുവാൻ ആവശ്യപ്പെട്ടു. എന്നാൽ അവക്കു് അതു് അറിയാമായിരുന്നില്ലെന്നു മാത്രമല്ല, അങ്ങിനെ ഒരു് ഉപനിഷത്തിന്റെ പേരുപോലും അവർ കേട്ടിട്ടുണ്ടായിരുന്നില്ല. മറ്റൊരു ദിക്കിൽ ചൊടിയുള്ളവനും, ഉത്സാഹശീലനും, ബഹുഭാഷാഭിജ്ഞനും ആയ ഒരു പുരോഹിതൻ തന്റെ സംസ്കൃതത്തിലുള്ള അനഭിജ്ഞതപത്തെ ഏററു സമ്മതിക്കുകതന്നെ ചെയ്തു. മററു ക്ഷേത്രങ്ങളിലെ സ്ഥിതിഗതികൾ ഇതിൽനിന്നു തുലോം ഭേദപ്പെട്ടിരിക്കാം. എന്നാൽ നമ്മുടെ ക്ഷേത്രങ്ങളെ 'ആദ്ധ്യാത്മികശക്തി'യെ പ്രദാനം ചെയ്യുവാൻ ശക്തങ്ങളായ "ഹൈന്ദവമതഭണ്ഡാഗാരങ്ങളാ"ക്കിത്തീർക്കണമെന്നു് നാം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അജ്ഞരും പ്രതിഫലകാംക്ഷികളുമായ പുരോഹിതന്മാരുള്ള ക്ഷേത്രത്തെ നാം ഒരിക്കലും സഹിഷ്ണുതയോടുകൂടി വീക്ഷിക്കരുതു്.

ഗാന്ധിജിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചു് രാജ്യത്തു നടത്തിയിട്ടുള്ള രസാവഹങ്ങളായ പല പ്രവർത്തനങ്ങളുടേയും വിവരണം ദേവസ്വംഡിപ്പാർട്ടുമെന്റിന്റെ ഭരണറിപ്പോർട്ടിൽ കാണുന്നുണ്ടു്. ഈ വർഷത്തെ (൧൯൩൯—൩൯) റിപ്പോർട്ടിൽ ഇങ്ങനെ കാണുന്നു: "ഹൈന്ദവാരാധനയുടെ സാംസ്കാരികോന്നമനത്തിനുള്ള മാർഗ്ഗങ്ങളായ മതതത്വങ്ങളെ വിവരിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ, ഹരികഥകൾ, മതസമ്മേളനങ്ങൾ ഇവകൊണ്ടു് രാജ്യത്തുള്ള ഹൈന്ദവജനതയ്ക്കിടയ്ക്കു് ഇയ്യാണ്ടിൽ മതപരമായ ഒരു വലിയ ഉണർച്ച ഉണ്ടായിട്ടുണ്ടു്. ൧൯൩൯-ൽ തിരുവല്ലായിൽ തുറക്കപ്പെട്ടിട്ടുള്ള 'ശ്രീചിത്രോദയദേവപൂജാപാഠശാല' ക്രമത്തിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടു തന്നെയിരിക്കുന്നു." "വേദങ്ങളുടേയും മന്ത്രങ്ങളുടേയും അദ്ധ്യയനത്തിന് ഒട്ടധികം ആവർത്തനവും, ധ്യാനവും അത്യാവശ്യമാകയാൽ, അവക്കു് അനുവദിച്ചിട്ടുള്ള ഒരു വർഷത്തെ പഠനകാലം തുലോം പരിമിതമാണെന്നു കണ്ടു. അദ്ധ്യയനകാലം

ഒന്നിൽ നിന്നു് രണ്ടു കൊല്ലമാക്കി വർദ്ധിപ്പിക്കേണ്ടതിന്റേയും, നിലവിലിരിക്കുന്ന പാഠ്യക്രമം വേദത്തിലും മന്ത്രത്തിലും സംസ്കൃതഭാഷയെക്കുറിച്ചുള്ള പൊതുജ്ഞാനത്തിലും പരിശീലനംകൊണ്ടു് കൂടുതൽ വിപുലമാക്കിത്തീർക്കേണ്ടതിന്റേയും ആവശ്യകതയും പ്രത്യക്ഷമായി.....
.....ഞാൻ ഗവമ്മെൻറുമുമ്പാകെ ഇതിനുവേണ്ടി സമപ്പിച്ച പരിഷ്കാരപദ്ധതി ൧൯൩൬ ചിങ്ങം ൧-ാംനു- മുതൽ (1936 ഏ. ഡി.)നടപ്പിൽ വരുമാറു് സ്വീകരിക്കപ്പെടുകയും ചെയ്തു." ദേവസ്വങ്ങളിൽ പ്രവൃത്തിയെടുക്കുവാൻ യോജിച്ചവിധത്തിൽ വിദ്യാർത്ഥികൾക്കു് സംസ്കൃതം, വേദം, വേദാംഗം, സംഹിത, ശാസ്ത്രം, തന്ത്രം, യോഗാഭ്യാസം തുടങ്ങിയ വിവിധവിഷങ്ങളിൽ വേണ്ട അറിവു നൽകുവാൻ ഒരു 'തന്ത്രികാളേജ്' തുടങ്ങുവാൻ വേണ്ട പ്രാരംഭനടപടികൾ തുടങ്ങിയിട്ടുണ്ടു്."

മതപരമായ പാണ്ഡിത്യത്തിൽ സുസമ്മതമായ വിഖ്യാതി നേടിയിട്ടുള്ളവരും വ്യുല്പന്നമതികളും ആയ പല മഹാന്മാരെക്കൊണ്ടും മതപ്രസംഗങ്ങൾ നടത്തിക്കുകയും, അവയിൽ ഓരോന്നിലും "ജാതിമതഭേദമെന്യേ അനേകായിരം ആളുകൾ സംബന്ധിക്കുകയും" ചെയ്തിരുന്നു. ഇതുകൂടാതെ മതമഹാസമ്മേളനങ്ങൾ രൂപവൽക്കരിച്ചിരുന്നു. കോട്ടയത്തെ മതമഹാസമ്മേളനത്തിൽ വച്ചു് "സർവ്വസമ്മതരായ ഭക്തന്മാരെക്കൊണ്ടു് പുരാണകഥകളെക്കുറിച്ചും ഹിന്ദുമതത്തെക്കുറിച്ചും പല പ്രസംഗങ്ങളും" ചെയ്യിക്കുകയുണ്ടായി. ഇതോടൊന്നിച്ചു് "ഭാരതീയകലകളിൽപെട്ട ചാക്യാർക്കൂത്തു്, പാഠകം, സംഗീതം, ഹരികഥ മുതലായവയും" നടത്തപ്പെട്ടു. "തിരുവല്ലായിൽ വച്ചു കൂടിയ മതസമ്മേളനത്തിന്റെ ഒരു പ്രത്യേകത എന്തായിരുന്നു എന്നുവച്ചാൽ", റിപ്പോർട്ടു തുടരുന്നു, "അവിടെ നടന്നുകൊണ്ടിരുന്ന പ്രസംഗങ്ങളുടെ വിഷയങ്ങൾ മററവസരങ്ങളെ അപേക്ഷിച്ചു് ഏററവും ഗഹനങ്ങളും, ഗൗരവതരങ്ങളും, സാങ്കേതികങ്ങളും ആയിരുന്നെങ്കിലും, ജനങ്ങൾ നിശ്ശബ്ദമായി തങ്ങളുടെ ശ്രദ്ധയെ കേന്ദ്രീകരിച്ചു് അവ ശ്രവിച്ചുകൊണ്ടിരുന്നു എന്നുള്ളതാണു്." മിക്ക ക്ഷേത്രങ്ങളിലും ആളുകൾ നിത്യം 'ഭജനം' തുടങ്ങിയിട്ടുണ്ടെന്നും, ദേവസ്വംകമ്മീഷണർ

"ഞായറാഴ്ചതോറും, മററാഴിവുദിവസങ്ങളിലും മതസംബന്ധങ്ങളായ വിഷയങ്ങളെക്കുറിച്ച് അവക്ക് വേണ്ട അദ്ധ്യയനം നൽകേണ്ടതിലേയ്ക്ക് എല്ലാ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലും ക്ലാസ്സുകൾ തുടങ്ങുന്നതു് ആശാസ്യമായിരിക്കുമെന്നു" കാണിച്ചുകൊണ്ട് ദേവസ്വം അസിസ്റ്റൻറുകമ്മിഷണർമാക്ക് എഴുതിയിട്ടുണ്ടെന്നും കാണുന്നു. തിരുവനന്തപുരത്തു് ഒരു പ്രധാനപ്പെട്ട മതഗ്രന്ഥശാലയുടെ പണി നടന്നുകൊണ്ടിരിക്കുകയും ലളിതകലകളിൽവച്ച് തിരുവിതാംകൂറിന് പ്രത്യേകമായിട്ടുള്ള കഥകളി, ചാക്യാർക്കൂത്തു്, പാഠകം, കൂടിയാട്ടം, പഞ്ചവാദ്യം തുടങ്ങിയ പ്രാചീനകലകളെ പുനരുജ്ജീവിപ്പിച്ചു പരിപുഷ്ടിപ്പെടുത്തുവാനുള്ള തീവ്രയത്നങ്ങൾ നടന്നുവരികയും ചെയ്യുന്നു.

ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം ആദ്ധ്യാത്മികനവീകരണത്തിനുള്ള അഭ്യർത്ഥന എത്രത്തോളം അത്യന്താപേക്ഷിതമോ, അതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായിരുന്നു ഹരിജനങ്ങളുടെ സാമ്പത്തികവും, സാമുദായികവും ആയ ഉന്നമനത്തെപ്പററിയുള്ള അഭ്യർത്ഥന. ചില ക്ഷേത്രങ്ങളിൽ അനേകലക്ഷം രൂപാ വിലപിടിക്കുന്ന തിരുവാഭരണങ്ങൾ ഉണ്ടു്. തിരുവനന്തപുരത്തെ അനന്തപത്മനാഭക്ഷേത്രത്തിൽ കട്ടിസ്വർണ്ണത്തിൽ പണി കഴിച്ച അനേകം പാത്രങ്ങളും കാണാം. ചില സ്ഥലങ്ങളിൽ ഒരേസമയത്തു് രണ്ടായിരം മുതൽ മൂവായിരംവരെ ബ്രാഹ്മണരെ ഇരുത്തി ഊട്ടുവാൻ കഴിവുള്ള വിശാലമായ ഊട്ടുപുരകൾ ഉണ്ടെന്നുതന്നെയല്ല, ചില അവസരങ്ങളിൽ ഇപ്പോഴും അവരെ അങ്ങിനെ ഊട്ടിവരുന്നുമുണ്ടു്. തിരുവനന്തപുരം ഹരിജനവിദ്യാർത്ഥിഹോസ്റ്റലിൽ വച്ചു് ഒരു ബാലനുമായി മഹാത്മജി നടത്തിയ ഒരു ചെറിയ സംഭാഷണത്തിൽനിന്നു് സ്വർണ്ണരത്നാഭരണങ്ങളാൽ നിറഞ്ഞ പത്മനാഭസ്വാമിക്ഷേത്രത്തിൽ നിന്നും മടങ്ങിവന്ന അദ്ദേഹത്തിൻെറ മനോഭാവം എന്താണെന്നു സ്പഷ്ടമാകുന്നുണ്ടു്.

"ഞങ്ങൾക്ക് രണ്ടു പശുക്കളുടെ അത്യാവശ്യമുണ്ടു്" ശ്രീയുത് ഗോവിന്ദൻ പറഞ്ഞു. "അവിടുന്നു് ഞങ്ങൾക്ക് അവയെ ഗുജറാത്തിൽനിന്നും അയച്ചുതരാമോ?"

"ആകാം" മഹാത്മജി ചിരിച്ചുകൊണ്ടു പറഞ്ഞു. "പണം തരിക; ഞാൻ പശുക്കളെ അയച്ചുതരുന്നതായിരിക്കും".

"പക്ഷെ ഞങ്ങളുടെ കൈവശം പണമില്ല."

"ഇവിടത്തെ പത്മനാഭസ്വാമിക്ഷേത്രത്തിൽനിന്നും ഒരു സ്വർണ്ണക്കുടം മോഷ്ടിക്കാത്തതെന്തു്?" മഹാത്മജി ഉച്ചത്തിൽ ചിരിച്ചുകൊണ്ടു തുടർന്നു: "പാടില്ല, മോഷണം ശരിയല്ല, വിശേഷിച്ചും തിരുവിതാംകൂറെപ്പോലെയുള്ള ഒരു ഹിന്ദുരാജ്യത്തിൽ മോഷണം ഒരു അജ്ഞാതസംഭവമായിരിക്കണം. എന്നാൽ ഹരിജനബാലന്മാരെ തീററുവാനെന്നപോലെയുള്ള സല്ക്കാര്യങ്ങൾക്കായുള്ള യാചന ഇവിടെ 'പുത്തിരി' യാകാൻ ഇടയില്ല. സുവർണ്ണചഷകങ്ങളിൽനിന്നും പാൽ ബ്രാഹ്മണക്കു് പകർന്നുകൊടുത്തുകൊണ്ടിരിക്കുന്ന ആ അധികാരസ്ഥാനങ്ങളിൽ അറിയിക്കുക. അവർ പിച്ചളപ്പാത്രങ്ങളിൽ കുറെ മോരെങ്കിലും ഹരിജനബാലന്മാരായ നിങ്ങൾക്കു്, വിശേഷിച്ചും അയിത്തത്തെ അകററിയിരിക്കുന്ന ഈ അവസരത്തിൽ, നൽകാതിരിക്കുമോ?"

ക്ഷേത്രങ്ങളുടെ പരിപൂർണ്ണമായ ആദ്ധ്യാത്മികപരിവർത്തനം എന്നു വച്ചാൽ, അവയുടെ എല്ലാഭാഗങ്ങളും സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും അവകാശപ്പെടുവാൻ കഴിവുണ്ടായിരിക്കണം എന്നാണു്. അങ്ങിനെയായാൽ അവയുടെ ഐശ്വര്യവും സമ്പത്തും ആത്തിയോടെ നോക്കുവാൻ ആരും പ്രലോഭിതരായിത്തീരുകയില്ല.

ഗാന്ധിജിയുടെ അഭ്യർത്ഥനയ്ക്കു് സ്വയമേവയുള്ള ഫലം ലഭിച്ചുവരുന്നു എന്നുള്ളതു് ചാരിതാർത്ഥ്യജനകമാണു്. പുലയരുടെ സ്മരണീയമായ ഒരു യോഗത്തിൽ വച്ചു് ഇയ്യിടെ ദിവാൻജി ഈ വിളംബരം ഒരു അവസാനകൃത്യമല്ലെന്നും, രാജ്യത്തിന്റെ പുനഃസംഘടനയുടെ ഒരു പ്രാരംഭം മാത്രമാണെന്നും പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം ഉൽക്കർഷബോധവും അപകർഷബോധവും പാടേ ത്യജിക്കണമെന്നു് ജനങ്ങളെ ഉപദേശിക്കയും, അധഃകൃതർ, അല്ലെങ്കിൽ, താഴ്ന്ന

ജാതിക്കാർ എന്നർത്ഥം വരുന്ന വാക്കുകൾ ഗവമ്മെൻറുരേഖകളിൽനിന്ന് മാച്ചുകളയുവാൻ പോകുന്നു എന്നു പ്രസ്താവിക്കുകയും, ഉന്നതമെന്നും, അധഃകൃതമെന്നും ഉള്ള വ്യത്യാസങ്ങൾ കഴിഞ്ഞ കാര്യങ്ങളായി ഗണിക്കപ്പെടുന്ന ഒരു കാലം പ്രതീക്ഷിക്കുകയും ചെയ്തു.

ഗവമ്മെൻറ് അങ്ങിനെ അയിത്താചാരത്തിന് അല്പകാലം മുൻപുവരെ നൽകിയിരുന്ന അംഗീകാരം പിൻവലിച്ച് അതു ബഹിഷ്കരിക്കേണ്ട ഒന്നാണെന്ന് പ്രഖ്യാപനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ജനങ്ങൾ ഇനിയും അവരുടെ hൃദയങ്ങളിൽനിന്ന് അതിനെ പറിച്ചുകളയേണ്ടതാണ്. ഇതിലേയ്ക്ക് ഉത്തമനായ ദിവാൻജി ഗവമ്മെന്റിന്റെ സകല സഹകരണങ്ങളും വാഗ്ദാനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഭാരതമൊട്ടുക്ക് തിരുവിതാംകൂർ ഒരു സൌന്ദര്യസങ്കേതമായിട്ടാണ് അറിയുന്നത്. എന്നാൽ അല്പകാലങ്ങൾക്കു മുൻപ് പ്രതിപക്ഷിയായ ഒരു വിമർശകൻ, ബിഷപ്പ് ഹീബർ പറഞ്ഞിരിക്കുന്നതുപോലെ, വേണമെങ്കിൽ ഇപ്രകാരം ആക്ഷേപമായി പറയാമായിരുന്നു. "സകല കാഴ്ചകളും ആനന്ദസന്ദായകമായിരിക്കുന്ന ഈ രാജ്യത്ത് മനുഷ്യൻ മാത്രം നികൃഷ്ടനാകുന്നു."

തിരുവിതാംകൂർ സകല മാലിന്യങ്ങളും കഴുകിക്കളയുകയും, ഒരു സൌന്ദര്യസങ്കേതമായിരിക്കുന്നതു കൂടാതെ, ഒരു മഹാക്ഷേത്രമായിത്തീരുകയും ചെയ്തിരിക്കുന്നു; എന്തുകൊണ്ടെന്നാൽ പരിശുദ്ധിയില്ലാത്ത സൌന്ദര്യം ആരോഗ്യകരമല്ല. യഥാർത്ഥസൌന്ദര്യം മഹാകവി വേഡ്സ്വർത്ത് പറഞ്ഞിരിക്കുന്നതുപോലെ ആയിരിക്കണം. "ഈ പവിത്രമായ ഉദ്യാനത്തിൽ പാപസമ്മതത്തിന് അനുയോജ്യമല്ലാത്തതായ ഒരു മൂലപോലുമില്ല."

തിരുവിതാംകൂർ ഹിന്ദുസ്ഥാനത്തുള്ള ജനങ്ങൾക്ക് എല്ലാപേക്കും ഇപ്രകാരം ഭക്തിജനകമായ ഒരു സൌന്ദര്യക്ഷേത്രമായി ഭവിക്കട്ടെ!

രണ്ടാം ഭാഗം.

ഗാന്ധിജിയുടെ ലേഖനങ്ങളും പ്രസംഗങ്ങളും.

വിളംബരത്തിനു മുൻപ്

ഫൻവ൩, ഫൻവ൨, ഫൻമ൨ ഈ കൊല്ലങ്ങളിൽ ചെയ്ത

പ്രസംഗങ്ങൾ.

വൈയ്ക്കം

(ഫൻവ—മാർച്ച്)

സത്യഗ്രഹികളോടുള്ള ഒരു സംഭാഷണം

സത്യഗ്രഹികളുടെ കടമ.

നിങ്ങളുമായി പൂർണ്ണവും തൃപ്തികരവുമായ ഒരു സംഭാഷണം ചെയ്യാതെ ഇന്ന് എനിക്ക് ഇവിടെനിന്നു പോകേണ്ടിയിരിക്കുന്നതിൽ ഞാൻ കുണ്ഠിതപ്പെടുന്നു. പക്ഷെ, ഇതിൽ കൂടുതലൊന്നും ചെയ്യുവാൻ കഴിയുമെന്നു തോന്നുന്നില്ല. നമ്മുടെ ഉദ്ദേശത്തിന്റെ സാദ്ധ്യത്തിനായി വൈയ്ക്കം കൂടാതെ മററു വളരെ സ്ഥലങ്ങൾ ഞാൻ സന്ദർശിക്കണം എന്നാണ് എന്റെ യാത്രാപരിപാടി നിശ്ചയിക്കുന്നവരുടെ അഭിപ്രായം. അവരുടെ ഉപദേശത്തിനു ഞാൻ കീഴ്വണങ്ങി എങ്കിലും, പൂർവ്വാനുഭവത്തെ അടിസ്ഥാനമാക്കിയുള്ള എന്റെ അഭിപ്രായം, ഈ പ്രസ്ഥാനത്തിന്റെ വിജയം പുറമേനിന്നുള്ള സഹായത്തെക്കാൾ നിങ്ങളെത്തന്നെ ആശ്രയിച്ചിരിക്കുന്നു, എന്നാണ്. നിങ്ങളിൽ ഒന്നുമില്ലാതിരിക്കുകയോ, അല്ലെങ്കിൽ, നിങ്ങളിൽ വളരെയൊന്നുമില്ലാതിരിക്കുകയോ ആണെങ്കിൽ, എന്റേതുപോലെയുള്ള ഒരു ക്ഷണികമായ സന്ദർശനം സൃഷ്ടിക്കുന്ന എത്ര വലിയ ഉത്സാഹവും നിഷ്ഫലമായി തീരുകയേ ചെയ്യുയുള്ളൂ. എന്നാൽ ഞാൻ ഇവിടെ വരാതിരിക്കുകയും, ഇവിടെ പൊതുജനങ്ങളുടെ ഇടയിൽ ഇത്ര വലിയ ഉത്സാഹം ഉണ്ടാകാതിരിക്കുകയും ചെയ്യുകയാണെങ്കിൽക്കൂടി, നിങ്ങൾ നിങ്ങളോടുതന്നെ സത്യസന്ധതയുള്ളവരായിരുന്നാൽ ഒരു കുറവും ഉണ്ടാകാൻ വഴിയില്ല. ഇങ്ങനെയുള്ള ഒരു സംരംഭത്തിന് ആവശ്യമായ ഉത്സാഹം മുഴുവൻ നിങ്ങളുടെ പ്രവൃത്തികൾക്കു തന്നെ സൃഷ്ടിക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് കുറേ

ക്കൂടി സമയം ഇവിടെ താമസിക്കുവാൻ എനിക്കു സാധിച്ചിരുന്നുവെങ്കിൽ അതു് കൂടുതൽ ഉപയോഗപ്രദമാകുമായിരുന്നു. എന്നാൽ എന്നെ നയിക്കുന്ന സ്നേഹിതന്മാരുടെ ഉപദേശത്തിനു വിരുദ്ധമായി അങ്ങിനെ ചെയ്യാൻ സാധിക്കുകയില്ലല്ലോ.

രാഷ്ട്രീയവശത്തെ വിസ്മരിക്കുക.

നിങ്ങളിൽനിന്നു് ഞാൻ എന്താണു പ്രതീക്ഷിക്കുന്നതെന്നു് എത്രയും ചുരുങ്ങിയ രീതിയിൽ എനിക്കു പറയേണ്ടിയിരിക്കുന്നു. ഈ കാര്യപരിപാടിയുടെ രാഷ്ട്രീയവശത്തെ വിസ്മരിക്കണമെന്നു് ഞാൻ നിങ്ങളോടു് ആവശ്യപ്പെടുന്നു. ഈ സമരത്തിനു് രാഷ്ട്രീയമായ അനന്തരഫലങ്ങൾ ഉണ്ടു്. പക്ഷെ അവയിൽ നിങ്ങൾ വ്യാപൃതരാകേണ്ട ആവശ്യമില്ല. നിങ്ങൾ അങ്ങിനെ ചെയ്താൽ യഥാർത്ഥമായ ഫലം നിങ്ങൾക്കു നഷ്ടപ്പെടും എന്നു മാത്രമല്ല, രാഷ്ട്രീയമായ ഫലങ്ങളും നിങ്ങൾക്കു കിട്ടാതെ പോകും. കൂടാതെ, സമരത്തിന്റെ യഥാർത്ഥമായ തീക്ഷ്ണതയോടു സമ്പർക്കമുണ്ടാകുമ്പോൾ നിങ്ങൾ അപ്രാപ്തരാണെന്നു കാണുകയും ചെയ്യും. അതുകൊണ്ടു് അതു നിങ്ങളെ അല്പം ഭയപ്പെടുത്തിയാൽപോലും സമരത്തിന്റെ യഥാർത്ഥ സ്വഭാവം നിങ്ങളോടു വിശദീകരിക്കണമെന്നു് എനിക്കു് ആഗ്രഹമുണ്ടു്. ഹിന്ദുക്കൾക്കു് അഗാധമായ മതപ്രാധാന്യമുള്ള ഒരു സമരമാണു് ഇതു്. ഹിന്ദുമതത്തെ ഏറ്റവും വലിയ മാലിന്യത്തിൽനിന്നും മോചിപ്പിക്കുവാനാണു് നാം ശ്രമിക്കുന്നതു്. നമുക്കു് എതിരിടേണ്ടിയിരിക്കുന്ന അന്ധവിശ്വാസങ്ങൾ അനേകനൂറ്റാണ്ടുകളായി നിലനിന്നുവരുന്നവയാണു്. പൊതുസ്വത്താണെന്നു് നാം വിചാരിക്കുന്ന ക്ഷേത്രത്തിനു ചുററുമുള്ള റോഡുകൾ അയിത്തജാതിക്കാക്കു തുറന്നുകൊടുക്കുവാൻ വേണ്ടിയുള്ള ഈ സമരം ഒരു വലിയ യുദ്ധത്തിലെ ഏററവും ചെറിയ ഒരു ഭാഗം മാത്രമാകുന്നു. ഈ സമരം വൈയ്ക്കത്തെ റോഡുകൾ തുറന്നുകിട്ടുന്നതോടുകൂടി അവസാനിക്കുന്നതാണെങ്കിൽ, അതിനു വേണ്ടി ഞാൻ എന്റെ തല പുണ്ണാക്കുകയില്ലെന്നു നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ടു് വൈയ്ക്കത്തെ റോഡുകൾ അയിത്തജാതിക്കാക്കു തുറന്നുകൊടുക്കുന്ന

തോട്ടുകൂടി ഈ സമരം അവസാനിപ്പിക്കേണ്ടതാണെന്നു നിങ്ങൾ വിചാരിക്കുകയാണെങ്കിൽ, അതു് ഒരു വലിയ തെററായിരിക്കും. റോഡുകൾ തീച്ചയായും തുറക്കണം. അവ തുറപ്പിക്കുകതന്നെ വേണം. പക്ഷെ അതു് അന്ത്യലക്ഷ്യത്തിൻെറ പ്രാരംഭം മാത്രമേ ആകുന്നുള്ളൂ. തിരുവിതാംകൂറിലുള്ള ഇത്തരം റോഡുകൾ എല്ലാം അയിത്തജാതിക്കാക്കും തുറന്നുകൊടുക്കുന്നതാണു് അവസാനലക്ഷ്യം. അതു മാത്രമല്ല, നമ്മുടെ ശ്രമങ്ങൾ അസ്പൃശ്യരുടേയും അയിത്തജാതിക്കാരുടേയും സാമാന്യനിലയെ ഉയർത്തും എന്നുകൂടി നാം ആശിക്കുന്നുണ്ടു്. അതിനു വളരെ വലിയ ത്യാഗങ്ങൾ ആവശ്യമാണതാനും.

സഹനശക്തികൊണ്ടു പ്രതിയോഗികളെ മാനസാന്തരപ്പെടുത്തുക.

എന്തുകൊണ്ടെന്നാൽ പ്രതിയോഗികളോടു് അക്രമം പ്രവർത്തിച്ചു കാര്യങ്ങൾ നേടുകയല്ല നമ്മുടെ ഉദ്ദേശം. നിർബന്ധംകൊണ്ടോ, അക്രമംകൊണ്ടോ, അഭിപ്രായപരിവർത്തനം ഉണ്ടാക്കുകയായിരിക്കും അതിൻെറ ഫലം. മതപരമായ കാര്യങ്ങളിൽ നിർബന്ധം ഉപയോഗിക്കുമ്പോൾ, നാം ആത്മഹത്യയ്ക്കു് ഒരുങ്ങുകയാണു ചെയ്യുന്നതെന്നുള്ളതിൽ യാതൊരു സംശയവുമില്ല. തികച്ചും അക്രമരഹിതമായ പന്ഥാക്കളിൽ കൂടിയായിരിക്കണം നമ്മുടെ സമരം തുടർന്നുകൊണ്ടു പോകേണ്ടതു്. അതായതു് നാം സ്വയം കഷ്ടതകൾ സഹിക്കുവാൻ തയാറാകണം. സത്യാഗ്രഹത്തിൻെറ അർത്ഥം അതാണു്. നിങ്ങളുടെ മേൽ നിക്ഷിപ്തമാകാൻ വഴിയുള്ളതോ, പ്രാപ്യസ്ഥാനത്തിലേയ്ക്കുള്ള യാത്രയിൽ വിധിവൈപരീത്യത്താൽ വന്നുചേരുന്നതോ ആയ എല്ലാവിധ കഷ്ടതകളും സഹിക്കുവാൻ ഉള്ള ശക്തി നിങ്ങൾക്കുണ്ടോ എന്നുള്ളതാണു് ഇവിടത്തെ പ്രശ്നം. നിങ്ങൾ സഹിക്കുന്ന അവസരത്തിൽപോലും ഒരു വിരോധവും—വിരോധത്തിൻെറ ലാഞ്ഛനപോലും—ശത്രുക്കളുടെ നേരെ നിങ്ങൾക്കു് ഉണ്ടാകുവാൻ പാടുള്ളതല്ല. ഇതു തീച്ചയായും ഒരു യാന്ത്രികമായ പ്രവൃത്തിയല്ലെന്നും ഞാൻ നിങ്ങളോടു പറയുന്നു. നേരേമറിച്ചു് പ്രതിയോഗികളോടു സ്നേഹബുദ്ധിയാണു നിങ്ങൾക്കു് ഉണ്ടാകേണ്ടതു്. നിങ്ങൾക്കു സ്വയം ഉള്ള

തായി വിചാരിക്കുന്ന ആത്മാർത്ഥത അവക്കും ഉണ്ടെന്നു സമ്മതിക്കുകയാണ് അതിനുള്ള മാർഗ്ഗം. ഇതൊരു വിഷമമേറിയ പ്രവൃത്തിയാണെന്ന് എനിക്ക് അറിയാം. അയിത്തക്കാരെ ക്ഷേത്രറോഡുകളിൽ കയററാതിരിക്കുവാൻ അവക്കുള്ള അവകാശത്തെപ്പററി നിർബന്ധിച്ചുകൊണ്ടിരുന്ന സ്നേഹിതന്മാരുമായി ഇന്നലെ ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ എനിക്ക് അതൊരു വിഷമമേറിയ ജോലിയായി തോന്നി എന്നു ഞാൻ സമ്മതിക്കുന്നു. അവരുടെ വാക്കുകളുടെ പിറകിൽ സ്വാർത്ഥത ഉണ്ടായിരുന്നു എന്നും ഞാൻ സമ്മതിക്കുന്നു.

അപ്പോൾ അവക്ക് ആത്മാർത്ഥതയുണ്ടെന്ന് ഞാൻ എങ്ങിനെ സമ്മതിക്കും? ഞാൻ അതിനെപ്പററി ഇന്നലെയും ഇന്നു കാലത്തും ചിന്തിച്ചുകൊണ്ടിരുന്നു. എന്നിട്ട് ഇതാണു ഞാൻ ചെയ്തത്. ഞാൻ എന്നോടുതന്നെ ചോദിച്ചു. "അവരുടെ സ്വാർത്ഥത ഏതു കാര്യത്തിലായിരുന്നു? അവക്കു ചില പ്രത്യേക കാര്യങ്ങൾ സാധിക്കേണ്ടതായിട്ടുണ്ടെന്നു തീർച്ചയാണ്. പക്ഷെ നമുക്കും നമ്മുടെ കാര്യങ്ങൾ സാധിക്കേണ്ടതായിട്ടുണ്ടല്ലോ. നമ്മുടെ കാര്യങ്ങൾ നിർമ്മലവും അതുകൊണ്ടു നിസ്സ്വാർത്ഥവും ആണെന്നേ നാം വിചാരിക്കുന്നുള്ളു. എന്നാൽ നിസ്സ്വാർത്ഥത എവിടെ അവസാനിക്കുന്നു എന്നും, സ്വാർത്ഥത എവിടെ തുടങ്ങുന്നു എന്നും ആക്ക് തീരുമാനിക്കുവാൻ കഴിയും? നിസ്സ്വാർത്ഥത ഏററവും നിർമ്മലമായ സ്വാർത്ഥതയാണെന്നു വരാം." ഞാൻ ഇതു പറയുന്നതു് യുക്തിവാദം ചെയ്യുവാൻ വേണ്ടിയല്ല. യഥാർത്ഥത്തിൽ എൻെറ വിചാരം അതാണ്. ഞാൻ അവരുടെ മനോഗതിയെപ്പററി അവരുടെ വീക്ഷണകോണത്തിൽനിന്നു വിചിന്തനം ചെയ്യുകയാണ്; എന്റേതിൽനിന്നല്ല. ഹിന്ദുക്കൾ അല്ലായിരുന്നുവെങ്കിൽ അവർ ഇന്നലെ ചെയ്ത രീതിയിൽ ഉള്ള സംഭാഷണം ചെയ്യുകയില്ലായിരുന്നു. നമ്മുടെ പ്രതിയോഗികൾ ഏതെങ്കിലും കാര്യത്തെപ്പററി ചിന്തിക്കുന്ന രീതിയിൽ നാം ചിന്തിക്കുവാൻ തുടങ്ങുന്ന നിമിഷം അവരോടു നീതി ചെയ്യുവാൻ നമുക്കു സാധിക്കും. ഇതിനു വിശിഷ്ടമായ ഒരു മനസ്ഥിതി ആവശ്യമാണെന്ന് എനിക്ക് അറിയാം. ഈ സ്ഥിതിയിൽ എത്തിച്ചേരുവാൻ വലിയ വിഷമവുമാണ്. എന്നാൽ ഒരു സത്യഗ്രഹിക്ക് ഇതു

കൂടിയേതീരു. നാം നമ്മുടെ പ്രതിയോഗികളുടെ നിലയിൽ നില്ക്കുകയും, അവരുടെ വീക്ഷണകോണത്തെ മനസ്സിലാക്കുകയും ചെയ്താൽ, ലോകത്തിലെ ദുരിതങ്ങളുടേയും തെററിദ്ധാരണകളുടേയും മുക്കാൽഭാഗവും അപ്രത്യക്ഷമാകും. അപ്പോൾ നാം പ്രതിയോഗികളുമായി വേഗത്തിൽ യോജിക്കും. അല്ലെങ്കിൽ ഔദാര്യപൂർവ്വം അവരെപ്പററി ചിന്തിക്കും. നമ്മെ സംബന്ധിച്ചിടത്തോളം നമുക്ക് അവരോടു വേഗത്തിൽ യോജിക്കുവാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ആദർശങ്ങൾ വളരെ വ്യത്യസ്തങ്ങളാണ്. എന്നാൽ നമുക്ക് അവരോട് അനുഭാവമുള്ളവരായിരിക്കുകയും, അവർ പറയുന്ന കാര്യങ്ങളിൽ അവക്കു തന്നെ വിശ്വാസമുണ്ടെന്നു വിചാരിക്കുകയും ചെയ്യാം. അയിത്തജാതിക്കാക്കു റോഡുകൾ തുറന്നുകൊടുക്കുവാൻ അവർ ഇഷ്ടപ്പെടുന്നില്ല. അവർ ഇങ്ങനെ പറയുന്നതിന് അവരെ പ്രേരിപ്പിക്കുന്നത് അവരുടെ സ്വാർത്ഥതയൊ അജ്ഞതയൊ എന്തുതന്നെയായിരുന്നാലും അവർ അങ്ങിനെ പറയുന്നതു തെററാണെന്നു നാം യഥാർത്ഥത്തിൽ വിശ്വസിക്കുന്നു. അവർ തെററാണു ചെയ്യുന്നതെന്ന് അവരെ കാണിച്ചുകൊടുക്കുകയാണ് നമ്മുടെ കർത്തവ്യം. നാം അങ്ങിനെ ചെയ്യേണ്ടതു കഷ്ടത അനുഭവിക്കുവാനുള്ള നമ്മുടെ സന്നദ്ധതകൊണ്ടാണ്. ഈ അതിപുരാതനങ്ങളും മതപ്രമാണങ്ങളെന്ന് പറയപ്പെടുന്നവയിൽ അടിയുറച്ചു നിൽക്കുന്നവയും ആയ അന്ധവിശ്വാസങ്ങളെ യുക്തിയുടെ സഹായംകൊണ്ടു മാത്രം നീക്കം ചെയ്യാവുന്നതല്ലെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. യുക്തിവാദത്തെ സഹനശക്തികൊണ്ടു ബലപ്പെടുത്തണം. സഹനശക്തി അറിവിന്റെ ദൃഷ്ടികളെ തുറക്കുന്നതാണ്. അതുകൊണ്ട് നമ്മുടെ പ്രവൃത്തികളിൽ നിർബന്ധത്തിന്റെ കണികപോലും ഉണ്ടായിരിക്കാൻ പാടുള്ളതല്ല. നാം ഒരിക്കലും അക്ഷമരായിത്തീരരുത്. നാം ഉപയോഗിക്കുന്ന മാർഗ്ഗങ്ങളിൽ അനശ്വരമായ വിശ്വാസം നമുക്ക് ഉണ്ടായിരിക്കണം. നാലു വേലികളുടേയും സമീപത്തുചെന്ന് അവിടെ നിന്നോ ഇരുന്നോ ദിവസംതോറും തുൽന്തുല്ക്കുകയാണ് നാം ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം. ഇതുകൊണ്ട് റോഡുകൾ തുറന്നുകിട്ടുമെന്ന് നാം വിശ്വസിക്കണം. ഇതു വളരെ വിഷമമുള്ളതും സാവ

ധാനത്തിൽ പുരോഗമിക്കുന്നതും ആയ ഒരു പരിപാടിയാണ്. സത്യഗ്രഹത്തിന്റെ ഗുണങ്ങളെപ്പററി വിശ്വാസമില്ലെങ്കിൽ നിങ്ങൾക്കു സാവധാനത്തിലുള്ള ഈ പീഡനങ്ങളിലും ദുരിതങ്ങളിലും ആനന്ദിക്കുവാനും കത്തിജ്ജ്വലിക്കുന്ന സൂര്യരശ്മിയിൽ ദിവസംതോറും പോയിരിക്കുന്നതിലുള്ള വൈഷമ്യങ്ങളെപ്പറ്റി ചിന്തിക്കാതിരിക്കുവാനും സാധിക്കയില്ല. നിങ്ങൾക്ക് ഈ സംരംഭത്തിലും, അതിന് ഉപയോഗിക്കുന്ന മാർഗ്ഗങ്ങളിലും, ദൈവത്തിലും വിശ്വാസമുണ്ടെങ്കിൽ ചുട്ടെരിയുന്ന സൂര്യരശ്മി വളരെ തണുപ്പുള്ളതായി അനുഭവപ്പെടും. "എത്ര കാലമായി!" എന്നു പറഞ്ഞു് നിങ്ങൾ ക്ഷീണിതരാകുകയോ ദ്വേഷ്യപ്പെടുകയോ ചെയ്യരുതു്. ഹിന്ദുമതം ഉത്തരവാദിത്വം ചെയ്യേണ്ട പാപത്തിന്റെ മോചനത്തിനു വേണ്ടി നിങ്ങൾ അനുഷ്ഠിക്കേണ്ടിയിരിക്കുന്ന തപസ്സിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ് ഇതു്.

ശിക്ഷണത്തിന്റെ ആവശ്യം.

ഈ സമരത്തിൽ നിങ്ങളെ ഞാൻ യോദ്ധാക്കളുടെ നിലയിലാണ് ഗണിക്കുന്നതു്. സ്വയം യുക്തിവാദംചെയ്തു് കാര്യങ്ങൾ തീരുമാനിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല. നിങ്ങൾ ആശ്രമത്തിൽ വന്നിരിക്കുന്നതു് അതിന്റെ നേതാക്കന്മാരിൽ നിങ്ങൾക്കു വിശ്വാസം ഉള്ളതുകൊണ്ടാണ്. ഇതു് എന്നിലുള്ള വിശ്വാസമായി ഗണിക്കണമെന്നില്ല. എന്തുകൊണ്ടെന്നാൽ ഞാൻ ആശ്രമത്തിന്റെ മാനേജരല്ല. ഞാൻ ഈ സംരംഭത്തിന്റെ പൊതുവെയുള്ള നിയന്ത്രണവും ആശയത്തിന്റെ രൂപവൽക്കരണവും ആണ് ഏറെറടുത്തിരിക്കുന്നതു്. അതുകൊണ്ടു് നിങ്ങളുടെ വിശ്വാസം തൽക്കാലം നിങ്ങളെ നയിക്കുന്ന ആളിലാണ് നിക്ഷിപ്തമാകേണ്ടതു്. ആശ്രമത്തിൽ വരുന്നതിനു മുൻപു് എന്തുചെയ്യണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ഒരിക്കൽ തീരുമാനംചെയ്തു് ആശ്രമത്തിൽ വന്നതിനു ശേഷം ഓരോ പ്രവൃത്തിയും ചെയ്യുന്നതു് എന്തിനെന്നു് യുക്തിവാദം ചെയ്യുന്നതിനുള്ള അവകാശം നിങ്ങൾക്കില്ല. നാം ഒരു ശക്തിയുള്ള രാഷ്ട്രമായിത്തീരണമെങ്കിൽ, അന്നന്നു ലഭിക്കുന്ന ആജ്ഞ

യനുസരിച്ച പ്രവൎത്തിക്കുവാൻ നിങ്ങൾ തയാറാവണം. രാഷ്ട്രീയമോ, മതപരമോ ആയ ജീവിതചര്യയെ സംഘടിപ്പിക്കുവാൻ ആ വിധത്തിൽ മാത്രമേ സാധിക്കുകയൊള്ളു. ചില ആദർശങ്ങളുടെ സ്വീകാര്യതയെപ്പററി നിങ്ങൾ സ്വയം തീരുമാനം ചെയ്തിട്ടുണ്ടായിരിക്കണം. ആ ആദർശങ്ങളുടെ ആജ്ഞാശക്തിക്കു വിധേയരായിട്ടായിരിക്കണം നിങ്ങൾ ഈ സമരത്തിൽ ഭാഗഭാക്കുകളായതു്. ആശ്രമത്തിനകത്തിരിക്കുന്ന ആളുകൾ പുറത്തു പോയി വേലിയുടെ അടുത്തു് സത്യഗ്രഹം ചെയ്യുന്നവരെപ്പോലെതന്നെ സമരത്തിൽ പങ്കെടുക്കുന്നുണ്ടു്. സമരത്തിൻെറ ഒരു ഭാഗം മറ്റേതെങ്കിലും ഭാഗത്തെപ്പോലെതന്നെ പ്രാധാന്യമുള്ളതാണു്. അതുകൊണ്ടു് ആശ്രമത്തിലെ ശുചീകരണജോലി വേലിയുടെ അടുത്തിരുന്നു് നൂൽനൂൽക്കുന്നതിനോടൊപ്പം പ്രധാനമാണു്. ആശ്രമത്തിലെ കക്കൂസുകൾ വൃത്തിയാക്കുകയും പരിസരങ്ങൾ ശുചീകരിക്കുകയും ചെയ്യുന്ന ജോലി നൂലു നൂൽക്കുന്നതിനെക്കാൾ അനാകർഷകമാണെങ്കിൽ, അതു തെളിയിക്കുന്നതു് ആ വക ജോലികൾ കൂടുതൽ പ്രാധാന്യവും ഉപയോഗവും ഉള്ളതാണെന്നാകുന്നു. ഒരു നിമിഷംപോലും അലസ സംഭാഷണത്തിനായി വ്യയം ചെയ്യുവാൻ പാടുള്ളതല്ല. നാം എല്ലായ്പ്പോഴും നമ്മെ അഭിമുഖീകരിക്കുന്ന പ്രവൃത്തിയിൽ വ്യാപൃതരായിരിക്കണം. എല്ലാവരും ഈ മനോഭാവത്തോടുകൂടി പണിചെയ്യുകയാണെങ്കിൽ ജോലിയിൽ നിന്നുതന്നെ വളരെ ആനന്ദം നിങ്ങൾക്കു ലഭിക്കുന്നതാണു്. ആശ്രമത്തിലുള്ള എല്ലാ സാധനങ്ങളും നിങ്ങളുടെ സ്വന്തം സാധനങ്ങളായി കരുതേണ്ടതാകുന്നു. ഒരു സാധനവും നിങ്ങളുടെ ഇഷ്ടംപോലെ ദുർവ്യയം ചെയ്യുവാനുള്ളതായി കരുതുവാൻ പാടുള്ളതല്ല. ഒരു അരിമണിയോ, ഒരു കഷണം കടലാസോ, ഒരു മിനിട്ടു സമയമോ ദുരുപയോഗപ്പെടുത്തിക്കൂടാത്തതാകുന്നു. അവയൊന്നും നമ്മുടേതല്ല; രാഷ്ട്രത്തിൻേറതാണു്. അവയെ ഉപയോഗിക്കുവാൻ വേണ്ടി നമ്മുടെ കയ്യിൽ വിശ്വസിച്ചു് ഏൽപിച്ചിരിക്കുന്നു എന്നേയുള്ളു.

ഇതെല്ലാം വളരെ കഠിനവും വിഷമമേറിയതും ആയി നിങ്ങൾക്കു തോന്നാം. എൻെറ വിശദീകരണം വളരെ

രൗദ്രമായ രീതിയിലുള്ള ഒന്നായി നിങ്ങൾക്കു തോന്നിയേക്കാം. പക്ഷെ മറ്റൊരുവിധത്തിലും ഈ സംഗതി പറഞ്ഞറിയിക്കുവാൻ എനിക്കു സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ഇക്കാര്യം വളരെ എളുപ്പമാണെന്നു വിശ്വസിപ്പിച്ച് നിങ്ങളേയും എന്നേയും വഞ്ചിക്കുവാൻ ഞാൻ ഒരുമ്പെടുകയാണെങ്കിൽ അതൊരു വലിയ അപരാധമായിരിക്കും.

സുധനവൻെറ വിശ്വാസത്തിൽ ഒരംശം ഉണ്ടായിരിക്കണം.

നമ്മുടെ മതത്തിൽ പലവിധത്തിലുള്ള അഴിമതികളും കടന്നുകൂടിയിട്ടുണ്ട്. നാം ഒരു രാഷ്ട്രമെന്ന നിലയിൽ വളരെ അലസരായി തീർന്നിരിക്കുന്നു. കാലഗതിയേ പററിയുള്ള യാതൊരു ബോധവും നമുക്കില്ലാതായിരിക്കുന്നു. നമ്മുടെ പ്രവൃത്തികളെ സ്വാർത്ഥത പിടികൂടിയിരിക്കുന്നു. നമ്മുടെ ഇടയിലുള്ള വലിയ ആളുകൾ അന്യോന്യം അസൂയാലുക്കളായി തീർന്നിരിക്കുന്നു. പരപക്ഷബഹുമാനം നമുക്ക് ഇല്ലെന്നായിരിക്കുന്നു. അതുകൊണ്ട് മുൻ പറഞ്ഞ സംഗതികളിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ ഞാൻ ആകർഷിച്ചില്ലെങ്കിൽ ഇത്തരം ദോഷങ്ങളെ പരിഹരിക്കുവാൻ നമുക്ക് സാധിക്കുകയില്ല. സത്യഗ്രഹം നിർദ്ദയമായ ഒരു സത്യാന്വേഷണവും സത്യത്തിൽ എത്തിച്ചേരുവാനുള്ള ദൃഢനിശ്ചയവും ആകുന്നു. നിങ്ങളുടെ പ്രവൃത്തിയുടെ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കുമെന്ന് ഞാൻ ആശിക്കുന്നു. അങ്ങിനെയായാൽ നിങ്ങളുടെ മാർഗ്ഗം വളരെ എളുപ്പമായിരിക്കും. എന്തുകൊണ്ടെന്നാൽ ബുദ്ധിമുട്ടുകളിൽ ആനന്ദിക്കുവാനുള്ള പ്രാപ്തി നിങ്ങൾക്ക് അപ്പോൾ ഉണ്ടാകും. മററുള്ളവർ നിരാശയിൽ ആണ്ടുകിടക്കുമ്പോൾ നിങ്ങൾ ആശാഭരിതരായിരിക്കും. കവികളും ഋഷികളും നമ്മുടെ മതഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള ഉദാഹരണങ്ങളെ ഞാൻ വിശ്വസിക്കുന്നു. ഉദാഹരണമായി തിളയ്ക്കുന്ന എണ്ണയിൽ ഇട്ടുമുക്കിയപ്പോൾപോലും സുധനവന് മന്ദഹസിച്ചുകൊണ്ടിരിക്കുവാൻ കഴിഞ്ഞു എന്നു പറഞ്ഞിട്ടുള്ളതിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ അയാളുടെ സൃഷ്ടികർത്താവായ ഈശ്വരനെ വി[illegible]രിക്കുക

എന്നുള്ളത്ത് തിളയ്ക്കുന്ന എണ്ണയിൽ നിപതിക്കുന്നതിനെക്കാൾ എത്രയോ വലിയ ദണ്ഡനം ആയിരുന്നു. സുധനപന്റെ വിശപാസത്തിൽ ഒരംശം നമുക്ക് ഉണ്ടായിരിക്കുകയാണെങ്കിൽ ഈ സമരത്തിലും ഇത്ത് ഒരു ചെറിയ തോതിൽ പരമാത്ഥമാകും.

നാഗർകോവിൽ

(വ—ഫം—ഫൻവെ)

ഒരു ഭയങ്കരമായ പ്രമാണം.

ഇൻഡ്യയിലെ ഏററവും മനോഹരമായ ഈ ഭൂഭാഗത്തെ രണ്ടാമതു ഒരിക്കൽക്കൂടി സന്ദർശിക്കാൻ ഇടവന്നതിൽ എനിക്കു വളരെ സന്തോഷം ഉണ്ടെങ്കിലും, ഇൻഡ്യയിൽ മറെറാരിടത്തും ഇല്ലാത്ത രീതിയിലുള്ള സ്വാധീനശക്തി ഈ പ്രകൃതിരമണീയമായ രാജ്യത്തിൽ അയിത്തത്തിനു ലഭിച്ചിട്ടുണ്ടെന്നുള്ള വസ്തുത എന്നെ വളരെ വേദനിപ്പിക്കുന്നുണ്ടെന്നുള്ള പരമാർത്ഥം നിങ്ങളിൽനിന്നു് മറച്ചുവയ്ക്കുവാൻ എനിക്കു കഴികയില്ല. തീണ്ടൽ, തൊടീൽ എന്ന ഭയാനകമായ രൂപത്തിൽ അയിത്തം ഈ പരിശുദ്ധഹിന്ദുരാജ്യത്തിൽ നടനംചെയ്യുന്നതു കണ്ടു് ഒരു ഹിന്ദു എന്ന നിലയിൽ എനിക്കു് അനല്പമായ ലജ്ജ തോന്നുന്നുണ്ടു്. ഹിന്ദുമതത്തിൻെറ ജീവച്ഛക്തിയെ തിന്നൊടുക്കുന്ന ഒരു വലിയ ശാപമാണു് ഈ അയിത്തം എന്നു് ഉത്തരവാദിത്വബോധത്തോടുകൂടിയാണു് ഞാൻ പറയുന്നതു്. വേണ്ടുവിധത്തിലുള്ള മുൻകരുതലുകൾ എടുക്കുകയും ഈ ശാപത്തെ നമ്മുടെ ഇടയിൽനിന്നു മാററുകയും ചെയ്തില്ലെങ്കിൽ, ഹിന്ദുമതംതന്നെ നശിച്ചുപോകുമെന്നുകൂടി എനിക്കു് പലപ്പോഴും തോന്നിപ്പോകുന്നു. യുക്തിയുടെ ഈ കാലത്തിൽ, വിദേശസഞ്ചാരത്തിൻെറ ഈ കാലത്തിൽ, മതത്തിന്റെ താരതമ്യപഠനം നടക്കുന്ന ഈ കാലത്തിൽ, ഒരു മനുഷ്യനെ അവൻെറ ജനനംകൊണ്ടു മാത്രം അസ്പൃശ്യനായോ, അയിത്തക്കാരനായോ അദൃശ്യനായോ കണക്കാക്കുന്ന ഭയങ്കരമായ സിദ്ധാന്തത്തെ വിശ്വസിക്കുന്ന ആളുകൾ—പ്രത്യേകിച്ചും വിദ്യാഭ്യാസമുള്ള ആളുകൾ—ഉണ്ടായിരിക്കുന്നതു് എങ്ങിനെയെന്നു് എനിക്കു മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഒരു സാധാരണ ഹിന്ദുമതവിദ്യാർത്ഥിയുടെ നിലയിലും, ഹിന്ദുമതത്തെ അതിൻെറ യഥാർത്ഥമായ അർത്ഥത്തിൽ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്ന ഒരാളുടെ നിലയിലും ഞാൻ

നിങ്ങളോടു പറയുന്നതു്, ഈ ഭയങ്കരമായ സിദ്ധാന്തത്തെ നീതീകരിക്കുകയോ സഹായിക്കുകയോ ചെയ്യുന്നതായി ഒന്നും തന്നെ എനിക്കു് ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല എന്നാണു്. സംസ്കൃതത്തിൽ എഴുതിയിട്ടുള്ളതോ, ശാസ്ത്രത്തിൽ കുറിച്ചിട്ടുള്ളതോ ആയ എല്ലാ സംഗതികളും അനുസരിക്കണമെന്നുള്ള വിശ്വാസം നാം വച്ചുകൊണ്ടിരിക്കുന്നു്. സന്മാർഗ്ഗനിബന്ധനകളുടെ അടിസ്ഥാനതത്വങ്ങളെ അവഹേളിക്കുന്നതും ശിക്ഷിതമായ യുക്തിക്കു വിരുദ്ധമായിട്ടുള്ളതും ആയ യാതൊന്നും തന്നെ അവ എത്രമാത്രം പുരാതനമായിരുന്നാലും ശാസ്ത്രമായി ഗണിക്കാൻ പാടുള്ളതല്ല. ഞാൻ ഈ ചെയ്യുന്ന പ്രസ്താവനയ്ക്കു് വേദത്തിലും മഹാഭാരതത്തിലും ഭഗവൽഗീതയിലും എത്ര പ്രമാണങ്ങൾ വേണമെങ്കിലും കാണാവുന്നതാണു്. അതുകൊണ്ടു് ഈ ശാപത്തെ ഈ നാട്ടിൽനിന്നു് ആട്ടിപ്പായിക്കുവാൻ പരിഷ്കൃതാശയയായ തിരുവിതാംകൂറിലെ ഭരണകർത്രിക്കു് അവരുടെ ഭരണകാലത്തിൽതന്നെ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അനേക നൂററാണ്ടുകളായി അടിമത്തം സഹിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു് പൂർണ്ണമായ സ്വാതന്ത്ര്യം ലഭിക്കാൻ തന്റെ ഭരണകാലത്തു് സാദ്ധ്യമായിരിക്കുന്നു എന്നു് തന്നോടും തന്റെ പ്രജകളോടും പ്രഖ്യാപനം ചെയ്യുവാൻ ഒരു സ്ത്രീക്കു് സാധിക്കുന്നതിൽ കൂടുതൽ മഹനീയമായി മറെറന്താണുള്ളതു്?

പുരോഹിതന്മാരും സവർണ്ണരും ഉണരുവിൻ!

എന്നാൽ എനിക്കു മഹാറാണിയുടേയും അവരുടെ ഉപദേഷ്ടാക്കളുടേയും ബുദ്ധിമുട്ടുകളെപ്പററി നല്ലവണ്ണം അറിയാം. എത്രമാത്രം സ്വേച്ഛാധികാരം ഉള്ളതായിരുന്നാലും, ഒരു ഗവമ്മെൻറു് ഈ വക പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിൽ വളരെ മുൻകരുതലോടും ശങ്കയോടും മാത്രമേ പ്രവർത്തിക്കുകയുള്ളൂ. ഇത്തരം പരിഷ്കാരങ്ങൾക്കു വേണ്ടിയുള്ള പ്രക്ഷോഭണങ്ങളെ ബുദ്ധിയുള്ള ഒരു ഗവമ്മെൻറു് സ്വാഗതം ചെയ്യുന്നതാണു്. ഒരു ബുദ്ധിഹീനമായ ഗവമ്മെൻറു് പൊതുജനാഭിപ്രായത്തിന്റെ നേരെയുള്ള അസഹിഷ്ണുതകൊണ്ടു് ഇത്തരം പ്രക്ഷോഭണങ്ങളെ ബലം പ്രയോഗിച്ചു് അമർത്തിക്കളയും.

ഈ പരിഷ്കാരം നടപ്പിൽ വരുത്തുന്നതിന് തങ്ങളുടെ ഹസ്തങ്ങൾക്കു കൂടുതൽ ബലം പ്രദാനംചെയ്യത്തക്കവണ്ണമുള്ള പ്രക്ഷോഭണത്തെ നിങ്ങളുടെ ഗവമ്മെൻറ് അനുവദിക്കുമെന്നു മാത്രമല്ല, സ്വാഗതം ചെയ്യുമെന്നുകൂടി വൈയ്ക്കം സത്യഗ്രഹം സംബന്ധിച്ചുള്ള എൻെറ സ്വന്ത അനുഭവം എനിക്കു മനസ്സിലാക്കിത്തന്നിരിക്കുന്നു. അതുകൊണ്ടു് ഇതിനുള്ള പ്രാരംഭപ്രവത്തനങ്ങൾ തുടങ്ങുവാനുള്ള ചുമതല തിരുവിതാംകൂർകാരായ ജനങ്ങളിലാണ്—അയിത്തജാതിക്കാരെന്നും അവണ്ണരെന്നും തെററായി നാമകരണം ചെയ്തിട്ടുള്ള ജനങ്ങളിലല്ല—സ്ഥിതിചെയ്യുന്നതു്. "അവണ്ണൻ" എന്ന പദം എൻെറ അഭിപ്രായത്തിൽ നിരത്ഥകവും ഹിന്ദുമതത്തിനു അതൊരു കളങ്കവുമാണ്. പല സംഗതികളിലും പ്രത്യവിധി ചെയ്യുവാൻ, അല്ലെങ്കിൽ പ്രാരംഭപ്രവത്തനങ്ങൾ തുടങ്ങുവാനുള്ള ചുമതലകൾ അവണ്ണരിലല്ല അയിത്താചാരമാകുന്ന പാപത്തെ കഴുകിക്കളയുവാൻ ബാദ്ധ്യതപ്പെട്ട സവണ്ണഹിന്ദുക്കളിലാണ് സ്ഥിതിചെയ്യുന്നതു്. അയിത്താചാരം ഒരു പാതകമാണെന്നുള്ള വിശ്വാസം നിശ്ശേഷമായി മുറുകെപ്പിടിച്ചുകൊണ്ടിരുന്നാൽ മാത്രം പോരെന്നു് ഞാൻ നിങ്ങളോടു പറഞ്ഞുകൊള്ളട്ടെ. ഒരു മഹാപാതകം നിശ്ശേഷമായി വീക്ഷിച്ചുകൊണ്ടിരിക്കുക മാത്രം ചെയ്യുന്ന ഒരാൾ യഥാത്ഥമായും നിയമപരമായും അതിൻെറ ഒരു മുഖ്യ പങ്കാളിയായിത്തീരുന്നു. അതുകൊണ്ടു് നിയമാനുസൃതവും ന്യായവുമായ സകല മാർഗ്ഗങ്ങളിൽക്കൂടിയും നിങ്ങൾ പ്രക്ഷോഭണം തുടങ്ങി അതു് തുടൎന്നുകൊണ്ടിരിക്കണം. ഇപ്പോൾത്തന്നെ താമസിച്ചുപോയിരിക്കുന്ന ഈ പരിഷ്കാരത്തെ എതുക്കുന്ന ബ്രാഹ്മണപുരോഹിതന്മാരോടും, എൻെറ ശബ്ദം അവരുടെ സന്നിധിയിൽ എത്തുമെങ്കിൽ, ചില സംഗതികൾ ഞാൻ പറഞ്ഞുകൊള്ളട്ടെ. മതത്തിൻെറ യഥാത്ഥ രക്ഷകന്മാരായിരിക്കേണ്ട പുരോഹിതന്മാരാണ് അവരുടെ രക്ഷയിലിരുന്ന മതത്തെ നശിപ്പിക്കുവാൻ കാരണമായിരിക്കുന്നതെന്നുള്ളതു് ചരിത്രപരവും, ഹൃദയഭേദകവുമായ ഒരു പരമാത്ഥമാണ്. തിരുവിതാംകൂറിലും മററു സ്ഥലങ്ങളിലും ഉള്ള ബ്രാഹ്മണപുരോഹിതന്മാർ അജ്ഞതകൊണ്ടും മററും അവരുടെ രക്ഷയിലിരിക്കുന്ന മതത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നതു് ഞാൻ

എൻെറ കണ്ണുകളുടെ മുൻപിൽ കാണുന്നു. അവരുടെ പാണ്ഡിത്യം ഒരു വികൃതമായ അന്ധവിശ്വാസത്തേയോ ഒരു ഭയങ്കരമായ അപരാധത്തേയോ വച്ചു പോററുവാൻ പ്രയോജനപ്പെടുത്തുമ്പോൾ അതു് ധൂളിപടലംപോലെ നിഷ്പ്രയോജനമായിത്തീരുന്നു. അവർ സമയം അതിക്രമിക്കുന്നതിനു മുൻപുതന്നെ കാലഗതി മനസ്സിലാക്കുകയും, സത്യപന്ഥാവിൽക്കൂടി നമ്മേയും അവരേയും, സമ്മതത്തോടുകൂടിയോ അല്ലാതേയോ, തപരിപ്പിച്ചുകൊണ്ടിരിക്കുന്ന സംഭവങ്ങൾക്ക് അനുകൂലമായി പ്രവത്തിക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. ലോകത്തിലെ മതങ്ങൾ എല്ലാം, അവ മററു കാര്യങ്ങളിൽ വിയോജിക്കുന്നുണ്ടെങ്കിലും ലോകത്തിൽ സത്യമല്ലാതെ മറെറാന്നും നിലനിൽക്കുന്നില്ല എന്നു് ഐകകണ്ഠ്യേന പ്രഖ്യാപനംചെയ്യുന്നു.

പരിഷ്കൃത്താവിൻെറ മാർഗ്ഗം.

അക്ഷമനായ ഒരു പരിഷ്കൃത്താവു് ശരിയായും, നേരേയുള്ളതും, വിസ്താരം കുറഞ്ഞതും ആയ പന്ഥാവിൽ ചരിച്ചുകൊണ്ടിരുന്നില്ലെങ്കിൽ അയാൾ, തന്നേയും അക്ഷമയോടെ നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്ന പരിഷ്കാരത്തേയും ക്ഷതപ്പെടുത്തുമെന്നു് ഞാനൊരു മുന്നറിവു നൽകിക്കൊള്ളട്ടെ. അതുല്യവും അമൂല്യവും ആയ സത്യഗ്രഹം എന്ന ഒരു ആയുധം അയാളുടെ കൈവശം ഏൾപ്പിച്ചിട്ടുണ്ടെന്നു ഞാൻ അഭിമാനിക്കുന്നു. എന്നാൽ വിജയകരമായ സത്യഗ്രഹത്തിൻെറ നിബന്ധനകൾ വളരെ വിഷമമുള്ളവയാണു്. അയാൾക്ക് ഈശ്വരനിലും തന്നിലും, താൻ ഏറെറടുത്തിരിക്കുന്ന ചുമതലയിലും വിശ്വാസമുണ്ടെങ്കിൽ, ന്യായരഹിതനും അജ്ഞനും അക്രമിയും ആയ പ്രതിയോഗിയോടുപോലും അക്രമം പ്രവത്തിക്കുവാൻ അയാൾ ഒരുങ്ങുകയില്ല. സത്യത്തെ അക്രമംകൊണ്ടു് ഒരിക്കലും നിലനിത്തുവാൻ കഴിഞ്ഞിട്ടില്ലെന്നു നിർവ്വിവാദമായി ഞാൻ പറയാം. ഒരു സത്യഗ്രഹി തൻെറ പ്രതിയോഗികളെയോ അഥവാ ശത്രുക്കളെയോ അക്രമം പ്രയോഗിച്ചല്ലാ, പിന്നെയോ, സ്നേഹംകൊണ്ടു് മാനസപരിവർത്തനപ്പെടുത്തിയാണു് വിജയിക്കുവാൻ ഉദ്ദേശിക്കുന്നതു്. അ

ളുടെ മാർഗ്ഗങ്ങൾ എപ്പോഴും ശാന്തവും മാന്യവുമായിരിക്കും. അയാൾ ഒരിക്കലും അതിശയോക്തി പറയുന്നില്ല. അക്രമരാഹിത്യത്തിന്റെ മറെറാരു പര്യായം സ്നേഹമായതുകൊണ്ട് ആത്മപീഡനമല്ലാതെ മററു ആയുധങ്ങൾ അതിനില്ല. ഇവയെല്ലാം ഉപരിയായി മതപരവും ആത്മപരിശുദ്ധി ഉണ്ടാകുന്നതും ആയ അയിത്തോച്ചാടനപ്രസ്ഥാനത്തിൽ വെറുപ്പിനോ, ക്ഷമകേടിനോ, ആലോചനാശൂന്യതയ്ക്കോ, അതിശയോക്തിക്കോ സ്ഥാനമില്ല. സത്യഗ്രഹം നേരിട്ടുള്ള പ്രവത്തനത്തിനുതകുന്ന ശക്തിയേറിയ ഒരു മാർഗ്ഗമായതുകൊണ്ട് ഒരു സത്യഗ്രഹി സത്യഗ്രഹം തുടങ്ങുന്നതിനു മുൻപ് മററു സകല മാർഗ്ഗങ്ങളും പ്രയോഗിച്ചുനോക്കുന്നു. അതുകൊണ്ട് അയാൾ തുടച്ചയായി അധികാരസ്ഥാനങ്ങളെ സമീപിക്കുകയും, പൊതുജനങ്ങളോട് അഭ്യത്ഥിക്കുകയും, പൊതുജനാഭിപ്രായം ഉണ്ടാക്കുകയും ശ്രദ്ധിക്കുവാൻ മനസ്സുള്ള സകല ജനങ്ങളോടും തന്റെ വാദമുഖങ്ങൾ ശാന്തമായും നിയന്ത്രണത്തോടുകൂടിയും പറഞ്ഞു കേൾപ്പിക്കുകയും ചെയ്തതിനു ശേഷം മാത്രമേ സത്യഗ്രഹം അനുഷ്ഠിക്കുകയുള്ളൂ. എന്നാൽ തന്റെ ആന്തരമായ ദിവ്യശക്തിയുടെ പ്രേരണ അയാൾക്കുണ്ടായി സത്യഗ്രഹം തുടങ്ങിയാൽ, നിശ്ചയിച്ചിറങ്ങിയ ആ പ്രവത്തനത്തിൽനിന്നു പിൻതിരിയുക എന്നുള്ളത് സാദ്ധ്യമല്ല. ഇത്ര വളരെ പ്രത്യക്ഷമായ ഒരു തെററിനെ ഇല്ലാതാക്കുവാൻ ഈ രാജ്യത്തിലെ ജനങ്ങൾക്ക് അത്ര ഗൗരവതരമായ പീഡനങ്ങൾ സഹിക്കേണ്ട ആവശ്യം നേരിടുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

തിരുവനന്തപുരം.

(൯—൧൦—൫൧)

ഹിന്ദുമതവും അയിത്താചാരവും.

നാഗർകോവിലിൽ എന്നപോലെ തന്നെ ഇവിടെയും ഈ പ്രശ്നത്തെക്കുറിച്ചു പ്രതിപാദിക്കുവാനാണ് ദിവസത്തിലധികഭാഗവും കഴിച്ചുകൂട്ടിയത്. ഞാൻ ദിവാൻജിയെ സന്ദർശിച്ചതു മിക്കവാറും സൌഹാർദ്ദപരമായ ഒരു ചടങ്ങായിട്ടായിരുന്നു എങ്കിലും സ്വാഭാവികമായി ഞങ്ങൾ ഈ വിഷമപ്രശ്നത്തെക്കുറിച്ചു പ്രതിപാദിക്കാതിരുന്നില്ല. ഞാൻ ഈ യോഗത്തിൽ വരുവാൻ ഏതാനും മിനിട്ടുകൾ താമസിച്ചു എങ്കിൽ, അതു് റീജൻറമഹാറാണി തിരുമനസ്സിനെ മുഖം കാണിക്കുവാൻ പോയതുകൊണ്ടായിരുന്നു. അവിടെയും ഈ പ്രശ്നംതന്നെ ഞാൻ പ്രതിപാദിക്കുകയുണ്ടായി. ഞാൻ തിരുവിതാംകൂർ ആദ്യം സന്ദർശിച്ചതിനുശേഷം ഈ ആകർഷണീയമായ രാജ്യത്തെ വീണ്ടും വീണ്ടും സന്ദർശിക്കണമെന്ന് ആശിച്ചുകൊണ്ടിരുന്നു. തിരുവിതാംകൂറിലെ മനോഹരമായ കാഴ്ചകളും, കന്യാകുമാരിയുടെ സ്ഥാനവും, സ്ത്രീകളുടെ ലഘുജീവിതവും സ്വാതന്ത്ര്യവും ഞാൻ ആദ്യം ഇവിടെ വന്നപ്പോൾ എന്നെ വശീകരിക്കുകയുണ്ടായി. എന്നാൽ ഈ ചിന്തകളും സാഹചര്യങ്ങളും എന്നിൽ ഉല്പാദിപ്പിച്ച ആനന്ദം, തിരുവിതാംകൂറിൽ അയിത്താചാരം അതിൻെറ ഭയങ്കരമായ രൂപം സ്വീകരിച്ചിരിക്കുന്നു എന്ന ബോധം കളങ്കപ്പെടുത്തുകയും, വിദ്യാഭ്യാസപുരോഗതിയിൽ അഖിലഭാരതത്തിൽ പ്രഥമസ്ഥാനം വഹിക്കുവാൻ ഭാഗ്യമുണ്ടായിട്ടുള്ള ഈ അതിപ്രാചീന ഹൈന്ദവരാജ്യത്തിൽ ഈ മാലിന്യം അതിൻെറ രൂക്ഷമായ രൂപത്തിൽ നിലവിലിരിക്കുന്നു എന്നുള്ള വിചാരം എന്നെ വേദനിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഹിന്ദുമതതത്ത്വങ്ങളിൽ മുഴുകിയിരിക്കുന്ന ഹിന്ദുക്കളിൽ ഹിന്ദുവെന്നു ഞാൻ സ്വയം അഭിമാനിക്കുന്നതുകൊണ്ട് അയിത്താചാരത്തിൻെറ ഏററവും വികൃതരൂപത്തിലുള്ള ഈ സാന്നിദ്ധ്യം എന്നെ എല്ലായ്പ്പോഴും വേദനിപ്പിച്ചി

ട്ടുണ്ട്. ഹിന്ദുശാസ്ത്രങ്ങളെന്നു നാം വിളിക്കുന്ന ഗ്രന്ഥങ്ങളിൽ ഇന്നു നാം വിശ്വസിക്കയും ആചരിക്കുകയും ചെയ്തുപോരുന്ന രീതിയിലുള്ള അയിത്താചാരത്തിന്റെ സാന്നിദ്ധ്യത്തിനു യാതൊരു പ്രമാണങ്ങളും കാണുവാൻ എനിക്കു കഴിഞ്ഞിട്ടില്ല. എന്നാൽ ഞാൻ മററു സ്ഥലങ്ങളിൽ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ, ഹിന്ദുമതം അയിത്താചാരത്തെ അംഗീകരിക്കുന്നുണ്ടെന്നു കണ്ടാൽ ഹിന്ദുമതംതന്നെ ഉപേക്ഷിക്കുവാൻ ഞാൻ മടിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ഒരു മതം അതിന്റെ പേരിനെ അനർത്ഥമാക്കണമെങ്കിൽ അതു് സദാചാരങ്ങളുടേയും സന്മാർഗ്ഗബോധത്തിന്റേയും മൗലികതത്വങ്ങൾക്കു വിരുദ്ധമായിരിക്കരുതു്. എന്നാൽ അയിത്താചാരം ഹിന്ദുമതത്തിന്റെ ഒരു ഭാഗമല്ലെന്നു വിശ്വസിക്കുന്നതുകൊണ്ടു് ഹിന്ദുമതത്തോടു ബന്ധപ്പെട്ടു നിൽക്കുന്നുണ്ടെങ്കിലും ഞാൻ ഈ വികൃതമായ അപരാധംകൊണ്ടു് പ്രതിദിനം കൂടുതൽ കൂടുതൽ അക്ഷമനായിത്തീരാറുണ്ടു്. അതുകൊണ്ടു് ഈ പ്രശ്നം തിരുവിതാംകൂറിനെ പ്രക്ഷുബ്ധമാക്കിയിരിക്കുന്നു എന്നു മനസ്സിലായപ്പോൾ, എനിക്കു് അതിൽ നിമഗ്നനാകുവാൻ മടിയുണ്ടായിരുന്നില്ല. ഞാൻ ഈ പ്രശ്നം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അങ്ങിനെ ചെയ്തതു് ഇവിടത്തെ അധികാരസ്ഥാനങ്ങളെ ഒരുപ്രകാരത്തിലും വിഷമിപ്പിക്കുന്നതിനല്ല. എന്തുകൊണ്ടെന്നാൽ റീജൻറുമഹാറാണി തിരുമനസ്സുകൊണ്ടു് പ്രജാക്ഷേമത്തിൽ ഉത്സുകയാണെന്നു ഞാൻ വിശ്വസിക്കുന്നു. തിരുമനസ്സുകൊണ്ടു് ഈ വിഷയങ്ങളിൽ ഒരു പരിഷ്കർത്രി എന്നു് അഭിമാനിക്കുന്നുണ്ടു്. തിരുമനസ്സുകൊണ്ടു കഴിയുന്നതും വേഗത്തിൽ ഈ മഹാപരാധത്തെ നിർമ്മാർജ്ജനം ചെയ്യുവാൻ ആഗ്രഹിക്കുന്നുണ്ടെന്നു ഞാൻ നിങ്ങളോടു പറയുമ്പോൾ, യാതൊരു വിശ്വാസലംഘനവും ഞാൻ ചെയ്യുന്നില്ലെന്നു വിചാരിക്കുന്നു.

രാജ്യത്തിന്റേയും ജനങ്ങളുടേയും കർത്തവ്യം.

പക്ഷേ ഭരണകൂടങ്ങൾക്കു് പരിഷ്കാരകാര്യങ്ങളിൽ നേതൃത്വം വഹിക്കുവാൻ സാദ്ധ്യമല്ല. ഗവർമ്മെൻറുകൾ അവയുടെ സ്വഭാവംകൊണ്ടു് അവർ ഭരിക്കുന്ന ജനങ്ങളുടെ

നിശ്ചയങ്ങളുടെ വ്യാഖ്യാതാക്കളും കർമ്മകാരകന്മാരുമാണ്. ഏററവും സ്വേച്ഛാപ്രഭുത്വപരമായ ഒരു ഗവമ്മെൻറിനു പോലും ജനങ്ങൾ സ്വീകരിക്കാത്ത ഒരു പരിഷ്കാരം നടപ്പിൽ വരുത്തുവാൻ കഴിയുകയില്ല. ഞാൻ തിരുവിതാംകൂറിലെ ഒരു പൌരനായിരുന്നെങ്കിൽ, എൻെറ ഗവമ്മെൻറ് എത്ര ശീഘ്രതയിൽ സ്വീകരിക്കുവാൻ സന്നദ്ധമാകുന്നുവോ അത്രയും വേഗത്തിൽ ഈ പരിഷ്കാരം നടപ്പിൽ വരുത്തുവാൻ തയ്യാറാണെന്നുള്ള വാർത്തകൊണ്ട് സന്തുഷ്ടനാകുമായിരുന്നു. എന്നാൽ ഈ പരിഷ്കാരസന്ദേശം വ്യക്തികളുടെ ഇടയിലും ഗ്രാമങ്ങളിലും പ്രചരിപ്പിച്ചതിനുശേഷമല്ലാതെ ഞാൻ ഒരു നിമിഷം സമാധാനമായിരിക്കയില്ല. സുനിയന്ത്രിതവും നിരന്തരവുമായ പ്രക്ഷോഭണമാണ് ആരോഗ്യപരമായ പുരോഗതിയുടെ ജീവൻ. അതുകൊണ്ട് ഞാൻ നിങ്ങളുടെ സ്ഥാനത്തായിരുന്നെങ്കിൽ ഈ പരിഷ്കാരം നടപ്പിൽ വരുത്തുന്നതുവരെ സൈ്വരമായിരിക്കുവാൻ ഗവമ്മെൻറിനെ അനുവദിക്കുകയില്ല. ഗവമ്മെൻറിന് സൈ്വരം കൊടുക്കുകയില്ല എന്നു പറയുന്നതുകൊണ്ട് ഗവമ്മെൻറിനെ വിഷമിപ്പിക്കുമെന്നർത്ഥമില്ല. ബുദ്ധിയുള്ള ഒരു ഗവമ്മെൻറ് അതു തന്നെ ആഗ്രഹിക്കുന്ന ഒരു പരിഷ്കാരം നടപ്പിൽ വരുത്തുവാനായി ഇങ്ങിനെയൊരു പ്രക്ഷോഭണത്തിൽ നിന്നു ലഭിക്കുന്ന പ്രോത്സാഹനവും ആനുകൂല്യവും ആവശ്യപ്പെടുകയും, അതിന് സ്വാഗതം അരുളുകയും ചെയ്യും. ഞാൻ കഴിഞ്ഞതവണ ഇവിടം സന്ദർശിച്ചപ്പോൾ സവർണ്ണഹിന്ദുക്കൾ അയിത്താചാരം പരിപൂർണ്ണമായി ഇല്ലായ്മ ചെയ്യുവാൻ ഉൽക്കണ്ഠപ്പെടുന്നുണ്ട് എന്നു മനസ്സിലാക്കി. എന്നാൽ സവർണ്ണഹിന്ദുക്കൾ ഈ ആഗ്രഹം വച്ചുകൊണ്ട് മൌനം ദീക്ഷിക്കുകയാണു ചെയ്തത് എന്നു ഞാൻ ശങ്കിക്കുന്നു. അവരുടെ ആഗ്രഹത്തിന് ഒരു രൂപം കൊടുക്കുവാൻ അവർക്കു കഴിഞ്ഞിട്ടില്ല. തൻെറ കർത്തവ്യം മനസ്സിലാക്കി ഉണർന്നു പ്രവർത്തിക്കുകയും, അലസരായ സഹോദരന്മാരെ അവരുടെ കർത്തവ്യം നിർവ്വഹിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക എന്നുള്ളതു് ഈ രാജ്യത്തിലെ ഓരോ ഹിന്ദുവിൻേറയും കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു. സവർണ്ണഹിന്ദുക്കൾ ഐകകണ്ഠ്യേന അവരുടെ ആഗ്രഹം വെളിപ്പെടുത്തുകയാണെങ്കിൽ അയി

ത്താചാരമാകുന്ന ഈ രാക്ഷസൻ അന്തരിച്ചുപോകുമെന്നുള്ളതിന്ന് എനിക്ക് അശേഷം സംശയമില്ല. അതുകൊണ്ട് നമ്മുടെ ആലസ്യത്തിനും അനാസ്ഥയ്ക്കും ഗവമ്മെൻറിനെ കുററപ്പെടുത്തുന്നതു് തെററായിരിക്കും.

സത്യഗ്രഹത്തിൻെറ രഹസ്യം.

എന്നാൽ ഏതൊരു സമുദായത്തിലും ഏതൊരു രാജ്യത്തിലുമുള്ള പരിഷ്കൃത്താക്കളുടെ സംഖ്യ അംഗുലീപരിമിതമാണ്. എല്ലാ പരിഷ്കാരങ്ങളുടേയും ചുമതലകൾ വന്നു പതിക്കുന്നതു് അങ്ങിനെയുള്ള ഒരു ചെറിയ സംഘം പരിഷ്കൃത്താക്കളുടെ തലയിലാണെന്ന് എനിക്കറിയാം. ഇത്ര ദീർഘകാലമായി നിലനിന്നുപോരുന്ന ഒരു ദുരാചാരത്തിൻെറ മുൻപിൽ ഈ പരിഷ്കൃത്താക്കൾ എന്താണു ചെയ്യേണ്ടതെന്നുള്ളതാണ് ഇപ്പോൾ നമുക്ക് അഭിമുഖീകരിക്കേണ്ട പ്രശ്നം. ലോകമൊട്ടുക്കുള്ള പരിഷ്കാരപ്രിയന്മാർ ഞാൻ പറയുവാൻപോകുന്ന രണ്ടു മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്നാണ് സ്വീകരിച്ചിട്ടുള്ളതു്. കാടു കയറിയ പ്രക്ഷോഭണങ്ങൾ നടത്തിയും അക്രമപരമായ കൃത്യങ്ങൾ ചെയ്തുമാണ് ഇവരിൽ ഭൂരിപക്ഷവും ദുരാചാരങ്ങളിലേയ്ക്കു ജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതു്. ഗവമ്മെൻറിനേയും ജനങ്ങളേയും ഒന്നുപോലെ വിഷമിപ്പിക്കുന്നതും പൊതുജനജീവിതം ഇളക്കി മറിക്കുന്നതുമായ പ്രക്ഷോഭണങ്ങളാണ് ഇവർ നടത്തിയിട്ടുള്ളതു്. അക്രമരഹിതന്മാർ എന്ന് ഞാൻ വിളിക്കുന്ന മറെറാരു കൂട്ടം പരിഷ്കൃത്താക്കൾ ശാന്തമായ ഒരു പ്രക്ഷോഭണമാണ് അവലംബിക്കാറുള്ളതു്. മനസാ വാചാ കർമ്മണാ അക്രമം പ്രയോഗിച്ച് അവർ പൊതുജനശ്രദ്ധയെ ആകർഷിക്കുവാൻ വിസമ്മതം പ്രദർശിപ്പിക്കുന്നു. ആത്മപീഡനം മുഖേനയാണ് അവർ മററുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കാറുള്ളതു്. അവർ ഒരിക്കലും അതിശയോക്തി പ്രയോഗിക്കുന്നില്ല; അണുപോലും സത്യത്തിൽ നിന്ന് വ്യതിചലിക്കുന്നില്ല. പാതകങ്ങൾ കണ്ട് ക്ഷമയെ പ്രദർശിപ്പിക്കാറുണ്ടെങ്കിലും പാതകികളെപ്പോലും ഉപദ്രവിക്കുവാൻ അവർ കാംക്ഷിക്കുന്നില്ല. അതിനു ഞാൻ സത്യഗ്രഹമെന്ന് ഒരു ചെറിയ നാമധേയം നൽകി. തെക്കേ

ആഫ്രിക്കയിലെന്നപോലെ ഈ രാജ്യത്തിലേയും ജനങ്ങളുടെ മുൻപിൽ സമർപ്പിച്ചിരിക്കുന്നു.

സത്യഗ്രഹം നിയമലംഘനമാണെന്ന് ആരും തെററിദ്ധരിക്കരുത്. നിയമലംഘനം സത്യഗ്രഹത്തിന്റെ ഒരു ശാഖയാണെന്നുള്ളതിനു സംശയമില്ല. അതിന്റെ സ്ഥാനം ആദ്യമല്ല; എല്ലാററിലും ഒടുവിലാണ്. അത്യധികമായ ശിക്ഷണവും ആത്മനിയന്ത്രണവും അത് പ്രതീക്ഷിക്കുന്നു. ഔദാര്യമാണ് അതിന്റെ അടിസ്ഥാനം. പ്രതിയോഗികളുടെ ഉദ്ദേശങ്ങൾക്കുപോലും അത് പ്രതികൂലമോ അടിസ്ഥാനരഹിതമോ ആയ ഒരു അർത്ഥം കൊടുക്കുന്നില്ല. ആളുകളെ ദണ്ഡിപ്പിക്കുവാനല്ല മാനസാന്തരപ്പെടുത്തുവാനാണ് അതു ശ്രമിക്കുന്നത്. എന്നെ വിരുദുനഗരത്തിൽ വച്ച് സന്ദർശിച്ച ഒരു സ്നേഹിതൻ എന്റെ സകല തത്ത്വങ്ങളേയും അഭിപ്രായങ്ങളേയും അതിശയോക്തിപരമാംവണ്ണം ദുർവ്യാഖ്യാനം ചെയ്തിരിക്കുന്നതു കണ്ടപ്പോൾ, എനിക്കുണ്ടായ മർമ്മഭേദകമായ ആശ്ചര്യം നിങ്ങൾ ആലോചിച്ചുനോക്കുക. ഞാനും അദ്ദേഹവും തമ്മിലുണ്ടായ സംഭവങ്ങളുടെ ഒരു റിപ്പോർട്ട് "ടിവാൻഡ്രം എക്സ്പ്രസ്സ്" എന്ന പത്രത്തിൽ അദ്ദേഹം എഴുതിയിരിക്കുന്നതു കണ്ടു. അത് ആദ്യന്തം ഞാനും അദ്ദേഹവും തമ്മിലുണ്ടായ സംഭാഷണത്തിന്റെ ഒരു ദുർവ്യാഖ്യാനമായിരുന്നു. (ലജ്ജാകരം എന്നാരോ ഈ അവസരത്തിൽ വിളിച്ചു പറഞ്ഞു) ലജ്ജാകരം എന്നു വിളിച്ചുപറയുവാൻ അവകാശമില്ല. ലജ്ജാകരം എന്നു വിളിച്ചുപറഞ്ഞ ആ മാന്യന് ഔദാര്യം എന്ന പദത്തിന്റെ അർത്ഥമോ മേന്മയോ അറിയുവാൻ പാടില്ലെന്നു വ്യക്തമാണ്. എന്തുകൊണ്ടെന്നാൽ എന്നെ സന്ദർശിച്ച സ്നേഹിതൻ മനഃപൂർവ്വമായി ഇങ്ങിനെ എന്റെ ആശയങ്ങളെ ദുർവ്യാഖ്യാനം ചെയ്തതാണെന്നു ഞാൻ ഒരു നിമിഷനേരത്തേയ്ക്കുപോലും സൂചിപ്പിക്കുന്നില്ല. അദ്ദേഹം ഇന്ന് പ്രഭാതത്തിൽ എന്നോടു പറഞ്ഞ സമാധാനം വിശ്വസിക്കുവാൻ ഞാൻ തയാറാണ്. ഞാൻ സത്യഗ്രഹം എന്ന പദംകൊണ്ട് എന്താണു ഉദ്ദേശിക്കുന്നതെന്ന് ഉദാഹരിക്കുന്നതിനും, ഈ ശ്രേഷ്ഠമായ ആയുധം എന്താണെന്നു മനസ്സിലാക്കാതെ അതിനോടു കളിക്കുന്നതുകൊണ്ടുള്ള അപകടം നിങ്ങളെ മനസ്സിലാക്കുന്നതിനും വേണ്ടിയാണ് പ്രധാ

നമായി ഈ സംഭവത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചത്. പരിഷ്കർത്താക്കളാകുവാൻ പോകുന്ന ജനങ്ങൾ അവരുടെ യഥാർത്ഥമായ നില പരിപൂർണ്ണമായി അറിയാതേയും സാമാന്യത്തിലധികമായ ആത്മനിയന്ത്രണം കൂടാതേയും ഈ മാർഗ്ഗം സ്വീകരിക്കരുതെന്ന് ഒരു മുന്നറിവു നൽകുവാൻ വേണ്ടിയാണ് ഞാൻ ഈ ഉദാഹരണം ഇവിടെ പറയുന്നത്. അത്യുത്തമമായ ഒരു ആയുധമെന്നു ഞാൻ വിചാരിക്കുന്ന സത്യഗ്രഹമാർഗ്ഗത്തിൽ എനിക്ക് അധികം ഭ്രമമുള്ളതുകൊണ്ട്, അതു തടയുവാൻ എനിക്കു കഴിവുള്ളിടത്തോളം കാലം ആരും അതിനെ ദുരുപയോഗപ്പെടുത്തണമെന്നോ അപലപിക്കണമെന്നോ എനിക്ക് ആഗ്രഹമില്ല. അതുകൊണ്ട് സത്യഗ്രഹമെന്താണെന്നു മനസ്സിലാകുന്നതുവരേയും അതിന്റെ യഥാർത്ഥതത്വങ്ങൾ ഗ്രഹിക്കുന്നതിനു മുൻപും ഈ പ്രശ്നത്തിൽനിന്ന് അകന്നു നില്ക്കുവാൻ ഞാൻ ആ സ്നേഹിതനെ ഗുണദോഷിച്ചു.

എന്നാൽ ഇതുകൊണ്ട് ഒരു പരിഷ്കർത്താവിന്റെയെങ്കിലും ആത്മാർത്ഥമായ ആസക്തിയെ തണുപ്പിച്ചുകളയണമെന്ന് എനിക്കു വിചാരമില്ല. ഏററവും ശീഘ്രതയിൽ ഒരു പരിഹാരം കണ്ടുപിടിക്കുവാൻ വേണ്ടി പ്രയത്നിക്കുന്നതിനു നിങ്ങളെ പ്രേരിപ്പിക്കുവാൻ വേണ്ടിയാണ് ഈ വിഷയത്തെ ഇത്ര ദീർഘമായി ഇവിടെ പ്രതിപാദിക്കുന്നത്. അതുകൊണ്ട് പൊതുക്കാര്യജീവിതത്തിൽ പരിചയം സിദ്ധിച്ചിട്ടുള്ള നിങ്ങളിൽ ആരെങ്കിലും ഈ പ്രസ്ഥാനം ഏറെറടുത്ത് നിങ്ങളുടേതാക്കി ഈ പ്രശ്നങ്ങളിൽ താല്പര്യം പ്രദർശിപ്പിക്കുന്നവരും എന്നാൽ മാർഗ്ഗനിർദ്ദേശം ചെയ്യുവാൻ ത്രാണിയില്ലാത്തവരുമായ യുവാക്കന്മാരുടെ ശക്തിയും മനസ്സും സംഭരിച്ചു പ്രവർത്തിക്കണമെന്ന് വിനയപൂർവ്വം നിങ്ങളോട് അപേക്ഷിക്കണമെന്ന് ഞാൻ വിചാരിക്കുന്നു. ഈ പരിഷ്കാരം നടപ്പിൽ വരുന്നതുവരെ നിങ്ങൾ തുടർച്ചയായി അധികാരസ്ഥാനങ്ങളെ സമീപിച്ച് അവരെ അലട്ടിക്കൊണ്ടിരിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു. മഹാറാണി തിരുമനസ്സുകൊണ്ടു മാത്രമല്ല, ദിവാൻജിയും ഈ പരിഷ്കാരം നടപ്പിൽ വരുത്തുന്നതിൽ അനുകൂലിയാണെന്നു നിങ്ങളോടു പറയുവാൻ എനിക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഹിന്ദുമതത്തിൽ പെട്ട നിങ്ങൾക്കും

എനിക്കും ഒരു അന്യമതവിശ്വാസിയായ അദ്ദേഹത്തിന്റെ പരിമിതികൾ മനസ്സിലാക്കുവാൻ കഴിയും. ഗവമ്മെൻറിനെ സംബന്ധിച്ചിടത്തോളം എന്റെ അഭിപ്രായത്തിൽ അവർ ഈ പരിഷ്കാരത്തിന് അനുകൂലികളാണ്. എന്നാൽ ഇതിനുള്ള പ്രാരംഭപ്രവൃത്തനങ്ങൾ ഗവമ്മെന്റിൽനിന്നല്ല നിങ്ങളിൽ നിന്നാണ് വരേണ്ടതു്. ഈ അതിപ്രധാനമായ വിഷയത്തെക്കുറിച്ച് ഇത്ര വളരെ സാങ്കേതികമായ രീതിയിൽ പ്രതിപാദിക്കേണ്ടിവന്നതിൽ ഞാൻ നിങ്ങളോടു മാപ്പു ചോദിച്ചുകൊള്ളുന്നു. നിങ്ങളുടെ ചില നേതാക്കന്മാരെ വിളിച്ചുകൂട്ടി ഈ വിഷയത്തെപ്പററിയുള്ള അനുകൂലപ്രതികൂലാഭിപ്രായങ്ങളെക്കുറിച്ച് വാദപ്രതിവാദം ചെയ്യുന്നതിന് വേറെ സമയം വിനിയോഗിക്കുവാനില്ലാത്തതുകൊണ്ട് മററുവിധത്തിൽ ചെയ്യുവാൻ എനിക്കു നിവൃത്തിയില്ലായിരുന്നു. ഇത്ര വിപുലമായ ഒരു യോഗത്തിൽവച്ച് അയിത്താചാരത്തെപ്പററി ചെയ്യുന്ന എന്റെ പ്രസംഗത്തിന്റെ ഗഹനസ്വഭാവം നിങ്ങൾ വിസ്മരിക്കുമെന്ന് ഞാൻ ഉദ്ദേശിച്ചു.

വർണ്ണവും ആശ്രമവും.

ഈ വിഷയത്തിൽനിന്ന് ഉത്ഭവിക്കുന്ന ഒരു ചോദ്യം ഇന്നു കാലത്ത് എന്നോടു ചോദിക്കുകയുണ്ടായി. വർണ്ണാശ്രമധമ്മത്തിന് അയിത്താചാരത്തോടുള്ള ബന്ധം എന്താണെന്നായിരുന്നു ഈ ചോദ്യം. അതുകൊണ്ട് വർണ്ണാശ്രമധമ്മത്തെക്കുറിച്ച് ഞാൻ എന്താണു മനസ്സിലാക്കിയിട്ടുള്ളതു എന്നു ചുരുക്കമായി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഞാൻ മനസ്സിലാക്കിയിട്ടുള്ള ഹിന്ദുമതമനുസരിച്ച് വർണ്ണം എന്ന പദത്തിന്റെ അത്ഥം വളരെ ലഘുവാണ്. ഒരുത്തൻ തന്റെ ജീവിതവൃത്തി നേടുവാൻ മാത്രം പൂവികന്മാരുടെ പുരാതനവും പരമ്പരാഗതവും ആയ തൊഴിലുകൾ അവ മൗലികമായ സദാചാരങ്ങൾക്കു വിരുദ്ധമല്ലാത്തപക്ഷം തുടൎന്നുകൊണ്ടുപോകുന്നതു് എന്നുള്ളതാണ് ഇതിന്റെ അത്ഥം. എല്ലാ മതങ്ങളിലും ഉള്ള മനുഷ്യന്റെ വിവരണം നാം സ്വീകരിക്കുമെങ്കിൽ ഇതു നമ്മുടെ ജീവിതനിയമമായി ഞാൻ വിചാരിക്കുന്നു. ഈശ്വരന്റെ ജന്തുസൃഷ്ടിയിൽ തന്റെ നിമ്മാ

താവിനെ അറിയുവാൻ ശക്തിയുള്ളതായി സൃഷ്ടിച്ചിട്ടുള്ള ഏകജന്തു മനുഷ്യനാണ്. തന്റെ ഭൗതിക അഭ്യുദയങ്ങളോ സമ്പത്തോ പ്രതിദിനം വർദ്ധിച്ചുകൊണ്ടിരിക്കണമെന്നുള്ളതല്ല മനുഷ്യന്റെ ജീവിതോദ്ദേശം. പിന്നെയോ സ്രഷ്ടാവിന്റെ സന്നിധിയിലേക്ക് അടുക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുക എന്നുള്ളതാണ് അവന്റെ പ്രധാന ജോലി. ഈ വിവരണത്തിൽ നിന്നാണ് പൌരാണിക ഋഷിശ്രേഷ്ഠന്മാർ നമ്മുടെ ജീവിതനിയമം കണ്ടുപിടിച്ചത്. നാം ഈ വർണ്ണനിയമങ്ങൾ അനുസരിക്കുകയാണെങ്കിൽ നമ്മുടെ ഭൌതികമായ ആഗ്രഹങ്ങൾ നിയന്ത്രിച്ച് ഈശ്വരനെ നേരിട്ടറിയുവാനുള്ള വിസ്തൃതമാർഗ്ഗങ്ങൾ അന്വേഷിക്കുവാൻ നമ്മുടെ ശക്തിയെ വിനിയോഗിക്കുവാൻ കഴിയുമെന്നു നിങ്ങൾ മനസ്സിലാക്കുമല്ലോ. ഇന്ന് ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നതും നമ്മുടെ ശ്രദ്ധയെ ഏകാഗ്രമാക്കുന്നതും ആയ ൻൻ ശതമാനം പ്രവർത്തനങ്ങളും പ്രയോജനശൂന്യമായി അധഃപതിക്കുമെന്ന് അപ്പോൾ നിങ്ങൾക്കു കാണുവാൻ കഴിയും. ഇന്നു നാം ആചരിക്കുന്ന വർണ്ണം ഞാൻ ഇപ്പോൾ നിങ്ങളോടു വിവരിച്ച വർണ്ണത്തിന്റെ എത്ര വികൃതമായ ഒരു രൂപമാണെന്ന് അപ്പോൾ നിങ്ങൾക്കു പറയുവാൻ കഴിയും. അതുകൊണ്ടുതന്നെയാണ് അസത്യം സത്യമെന്നു നടിച്ചുകൊണ്ടു നടന്നിട്ടും നാം സത്യത്തെ വെറുക്കാതിരിക്കുന്നത്. നാം അസത്യത്തെ സത്യത്തിൽനിന്നു വേർതിരിച്ച് സത്യത്തോടു ചേർന്നിരിക്കുന്നു. അതുപോലെ തന്നെ വർണ്ണമെന്നു നടിച്ചുനടക്കുന്ന വികൃതരൂപത്തെ നശിപ്പിച്ച് അധഃപതിച്ചുപോയ അവസ്ഥയിൽനിന്നു ഹിന്ദുമതത്തെ വീണ്ടെടുത്തു നമുക്കു പരിശുദ്ധമാക്കാം.

ആശ്രമം എന്നത് ഞാൻ നിങ്ങളോടു പറഞ്ഞുകൊണ്ടിരുന്നതിന്റെ അവശ്യമായ അനുബന്ധമാണ്. വർണ്ണം ഇന്നു വികൃതമായിത്തീർന്നിട്ടുണ്ടെങ്കിൽ, ആശ്രമം പരിപൂർണ്ണമായി അന്തർദ്ധാനംചെയ്തുകഴിഞ്ഞിട്ടുണ്ട്. ആശ്രമം എന്നാൽ ഒരു മനുഷ്യന്റെ ജീവിതത്തിലെ നാലു ഘട്ടങ്ങൾ എന്നർത്ഥമാണ്. എനിക്കു പണക്കിഴികൾ സമ്മാനിച്ച വിദ്യാർത്ഥികൾക്ക്—ആർട്ട്സ്, സയൻസ്, ലാ എന്നീ കാളേജുകളിലെ വിദ്യാർത്ഥികൾക്ക്—അവർ ഒന്നാമത്തെ ആശ്ര

മത്തിൻെറ നിബന്ധനകൾ അനുസരിച്ചു ജീവിക്കുന്നവരാണെന്നും, അവരെല്ലാം മനസാ വാചാ കർമ്മണാ ബ്രഹ്മചാരികളണെന്നും ഒരു ഉറപ്പ് എനിക്ക് തരുവാൻ കഴിഞ്ഞിരുന്നെങ്കിലോ എന്നു ഞാൻ ആശിക്കുന്നു. കുറഞ്ഞപക്ഷം ൨൪ വയസ്സുവരെയെങ്കിലും ബ്രഹ്മചാരികളുടെ ജീവിതം നയിച്ചിട്ടുള്ളവർക്കു മാത്രമേ ഗൃഹസ്ഥാശ്രമമെന്ന രണ്ടാമത്തെ ഘട്ടത്തിൽ പ്രവേശിക്കുവാൻ അവകാശമുള്ളു എന്ന് ബ്രഹ്മചര്യാശ്രമം അനുശാസിക്കുന്നു. ഹിന്ദുമതത്തിൻെറ ആന്തരതത്വം മനുഷ്യനെ കൂടുതൽകൂടുതൽ പുരോഗമിപ്പിക്കണമെന്നും സ്രഷ്ടാവിനോട്ട് അടുപ്പിക്കണമെന്നുമുള്ളതാകകൊണ്ട് ഋഷിശ്രേഷ്ഠന്മാർ ഗൃഹസ്ഥാശ്രമത്തിനും ഒരു അന്തത്തി നിർണ്ണയിക്കയും അതിനു ശേഷം വാനപ്രസ്ഥം, സന്യാസം എന്നു രണ്ടു ഘട്ടങ്ങൾ കൂടി അനുഷ്ഠിക്കണമെന്ന് അനുശാസിക്കുകയും ചെയ്തു. എന്നാൽ ഇന്ന് ഒരു യഥാർത്ഥ ബ്രഹ്മചാരിയേയോ ഗൃഹസ്ഥനേയോ കാണുവാൻ നിങ്ങൾ ഇൻഡ്യയൊട്ടുക്കു തിരഞ്ഞുനോക്കിയാലും ഫലപ്രദമാകുമെന്നു തോന്നുന്നില്ല. വാനപ്രസ്ഥനേയും സന്യാസിയേയും കുറിച്ച് ഒന്നും പറയാതിരിക്കായാണ് ഭേദം. നമുക്ക് നമ്മുടെ വർദ്ധമാനമായ വിജ്ഞാനത്തോടുകൂടി ഈ ജീവിതനിയമങ്ങളെ നോക്കി വേണമെങ്കിൽ പുച്ഛിച്ചുകൊള്ളാം. എന്നാൽ ഹിന്ദുമതത്തിൻെറ പരമമായ വിജയത്തിൻെറ അടിസ്ഥാനരഹസ്യം ഇതാണെന്നുള്ളതിനെക്കുറിച്ച് എനിക്ക് സംശയമില്ല. ഈജിപ്ത്, അസ്സിറിയ, ബാബിലോണിയാ ഈ രാജ്യങ്ങളിലെ പരിഷ്കാരങ്ങളെ ഭാരതപരിഷ്കാരം അതിജീവിക്കുന്നുണ്ട്. ക്രസ്തീയപരിഷ്കാരത്തിനു ൨൦൦൦ കൊല്ലത്തെ പഴക്കമേയുള്ളു. ഇസ്ലാം മതപരിഷ്കാരം ഇന്നലത്തേതു മാത്രമാണ്. ഇവ രണ്ടും ശ്രേഷ്ഠങ്ങൾ തന്നെയാണെങ്കിലും എൻെറ എളിയ അഭിപ്രായത്തിൽ ഇപ്പോഴും ഇവ വളർന്നുകൊണ്ടിരിക്കുന്നതേയുള്ളു. ക്രസ്തുമതയൂറോപ്പ് ഒട്ടുംതന്നെ ക്രസ്തീയമല്ല. അവർ തപ്പിത്തടഞ്ഞുകൊണ്ടിരിക്കുന്നതേയുള്ളു. എൻെറ അഭിപ്രായത്തിൽ ഇസ്ലാംമതവും അതുപോലെ തൻെറ അതിൻെറ മഹാരഹസ്യം ആരായുവാൻ തപ്പിത്തടഞ്ഞുകൊണ്ടിരിക്കുന്നതേയുള്ളു. ഇന്ന് ആശാസ്യവും,എന്നാൽ അതേസമയത്തുതന്നെ അനാശാസ്യവും വിത്രുപവും ആയ ഒരു മത്സരം ഈ മൂന്നു മതങ്ങളും തമ്മിൽ നട

ത്തിക്കൊണ്ടിരിക്കുന്നു. കാലങ്ങൾ കഴിയുംതോറും, വർണ്ണം മനുഷ്യന്റെ ജീവിതനിയമമാണെന്നും, അതു് ഹിന്ദുമതത്തിനെങ്ങിനെ അത്യാവശ്യമായ ഒരു രക്ഷാമാർഗ്ഗമായിരിക്കുന്നുവോ, അതുപോലെ തന്നെ ക്രിസ്തുമതത്തിനും ഇസ്ലാമിനും അത്യന്താപേക്ഷിതമാണെന്നുമുള്ള എന്റെ വിശ്വാസം വളർന്നുകൊണ്ടു തന്നെ ഇരിക്കുന്നു. അതുകൊണ്ടു് ഇന്നു് തെക്കേ ഇൻഡ്യയിലുള്ള ഏതാനും ചില ഹിന്ദുക്കൾ സാധാരണയായി പ്രസ്താവിക്കുന്നതുപോലെ വർണ്ണാശ്രമം ഹിന്ദുമതത്തിന്റെ ഒരു ശാപമാണെന്നു വിശ്വസിക്കുവാൻ ഞാൻ വിസമ്മതിക്കുന്നു. നാം ഇന്നു നമ്മുടെ ചുററും കാണുന്ന വർണ്ണാശ്രമത്തിന്റെ ബീഭത്സമായ രൂപം സഹിഷ്ണുതയോടെ വീക്ഷിക്കുവാനോ, അതിനോടു സൌമ്യമായി പെരുമാറുവാനോ ഒരുക്കമുണ്ടെന്നു് ഇതുകൊണ്ടു് അർത്ഥമാക്കേണ്ടതില്ല. വർണ്ണവും ജാതിയും തമ്മിൽ യാതൊരു ബന്ധവുമില്ല. ജാതി ഹിന്ദുമതത്തിന്റെ പുരോഗതിയെ തടയുന്ന ഒരു ശൃംഖലയാണെന്നുള്ളതിനു സംശയമില്ല. അയിത്തം ഞാൻ അതിനെ വിവരിച്ചിട്ടുള്ളതുപോലെ, വർണ്ണാശ്രമത്തിൽ വളർന്നുവരുന്ന ഒരു ദുഷ്ടാണു്. നെല്ലും ഗോതമ്പും വളരുന്ന പാടങ്ങളിലെ കളകളെന്നപോലെ പറിച്ചുകളയേണ്ടവയാണു് അതു്. വർണ്ണമെന്ന ആശയത്തിൽ ഉൽകൃഷ്ടതയ്ക്കോ അപകൃഷ്ടതയ്ക്കോ സ്ഥാനമില്ല. ഞാൻ വീണ്ടും ഹിന്ദുമത തത്ത്വങ്ങളെ ശരിയായി വ്യാഖ്യാനിക്കുകയാണെങ്കിൽ ജീവിതമെല്ലാംതന്നെ തുല്യവും ഏകവുമാണെന്നു പറയും. "മററു മൂന്നു വർണ്ണങ്ങളിലും ഉപരിയാണു് ഞാൻ" എന്നു പറയുന്ന ബ്രാഹ്മണന്റെ സ്വാഭിമാനം ധിക്കാരപരമായ ഒന്നാണു്. പുരാതനകാലത്തെ ബ്രാഹ്മണർ പറഞ്ഞതിങ്ങിനെയല്ല. അവർ ഔന്നത്യം അവകാശപ്പെട്ടതുകൊണ്ടല്ല പിന്നേയോ യാതൊരു പ്രതിഫലകാംക്ഷയും കൂടാതെ സേവനം അനുഷ്ഠിച്ചതുകൊണ്ടാണു് ബഹുമാനാദരങ്ങൾക്കു് പാത്രീഭൂതരായതു്. ഇന്നു് ബ്രാഹ്മണത്വം സ്വയം അവകാശപ്പെട്ടു് മതത്തെ വികൃതപ്പെടുത്തുന്ന പുരോഹിതന്മാർ ഹിന്ദുമതത്തിന്റേയോ ബ്രാഹ്മണത്വത്തിന്റേയോ രക്ഷിതാക്കളല്ല. അവർ ഇന്നു് അറിഞ്ഞുകൊണ്ടോ അറിയാതേയോ അവർ ഇരിക്കുന്ന വൃക്ഷങ്ങളുടെ മൂലം ഛേദിച്ചുകൊണ്ടിരിക്കയാണു്. ശാസ്ത്രങ്ങൾ അയിത്താചാരത്തെ അനുശാസിക്കുന്നുണ്ടെന്നും,

തീണ്ടലുണ്ടെന്നും മററും അവർ പറയുമ്പോൾ അവർ അവരുടെ വിശ്വാസങ്ങളെ വഞ്ചിക്കുകയാണെന്നും, ഹിന്ദുമതതത്വങ്ങളെ ദുർവ്യാഖ്യാനം ചെയ്യുകയാണെന്നും പറയുന്നതിന്നു ഞാൻ അശേഷം മടിക്കുന്നില്ല. ഇന്ന് ഇവിടെ എന്റെ പ്രസംഗം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുക്കൾക്ക് ഹിന്ദുമതത്തെ ഈ ശാപത്തിൽനിന്നു വിമോചിപ്പിക്കുവാൻ നിങ്ങളുടെ സർവ്വശക്തികളും പ്രയോഗിക്കേണ്ടതിന്റെ അനുപേക്ഷണീയമായ ആവശ്യം മനസ്സിലായിരിക്കുമല്ലോ. ഒരു പ്രാചീനഹിന്ദുരാജ്യത്തെ അധിവസിക്കുന്ന നിങ്ങൾ പരിഷ്കാരത്തിനു വഴി തെളിക്കുവാൻ നേതൃത്വം വഹിക്കുന്നു എന്ന് സ്വയം അഭിമാനിക്കണം. നിങ്ങളുടെ ചുററുമുള്ള പരിതസ്ഥിതികളിൽനിന്ന് ഞാൻ മനസ്സിലാക്കിയിട്ടുള്ളിടത്തോളം നിങ്ങൾ ഈ പരിഷ്കാരം ആത്മാർത്ഥതയോടും ശേഷിയോടും കൂടി ഏറെറടുക്കുമെങ്കിൽ ഈ അവസരം അതിന് ഏററവും പററിയ ഒന്നാണെന്ന് വിചാരിക്കുന്നു.

കൊല്ലം

(൧൯—൧൦—൧൯൨൧)

("ഒരു തുള്ളി പാഷാണം പാലിനെ എന്നപോലെ അയിത്തം ഹിന്ദുമതത്തെ വിഷമയമാക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് ഗാന്ധിജി കൊല്ലത്തുവച്ചു് സവർണ്ണഹിന്ദുക്കളോടു ഈ വിഷം ഇല്ലായ്മചെയ്യുവാൻ സ്തോഭജനകമായി അഭ്യർത്ഥിച്ചു.)

പാലിൻെറ ഗുണവും ഉപയോഗവും, പാഷാണത്തിന്റെ ശക്തിയും അറിവുള്ള നാം, ഒരാൾ ഒരു പാൽപാത്രത്തിനു സമീപം ഇരുന്നു് അതിലുള്ള പാഷാണം അല്പാല്പമായി എടുത്തുകളയുവാൻ ഉദ്യമിക്കുന്ന ഒരു മനുഷ്യനോടു ക്ഷമകേടു കാണിക്കുകയും അതു പാൽപാത്രത്തോടെ എടുത്തു് പുറത്തെറിയുകയും ചെയ്യേണ്ടതാണു്. അതുപോലെതന്നെ ഒരു ഹിന്ദുവെന്നനിലയിൽ അയിത്തമാകുന്ന ശാപം ഹിന്ദുമതമാകുന്ന പാലിനെ പരിപൂർണ്ണമായി വിഷമയവും മലിനവും ആക്കിത്തീർക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു് ഇങ്ങിനെയുള്ള ഒരു വിഷയത്തിൽ ക്ഷമ ഒരു വിശേഷഗുണമായി ഞാൻ കരുതുന്നില്ല. നമുക്കു സ്വയം നിയന്ത്രിക്കുവാൻ അസാദ്ധ്യമായിരിക്കുന്നു. തിന്മയോടു ക്ഷമപ്രദർശിപ്പിക്കുന്നതു നാം നമ്മോടും തിന്മയോടും കളിക്കുന്നതിനു തുല്യമാണു്. അതുകൊണ്ടു് തിരുവിതാംകൂർ രാജ്യം ഈ തിന്മയെ ഒററഅടിക്കു് നിർമ്മാർജ്ജനംചെയ്തു് പരിഷ്കാരം നടപ്പിൽ വരുത്തുവാൻ നേതൃത്വം വഹിക്കണമെന്നു പറയുവാൻ എനിക്കു മടിയില്ല. എന്നാൽ ഒരു ഹിന്ദുരാജ്യത്തിനുപോലും അതിലെ ഹിന്ദുജനങ്ങളുടെ ഊർജ്ജിതമായ സഹായമില്ലെങ്കിൽ, ഈ മാലിന്യം ഇല്ലാതാക്കുന്നതിനു സാദ്ധ്യമല്ലെന്നും എനിക്കറിയാം. അതുകൊണ്ടു് ഭരണാധികാരിയോടല്ല നിങ്ങളോടാണു് പ്രധാനമായി എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്. ഈ രാജ്യത്തിലുള്ള ഓരോ ഹിന്ദുവിനോടും ഞാൻ വ്യക്തിപരവും സുനിശ്ചിതവും ആയ ഒരു അഭ്യർത്ഥന ചെയ്യുവാൻ ആഗ്രഹിക്കുന്നു. നാം ദീർഘകാലമായി തീണ്ടൽജാതിക്കാരെന്നും തൊടീൽജാതിക്കാരെന്നും വിളിച്ചുവരപ്പെട്ട ജനങ്ങളോടു് നമ്മുടെ കർത്തവ്യം നിർവ്വഹിക്കുവാൻ വൈമനസ്യം പ്രദർശിപ്പിച്ചുവന്നു,

അതുകൊണ്ട് അത്രയും സംഗതിയിൽ നിങ്ങളും ഞാനും ഹിന്ദു മതത്തിന്റെ കപടവേഷക്കാരായ പ്രതിനിധികളായിരുന്നു. അയിത്താചാരത്തെ നിലനിൎത്തിക്കൊണ്ടുപോകണമെന്ന് ശഠിക്കുന്നവരുടെ വാദമുഖങ്ങളെ നിസ്സന്ദേഹം നിരസിക്കുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. ഈ കാലഘട്ടത്തിൽ ഒരു മനുഷ്യനോ അല്ലെങ്കിൽ ഒരു സംഘം പുരുഷന്മാരോ സ്ത്രീകളോ ചെയ്യുന്ന പ്രവൃത്തികൾ ദീൎഘകാലത്തേയ്ക്കു രഹസ്യമായിരിക്കുന്നില്ലെന്നു ഞാൻ നിങ്ങളെ ഓൎമ്മിപ്പിച്ചുകൊള്ളുന്നു. അയിത്താചാരം സുരക്ഷിതമായി വച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം ദിനംപ്രതി നാം മററുള്ളവരുടെ പരിഗണനയിൽ താഴ്ന്നുകൊണ്ടിരിക്കയാണ്. ലോകത്തിലെ ശ്രേഷ്ഠമതങ്ങളെല്ലാംതന്നെ ഇന്ന് മൂശയിൽ ഉരുകിക്കൊണ്ടിരിക്കയാണെന്നുള്ളതു നിങ്ങൾ ഓൎമ്മിക്കണം. നമുക്കു ഒട്ടകപ്പക്ഷികളെപ്പോലെ തലകൾ മറച്ചുവെച്ചുകൊണ്ട് നമ്മുടെ പിൻഭാഗത്ത് എത്തിയിരിക്കുന്ന അപകടങ്ങളെ കണ്ടില്ലെന്നു നടിക്കാതിരിക്കാം. ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന കലാപങ്ങൾക്കിടയിൽ അയിത്താചാരം നശിക്കയോ, അല്ലെങ്കിൽ ഹിന്ദുമതം തന്നെ അന്തരിക്കയോ, ചെയ്യുമെന്നുള്ളതിൽ എനിക്ക് അശേഷം സംശയമില്ല. എന്നാൽ ഹിന്ദുമതം മരിക്കുന്നില്ലെന്നും അതൊരിക്കലും മരിക്കയില്ലെന്നും എനിക്കറിയാം. എന്തുകൊണ്ടെന്നാൽ അന്ത്യശ്വാസം അല്പനേരത്തേയ്ക്കുകൂടി ദീൎഘിപ്പിക്കുവാൻ ഒട്ടധികം പണിപ്പെടുന്ന ഒരു ശവശരീരമായി അയിത്താചാരത്തെ എനിക്കു കാണുവാൻ കഴിയുന്നുണ്ട്.

പള്ളുരുത്തി

(൧൯൨—൧—൧൯൯൮)

ഹരിജനങ്ങളായ അവിശ്വാസികളോട്.

[ശ്രീധർമ്മപരിപാലനയോഗത്തിന്റെ അംഗങ്ങൾ സമർപ്പിച്ച ഒരു മംഗളപത്രത്തിനു മറുപടിയായി ഗാന്ധിജി പള്ളുരുത്തിയിൽ ചെയ്ത പ്രസംഗം.]

പരിശുദ്ധി—ഏക ഉദ്ദേശം.

സ്കൂൾകെട്ടിടങ്ങളും ക്ഷേത്രവും കൊണ്ടുനടന്നു കാണിച്ചതിലേയ്ക്കു് ഇതിന്റെ പ്രവർത്തകന്മാരോടു ഞാൻ നന്ദിയുള്ളവനായിരിക്കുന്നു. ഈ മംഗളപത്രത്തിൽ നിങ്ങളുടെ അഭിപ്രായങ്ങൾ തുറന്നുപറഞ്ഞിരിക്കുന്നതിൽ ഞാൻ നിങ്ങളോടു കൃതജ്ഞതനായിരിക്കുന്നു. ഈ മംഗളപത്രം പ്രധാനമായി എന്നെ ഉപദേശിക്കുന്ന രീതിയിലുള്ളതാകകൊണ്ടു് എനിക്കു വളരെ സന്തോഷമുണ്ടു്. നിങ്ങളോടും അതേ രീതിയിൽ പെരുമാറുവാനുള്ള ഉത്തമമാർഗ്ഗം എന്റെ അഭിപ്രായങ്ങൾ തുറന്നുപറയുകയെന്നുള്ളതാണു്. ഹിന്ദുമതത്തിന്റെ നാമധേയത്തിൽ ഒരു പ്രചരണം നടത്താതിരിക്കണമെന്നു് നിങ്ങൾ എന്നെ ഗുണദോഷിക്കുന്നു. എന്നാൽ നിങ്ങളുടെ ഉപദേശം സ്വീകരിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഈ പ്രസ്ഥാനം നടത്തുന്നതു ഹിന്ദുമതത്തെയോ, അല്ലെങ്കിൽ മറേറതെങ്കിലുമൊന്നിനെയോ, ഉറപ്പിക്കുവാൻ വേണ്ടിയാണെന്നു പറയുന്നതും വിചാരിക്കുന്നതുപോലും മുഴുവൻ തെററാണു്. ഞാൻ ഒരു പാപം ചെയ്യുകയും അതിനു പ്രതിവിധിചെയ്യുവാൻ ആശിക്കയും ചെയ്യുന്നുണ്ടെങ്കിൽ, എന്നെ ഉറപ്പിക്കുവാനല്ല പിന്നെയോ പരിശുദ്ധമാക്കുവാനാണു് ഞാൻ അതു ചെയ്യുന്നതു്. എന്റെ അഭിപ്രായത്തിൽ അയിത്താചാരം ഹിന്ദുമതം അയിത്തജാതിക്കാരോടു ചെയ്യുന്ന ഒരു അപരാധമാണു്. സവർണ്ണഹിന്ദുക്കൾ ഞാനിപ്പോൾ ഹരിജനങ്ങളെന്നു വിളിച്ചുവരുന്ന അയിത്തജാതിക്കാരെ അയിത്തജാതിക്കാരായ ഹിന്ദുക്കൾ

എന്നു വിളിച്ചുവരുന്നിടത്തോളം കാലം ഇതൊരു അപരാധമായിത്തന്നെ നിലനിൽക്കും. അതുകൊണ്ടു് ഇതിനെ ഹിന്ദുമതത്തെ പരിഷ്കരിക്കുവാനും പരിശുദ്ധപ്പെടുത്തുവാനുമുള്ള ഒരു പ്രസ്ഥാനമെന്നു വിളിക്കുവാൻ മാത്രമേ എനിക്കു നിവൃത്തിയുള്ളു. ഹിന്ദുക്കളെന്നു സ്വയം വിളിക്കുന്നവരോടു മാത്രമേ എനിക്കു കടപ്പാടുള്ളു. ഹിന്ദുമതത്തോടു ബന്ധമില്ലാത്തവരോടു് ഒരു കടപ്പാടും എനിക്കില്ല. നിങ്ങൾ ഇപ്പോൾ എന്നെ ക്ഷേത്രത്തിനകത്തു കൊണ്ടുപോയി അവിടെ ഹൈന്ദവാചാരങ്ങളനുസരിച്ചു നടത്തുന്ന പ്രാൎത്ഥനമുതൽ എല്ലാ സംഗതികളും കാണിച്ചുതരികയുണ്ടായി. നിങ്ങളുടെ പ്രാൎത്ഥനാരീതി എന്റേതുപോലെ ആണെങ്കിൽ എന്റെ ഹൃദയം നിങ്ങളുടെ സമീപത്തേയ്ക്കു പാഞ്ഞുവരുന്നു. എന്നാൽ നിങ്ങൾ ഇപ്പോൾ ഹിന്ദുക്കളല്ലെന്നും, മറ്റൊരു വിശ്വാസം സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു എന്നും ആണു പറയുന്നതെങ്കിൽ, ഒരു ഹിന്ദു എന്ന നിലയിൽ എനിക്കു നിങ്ങളോടുള്ള കടപ്പാടുകൾ അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ മനുഷ്യരെന്ന നിലയിൽ എനിക്കു നിങ്ങളോടുള്ള ബന്ധം അവസാനിക്കുന്നില്ല.

അങ്ങിനെയുള്ള സൂക്ഷ്മവും അത്യന്താപേക്ഷിതവുമായ ആ വ്യത്യാസം നമുക്കു് ഉപേക്ഷിക്കുവാൻ നിവൃത്തിയില്ല. നാം പലതിൽ ഒന്നു് എന്ന നിലയിൽ, മാത്രമാണു് ഈശ്വരൻ പ്രകൃതിയെ സൃഷ്ടിച്ചിട്ടുള്ളതു്. ഈ ലോകത്തിൽ പല വിശ്വാസങ്ങളും നിലനിന്നുപോരുന്നുണ്ടു്. അവയെല്ലാം സത്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ പല വിശ്വാസങ്ങൾ നിലവിലിരിക്കുകയും, നാം അതിൽ ഒന്നിൽ പെടുകയും ചെയ്യുന്നിടത്തോളം കാലം ആ വിശ്വാസത്തിനോടു് അനുബന്ധിച്ച ചില പ്രത്യേക കടപ്പാടുകളും ഉണ്ടു്. അതുകൊണ്ടു ഞാൻ ഒരു മുസൽമാൻസഹജീവിക്കു വേണ്ടിയോ, ഒരു ക്രിസ്ത്യാൻസഹജീവിക്കു വേണ്ടിയോ, പാഴ്സിക്കു വേണ്ടിയോ, ജൂതനു വേണ്ടിയോ, മററാക്കെങ്കിലും വേണ്ടിയോ പ്രവൎത്തിക്കയില്ലെന്നു് അൎത്ഥമില്ല. എന്നാൽ ഞാൻ ഇപ്പോൾ നില്ക്കുന്ന ഈ പ്രസംഗമണ്ഡപത്തിൽ നിന്നു് എന്റെ കാൽ തെററിയാൽ, ഒരുത്തരുമായി ഏകഭാവമുണ്ടെന്നു വിചാരിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഞാനും നിങ്ങളും ജീവിച്ചിരിക്കുന്നു എന്നും, ഞാൻ നിങ്ങളോടു പ്രസംഗിക്കുന്നു എന്നും ഉള്ള

പരമാത്ഥത്തിൽ കൂടുതലായി ഞാൻ ഈശ്വരനുണ്ടെന്നുള്ള പരമാത്ഥത്തിൽ വിശ്വസിക്കുന്നു. ഞാൻ അത്ഥമാക്കുന്നതു് എന്താണെന്നുള്ളതിലേയ്ക്കു് ഒരു ഉദാഹരണം പറയാം. പ്രത്യക്ഷത്തിൽ ഞാൻ ഇപ്പോൾ നിങ്ങളോടു പ്രസംഗിക്കുകയും നിങ്ങൾ അതു ശ്രദ്ധിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ നിങ്ങളുടെ ഹൃദയവും മനസ്സും മറെറാരിടത്തായിരിക്കാം. എൻെറ ഹൃദയവും വേറൊരിടത്തും എൻെറ മനസ്സ് മറെറാന്നിലും ആയിരിക്കാം. അപ്പോൾ എന്റെ പ്രസംഗവും നിങ്ങളുടെ ശ്രദ്ധയും ഒരു വഞ്ചനയായിത്തീരുന്നു. അതുകൊണ്ടു ഞാൻ പ്രസംഗിക്കുന്നതും നിങ്ങൾ ശ്രദ്ധിക്കുന്നതും പ്രത്യക്ഷത്തിൽ ശരിയാണെങ്കിലും അതൊരു യാഥാത്ഥ്യമായിരിക്കണമെന്നില്ല. എന്നാൽ എന്റെ ഹൃദയവും, വാക്കും പ്രവൃത്തിയും, അല്ലാഹോ, രാമനോ, കൃഷ്ണനോ എന്ന ഈശ്വരനിൽ സമർപ്പിച്ചിരിക്കുന്നു. ഞാൻ ഇപ്പോൾ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന മഹായോഗത്തെക്കാൾ എൻെറ ഈശ്വരവിശ്വാസം എനിക്കു കൂടുതൽ യാഥാത്ഥ്യമുള്ള ഒന്നാണെന്നു ഞാൻ പറയുമ്പോൾ നിങ്ങൾക്കു് ഇപ്പോൾ അതു മനസ്സിലാക്കുവാൻ കഴിയുമല്ലോ.

കപടത്തിനെതിരേ.

എന്നാൽ നിങ്ങളെ കൂടുതൽ ഗഹനങ്ങളായ വിഷയങ്ങളിലേയ്ക്കു നയിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറയുന്നതിൻെറ ചുരുക്കം ഇതാണു്. ഞാൻ ഒരു ഹിന്ദുവെന്ന നിലയിൽ നിങ്ങളുടെ മുൻപിൽ വരുന്നുണ്ടെങ്കിൽ അങ്ങിനെ ചെയ്യുന്നതു് നിങ്ങളോടു് എനിക്കുള്ള കടമ നിവ്വഹിക്കുവാൻ വേണ്ടിയാണു്. ഞാൻ ഒരു സവർണ്ണകുടുംബത്തിൽ ജനിച്ച ആളാണെന്നാണു വിചാരിക്കപ്പെട്ടുവരുന്നതു്. അവണ്ണർ എന്നു വിളിക്കപ്പെടുന്ന കുറെ ഹിന്ദുക്കളുണ്ടെന്നു കാണുമ്പോൾ, ഒരു സവണ്ണഹിന്ദുവെന്ന നിലയിൽ അതു് എൻെറ നീതിബോധത്തേയും സത്യബോധത്തേയും ക്ഷതപ്പെടുത്തുകയും, അതു് എന്നെ അതികഠിനമായി വേദനപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ ജനിച്ചുവളന്ന മതത്തിൽ എന്നിൽ താഴ്ന്നതായി കരുതപ്പെട്ടുപോരുന്ന മറെറാരു ജീവിയുണ്ടെ

ന്നുള്ള വിചാരം എന്നെ അസംതൃപ്തപ്പെടുത്തുന്നു. അതുകൊണ്ടു ഞാൻ എന്റെ സമ്മതപ്രകാരം ഒരു അയിത്തജാതിക്കാരനായിത്തീർന്നിരിക്കുന്നു. ഹിന്ദുശാസ്ത്രങ്ങൾ ഇന്നും നിലവിരിക്കുന്ന രീതിയിലുള്ള അയിത്താചാരം അംഗീകരിക്കുന്നുണ്ടെന്നു ബോധ്യമായാൽ ഞാൻ അന്ന് ഹിന്ദുമതം ഉപേക്ഷിക്കുകയും അതിനെ ആക്ഷേപിക്കുകയും ചെയ്യും. ഹിന്ദുമതവും, മതതാരതമ്യങ്ങളും പഠിക്കുന്ന ഒരു വിദ്യാർത്ഥി എന്ന നിലയിൽ, അങ്ങിനെയുള്ള യാതൊരു പ്രമാണങ്ങളും ഹിന്ദുശാസ്ത്രങ്ങളിൽ കാണുവാൻ എനിക്കു കഴിയുന്നില്ല. എന്നാൽ ഹിന്ദുക്കൾ ഇന്ന് അയിത്തം ആചരിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് ആ തിന്മയെക്കുറിച്ചു മുന്നറിവു കൊടുക്കേണ്ടതു് എന്റെ കടമയാണെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ നിങ്ങൾ മററു മതം സ്വീകരിക്കയോ മതവിശ്വാസംതന്നെ ഉപേക്ഷിക്കുകയോ ചെയ്യുകയാണെങ്കിൽ നിങ്ങളോട് എനിക്കു യാതൊരു അഭ്യർത്ഥനയുമില്ല. അപ്പോൾ അയിത്തജാതിക്കാരായ ഹിന്ദുക്കൾ എന്നുള്ള നിങ്ങളുടെ നില അവസാനിക്കുന്നു. ഹിന്ദുമതത്തിൽനിന്നു വേർതിരിഞ്ഞു പോകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അങ്ങിനെ ചെയ്യുവാനുള്ള പൂർണ്ണസ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്. നിങ്ങളെ ബലം പ്രയോഗിച്ച് ഹിന്ദുമതത്തോടു ബന്ധിച്ചു നിർത്തുവാൻ എനിക്കു കഴികയില്ല. സ്നേഹമാകുന്ന ശക്തികൊണ്ടു ബന്ധിക്കുവാൻ മാത്രമേ എനിക്കു സാധിക്കയുള്ളു. ഏതാനും ഹിന്ദുക്കൾ നിങ്ങളെ അയിത്തജാതിക്കാർ എന്ന വിഭാഗത്തിൽ പെടുത്തുന്നുണ്ടെങ്കിലും, ഹിന്ദുമതത്തിൽ അയിത്തമില്ലെന്നു ബോധ്യപ്പെടുത്തുവാൻ തക്കവണ്ണമുള്ള എന്റെ സേവനംകൊണ്ട് നിങ്ങളുടെ സ്നേഹം സമ്പാദിക്കുവാൻ എനിക്കു കഴിഞ്ഞേക്കാം. നിങ്ങളുടെ സമീപത്തു വരുവാൻ കാലതാമസം വന്നുപോയതു ദൈവകല്പിതമായിരിക്കാം. എന്നാൽ കഴിഞ്ഞ ൪൦ കൊല്ലമായി ഞാൻ ഈ അയിത്താചാരത്തിന് എതിരെ വിപ്ലവം നടത്തിവരികയായിരുന്നു എന്നറിവുള്ള ഈശ്വരൻ എന്നെ അതിനു ശിക്ഷിക്കുകയില്ല. ഞാൻ എന്തിനു വേണ്ടി നിലകൊള്ളുന്നു എന്നു നിങ്ങൾക്ക് ഇപ്പോൾ ഏറെക്കുറെ മനസ്സിലായിരിക്കുമല്ലോ. ഈ പ്രസ്ഥാനം മുസൽമാന് എതിരായോ ക്രിസ്ത്യാനിക്ക്

എതിരായോ ജൂതന് എതിരായോ ഉള്ള ഒന്നല്ല. ഇതു് കാപ്പട്ടത്തിന് എതിരായിട്ടുള്ളതാണ്. ഞാൻ അതിനു വേണ്ടിയാണു നിലകൊള്ളുന്നതു്.

ഹരിജൻ—നിർദ്ദോഷമായ ഒരു നാമധേയം.

ഹരിജൻ എന്ന പദപ്രയോഗത്തെക്കുറിച്ച് അവസാനമായി ഒന്നു പറഞ്ഞുകൊള്ളട്ടെ. ഇതു് ഞാൻ നിർമ്മിച്ച ഒരു പദമല്ല. ഒരു അയിത്തജാതിക്കാരൻ അഭിപ്രായപ്പെട്ടതാണ്. അയിത്താചാരം ജുഗുപ്സാവഹമായ ഒന്നാണെങ്കിലും, അയിത്തജാതിക്കാർ എന്ന പേരിൽ ഇന്നറിയപ്പെട്ടുപോരുന്ന ജനങ്ങളെക്കുറിച്ച് പ്രസ്താവിക്കേണ്ടിവരുന്നിടത്തോളം കാലം ദ്വേഷകരമായ ഒരു പദത്തേക്കാൾ നിർദ്ദോഷമായ ഒരു പദം ഉപയോഗിക്കയാണു ഭേദമെന്നുള്ളതു തീർച്ചയാണ്. ഞാൻ എന്റെ അനുഭവത്തിൽ നിന്ന് ഒരു ഉദാഹരണം പറയാം. സൌത്താഫ്രിക്കയിൽ ഇൻഡ്യാക്കാരെ ഇൻഡ്യാക്കാരെന്നല്ല കൂലികളെന്നാണ് വിളിച്ചുവന്നിരുന്നതു്. എന്നെ ഇൻഡ്യാക്കാരനായ വക്കീൽ എന്നല്ല, കൂലിവക്കീൽ എന്നാണ് വിളിച്ചിരുന്നതു്. വെള്ളക്കാർക്കു കൂലി എന്നും ഇൻഡ്യാക്കാരൻ എന്നുമുള്ള പദങ്ങൾ പര്യായങ്ങളായിരുന്നു. അയിത്തജാതിക്കാരനായ ഒരു സഹോദരൻ അയിത്തജാതിക്കാരൻ എന്ന പദത്തെ പ്രതിഷേധിക്കുന്നതുപോലെ, കൂലി എന്ന പദത്തെ ഞാൻ പ്രതിഷേധിക്കയും, ഇൻഡ്യാക്കാരായ ജനങ്ങളെ ഇൻഡ്യാക്കാർ എന്നു വിളിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ജനങ്ങൾ അവരുടെ രാജ്യങ്ങളുടെ പേരിൽ അറിയപ്പെടുന്നിടത്തോളം കാലം ഇൻഡ്യാക്കാരായ ജനങ്ങളെ തിരിച്ചറിയുവാൻ ഒരു പേരു വേണമെന്നുള്ളതു് നിർബന്ധമാണ്. ഇൻഡ്യാക്കാരൻ എന്ന പേർ നിർദ്ദോഷമായ ഒന്നാണ്. അതുപോലെ ഹരിജൻ എന്ന പദവും നിർദ്ദോഷമായ ഒന്നാണ്.

ചളിയിൽ കിടക്കുന്ന ജനങ്ങളെ ഉയർത്തുക.

അവസാനമായി ശക്തരെന്നു ബോദ്ധ്യമുള്ള ജനങ്ങളെ സഹായിക്കുവാനല്ല ഞാൻ വന്നിരിക്കുന്നതു് എന്നുകൂടി വിനയപുരസ്സരം പറഞ്ഞുകൊള്ളട്ടെ. നിങ്ങൾ സവർണ്ണഹിന്ദുക്കൾക്ക് എതിരായി പ്രയോഗിക്കുന്ന ക്ഷോഭജനകമായ പദംപോലും കൂടുതൽ രൂക്ഷമായിരിക്കയില്ലെന്നു ഞാൻ അറിയുന്നുണ്ട്

നിങ്ങളുടെ ക്ഷോഭം പ്രവൃത്തിമാർഗ്ഗേണ പുറത്തുവരികയാണെങ്കിലും സവർണ്ണഹിന്ദുക്കൾ അതു് അർഹിക്കുകതന്നെ ചെയ്യുന്നുണ്ടെന്നും എനിക്കറിയാം. എന്നാൽ നിങ്ങൾ അറിയുന്നതിൽ വളരെ കൂടുതൽ സംഗതികൾ എനിക്കറിയാം. ഹരിജനങ്ങളാരാണെന്നും, അവർ എവിടെ താമസിക്കുന്നു എന്നും, അവരുടെ സംഖ്യ എത്രയാണെന്നും, അവർ ഏതു നിലയിലേക്ക് അധഃപതിച്ചുപോയിരിക്കുന്നു എന്നും എനിക്കറിയാം. നിങ്ങൾക്ക് ഈ പ്രദേശത്തെക്കുറിച്ചും, കൊച്ചിയെക്കുറിച്ചു മുഴുവൻ തന്നേയും, ഒരുപക്ഷേ കൊച്ചിയേയും തിരുവിതാംകൂറിനേയും കുറിച്ചും, പോരെങ്കിൽ മലബാറിനെക്കുറിച്ചും പറയുവാൻ സാധിക്കുമായിരിക്കും. എന്നാൽ ഇൻഡ്യയുടെ വടക്കും, തെക്കും, കിഴക്കും, പടിഞ്ഞാറും ഉള്ള ഹരിജനങ്ങളെക്കുറിച്ചും, അവരുടെ നികൃഷ്ടമായ അവസ്ഥയെക്കുറിച്ചും പറയുവാൻ എനിക്കു കഴിയും. എന്റെ ഏകതൊഴിൽ കഴിയുന്നിടത്തോളം ചളിയിൽ കിടക്കുന്ന ജനങ്ങളെ ഉയർത്തുകയെന്നുള്ളതാണ്. ഞാൻ അതു ചെയ്യണമെന്നു വിചാരിക്കുന്നതു് എന്നെത്തന്നേയും ഉന്നമിപ്പിക്കുവാൻ വേണ്ടിയാണ്. അവരുടെ നികൃഷ്ടാവസ്ഥയിൽ ഞാനും നികൃഷ്ടൻ തന്നേയാണെന്നു എനിക്കു തോന്നുന്നു. ഹിന്ദുക്കൾ അയിത്താചാരത്തിന്റെ പിടിയിൽനിന്നു സ്വാതന്ത്ര്യം നേടുമെങ്കിൽ, ഹിന്ദുക്കളും ഹിന്ദുക്കളും തമ്മിൽ മാത്രമല്ല, ഹിന്ദുക്കളും അഹിന്ദുക്കളും തമ്മിലുള്ള അകൽച്ചയും നാശകരമായ വ്യത്യാസങ്ങൾപോലും ഇന്ദ്രജാലംകൊണ്ടെന്നപോലെ നാമാവശേഷമായിത്തീരുമെന്ന് എനിക്കറിയാം. ഈ ചുരുങ്ങിയ സമയത്തിൽ എനിക്കുണ്ടായിരുന്ന മുഴുവൻ സന്ദേശവും ഞാൻ നൽകിക്കഴിഞ്ഞു. ഇതു സ്വീകരിക്കുവാനോ നിഷേധിക്കുവാനോ ഉള്ള അവകാശം നിങ്ങൾക്കുണ്ട്. ഈ പ്രതിവിധി നിങ്ങൾ സ്വീകരിക്കുക, അല്ലെങ്കിൽ നിഷേധിക്കുക.

ഇപ്പോഴും നിങ്ങൾക്ക് എന്നെ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ സുപ്രസിദ്ധമായ ഒരു ഇംഗ്ലീഷ് കീർത്തനത്തിലെ ഈ വരികൾ ചൊല്ലി ഈശ്വരനെ പ്രാർത്ഥിക്കുവാനെ എനിക്കു നിവൃത്തിയുള്ളു. "മൂടൽമഞ്ഞു മാഞ്ഞുപോകുമ്പോൾ നമുക്കു പരസ്പരം കൂടുതൽ ഭംഗിയായി മനസ്സിലാക്കാം."

ആലപ്പുഴ.

(൧൯—൧—൩൪)

[മഹാത്മജി തൻെറ ഹരിജനസഞ്ചാരത്തിൽ
ആലപ്പുഴ വച്ചു ചെയ്ത പ്രസംഗം]

മതം ഒരു പ്രതിബന്ധമാണോ?

എനിക്ക് ഇന്നു സമ്മാനിക്കപ്പെട്ടിട്ടുള്ള വിവിധ മംഗളപത്രങ്ങളെക്കുറിച്ച് പരാമർശിക്കുന്നതിനു പകരം, അപ്രകാരം ചെയ്യാത്തവയും, ഇന്ന് ഇവിടെ കൂടിയിട്ടില്ലാത്ത പലരും എനിക്ക് നിരന്തരമായി അയച്ചുതന്നിട്ടുള്ളവയും ആയ ചില നിവേദനങ്ങളേയും കത്തുകളേയും കുറിച്ചാണ് ഞാൻ ചിലത് പറയുവാൻ ഭാവിക്കുന്നത്. എൻെറ കയ്യിലിരിക്കുന്നത് രണ്ടു കത്തുകളാണ്. ഇതിൽ ഒന്ന് അച്ചടിച്ചതും ചേർത്തലെ നിന്ന് അയച്ചിട്ടുള്ളതും, മറേറതു് ടൈപ്പുചെയ്തതും ആലപ്പുഴ നിന്നും അയച്ചിട്ടുള്ളതുമാണ്. ഇവയിൽ അച്ചടിച്ചിട്ടുള്ള എഴുത്തു തുടങ്ങുന്നത്. ഇങ്ങിനെയാണ്. "അയിത്തമാകുന്ന അനാചാരത്തെ ആട്ടിയോടിച്ച് ഹിന്ദുമതത്തിനെ ശക്തിമത്താക്കിത്തീർക്കുവാനുള്ള അവിടത്തെ ഇപ്പോഴത്തെ ഉദ്യമം പരിപൂർണ്ണപരാജയത്തിൽതന്നെ പര്യവസാനിക്കുമെന്ന് ഞങ്ങൾ അറിയിച്ചുകൊള്ളട്ടെ." ഇപ്രകാരമുള്ള ഒരു മുഖവുരയോടു കൂടി ചില ഉപദേശങ്ങൾ തുടരുന്നു. രണ്ടാമത്തെ എഴുത്ത് ഇങ്ങിനെയാണ്. "സംഘടിതമായ ഒരു ഭാരതീയരാഷ്ട്രനിർമ്മാണത്തിന് പ്രതിബന്ധമായി നില്ക്കുന്നത് മതമാണെന്നുള്ള വസ്തുത അവിടുത്തേയ്ക്ക് തികച്ചും അറിയാമല്ലോ." ഇമ്മാതിരിയുള്ള ഉപദേശങ്ങൾക്ക് ഞാൻ അപരിചിതനല്ല. ഞാൻ പൂനായിൽവച്ച് രോഗശയ്യയെ അവലംബിച്ചിരുന്നപ്പോൾപോലും തിരുവിതാംകൂറിലും, കൊച്ചിയിലും നിന്ന് കത്തുകൾ എനിക്ക് മുറയ്ക്ക് ലഭിച്ചുകൊണ്ടിരുന്നു. അവയെല്ലാം മനോഹരമായും, മര്യാദപൂർവ്വമായും എഴുതപ്പെട്ടിരുന്നെങ്കിലും, രാജ്യത്തിൻെറ പുരോഗമനത്തിന് മതം ഒരു ശക്തിമത്തായ വിഘ്നമാണെന്നുള്ള അവരുടെ വിശ്വാസ

ത്തിന് പ്രാമുഖ്യം നൽകിയിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ഞാൻ കാലെടുത്തുകുത്തിയതുമുതൽക്ക് ഇമ്മാതിരി നിരവധി കത്തുകൾ എനിക്കു ലഭിച്ചിട്ടുണ്ട്. ഇവയെല്ലാം എനിക്ക് നിസ്സാരമായിത്തള്ളുവാൻ തരമില്ല. തിരുവിതാംകൂറിലേയും കൊച്ചിയിലേയും കുറെ ചെറുപ്പക്കാരിൽ ഇങ്ങിനെയൊരു വിശ്വാസം പ്രകടമായി വളത്തിക്കൊണ്ടു പോകുവാനുള്ള പ്രധാന കാരണക്കാർ സവർണ്ണഹിന്ദുക്കളാണെന്ന് എനിക്കറിയാം. അവർ മതത്തിന്റെ പേരിൽ മതരാഹിത്യത്തിന് മഹത്വം നൽകി. ഈശ്വരസമ്മതത്തോടെന്നവണ്ണം അവർ പാപത്തെ ഒരു ശ്രേഷ്ഠഗുണമായി വാഴ്ത്തി. അക്ഷമരായിത്തീർന്ന ഈ ചെറുപ്പക്കാർ, സവർണ്ണഹിന്ദുക്കൾ അവക്ക് കാട്ടിക്കൊടുത്ത മതം കണ്ട്, ഇതാണ് മതമെങ്കിൽ അതിനെ ദുഷ്ടായി പരിഗണിച്ചു. സാവകാശം ആലോചിച്ചുറയ്ക്കുവാനുള്ള ക്ഷമ അവരിൽ നശിച്ചുപോയിരുന്നതിനാൽ അവർ മതത്തെ ആകമാനം അധിക്ഷേപിച്ചു. ഞാൻ ഒരു യഥാർത്ഥ മതവിശ്വാസിയാണെങ്കിൽ എന്റെ ഈ സഹോദരങ്ങളായ ഇവരോട് ഞാൻ സാവകാശവും, ക്ഷമാപൂർവ്വവും വർത്തിക്കേണ്ടിയിരിക്കുന്നു. ഞാൻ അവരോട് എഴുത്തുകൾ മുഖേനയും, ഇന്നു നേരിട്ടു പള്ളുരുത്തിയിൽവച്ചും ഇതേക്കുറിച്ച് സംസാരിക്കുകയുണ്ടായി.

ഈശ്വരനിലും മതത്തിലും വിശ്വസിക്കുക.

എന്റെ തല്ക്കാലത്തെ പ്രയത്നങ്ങൾക്ക് ഹിന്ദുമതത്തിന്റെ ശക്തിവർദ്ധനവുമായി യാതൊരു ബന്ധവുമില്ലെന്നു ഞാൻ സ്നേഹിതന്മാരെ അറിയിച്ചുകൊള്ളട്ടെ. ഹിന്ദുമതം ബലിഷ്ഠമായിത്തീർന്നാലും, ബലഹീനമായിത്തീർന്നാലും, അഥവാ അതു് നാമാവശേഷമായിത്തീർന്നാലും, ഞാൻ അതത്ര കണക്കാക്കുന്നില്ലെന്നു പറയുമ്പോൾ, അതു് അങ്ങിനെതന്നെ നിങ്ങൾ വിശ്വസിക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അതായതു് ഞാൻ കയ്യേററിരിക്കുന്ന കാര്യത്തിൽ എന്റെ നില, അതു് ഹിന്ദുമതത്തെ ബലഹീനമാക്കുവാനാണ് പര്യാപ്തമായിത്തീരുന്നതെങ്കിൽ തന്നെയും, ഞാൻ അതത്ര ഗണ്യമാക്കാത്തവിധത്തിൽ അത്ര ഉറപ്പുള്ള ഒന്നാണ്,

എനിക്ക് ഹിന്ദുമതവുമായി ചെയ്യാനുള്ളത് ഇതു മാത്രമാണ്. എനിക്ക് അതിനെ അയിത്തമാകുന്ന അനാചാരത്തിന്റെ പിടിയിൽനിന്നും വിമുക്തമാക്കിത്തീർക്കണം. തിരിച്ചറിയാൻ വയ്യാത്തവണ്ണം ഹിന്ദുമതത്തെ വക്രവും, വിരൂപവും ആക്കിത്തീർത്തിട്ടുള്ള ആ അയിത്തപിശാചിനെ അതിൽനിന്നും ഉച്ചാടനം ചെയ്യണം. ഈ അനാചാരത്തെ സമൂലം ഉന്മൂലനം ചെയ്യുന്നപക്ഷം, ഇന്ന് ഇൻഡ്യയുടെ പുരോഗമനത്തിന് മതം പ്രതിബന്ധമാണെന്ന് ഉൽഘോഷിക്കുന്ന സ്നേഹിതന്മാരെല്ലാംതന്നെ അവരുടെ മനോഗതിയെ മാററുമെന്ന് എനിക്കറിയാം. ഹിന്ദുമതം അയിത്തത്തെ അംഗീകരിക്കുന്നുണ്ടെന്നു കാണുന്നപക്ഷം അങ്ങിനെയുള്ള ഹിന്ദുമതത്തെ ഞാൻ ആക്ഷേപിക്കുമെന്ന് അവരോടു പറഞ്ഞാൽ അവക്ക് അല്പമൊരു ആശ്വാസം ഉണ്ടായേക്കാം. എന്നാൽപോലും മതമേ നിരർത്ഥകമാണെന്നും, ഈശ്വരൻ ഈശ്വരനല്ല, ചെകുത്താനാണെന്നും പറഞ്ഞുനടക്കുവാൻ ഞാൻ ധൈര്യപ്പെടുകയില്ല. എന്നെ സംബന്ധിച്ചിടത്തോളം, ഹിന്ദുക്കളിലും, ഹിന്ദുമതത്തിലും എനിക്കുള്ള വിശ്വാസം ക്രമേണ നശിക്കുകയും, അതിനനുസരണമായി ഈശ്വരനിൽ എനിക്കുള്ള ഭക്തിയും വിശ്വാസവും വർദ്ധിക്കുകയും ചെയ്യും. അതു് എന്തുകൊണ്ടാണ് വർദ്ധിക്കുന്നതെന്നു പറയാം. നിസ്സാരമായ ഒരു കാററററാൽ വാടിക്കൊഴിഞ്ഞുപോകുന്ന ഒരു പേലവ കുസുമം അല്ല വിശ്വാസം. അതു പെട്ടെന്നുണ്ടാകുന്ന പരിവർത്തനങ്ങൾക്ക് അതീതമായ ഒരു ഹിമാലയപർവ്വതംപോലെ ബലിഷ്ഠമാണ്. ഒരു കൊടുങ്കാററിനുപോലും ഹിമാലയപർവ്വതത്തെ അതിൻെറ അസ്ഥിവാരത്തിൽനിന്നു ഇളക്കുവാൻ കഴികയില്ലല്ലോ. ഹിന്ദുക്കളായുള്ളവർ എന്നെ നിരാശപ്പെടുത്തുമ്പോൾ ഞാൻ ഈശ്വരനോട് ഇങ്ങിനെ പ്രാർത്ഥിക്കുവാനുള്ള ശക്തി എനിക്കു നൽകുവാൻ അപേക്ഷിക്കാറുണ്ട്. 'അവിടുത്തെ സൃഷ്ടിവർഗ്ഗത്തിൽപ്പെട്ടവർതന്നെ എന്നെ നിരാശപ്പെടുത്തിയെങ്കിലും, ഒരു പൈതൽ അതിൻെറ മാതാവിൻെറ സ്തനതടത്തോട് എന്നവണ്ണം ഞാൻ അങ്ങയോടു പററിച്ചേർന്നുകൊള്ളുന്നു.' ഇതുപോലെ നിങ്ങൾ ഓരോരുത്തനും ഈശ്വരനിലും മതത്തിലും ഉള്ള വിശ്വാസത്തെ വർദ്ധിപ്പിക്കണമെന്നാണ്

എനിക്കു പറയുവാനുള്ളത്. ലോകത്തിലുള്ള എല്ലാ മതങ്ങളുംതന്നെ യഥാർത്ഥവും ഈശ്വരപ്രതിഷ്ഠവും ആണെന്നാണ് എന്റെ ബോദ്ധ്യം. അവയെല്ലാം, ഈശ്വരന്റേയും, അവയ്ക്കു കീഴിൽ വളർന്നുവന്നിട്ടുള്ളവരായ ജനങ്ങളുടേയും, ആ മതങ്ങളുടേയും ആവശ്യങ്ങൾ സാധിക്കുവാൻ പര്യാപ്തങ്ങളായിരുന്നു. ലോകമൊട്ടുക്ക് ഒരു മതമേ ഉള്ളു എന്നു പറയുവാൻ നമുക്കു കഴിയുന്ന ഒരു കാലം എന്നെങ്കിലും ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഒരു വിധത്തിൽ ഇന്നും ലോകത്തിൽ പ്രധാനമായി ഒരു മതം മാത്രമേ ഉള്ളു. എന്നാൽ പ്രകൃതിയിൽ ജ്ജുരേഖ എന്ന് ഒന്നില്ല. മതം എന്നതു് ബഹുശാഖാവൃതമായ ഒരു വൃക്ഷമാണ്. ശാഖകൾ എന്ന നിലയ്ക്കു മതങ്ങൾ പലതെന്നു പറയാമെങ്കിലും, വൃക്ഷം എന്ന പേരിൽ മതം ഒന്നു മാത്രമാണ്.

സമൂലനാശം സകലരേയും സംയോജിപ്പിക്കും.

ഹിന്ദുമതത്തിലെ ഈ ശുദ്ധീകരണപ്രസ്ഥാനത്തിൽ അന്തർല്ലീനമായിരിക്കുന്ന തത്വം എന്താണ്? അതു് ഒരു മതത്തിനും വിരുദ്ധമായ ഒരു പ്രചരണമല്ല. നേരേമറിച്ച് അഖിലമതങ്ങളുടേയും അകൽച്ച നീക്കുന്നതിനുള്ള പ്രസ്ഥാനമാണ് അതു്. സവർണ്ണഹിന്ദുക്കൾ ഞാൻ സൂചിപ്പിച്ചപ്രകാരം ഒരു പരിഹാരം ചെയ്യുകയും ഉച്ചനീചത്വങ്ങളെ വിസ്മരിക്കുകയും ചെയ്യുന്നപക്ഷം, അവർ ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം മാത്രമേ അപ്രകാരം ചെയ്യുകയുള്ളു എന്ന് ഒരു നിമിഷനേരത്തേയ്ക്കെങ്കിലും നിങ്ങൾക്കു വിചാരിക്കുവാൻ കഴിയുമോ? ഇന്ന് ഈ അയിത്തം ഭാരതമൊട്ടുക്കു വ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഹരിജനങ്ങൾ മാത്രമല്ല അയിത്തജാതിക്കാർ; അവർ അങ്ങേഅററത്തുള്ളവരാണ്. ഹിന്ദുക്കൾ എല്ലാവരും തമ്മിൽ തമ്മിൽ അയിത്തജാതിക്കാരും, എല്ലാ ഹിന്ദുക്കളും അഹിന്ദുക്കൾക്ക് അസ്പൃശ്യരുമാണ്. അഹിന്ദുക്കളായവർ ഈ വാസ്തവം മനസ്സിലാക്കിയിട്ടുണ്ട്. ഇന്നു നമ്മുടെ ഇടയിലുള്ള കലഹങ്ങളുടേയും, വ്യത്യാസങ്ങളുടേയും നിദാനം ഈ അയിത്തമാകുന്ന വ്രണത്തിലാണ് അടിയുറച്ചിരിക്കുന്നതെന്നു ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളട്ടെ. ഞാൻ ഇതു പറയു

മ്പോൾ നിങ്ങൾ എന്നെ തികച്ചും വിശ്വസിക്കുക; അതായതു് ഈ അയിത്തമാകുന്ന അസമത്വത്തെ അകററുന്നപക്ഷം തീർച്ചയായും അതു് ഒരു അഖിലഭാരതീയസംഘടയ്ക്കു വഴി തെളിക്കും—അതിനെപ്പററി കുറച്ചുകൂടി വിനയപൂർവ്വം പറയുന്നപക്ഷം അതു് മനുഷ്യരെത്തന്നെ പരസ്പരം കൂടുതൽ അടുപ്പിക്കും. അതു് ഒരു നിസ്സാരസംഗതിയല്ല; പിന്നെയോ മഹനീയങ്ങളായ പല ഭവിഷ്യത്തുകളും പ്രതീക്ഷിക്കാവുന്ന ഒരു മഹൽസംരംഭമാണു്. അങ്ങിനെ അല്ലായിരുന്നെങ്കിൽ, സാമാന്യം ബുദ്ധിമാനെന്നു സ്വയം അഭിമാനിക്കുന്ന ഞാൻ, വിശേഷിച്ചും എന്റെ ജീവിതത്തിന്റെ ഈ സായാഹ്നത്തിൽ, കേവലം ഹിന്ദുക്കളെ സംഘടിപ്പിച്ചു് അവരെ എനിക്കു് ഏകോദരസഹോദരതുല്യരായ സ്നേഹിതന്മാരുള്ള മുസൽമാന്മാർ, ക്രിസ്ത്യാനികൾ, ജൂതന്മാർ, പാർസികൾ മുതലായവരോടു് എതിരിട്ടു യുദ്ധം ചെയ്യുവാൻ സന്നദ്ധരാക്കുന്ന ഒരു സന്ദേശത്തിന്റെ പ്രവാചകനായി, നാടുതോറും നിരന്തരം അലഞ്ഞു നടക്കുമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഞാൻ ഏറെറടുത്തിട്ടുള്ള ഈ പ്രസ്ഥാനത്തിൽ എനിക്കു് അനിഷേധ്യമായ വിശ്വാസമുണ്ടു്; അതു് വിജയപ്രദമാകുന്നപക്ഷം—മറിച്ചു വരാൻ തരമില്ലാത്തതിനാൽ അതു വിജയപ്രദമാകുകതന്നെ ചെയ്യും—ഒന്നിനൊന്നു വിരുദ്ധമായിട്ടില്ല, വിപുലമായ അതിന്റെ അംശങ്ങളെന്നോണം ലോകത്തിലെ സകല മനുഷ്യരുടേയും ഏകീകരണം മുൻനിർത്തി നടത്തിയിട്ടുള്ള ഒരു പ്രവർത്തനമായി, ചരിത്രം അതിനെ രേഖപ്പെടുത്തുകതന്നെ ചെയ്യും.

എനിക്കു് ഈ എഴുത്തുകൾ അയച്ചിട്ടുള്ളവരോടു് ഏറെ സമുചിതമായ ഒരു സമാധാനം ഇവിടെവച്ചു് ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നെന്നു വിശ്വസിക്കുന്നു.

തിരുവനന്തപുരം.

(൨൨—൧—൯൪.)

[തിരുവനന്തപുരത്തെ വമ്പിച്ച പൊതുയോഗത്തിൽ വച്ച് ഗാന്ധിജി ചെയ്ത പ്രസംഗത്തിന്റെ ചില ഭാഗങ്ങൾ.]

ഒരു വേടനായി ജീവിക്കുക എന്നാൽ എന്ത്?

തിരുവിതാംകൂറോ, തിരുവനന്തപുരമോ എനിക്ക് അപരിചിതമല്ല. നിങ്ങൾ അനുവദിക്കുന്നപക്ഷം ഞാനും നിങ്ങളെപ്പോലെതന്നെ തിരുവിതാംകൂറിലെ ഒരു സഹപൗരനാണെന്നു പറഞ്ഞുകൊള്ളുന്നു. തിരുവിതാംകൂറിലെ ഒരു പൗരനായിത്തീരുവാൻ ഞാൻ ആഗ്രഹിക്കുന്നതു് എന്തുകൊണ്ടാണെന്നു പറയാം. തിരുവിതാംകൂറും കൊച്ചിയും അടങ്ങിയ മലബാറാണ് ഇൻഡ്യയുടെ അയിത്തചിത്രത്തിൽ ഏററവും ഇരുളടഞ്ഞ ഭാഗങ്ങൾ എന്നു പറയുവാനുള്ള ധൈര്യം എനിക്കുണ്ടായിരുന്നു. ഏററവും നീചമായ അയിത്തമനോഭാവം മലബാറിലാണ് നമുക്കു കാണുവാൻ കഴിയുന്നതു്. ആ മലബാർ അദ്വൈതമതപ്രവാചകനായ ശങ്കരാചാര്യരുടെ ജന്മഭൂമിയാണുതാനും.

ആ ശങ്കരസിദ്ധാന്തങ്ങളും, തുലോം മലിനമായ ഈ അയിത്താചാരവും തമ്മിൽ എങ്ങിനെ പൊരുത്തപ്പെട്ടു പോകുന്നു എന്ന് എനിക്ക് മനസ്സിലാകുന്നില്ല. എന്നാൽ ഞാൻ, സ്വയം ഒരു ഹരിജനമായിത്തീർന്നതിനുശേഷം, ഹരിജനങ്ങളിൽതന്നെ തുലോം താഴ്ന്നപടിയിൽ കഴിഞ്ഞുപോരുന്നവരെന്നു വിശ്വസിക്കപ്പെട്ടുപോരുന്നവരുമായി ഒന്നിച്ചു തുല്യദുഃഖം അനുഭവിക്കുവാനാണ് ആഗ്രഹിക്കുന്നതു്. ഇതു് എനിക്ക് സാദ്ധ്യമാകണമെങ്കിൽ തിരുവിതാംകൂറിലെ ഒരു പൗരനായി ഒരു പൌരാവകാശസർട്ടിഫിക്കററ് വാങ്ങാതെ കഴിവില്ല. എന്തുകൊണ്ടെന്നാൽ, ഇന്നു കാലത്തു് ഞാൻ സന്ദർശിച്ച ഒരു ഹരിജനവിദ്യാലയത്തിൽ കണ്ട കാഴ്ച എന്തായിരുന്നു എന്നു നിങ്ങൾക്കു് അറിയാമോ? വേടന്മാരുടെ വർഗ്ഗത്തിൽപെട്ട ര[illegible] ഞാൻ അവിടെ കണ്ടു.

ഒരുവൻ ഈ ഭൂമിയിൽ ജീവിക്കുകയും പഠിക്കുകയും ചെയ്യുന്നു. ഞാൻ അവിടെ വച്ച് വേടന്മാർ നായാടികളെപ്പോലെ അദൃശ്യജീവികളാണെന്നു മനസ്സിലാക്കി—നായാടിയും വേടനും പര്യായപദങ്ങളാണ്—എനിക്കു നൽകപ്പെട്ട ഒരു ചെറിയ കുറിപ്പിൽ, വേടന്മാർക്ക് കുടിക്കുവാൻ സ്വല്പം ശുദ്ധജലം പോലും ലഭിക്കുവാൻ വലിയ വിഷമമായിരുന്നു എന്നുള്ള വസ്തുത രേഖപ്പെടുത്തിയിരുന്നു. ഖ്യൂവർയുദ്ധകാലത്ത് ഒരു അവസരത്തിൽ, പോക്കളത്തിൽ മുറിവേററവരെ ശുശ്രൂഷിക്കുന്ന സംഘത്തിൽ ഞാനും ഒരു എളിയ അംഗമായിരുന്ന സന്ദർഭത്തിൽ, എനിക്കും ഈ വേടന്മാരുടെ അവസ്ഥ അനുഭവപ്പെടുകയുണ്ടായി. എന്നാൽ അത്, അത്യുഷ്ണമേറിയ ആ നാട്ടിൽ കൂടി കടന്നു പൊയ്ക്കൊണ്ടിരുന്ന സൈന്യങ്ങളുടേയോ, ഞങ്ങളുടേയോ നേക്കുണ്ടായ യാതൊരു നിരോധനാജ്ഞയാലുമായിരുന്നില്ല; പിന്നെയോ ആ പ്രദേശം ജലരഹിതമായ ഒരു മരുഭൂമിയായതിനാൽ മാത്രമായിരുന്നു; അത് നിയതിയുടെതന്നെ ഒരു നിരോധനമായിരുന്നു. മദ്ധ്യാഹ്നസൂര്യൻ തലയ്ക്കു മുകളിൽ കത്തിക്കാളിക്കൊണ്ടിരുന്നു. ഞങ്ങളിൽ വെള്ളക്കാരായ പട്ടാളക്കാരും കറുത്ത മനുഷ്യരായ പ്രഥമശുശ്രൂഷാസംഘവും ഉൾപ്പെട്ടിരുന്നു. ഇരുകൂട്ടരും ഒരുപോലെ ദാഹിച്ചുവലഞ്ഞു. പെട്ടെന്ന് ഏററവും ദൂഷിച്ച ഒരു ജലാശയം ഞങ്ങളുടെ കണ്ണിൽ പെട്ടു. എങ്കിലും അത് കുടിക്കാതെ ഗത്യന്തരം ഇല്ലായിരുന്നു.

ഇന്നത്തെ പ്രഭാതത്തിൽ ഈ അനുഭവമാണ് പെട്ടെന്ന് എന്റെ ഓർമ്മയിൽ വന്നത്. ശുദ്ധജലം ധാരാളമായി സദാ ലഭിച്ചുകൊണ്ടിരിക്കുന്ന ഈ നാട്ടിൽ, ദാഹം തീർക്കുവാൻ അല്പം വെള്ളത്തിന് ദൂഷിച്ച ജലാശയങ്ങളെ അഭയം പ്രാപിക്കേണ്ടിയിരിക്കുന്ന വേടന്മാരുടെ സ്ഥിതി അതിലും എത്ര അധികം ശോചനീയം ആണെന്ന് ഞാൻ ആലോചിക്കുകയുണ്ടായി. ഇപ്പോൾ ഞാൻ ഒരു വേടനായി ജീവിക്കുവാനും, അവരോട് ഒത്തു ജീവിച്ച് അവരുടെ അനുഭവങ്ങളിൽ പങ്കുകൊള്ളുവാനും, നിങ്ങളുടെ നാലു വശവും ശുദ്ധജലം ഉണ്ടായിട്ടും, അതിൽ ഒരു തുള്ളിപോലും സ്പർശിക്കുവാൻ അനുവദിക്കാതിരുന്നാൽ നിങ്ങൾക്ക് ഉണ്ടാകുന്ന അനുഭവം അനുഭവിച്ച് അറിയുവാനും ഞാൻ ആഗ്രഹ [illegible] ിങ്ങൾ അത്ഭുത

പ്പെടുന്നുണ്ടോ? ഈശ്വരൻ വിചാരിക്കുന്നപക്ഷം, അഗ്നിയിൽ കൂടി കടന്നുപോകാനുള്ള ശക്തിപോലും എനിക്കു നല്കുവാൻ അദ്ദേഹത്തിനു കഴിയും. ഈ സായാഹ്നത്തിൽ ഞാൻ നിങ്ങൾക്ക് നല്കുവാൻ ഉദ്ദേശിക്കുന്ന സന്ദേശം ഏതുമാതിരിയുള്ളതെന്ന് ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിയിരിക്കുമല്ലോ.

ഗവമ്മെൻറ് അംഗീകാരത്തെ നിർത്തൽ ചെയ്യുക.

അഭേദ്യമായ അന്ധകാരത്തിലും എല്ലായ്പ്പോഴും ഒരു പ്രഭാകിരണമെങ്കിലും കാണുവാൻ കഴിയും. ഈ അയിത്തക്കാര്യത്തെ കുറിച്ചുള്ള മഹാരാജാവിൻെറ ഗവമ്മെൻറ് പ്രഖ്യാപനം ഇന്നു കാലത്ത് എനിക്കു ലഭിച്ചു. ആ പ്രഖ്യാപനം എനിക്കു കിട്ടിയ യോഗത്തിൽവച്ച് അതിലേക്ക് ഞാൻ ആ തിരുമേനിയെ അഭിനന്ദിക്കുകയും ഉണ്ടായി. അയിത്തജാതിക്കാർക്ക് പ്രവേശനം അനുവദിച്ചിട്ടില്ലാത്ത പൊതുസ്ഥാപനങ്ങൾക്ക് ഗവമ്മെൻറ് അംഗീകാരം നല്കപ്പെടുന്നതല്ലെന്നായിരുന്നു പ്രഖ്യാപനത്തിൻെറ ചുരുക്കം. ഇതിൽ ഞാൻ മഹാരാജാവു തിരുമനസ്സിനെ അഭിനന്ദിക്കുമ്പോൾ, ഇത്രയും തുച്ഛമായ ഒരു പരിഷ്കാരത്താൽ ഞാൻ പരിതൃപ്തനായിക്കഴിഞ്ഞെന്ന് നിങ്ങൾ തെററിദ്ധരിക്കരുത്. കാലപ്പഴക്കം ചെന്ന ഈ മഹാരോഗത്തിനു താല്ക്കാലികമായ ഒരു ഔഷധമല്ല, രോഗത്തെ പാടെ സംഹരിക്കുന്ന ഒരു മരുന്നു തന്നെ ആണ് ആവശ്യം. ഈ രോഗം ബാധിച്ചിട്ടുള്ള ഒരു ഹിന്ദു എങ്കിലും ജീവിക്കണം എങ്കിൽ, ഈ രോഗത്തിൻെറ സമൂലമായ പരിഹാരം അത്യന്താപേക്ഷിതം തന്നെയാണ്. യുവാവായ മഹാരാജാവുതിരുമനസ്സുകൊണ്ടും, അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളും, ഈ ദുരാചാരത്തെ ദൂരീകരിക്കാനുള്ള ഏക പ്രതിവിധിയെ കൈക്കൊള്ളുവാനുള്ള ധൈര്യം അവലംബിച്ചുകാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രതിവിധി അവിശ്വസനീയമായി തോന്നിക്കുമാറ് അത്ര ലഘുവാണ്. അവർ, തീണ്ടൽ, തൊടീൽ തുടങ്ങിയ അയിത്തത്തിന്റെ യാതൊരു വകഭേദങ്ങൾക്കും രാജ്യത്തിൻെറ അംഗീകാരം നല്കുന്നതല്ലെന്ന് ഒരു ഒററ നിയമം നടപ്പാക്കിയാൽ മതി. വളരെ പണ്ടു തന്നെ വക്കീൽപണി മതിയാക്കി എങ്കിലും, നിയമസംഹിതയെ കുറിച്ചുള്ള ചില പ്രായോഗിക പരിജ്ഞാനം ഇന്നും

എന്നിൽ അവശേഷിച്ചിട്ടുള്ളതിനാൽ, മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇപ്രകാരം ഒരു നിയമമോ, വിളംബരംതന്നെയോ നടപ്പിൽ വരുത്തുന്നതുകൊണ്ടു്, അതു യാതൊരു വ്യക്തിയുടെയും മതപരങ്ങളായ വിശ്വാസങ്ങളെയോ, ആചാരങ്ങളെയോ ക്ഷതപ്പെടുത്തുവാൻ കഴിവുള്ളവ ആയിത്തീരുകയില്ലെന്നു ഞാൻ സധൈര്യം പറഞ്ഞുകൊള്ളുന്നു. വിവിധ മതങ്ങളിൽ വിശ്വസിച്ചുപോരുന്ന ജനസമുദായങ്ങൾ അടങ്ങിയ ഒരു രാജ്യം, അതിന്റെ മതസംബന്ധങ്ങളായ കാര്യങ്ങളിൽ, നിഷ്പക്ഷവും, വിശ്ലിഷ്ടവും ആയ ഒരു അവസ്ഥയെ അവലംബിക്കുകയാണു വേണ്ടതു്. അതിൽ ഒരു വിഭാഗത്തോടു ചേർന്നു നിന്നുകൊണ്ടു്, അവരുടെ ഇടയ്ക്കു് പ്രബലങ്ങളായി നില്ക്കുന്ന ആചാരങ്ങൾക്കു് നിയമപരമായ സാധുത്വം കല്പിച്ചുകൊടുക്കുന്നതു്, നാടിന്റെ പുരോഗമനോന്മുഖങ്ങളായ പരിഷ്കാരങ്ങളിലും, നാട്ടുകാരുടെ അന്തഃകരണങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനത്തിലുമുള്ള ഇടപെടൽ മാത്രമായിരിക്കും. ഒരു ഗവർമ്മെൻറിനു് തന്റെ പ്രജകളോടു പറയുവാനുള്ളതു് ഇതു മാത്രമാണു്. "നിങ്ങളുടെ മതവിശ്വാസങ്ങളും, ആചാരങ്ങളുമായി രാജ്യത്തിനു യാതൊരു ബന്ധവും ഇല്ല. അവയുടെ അനുഷ്ഠാനത്തിൽ, അവ, പൊതുനിയമാവകാശങ്ങൾക്കോ, രാജ്യത്തിന്റെ സമാധാനത്തിനോ ബാധകമായിത്തീരുന്നപക്ഷം, ഞങ്ങൾ അതിൽ ഇടപെട്ടു വേണ്ടതു പ്രവർത്തിക്കുന്നതാണു്." എന്നാൽ നിലവിലിരിക്കുന്ന അയിത്തത്തിന്റെ അംഗീകാരം അതിനെ സർവ്വസമ്മതമാക്കിത്തീർത്തിരിക്കുന്നു.

ഹിന്ദുമതത്തിൽ ഇന്നു് സർവ്വത്ര വ്യാപിച്ചിരിക്കുന്ന ഈ അയിത്തമാകുന്ന ഉഗ്ര വിഷം എടുത്തുകളഞ്ഞില്ലെങ്കിൽ, അതു് ഹിന്ദുമതത്തെ നാമാവശേഷമാക്കിത്തീർത്തേയ്ക്കും എന്നുള്ളതിനാൽ, ഒരു ഭാരമേറിയ ചുമതല ഹിന്ദുരാജാക്കന്മാരിൽ സ്ഥിതിചെയ്യുന്നുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ഈ സംഗതിയെക്കുറിച്ചു് എന്നെപ്പോലെ തന്നെ തീക്ഷ്ണമായി ചിന്തിക്കുന്ന മററു ഓരോ വ്യക്തിക്കും, ഇന്നു ഹരിജനങ്ങളെന്നു വിളിക്കപ്പെട്ടുവരുന്നവർക്കു ഹരിജനേതരന്മാരായ ഹിന്ദുക്കൾക്കു ലഭിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ലഭിക്കുന്നതുവരെ, അടങ്ങിപ്പാർക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല.

എന്റെ നിരന്തരമായ ഏക പ്രാർത്ഥന.

അടുത്തതായി ഇന്ന് ഇവിടെ കൂടിയിട്ടുള്ള മഹാജനങ്ങളിൽ, സ്ത്രീപുരുഷഭേദമെന്യെ, ഓരോരുത്തന്റേയും ചുമതലയെക്കുറിച്ചു കൂടി രണ്ടു വാക്കു പറഞ്ഞു കൊള്ളട്ടെ. സവർണ്ണ ഹിന്ദുക്കൾ, അവർക്ക് ഹരിജനങ്ങളോടുള്ള കടപ്പാടിനെ യഥാർത്ഥമായി സമ്മതിക്കുന്നതിനും, അവർക്കു പരിഹാരം നൽകുന്നതിനും, ഒരു ആത്മശുദ്ധീകരണപ്രസ്ഥാനം ആണ് ഇത്. ഇത് നമ്മുടെ ഹൃദയത്തിനുള്ളിൽ ഉള്ള ഒരു പരിപൂർണ്ണ മാനസാന്തരം മൂലം മാത്രമേ സാധ്യമാകൂ. ഞാൻ മുൻപ് പറഞ്ഞു കഴിഞ്ഞതുപോലെ ഇതിൽ ഗവർമ്മെൻറിന്റെ സഹായം അപ്രവൃത്തിരൂപത്തിലെ നമുക്ക് ലഭിക്കയുള്ളൂ. ഒരു ഗവർമ്മെൻറിന് ഓരോ വ്യക്തിയേയും മാനസാന്തരപ്പെടുത്തുവാൻ സാധ്യമല്ല. ജഗദീശ്വരനോടുള്ള പ്രാർത്ഥന ഒന്നു മാത്രമാണ് അതിനുള്ള പ്രതിവിധി. ഒരാൾക്ക് തന്റെ ഒരു സഹജീവിയ്ക്ക് മാനസാന്തരം ഉണ്ടാക്കുവാൻ കഴിഞ്ഞില്ലെന്നു വരാം. എനിക്ക് അങ്ങിനെ ചെയ്യാൻ കഴിയുകയില്ലെന്ന് എനിക്കു അറിയാം. എനിക്ക് നിങ്ങളുടെ ഹൃദയത്തോടും ചിന്താശക്തിയോടും അഭ്യർത്ഥിക്കുവാൻ കഴിയും. എന്നാൽ എന്റെ വാക്കുകൾക്ക് ഒരു അസ്ത്രമെന്ന നിലയിൽ നിങ്ങളുടെ ഹൃദയത്തിൽ തുളഞ്ഞുകയറി ഉറച്ചു നില്ക്കുവാനുള്ള ശക്തി പ്രദാനം ചെയ്യുവാൻ ഈശ്വരനു മാത്രമേ കഴികയുള്ളൂ. സദാ സത്യാന്വേഷിയായ ഒരു മനുഷ്യന്റെ വാക്കുകളെ നിങ്ങൾ വിശ്വസിക്കുമെങ്കിൽ, ഞാൻ പറയുവാൻ പോകുന്നതിനെ നിങ്ങൾ വിശ്വസിക്കുക. ജാഗ്രദവസ്ഥയിലും, കഴിയുമെങ്കിൽ നിദ്രയിൽപോലും, ഇടവിടാതെ ഈശ്വരനോടുള്ള എന്റെ ഏക പ്രാർത്ഥന, ഹിന്ദുക്കളുടെ ഹൃദയത്തെ സ്പർശിച്ച് അവരേയും ഹിന്ദുമതത്തേയും ബാധിച്ചിട്ടുള്ള അയിത്തമാകുന്ന വിഷത്തെ വിച്ഛേദനം ചെയ്യിപ്പിക്കുവാനുള്ള ശക്തി എന്റെ വാക്കുകൾക്കു നൽകണേ എന്നും, തന്മൂലം ആസന്നമായിരിക്കുന്ന അധഃപതനത്തിൽ നിന്നും അതിനെ രക്ഷിക്കുവാൻ കഴിയണേ എന്നും മാത്രമാണ്.

എന്നാൽ ഹരിജനങ്ങളെ ഏകോദരസഹോദരങ്ങളെന്നു കരുതിയതുകൊണ്ടു മാത്രം നിങ്ങളുടേയും എന്റേയും

തിരുവെഴുത്തുവിളംബര
ത്തെപ്പററിയുള്ള ഗാന്ധിജിയുടെ
ലേഖനങ്ങൾ

ചുമതലകൾ അവസാനിച്ചെന്നു നിങ്ങൾ വിചാരിക്കരുതു്. അതു് അവസാനത്തിന്റെ തുടക്കം മാത്രം ആണു്. ഹൈന്ദവസമുദായത്തെ കരണ്ടുകൊണ്ടിരിക്കുന്ന അയിത്തത്തിന്റെ വിവിധ രൂപങ്ങളേയും ഒന്നില്ലാതെ ഒഴിക്കുന്നതാണു് ആ അവസാനം. ഇന്നു കാലത്തു് എനിക്കു് നൽകപ്പെട്ട ഒരു മംഗളപത്രത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ, പുലയരേയും നായാടികളേയും സ്വസഹോദരങ്ങളെന്നു കരുതിയാൽ മാത്രം പോരാ; എന്തുകൊണ്ടെന്നാൽ, സവർണ്ണരുടെ ഇടയ്ക്കു തന്നെ ജാതിവ്യത്യാസങ്ങൾ നിലവിലിരിപ്പുണ്ടു്. അയിത്തവിഷം അതിന്റെ ഏററവും അഗാധമായ വ്യാപ്തിയിൽ സമുദായം ആകമാനം ദുഷിപ്പിച്ചിട്ടുണ്ടു്. അതു് നമ്മുടെ സഹപൌരന്മാരായ ഇതര മതക്കാരെ—മുസൽമാന്മാർ, ക്രിസ്ത്യാനികൾ, മുതലായവരെപ്പോലും—ബാധിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഞാനും നിങ്ങളും ചെയ്യേണ്ടതു് എന്തെന്നാൽ ഉൽകൃഷ്ടനെന്നും അപകൃഷ്ടനെന്നും ഉള്ള വ്യത്യാസം ഇല്ലെന്നും, ഏകസ്രഷ്ടാവിന്റേയും ഏകദൈവത്തിന്റേയും സന്താനങ്ങളാകയാൽ നമ്മുടെ നിറവും മതവും വ്യത്യസ്തങ്ങളായിരുന്നാലും, ഈശ്വരന്റെ ദൃഷ്ടിയിൽ നാം സമന്മാരാണെന്നു് ഓർമ്മിക്കുകയാണു്. ഈ വിഷത്തിൽ നിന്നും വിമുക്തരാകുന്നപക്ഷം, ഹിന്ദുക്കളായ നമ്മൾക്കു് ലോകത്തെ അഭിമുഖീകരിക്കുവാൻ കഴിയുമെന്നു മാത്രമല്ല, സമീപസ്ഥരുമായി—അവർ മുസൽമാന്മാരോ, ക്രിസ്ത്യാനികളോ, ജൂതന്മാരോ, പാർസികളോ, മററു ആരുതന്നെ ആയിരുന്നാലും—കൂടുതൽ സൗഹാർദ്ദമായി ജീവിക്കുവാനും കഴിയും എന്നു നിങ്ങൾക്കുതന്നെ തോന്നുന്നില്ലേ?

ഹിന്ദുരാജാക്കന്മാർക്കും അവരുടെ ഉപദേഷ്ടാക്കൾക്കും ഒരു മാതൃക

(൨൧—൧൧—൯൩.)

താഴെ കാണുന്ന വിളംബരം പ്രസിദ്ധീകരിച്ച തിരുവിതാംകൂർഡർബ്ബാർ ഹിന്ദുലോകത്തിന്റെയും ചിന്താശീലരായ സകല മനുഷ്യരുടേയും അഭിനന്ദനങ്ങളെ ആർജ്ജിച്ചിട്ടുണ്ട്:—

"നമ്മുടെ മതത്തിന്റെ പരമാർത്ഥതയും സുപ്രമാണതയും ഗാഢമായി ബോദ്ധ്യപ്പെട്ടും, ആയതു് ദൈവീകമായ അനുശാസനത്തിലും സർവ്വവ്യാപകമായ സഹിഷ്ണുതയിലുമാണ് അടിയുറച്ചിരിക്കുന്നതെന്നു വിശ്വസിച്ചും, അതിന്റെ പ്രവർത്തനത്തിൽ അതു ശതവർഷങ്ങളായി കാലപരിവർത്തനത്തിന് അനുയോജിച്ചു പോന്നു എന്നു ധരിച്ചും, നമ്മുടെ ഹിന്ദുപ്രജകളിൽ ആർക്കും തന്നെ അവരുടെ ജനനമോ, ജാതിയോ സമുദായമോ കാരണം ഹിന്ദുമതവിശ്വാസത്തിന്റെ ശാന്തിയും സാന്ത്വനവും നിഷേധിക്കപ്പെടാൻ പാടില്ലെന്നുള്ള ഉൽക്കണ്ഠയിലും, നാം തീരുമാനിക്കുകയും ഇതിനാൽ പ്രഖ്യാപനം ചെയ്യുകയും നിയോഗിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നതെന്തെന്നാൽ, സമുചിത പരിതസ്ഥിതികൾ പരിരക്ഷിക്കുന്നതിനും, ക്രിയാപദ്ധതികളും ആചാരങ്ങളും വച്ചു നടത്തുന്നതിനും, നാം നിശ്ചയിക്കുകയും ചുമത്തുകയും ചെയ്യാവുന്ന നിയമങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ജനനാലോ, മതവിശ്വാസത്താലോ, ഹിന്ദുവായ യാതൊരാൾക്കും നമ്മുടേയും നമ്മുടെ ഗവർമ്മെൻറിന്റേയും നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ, ആരാധന നടത്തുന്നതിനോ ഇനിമേൽ യാതൊരു നിരോധനവും ഉണ്ടായിരിക്കാൻ പാടില്ലെന്നാകുന്നു".

ഇതു് പണ്ടേ ചെയ്യേണ്ടതായിരുന്നു. എന്നാൽ ഒരിക്കലും ഇല്ലാത്തതിൽ ഭേദം താമസിച്ചു ചെയ്യുകയാണ്. ഈ മഹത്തായ കൃത്യത്തിനുള്ള പന്ഥാവ് ശ്രീ. ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ളയുടെ നേതൃത്വത്തിലുള്ള ഹരിജന

സേവാസംഘത്തിന്റെ തിരുവിതാംകൂർശാഖയുടെ ശാന്തവും തുടർച്ചയുമായുള്ള പ്രവൃത്തിയാൽ ശരിപ്പെടുത്തി ഇരുന്നു എന്ന് അഹംഭാവം കൂടാതെ പറയാവുന്നതാണ്. ജാതിഹിന്ദുക്കൾക്കുള്ള വ്യവസ്ഥയിന്മേൽതന്നെ ഹരിജനങ്ങൾക്കും സർക്കാർ ക്ഷേത്രങ്ങൾ തുറന്നു കൊടുക്കണമെന്ന് അപേക്ഷിച്ചും കൊണ്ട് ഡർബാറിലേയ്ക്ക് നിരവധി അപേക്ഷകൾ അയച്ചിരുന്ന സവർണ്ണഹിന്ദുക്കളുടെ അന്തരാത്മാവിനെ സംഘപ്രവർത്തകന്മാർ ഉണർത്തിയിരുന്നു. അസ്പൃശ്യത ഒരു ദുഷ്ടാണെങ്കിലും എപ്പോഴങ്കിലും അതിനെ ഒരു ഹിന്ദു അനാദരിച്ച്, അതിനു വിരുദ്ധമായിട്ടുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിയ്ക്കുമ്പോൾ എല്ലാം തന്നെ, അയാൾ പരിഷ്കർത്താക്കളുടെ ആദരവിനെ ഉദ്ദീപിപ്പിക്കുകയും, യാഥാസ്ഥിതികന്മാരിൽ നിന്നും അതികഠിനമായ വിമർശങ്ങൾക്കു പാത്രമായിത്തീരുകയും ചെയ്യത്തക്ക വിധത്തിൽ, അതിന് ഹിന്ദുലോകത്തിൽ അത്ര വലിയ ഒരു പിടി ഉണ്ടായിരുന്നു. പുരാതനവും യാഥാസ്ഥിതികവും ആകുന്ന ഒരു ഹിന്ദുസംസ്ഥാനമായ തിരുവിതാംകൂറിലെ മഹാരാജാവുതിരുമനസ്സിനെപ്പോലെ ഉള്ള ഒരു ഉന്നത അധികാരി ഒരു കൃത്യം കൈയ്യേല്ക്കുമ്പോൾ, ഇതു് വളരെ കൂടുതൽ ആയിരിക്കും. ഭക്തിപരവും, ന്യായപരവും, നല്ലപോലെ ചിന്തിച്ചതിനു ശേഷം മനഃപൂർവ്വം കൈക്കൊണ്ടതും ആയ ഈ കൃത്യത്തിനു മുൻപിൽ, എല്ലാ വിമർശങ്ങളും തിരോധാനം ചെയ്യുമെന്ന് നമുക്ക് ആശിക്കാം.

ഒരു ഹിന്ദുവിന്റെയും മറ്റൊരുവന്റെയും മദ്ധ്യേ ഏതെങ്കിലും തരത്തിലുള്ള നിസ്സാരങ്ങളായ വ്യത്യാസങ്ങൾ എങ്കിലും കൊണ്ടുവന്ന് കുത്തിച്ചെലുത്തി ഹരിജനങ്ങൾക്ക് വളരെ കഷ്ടപ്പെട്ട് ലഭിച്ച സ്വാതന്ത്ര്യത്തെ നിസ്സാരമാക്കിക്കളയുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവുകയില്ലെന്നും നമുക്ക് ആശിക്കാം. വിളംബരത്തിന് എന്തെങ്കിലും അർത്ഥമുണ്ടെങ്കിൽ, അതു് സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ക്ഷേത്രങ്ങളിൽ, ഹരിജനങ്ങളും, ഉന്നതജാതി ഹിന്ദുക്കൾ എന്നു വിളിക്കപ്പെട്ടുവരുന്നവരും ഒരേ വ്യവസ്ഥയിൽ, ആരാധന നടത്തും എന്നുള്ളതാണ്. മറ്റു പ്രകാരത്തിൽ പറയുകയാണെങ്കിൽ, തിരുവിതാംകൂറിലെ ദൈവ ആലയത്തിൽ,

മേലിൽ മനുഷ്യനും മനുഷ്യനുമായി യാതൊരു വ്യത്യാസവുമുണ്ടായിരിക്കുകയില്ല;—ഹരിജനവും, ഉന്നതജാതിയും ഉണ്ടായിരിക്കുകയില്ല; എല്ലാവരും ഹരിജനങ്ങൾ—ദൈവത്തിന്റെ സന്താനങ്ങൾ—മാത്രം ആയിരിക്കും. ആ മഹത്തായ വിളംബരത്തിന്റെ അർത്ഥം ഇവയൊന്നും അല്ലെങ്കിൽ, അതു് ഒരു കഷണം വെറും കടലാസ്സു മാത്രമല്ലാതെ മറ്റൊന്നും ആവുകയില്ല. എന്നാൽ നമുക്കു് അതിന്റെ ആത്മാർത്ഥതയേയോ, അതിൽ അടങ്ങിയിരിക്കുന്ന മാനസികമായ നീക്കിവയ്പുകളേയോ പററി സംശയിക്കുന്നതിന്നു് യാതൊരു ന്യായവുമില്ല.

വലിയതും പ്രധാനവും ആയ ഒരു ക്രിസ്ത്യാനിസമുദായം തിരുവിതാംകൂറിൽ ഉണ്ടു്. ക്രിസ്ത്യൻ പാതിരിമാർ ഹരിജനങ്ങളുമായി ശൃംഗരിക്കുന്നു. അവരുടെ നിലയിൽനിന്നും അതു് തീർച്ചയായും ന്യായീകരിക്കാവുന്നതാണു്; അവർ ഹരിജനങ്ങൾക്കു വേണ്ടി പണം ചെലവഴിക്കുകയും, അവക്കു് യഥാർത്ഥ സാമുദായികമായ സമത്വസ്വാതന്ത്ര്യങ്ങൾ നൽകാമെന്നു പറയുകയും ചെയ്യുന്നു. ആദ്യം ഹിന്ദുമതത്തിൽ ലഭിച്ചാൽ അല്ലാതെ കണ്ടു്, ഹരിജനങ്ങൾക്കു് സാമുദായികസമത്വമോ, യഥാർത്ഥമായ സ്വാതന്ത്ര്യമോ ഒരിടത്തും ഉണ്ടാവുകയില്ല എന്നുള്ള സംഗതി ഇന്നത്തെ വാദപ്രതിവാദങ്ങളുടെ പരിധിയിൽ കൊണ്ടുവരേണ്ട ഒരു കാര്യമല്ല. ഞാൻ വ്യക്തികളെ. പററിയല്ല ചിന്തിക്കുന്നതു്. ഞാൻ ജനസമൂഹത്തെ മുഴുവനേയുംകുറിച്ചാണു ചിന്തിക്കുന്നതു്. ഈ ജനസമൂഹം മററു ഹിന്ദുക്കളുടെ അടിമകളായി വർത്തിക്കുന്നതിനു പകരം അവരുടെ സഹോദരങ്ങളായിത്തീർന്നില്ലെങ്കിൽ, യാതൊരു പ്രകാരത്തിലുള്ള പേരുമാററവും ഉപയോഗകരമായിത്തീരാത്ത വിധത്തിൽ അവർ മററു ഹിന്ദുക്കളുമായി അത്ര വളരെ കെട്ടിപ്പിണഞ്ഞുകിടക്കുകയാണു്. എന്നാൽ ഇതിനുംപുറമേ, ഈ വിളംബരത്തിന്റെ പ്രവർത്തനം മററു സമുദായങ്ങളാൽ സങ്കുചിതമായ വിധത്തിൽ വീക്ഷിക്കപ്പെടുകയും, വിമർശിക്കപ്പെടുകയും ചെയ്യുമെന്നും നാം അറിയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് സ്ഥാനാധികാരികളും ജാതി ഹിന്ദുക്കളും ഈ വിളംബരത്തെ അതിന്റെ തത്വത്തിനും വാക്കുകൾക്കും അനുസരണമായ വിധത്തിൽ നടപ്പിൽ കൊണ്ടുവരേണ്ടതു് അവരുടെ കടമയാണു്.

ഈ വിളംബരം പ്രവൃത്തിയിൽ കൊണ്ടുവരാനുള്ള പ്രധാന കർത്തവ്യം, ഒരു പ്രകാരത്തിൽ പരിഷ്കർത്താക്കൾക്കും ഹരിജനങ്ങൾക്കും ഉണ്ടു്. അവർ ഈ സ്വാതന്ത്ര്യത്തെ ഭക്തിപരമായും, കാലാനുരൂപമായും, വണക്കത്തോടുകൂടിയും ഉപയോഗിക്കണം. ശരിയായ വിധത്തിൽ ദേഹശുദ്ധി വരുത്തിയതിനു ശേഷം, ശുചിയായ രീതിയിൽ മാത്രമേ ഹരിജനങ്ങൾ ഈ ക്ഷേത്രങ്ങളിൽ പ്രവേശിക്കാവൂ എന്നു് പരിഷ്കർത്താക്കൾ നിർബന്ധിക്കണം. ക്ഷേത്രത്തിൽ പോകുന്ന നിരവധി ജാതി ഹിന്ദുക്കളിൽ ഭൂരിഭാഗവും ഈ പ്രാഥമിക നിയമം, അതിൻെറ അനുഷ്ഠാനത്തെക്കാൾ, അതിന്റെ ലംഘനത്തിലാണു്, ആചരിക്കപ്പെട്ടുവരുന്നതെന്നു് എനിക്കു് അറിയാം. ജാതിഹിന്ദുക്കളുടെ ദുരാചാരങ്ങളെ ഹരിജനങ്ങൾ അനുകരിക്കരുതു്. ദേഹത്തിൻേറയും ഹൃദയത്തിൻേറയും പരിശുദ്ധതയിൽ നല്ല മാതൃകകൾ കാണിച്ചുകൊടുക്കുന്നതിൽ അവർക്കു് അഭിമാനമുണ്ടാകണം.

ഈ വിളംബരത്തിനു് യാതൊരു രാഷ്ട്രീയപ്രാധാന്യവും ഉണ്ടാവരുതു്. അതു് അതിനു ഇല്ലതാനും. രാജ്യത്തിന്റെ വെറും മതപരമായ ഒരു കൃത്യനിർവ്വഹണമായി മാത്രമാണു് ഞാൻ അതിനെ കണക്കാക്കുന്നതു്. ഈ സംസ്ഥാനത്തിലെ എല്ലാ ഹിന്ദുക്കളും അതിനെ അപ്രകാരം കരുതുകയും, അതിനോടു് അപ്രകാരം വർത്തിക്കുകയും ചെയ്യണം. അതിനു് വേറെ എന്തെങ്കിലും ഒരു ഭാവം നൽകുന്നതു്, അതിൻെറ മഹത്തായ ആദ്ധ്യാത്മിക ഉദ്ദേശത്തേയും, ഫലത്തേയും നശിപ്പിക്കുന്നതിനു തുല്യമായിരിക്കും.

തിരുവിതാംകൂറിൻെറ മാതൃക സാംക്രമികമായി തീരുമെന്നും, മറെറല്ലാ ഹിന്ദുസംസ്ഥാനങ്ങളും അതിനെ അനുകരിക്കുമെന്നും നമുക്കു് ആശിക്കാം. അതു് ഇപ്രകാരമല്ലാതാകുന്നതിനു കാരണമില്ല. കാലസ്ഥിതികൾക്കു അനുയോജ്യവും, വേദങ്ങളിൽനിന്നു ലഭിച്ചിട്ടുള്ളതുമായ ഹിന്ദുമതത്തിൻെറ മൌലികതത്വങ്ങൾക്കു വിരുദ്ധങ്ങളല്ലാത്തതുമായ മതപരമായ ആചാരങ്ങളെ വ്യാഖ്യാനിച്ചു പ്രഖ്യാപനംചെയ്യുക എന്നതു് ഒരു ഹിന്ദുരാജാവിൻെറ അവകാശവും കർത്തവ്യവുമാകുന്നു. പുരോഗമനോന്മുഖങ്ങളും, സജീവങ്ങളുമായ എല്ലാ മതങ്ങളെ

പ്പററിയും ഇതു വാസ്തവമായിരിക്കണം. വിവിധ സ്മൃതികളിൽ കാണാവുന്ന പ്രത്യക്ഷങ്ങളായ പരസ്പരവൈരുദ്ധ്യങ്ങൾക്കും, സൂക്ഷ്മമില്ലാത്ത ഒരു വിദ്യാർത്ഥിക്കുപോലും ഒരേ സ്മൃതിയിൽതന്നെ കണ്ടുപിടിക്കാൻ സാധിക്കുന്ന മൂലപ്രമാണങ്ങളിൽ നിന്നുമുള്ള പ്രത്യക്ഷവ്യതിയാനങ്ങൾക്കും ഈ നിയമമായിരിക്കണം കാരണം. ഹിന്ദുരാജാക്കന്മാർ ഈ പ്രാഥമിക കർത്തവ്യം നിർവ്വഹിക്കുന്നില്ലെങ്കിൽ അതിനുള്ള കുററം അവരിലല്ല; അതു് അധഃപതിച്ച ബ്രാഹ്മണരിൽ ആണു് ചുമത്തേണ്ടതു്. ബ്രാഹ്മണചൈതന്യം പുനസ്ഥാപിതമാകുന്നെങ്കിൽ, കൃഷിക്കാക്കായി അവർ ചെയ്യുന്ന അദ്ധ്യാനങ്ങൾക്കായിക്കൊണ്ടു്, രാജ്യത്തെ വരവിൽനിന്നും ഒരു എളിയ കമ്മീഷൻ മാത്രം അവരുടെ ജീവിതാവശ്യങ്ങൾക്കായി എടുത്തു് ബാക്കി എല്ലാം കൃഷിക്കാക്കുവേണ്ടി അവരുടെ ട്രസ്റ്റികളായി സൂക്ഷിക്കുന്ന ഋഷികളായിരിക്കും രാജാക്കന്മാർ. അവക്കു്, ഇന്നു് അവക്കു് ഉള്ളതുപോലെ സ്വകാര്യസ്വത്തു ലഭിക്കുകയോ കർഷകരെ ആശ്രയിക്കാതെ ജീവിക്കാമെന്നുള്ള മോഹമോ, ആ കർഷകരുടെ അഭിപ്രായങ്ങളെ തൃണവൽഗണിക്കാമെന്ന വിചാരമോ ഉണ്ടായിരിക്കുകയോ, ഇല്ല.

എന്നാൽ ഇവിടെ സൂചിപ്പിച്ച ആദർശപരമായ സംസ്ഥാനത്തിൽ നാം ഈ തലമുറയിലോ, അല്ലെങ്കിൽ എന്നെങ്കിലുമോ, ചെന്നു ചേർന്നാലും, ഇല്ലെങ്കിലും ശരി, തീർച്ചയായും മററു രാജാക്കന്മാക്കു് തിരുവിതാംകൂറിൻെറ മാതൃകയെ അനുകരിച്ചു് ഹിന്ദുമതത്തിൽനിന്നും അസ്പൃശ്യതയെ പൂർണ്ണമായി നീക്കം ചെയ്തു് അതിനെ നിസ്സംശയം ആയിട്ടുള്ള നാശത്തിൽനിന്നും രക്ഷിക്കുന്നതിനെ തടയുന്നതിനു് യാതൊന്നും തന്നെയില്ല. സകല ഹിന്ദുരാജ്യങ്ങളിലും ചുമതലാബോധമുള്ള ഹിന്ദുക്കൾ അവരുടെ രാജാക്കന്മാരേയും, അവരുടെ ഉപദേശകന്മാരേയും അടുത്തു, വളരെ വൈകിയിരിക്കുന്ന ഈ പരിഷ്കാരത്തെ നടപ്പിൽ വരുത്തുന്നതിനു് അപേക്ഷിക്കണമെന്നു് ഞാൻ ഉപദേശിക്കുന്നു.

ദൈവത്തിന്റെ മഹിമ.

(൧൯—൧൯—൯൩.)

തിരുവനന്തപുരത്തെ ഹരിജനസേവാസംഘത്തിൽ നിന്നും ൯-ാംതീയതി താഴേ കാണുന്ന കമ്പി പൂവയിൽ കിട്ടുകയുണ്ടായി.

"വിളംബരത്തിന്റെ യഥാർത്ഥമായ പ്രവർത്തനം വളരെ വിജയകരമാണ്. ചിലയിടങ്ങളിൽ തോന്നിയിരുന്ന ഭയത്തെ എല്ലാം അതു് അകററിയിട്ടുണ്ട്. ഏതെങ്കിലും ഭക്തന് പ്രവേശനം അനുവദിച്ചിട്ടുള്ള യാതൊരു ഭാഗത്തും, ഇപ്പോൾ ഹരിജനങ്ങളും, ഈഴവരും തടയപ്പെടുന്നില്ല. ശാന്തിക്കാരൻ മാത്രം എന്ന് ഉപയോഗപ്പെടുത്തി വരുന്ന ശ്രീകോവിൽ ഒഴിച്ച്, ബാക്കി സ്ഥലങ്ങളിൽ എല്ലാം—മണ്ഡപങ്ങൾ, മതിൽക്കെട്ടുകൾക്കകം, നാലമ്പലങ്ങൾ മുതലായവയെ എല്ലാം—ജാതി ഹിന്ദുക്കളെപ്പോലെ തന്നെ, പുതിയതായി പ്രവേശനം ലഭിച്ച ഭക്തന്മാരും നിർവിഘ്നം ഉപയോഗിച്ചു വരുന്നു. അത്യധികം പ്രാധാന്യമുള്ള സംഗതി എന്തെന്നാൽ, ക്ഷേത്രങ്ങൾക്ക് തൊട്ടുള്ള പരിശുദ്ധ കുളങ്ങളിലെ വെള്ളവും ഇപ്പോൾ ഈഴവരും ഹരിജനങ്ങളും വിഘ്നം കൂടാതെ ഉപയോഗപ്പെടുത്തി വരുന്നു. ഹരിജനങ്ങളുടെ സാമീപ്യത്തിൽ ഉണ്ടായിരുന്ന അറപ്പ് സംപൂർണ്ണമായി നശിച്ചപോലെ തോന്നുന്നു. ഹരിജനഭക്തന്മാർ, അതേ സമയത്തു തന്നെ ആരാധനയിൽ ഏർപ്പെട്ടിരിക്കുന്ന അന്യജാതിഭക്തന്മാരിൽ യാതൊരു പ്രത്യേക ക്ഷോഭത്തേയും ഉളവാക്കുന്നുണ്ടെന്നു തോന്നുന്നില്ല. പുതിയതായി പ്രവേശിക്കുന്നവർക്കു വേണ്ടി ഏതെങ്കിലും പ്രത്യേക സമയമോ, അല്ലെങ്കിൽ മറ്റെന്തെങ്കിലും വ്യത്യാസങ്ങളോ ഏർപ്പെടുത്തിയിട്ടില്ല എന്നു പറയേണ്ട ആവശ്യമേ ഇല്ല. ശാന്തിക്കാരന്മാരും, മററു ദേവസ്വം ഉദ്യോഗസ്ഥന്മാരും, നല്ലപോലെയും ഹൃദയപൂർവ്വമായും സഹകരിക്കുന്നു എന്നുള്ളതാണ് ഒരു ആശാജനകമായ പ്രത്യേകത. അവർ യാതൊരു മാനസിക വൈഷമ്യങ്ങളും അനുഭവിക്കുന്നതുപോലെ തോന്നുന്നില്ല. തിരുവനന്തപുരത്തെ അന

ന്തപത്മനാഭക്ഷേത്രം വിളംബരത്തിൽ ഉൾപ്പെടുന്നില്ല എന്നുള്ള ഇൻഡ്യൻ സോഷ്യൽ റിഫാർമരുടെ അനുമാനപരമായ പ്രസ്താവന ശരിയായിട്ടുള്ളതല്ല. വാസ്തവത്തിൽ ഈ ക്ഷേത്രം കൊട്ടാരത്തിനു സമീപം സ്ഥിതിചെയ്യുന്നതു കൊണ്ടും, മഹാരാജാവു് ദിവസവും അവിടെ ഹാജരാകുന്നതു കൊണ്ടും, വിളംബരം അവിടെ സമ്പൂർണ്ണമായി നടപ്പിൽ വരുത്തിയിട്ടുണ്ടു്. പുലയർ, പറയർ, കുറവർ, ഇവർ ഉൾപ്പെടെ ഹരിജന ഹോസ്റ്റലിലെ നാല്പതു കുട്ടികൾക്കു് ഇന്നലെ അനന്തപത്മനാഭക്ഷേത്രത്തിൽ ദർശനവും ആരാധനയും നടത്തുന്നതിനുള്ള അവകാശം ഉണ്ടായി. ഉയർന്ന ജാതിയിൽ ഉള്ള ഏതൊരു ഭക്തനും പോകാവുന്നിടംവരെ—ആ വലിയ വിഗ്രഹം വച്ചിരിക്കുന്ന ശ്രീകോവിലകംവരെ—പോകുന്നതിനു് അവർക്കു് അനുവാദം ലഭിച്ചു.

ഡിസംബർ ൨-ാംതീയതി ഞങ്ങളുടെ പ്രവർത്തകന്മാരിൽ ഒരാൾ, ഞങ്ങൾക്കു് യാതൊരു അറിവും തരാതെ മുപ്പത്തിയേഴു മൈൽ ദൂരെയുള്ള ഒരു ഗ്രാമത്തിൽനിന്നും നൂററിഅൻപതു ഹരിജനങ്ങളെ ഈ അനന്തപത്മനാഭക്ഷേത്രത്തിലേക്കു് കൊണ്ടുപോയി. അവരെ വളരെ ദയാപൂർവ്വം സ്വീകരിക്കുകയും, യാതൊരു തടസ്സങ്ങളും കൂടാതെ അവർക്കു് ദർശനവും ആരാധനയും അനുവദിക്കപ്പെട്ടുവെന്നും, ഇന്നലെ അദ്ദേഹവും അദ്ദേഹത്തിന്റെ സംഘവും ഞങ്ങളുടെ ആഫീസിൽവന്നു പറഞ്ഞു. ഉയർന്നജാതി ഭക്തന്മാർക്കുകൂടി ചെല്ലാവുന്ന ഏറ്റവും അടുത്ത സ്ഥലമായ ഒറ്റക്കൽമണ്ഡപത്തിൽ നിന്നുകൂടി അവർക്കു ദർശനം സാധിച്ചു എന്നു് ഞങ്ങൾ ചോദിച്ചതിനു ഉത്തരമായി അദ്ദേഹം പറഞ്ഞു: ക്ഷേത്രസന്നിധിയിൽവച്ചു് മഹാരാജാവു തിരുമനസ്സിനെ ദർശിക്കുന്നതിനും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സംഘത്തിനും ഭാഗ്യമുണ്ടായി. ഞങ്ങളുടെ വിദ്യാർത്ഥികളിൽ ഒരുകൂട്ടം ഇവിടത്തെ മറെറാരു പ്രധാന ക്ഷേത്രമായ സുബ്രഹ്മണ്യസ്വാമികോവിൽ ദർശിച്ചു. അവിടത്തെ ക്ഷേത്രക്കുളത്തിൽ അവർ കുളിക്കുകയും, യാതൊരു തടസ്സങ്ങളും കൂടാതെ അവർക്കു ദർശനം ലഭിക്കുകയും ചെയ്തു. ശാന്തിക്കാർ ദയവായും, അനുകമ്പയോടുകൂടിയും പെരുമാറി; വാസ്തവത്തിൽ അവർക്കു് ഉത്സാഹമായിരുന്നു എന്നുകൂടി പറയാം. ആ സമയത്തു് ഒരു

ഫൊട്ടോഗ്രഫർ എടുത്ത ചിത്രത്തിൽ അവർക്കുടി സംബന്ധിച്ചിരുന്നു. അദ്ധ്യക്ഷൻ പരമേശ്വരൻപിള്ളയും, ഡിസ്ട്രിക്ട് സംഘത്തിന്റെ അദ്ധ്യക്ഷൻ എം. ഗോവിന്ദനും, ശ്രീയുത് സി. രാജഗോപാലാചാരിയും ൨-ാംതീയതി വക്കലെ ആയിരുന്നു. അവർ അവിടത്തെ ശാന്തിക്കാരെ കണ്ടു സംസാരിച്ചു എന്നും, അതിന്റെ ഫലങ്ങൾ തൃപ്തികരങ്ങളായിരുന്നു എന്നും പറയുന്നു. വളരെ ഈഴവരും ഹരിജനങ്ങളും സ്വമനസ്സാലെ ജനാർദ്ദനക്ഷേത്രത്തിൽ പോയി, യാതൊരു ബുദ്ധിമുട്ടുകളും കൂടാതെ വിളംബരത്തിന്റെ ഗുണങ്ങൾ അനുഭവിക്കുന്നു എന്നും അറിയുന്നു.

വിളംബരം സക്കാർ നിയന്ത്രിക്കുകയോ, നടത്തുകയോ ചെയ്യുന്ന ൧൭൨ക്ഷേത്രങ്ങളെ സംബന്ധിക്കുന്നു. കന്യാകുമാരി, ശുചീന്ദ്രം, അനന്തപത്മനാഭക്ഷേത്രം, വക്കലയിലെ ജനാർദ്ദനക്ഷേത്രം, ഹരിപ്പാട്, അമ്പലപ്പുഴ, വൈയ്ക്കം, ആറന്മുള, ചെങ്ങന്നൂർ, ഏററുമാന്നൂർ, നെയ്യാററിൻകര, കാലടി മുതലായ അഖിലഭാരതപ്രാധാന്യമുള്ള പ്രസിദ്ധങ്ങളായ പന്ത്രണ്ടുക്ഷേത്രങ്ങൾ ഉൾപ്പടെ ഇവയിൽ ൧൭൭ എണ്ണം മേജർ ക്ഷേത്രങ്ങളാണ്. തിരുവിതാംകൂറിൽ സക്കാർ നിയന്ത്രണമില്ലാത്തതായ വളരെക്കുറച്ച് പ്രധാനപ്പെട്ട ക്ഷേത്രങ്ങളേ ഉള്ളു. പ്രാദേശിക കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകളും, തിരുവനന്തപുരത്തെപ്പോലെ തന്നെ അവിടങ്ങളിലും വിളംബരത്തെ തൃപ്തികരമായ വിധത്തിൽ അനുസരിച്ചുവരുന്നുവെന്നു കാണിക്കുന്നു. കന്യാകുമാരി, ശുചീന്ദ്രം, നെയ്യാററിൻകര, കൊല്ലം, ഹരിപ്പാട്, ആലപ്പുഴ, വൈയ്ക്കം, ആറന്മുള, ഏറുമാന്നൂർ, അമ്പലപ്പുഴ, പറവൂർ ഈ സ്ഥലങ്ങളിൽനിന്നും അപ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ഈഴവരുടെ ഇടയിലുള്ള മനഃസ്ഥിതി വളരെ തൃപ്തികരമായിരിക്കുന്നു. അന്യസമുദായങ്ങളിൽപ്പെട്ട സാധാരണ ജനങ്ങളുടേയും, അഭ്യസ്തവിദ്യരുടേയും ഇടയ്ക്കുള്ളതിനെക്കാൾ അധികം ആഹ്ലാദം ഈഴവരുടെ ഇടയ്ക്കു കാണുന്നുണ്ട്. ഹിന്ദുമതത്തോടു സംശയാത്മകത്വവും വൈരാഗ്യവും ഉണ്ടായിരുന്ന ഈഴവർക്കുടി വലിയ ആഹ്ലാദവും, യഥാർത്ഥമായ സഹകരണ മനഃസ്ഥിതിയും പ്രദർശിപ്പിക്കുന്നു എന്ന് റിപ്പോർട്ടുകൾ കാ

ണിക്കുന്നു. നമ്പൂതിരിമാർ ഉൾപ്പടെയുള്ള യാഥാസ്ഥിതികർ സംഘങ്ങളായോ വ്യക്തികളായോ വിരോധം പ്രദർശിപ്പിച്ചിട്ടില്ല. അവരിൽ അധികംപേരും വിളംബരത്തെ പൂർണ്ണമായി സ്വീകരിക്കുന്നതായിട്ടാണ് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുള്ളത്. വിരോധത്തിൻെറ യാതൊരു ചിഹ്നങ്ങളും ഞങ്ങൾ കാണുന്നില്ല. അസാധാരണമായ യാതൊന്നുംതന്നെ സംഭവിച്ചിട്ടില്ലെന്നു തോന്നിക്കുന്ന രീതിയിലാണ് അവരുടെ പെരുമാററം. മുൻപിലത്തെ യാഥാസ്ഥിതികത്വത്തെപ്പററി നാം അറിയുമ്പോൾ ഇത് അത്ഭുതകരമായ ഒരു നേട്ടമായി തോന്നും. ശ്രേഷ്ഠമായ ഈ വിളംബരത്തെ പൂർണ്ണമായി അനുസരിച്ചുവരുന്നു.

ചങ്ങനാശ്ശേരി കെ. പരമേശ്വരൻപിള്ള, പ്രസിഡന്റ് കേരളഹരിജനസേവകസംഘം; എം. ഗോവിന്ദൻ, പ്രസിഡൻറ്,തിരുവനന്തപുരംഡിസ്ട്രിക്ട് ഹരിജനസേവകസംഘം; ജി. രാമചന്ദ്രൻ, സെക്രട്ടറി, കേരളഹരിജനസേവകസംഘം."

കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതിനു സാധിക്കാത്തവിധം താമസിച്ചാണ് ഈ കമ്പി കിട്ടിയത്. അച്ചടിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും വേറെ വേറെ സ്ഥലങ്ങളിൽ ആയതുകൊണ്ടുള്ള ബുദ്ധിമുട്ടാണ് അത്.

ക്ഷേത്രപ്രവേശനവിളംബരം പ്രസിദ്ധീകരിച്ചപ്പോൾ, എനിക്ക് അമർത്തുവാൻ സാധിക്കാത്തതും, ഞാൻ അപ്രകാരം ചെയ്യാത്തതുമായ ശങ്കകൾ ഉണ്ടായിരുന്നു. പഴുതുകളോടും കരുതലുകളോടും കൂടിയ ഒരു രാഷ്ട്രീയപ്രമാണം ആയിരുന്നോ അത്? അത് ജാതിഹിന്ദുക്കളുടെ തലയിൽ നിർബന്ധമായി കെട്ടി വച്ച ഒരു കാര്യമായിരുന്നു എങ്കിൽ, അവരുടെ മേൽ അതിൻെറ ഫലം എന്തായിരിക്കും? ഹരിജനങ്ങളുടെ മേൽ അതിൻെറ ഫലം എന്തായിരിക്കും? അത് അവരിൽ വല്ല ഉത്സാഹവും ജനിപ്പിക്കുമോ?

സ്നേഹിതന്മാർ അവരുടെ ആഹ്ലാദത്തിൽ പങ്കു കൊള്ളാതെ ഇരുന്നതിനെ എന്നെ കുററപ്പെടുത്തി. എനിക്ക് അപ്രകാരം ചെയ്യാതിരിക്കുന്നതിന് സാധിച്ചില്ല. മഹാറാണി തിരുമനസ്സിലേയോ, മഹാരാജാവു തിരുമനസ്സിലേയോ, ദിവാൻ സർ സി. പി. രാമസ്വാമി അയ്യരുടേയോ, ആത്മാർത്ഥമായ

ആഗ്രഹത്തെപ്പററി എനിക്കു സംശയമുണ്ടായിരുന്നില്ല. കുറേ വർഷങ്ങൾക്കു മുൻപ് ഞാൻ തിരുവിതാംകൂറിൽ വന്നപ്പോൾ, എനിക്ക് മഹാറാണിയേയും, അവരുടെ ആശാഭാജനമായിരുന്ന ഇന്നത്തെ മഹാരാജാവിനേയും സന്ദർശിക്കുന്നതിനുള്ള ഭാഗ്യം ഉണ്ടായിരുന്നു. മഹാറാണി ഈ പരിഷ്കാരത്തിൽ ഉള്ള അവരുടെ വിശ്വാസത്തെ അന്നുതന്നെ പ്രത്യക്ഷപ്പെടുത്തിയിരുന്നു. തിരുവിതാംകൂറിലെ സിംഹാസനത്തെ ആരോഹണം ചെയ്യുമ്പോൾ അസ്പൃശ്യതയെ നീക്കം ചെയ്ത് ക്ഷേത്രങ്ങൾ തുറന്നുകൊടുക്കുകയില്ലേ എന്ന് അന്നു ബാലനായിരുന്ന മഹാരാജാവിനോട് ഞാൻ നേരംപോക്കായി ചോദിയ്ക്കുകൂടി ചെയ്തു. അദ്ദേഹം ഉത്സാഹത്തോടുകൂടി "തീർച്ചയായും" എന്ന് അരുളിച്ചെയ്തു. ഫൻഫദ–നോ ഫൻഫന്ന–നോ ശേഷം മുതൽ സർ സി. പി. രാമസ്വാമി അയ്യരെ ഒരു പരിഷ്കർത്താവായി ഞാൻ അറിഞ്ഞിരുന്നില്ലേ? എന്റെ ആശങ്കകൾക്ക് ഞാൻ ആവിഷ്ക്കരിക്കാൻ ശ്രമിച്ചിട്ടുള്ളതിനെക്കാൾ അധികം ആഴം ഏറിയ ഒരു അർത്ഥം ഉണ്ടായിരുന്നു. അതു് എനിക്ക് ജനങ്ങളിൽ വിശ്വാസം ഇല്ലാഞ്ഞതിനാൽ ആയിരുന്നിരിക്കാം. ഹരിജനസേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ ജോലി ചെയ്തിരുന്ന പരിഷ്കർത്താക്കളുടെ പരിശുദ്ധതയിലും, അവരുടെ പ്രയത്നത്തിന്റെ പര്യാപ്തതയിലും എനിക്ക് തീർച്ചയായും വിശ്വാസം ഉണ്ടായിരുന്നു.

എന്നാൽ മുൻപ്രസ്താവിച്ച കമ്പിയിൽ വിസ്തരിച്ചു വിവരിച്ചിട്ടുള്ള ഒടുവിലത്തെ സംഭവങ്ങൾ എന്റെ എല്ലാ സംശയങ്ങളേയും നീക്കിയിരിക്കുന്നു. കഴിഞ്ഞ ആഴ്ച ഉദ്ധരിച്ച ചട്ടങ്ങളുടെ ഭീകരത്വം ഇപ്പോൾ നഷ്ടമായിരിക്കുന്നു. യാഥാർത്ഥ്യം സകല പ്രതീക്ഷകളേയും അതിക്രമിച്ചിട്ടുണ്ട്. ഹരിജനങ്ങളുടെ ആഹ്ലാദം, ഏററവും ഉയർന്ന ജാതിക്കാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള അങ്ങേ അററത്തെ അതിരുവരെ അവരുടെ പ്രവേശനത്തിനു ഉള്ള തടസ്സം ഇല്ലായ്മ, എന്നുവേണ്ട ശാന്തിക്കാരുടെ ഹൃദയപൂർവ്വമായ സഹകരണം, ഇവ എല്ലാം മഹത്തും വിപുലവുമായ ഈ പരിഷ്കാരത്തിന്റെ അതിയായ ആത്മാർത്ഥതയെ കാണിക്കുന്നു. മനുഷ്യന് അസാദ്ധ്യം എന്നു തോന്നിയിരുന്നതു് ദൈവം സാദ്ധ്യമാക്കി. രാജകീയവിളം

ബരങ്ങൾക്ക് അനേകായിരം ആളുകളെ പരിവർത്തനം ചെയ്യുന്നതിനു സാധിക്കയില്ല. അതുകൊണ്ട് ഇതു് ജാതിഹിന്ദുക്കളുടെ കൂട്ടത്തോടെ ഉള്ള പരിവർത്തനത്തിന്റെ ഒരു ഉദാഹരണമാണു്. അതു് സ്വമനസ്സാലെ ഉള്ള ഒന്നായതുകൊണ്ട് അതു് പരമാർത്ഥവുമാകുന്നു. വയ്ക്കത്തുവച്ച് കുറച്ചു വർഷം മുൻപു മാത്രമാണു് ജാതിഹിന്ദുക്കൾ വൈയ്ക്കം ക്ഷേത്രത്തിലേക്ക് നയിക്കുന്ന ഏതാനും റോഡുകളിൽ കൂടി ഹരിജനങ്ങൾ നടക്കുന്നതാണെങ്കിൽ അക്രമം തുടങ്ങും എന്നു് ഭയപ്പെടുത്തിയതു്. ഇപ്പോൾ ആകട്ടെ, അതേ ക്ഷേത്രം ജാതിഹിന്ദുക്കൾക്കുള്ള അതേ വ്യവസ്ഥയിൽതന്നെ ഹരിജനങ്ങൾക്കു തുറന്നു കൊടുത്തിരിക്കുന്നു. ഇതെല്ലാം മററാരുടേയും അല്ലമായ നിർബന്ധംപോലും കൂടാതേയുമാണു്. ശങ്കരസ്മൃതിയായി എന്നെ ഉദ്ധരിച്ചു കേൾപ്പിച്ചതു് ഇപ്പോൾ മഹാരാജസ്മൃതിക്ക് സ്ഥലം കൊടുത്തു കഴിഞ്ഞു. അതിന്റെ സുപ്രമാണത ജാതിഹിന്ദുക്കളുടെ ആകമാനം ഉള്ള അനിഷേദ്ധ്യമായ ആനുകൂല്യത്താലും, അതിനോടു തുല്യമായ ഹരിജനങ്ങളുടെ മറെറാരു അർത്ഥത്തിലുള്ള അനിഷേദ്ധ്യമായ ആനുകൂല്യത്താലും തെളിയിക്കപ്പെട്ടിരിക്കുന്നു. നാം നമ്മുടെ വിവേചനാദൃഷ്ടികൾ തുറക്കുക മാത്രം ചെയ്യുന്നു എന്നുവരുകിൽ, വാസ്തവത്തിൽ നമുക്ക് ദൈവത്തിന്റെ മഹിമ അറിയുവാൻ കഴിയും. മഹാരാജാവിനും, അദ്ദേഹത്തിന്റെ ഗുണവതിയായ മാതാവിനും, അദ്ദേഹത്തിന്റെ മഹാനായ ദിവാനും, അതുപോലെ തന്നെ തിരുവിതാംകൂറിലെ ഹിന്ദുക്കൾക്കും എന്റെ അഭിനന്ദനങ്ങൾ പറഞ്ഞുകൊള്ളുന്നു. ഉയർന്നവരെന്നും താഴ്ന്നവരെന്നും കാണിക്കുന്നതായ എല്ലാ ജാതിവ്യത്യാസങ്ങളും, തിരുവിതാംകൂറിൽ കഴിഞ്ഞ കാലത്തെ കാര്യങ്ങൾ ആയിത്തീർന്നിരിക്കുന്നു എന്നു് നമുക്ക് ആശിക്കാം. തിരുവിതാംകൂറിന്റെ ഉത്സാഹത്തെ നാം പരിപാലിച്ചു പോരുകയാണെങ്കിൽ, തിരുവിതാംകൂറിലെ ചൈതന്യം ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതിനു് അധികനാൾ വേണ്ടിവരുകയില്ല.

തിരുവിതാംകൂർ തീർത്ഥാടനം.

(൨൯—൫—൧൯൯൬)

ലോകത്തുള്ള മറെറാരു പ്രദേശത്തിനും നൽകുവാൻ കഴിയാത്ത ഭൂഭാഗക്കാഴ്ചയുള്ളതും, മൂന്നു മഹാസമുദ്രങ്ങൾ സംയോജിക്കുന്നതുമായ കന്യാകുമാരിയിൽ വച്ചാണു് ഞാൻ ഇതു് എഴുതുന്നതു്. എന്തെന്നാൽ ഇതു് കുപ്പലുകൾ അടുക്കുന്ന ഒരു തുറമുഖമല്ല. ദേവിയെപ്പോലെ തന്നെ സമുദ്രവും കന്യകയാണു്. പറയത്തക്ക ഒരു ജനസംഖ്യ കന്യാകുമാരിയിൽ ഇല്ല. അതുകൊണ്ടു് ഈ സ്ഥലം ധ്യാനത്തിനു വളരെ യോജിച്ചതാണു്. തീർത്ഥയാത്രയുടെ മൂന്നാംദിവസമാണു് ഇതു്. മാനസികമായും സ്വമനസ്സാലേയും ഒരു അസ്പൃശ്യനായി തീൎന്നതിനാലും, അതിനാൽ സഹജീവികളായ മററു അസ്പൃശ്യരെ പ്രതിരോധിച്ചിരുന്ന ക്ഷേത്രങ്ങളെ ഉപേക്ഷിച്ചിരുന്നതിനാലും, ആ പ്രതിബന്ധദൂരീകരണത്തിൽ എനിക്കും അവരെപ്പോലെ സന്തോഷം തോന്നുന്നു. ഭയത്തോടും, വേണ്ട ഭക്തിയോടും കൂടിയാണു് ഞാൻ തിരുവനന്തപുരത്തെ മഹാക്ഷേത്രത്തെ സമീപിച്ചതു്. അനേകവൎഷങ്ങളിലെ ശൂന്യതയെ നിറയ്ക്കുന്നതിനുള്ള ഏതോ ഒന്നിൻെറ ആഗമനത്തിനായി ജിജ്ഞാസ വഴി മാറിക്കൊടുത്തു. ഉദ്ദേശം ഇരുപതു വൎഷങ്ങൾക്കു മുൻപു് ബിഷപ്പ് വൈറ്റ്ഹെഡ് എന്നെ മദ്രാസിലെ ഭദ്രാസനപ്പള്ളിയിൽ കൂട്ടികൊണ്ടുപോയപ്പോൾ, എനിക്കു് അവിടെവച്ചു തോന്നിയ സമാധാനം ഈ വരികൾ എഴുതുമ്പോൾ ഞാൻ ഓൎമ്മിക്കുന്നു. അന്നു കാലത്തു്, ആ ഭദ്രാസനപ്പള്ളിയിൽ ഞങ്ങൾ രണ്ടുപേർ മാത്രമേ ഉണ്ടായിരുന്നൊള്ളു എന്നാണു് എൻെറ ഓൎമ്മ. എൻെറ സംഘത്തിന്റെ വരവിനെ കാത്തുകൊണ്ടു് തിരുവനന്തപുരം ക്ഷേത്രത്തിൽ അനേകായിരം ജനങ്ങൾ കാത്തുനില്ക്കുന്നുണ്ടായിരുന്നു. എന്നാൽ ശബ്ദമോ ബഹളമോ യാതൊന്നും ഉണ്ടായിരുന്നില്ല. ആ നിശ്ശബ്ദമായ ജനക്കൂട്ടത്തിൽ പകുതിയോളം ഇന്നലത്തെ അസ്പൃശ്യരായിരുന്നു. എനിക്കു രണ്ടു കൂട്ടരേയും തിരിച്ചറിയുവാൻ സാധിച്ചിരുന്നില്ല. എല്ലാവൎക്കും അവരവരുടെ ദേഹ

ത്തിൽ ഒരേ മാതിരി ജാതിക്കുറികൾ ഉണ്ടായിരുന്നു; എല്ലാവ ക്കും ഒരേമാതിരി വസ്ത്രങ്ങളുമായിരുന്നു. ലുൻജിയെക്കാൾ കൂടു തൽ നീളം ആവശ്യമില്ലാത്ത തയ്ക്കാത്ത വസ്ത്രം ധരിക്കുകയാ ണ് അവിടത്തെ ആചാരം. അതോടുകൂടി ഒരു രണ്ടാംമുണ്ടും അവർ ധരിച്ചിരുന്നു. പുരോഹിതന്മാർ ഉൾപ്പെടെയുള്ള ഭൂരി ഭാഗം ജനങ്ങൾ രണ്ടാംമുണ്ടു ധരിക്കാത്തവരായിരുന്നു. ഈ പുരുഷാരത്തിനിടയിൽ, മദ്രാസ് ഭദ്രാസനപ്പള്ളിയിൽ വച്ചു തോന്നിയപോലെയുള്ള ഒരു സമാധാനം അനുഭവിക്കുന്നതു പോലെ എനിക്കു തോന്നി. എന്നാൽ അവ രണ്ടിനും തമ്മിൽ വളരെ വ്യത്യാസങ്ങളുണ്ടായിരുന്നു. മദ്രാസിലെ സമാധാനത്തി ന് ഒരു പശ്ചാദ്ഭാഗം ഇല്ലായിരുന്നു. ഇതു് അനന്തപത്മനാഭ ക്ഷേത്രത്തിൽ ഉണ്ടായിരുന്നു. ജനസഞ്ചയം ബഹളം കൂട്ടുന്നവ രോ അനാദ്ധ്യാത്മികമായ മനഃസ്ഥിതിയുള്ളവരോ ആയിരു ന്നെങ്കിൽ ഇതു് എനിക്ക് അനുഭവപ്പെടുകയില്ലായിരുന്നു. ശുഭ്ര മായ വെളുത്ത മുണ്ടുകൾ ധരിച്ച് ആ നഗ്നശരീരന്മാർ പൂർണ്ണ മായ നിശ്ശബ്ദതയിലും, ഭക്തിപരമായ മനോഭാവത്തിലും വരിവരിയായി നിരന്നുനിന്നതു് എന്നിൽ ജീവനുള്ളിടത്തോളം കാലം നിലനില്ക്കുന്ന ഒരു ബോധം ഉളവാക്കി. വഴികാണിച്ചി രുന്ന പുരോഹിതൻ ഒന്നാംതരം ഹിന്ദിയിൽ മിക്കവാറും സം സാരിക്കുന്നതിനുകൂടി പ്രേരിപ്പിക്കുന്നുവോ എന്നു തോന്നിയിരു ന്ന വിഗ്രഹങ്ങളാൽ നിറഞ്ഞിരുന്ന ആ അതിവിസ്താരമേറിയ ക്ഷേത്രത്തിലേക്ക് ഉള്ള പ്രവേശനം ആത്മക്ഷോഭത്തെ ഉണ്ടാ ക്കത്തക്ക ഒന്നായിരുന്നു. പിന്നീട് ഞങ്ങൾ നടുമദ്ധ്യേ സ്ഥിതി ചെയ്തിരുന്ന മഹത്തായ വിഗ്രഹത്തിനടുക്കൽ എത്തി. അ തെല്ലാം ഒരു ദിവാസ്വപ്നംപോലെ ആയിരുന്നു. തിരുവി താംകൂർമഹാരാജാക്കന്മാർക്കു വേണ്ടി പ്രത്യേകം നിർമ്മിക്ക പ്പെട്ട ക്ഷേത്രമാണ് ഞാൻ, അതും ഇതുവരെ അസ്പൃശ്യർ എന്ന് നിന്ദിക്കപ്പെട്ടിരുന്നവരുടെ കൂട്ടത്തിൽ, ദർശിക്കുന്നതു് എന്നുള്ള ജ്ഞാനം, ആ വിഗ്രഹങ്ങളും, പരിസരങ്ങളും എ ന്നിൽ ഉൽഭൂതമാക്കിയ വികാരങ്ങളെ വർദ്ധിപ്പിച്ചു. തിരുവ നന്തപുരത്തിനും കന്യാകുമാരിക്കും മദ്ധ്യേ സന്ദർശിച്ച മൂന്നു ക്ഷേത്രങ്ങളിലും ആ നിശ്ശബ്ദതയും, ആ ആരാധനമനഃസ്ഥി തിയും തുടർന്നുകൊണ്ടു വന്നു. കുമാരിയെ പ്രതിഷ്ഠിച്ചിട്ടുള്ള കന്യാകുമാരിയിലെ പ്രസിദ്ധപ്പെട്ട ക്ഷേത്രം ഇന്നു കാലത്തു്

ഞാൻ സന്ദർശിച്ചു. ഭജനകൾ പാടിക്കൊണ്ടിരുന്ന ഒരു വലിയ ഹരിജനസംഘത്താൽ അനുഗമിക്കപ്പെട്ടുകൊണ്ട് ക്ഷേത്രത്തിലേയ്ക്കു നയിക്കുന്ന തെരുവിൽക്കൂടി ഞങ്ങൾ കടന്നു പോയി. ഈ തെരുവും ക്ഷേത്രത്തേപ്പോലെ തന്നെ ഹരിജനങ്ങൾക്കു നിരോധിക്കപ്പെട്ടിരുന്നതായിരുന്നു. എന്നാൽ ഇപ്പോൾ ഒരു ദിക്കിൽനിന്നും ഉള്ള യാതൊരു പ്രതിബന്ധങ്ങളും കൂടാതെ, ഞങ്ങളെ ഒരിക്കലും പ്രതിരോധിച്ചിട്ടില്ലായിരുന്നതു പോലെ, ഞങ്ങൾ അതിൽക്കൂടി ക്ഷേത്രത്തിലേയ്ക്കു നടന്നു പോയി. മറെറ്റ് എവിടെ എങ്കിലും സാധിക്കുന്നതിനു മുൻപ്, സാദ്ധ്യമാവുക എന്നുള്ളതു് മിക്കവാറും ചിന്തനീയം പോലും അല്ലാതെ ഇരുന്ന ഒരു സ്ഥലത്ത് ഒരു വിധത്തിൽ സാദ്ധ്യമായിത്തീന്ന ഒരു സ്വപ്നം ആകുന്നു അതു്. "ഉത്തരദേശങ്ങളിൽ ഒരുപക്ഷേ ക്ഷേത്രങ്ങൾ തുറക്കപ്പെട്ടേയ്ക്കും. എന്നാൽ യാഥാസ്ഥിതികകോട്ടകളായ കൊച്ചിയിലും തിരുവിതാംകൂറിലും അവ തുറപ്പിക്കുന്നതിൽ നിങ്ങൾ ഒരിക്കലും വിജയിയാവുകയില്ല" എന്നാണ് മുൻപു പറഞ്ഞിരുന്നതു്. ഇപ്പോൾ ഈ കോട്ടകളിൽ ഒന്ന് അസാധാരണമായ ഔദാര്യത്തോടും, ഔചിത്യബുദ്ധിയോടും കൂടി കീഴടങ്ങിക്കഴിഞ്ഞു. ആ ഔദാര്യത്തിൻെറയും ഔചിത്യത്തിൻെറയും ആത്മാർത്ഥത സകല പ്രതിബന്ധങ്ങളേയും അമർത്തിയതായി തോന്നുന്നു. തിരുവിതാംകൂറിലെ മഹാരാജാക്കന്മാരുടെ പ്രവൃത്തികളോടു ഘടിപ്പിച്ചിട്ടുള്ള ഐതിഹ്യത്തിനു്, ജനങ്ങളുടെ ഈ പരിവർത്തനത്തിൽ ഒരുപക്ഷേ അതിനനുയോജ്യമായ ഒരു പങ്ക് ഉണ്ടായിരുന്നിരിക്കാം. മഹാരാജാക്കന്മാരെ പത്മനാഭദാസന്മാർ എന്നു വിളിച്ചുവരുന്നു. അതായതു്, പത്മനാഭൻെറ—ദൈവത്തിൻെറ—ഭൃത്യന്മാർ എന്ന്. മഹാരാജാക്കന്മാർ ഓരോ പ്രഭാതത്തിലും ക്ഷേത്രം സന്ദർശിച്ച് (തിരുവനന്തപുരത്തുള്ളപ്പോൾ അവർ അപ്രകാരം ചെയ്യുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു) ദൈവത്തിൽനിന്നും അതതു ദിവസങ്ങളിലെ കൃത്യങ്ങൾക്കുള്ള നിർദ്ദേശങ്ങൾ വാങ്ങുന്നുവെന്നു വിചാരിച്ചു വരുന്നു. അതുകൊണ്ട് ഈ വിളംബരം ദൈവത്തിൻെറ ഭൃത്യനായ ഇന്നത്തെ മഹാരാജാവിൽ കൂടിയുള്ള ദൈവത്തിൻെറ ഒരു കൃത്യമാകുന്നു. കാരണം എന്തുതന്നെ ആയിരു

ന്നാലും ഒരു വലിയ ഭൂരിപക്ഷം സവർണ്ണർ വിളംബരത്തെ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നതും, അവർണ്ണർ അതിനെ ഉപയോഗപ്പെടുത്തുന്നതും, ഇന്ന് ഒരു അത്ഭുത കൃത്യമായി സ്ഥിതിചെയ്യുന്നു.

എന്നാൽ ഈ അത്ഭുതകൃത്യം തന്നെ എന്നെ ശുദ്ധീകരിക്കുന്നതും, എന്റെ ആഹ്ലാദത്തെ സ്പർശിക്കുന്നതും ആയ ഉത്തരവാദബോധത്താൽ എന്നെ വ്യാകുലപ്പെടുത്തുന്നു. ഇന്നു നടപ്പിൽ ഇരിക്കുന്നതിനെ സ്ഥിരീകരിക്കണമെങ്കിൽ, ഈ വിളംബരത്തിന്റെ അർത്ഥത്തെപ്പററി എല്ലാ സവർണ്ണരേയും അവർണ്ണരേയും വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു വേണ്ടി യഥാർത്ഥ ഹരിജനപ്രവർത്തകന്മാരാൽ തുടർച്ചയായി ഉള്ള പരിശ്രമം ഉണ്ടായിരിക്കണം എന്നാൽ കുറച്ചു മാസങ്ങൾക്കു മുൻപു വരെ അവർണ്ണർ ക്ഷേത്രപ്രവേശനം ആവശ്യപ്പെട്ടിട്ടില്ലാ എന്നു പറയുന്നതു് സവർണ്ണരുടെ ഇടയിൽ ഒരു പരിഷ്കൃതമായ പതിവായിരുന്നു അവർണ്ണരിൽ വളരെ ഒച്ചപ്പാടുണ്ടാക്കിയിരുന്ന ചില അംഗങ്ങളുടെ ഇടയിലും, തങ്ങൾ ക്ഷേത്രപ്രവേശനത്തെപ്പററി അത്ര ഗണിച്ചിരുന്നില്ലെന്നും, സാമ്പത്തികമായ ഉന്നമനത്തെ മാത്രമേ തങ്ങൾ പരിഗണിച്ചിരുന്നുള്ളു എന്നു പറയുന്നതും അതുപോലെ തന്നെ ഒരു പതിവായിരുന്നു. ഈ രണ്ടു കൂട്ടരും അയിത്തോച്ചാടനപ്രവർത്തനത്തിന്റെ അർത്ഥത്തെ തെററിദ്ധരിച്ചിരുന്നു. തിരുവിതാംകൂറിലെ അനുഭവം അവരുടെ കണ്ണു തുറപ്പിച്ചിട്ടുണ്ട്. ക്ഷേത്രപ്രവേശനാവകാശം ഒരൊററടിക്ക് അസ്പൃശ്യതയെ—ഒരു വലിയ ഭാഗം ഹിന്ദുക്കൾക്കു മററുള്ളവരെപ്പോലെ തന്നെയുള്ള ആരാധനാവകാശങ്ങളെ പ്രതിരോധിച്ചിരുന്ന അസ്പൃശ്യതയെ—നീക്കം ചെയ്യുകയാണു ചെയ്തതു്. അതു് സാമ്പത്തിക ഉന്നമനം ഉൾക്കൊണ്ടിരുന്നു. എന്നാൽ അവർണ്ണരിൽ ഉത്തമന്മാരെ ആ അവകാശാപഹരണം വല്ലാതെ വേദനിപ്പിച്ചിരുന്നു. അതു് അഹംഭാവികളായ സവർണ്ണരെപ്പററി അവരിൽ ദ്വേഷവും അവജ്ഞയും ഉളവാക്കി. ഇപ്പോൾ അതെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു. മുൻപ് ഒരിക്കലും തങ്ങൾ അനുഭവിച്ചിട്ടില്ലാതിരുന്ന സ്വാതന്ത്ര്യത്തിന്റെ പ്രഭ അവർണ്ണർ അറിയുന്നു.

അതു് അതിൻെറ ന്യായമായ അവസാനംവരെ തുടൻ കൊണ്ടു പോയില്ലെങ്കിൽ, ഈ അത്ഭുതകരമായ ഫലങ്ങൾ എല്ലാം തന്നെ അതിവേഗത്തിൽ ഇല്ലാതെയായേക്കാം. അവർണ്ണക്കു് അവരുടെ ഭൂതകാലം മറക്കുവാൻ കഴിയുന്നതിനു മുൻപ്, ഇപ്പോൾ അവർ ഏതു സ്ഥിതിയിൽ എത്തി എന്നതിനെപ്പററി അവരെ മനസ്സിലാക്കണം. ഏററവും എളിയ കുടിലിലേക്കു കൂടി ഈ സ്വാതന്ത്ര്യസന്ദേശം പ്രചരിപ്പിക്കണം. പെട്ടെന്നു സിദ്ധിച്ച സ്വാതന്ത്ര്യത്തിൻെറ അർത്ഥം പുലയരേയും പറയരേയും ഗ്രഹിപ്പിക്കണം. ഇതിന് വിപുലമായ ഒരു സാക്ഷരതപ്രചാരണപരിപാടി ആവശ്യമില്ല. അതു് വന്നുകൊള്ളും. എന്നാൽ അതിന് ആവശ്യമുള്ളതു് ഉടനടിയുള്ള മനുഷ്യസമ്പർക്കമാണു്. ശരിയായ തരത്തിലുള്ള ഒരു ധർമ്മഭടസംഘപ്രവർത്തകസേനയാണു് ഇതിന് ആവശ്യമുള്ളതു്. സ്വാതന്ത്ര്യസന്ദേശം അവർണ്ണകുടിലുകളിൽ കൊണ്ടു പോകുന്നതുപോലെ തന്നെ, അതു് സവർണ്ണഗൃഹങ്ങളിലേയ്ക്കും കൊണ്ടുപോകേണ്ടതുണ്ടു്.

ഇനി അകത്തുനിന്നും, ക്ഷേത്രത്തെ പരിഷ്കരിക്കുന്ന പ്രശ്നം ഉണ്ടു്. ഇവിടെ ഇസ്ലാമിൽ എന്നപോലെ തന്നെ ഹിന്ദുമതത്തിലും വിശ്വസിക്കുന്ന ഒരു മുസൽമാൻസ്നേഹിതൻെറ അതിദീർഘമായ ഒരു കത്തിൽനിന്നും ഒരു ഭാഗം ഉദ്ധരിക്കുന്നതിൽ കൂടുതലായി എനിക്കൊന്നും ചെയ്യാൻ കഴിയുകയില്ല. "അവക്കായി തുറന്നുകൊടുക്കപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങളിൽ ഹരിജനങ്ങളുടെ പ്രവേശനം ആഘോഷിക്കുന്നതിനായി അങ്ങു് ഉടനെ തിരുവിതാംകൂറിലേയ്ക്കു പോകുമല്ലോ. അതു തീർച്ചയായും മുന്നോട്ടുള്ള ഒരു പടിയാണു്. എന്നാൽ നമുക്കു് അത്യാവശ്യമായിട്ടുള്ളതു് ആ ക്ഷേത്രങ്ങളെ അവയുടെ പുരാതനമായ പാവനതയിലും പരിശുദ്ധതയിലും പുനസ്ഥാപിക്കുകയാണു്. ക്ഷേത്രങ്ങളുടെ പുറകിൽ സ്ഥിതിചെയ്യുന്ന ആദർശം അതിദിവ്യമാകുന്നു. പുരാതനഭാരതത്തിലെ ക്ഷേത്രങ്ങളിൽ ദൈവീകമായ ജ്ഞാനത്തെ പ്രചരിപ്പിച്ചിരുന്ന മഹാന്മാരായ ഋഷികൾ വസിച്ചിരുന്നു. ഇന്നാകട്ടെ അവിടെ ഉപദേശങ്ങൾ ആവശ്യമുള്ളവരുടെ പന്ഥാവുകളെ പ്രതിരോധിച്ചും, ജീവിതമാകുന്ന പ്രശ്നത്തിനു പരിഹാരം കണ്ടുപിടിക്കുന്നതിൽ സഹാ

യിക്കാതേയും, പുരോഹിതൻ സ്ഥിതിചെയ്യുന്നു. കഷ്ടം! സാധുക്കളായ സാമാന്യജനങ്ങളെക്കാൾ ഉപദേശങ്ങൾ അധികം ആവശ്യമുള്ളത് എല്ലാ മതങ്ങളിലേയും പുരോഹിതന്മാർക്കാണ്."

ഈ വാക്കുകൾ വാസ്തവമാണ്. ഇന്നത്തെക്കാൾ കൂടുതലായി ക്ഷേത്രപരിഷ്കാരം ഒരു കാലത്തും ആവശ്യമായിരുന്നില്ല. ഭാഗ്യവശാൽ തിരുവിതാംകൂറിൽ ഭൂരിഭാഗം ക്ഷേത്രങ്ങളും സർക്കാരിന്റെ വകയും, പ്രത്യേകമായ മാനേജ്മെൻറുകളുടെ കീഴിലുമാകുന്നു. അവ വൃത്തിയായി സൂക്ഷിക്കപ്പെടുകയും, പലപ്പോഴും പരിഷ്കാരങ്ങൾക്കും, കൂടുതൽ സ്ഥലസൗകര്യങ്ങൾക്കും വിധേയമായിത്തീരുകയും ചെയ്യുന്നു. അവയിൽ ഒരിക്കലും ഒഴിഞ്ഞുകിടക്കുന്നില്ല. നമുക്കു തോന്നുന്ന ഒരു ആവശ്യത്തെ അവ നിർവ്വഹിക്കുന്നു. പുരോഹിതന്മാർക്കു കൂടുതൽ വിദ്യാഭ്യാസം നൽകുകയും അവർ ജനങ്ങളുടെ ആദ്ധ്യാത്മികതപത്തിന്റെ സംരക്ഷകർ ആയിത്തീരുകയും ചെയ്യുകയാണെങ്കിൽ, ക്ഷേത്രങ്ങൾ മുൻപിലത്തെപ്പോലെതന്നെ ആരാധനയുടേയും ആദ്ധ്യാത്മിക ഉപദേശങ്ങളുടേയും ആലയങ്ങൾ ആയിത്തീരും.

തീർത്ഥാടനപ്രസംഗങ്ങൾ

(൧൯-൧-൩൧—൨൧-൧-൩൧)

ഈ തീർത്ഥാടനത്തിനിടയിൽ ഗാന്ധിജി സന്ദർശിച്ച ക്ഷേത്രങ്ങളുടെ പേരുകൾ.

൧. അനന്തപത്മനാഭക്ഷേത്രം
൨. നെയ്യാററിൻകര കൃഷ്ണസ്വാമിക്ഷേത്രം
൩. തിരുവട്ടാർ ക്ഷേത്രം
൪. പത്മനാഭപുരം ക്ഷേത്രം
൫. നാഗരുകോവിൽ ക്ഷേത്രം
൬. കന്യാകുമാരി ക്ഷേത്രം
൭. ശുചീന്ദ്രം ക്ഷേത്രം
൮. ജനാർദ്ദനംക്ഷേത്രം—വക്കല
൯. ആനന്ദവല്ലീശ്വരം ക്ഷേത്രം
൧൦. ശ്രീരാമവിലാസം ഭജനമഠം
൧൧. ഹരിപ്പാട്ടു ക്ഷേത്രം
൧൨. അമ്പലപ്പുഴ ക്ഷേത്രം
൧൩. തകഴിക്ഷേത്രം (ഉത്തരാഴ്മ)
൧൪ വൈയ്ക്കം ക്ഷേത്രം
൧൫. ഏററുമാനൂർ ക്ഷേത്രം
൧൬. കുമാരനല്ലൂർ ക്ഷേത്രം (ഉത്തരാഴ്മ)
൧൭. തിരുവാർപ്പു ക്ഷേത്രം
൧൮. തിരുനക്കര ക്ഷേത്രം
൧൯. പെരുന്ന ക്ഷേത്രം (ഉത്തരാഴ്മ)
൨൦. തിരുവല്ല ക്ഷേത്രം
൨൧. ചെങ്ങന്നൂർ ക്ഷേത്രം
൨൨. താഴമൺ മഠം (ഉത്തരാഴ്മ)
൨൩. ആറന്മുള ക്ഷേത്രം
൨൪. കൊട്ടാരക്കര (ഉത്തരാഴ്മ)

തിരുവനന്തപുരം.

(൧൯—൧—൧൯൩൧)

[തിരുവനന്തപുരത്തെ പൌരന്മാരുടെ ഒരു വമ്പിച്ച പൊതുയോഗം തിരുവനന്തപുരം സ്റ്റേഷനിൽ വച്ച് ഗാന്ധിജിക്കു സ്വാഗതം അരുളുകയും, അവിടെ വച്ച് തിരുവനന്തപുരത്തെ നഗരസഭ, ഗാന്ധിജിക്ക് സ്വാഗതമരുളിക്കൊണ്ട് ഒരു മംഗളപത്രം സമർപ്പിക്കുകയും ചെയ്തു. മംഗളപത്രത്തിലെ താഴേ കാണുന്ന ഭാഗം പ്രത്യേകിച്ചും സന്തോഷപ്രദമായിരുന്നു:—

"തങ്ങളുടെ ജന്മഭൂമിക്കുവേണ്ടി ഇമ്മാതിരി ത്യാഗങ്ങൾ ചെയ്തിട്ടുള്ളവർ കുറവാണ്. സാധുക്കളുടേയും അധഃകൃതരുടേയും കാര്യത്തിനു വേണ്ടി ജീവിതം അർപ്പിച്ചിട്ടുള്ളവർ അതിലും വളരെക്കുറവാണ്. ദരിദ്രൻ എന്നും നമ്മോടുകൂടി ഉണ്ട്. എന്നാൽ അവിടുത്തേ ചലനപരമായ വ്യക്തിത്വവും, അനുഭാവം നിറഞ്ഞ അവിടുത്തെ ഹൃദയവും, ഗ്രാമങ്ങൾ സാമ്പത്തികഘടകങ്ങൾ ആയി പ്രവർത്തിക്കുന്നതും, സാമുദായികഅവശതകൾ അതിപ്രധാനങ്ങളായ മാനുഷികപ്രയോജനങ്ങളെ കളങ്കപ്പെടുത്തുന്ന പതിവ് അവസാനിച്ചിരിക്കുന്നതുമായ ഒരു ഭൂഖണ്ഡത്തെ ഭാവനയിൽ ദർശിക്കുന്നതിനു നമ്മെ സഹായിച്ചിട്ടുണ്ട്. സാമുദായികവും സാമ്പത്തികവുമായ ദോഷങ്ങളെ നിവാരണംചെയ്യുന്നതിനുവേണ്ടി പ്രവൃത്തിപരമായി വേലചെയ്യുന്നതിന്, ഓരോ ഭാരതീയന്റെ ഹൃദയത്തിലും അവിടുന്ന് ഉദ്ദീപിപ്പിച്ചിട്ടുള്ള ഉത്സാഹത്തിനെക്കാൾ വലുതായ ഏകീകരണശക്തി ഈ രാജ്യത്ത് ഉണ്ടായിട്ടില്ല. കാരുണ്യവാനായ മഹാരാജാവുതിരുമനസ്സിലെ ചരിത്രപ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരത്തിൽ ജനങ്ങൾക്കുള്ള പരമാർത്ഥവും സാർവ്വത്രികവുമായ തൃപ്തിയെ ആവിഷ്കരണം ചെയ്യുന്നതിന് സംഘടിപ്പിച്ചിട്ടുള്ള ആഘോഷങ്ങൾക്കു മാർഗ്ഗദർശിത്വം നൽകുന്നതിനായിട്ടാണ് അവിടുത്തെ ഇപ്പോഴത്തെ സന്ദർശനം എന്നുള്ള വസ്തുത, ഈ അവസരത്തിൽ അവിടുത്തെ സ്വാഗതംചെയ്യുന്നതിൽ ഞങ്ങൾക്കുള്ള സന്തോഷത്തെ വർദ്ധിപ്പിക്കുന്നു."

ആ മംഗളപത്രത്തിനു മറുപടിയായി ഗാന്ധിജി പറഞ്ഞു:—

ഒരു വിനീതനായ തീൎത്ഥയാത്രക്കാരൻ.

നിങ്ങൾ നിങ്ങളുടെ മംഗളപത്രത്തിൽ വളരെ ശരിയായി പറഞ്ഞിട്ടുള്ളതുപോലെ, തിരുവിതാംകൂറിനേയോ, അതിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തേയോ ഞാൻ ഇന്നു ആദ്യമായിട്ടല്ല സന്ദർശിക്കുന്നതു്. ഞാൻ തിരുവിതാംകൂറിൽ എല്ലാ അവസരങ്ങളിലും അസ്പൃശ്യതയുടെ ശാപത്തിൽ നിന്നും സവൎണ്ണഹിന്ദുക്കളെ മോചിപ്പിക്കുന്നതിനു ശ്രമിക്കുന്ന ഒരു മതയോദ്ധാവിന്റെ നിലയിലാണു വന്നിട്ടുള്ളതു്. എനിക്കു് സവർണ്ണഹിന്ദുക്കളോടും അവർണ്ണഹിന്ദുക്കളോടും (തൊടീൽജാതിക്കാർ അഥവാ അധഃകൃതർ എന്നു് തെറ്റായി വിളിക്കപ്പെടുന്നവരോടും) ഈ വിഷയത്തെപ്പററി പ്രസംഗിക്കുവാൻ നിരവധി അവസരങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഈ പ്രാവശ്യമാകട്ടെ, ഞാൻ മഹാരാജാവുതിരുമനസ്സിലേക്കും, അദ്ദേഹത്തിന്റെ ഗുണവതിയായ അമ്മ മഹാറാണി തിരുമനസ്സിലേക്കും, അദ്ദേഹത്തിന്റെ സമൎത്ഥനായ ദിവാനും എന്റെ അനുമോദങ്ങൾ നൽകുന്നതിനു് ഒരു എളിയ തീൎത്ഥയാത്രക്കാരന്റെ നിലയിലാണു വന്നിട്ടുള്ളതു്. ഈ ത്രിമൂൎത്തികളുടെ—ആ മഹാത്മാക്കളെ എനിക്കു് ഇപ്രകാരം വിവരിക്കാമെങ്കിൽ—സഹകരണത്തോടുകൂടി ആ മഹത്തായ വിളംബരം ഒരു നടന്ന കാൎയ്യമായിത്തീരുകയും, അതു് വിജയകരമായി ഇപ്പോൾ പ്രവൎത്തനംചെയ്തുവരികയും ചെയ്യുന്നുണ്ടു്. ഒരുപക്ഷേ, എന്റെ സ്വമനസ്സാലെ തന്നെ ക്ഷേത്രങ്ങൾ എനിക്കു് ഇതുവരെ പ്രതിരോധിക്കപ്പെട്ടിരുന്നു. ഞാൻ അവയിൽ പ്രവേശിക്കുന്നതിനു ശ്രമിച്ചിരുന്നെങ്കിൽ, എനിക്കു് അവിടെ പ്രവേശനം അനുവദിക്കാതിരിക്കുമായിരുന്നോ എന്നു് എനിക്കു് അറിഞ്ഞുകൂടാ. എന്നാൽ എനിക്കു് ആ സ്വാതന്ത്ര്യം ഉണ്ടായിരുന്നു എങ്കിലും, ഹരിജനങ്ങൾക്കു ഉണ്ടായിരുന്ന സങ്കടം എനിക്കും ഉണ്ടായിരുന്നതിനാൽ, എനിക്കു് അതു് ഉപയോഗിക്കാൻ സാദ്ധ്യമായില്ല. എന്നാൽ ഇപ്പോൾ ഹരിജനങ്ങൾക്കും പ്രവേശനം അനുവദിച്ചിരിക്കുന്നതിനാൽ, നിങ്ങളുടെ മനോഹരമായ ക്ഷേത്രത്തിൽ പ്രവേ

ലേയ്ക്കും, മഹാറാണിക്കും, സചിവോത്തമൻ സർ സി. പി. രാമസ്വാമിഅയ്യക്കും നിങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ നൽകിക്കഴിഞ്ഞു. നിങ്ങളുടെ ആഹ്ലാദാഭിനന്ദനങ്ങളുടെ പ്രകടനത്തിൽ പൂർണ്ണമായി പങ്കുകൊള്ളുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളിൽ നിന്നും, എപ്പോൾ എന്ന് ആർക്കും അറിയാൻ പാടില്ലാത്ത വിധത്തിൽ അത്ര വളരെ കാലം മുൻപ് അപഹരിക്കപ്പെട്ട ഒരു അവകാശത്തെ പുനഃസ്ഥാപിച്ചുകിട്ടിയതിലുള്ള ആഹ്ലാദം ഈ യോഗത്തിൽ ഹാജരായിട്ടുള്ള നിരവധി ജനങ്ങളുടെ മുഖത്തു രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവിതാംകൂറിലെ അവർണ്ണഹിന്ദുക്കൾക്ക് ക്ഷേത്രപ്രവേശനം അനുവദിക്കണമെന്നുള്ള പ്രക്ഷോഭണത്തിന്റെ ചരിത്രപരമായ അവസാനംവരെ അതിനെ നിങ്ങൾ വിവരിച്ചുകൊണ്ടുപോയതും നന്നായിട്ടുണ്ട്. സമാധിയടഞ്ഞ ശ്രീനാരായണഗുരുസ്വാമിയേയും ആ ധീരാത്മാവായ മാധവനേയും കീർത്തിച്ചതിലും ഞാൻ നിങ്ങളോടുകൂടി പൂർണ്ണമായി യോജിക്കുന്നു. ഇതു സംബന്ധിച്ച് വേറേ രണ്ടു പേരുകൾ കൂടി ഞാൻ നിങ്ങളുടെ സ്മരണയിൽ കൊണ്ടുവന്നുകൊള്ളട്ടെ:—വൈക്കം സത്യഗ്രഹക്കാലത്ത് അനനുകരണീയമായ വിധത്തിൽ ഗീതാഗോവിന്ദത്തിലെ പദ്യങ്ങൾ ഉച്ചരിച്ചുകൊണ്ട് പ്രാർത്ഥനയെ നയിച്ചിരുന്ന പരേതനായ കൃഷ്ണസ്വാമിയാണ് അവരിൽ ഒരാൾ. കൃത്യനിഷ്ഠയുള്ള ഒരു ബ്രാഹ്മണനും, തന്റെ മതത്തിന്റെ ഒരു പ്രേമിയും ആയിരുന്നു എങ്കിലും അദ്ദേഹം അവർണ്ണരോടൊന്നിച്ച്, അവരുടെ കാര്യങ്ങൾക്കായി ശ്രമിച്ചുവന്നു. ഇപ്പോഴും നമ്മുടെയിടയിലുള്ള മറ്റൊരാളെ—ശ്രീയുത്ത് കേളപ്പൻനായരെ—എനിക്കു മറക്കാൻ സാദ്ധ്യമല്ല. ഇന്ന് നമ്മുടെയിടയിൽ കാണുന്ന കാര്യങ്ങളുടെ അടിസ്ഥാനം സ്ഥാപിച്ചത് ഈ ധീരന്മാരാണ്.

എന്നാൽ, ഈ സമയത്ത് നമ്മുടെ സഹായത്തിനു വന്നിട്ടുള്ള യാഥാസ്ഥിതികരെ നമുക്ക് വിസ്മരിക്കാൻ പാടില്ലെന്നു ഞാൻ വിചാരിക്കുന്നു. പ്രത്യക്ഷമായ പരമാർത്ഥത്തിലേയ്ക്കു പരിവർത്തനം ചെയ്യുവാൻ വളരെ ബുദ്ധിമുട്ടായി എനിക്കു തോന്നിയ യാഥാസ്ഥിതികന്മാരായ നമ്പൂരിമാരെക്കൂടി ഈ അവസരത്തിൽ എടുത്തു പറയാതെ നിവൃത്തിയില്ലെന്നു

എനിക്കു തോന്നുന്നു. അവരും മററു യാഥാസ്ഥിതികന്മാരും കാലസ്ഥിതിയറിഞ്ഞു പ്രവൎത്തിച്ചിരുന്നില്ലെങ്കിൽ, അതു് നമ്മുടെ തിരുമേനിയുടെ കൃത്യത്തെ മിക്കവാറും അസാദ്ധ്യം അല്ലെങ്കിൽ കുറഞ്ഞപക്ഷം നിഷ്പ്രയോജനം എങ്കിലും ആക്കിത്തീൎക്കുമായിരുന്നു.

സീനിയർ മഹാറാണിയും സന്തോഷിക്കട്ടെ!

ഈ അവസരത്തിൽ കുറേ വൎഷങ്ങൾക്കു മുൻപു് സീനിയർ മഹാറാണിയും ഞാനുമായിട്ടുണ്ടായ ഒരു കൂടിക്കാഴ്ചയെപ്പററിയും പ്രസ്താവിക്കട്ടെ. വൈക്കം സത്യഗ്രഹം നടന്നുകൊണ്ടിരിക്കുമ്പോഴാണു് ആ കൂടിക്കാഴ്ച ഉണ്ടായതു്. ആശയററ ഒരു ആയോധനത്തിൽ ഏൎപ്പെട്ടിരുന്നവരുടെ സഹായത്തിനു വന്നു്, ഒരു പുതിയ സ്മൃതി പ്രസിദ്ധപ്പെടുത്തി, ക്ഷേത്രങ്ങൾ തുറക്കപ്പെട്ടതായി പ്രഖ്യാപനം ചെയ്യുന്നതിനു്, എനിക്കു കഴിയുന്നത്ര ഉത്സാഹത്തോടുകൂടി ഞാൻ അവരോടു് അഭ്യൎത്ഥിച്ചു. അവരും, സന്ദൎശനസമയത്തു് അവിടെയുണ്ടായിരുന്ന അവരുടെ ഭൎത്താവും ഈ പ്രസ്ഥാനത്തോടു് അവരുടെ അനുഭാവങ്ങൾ പ്രകടിപ്പിച്ചു. തിരുവിതാംകൂറിൽ അവൎണ്ണരുടെ മോചനത്തിനായി തുടങ്ങിയിട്ടുള്ള ആ പ്രസ്ഥാനത്തെ അവർ രണ്ടുപേരും സ്വാഗതം ചെയ്തു. എന്നാൽ ഒരു വലിയ സംസ്ഥാനത്തിൻെറ ചുമതലയാകുന്ന ഭാരം ചുമക്കുന്നവരാണു് അവർ എന്നു് അവൎക്കു തോന്നുകയും, ആ മഹനീയപരിഷ്കാരം നടപ്പിൽ വരുത്തുന്നതിനുള്ള കാലം ആയിട്ടില്ലെന്നു് അവർ എന്നോടു പറയുകയും ചെയ്തു. സവൎണ്ണാഭിപ്രായം അറിയുന്നതിനും, ഈ പരിഷ്കാരത്തിലേയ്ക്കു് അവരെ മാനസാന്തരപ്പെടുത്തുന്നതിനും വേണ്ടതു ചെയ്യേണ്ടതു് അത്യാവശ്യമാണെന്നു് അവർ അപ്പോൾ വിചാരിച്ചിരുന്നു. ആ കൂടിക്കാഴ്ച കഴിഞ്ഞിട്ടു് ഇപ്പോൾ വൎഷം കുറേയായി. ഇക്കാലത്തെല്ലാം നിങ്ങൾ മടിയന്മാരായി കഴിച്ചുകൂട്ടാതെയിരുന്നതിനു് നമുക്കു ദൈവത്തോടു് കൃതജ്ഞതയുള്ളവരായിരിക്കാം. എന്നാൽ അവൎണ്ണരുടേയും സവൎണ്ണരുടേയും പൊതുജനാഭിപ്രായങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നിങ്ങൾ തുടൎച്ചയായി ശ്രമങ്ങൾ ചെയ്തിരുന്നില്ലെങ്കിൽ ലോകത്തിലുള്ള സകല സന്ന

നസ്സും ഉണ്ടായിരുന്നാൽ കൂടി, മഹാരാജാവിനു പോലും ഈ വിളംബരം പ്രഖ്യാപനം ചെയ്യുന്നതിന് അസാദ്ധ്യമായിത്തീന്നേനെ. ഈ വിളംബരത്തെ ഇന്ന് എല്ലാവരും—അവർണ്ണരും സവർണ്ണരും—സ്വാഗതം ചെയ്യുന്നതു് സൂചിപ്പിക്കുന്നതായ, തിരുവിതാംകൂറിൽ വന്നിട്ടുള്ള പരിവത്തനത്തെ കണ്ടു് ഇന്ന് സീനിയർ മഹാറാണി ആഹ്ലാദിക്കുമെന്നു ഞാൻ ആശിക്കുന്നു.

ക്ഷേത്രങ്ങളുടെ കാര്യക്ഷമത വർദ്ധിക്കുന്നു.

തിരുവിതാംകൂർസംസ്ഥാനത്തിൽ ഈ വലിയ പരിവത്തനത്തിന്റെ വരവോടുകൂടി, അവർണ്ണഹിന്ദുക്കളെപ്പോലെ തന്നെ സവർണ്ണഹിന്ദുക്കളും ക്ഷേത്രങ്ങൾ ദശിക്കുന്നതിൽ ഉത്സാഹം ഉള്ളവരായിത്തീരുമെന്നും ഞാൻ ആശിക്കുന്നു. ദൈവാനുഗ്രഹങ്ങൾ തേടിക്കൊണ്ടു പ്രാത്ഥനകൾ കൈക്കൊള്ളുമെന്നുള്ള ആശയിൽ ദിനംതോറും ക്ഷേത്രങ്ങളിൽ പോയിക്കൊണ്ടിരിക്കുന്ന സവർണ്ണപുരുഷന്മാരോടും സ്ത്രീകളോടും ഞാൻ ചിലതു് പറയാൻ ആഗ്രഹിക്കുന്നു. ക്ഷേത്രങ്ങളുടെ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ടെന്നും, മുൻപു് അനുഭവിച്ചിരുന്ന മാഹാത്മ്യം ഒട്ടുംതന്നെ നഷ്ടപ്പെട്ടിട്ടില്ലയെന്നും അവരോടു് തീത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു് നമ്മുടെ ഹൃദയത്തിൽ ആണെന്നും, അല്ലാതെ എത്രതന്നെ നല്ലപോലെ കൊത്തുവേലകൾ ചെയ്തിട്ടുള്ളതായാലും, ആ ശിലാബിംബത്തിൽ അല്ലെന്നും നമ്മുടെ ശാസ്ത്രങ്ങൾ നമ്മേ പഠിപ്പിക്കുന്നു. ഞാൻ ഇതുകൊണ്ടു് നിങ്ങളോടു് എന്തെങ്കിലും ഒരു പുതിയ സത്യം പറയുകയല്ല ചെയ്യുന്നതു്. നിങ്ങളെപ്പോലെ അതേ വ്യവസ്ഥയിൽ തന്നെ ആരാധന നടത്തുന്നതിനുള്ള ഒരു അതിപുരാതനമായ അവകാശം നിങ്ങളുടെ മതാവലംബികളിൽ ഒരു വലിയ ഭാഗത്തിനു വീണ്ടും ലഭിച്ചതുകൊണ്ടു് നിങ്ങളുടെ വിശ്വാസത്തിനു യാതൊരു ഹാനിയും തട്ടുകയില്ലെന്നു ഞാൻ ആശിക്കുന്നു.

ഒരു സങ്കടം.

ഞാൻ ഇവിടെ വന്നതുമുതൽക്ക് എന്നെ പീഡിപ്പിക്കുന്ന ഒരു സങ്കടത്തേ പററി പറയുന്നതിന് ഞാൻ താല്പര്യപ്പെടുന്നു. ഈ ആഘോഷങ്ങളെ നിങ്ങൾ ഈഴവക്ഷേത്രപ്രവേശനവിളംബരആഘോഷങ്ങൾ എന്ന് എന്തുകൊണ്ടാണു വിളിക്കുന്നതെന്ന് ഞാൻ അത്ഭുതപ്പെടുന്നുണ്ട്. താമസമെന്യെ നമുക്ക് ഒരു അഖിലതിരുവിതാംകൂർപുലയആഘോഷവും, പറയആഘോഷവും ഉണ്ടാകുമോ എന്ന് ഞാൻ അതിശയിക്കുന്നു. ഈഴവർ തിരുവിതാംകൂറിലെ വലിയതും, വളൎന്നുവരുന്നതും, പ്രധാനപ്പെട്ടതുമായ ഒരു സമുദായം ആണെന്ന് എനിക്ക് അറിയാം. ഞാൻ അത് സമ്മതിക്കുകയും ചെയ്യുന്നു. എന്നാൽ തിരുവിതാംകൂറിലെ പുലയരേയും പറയരേയും ഞാൻ കണ്ടിട്ടില്ലേ? ഞാൻ അവരെ കാണുമ്പോൾ, അവരുടെ മുഖത്ത് നേരെ നോക്കുന്നതിനുകൂടി എനിക്ക് സാധിക്കുന്നില്ല. അപ്പോൾ എനിക്ക് വലിയ അപമാനം തോന്നിയിട്ടുണ്ട്. തൻെറ കയ്യിൽ ഏല്പിച്ച ഒരു കടലാസ് എനിക്കു തരുന്നതിനായി ശ്രമിച്ചുകൊണ്ട് എന്റെ അടുക്കൽ കൊണ്ടുവരപ്പെട്ടപ്പോൾ ഭയംകൊണ്ടു വിറച്ചുകൊണ്ടിരുന്ന ഒരു നായാടിയെ കണ്ട കാഴ്ച ഞാൻ ഒരിക്കലും വിസ്മരിക്കയില്ല. ഞാൻ ജനബാഹുല്യമുള്ള തെരുവുകളിൽക്കൂടി കടന്നുപോകുമ്പോൾ ആണ് കൊച്ചിയിൽ വച്ച് അയാളെ എൻെറ അടുക്കൽ കൊണ്ടുവന്നത്. എനിക്കു തരുന്നതിന് നായാടികളുടെ വകയായിട്ടുള്ള ഒരു മംഗളപത്രം ആണ് അയാളുടെ കയ്യിൽ ഉണ്ടായിരുന്നതെന്ന് എന്നോടു പറയുകയുണ്ടായി. വിറച്ചുകൊണ്ടിരുന്ന അയാളുടെ ശോഷിച്ച കൈകൾക്ക് ആ മംഗളപത്രം എൻെറ കയ്യിൽ തരുന്നതിനു സാധിച്ചില്ല. അയാളുടെ കണ്ണുകളിൽ ഒരു പ്രഭയുമുണ്ടായിരുന്നില്ല. കുഴിഞ്ഞു താണിരുന്ന ആ നയനങ്ങളിൽ ആശയുടെ ഒരു രശ്മി പോലും ഞാൻ കണ്ടതായി എനിക്കു തോന്നുന്നില്ല. എന്തു ചെയ്യുന്നതിനായിട്ടാണ് അയാൾ നിയുക്തനായിരുന്നതെന്ന് അയാൾക്ക് അറിഞ്ഞുകൂടായിരുന്നു. നമ്പൂതിരി വാളണ്ടിയർ സംസാരിച്ചുകൊണ്ടിരുന്ന രസികൻ മലയാളം അയാൾക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നോ

എന്ന് എനിക്ക് അറിഞ്ഞുകൂടാ. ഒരു ഒററ നോട്ടത്തിൽ ഈ വസ്തുതകൾ എനിക്കു മനസ്സിലായി. ലജ്ജകൊണ്ടും വ്യസനം കൊണ്ടും ഞാൻ തല കുനിച്ചു; ആ വിലയേറിയ കടലാസ്സ് അവൻെറ കയ്യിൽനിന്നും പിടിച്ചുവാങ്ങുന്നതു് എൻെറ കൎത്തവ്യമാണെന്ന് എനിക്കു തോന്നി. ഇന്നത്തെ ആഘോഷക്കമ്മററിയിൽ അയാൾ എന്തുകൊണ്ടു് ഒരു അംഗമല്ല? അയാൾ അജ്ഞാതനാണെന്ന് എനിക്ക് അറിയാം. ഒരുപക്ഷേ അയാൾ മരിച്ചിരിക്കാം. അയാൾ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ, ഒരുപക്ഷെ ഇന്ന് തിരുവിതാംകൂറിൽ സംഭവിക്കുന്നതെന്തെന്ന് അയാൾക്ക് അറിവില്ലായിരിക്കാം. അതുകൊണ്ടു് ആഘോഷക്കമ്മററിയിലെ മെമ്പറന്മാരായ നിങ്ങളും, ഈ മഹായോഗത്തിൽ സന്നിഹിതരായിരിക്കുന്ന നിങ്ങളും അമ്മാതിരി ആളുകളെ പ്രതിനിധീകരിക്കുന്നുണ്ടോ ഇല്ലയോ എന്ന് ഞാൻ തന്നെത്താൻ ചോദിച്ചു. ഈ മഹായോഗം ഈ ജനങ്ങളെ പ്രതിനിധീകരിക്കുന്നില്ലെങ്കിൽ തീൎച്ചയായും എനിക്കു നിങ്ങളുടെ ഇടയിൽ സ്ഥാനം ഇല്ലെന്ന് ഞാൻ സബഹുമാനം താഴ്മയോടുകൂടി നിങ്ങളോടു പറയും. ഇതു് ഒരു വെറും മതപരമായ പ്രസ്ഥാനം ആണെങ്കിൽ, ഇതു് ഒരു വെറും മതപരമായ പുനരുദ്ധാരണമാണെങ്കിൽ, നീചമായ 'അഹ'ത്തിൻെറ കളങ്കം അതിൽ ഇല്ലെങ്കിൽ, നമ്മുടെ ഇടയിലുള്ള ഏററവും എളിയവരേയും, ഏററവും നിസ്സാരന്മാരേയും നിങ്ങൾ പ്രതിനിധീകരിക്കുന്നില്ലെങ്കിൽ, ഈ മഹനീയവിളംബരത്തിൻെറ ഫലത്തെ നിങ്ങൾ ഇല്ലാതാക്കുകയും, നിങ്ങൾ തന്നെ അതിനെ പരിത്യജിക്കുകയും ചെയ്യുന്നതായിരിക്കും.

പുതിയ സ്മൃതി നടപ്പിൽ വരുത്തുക.

ഈ യോഗത്തിൽ സർ സി. പി. രാമസ്വാമിഅയ്യർ എത്ര ശക്തിയായിട്ടാണു് സംസാരിച്ചതെന്നു നിങ്ങൾ കേട്ടുവല്ലോ. മഹാരാജാവു് നിങ്ങൾക്ക് ഒരു സ്മൃതി പ്രദാനംചെയ്തിട്ടുണ്ടു്. അതു് നടപ്പിൽ വരുത്തേണ്ടതും അതിനു ജീവൻ നൽകേണ്ടതും നിങ്ങളാണു്. തിരുവിതാംകൂർ മുഴുവനും—സവൎണ്ണരിലും അവൎണ്ണരിലും—ഈ മതപരമായ ചൈതന്യം വ്യാപി

ച്ചുകാണുന്നതിന് അവസരോചിതമാംവണ്ണം നിങ്ങൾ പ്രവത്തിച്ചില്ലെങ്കിൽ, ആ കൃത്യത്തിൽ നിങ്ങൾ നിശ്ചയമായും പരാജയപ്പെടും. നിങ്ങളിൽ ഓരോരുത്തനും അവനവൻെറ മാനസീകകരുതലോടുകൂടി ഈ മഹനീയകൃത്യത്തെ സമീപിച്ച് അതിനെ ഹൃദയംഗമമായി നടപ്പിൽ വരുത്താതെയിരുന്നാൽ ഈ വിളംബരം കേവലം ഒരു ഒൻപതു ദിവസത്തേയ്ക്കു നിലനില്ക്കുന്ന ഒരു അത്ഭുതം മാത്രമായിരിക്കും. അതുകൊണ്ട് ഈ വിളംബരത്തിൽ നിങ്ങൾ വേണ്ടവിധം ആഹ്ലാദിക്കുമ്പോഴും, നിങ്ങളുടെ മുഖങ്ങളിൽ ഞാൻ കാണുന്ന സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി അതിനെ നിങ്ങൾ കൊണ്ടാടുമ്പോഴും, നിങ്ങൾ ഇതുവരെ അകററിനിറുത്തിയിരുന്ന സമുദായത്തോടു മുഴുവനും നിങ്ങൾക്കുള്ള ചുമതല, നിങ്ങൾ ഗ്രഹിക്കുന്നില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ കത്തവ്യത്തെ നിവ്വഹിക്കുകയായിരിക്കയില്ലെന്ന് നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

നിങ്ങൾ ഇപ്പോൾ അസ്വസ്ഥരാകുന്നത് ഞാൻ കാണുന്നു. അവശ്യം വേണ്ടതിൽ ഒട്ടും കൂടുതലായി നിങ്ങളെ ഇവിടെ താമസിപ്പിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്റെ ഹൃദയത്തിൻെറ പൂർണ്ണതയിലാണ് ഞാൻ നിങ്ങളോടു സംസാരിക്കുന്നത്. ഹൃദയം ഹൃദയങ്ങളോടു സംസാരിക്കുമ്പോൾ അത് ആ ഹൃദയങ്ങളിൽ സ്ഥാനമുറപ്പിച്ചു കാണുന്നതിന് ആശിക്കുന്നു. ഇനി പത്തു മിനിട്ടിൽ കൂടുതലായി നിങ്ങളെ ഇവിടെ താമസിപ്പിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ സായാഹ്നത്തിൽ ഞാൻ പറയുവാൻ ഉദ്ദേശിച്ചിരുന്ന സംഗതികളിൽ പലതും ഞാൻ ഉപേക്ഷിക്കാൻ ശ്രമിക്കാം. അതിന് ഞാൻ മറെറാരു അവസരത്തെ തേടിക്കൊള്ളാം.

ക്ഷേത്രങ്ങൾ—ദൈവത്തോടുള്ള ബന്ധങ്ങൾ.

മാഹാത്മ്യമേറിയ പത്മനാഭക്ഷേത്രത്തിൽ ഞാൻ കണ്ടതെന്തെന്നു പറയാം. വെറും മതപരവും ആത്മീയവുമായ പുനരുദ്ധാരണത്തെപ്പററി ഞാൻ പറയുന്നത് അതു് ഒരു പക്ഷേ നല്ലപോലെ ഉദാഹരിക്കും. എൻെറ മാതാപിതാക്കന്മാർ എന്നിൽ ഉദ്ദീപിപ്പിച്ചിരുന്ന വിശ്വാസത്തോടും ഭക്തി

യോടുംകൂടി എന്റെ ചെറുപ്പകാലത്തു് ഞാൻ നിരവധി ക്ഷേത്രങ്ങളിൽ പോയിട്ടുണ്ടു്. എന്നാൽ ഇയ്യിടെയായി ഞാൻ ക്ഷേത്രങ്ങൾ ദർശിക്കാറില്ല. അയിത്തോച്ചാടനപ്രവത്തനത്തിൽ ഞാൻ ഏർപ്പെട്ടതിനു ശേഷം അസ്പൃശ്യർ എന്നു വിളിച്ചുവരുന്ന സകലക്കും തുറന്നുകൊടുക്കാത്ത ക്ഷേത്രങ്ങളിൽ ഞാൻ പോകയില്ലെന്നു് മനഃപൂവ്വം ഉറച്ചിരിക്കയാണു്. വിളംബരത്തിനു ശേഷം ക്ഷേത്രത്തിൽ പോയ നിരവധി അവർണ്ണഹിന്ദുക്കളിൽ ഉദിച്ചുയന്നിരിക്കാൻ ഇടയുള്ള ആ പുതുമ തന്നെയാണു് ഇന്നു കാലത്തു ഞാൻ ക്ഷേത്രങ്ങൾ സന്ദർശിച്ചപ്പോൾ എന്നിലും ഉദിച്ചുയന്നതു്. ദൈവത്തിന്റെ സന്ദേശം ശിലയിലും ലോഹത്തിലുംകൂടി പ്രചരിപ്പിക്കാൻ തുടങ്ങിയ ആ ചരിത്രാതീതമായ യുഗങ്ങളിലേയ്ക്കു് എന്റെ മനസ്സ് ഭാവനയിൽ തിരിച്ചു സഞ്ചരിച്ചു. ഓരോ വിഗ്രഹത്തേയും അയാളുടെ സ്വന്തം രസികൻ ഹിന്ദിഭാഷയിൽ വ്യാഖ്യാനിച്ചുകൊണ്ടിരുന്ന പുരോഹിതൻ, ആ വിഗ്രഹങ്ങളിൽ ഓരോന്നും ദൈവമാണെന്നു പറയുന്നതിനു് ആഗ്രഹിച്ചില്ലെന്നു് ഞാൻ വ്യക്തമായി കണ്ടു. എന്നാൽ ആ പ്രത്യേക വ്യാഖ്യാനം എനിക്കു നൽകാതെ തന്നെ ഈ ക്ഷേത്രങ്ങൾ അദൃഷ്ടവും, അദൃശ്യവും, അപ്രമേയവും ആയ ദൈവത്തിനും, അനന്തമായ സാഗരത്തിലെ പരമാണുക്കളായ നമുക്കും മദ്ധ്യേയുള്ള നിരവധി പാലങ്ങളാകുന്നുവെന്നു് അയാൾ എന്നെ മനസ്സിലാക്കി. മനുഷ്യവർഗ്ഗക്കാരായ നാം എല്ലാവരും തന്നെ തത്വജ്ഞാനികളല്ല; നാം ലോകത്തിലെ അതിലൌകികന്മാരാണു്. അദൃശ്യമായ ദൈവത്തെപ്പററി ധ്യാനിക്കുന്നതുകൊണ്ടു് തൃപ്തിയടയുന്നവരല്ല നാം. എങ്ങിനെയോ നമുക്കു സ്പർശിക്കാവുന്നതും, നമുക്കു കാണാവുന്നതും, നമുക്കു പ്രണാമം ചെയ്യാൻ കഴിയുന്നതുമായ എന്തോ ഒന്നു്, അല്ലെങ്കിൽ മറെറാന്നു്, നമുക്കു് ആവശ്യമാണു്. അതു് ഒരു ഗ്രന്ഥമോ, അല്ലെങ്കിൽ ഒഴിഞ്ഞുകിടക്കുന്ന ഒരു ശിലാനിമ്മിതമായ ഗേഹമോ, അല്ലെങ്കിൽ വിവിധരൂപങ്ങൾ അധിവസിക്കുന്ന മറെറാരു ശിലാനിമ്മിതമായ ഗേഹമോ. ആയിരുന്നാലും തരക്കേടൊന്നുമില്ല. ഒരു ഗ്രന്ഥം ചിലരെ തൃപ്തിപ്പെടുത്തും; മററു ചിലരെ ഒഴിഞ്ഞുകിടക്കുന്ന ഒരു ശിലാഗേഹം തൃപ്തിപ്പെടുത്തും. ഈ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളിൽ ആരും വസിക്കുന്നതു കണ്ടില്ലെങ്കിൽ

മററു വളരെപ്പേക്കു തൃപ്തിയുണ്ടാവുകയില്ല. ഒരു അന്ധവിശ്വാസസമുച്ചയത്തെയാണു് അവ പ്രതിനിധീകരിക്കുന്നതെന്ന വിചാരം കൂടാതെ ഈ ക്ഷേത്രങ്ങളെ സമീപിക്കണമെന്നു് പിന്നെ ഞാൻ നിങ്ങളോടു് ആവശ്യപ്പെടുന്നു. നിങ്ങൾ ഈ ക്ഷേത്രങ്ങളെ അവയിൽ വിശ്വസിച്ചുംകൊണ്ടു സമീപിക്കുമെങ്കിൽ, അവയെ സന്ദർശിക്കുന്ന ഓരോ തവണയും നിങ്ങൾ കൂടുതൽ ശുദ്ധിയുള്ളവരായും, സജീവമായ ഒരു ദൈവത്തിൽ കൂടുതൽ വിശ്വാസമുള്ളവരായും ആണു് തിരിച്ചുവരുന്നതെന്നു നിങ്ങൾക്കു മനസ്സിലാകും.

സകല വ്യത്യാസങ്ങളേയും നശിപ്പിക്കുക.

എങ്ങിനെ ആയാലും, ഞാൻ ഈ വിളംബരത്തെ ഒരു വെറും മതപരമായ കൃത്യമായിട്ടാണു കരുതുന്നതു്. 'ഈ തിരുവിതാംകൂർ സന്ദർശനത്തെ ഒരു തീർത്ഥയാത്രാമനോഭാവത്തോടുകൂടിയാണു് ഞാൻ കരുതുന്നതു്. ഒരു അസ്പൃശ്യനെ പെട്ടെന്നു സ്പൃശ്യനാക്കിയപോലെയാണു് ഞാൻ ഈ ക്ഷേത്രങ്ങളിൽ പോകുന്നതു്. ഈ മനോഭാവത്തോടുകൂടി നിങ്ങൾ എല്ലാവരും ഈ വിളംബരത്തെ സമീപിക്കുന്നെങ്കിൽ, നിങ്ങൾ സവർണ്ണരും അവർണ്ണരുമായിട്ടുള്ള വ്യത്യാസങ്ങളും, അതുപോലെ തന്നെ നിർഭാഗ്യവശാൽ നിലവിലിരിക്കുന്ന അവർണ്ണരും അവർണ്ണരും തമ്മിലുള്ള ആ സകല വ്യത്യാസങ്ങളും നിങ്ങൾ നശിപ്പിക്കും. ഏററവും കുറഞ്ഞതും താഴ്ന്നതുമായ നിലയിൽ സ്ഥിതിചെയ്യുന്നതായി വിചാരിക്കപ്പെടുന്ന നിങ്ങളുടെ സോദരീസോദരന്മാർ നിങ്ങൾ തന്നത്താൻ പ്രാപിച്ചിരിക്കുന്ന ഔന്നത്യത്തിലേക്കു് ഉയർത്തപ്പെടുന്നതുവരെ അവസാനമായി നിങ്ങൾക്കു തൃപ്തി അടയുവാൻ സാധിക്കുകയില്ല. യഥാർത്ഥമായ ആദ്ധ്യാത്മികപുനരുദ്ധാരണത്തിൽ സാമ്പത്തികമായ ഉന്നമനവും, അജ്ഞാനത്തിന്റേയും മനുഷ്യപുരോഗതിയെ പ്രതിരോധിക്കുന്ന മറെറല്ലാത്തിന്റേയും നിർമ്മാർജ്ജനവും ഉൾപ്പെടണം.

മഹാരാജാവിന്റെ ഈ വിളംബരത്തിൽ അന്തർലീനമായിരിക്കുന്ന സാദ്ധ്യതകളെ മുഴുവനും നടപ്പിൽ വരുന്നതിനായി ദൈവം നിങ്ങളെ സഹായിക്കട്ടെ! ക്ഷമയോടുകൂടി ഈ പ്രസംഗം കേട്ടതിനു് ഞാൻ നിങ്ങളോടു നന്ദി പറയുന്നു.

വെങ്ങാന്തൂർ.

(ഫർ,—ഫ—ഫൻസ.)

[വെങ്ങാന്തൂർ ഒരു പുലയകേന്ദ്രമാണ്. പുലയർ കഴിഞ്ഞ മുപ്പതുവർഷമായി അവരുടെ ഇടയിൽ ജോലി ചെയ്തുവരുന്ന അവരുടെ നേതാവായ അയ്യൻകാളിയുടെ കീഴിൽ ആയിരക്കണക്കിന് ഗാന്ധിജിയുടെ പ്രസംഗം കേൾക്കുന്നതിനായി കൂടിയിരുന്നു.]

ബുദ്ധിപൂർവ്വകമായും, മതപരമായും ഉപയോഗിക്കുക.

നിങ്ങളുടെ ഇടയിൽ സന്നിഹിതനായിരിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഏതിന്റെ ആഭിമുഖ്യത്തിലാണ് ഞാൻ തിരുവിതാംകൂർ സഞ്ചാരം ഇന്നു നടത്തുന്നതെന്നു ഗ്രഹിക്കുന്നതിൽ എനിക്ക് അതിലും കൂടുതൽ സന്തോഷമുണ്ട്. തിരുവിതാംകൂറിൽനിന്നും അസ്പൃശ്യതയെ പ്രായോഗികമായ വിധത്തിൽ നീക്കംചെയ്ത ആ മഹത്തായ വിളംബരത്തെ പററിയാണ് ഞാൻ പറയുന്നത്. "പ്രായോഗികമായ വിധത്തിൽ നീക്കംചെയ്ത" എന്നു ഞാൻ പറയുന്നു. എന്തെന്നാൽ വിളംബരം അത്ഭുതകൃത്യങ്ങൾ ചെയ്തെങ്കിലും, അതിന് എല്ലാം ചെയ്യാൻ സാദ്ധ്യമല്ല. ഇവിടെ നിന്നും, ഇൻഡ്യയിൽനിന്നുതന്നെ, അസ്പൃശ്യത മുഴുവനെ നീക്കം ചെയ്യാനുള്ള കൃത്യം സ്ഥിതിചെയ്യുന്നത് നിങ്ങളിലും എന്നിലുമാണ്.

പാതി നേരംപോക്കിലും, പാതി വാത്സല്യത്തിലും "പുലയരാജാവ്" എന്നു നിങ്ങൾ വിളിക്കുന്ന അയ്യൻകാളിയിൽ നിങ്ങൾക്ക് അക്ഷീണനായ ഒരു പ്രവർത്തകനുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിങ്ങൾ സ്ഥിരമായ പുരോഗതി പ്രാപിച്ചുവരുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ മഹത്തായ വിളംബരം നിങ്ങളുടെ പുരോഗതിയെ ത്വരിതപ്പെടുത്തുമെന്നുള്ളതിനെപ്പററി എനിക്കു യാതൊരു സംശയവുമില്ല. എനിക്ക് ഇന്ന് ഭാരമേറിയ ഒരു കാര്യപരിപാടിയുള്ളതുകൊണ്ട് ഞാൻ എന്നെത്തന്നെയോ നിങ്ങളേയോ അധിക

നേരം ഇവിടെ താമസിപ്പിക്കരുത്. എനിക്ക സമയമുണ്ടായിരുന്നെങ്കിൽ, ഒരു ദിവസം മുഴുവനും നിങ്ങളോടുകൂടി കഴിച്ചുകൂട്ടി നിങ്ങളിൽ പലരേയും അടുത്തറിയുന്നതിന്ന ഞാൻ ഇഷ്ടപ്പെടുമായിരുന്നു. എന്നാൽ തല്ക്കാലസ്ഥിതിക്ക് നിങ്ങളുടെ തിളങ്ങുന്ന മുഖങ്ങൾ കണ്ടുകൊണ്ടും, നിങ്ങളുടെ ഇടയ്ക്കുള്ള അല്പം നിമിഷങ്ങളിൽ എനിക്ക നേടുവാൻ സാധിക്കുന്ന സ്നേഹിതന്മാരേ കൊണ്ടും, ഞാൻ തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. ഞാൻ പോകുന്നതിന്ന മുൻപ് ഒരു ആശയം നിങ്ങൾക്ക നൽകുവാൻ ഇഷ്ടപ്പെടുന്നു. ക്ഷേത്രങ്ങളിൽ പോകുന്നതിന്നുള്ള ഈ അവസരത്തെ ബുദ്ധിപൂർവ്വമായും മതപരമായും നിങ്ങൾ ഉപയോഗിക്കുമെന്ന ഞാൻ ആശിക്കുന്നു. ക്ഷേത്രത്തിൽ പോകുന്നതുകൊണ്ട് നാം എന്തെങ്കിലും ആർജ്ജിക്കുകയോ ഒന്നും തന്നെ ആർജ്ജിക്കാതെയിരിക്കുകയോ ചെയ്യുന്നത്, നമ്മുടെ മനഃസ്ഥിതിയെ ആശ്രയിച്ചാണിരിക്കുന്നത്. നമുക്ക് ഈ ക്ഷേത്രങ്ങളെ സമീപിക്കേണ്ടത് എളിയതും, പശ്ചാത്താപപൂർണ്ണവുമായ ഒരു മനഃസ്ഥിതിയോടുകൂടിയാണ്. അവ ദൈവത്തിന്റെ അനേക ആലയങ്ങൾ ആണ്. നിശ്ചയമായും ദൈവം, ഓരോ മനുഷ്യ ആകാരത്തിലും, അദ്ദേഹത്തിന്റെ സൃഷ്ടിയിലെ ഓരോ അണുവിലും, ഈ ഭൂമിയിലുള്ള സകലതിലും നിവസിക്കുന്നു. എന്നാൽ വളരെ തെററുകൾ ചെയ്യുന്ന മനുഷ്യരായ നാം, ദൈവം എല്ലായിടത്തും ഉണ്ടെന്നുള്ള സംഗതിയെ ആദരിക്കാത്തതിനാൽ, നാം ക്ഷേത്രത്തിന്ന് പ്രത്യേക മാഹാത്മ്യത്തെ കല്പിച്ച്, ദൈവം അവിടെ വസിക്കുന്നു എന്നു വിചാരിക്കുന്നു. അതുകൊണ്ട് നാം ഈ ക്ഷേത്രങ്ങളെ സമീപിക്കുമ്പോൾ നമ്മുടെ ശരീരത്തേയും മനസ്സിനേയും ഹൃദയത്തേയും ശുദ്ധമാക്കണം. നാം ക്ഷേത്രങ്ങളിൽ പ്രാർത്ഥനാപരമായ മനഃസ്ഥിതിയോടുകൂടി പ്രവേശിക്കുകയും, അവിടെ പ്രവേശിച്ചതിനാൽ നമ്മേ കൂടുതൽ വിശുദ്ധരായ സ്ത്രീകളും പുരുഷന്മാരും ആക്കുന്നതിന്ന് ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യണം. ഒരു വൃദ്ധന്റെ ഈ ഉപദേശത്തെ നിങ്ങൾ കൈക്കൊള്ളുന്നു എങ്കിൽ, നിങ്ങൾക്ക ലഭിച്ചിട്ടുള്ള ഈ ശാരീരികമായ വിമോചനം, ആത്മാവിന്റെ വിമോചനം കൂടി ആയിരിക്കും.

തക്കല.

(ഫ്—ഫ—ഫൻസ്.)

[തെക്കൻ തിരുവിതാംകൂറിലെ മലംപ്രദേശങ്ങളിലുള്ള മറെറാരു വലിയ പുലയകേന്ദ്രമാണ് തക്കല.]

ആരാധനകലയെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യ.

മംഗളപത്രങ്ങൾക്ക് ഞാൻ നിങ്ങളോടു നന്ദി പറയുന്നു. പക്ഷെ അവ സംക്ഷിപ്തവും, കാര്യഭാഗം മാത്രം അടങ്ങിയതും, ഹിന്ദിയിലോ മലയാളത്തിലോ രചിച്ചിട്ടുള്ളതും ആയിരിക്കണമെന്ന് എനിക്കു നിങ്ങളെ ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു. നിശ്ചയമായും, ഇംഗ്ലീഷിൽ രചിച്ചിട്ടുള്ള ഒരു മംഗളപത്രം, നാം സേവനം ചെയ്യണമെന്നാഗ്രഹിക്കുന്ന നിരവധി ജനസമൂഹങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതല്ല. അവ ഹിന്ദിയിൽ എഴുതിയിരുന്നെങ്കിൽ, ഹിന്ദിക്കും മലയാളത്തിനും പൊതുവേയുള്ള ചുരുക്കം ചില പദങ്ങൾ എങ്കിലും അവർക്ക് മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. ജനസമൂഹത്തിന് ഇംഗ്ലീഷ് മനസ്സിലാക്കാൻ സാധിക്കാത്തതുപോലെ തന്നെ, ഹിന്ദിയും അവർക്ക് മനസ്സിലാവുകയില്ലെന്നു നിങ്ങൾ ഒരുപക്ഷേ പറഞ്ഞേക്കാം. എന്നാൽ അതു രണ്ടും ഒന്നുപോലെയല്ലെന്നു ഞാൻ പറയുന്നു. ഇംഗ്ലീഷ് ഗ്രഹിച്ചിട്ടില്ലാത്തവർക്ക് തീർച്ചയായും ഹിന്ദിയിൽ കുറേ പദങ്ങൾ എങ്കിലും മനസ്സിലാക്കാൻ സാധിക്കും. പിന്നെ, എന്തിനാണ് ഈ മംഗളപത്രങ്ങൾ ഭയങ്കരമായ ചട്ടക്കൂടുകളിൽ അടക്കം ചെയ്തിരിക്കുന്നത്? ഞാൻ ഇതെല്ലാം എങ്ങിനെയാണ് കൂടെ കൊണ്ടുപോകുന്നത്? ഇതു് കേട്ടു വന്നുകഴിഞ്ഞിരിക്കുന്നു. ഇതിലെ കണ്ണാടി കേട്ടു വരാൻ ഇടയുണ്ട്. അതിനാൽ അതു് കൂടെ കൊണ്ടുപോകുന്നതു് ആപൽക്കരമായിരിക്കും.

എന്നെ ഇവിടെ വരുത്തിയ ആ വിളംബരത്തെക്കുറിച്ച് ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ! തിരുവിതാംകൂറിലെ ആഘോഷങ്ങളിൽ നിങ്ങൾ ഭാഗഭാക്കാകുന്നു എന്നതിനുള്ള ഒരു തെളി

വാണ് നിങ്ങളുടെ ഇവിടത്തെ സാന്നിദ്ധ്യം എന്ന് എനിക്കറിയാം. വിളംബരത്തിന്റെ പ്രാധാന്യം നിങ്ങൾ ഓരോരുത്തരും മനസ്സിലാക്കണം. ഇവിടെയുള്ള സകല സ്ത്രീപുരുഷന്മാരും, അസ്പൃശ്യതയെപ്പററി ചിന്തിക്കുകയോ, അവരുടെ ഹൃദയങ്ങളിൽ അതിനെ ശ്രദ്ധമായി വച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്നെങ്കിൽ, അവർ വിളംബരത്തെ നടപ്പിൽ കൊണ്ടുവന്നിട്ടില്ല. മേലിൽ തിരുവിതാംകൂറിൽ അസ്പൃശ്യത ഇല്ല എന്നും, മനുഷ്യന്റേറയും ദൈവത്തിന്റേറയും ദൃഷ്ടിയിൽ നായന്മാരും, നമ്പൂതിരിമാരും, ഈഴവരും, പുലയരും, പറയരും എന്നുവേണ്ട സകലരും, സമതുലമുള്ള ദൈവസന്താനങ്ങൾ ആണെന്നും, ആ വിളംബരം നിങ്ങളോട്—പുരുഷനോടും, സ്ത്രീയോടും, എന്നുവേണ്ട, കുട്ടിയോടും—പ്രസ്താവിക്കുന്നു. അവർണ്ണക്ക് ശ്രീകോവിലിലേക്ക് പ്രവേശനം ലഭിക്കുമ്പോൾ, സ്വാഭാവികമായി മറെറല്ലാ വ്യത്യാസങ്ങളും നശിക്കുന്നു. അതുകൊണ്ട് സാമുദായികമായും സാമ്പത്തികമായും നല്ല നിലയുള്ളവർ, അവരെക്കാൾ മോശമായ നിലയിൽ ഉള്ളവരെ ഉയർത്തുന്നതിനു ശ്രമിക്കണം. നിങ്ങൾ സവർണ്ണർ ആണെന്നുള്ള വിശ്വാസംകൊണ്ട് ആത്മസംതൃപ്തി അടയുന്നെങ്കിൽ, നിങ്ങൾ അവർണ്ണരെ അവരുടെ വീടുകളിൽനിന്നും പുറത്തുകൊണ്ടുവന്ന് അവരെ ആരാധനകല പഠിപ്പിക്കണം. എന്നാൽ സവർണ്ണർ പോലും ആരാധനകല വിസ്മരിച്ചിരിക്കുന്നുവെന്ന് എനിക്കറിയാം. എങ്ങിനെയായാലും, വിളംബരം ഇപ്പോൾ അന്തരീക്ഷത്തെ പരിശുദ്ധമാക്കിത്തീർത്തിട്ടുള്ളതിനാൽ, നിങ്ങൾ ആ കല അഭ്യസിച്ച്, അവർണ്ണരെ അത് പഠിപ്പിക്കണം. നിങ്ങൾ അപ്രകാരം ചെയ്യുമെന്ന് ഞാൻ ആശിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നെയ്യാററിൻകര.

[ബാലകൃഷ്ണവിഗ്രഹമുള്ള ഒരു ഒന്നാന്തരം ക്ഷേത്രം നെയ്യാററിൻകരയുണ്ട്; ആ ക്ഷേത്രത്തിനടുത്ത് മാർത്താണ്ഡവർമ്മ മഹാരാജാവിനെ അദ്ദേഹത്തിൻെറ ശത്രുക്കൾ പിൻതുടൎന്നു കൊണ്ടിരുന്നപ്പോൾ, അതിൻെറ വലിയ പോതിൽ രക്ഷനൽകിയതും, അനവധി നൂററാണ്ടുകൾ പഴക്കമുള്ളതും ആയ ഒരു പ്ലാവ് സ്ഥിതിചെയ്യുന്നുണ്ട്. ഗാന്ധിജിയുടെ സന്ദേശം നായന്മാരും അവർണ്ണരും കൂടിയുള്ള ഒരു വലിയ ജനക്കൂട്ടം ശ്രദ്ധിച്ചു കേട്ടു.]

തിരുവിതാംകൂർ ഹിന്ദുമതത്തെ രക്ഷിക്കട്ടേ.

നിങ്ങൾ ഇവിടെ മുഴുവനായോ കുറച്ചു ഭാഗമായോ വായിച്ചുതീൎത്ത മൂന്നു മംഗളപത്രങ്ങൾക്കും ഞാൻ നിങ്ങളോട് വന്ദനം പറയുന്നു. എല്ലാ മംഗളപത്രങ്ങളും പൂൎണ്ണമായി കേൾക്കുന്നതിനു സമയമുണ്ടായിരുന്നെങ്കിലോ എന്ന് ഞാൻ വിചാരിക്കുന്നു. ഹിന്ദിമംഗളപത്രം മുഴുവനും ഞാൻ വായിച്ചു. ഹരിജനപ്രവൃത്തികളുടെ ഒരു റിപ്പോർട്ടായ രണ്ടാമത്തേത് ഞാൻ പൂർണ്ണമായി വായിച്ചുകൊള്ളാമെന്ന് നിങ്ങളോടു പ്രതിജ്ഞ ചെയ്യുന്നു. തിരുവിതാംകൂർ ഇന്ന് ആഹ്ലാദിക്കുന്നതിനു കാരണമാക്കിയ വിളംബരത്തിന് ഉത്തരവാദികളായ ത്രിമൂൎത്തികളേയും നിങ്ങൾ അഭിനന്ദിക്കുന്നതിനോടുകൂടി ഞാൻ ഭാഗഭാക്കാകുന്നു എന്നു പറയേണ്ട ആവശ്യമേയില്ല. ഐകകണ്ഠ്യമായും, ഹൃദയംഗമമായും ഈ വിളംബരത്തെ അംഗീകരിച്ച ഈ സ്ഥലത്തെ സവർണ്ണരേയും ഞാൻ അഭിനന്ദിക്കുന്നു. തീൎച്ചയായും, സവർണ്ണൎക്കും അവർണ്ണൎക്കും ഈ വിളംബരത്തെ തീരെ ഉപയോഗശൂന്യമാക്കിത്തീൎക്കാൻ കഴിയുന്നതാണ്. സവർണ്ണർ അലസതാപൂർണ്ണമായ അതൃപ്തി കൈക്കൊണ്ട് അസ്പൃശ്യതയേ നീക്കി അവരുടെ ഹൃദയം പരിശുദ്ധമാക്കാതെ ഇരുന്നേക്കാം. വിളംബരത്തിലെ അനുഗ്രഹത്തെ തെററിദ്ധരിച്ചും, ശരിയായ മനോഭാവത്തോടെ ക്ഷേത്രങ്ങളിൽ പോകാതേയും അവർണ്ണൎക്കു വിളംബരത്തെ

പൂർണ്ണമായി നിഷ്ഫലമാക്കുവാൻ സാധിക്കും. മഹാരാജാവും, മഹാറാണിയും, ദിവാനും അതിനു പിന്നിൽ യാതൊരു മാനസികമോ മററു വിധത്തിലോ ഉള്ള കരുതലുകൾ കൂടാതെയുള്ള വിളംബരത്തിൻെറ പ്രസിദ്ധീകരണംകൊണ്ടു് അവരുടെ കർത്തവ്യങ്ങൾ നിർവഹിച്ചുകഴിഞ്ഞു. സവർണ്ണരും അവർണ്ണരും യഥാർത്ഥത്തിൽ ഭക്തിപൂർണ്ണമായ പെരുമാററംകൊണ്ടു് രാഷ്ട്രത്തിൻെറ ഇത്തരം മഹത്തായ കൃത്യത്തിനു് അർഹന്മാരാണെന്നു് അവർ തെളിയിക്കുന്നെങ്കിൽ, നശിക്കാൻ ഭാവിച്ചിരുന്ന ഹിന്ദുമതത്തിന്റെ രക്ഷകർ തിരുവിതാംകൂറുകാർ ആണെന്ന സംഗതി ചരിത്രത്തിൽ രേഖപ്പെടുത്തുമെന്നു ഞാൻ പറയുന്നതു് നിങ്ങൾ വിശ്വസിക്കുക. എന്തെന്നാൽ അസ്പൃശ്യതയുമായുള്ള ഈ ദീർഘമായ ആയോധനകാലത്തു്, അസ്പൃശ്യത ജീവിക്കുന്നുവെങ്കിൽ ഹിന്ദുമതം നശിക്കുന്നു എന്ന എന്റെ അഭിപ്രായത്തെ മാററുന്നതിനുള്ള യാതൊന്നുംതന്നെ ഞാൻ കണ്ടിട്ടില്ല. ഈ വിശ്വാസം നിങ്ങളിൽ എല്ലാം സംക്രമിപ്പിച്ചാൽ കൊള്ളാമെന്നും നിങ്ങളുടെ ഓരോ പ്രവൃത്തിയിലും നിങ്ങളുടെ ഹൃദയങ്ങളിലും നിന്നു് അസ്പൃശ്യതയുടെ കളങ്കങ്ങൾ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു് നിങ്ങൾ കാണിക്കുമെന്നും ഞാൻ ആശിക്കുന്നു.

തിരുവട്ടാർ.

[അവിടത്തെ അതിപുരാതനമായ—ഒരുപക്ഷെ തിരുവനന്തപുരത്തെ മഹാക്ഷേത്രത്തിനെക്കാളും പുരാതനമായ—ക്ഷേത്രത്താൽ പ്രസിദ്ധമായിത്തീർന്നിട്ടുള്ള സ്ഥലമാണ് തിരുവട്ടാർ. ഭക്തിദ്യോതകമായ നിശ്ശബ്ദതയിൽ അവിടെ അനേകായിരം ജനങ്ങൾ ഗാന്ധിജിയുടെ പ്രസംഗം കേട്ടുകൊണ്ടിരുന്നു.]

ഹരിജനങ്ങളുടെ ഇടയിൽ ഹരിജനങ്ങളായി വർത്തിക്കുക.

പ്രതിരോധഭാവത്തിൽ കാണപ്പെട്ടിരുന്ന ഈ ക്ഷേത്രമതിലുകൾ "നിങ്ങൾക്ക് ഈ സ്ഥലത്തു വരുവാൻ ഇനിയും കാലമായിട്ടില്ല" എന്നു പറയുന്നതുപോലെ തോന്നിയിരുന്ന കാലത്ത്, കുറച്ചു വർഷങ്ങൾക്കു മുൻപ് ഞാൻ ഇവിടെ വന്നിരുന്നു. കുറച്ചു മാസങ്ങൾക്കു മുൻപ് തിരുവിതാംകൂർമഹാരാജാവുതിരുമനസ്സിലെ ഒരു വിളംബരം ഉണ്ടാകുമെന്നും, അസ്പൃശ്യർക്ക് എല്ലാ ക്ഷേത്രങ്ങളും തുറന്നുകൊടുക്കുമെന്നും ആരും വിചാരിച്ചിരുന്നില്ല. ഭൂതകാലങ്ങളിലെ പാപങ്ങൾ എല്ലാം തന്നെ ഒരു ഒററ തൂലികാപ്രയോഗം എന്നു ശരിയായി പറയാവുന്ന ഒന്നുകൊണ്ട് നിർമ്മാജ്ജനംചെയ്യപ്പെട്ടു. മഹാരാജാവിൻെറ കൈകൾ ആണ് ആ വിളംബരത്തിനു തുല്യം ചാർത്തിയതെങ്കിലും, അതിൻെറ പിന്നിൽ ഉണ്ടായിരുന്ന ആത്മീയശക്തി ശ്രീപത്മനാഭസ്വാമിയുടേതായിരുന്നു. മഹാരാജാവിനെപ്പററി ഇന്നു തിരുവിതാംകൂറിൽ പ്രചാരത്തിലിരിക്കുന്ന മനോഹരമായ ആ ഐതിഹ്യം ഞാൻ ഇന്നു മാത്രമേ മനസ്സിലാക്കിയൊള്ളു. നിങ്ങൾക്ക് എല്ലാം അറിവുള്ളതുപോലെ—തിരുവിതാംകൂറിലെ ശിശുക്കൾക്കു പോലും അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. തിരുവിതാംകൂറിലെ മഹാരാജാക്കന്മാർ, പത്മനാഭദാസന്മാർ എന്നാണ് അറിയപ്പെടുന്നത്. അവരെല്ലാം പത്മനാഭസ്വാമിയുടെ പ്രതിനിധികൾ ആണ്. ഞാൻ ഇന്നലെ മനസ്സിലാക്കിയപോലെ മഹാരാജാവിന് ദിവസംതോറും ആ ക്ഷേത്രത്തിൽ പോയി, അന്നത്തു ദിവസങ്ങളിലെ ജോലികളെപ്പററി പത്മനാഭസ്വാമിയിൽ നിന്നും നിർദ്ദേശങ്ങൾ വാങ്ങേണ്ടതായിട്ടുണ്ട്. ഞാൻ

നിങ്ങളോടു വിവരിച്ചതുപോലെ, മനുഷ്യനും മനുഷ്യനും തമ്മിൽ എന്നപോലെ, ആ സംഗതി സംഭവിക്കുന്നില്ല എന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ആ ഐതിഹ്യത്തിന്റെ പുറകിലുള്ള തത്ത്വം അത്യുത്തമമായ ഒന്നുതന്നെയാണ്. മഹാരാജാവ് തെററായതോ, പാപകരമായതോ, ദൈവസമ്മതിയില്ലാത്തതോ ആയ യാതൊന്നുംതന്നെ ചെയ്യുവാൻ ഇടയില്ലെന്നാണ് അതിന്റെ അർത്ഥം. അതുകൊണ്ടു് ഞാൻ മുൻപു പറഞ്ഞതുപോലെ, അദ്ദേഹം കൈക്കൊണ്ട മഹനീയമായ പ്രവൃത്തി ചെയ്യുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചതു് ദൈവചൈതന്യമാകുന്നു; ആ മഹത്തായ വിളംബരത്തിന്റെ ഗുണഭോക്താക്കൾ ആയിത്തീർന്നിട്ടുള്ള നിങ്ങളെ അഭിനന്ദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു് ഈ അടുത്ത കാലത്തു സംഭവിച്ചിട്ടുള്ളതിനാൽ ആ മഹനീയ കൃത്യത്തിന്റെ പ്രാധാന്യം നമുക്ക് ശരിയായി മനസ്സിലാക്കാൻ സാധിക്കുകയില്ല. എന്റെ കഴിഞ്ഞ യാത്രയിൽ, പ്രതിരോധകഭാവമുള്ളതു് എന്ന് എനിക്ക് അന്നു തോന്നിയിരുന്ന ഈ ക്ഷേത്രമതിലുകൾക്കു വെളിയിൽ വച്ചു ഞാൻ പൊതുജനങ്ങളോടു് ഒരു പ്രസംഗം ചെയ്തു. ഞാൻ സ്വമനസ്സാലെ എന്നെത്തന്നേ, ഒരു പുലയനായോ, പറയനായോ,—താഴ്ന്നവരിൽവച്ചു് ഏററവും താഴ്ന്നവനായോ, ഹരിജനങ്ങളിൽവച്ചു് ഒരു ഹരിജനമായോ മാത്രമായിട്ടേ—കരുതുന്നുള്ളു. എന്നാൽ മഹാരാജാവു് തന്നെ ദൈവഭൃത്യൻ, അതായതു്, ഹരിജൻ എന്ന സ്ഥാനപ്പേരു കൈക്കൊണ്ടിട്ടുണ്ടെന്നും, അതനുസരിച്ചാണ് അദ്ദേഹം അഭിമാനത്തോടെ തുല്യംചാർത്താറുള്ളതെന്നും ഞാൻ ഇപ്പോൾ അറിയുന്നു. തീർച്ചയായും അദ്ദേഹം ദൈവഭൃത്യന്മാരിൽ പ്രഥമഗണനീയനാണ്. അതു് സേവനാവകാശം കൊണ്ടാണെന്നു നമുക്ക് അറിയാം. പ്രഭുക്കന്മാരുടേയും, യജമാനന്മാരുടേയും ഇടയിൽ അദ്ദേഹം ഒന്നാമത്തെ പ്രഭുവല്ല. സേവനത്തിൽ എല്ലായ്പോഴും തുറന്നതും, പ്രശംസനീയവുമായ മത്സരമുണ്ട്. അതു് യാതൊരു പ്രതിഫലത്തേയോ, പ്രാമുഖ്യത്തേയോ ആവശ്യപ്പെടുന്നില്ല. വിളംബരത്തെ നമുക്ക് ഈ വഴി പരിശോധിക്കാം. നമ്പൂതിരിമാരും, മററു ബ്രാഹ്മണരും, തിരുവിതാംകൂറിലെ മററു ഉയർന്ന ജാതിഹിന്ദുക്കൾ എന്നു വിളിച്ചുവരുന്നവരും അവസരോചിതമായ വിധത്തിൽ പ്രവ

ത്തിക്കുകയും, ഹരിജനങ്ങളുടെ കൂട്ടത്തിൽ, ദൈവഭൃത്യന്മാരുടെ കൂട്ടത്തിൽ, അവർ സ്വമനസ്സാലെ ഹരിജനങ്ങളായിത്തീരുകയും ചെയ്യട്ടെ! വിളംബരത്തിനനുസരിച്ചുള്ള അവരുടെ പ്രവൃത്തിയാൽ ഉച്ചന്മാരും നീചന്മാരുമായി ആരും ഇല്ലെന്നും, എന്നാൽ ദൈവദൃഷ്ടിയിൽ എല്ലാവരും സമന്മാരാണെന്നും ലോകം അറിയട്ടെ.

നാഗരുകോവിൽ.

(ഫ്—ഫ—ഫൻസ.)

[ഗാന്ധിജിയുടെ സന്ദേശം കേൾക്കുവാൻ ൧൦൦൦൦ ആളുകളിൽ ഒട്ടും കുറവില്ലാത്ത ഒരു ജനക്കൂട്ടം ശ്രമിക്കുകയുണ്ടായി. ഉച്ചഭാഷിണികളുടെ അപൂർണ്ണമായ വിജയവും, അനുചിതമായ പരിഭാഷയും, ഇതു മിക്കവാറും അസാദ്ധ്യമാക്കിത്തീർത്തു. ഹിന്ദിപ്രേമികളായ പൊതുജനങ്ങളുടെ വകയായി നൽകിയ രണ്ടു മംഗളപത്രങ്ങളിൽ ഒന്ന് മലയാളികളുടേയും, മററത് തമിഴരുടേയും വക ആയിരുന്നു എന്ന് പിന്നീടു ഞങ്ങൾ മനസ്സിലാക്കി.]

പശ്ചാത്താപത്തോടുകൂടിയ ഒരു തീർത്ഥയാത്രക്കാരൻ.

ഞാൻ നാഗർകോവിലിനോ, ആ കാരണംകൊണ്ട് അല്ലെങ്കിൽ തിരുവിതാംകൂറിനു മുഴുവനോ, ഒരു അപരിചിതനല്ല. നാഗരുകോവിലിലെ ജനസമൂഹങ്ങളുമായി നിങ്ങൾ എന്നെ ഒന്നിൽ അധികം പ്രാവശ്യം പരിചയപ്പെടുത്തിയിട്ടുണ്ട്. നിങ്ങളുടെ സാന്നിദ്ധ്യം ഒന്നുകൊണ്ടു മാത്രം നിർണ്ണയിക്കുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ സീമാതീതമായ ഉത്സാഹം ഒന്നിലധികം തവണ പ്രദർശിപ്പിച്ചിട്ടുണ്ട്. നിങ്ങൾ സ്നേഹപൂർവ്വം എനിക്കു നൽകിയ മംഗളപത്രങ്ങൾക്കു ദീർഘമായ മറുപടി എന്നിൽനിന്നും നിങ്ങൾ ആശിക്കുന്നുണ്ടായിരിക്കയില്ല. തീർച്ചയായും ഈ അവസരത്തിൽ നിങ്ങൾ എനിക്ക് ഒരു മംഗളപത്രവും തരേണ്ട ആവശ്യമേ ഉണ്ടായിരുന്നില്ല. തിരുവെഴുത്തുവിളംബരത്തിൽ നിങ്ങൾക്കുള്ള ആനന്ദത്തിൽ ഭാഗഭാക്കാകുന്നതിനാണ് ഞാൻ വന്നിട്ടുള്ളത് എന്ന സംഗതി സംശയാതീതമാണ്. എന്നാൽ മറെറല്ലാത്തിനെക്കാളും കൂടുതലായി, ഞാൻ പശ്ചാത്തപിക്കുന്ന ഒരു തീർത്ഥയാത്രക്കാരനായിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. ആ വിളംബരത്തിൻെറ വൈശിഷ്ട്യംമൂലം നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന കർത്തവ്യം ഒന്നു മാത്രംകൊണ്ടാണ് എന്റെ മനസ്സു നിറഞ്ഞിരിക്കുന്നത്. തൻമൂലം എനിക്ക് എൻെറ ശ്രദ്ധ മറെറാന്നിലേക്കും പതിപ്പിക്കുവാൻ കഴിയുന്നില്ല.

എന്നാലും, ഹിന്ദിപ്രചരണത്തിൽ വ്യാപൃതനായിരിക്കുന്ന നിങ്ങളിൽനിന്നും എനിക്കു രണ്ടു മംഗളപത്രങ്ങൾ കിട്ടിയതിൽ എനിക്കുള്ള ആശ്ചര്യത്തെ ഞാൻ പ്രകടിപ്പിക്കതന്നെ വേണം. ഈ വേണ്ടതിലധികമുള്ള പ്രവർത്തനത്തിനുള്ള കാരണം എന്തെന്നു കണ്ടുപിടിക്കുവാൻ എനിക്കു സാധിച്ചിട്ടില്ല; എന്നാൽ ഈ രഹസ്യം അറിയുവാനായി സമയം കളയുവാൻ ഞാൻ വിചാരിക്കുന്നുമില്ല.

വിളംബരത്തിൽനിന്നും ഉളവാകുന്ന കർത്തവ്യത്തെ സാധിപ്പിക്കുക.

ഈ വിളംബരം ആർക്കു വേണ്ടി നിർമ്മിക്കപ്പെട്ടോ അവർക്ക് വന്നുചേർന്നിട്ടുള്ള കർത്തവ്യത്തെപ്പററി നമുക്കു ചിന്തിക്കാം. ആളുകൾ മിക്കവാറും ഉദാസീനതയോടുകൂടി കരുതുന്ന ഒരു സാധാരണ ഗവർമ്മെൻറ്പ്രവൃത്തിയായിട്ട് വേണമെങ്കിൽ നിങ്ങൾക്ക് ഈ വിളംബരത്തെ ഗണിക്കാം; അല്ലെങ്കിൽ ഹിന്ദുമതത്തിൻെറ ഭാവി സ്ഥിതിചെയ്യുന്ന ഒരു അസാധാരണമായ ഗവർമ്മെൻറുകൃത്യമായി നിങ്ങൾക്ക് ഇതിനെ കരുതാം. നിങ്ങൾ വിളംബരത്തിൻെറ ശരിയായ ആശയത്തെ ധരിക്കുന്നു എങ്കിൽ, അതിൻെറ ഫലം തിരുവിതാംകൂറിനു മാത്രമല്ല, എന്നാൽ ഇൻഡ്യയ്ക്കു മുഴുവനും തന്നെ അത്ഭുതാവഹമായിരിക്കും. ഈ അസ്പൃശ്യത (ഞാൻ ഇപ്പോഴും അതു് പറയണമെന്നു തന്നേ വിചാരിക്കുന്നു.) ഹിന്ദുമതത്തിന്മേൽ വളർന്നുവന്നു്, അതിൻെറ ഉത്തമകുസുമങ്ങളേ നശിപ്പിക്കുവാൻ ഭാവിച്ച ഒരുതരം ഇത്തിൾക്കണ്ണി ആയിരുന്നു. ഹിന്ദുമതത്തിൽനിന്നും അസ്പൃശ്യതയെ ഉന്മൂലനം ചെയ്യുന്നതിനുള്ള ഒരു ധീരപ്രയത്നം—ഒരു ശ്രദ്ധേയമായ പ്രയത്നം—ആയിട്ടാണു് ഞാൻ ഈ വിളംബരത്തെ കരുതുന്നതു്. ഈ വിളംബരപ്രഖ്യാപനംകൊണ്ടു് മഹാരാജാവും അവിടുത്തെ ഉപദേഷ്ടാക്കളും, ആയത്തത്തിൻെറ വേരുകൾ അറുത്തുകളഞ്ഞിരിക്കുന്നു. എന്നാൽ അവർണ്ണഹിന്ദുക്കളും സവർണ്ണഹിന്ദുക്കളും ഇതിനെ സ്വാഗതംചെയ്തില്ലെങ്കിൽ ഈ വിളംബരം ഉപയോഗശൂന്യമായിത്തീരും. ഞാൻ തിരുവിതാംകൂറിൽ വന്നതിനുശേഷം ഇതേവരെ, അമ്പലങ്ങൾ സന്ദർശിക്കു

കയല്ലാതെ മറെറാന്നും ചെയ്തിട്ടില്ല. ഈ ക്ഷേത്രങ്ങൾ കുറച്ചു നാൾ മുൻപുവരെ, എനിക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന സ്ഥലങ്ങൾ ആയിരുന്നു എന്ന് ഞാൻ സ്വയമേവ കരുതിയിരുന്നു. ഈ ക്ഷേത്രങ്ങളിൽ തിരുവിതാംകൂറിലെ ഭൂരിഭാഗം ഹിന്ദുക്കൾക്ക് പ്രവേശനാവകാശം ഇല്ലാതിരുന്നപ്പോൾ, ആ ക്ഷേത്രങ്ങൾക്ക് അവയുടെ ഇഷ്ടംപോലെ കഴിച്ചുകൂട്ടാമായിരുന്നു. ഹിന്ദുമതശുദ്ധീകരണജോലിയുടെ പ്രാരംഭമാണ് ഈ വിളംബരം. ഈ ജോലിയിൽ സവർണ്ണക്കും അവർണ്ണക്കും അവരവക്ക് നിർവഹിക്കാവുന്ന പ്രത്യേക കർത്തവ്യങ്ങൾ ഉണ്ട്. ഇന്നലത്തെ അയിത്തജാതിക്കാരെ, അവരുടെ ശക്തിക്കൊത്തവണ്ണം തങ്ങളുടെ കൃത്യനിർവഹണത്തിനായി തനിച്ചുവിടുകയാണെങ്കിൽ, അത് സവർണ്ണഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം ഒരു വലിയ ആക്ഷേപത്തിനു കാരണമാകും. അതുകൊണ്ട് ഹിന്ദുമതത്തിൻെറ വളച്ചയിൽ ക്ഷേത്രങ്ങൾക്കുള്ള സ്ഥാനം കണ്ടുപിടിക്കേണ്ടത് എനിക്കും നിങ്ങൾക്കും ഒരുപോലെ അത്യാവശ്യമാണ്. ഈ ക്ഷേത്രങ്ങളിൽ സജീവമായ ഒരു ദൈവം വസിക്കുന്നുണ്ടോ എന്ന് എനിക്കും നിങ്ങൾക്കും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഹൃദയവും മനവും അതിൽ കേന്ദ്രീകരിച്ചില്ലെങ്കിൽ, നമ്മുടെ അന്വേഷണം നിഷ്ഫലം ആകുമെന്ന് ഞാൻ നിങ്ങളോടു തീർച്ച പറയുന്നു. ആ അന്വേഷണം എങ്ങിനെയാണു നടത്തേണ്ടത് എന്നുള്ളതിനെപ്പററി എനിക്ക് അറിയാമെന്ന് ഞാൻ വിചാരിക്കുന്നു എന്നുള്ള സംഗതി താഴ്മയായി അറിയിച്ചുകൊള്ളുന്നു. എന്നാൽ ധൃതിയായി നടത്തുന്ന ഈ യാത്രയിലും, അതുപോലെതന്നെ ധൃതിയിൽ വിളിച്ചുകൂട്ടിയിരിക്കുന്ന ഈ യോഗത്തിലും വച്ച് ആ അന്വേഷണത്തെപ്പററി വിവരിക്കുക സാദ്ധ്യമല്ല. ആ അന്വേഷണം നടത്തുന്നതിനായി, ഇതിലും നല്ലതായ മററു വല്ല അവസരങ്ങളും ഞാൻ ആരായണം. തൽക്കാലത്തേയ്ക്ക്, ഈ അന്വേഷണത്തിലേയ്ക്ക്, നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുവാൻ എനിക്കു സാധിച്ചിട്ടുണ്ടെങ്കിൽ അത് മതിയാവുന്നതാണ്. ഒരു സാധാരണ രീതിയിൽ ഈ വിളംബരത്തെ കരുതരുതെന്ന് നിങ്ങളെ വിശ്വസിപ്പിക്കുന്നതിൽ ഞാൻ വിജയി

യായിട്ടുണ്ടെങ്കിൽ, അതു് എനിക്കു് വലിയ സംതൃപ്തി പ്രദാനം ചെയ്യുന്നതാണു്. ഈ വിളംബരത്തിന്റെ പ്രവർത്തനത്തിൽ ഓരോ പുരുഷനും സ്ത്രീക്കുമുള്ള കർത്തവ്യമെന്തെന്നു് അറിയുന്നതായാൽ അതു മതി. ഈ ചിന്തയോടുകൂടി ഞാൻ നിങ്ങളോടു് ഇന്നു രാത്രി യാത്ര പറയുന്നു.

വക്കലയിലെ ശിവഗിരിമഠം.

(൧൯൩—൪—൧൯൩൩)

[ശിവഗിരിമഠത്തിൽനിന്നും കുറച്ച് അകലെ സ്ഥിതി ചെയ്യുന്ന വക്കല ജനാർദ്ദനസ്വാമിയുടെ പ്രസിദ്ധ ക്ഷേത്രത്തിൽ ഗാന്ധിജി ആരാധന നടത്തി. കടലിലെ തിരമാലകൾ അടിത്തട്ടുകളെ സദാ പ്രക്ഷാളനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഉന്നതതടത്തിന്മേൽ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം ഇൻഡ്യയിലെ ഏററവും മനോഹരമായ ഒരു സ്ഥലത്താണു നില്ക്കുന്നത്. ഭാരതത്തിൻെറ സകല ഭാഗങ്ങളിൽനിന്നും ഈ ക്ഷേത്രം തീർത്ഥയാത്രക്കാരെ ആകർഷിച്ചുവരുന്നുണ്ട്. ഏ. ഡി. ൧൯൩൨-ലെ ഒരു ശിലാലേഖനം ആ വർഷത്തിലാണ് ഈ ക്ഷേത്രം പണിയിച്ചതെന്നു കാണിക്കുന്നു. ഒരു ലത്തീൻഭാഷയിലുള്ള ലേഖനത്താൽതന്നെ, ഡച്ചുകാരാൽ സമ്മാനിക്കപ്പെട്ടതെന്നു കാണിക്കുന്ന ഒരു വലിയ മണി ആ ക്ഷേത്രത്തിൽ ഉണ്ട്.

ശിവഗിരിമഠത്തിൽ വച്ച് ഈഴവർ ഗാന്ധിജിക്ക് അതികേമമായ ഒരു സ്വാഗതം നൽകി. ആ മഠത്തിൻെറ ചാർജ്ജു വഹിക്കുന്ന സ്വാമി, അദ്ദേഹത്തിൻെറ സ്വാഗതപ്രസംഗത്തിൽ ഗാന്ധിജി ഈ ആശ്രമത്തെ ഇതിനു മുൻപ് രണ്ടുതവണ സന്ദർശിച്ചിട്ടുണ്ടെന്നും, ഗാന്ധിജിക്ക് എല്ലാപ്പോഴും നാരായണഗുരുസ്വാമിയിൽനിന്നും പ്രേരകശക്തി ലഭിച്ചിട്ടുണ്ടെന്നും, ഒരു മതം, ഒരു ജാതി, ഒരു ദൈവം എന്ന തത്വം പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം സഹായിച്ചിട്ടുണ്ടെന്നും പറയുകയുണ്ടായി. സമുദായത്തെ പുനഃസംഘടിപ്പിക്കുന്നതിനായിട്ടാണ് അവരുടെ നാരായണഗുരുസ്വാമി ജനിച്ചത്. അദ്ദേഹത്തിൻെറ ആഗ്രഹം ജാതി നശിപ്പിക്കണമെന്നായിരുന്നു. അദ്ദേഹം അവരുടെ ജാതിയിലെ അശോകമഹാരാജാവായിരുന്നു. ഗാന്ധിജി നാരായണഗുരുസ്വാമിയുടെ ജീവിതത്തേയും ഉപദേശങ്ങളേയുംപററി മനസ്സിലാക്കുവാൻ കുറച്ചു സമയം ഉപയോഗിക്കയാണെങ്കിൽ, തൽഫലമായി ഇൻഡ്യയെ പുനഃസംഘടിപ്പിക്കുന്നതിനായി ജീവിതത്തെ വിനിയോഗിച്ച മറെറാരു മഹാത്മാവു കൂടി ഉണ്ടായിരുന്നു എന്ന്

അദ്ദേഹത്തിന് അറിവാകും. ആ മഠത്തെ ആശയങ്ങളുടെ ഒരു കുന്നായും, ഗാന്ധിജിക്കു താമസിച്ച് ഇൻഡ്യയ്ക്കു വേണ്ടിയുള്ള അദ്ദേഹത്തിൻെറ ജോലി തുടരുവാൻ ഏററവും അനുയോജ്യമായ ഒരു സ്ഥലമായും സ്വാമി പറയുകയുണ്ടായി.

സ്വാമി പറഞ്ഞതിനു മറുപടിയായി ഗാന്ധിജി ഇപ്രകാരം പറഞ്ഞു.

ശാരീരികവും, ആദ്ധ്യാത്മികവുമായ ഒരു തോട്ടിവേലക്കാരൻ.

മൂന്നാമത്തെ തവണ നിങ്ങളുടെ ഇടയിൽ വരുന്നതിന് എനിക്കു വളരെ സന്തോഷമുണ്ട്. ഞാൻ ആദ്യം ഇവിടെ വന്നപ്പോൾ, എനിക്കു നിങ്ങളുടെ ഗുരുവിനെ—ആ മഹാനായ സ്വാമിയെ—വണങ്ങുന്നതിനുള്ള ഭാഗ്യമുണ്ടായിരുന്നു. നിങ്ങളുടെ ഇടയിൽ അദ്ദേഹം ചെയ്തിട്ടുള്ള ജോലി കണ്ടുപഠിക്കുവാനാണ് നിങ്ങൾ എന്നെ ക്ഷണിച്ചിട്ടുള്ളത്. ശരി, ഞാൻ ആദ്യം ഇവിടെ വന്നപ്പോഴും എനിക്കു കഴിയുന്നിടത്തോളം ആത്മാർത്ഥതയോടുകൂടി ഞാൻ അതു ചെയ്യുകയുണ്ടായി. ഞങ്ങൾക്കു പൊതുവായി താല്പര്യമുണ്ടായിരുന്ന വിഷയങ്ങളെപ്പററി അദ്ദേഹവും ഞാനുമായി ദീർഘമായും ഗൌരവമായുമുള്ള സംഭാഷണങ്ങൾ ഉണ്ടായി; ഞങ്ങൾ സംസാരിച്ച പല വിഷയങ്ങളെപ്പററിയും എനിക്ക് അദ്ദേഹത്തോടു യോജിക്കുവാൻ യാതൊരു വിഷമവുമുണ്ടായിരുന്നില്ല. അദ്ദേഹത്തിൻെറ വിദ്വാന്മാരായ ആദ്യത്തെ ശിഷ്യന്മാരോടും അന്ന് ഞാൻ വാദപ്രതിവാദം ചെയ്യുകയുണ്ടായി. അദ്ദേഹത്തിൻെറ സമാധിക്കു ശേഷം, സ്വാമിയുടെ പ്രധാനപ്പെട്ട വചനങ്ങളുടെ സങ്കലനം ഉൾപ്പടെ പലതും അദ്ദേഹത്തിൻെറ ശിഷ്യന്മാർ എനിക്ക് അയച്ചുതന്നു. ഇങ്ങിനെയുള്ള ഒരു മഹാത്മാവിൻെറ കൃതി ആവശ്യപ്പെടുന്ന ബഹുമാനത്തോടുകൂടി ഞാൻ അതെല്ലാം പഠിക്കുകയും ചെയ്തു. ഓരോ തവണയും ഞാൻ ഇവിടെ വരുമ്പോൾ, ഞാൻ ഇവിടെനിന്നും എന്തെങ്കിലും കൈക്കലാക്കി കൊണ്ടുപോകുന്നു എന്ന് നിങ്ങൾ പറയുന്നതു ശരിതന്നേയാണ്. എനിക്ക് "മഹാത്മാ" എന്ന സ്ഥാനത്തിനു യാതൊരു അവകാശവും ഇല്ലെന്ന് ഞാൻ സമ്മതി

ക്കുന്നു. ആ സ്ഥാനം എന്നെ പലപ്പോഴും അസുഖപ്പെടുത്തിയിട്ടുണ്ട്. ചിലപ്പോൾ അതു എനിക്ക് നാശകരമായിട്ടു തോന്നിയിട്ടുണ്ട്. മഹാത്മാ എന്നു വിളിച്ചുംകൊണ്ട്, ജനങ്ങൾ നീചമായ എന്തെങ്കിലും ചെയ്തിട്ടുള്ളപ്പോൾ ആണ് എനിക്ക് ഇപ്രകാരം തോന്നിയിട്ടുള്ളത്. നിങ്ങൾക്കു നൽകുന്നതിനായി പുതിയ മതമോ, നിങ്ങളെ വ്യാഖ്യാനിച്ചു കേൾപ്പിക്കുന്നതിനായി പുതിയ സത്യമോ, എനിക്ക് ഇല്ല. പദാർത്ഥസരണമായും, ആദ്ധ്യാത്മികമായും ഒരു തോട്ടിയുടേതെന്നു പറയാവുന്ന ഒന്നാണ് എന്റെ എളിയസ്ഥിതി. കക്കൂസുകളും, കക്കോഡുകളും, തെരുവുകളും വൃത്തിയാക്കുന്നതിനുള്ള ബാഹ്യമായ കല എനിക്കറിയാം. എനിക്കു കാണാൻ കഴിയുന്ന രീതിയിൽ സത്യത്തിന്റെ ഒരു ശരിയായ വ്യാഖ്യാതാവാകുന്നതിനായിക്കൊണ്ട്, എന്റെ അന്തർഭാഗങ്ങളേയും വൃത്തിയാക്കാൻ ഞാൻ ശ്രമിക്കുന്നു.

ജാതിയും വർണ്ണവും.

തീർച്ചയായും സ്വാമിയുടെ ഉപദേശങ്ങൾക്കും, എനിക്കും പൊതുവെ യോജിക്കുന്നവയായിട്ട് വളരെ സംഗതികൾ ഉണ്ടായിരുന്നു. ലോകത്തിൽ ഒരു മതം മാത്രമേ ഉള്ളുവെന്ന് ഞാനും വിശ്വസിക്കുന്നു; എന്നാൽ അതൊരു വലിയ വൃക്ഷമാണെങ്കിലും, അതിന് പല കൊമ്പുകളും ഉണ്ടെന്നുകൂടി എനിക്ക് വിശ്വാസമുണ്ട്. എന്റെ ഇന്നത്തെ ഓർമ്മ ശരിയാണെങ്കിൽ ഞാൻ ഈ വസ്തുത സ്വാമിയെ മനസ്സിലാക്കാൻ ശ്രമിച്ചു. എല്ലാ കൊമ്പുകളും അതിന്റെ ചാറം ഒരു സ്ഥലത്തു നിന്നു തന്നെ എടുക്കുന്നപോലെ, എല്ലാ മതങ്ങൾക്കും അതിന്റെ തത്വങ്ങൾ ഒരേ ഊററുറവിൽ നിന്നാണു ലഭിക്കുന്നത്. ഒരു മതം മാത്രമേ ഉള്ളുവെങ്കിൽ, തീർച്ചയായും ഒരു ദൈവം മാത്രമേ ഉണ്ടാവാൻ പാടുള്ളൂ; ഒരു സമ്പൂർണ്ണമായ ദൈവത്തിന് പല ശാഖകൾ ഉണ്ടാകുവാനും സാദ്ധ്യമല്ല. അദ്ദേഹം അദൃശ്യനും, അവർണ്ണനീയനും ആകുന്നു. അതുകൊണ്ട് ഭൂമിയിൽ എത്ര മനുഷ്യരുണ്ടോ അത്രയും പേരുകൾ അദ്ദേഹത്തിനും ഉണ്ടെന്ന് സൂക്ഷ്മമായി പറയാം. നാം എന്തു പേരുകൊണ്ട് അദ്ദേഹത്തെ വിവരിച്ചാലും, അദ്ദേഹം ഒന്നു

തന്നെയാണ്. നാം എല്ലാവരും ഒരേ സൃഷ്ടികർത്താവിന്റെ ശിശുക്കളാണെങ്കിൽ, നമ്മുടെ ഇടയിൽ യാതൊരു ജാതിയും ഉണ്ടാകുവാൻ പാടില്ല. നാം ഏകസഹോദരങ്ങളാണ്. അതു കൊണ്ട് നമ്മുടെ ഇടയിൽ ഉയർന്നതെന്നും, താണതെന്നും ഉള്ള വ്യത്യാസങ്ങൾ ഉണ്ടാകുവാൻ പാടില്ല. സവർണ്ണരും അവർണ്ണരും ഉണ്ട്. ഒന്നുകിൽ എല്ലാവരും സവർണ്ണരാണ്; അല്ലെങ്കിൽ സകലരും അവർണ്ണരാണ്.

എന്നാൽ നമ്മിൽ ഓരോരുത്തനും അവനവൻ തിരഞ്ഞെടുത്തിട്ടുള്ള തൊഴിൽ ഉണ്ട്. ഈ തൊഴിൽ ജാതി അല്ല; ഹിന്ദുമതത്തിൽ ഇന്ന് അതു് വർണ്ണം എന്ന് അറിയപ്പെട്ടു വരുന്നു. ഈ വർണ്ണത്തിന് ഇന്നു നാം മനസ്സിലാക്കിയിട്ടുള്ളതുപോലെയുള്ള ജാതിയുമായി യാതൊന്നും തന്നെ പൊതുവായിട്ടില്ല. നശീകരണയോഗ്യവും മനുഷ്യസൃഷ്ടവുമായ ഒരു സ്ഥാപനമത്രേ ജാതി. എന്നാൽ വർണ്ണം ദൈവീകമായ നിയമമാണ്. നമുക്ക് അതിനെ വിഗണിച്ച് കഷ്ടത അനുഭവിക്കാം. എന്നാൽ അതിനെ അനുസരിക്കുന്നെങ്കിൽ നമുക്ക് അതിൽ നിന്നും ലാഭമുണ്ടാകും. ആശാരി, കൊല്ലൻ, കല്ലാശാരി, തോട്ടി, ഇഷ്ടികപണിക്കാരൻ, അദ്ധ്യാപകൻ, പട്ടാളക്കാരൻ ഇവക്കെല്ലാം വ്യത്യസ്തങ്ങളായ തൊഴിലുകൾ ഉണ്ട്; എന്നാൽ അവയിൽ ഏതെങ്കിലും ഉയർന്നതോ, ഏതെങ്കിലും താഴ്ന്നതോ അല്ല. നാം ഈ വർണ്ണനിയമത്തെ ലംഘിച്ച് മറ്റൊരുവന്റെ വർണ്ണത്തെ സ്വീകരിക്കുവാൻ തുടങ്ങുകയാണെങ്കിൽ, സകല വർണ്ണങ്ങളുടേയും ഒരു സങ്കരമാണ് നാം സൃഷ്ടിക്കുന്നതു്. അതുകൊണ്ട്, വിവിധങ്ങളായ വർണ്ണങ്ങളിൽ നിന്നും അവയുടെ പ്രത്യേകതകളാകുന്ന വിലക്ഷണങ്ങളെ മാററുന്നതായാൽ, അതു് ഒരു നിയമമായിത്തീരുന്നെന്നു മാത്രമല്ല, നമുക്ക് എന്തിനു ശേഷിയുണ്ടോ, ആ കൃത്യനിർവ്വഹണത്തിനു നമുക്കുള്ള ഒരു അവസരത്തേയും കൂടി പ്രദാനംചെയ്യുന്നു. അതാണ് ഹിന്ദുമതം നമ്മെ പഠിപ്പിക്കുന്നതു്. ശരിയായ സകല മതങ്ങളുടേയും എന്റെ വ്യാഖ്യാനം അതാകുന്നു. പരിശുദ്ധവും നിർമ്മലവും ആയ ഹിന്ദുമതത്തെപ്പററിയുള്ള എന്റെ വ്യാഖ്യാനവും അതാകുന്നു. എനിക്ക് അദ്ദേഹത്തെ അറിയാൻ കഴിഞ്ഞിടത്തോളം, നിങ്ങളുടെ

സ്വാമി, ഞാൻ ഇപ്പോൾ നിർവ്വചനംചെയ്ത അഭിപ്രായങ്ങളിൽ നിന്നും ഭിന്നങ്ങളായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

ഇവിടെ വന്നു താമസിക്കുവാൻ നിങ്ങൾ എന്നെ ക്ഷണിച്ചതുകൊണ്ടു് എനിക്കു് ഒരു ശാരീരികമായ സന്തോഷം തോന്നുന്നുണ്ടു്. ആ പ്രലോഭനം വാസ്തവത്തിൽ ശക്തിയേറിയ ഒന്നാണു്. ഇൻഡ്യയിലെ ഏററവും മനോഹരമായ പ്രദേശങ്ങളിൽ ഒന്നാണു് ഇതു്. ഇവിടത്തെ ശീതോഷ്ണാവസ്ഥ വളരെ നല്ലതുമാണു്. ഞാൻ ഇവിടെ വരണമെങ്കിൽ, എന്റെ ആവശ്യങ്ങൾ എല്ലാം നിറവേററുവാൻ സാധിക്കുന്ന സ്നേഹിതന്മാർ എന്റെ ചുററുമുണ്ടായിരിക്കണമെന്നു് എനിക്കു് അറിയാം. എന്നാൽ മതപരമായി പരിഗണിക്കുക ആണെങ്കിൽ, ജീവിതപന്ഥാവു് ജ്ജുവും, ഇടുങ്ങിയതും ആകുന്നു. അതു് ഒരു ഖഡ്ഗത്തിന്റെ അഗ്രംപോലെ മൂർച്ചഉള്ളതായി വിവരിക്കപ്പെട്ടിട്ടുണ്ടു്. ഒരു പടുകുഴിയിൽ പെടാതെ, നിങ്ങൾക്കു് അതിന്റെ ഏതെങ്കിലും ഒരു ഭാഗത്തേയ്ക്കു നോക്കുവാൻ കഴിയുകയില്ല. "നിങ്ങൾക്കായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള മതത്തിൽ ചേരുകയാണു് നിങ്ങൾക്കു പ്രകൃത്യാ യോജിക്കാത്തതായ മതത്തിൽ ചേരുന്നതിനെക്കാൾ നല്ലതു്" എന്നു ഗീത പറയുന്നുണ്ടു്. അതുകൊണ്ടു് നിങ്ങൾ പ്രദർശിപ്പിക്കുന്ന പ്രലോഭനം വളരെ ശക്തിമത്താണെങ്കിലും, എനിക്കു് അതിനെ ഇപ്പോൾ പ്രതിരോധിക്കേണ്ടിയിരിക്കുന്നു.

പാരിപ്പള്ളി.

(൧൯൩—൧—൧൯൩൯)

[ഇതു് ഉത്തരപ്രദേശങ്ങളിലെ മലവർഗ്ഗക്കാരുടെ ഒരു കേന്ദ്രമാണു്. അവരുടെ നേതാവായ രാമൻപിള്ളയുടെ കീഴിൽ അനേകം പേർ ഇവിടെ കൂടിയിരുന്നു. അതിമനോഹരവും കലാപരവുമായ കമാനങ്ങൾ, അവരുടെ കലാഭിരുചിക്കു സാക്ഷ്യം വഹിച്ചു. ഈ യോഗത്തിൽ ഹാജരാകുന്നതിനു് അവരിൽ ചിലർ അനേകം മൈൽ നടന്നിട്ടു കൂടിയുണ്ടു്.]

വിളംബരത്തിനു് നിങ്ങൾ അർഹരാണു്.

നിങ്ങളുടെയിടയിൽ വന്നുചേരുന്നതിനു് എനിക്കു വളരെ സന്തോഷമുണ്ടു്. ഞാൻ വായിച്ച നിങ്ങളുടെ മംഗളപത്രത്തിൽ നിന്നും നിങ്ങളിൽ പലരും ഉദ്ദേശം ഇരുപത്തിരണ്ടു നാഴിക നടന്നാണു് ഈ യോഗത്തിൽ സന്നിഹിതരായിട്ടുള്ളതെന്നു കാണുന്നു. ഈ യാത്രയുടെ മാനേജറന്മാർക്കു് കുന്നുകളിലുള്ള നിങ്ങളുടെ പ്രദേശങ്ങളിൽ എന്നെ കൊണ്ടുപോകുവാൻ കഴിയാഞ്ഞതിൽ ഞാൻ വ്യസനിക്കുന്നു.

കടയ്ക്കലും, പാരിപ്പള്ളിയിലുമുള്ള മലവർഗ്ഗക്കാരുടെ ഇടയിൽ ശ്രീയുത് രാമൻപിള്ള ചെയ്യുന്ന മഹത്തായ ജോലികളെപ്പററി ഞാൻ ചിലതൊക്കെ കേട്ടിട്ടുണ്ടു്. അദ്ദേഹത്തിന്റെ നരച്ച താടികൊണ്ടു്, അദ്ദേഹത്തിനു് എന്നോടു് ഒപ്പമോ അതിൽ കൂടുതലോ വയസ്സായിട്ടുണ്ടെന്നു് തോന്നുന്നു. എന്നാൽ ഈ യോഗത്തിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ ഊർജ്ജസ്വലതയിൽനിന്നും അദ്ദേഹം ഒരു ചെറുപ്പക്കാരനായ വൃദ്ധനാണെന്നു് ഞാൻ വിചാരിച്ചുപോയി. അദ്ദേഹത്തിൽ നിങ്ങൾക്കു് അക്ഷീണനായ ഒരു പ്രവർത്തകനും, മാർഗ്ഗദർശിയും, സ്നേഹിതനും ഉണ്ടെന്നറിയുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. നിങ്ങളുടെ അഭ്യുദയത്തിനു വേണ്ടി പല പ്രവർത്തനങ്ങളും ഇവിടെ ചെയ്യുന്നുണ്ടെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഈ വിളംബരം ഒരു നവയുഗത്തെ സൃഷ്ടിക്കു

ന്നതും, ശ്രേഷ്ഠവും ആണെന്നു നിങ്ങൾ പറയുന്നതു് ശരിതന്നെ. ദാനം ലഭിക്കുവാൻ യോഗ്യതയില്ലാത്ത ഒരുവന്നു് പെട്ടെന്നു് അതു ലഭിച്ചപോലെയാണു് ഈ സംഭവം. അതിന്റെ അപ്രതീക്ഷിതമായ സ്വഭാവം ഞാനോ നിങ്ങളോ തയ്യാറായിരിക്കാത്ത ഒരു അവസരത്തിൽ ആണു് അതു നമുക്കു കൈവന്നതെന്നു കാണിക്കുന്നു. നമുക്കു നൽകപ്പെട്ടതിനു നാം അർഹന്മാർ അല്ല എന്നല്ല ഞാൻ പറയുന്നതു്. അനേക വർഷത്തെ അവകാശനഷ്ടം, ഇത്ര കിട്ടിയവർ അതിനു് അർഹർ അല്ല എന്നു തോന്നിച്ചു അത്രേയുള്ളൂ. എന്നാൽ എന്റെ ചുററും ഞാൻ കാണുന്ന പലതും, നിങ്ങൾ ആ ദാനത്തിനു് അർഹന്മാർ ആയിരുന്നു എന്നു കാണിക്കുന്നു. ആ പാരിതോഷികം ലഭിച്ചതിനുശേഷം നിങ്ങൾക്കു് അതു് എപ്പോഴെങ്കിലും നഷ്ടമായിരുന്നു എന്നുകൂടി തോന്നുന്നില്ല. എന്തെന്നാൽ ഞാൻ ക്ഷേത്രങ്ങൾ സന്ദർശിച്ച സ്ഥലങ്ങളിൽ എല്ലാം—ഹരിജനങ്ങളും അല്ലാത്തവരും ഉള്ള സ്ഥലങ്ങളിൽ എല്ലാം—ഇവർ തമ്മിലുള്ള വ്യത്യാസങ്ങൾ യാതൊന്നും എനിക്കു കാണാൻ കഴിഞ്ഞില്ല. ഹരിജനങ്ങളുടെ പെരുമാററവും നിലയും കണ്ടിട്ടു് അവ അവക്കു് സ്വാഭാവികമാണെന്നു് എനിക്കു തോന്നി. അവർ വളരെ ശുചിത്വമുള്ളവർ ആയിരുന്നു. അവരുടെ ഭക്തിദ്യോതകമായ ഭാവത്തിലും ഒന്നുംതന്നെ കൂടുതലായി ആശിക്കുവാനുണ്ടായിരുന്നില്ല. വാസ്തവത്തിൽ ആകർഷണീയമായ ഒരു അന്തസ്സു് അവരുടെ സ്ത്രീപുരുഷന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു.

എന്നാൽ ഇനി ഒന്നുംതന്നെ ചെയ്യേണ്ടതായിട്ടില്ല എന്നു് നാം വിചാരിക്കുകയാണെങ്കിൽ, നാം ഒരു വലിയ തെററായിരിക്കും ചെയ്യുന്നതു്. ഈ വിളംബരത്താൽ പ്രദാനംചെയ്യപ്പെട്ടിട്ടുള്ള അവസരങ്ങളെ പൂർണ്ണമായി നാം ഉപയോഗപ്പെടുത്തുകയാണെങ്കിൽ, വർത്തമാനകാലം നമുക്കു് അതിശോഭനമായ ഒരു ഭാവിയെയാണു് വാഗ്ദാനംചെയ്യുന്നതു്. ഈ വിളംബരത്തിന്റെ സന്ദേശം അവർണ്ണക്കു നൽകുന്നതിനും, അവരെ അവരുടെ കുടിലുകളിൽ നിന്നും ദേവാലയങ്ങളിലേക്കു കൊണ്ടുപോയി പരിചയപ്പെടുത്തുന്നതിനും, ഈ വിളംബരത്തിന്റെ നാനാവശങ്ങളെപ്പററിയും അവക്കു മനസ്സിലാക്കിക്കൊടുക്കുന്നതിനും, നിരവധി സവർണ്ണഹിന്ദുപ്രവ

ത്തകന്മാർ മുന്നോട്ടു വരുമെന്നു് ഞാൻ ആശിക്കുന്നു. സംശയാത്മാക്കളേയും നാസ്തികന്മാരേയും സംബന്ധിച്ചിടത്തോളം ദേവാലയങ്ങൾ നിരർത്ഥകങ്ങളാകുന്നു. എന്നാൽ ദേവാലയങ്ങളിൽ വിശ്വസിച്ചിട്ടുള്ള ഒരുവനു് നിത്യദേവാലയദർശനം, അവന്റെ ജീവിതവീക്ഷണത്തെ മാററുന്നു എന്നു പറയുന്നതിൽ യാതൊരു തെററും ഇല്ല. അവർണ്ണർ എന്നു വിളിക്കപ്പെട്ടുവരുന്ന പലരുടെ ഇടയിലും ഇതു് സാദ്ധ്യമായിത്തീരട്ടെ!

കൊല്ലം.

(ഫസ്—ഫ—ഫൻസ)

[തിരുവിതാംകൂറിലെ അതിപുരാതനമായ സ്ഥലങ്ങളിൽ ഒന്നാണ് കൊല്ലം. നിരവധി മതങ്ങൾ കൂട്ടിമുട്ടുന്ന ഒരു സ്ഥലവുമാണ് അതു്. അനവധി വിദേശവ്യവസായശാലകൾ ഇവിടെ ഉണ്ടു്. ഇവിടത്തെ ദേവാലയത്തിലെ ദുർഗ്ഗാപ്രതിഷ്ഠയെ ആനന്ദവല്ലീശ്വരി എന്നാണ് വിളിച്ചുവരുന്നതു്. ആ പേരാണ് ഇവിടത്തെ ക്ഷേത്രത്തിനുമുള്ളതു്.]

ദൈവത്താൽ പ്രേരിതമായ ഒരു കൃത്യം.

മംഗളപത്രം വായിക്കുന്നതിനുള്ള നിങ്ങളുടെ സംശയാതീതമായ അവകാശത്തെ ഉപേക്ഷിച്ചതിൽ എനിക്ക് നിങ്ങളോട്ട് അഗാധമായ നന്ദിയുണ്ടു്. നിങ്ങളുടേയും എന്റേയും സമയം ചെലവഴിക്കാതെ ഇരിക്കുന്നതിനുള്ള നന്മ നിങ്ങൾക്ക് ഉണ്ടായി. ഞാൻ ഈ പ്രദേശത്തിന് ഒരു അപരിചിതനല്ല. എന്റെ ഇവിടത്തെ താമസത്തെപ്പററി എനിക്കു ഹൃദ്യങ്ങളായ അനേകം സ്മരണകൾ ഉണ്ടു്. ഞാൻ കഴിഞ്ഞ തവണ ഇവിടെ വന്നപ്പോൾ ഒരു അവർണ്ണൻ ക്ഷേത്രത്തിൽ പ്രവേശിക്കുക എന്നതു് ഒരു ധിക്കാരമായി വിചാരിക്കപ്പെട്ടിരുന്നു; എന്നാൽ ഇന്ന് ഈ വിളംബരത്തെപ്പററിയുള്ള നിങ്ങളുടെ ആഹ്ലാദത്തിൽ ഭാഗഭാക്കാകുന്നതിനാണ് ഇപ്പോൾ ഞാൻ വന്നിരിക്കുന്നതു്. അതു് ധീരവും, മഹത്തും, ഉദാരവുമായ ഒരു കർമ്മമാകുന്നു; അതിൽ യുവാവായ മഹാരാജാവുതിരുമനസ്സിന്റെ ഉത്സാഹവും അമ്മമഹാറാണിതിരുമനസ്സിന്റെ ബുദ്ധിയും ധൈര്യവും സംയോജിച്ചിട്ടുണ്ടു്. നിങ്ങൾക്ക് അറിവുള്ളതുപോലെ അവരുടെ കൊട്ടാരത്തിൽ പോയി അവരെ കണ്ടു് അവരുടെ പരിചയത്തെ പുതുക്കുന്നതിനുള്ള ഭാഗ്യവും സ്വാതന്ത്ര്യവും എനിക്ക് ഉണ്ടായിരുന്നു. അവർണ്ണരും സവർണ്ണരും ഈ വിളംബരത്തെ സ്വീകരിച്ച വിധത്തെപ്പററി മഹാറാണിയുടെ രാജകീയഹൃദയം ആഹ്ലാദത്താൽ നിറഞ്ഞിരുന്നു. മഹതിയായ ആ മാതാവു പറഞ്ഞ

തെല്ലാം സമ്മതിച്ച് യുവാവായ ആ മഹാരാജാവ് തലയാട്ടുന്നതു ഞാൻ കണ്ടു. ഈ വിളംബരത്തിൽ അതിന്റെ പൂർണ്ണതയെ കുറയ്ക്കുന്ന ഒന്നുംതന്നെ ഇല്ല എന്ന് ഭാരതത്തിന്റെ ഒററം മുതൽ മറേറ അററംവരെയുള്ള സ്ഥലങ്ങളിൽ വസിക്കുന്ന ഈ സംസ്ഥാനത്തിന്റെ അഭ്യുദയകാംക്ഷികളും പറഞ്ഞിട്ടുണ്ട്. പേനയുടെ ഒരു ഒററ പ്രയോഗത്താൽ അതു് സംസ്ഥാനത്തെ എല്ലാ ദേവാലയങ്ങളേയും, യാതൊരു വ്യത്യാസങ്ങളും കൂടാതെ എല്ലാ ഹിന്ദുക്കൾക്കും തുറന്നു കൊടുക്കുന്നു. ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതു പോലെ ഇത്തരത്തിലുള്ള ഒരു കൃത്യം വെറും ലൌകികമായ ചിന്തകളാൽ മാത്രം പ്രേരിതമായിരിക്കാൻ ഇടയില്ല. ബുദ്ധിമതിയായ മാതാവും, ധീരനായ പുത്രനും ദൈവത്തിന്റെ ചൈതന്യത്താൽ പ്രേരിതരായിരുന്നിരിക്കണം.

പുനരുജ്ജീവനത്തിന്റെ ദൃശ്യമായ ദൃഷ്ടാന്തങ്ങൾ.

ഞാൻ ക്ഷേത്രങ്ങൾതോറും നടന്നു യാതൊരു വ്യത്യാസവും കൂടാതെ ഇടചേർന്ന് നടക്കുന്ന അനേകായിരം സ്ത്രീപുരുഷന്മാരുടെ തിളങ്ങുന്ന മുഖത്തു് നോക്കുമ്പോൾ, ആ കാഴ്ചയിൽ ഉണ്ടാകുന്ന സന്തോഷത്തെ നിയന്ത്രിക്കുന്നതിന് എനിക്ക് സാദ്ധ്യമല്ല എന്ന് ഞാൻ സമ്മതിക്കുന്നു. തിരുവിതാംകൂറിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതിനെ ഞാൻ മതപരമായ ഒരു വലിയ പുനരുജ്ജീവനം എന്നാണ് വിളിച്ചിട്ടുള്ളതു്. ആ മതസംബന്ധമായ പുനരുജ്ജീവനം കുറെ വർഷങ്ങൾക്കു മുൻപ് തുടങ്ങി; എന്നാൽ നമുക്ക് അതിന്റെ പ്രത്യക്ഷമായ അടയാളമോ, ദൃശ്യമായ ദൃഷ്ടാന്തമോ ഉണ്ടായിരുന്നില്ല. എന്നാൽ ഈ വിളംബരം, വഴിയിൽക്കൂടി ഓടുന്നവനുകൂടി വായിക്കാവുന്ന അതിന്റെ ദൃശ്യമായ ഒരു ദൃഷ്ടാന്തമാകുന്നു. എന്നെ സംബന്ധിച്ചിടത്തോളം അതു് നമ്മുടെ പുരാതനമായ മതത്തിന്റെ ശുദ്ധീകരണത്തിന്റെ ഒരു മഹത്തായ അടയാളം ആണ്. ഞാൻ ഉദ്ദേശം അര നൂററാണ്ടു കാലമായി അസ്പൃശ്യത ഹിന്ദുമതത്തിലെ ഏററവും വലിയ കളങ്കമായി വിചാരിച്ചുപോരുന്നുണ്ട്. അതുകൊണ്ട് ഈ വിളംബരത്തെക്കുറിച്ചുള്ള എന്റെ ആഹ്ലാദത്തെപ്പററി നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുന്നതാണ്. അതു് പൂർണ്ണമായി വിവരി

ക്കാൻ എനിക്കു സാദ്ധ്യമല്ല. നിങ്ങളുടെ മഹാരാജാവിൽ നിന്നും, നിങ്ങൾക്ക് ലഭിച്ച ഈ വലിയ പാരിതോഷകത്തിന്ന് ഞാൻ നിങ്ങളെ എല്ലാം അനുമോദിച്ചുകൊള്ളട്ടേ! തിരുവിതാംകൂറിൽ കൊളുത്തിയ ആ വെളിച്ചം, ഭാരതവർഷത്തിൽ ആകമാനം പരക്കുന്നതുവരെ, നിങ്ങൾ ഇത്ര നല്ലപോലെ ആരംഭിച്ച കാര്യം, അതുപോലെ തന്നെ നല്ലതായിട്ട് അവസാനിപ്പിക്കുകയും ചെയ്യുമെന്നു മാത്രമാണ് എന്റെ ആശ. മഹാറാണിയും, മഹാരാജാവും, ദിവാനും അവരവരുടെ കർത്തവ്യങ്ങൾ നിർവ്വഹിച്ചുകഴിഞ്ഞു. അവക്ക് ഇതിൽ കൂടുതൽ ഒന്നും ചെയ്യാൻ കഴിയുകയില്ല. എന്നാൽ ഈ പ്രഭ ഭാരതവർഷം ഒട്ടുക്കു വ്യാപിക്കണമെങ്കിൽ, അത് ഈ വിളംബരത്തിന് നിങ്ങൾ നൽകുന്ന മറുപടിയുടെ ഫലത്തെ ആശ്രയിച്ചിരിക്കും. ഈ മഹത്തായ കൃത്യത്തിൽ അന്തർലീനമായിട്ടുള്ള ധ്വനികൾ നിങ്ങൾ അറിയണം. അതിനുള്ള നിങ്ങളുടെ പ്രത്യാഘാതങ്ങൾ കേവലം ബാഹ്യരൂപാശ്രയമായിരിക്കരുതെന്ന് നിങ്ങൾ മനസ്സിലാക്കണം. നേരേമറിച്ച് അത് നിങ്ങളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും പുറപ്പെടണം. എന്നാൽ മാത്രമേ ഞാൻ ഇത്ര വളരെ കൊല്ലങ്ങൾ ആയി ആശിച്ചുകൊണ്ടിരുന്നതും, സദാ ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടിരുന്നതുമായ ആ വലുതായ മാനസാന്തരം പ്രത്യക്ഷപ്പെടുകയൊള്ളൂ.

ഹിന്ദുമതത്തിന്റെ സാരം.

ഹിന്ദുമതത്തിൽ അടങ്ങിയിട്ടുള്ളത് എന്താണെന്നും, ചരിത്രപരമായ റിക്കാർട്ടുകൾ ഉള്ള ഇത്ര വളരെ മഹർഷിമാരെ ഉദ്ദീപിപ്പിച്ചുകൊണ്ടിരുന്നത് എന്താണെന്നും നമുക്ക് കുറച്ചു നേരത്തേയ്ക്ക് ആലോചിച്ചുനോക്കാം. എന്തുകൊണ്ടാണ് അത് ഇത്ര വളരെ തത്വജ്ഞാനികളെ ലോകത്തിന് പ്രദാനം ചെയ്തത്? വളരെ നൂററാണ്ടുകളായി ഇത്ര വളരെ ഭക്തന്മാരെ ആഹ്ലാദിപ്പിച്ചത് ഹിന്ദുമതത്തിലുള്ള എന്താണ്? അവർ ഹിന്ദുമതത്തിൽ അസ്പൃശ്യതയെ ദർശിക്കുകയും, അതിനെപ്പററി ആഹ്ലാദിക്കുകയും ചെയ്തോ? അസ്പൃശ്യതയ്ക്ക് എതിരായിട്ടുള്ള എന്റെ ആയോധനത്തിനിടയിൽ, ഹിന്ദുമതത്തിന്റെ സാരം എന്താണെന്നുള്ളതിനെപ്പററി എന്നോട്

പല പ്രവൃത്തികന്മാരും ചോദിച്ചിട്ടുണ്ട്. ഇസ്ലാമിൽ കാണുന്ന പോലെയുള്ള ഒരൊററ കലമയോ, അല്ലെങ്കിൽ ബൈബിളിലെ ജോൺ മൂന്നാംഅദ്ധ്യായം ഏഴ–ാം പാരയോ നമുക്ക് ഇല്ല. ഹിന്ദുക്കളിൽ വച്ച് ഏററവും തത്വജ്ഞാനപരമായ മനസ്ഥിതിയുള്ളവരുടേയോ, അല്ലെങ്കിൽ അവരിൽവച്ച് ഏററവും ഭൌതികത്വം നിറഞ്ഞ മനസ്ഥിതിയുള്ളവരുടേയോ, ആവശ്യങ്ങൾക്ക് യോജിച്ച മറുപടി കൊടുക്കുന്നതിന് ഉതകുന്ന എന്തെങ്കിലും നമുക്ക് ഉണ്ടോ, ഇല്ലയോ? ഗായത്രി ആ ഉദ്ദേശത്തിന് ഉതകിയതാണെന്ന് ചിലർ പറയുന്നുണ്ട്. അതിന് നല്ല കാരണങ്ങൾ ഇല്ലെന്നുമില്ല. ഞാൻ അതിന്റെ അർത്ഥം മനസ്സിലാക്കിക്കൊണ്ട് ഗായത്രിമന്ത്രം ഒരുപക്ഷെ അനേകായിരം തവണ ഉച്ചരിച്ചിട്ടുണ്ട്. എന്നിട്ടും എന്റെ ആഗ്രഹങ്ങൾ മുഴുവനും സാദ്ധ്യമാക്കാൻ അതിനു കഴിഞ്ഞിട്ടുണ്ടെന്ന് എനിക്കു തോന്നുന്നില്ല. പിന്നീട് നിങ്ങൾക്ക് എല്ലാം അറിവുള്ളതുപോലെ ഞാൻ വളരെക്കാലത്തേയ്ക്ക് ഭഗവൽഗീതയെ ആശ്രയിച്ചിട്ടുണ്ട്. അതു് എന്റെ പ്രയാസങ്ങളെ നിവാരണം ചെയ്യുന്നതിന് ഉതകുന്നു എന്നും, സംശയങ്ങളും ബുദ്ധിമുട്ടുകളും നേരിട്ടിരുന്ന അനേകായിരം അവസരങ്ങളിൽ അതു് എന്റെ കാമധേനുവും, എന്റെ മാർഗ്ഗദർശിയും, എന്റെ മന്ത്രവും ആയിരുന്നു എന്നും ഞാൻ പറഞ്ഞിട്ടുണ്ട്. അതിൽനിന്നും എനിക്ക് ആശ്വാസം ലഭിക്കാതെയിരുന്ന ഒരു ഒററ അവസരമെങ്കിലും എനിക്ക് സ്മരിക്കുവാൻ കഴിയുകയില്ല. എന്നാൽ ഇവിടെ കൂടിയിരിക്കുന്ന എല്ലാ സഭാംഗങ്ങളുടേയും മുൻപിൽ എനിക്ക് സമർപ്പിക്കാവുന്ന ഒരു ഗ്രന്ഥമല്ല അതു്. ആ കാമധേനു അതിന്റെ അകിടിൽ സംഭരിച്ചിരിക്കുന്ന വിലയേറിയ പാലു നൽകുന്നതിനു മുൻപ് പ്രാർത്ഥനാപൂർവ്വമായ പഠനം കൂടിയേ തീരൂ.

ഹിന്ദുമതത്തിന്റെ സാരം അടങ്ങിയിരിക്കുന്ന ഒരു ഒററ മന്ത്രം ഞാൻ കണ്ടുപിടിച്ചിട്ടുള്ളതിനെ, നിങ്ങളുടെ മുൻപിൽ ഉച്ചരിക്കുവാൻ പോകുന്നു. ഈശോപനിഷത്തിനെപ്പററി നിങ്ങളിൽ പലക്കും അറിയാമെന്ന് എനിക്കു തോന്നുന്നു. വളരെക്കാലം മുൻപ് ഞാൻ അതു പരിഭാഷയോടും വ്യാഖ്യാനത്തോടും കൂടി വായിച്ചു. യർവാദാജയിലിൽ വച്ച്

ഞാൻ അതു ഹൃദിസ്ഥമാക്കി. എന്നാൽ കഴിഞ്ഞ കുറെ മാസങ്ങളിൽ എന്നപോലെ അതു് അന്ന് എന്നെ ആകർഷിച്ചില്ല. എല്ലാ ഉപനിഷത്തുകളും, മററു മതഗ്രന്ഥങ്ങളും എല്ലാം പൊടുന്നനവേ ചാമ്പലായിത്തീരുന്നു എന്നു വരുകിലും, ഈശോപനിഷത്തിലെ ആദ്യത്തെ പദ്യം ഹിന്ദുക്കളുടെ സ്മരണയിൽ നിലനിൽക്കുന്നു എങ്കിൽ, ഹിന്ദുമതം ചിരംജീവിയായിരിക്കുക തന്നെ ചെയ്യും.

ഈ മന്ത്രം എല്ലാ ആഗ്രഹങ്ങളേയും തൃപ്തിപ്പെടുത്തുന്നു.

ഈ മന്ത്രം നാലായി പിരിയുന്നു. ആദ്യത്തെ ഭാഗം

"ഈശാവാസ്യമിദം സർവ്വം
യത് കിഞ്ച ജഗത്യാം ജഗത്"

എന്നാണ്. എന്റെ പരിഭാഷപ്രകാരം അതിന്റെ അർത്ഥം "ഈ മഹത്തായ പ്രപഞ്ചത്തിൽ നാം കാണുന്നതെല്ലാം തന്നെ ദൈവത്താൽ നിറഞ്ഞതാണ്." ഇതിനെത്തുടർന്ന് അതിന്റെ രണ്ടാമത്തേയും, മൂന്നാമത്തേയും ഭാഗങ്ങൾ ഇപ്രകാരമാണ്. അതിനെ ഞാൻ ഒരുമിച്ച് ഇങ്ങിനെ വായിക്കുന്നു. "തേന ത്യക്തേന ഭുംജീഥാഃ" ഇവയെ ഞാൻ രണ്ടായി ഭാഗിച്ച് പരിഭാഷപ്പെടുത്തുന്നതു് ഇങ്ങിനെയാണ്. "അതിനെ ത്യജിക്കുകയും, അതിനെ അനുഭവിക്കുകയും ചെയ്യുക." ഈ അർത്ഥം തന്നെയുള്ള വേറെ ഒരു പാഠവും കൂടി ഉണ്ട്. അതു് "അദ്ദേഹം നൾകുന്നതെല്ലാം അനുഭവിക്കുക" എന്നാണ്. അങ്ങിനെയാണെങ്കിൽ തന്നേ അതിനേയും രണ്ടായി ഭാഗിക്കാം. ഇതിനെത്തുടർന്നാണ് ഒടുവിലത്തേയും അതിപ്രധാനവുമായ ഭാഗം. "മാഗൃധഃ കസ്യ സ്വിദ്ധനം." ഇതിന്റെ അർത്ഥം "അന്യരുടെ സ്വത്തുക്കളെയോ ധനത്തെയോ ആഗ്രഹിക്കരുതു്" എന്നാകുന്നു. ആ പുരാതനമായ ഉപനിഷത്തിലെ മറെറല്ലാ മന്ത്രങ്ങളും, ഈ ആദ്യമന്ത്രത്തിന്റെ വ്യാഖ്യാനങ്ങളോ, അല്ലെങ്കിൽ അതിന്റെ പൂർണ്ണമായ അർത്ഥം വിശദീകരിക്കുന്നതിനുള്ള ഒരു പ്രയത്നമോ, മാത്രമാണ്. ഞാൻ ഗീതയുടെ വെളിച്ചത്തിൽ ഈ മന്ത്രങ്ങളെയോ, അല്ലെങ്കിൽ ഈ മന്ത്രങ്ങളെ അടിസ്ഥാനമാക്കി ഗീതയേയോ വായിക്കുമ്പോൾ, ഗീത ഈ മന്ത്രത്തിന്റെ ഒരു വ്യാഖ്യാനം മാത്രമായിട്ടാണ്

തോന്നുന്നതു്. അതു് ഒരു സ്ഥിതിസമത്വവാദിയുടേയും ഒരു സാമൂഹ്യവാദിയുടേയും ഒരു തത്ത്വശാസ്ത്രജ്ഞന്റേയും ഒരു ധനശാസ്ത്രജ്ഞന്റേയും ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്നതുപോലെ എനിക്കു തോന്നുന്നു. ഹിന്ദുമതത്തിൽ പെടാത്തവരോടു് അതു് അവരുടെ ആഗ്രഹങ്ങളേ കൂടി തൃപ്തിപ്പെടുത്തുന്നു എന്നു സൂചിപ്പിക്കുവാൻ ഞാൻ ധൈര്യപ്പെടുന്നു. അതു് വാസ്തവമാണെങ്കിൽ—അതു് വാസ്തവമാണെന്നു ഞാൻ വിശ്വസിക്കുന്നു—ഈ മന്ത്രത്തിന്റെ അർത്ഥത്തിനു് വിപരീതമോ, അതോടു കൂടി യോജിക്കാത്തതോ ആയി എന്തെങ്കിലും തന്നെ ഹിന്ദുമതത്തിൽ ഉണ്ടെന്നു നിങ്ങൾ വിചാരിക്കേണ്ട ആവശ്യമില്ല. ജീവിച്ചിരിക്കുന്ന എല്ലാത്തിന്റേയും ദൈവവും, സൃഷ്ടികർത്താവും, ഗുരുവുമായിട്ടുള്ള ഒരു ദൈവം ഈ പ്രപഞ്ചത്തിൽ മുഴുവൻ വ്യാപിച്ചിരിക്കുന്നു എന്നതിൽ കൂടുതലായി ഒരു സാധാരണക്കാരനു് എന്താണു പഠിക്കാനുള്ളതു്?

എല്ലാവരും ഭക്തികൾ എങ്കിൽ—

ആ മന്ത്രത്തിന്റെ മററു മൂന്നു ഭാഗങ്ങളും അതിന്റെ പൂർവ്വഭാഗത്തിന്റെ നേരിട്ടുള്ള തുടർച്ചയാണു്. ദൈവം സൃഷ്ടിച്ച സകലതിലും ദൈവം വ്യാപിച്ചിരിക്കുന്നു എന്നു് നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ, ദൈവം പ്രദാനം ചെയ്തിട്ടില്ലാത്ത ഒന്നുംതന്നെ നിങ്ങൾക്കു അനുഭവിക്കാൻ പാടില്ലെന്നും നിങ്ങൾ വിശ്വസിക്കണം. അവിടത്തെ സംഖ്യാതീതമായ ശിശുക്കളുടെ സൃഷ്ടികർത്താവാണു് ദൈവം എന്നു് അറിയുമ്പോൾ, നിങ്ങൾക്കു് അന്യരുടെ സ്വത്തുക്കൾക്കു് ആഗ്രഹം തോന്നരുതെന്നു് അതിൽനിന്നും പ്രത്യക്ഷമാകുന്നു. അദ്ദേഹത്തിന്റെ നിരവധി സൃഷ്ടികളിൽ ഒന്നാണു് നിങ്ങൾ എന്നു നിങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ, നിങ്ങൾക്കുള്ളതെല്ലാം തന്നെ നിങ്ങൾ ത്യജിച്ചു് അദ്ദേഹത്തിന്റെ പാദത്തിൽ അർപ്പിക്കുകയാണു വേണ്ടതു്. നിങ്ങളുടെ സാർവ്വത്രികമായ ത്യാഗം, ഒരു വെറും ഭൌതികമായ ത്യാഗം മാത്രമല്ല എന്നാണു് അതിന്റെ അർത്ഥം; എന്നാൽ വാസ്തവത്തിൽ അതു് രണ്ടാമത്തതോ, അല്ലെങ്കിൽ നൂതനമായതോ ആയ ജനനത്തെയാണു സൂചിപ്പിക്കുന്നതു്. അതു് അവധാനപൂർവ്വം ചെയ്ത ഒരു കൃത്യമാകുന്നു; അല്ലാതെ അജ്ഞതയിൽ ചെയ്ത ഒന്നല്ല. അതുകൊണ്ടു് അതൊരു പുനർ

ജന്മമാണ്. ശരീരത്തെ നിലനിറുത്തുവാൻ ആഗ്രഹിക്കുന്ന വൻ ഭക്ഷിക്കുകയും, കുടിക്കുകയും, വസ്ത്രം ധരിക്കുകയും ചെയ്യേണ്ടിവരുന്നതിനാൽ അവനാവശ്യമുള്ളതെല്ലാം തന്നെ ദൈവത്തിൽനിന്നും അവനു ലഭിക്കണം. അവന് അതെല്ലാം ആ ത്യാഗത്തിനുള്ള സ്വാഭാവികമായ പ്രതിഫലമായി കിട്ടുന്നു. ഇതൊന്നും പോരാത്തതുപോലെ ആ മന്ത്രം അവസാനിക്കുന്നത് ഈ മഹനീയമായ ചിന്തയോടുകൂടിയാണ്. "അന്യന്മാരുടെ സ്വത്തുക്കൾ നീ ആഗ്രഹിക്കരുത്." ഈ സൂക്തങ്ങൾ നിങ്ങൾ പ്രായോഗികമാക്കിത്തീർക്കുന്ന ആ നിമിഷത്തിൽ നിങ്ങൾ സകല ജീവികളോടും സമാധാനപൂർവ്വം വസിക്കുന്ന ബുദ്ധിമാനായ ഒരു ലോകപൌരനായിത്തീരുന്നു. അത് ഒരുത്തന് ഇഹത്തിലും പരത്തിലും ഉണ്ടാകാവുന്ന ഏറ്റവും ഉന്നതങ്ങളായ ആശകളെ തൃപ്തിപ്പെടുത്തുന്നു. തീർച്ചയായും, ദൈവത്തിലും, അദ്ദേഹത്തിന്റെ അനിഷേധ്യമായ ശക്തിയിലും വിശ്വസിക്കാത്തവരുടെ ആശകളെ അത് ഒരിക്കലും തൃപ്തിപ്പെടുത്തുകയില്ല. തിരുവിതാംകൂർ മഹാരാജാവിനെ പത്മനാഭദാസൻ എന്നു വിളിക്കുന്നതു വെറുതെയല്ല. അത് ഒരു വിശിഷ്ട ആശയമാകുന്നു. ദൈവംതന്നെ ദാസാനുദാസൻ—ദാസന്മാരുടെ ദാസൻ—എന്ന ബിരുദ് കൈക്കൊണ്ടിട്ടുള്ളത് നമുക്കറിയാം. എല്ലാ രാജാക്കന്മാരും, ദൈവത്തിന്റെ ദാസന്മാർ എന്നുള്ള ബിരുദ സ്വീകരിക്കുകയാണെങ്കിൽ, അവർ സ്വയം അവരെ ശരിയായി വിവരിക്കുകയായിരിക്കും. എന്തെന്നാൽ അവർ ജനങ്ങളുടെ ദാസന്മാർ അല്ലെങ്കിൽ അവക്ക് ദൈവത്തിന്റെ ദാസന്മാരായിരിക്കുവാൻ കഴിയുകയില്ല. സെമിന്ദാരന്മാരും, കുബേരന്മാരും, സ്വത്തുള്ളവരും എല്ലാം തന്നെ വെറും ട്രസ്റ്റികൾ ആണ് തങ്ങൾ എന്നു വിചാരിച്ച്, ഞാൻ ഇപ്പോൾ വിവരിച്ച ത്യാഗകർമ്മം നിർവ്വഹിക്കുന്നെങ്കിൽ, ഈ ലോകം തീർച്ചയായും ജീവിക്കുന്നതിന് അനുഗ്രഹീതമായ ഒന്നായി തീരും.

മന്ത്രം ഓരോ ഗൃഹത്തിലേയ്ക്കും കൊണ്ടുപോവുക.

ഞാൻ ഈ മന്ത്രത്തിന്റെ അർത്ഥം ഇതിൽ കൂടുതലായി വിവരിക്കേണ്ടതില്ല. ഇവിടെ കൂടിയിരിക്കുന്നവരിൽ പലരും വിദ്വാന്മാരാണെന്ന് എനിക്കറിയാം. എന്റെ സംസ്കൃത

ജ്ഞാനം തുച്ഛമാണ്. ഞാൻ പാണ്ഡിത്യം ഭാവിക്കാൻ അവകാശമില്ലാത്ത ഒരു സാധാരണക്കാരനാണ്. എന്നാൽ ഞാൻ പഠിച്ചിട്ടുള്ളതും, എന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുള്ളതുമായ വളരെ കുറച്ചു സംഗതികൾ ഞാൻ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ട്. മനസ്സിലാക്കാൻ പ്രയാസമുള്ളവ ഒന്നുംതന്നെ ഈ മന്ത്രത്തിൽ ഇല്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു. ഇതിന്റെ അർത്ഥം മനസ്സിലാക്കുവാനും, അതിനെ ദൈനംദിനം ജീവിതത്തിൽ അനുകരിക്കുവാനും ആർക്കും കഴിയും. അതുകൊണ്ട് ഈ സഭയിലെ സഭാവാസികളോട് ഞാൻ പറയുന്നതെന്തെന്നാൽ, അവർ ഈ മന്ത്രം മലയാളത്തിലാക്കി ഓരോ വീട്ടിലും പ്രചരിപ്പിക്കണമെന്നും, ആ മന്ത്രമനുസരിച്ച് ജീവിതം ശ്രേഷ്ഠമാക്കുവാൻ മററുള്ളവരെ സഹായിക്കണമെന്നുമാകുന്നു. അവർ ഇപ്രകാരം ചെയ്യുന്നതായാൽ മററു യാതൊരു മതഗ്രന്ഥങ്ങളും വായിക്കാതെതന്നെ അവർക്ക് തന്നത്താൻ ഹിന്ദുക്കൾ എന്നു വിളിക്കുവാൻ സാദ്ധ്യമാകും എന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു. വലിയ മഹാഗ്രന്ഥങ്ങൾ വായിച്ച് അതിൽ ക്രോഡീകരിച്ചിരിക്കുന്ന തത്വങ്ങളുടെ വ്യാഖ്യാനങ്ങളെപ്പററി വാദപ്രതിവാദങ്ങൾ നടത്തിത്തുടങ്ങുമ്പോഴാണ് വഴക്കുകളും അഭിപ്രായവ്യത്യാസങ്ങളും ജാതങ്ങളാവുന്നത്. എന്നാൽ ഇപ്പോൾ ഈ വിളംബരത്തിന്റെ ഫലമായി, തിരുവിതാംകൂറിൽ ഉച്ചനീചത്വങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ നശിച്ചിരിക്കുന്നു. തന്മൂലം ഇവിടെ ഇപ്പോൾ അവർണ്ണരും സവർണ്ണരും ഇല്ല. അതുകൊണ്ട് ഈ മന്ത്രം നിങ്ങളുടെ എല്ലാവരുടെയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുമെന്നു നിങ്ങൾക്കു ബോദ്ധ്യമാവും. ഈ മന്ത്രത്തിന്റെ സാരമനുസരിച്ച് നിങ്ങൾ നിങ്ങളുടെ പെരുമാററങ്ങളെ ശ്രീകരിക്കും. നിങ്ങൾക്ക് ഈ വിളംബരത്തിന്റെ സാരമനുസരിച്ചു ജീവിക്കുന്നതിനും പ്രയാസമുണ്ടാവുകയില്ല. എന്റെ ഉത്തരവാദിത്വത്തിന്റെ പൂർണ്ണമായ ബോധത്തോടുകൂടിയാണ് ഞാൻ ഇപ്രകാരം പറയുന്നത്. മഹാനായ രാജാവിന്റെ ഈ കൃത്യം നന്നാക്കുകയോ ചീത്തയാക്കുകയോ ചെയ്യുന്നത് തിരുവിതാംകൂറിലെ ജനങ്ങളായ നിങ്ങളാണ്. ഒരുത്തന്റെ

മതത്തിനും, സഹജീവികൾക്കും വേണ്ടി സേവനം ചെയ്യുവാനുള്ള അവസരം എളുപ്പത്തിൽ ഉണ്ടാകുന്നില്ല. നിങ്ങൾക്ക് അങ്ങിനെയുള്ള അവസരം പെട്ടെന്നു കൈവന്നിട്ടുണ്ട്. വിളംബരത്തിന്റെ അർത്ഥമനുസരിച്ചു ജീവിക്കുവാൻ വേണ്ടിടത്തോളമുള്ള അറിവ് ദൈവം നിങ്ങൾക്കു പ്രദാനം ചെയ്യട്ടേ.

തട്ടകരമ്പലം.

(ഫ—ഫ—ഫൻനമ.)

ഹിന്ദിയും വിളംബരവും.

ഈ പ്രഭാതത്തിൽ വാസ്തവത്തിൽ എനിക്കു നിങ്ങളോടു സംസാരിക്കുവാൻ സുഖം തോന്നുന്നില്ല. തിരുവിതാംകൂറിൽ ഞാൻ വന്നുചേർന്നതിനു ശേഷം എനിക്കു കലശലായ ജലദോഷം പിടിപെട്ടിരിക്കയാണ്. അതുകൊണ്ട് ഒരു പ്രസംഗം ചെയ്യാൻ എനിക്ക് സാദ്ധ്യമാവുകയില്ലെന്നു ഞാൻ ഭയപ്പെടുന്നു. ഹിന്ദി ഇവിടെ സ്ഥിരമായ പുരോഗതി പ്രാപിക്കുന്നു എന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഇംഗ്ലീഷ് അറിയാവുന്ന ഓരോരുത്തനും അവന് ഇംഗ്ലീഷുപോലെ തന്നെ ഹിന്ദിയും സംസാരിക്കാൻ സാദ്ധ്യമല്ലാതെയായിരിക്കുന്നതിൽ ലജ്ജയുണ്ടെന്ന് അവൻ സമ്മതിക്കുമെന്ന് ഞാൻ ആശിക്കുന്നു. ഹിന്ദി പഠിക്കുന്നതിന് ഇംഗ്ലീഷ് പഠിക്കുന്നതിനു വേണ്ടിവരുന്നിടത്തോളം കാലം ആവശ്യമുണ്ടാവുകയില്ലെന്ന് ഞാൻ പറയുന്നു. അതു് ഇംഗ്ലീഷിനെക്കാൾ എളുപ്പമാണെന്നു പറയുന്നതിനുള്ള ഒരു കാരണം എന്തെന്നാൽ, അതിന് മലയാളത്തോടു സാമ്യമുള്ള ഒരു ശബ്ദാവലി ഉള്ളതാണ്. ഭൂമിശാസ്ത്രപരവും, കാലദേശാവസ്ഥാപരവും ആയ സ്ഥിതികൾ പോലെതന്നെ ഈ വലിയ രാജ്യത്തിലെ മതപരമായ സ്ഥിതിയും, ഭാരതത്തിലെ എല്ലാ ഭാഷകളേയും പലവിധത്തിലും ഒന്നുപോലെയാക്കിത്തീർക്കുന്നു. വിവിധ ഭാഷകളുടേയും സ്വരങ്ങൾ നമ്മുടെ കർണ്ണങ്ങൾക്ക് അപരിചിതങ്ങളായി തോന്നുന്നില്ല. ഞാൻ കർണ്ണാടകം, തമിഴ്, മലയാളം, ഒറിയാ, ബംഗാളി മുതലായ ഭാഷകൾ കേൾക്കുമ്പോൾ ആ ശബ്ദങ്ങളിൽ എന്തെങ്കിലും ഒരു വിദേശീയ അംശം ഉണ്ടെന്ന് എന്റെ കർണ്ണങ്ങൾക്കു തോന്നുന്നില്ല. എനിക്ക് ഈ ഭാഷകൾ അറിയാൻ പാടില്ലെന്നു വരുകിലും, ഇവയിൽ കാണുന്ന പൊതുവായ വാക്കുകൾ കാരണം എനിക്കു പലപ്പോഴും സംസാരഗതി മനസ്സിലാക്കാൻ കഴിയും. ഇപ്പോൾ ഞാൻ ഇവിടെ

ഈ ഹിന്ദിയിലുള്ള മംഗളപത്രം വായിക്കുകയാണെങ്കിൽ അതിലെ പല വാക്കുകളും മലയാളഭാഷയിൽ ഉള്ളവതന്നെയാണെന്ന് നിങ്ങൾക്കു കാണാവുന്നതാണ്. ബാങ്ക്ളൂരിൽ ഒരു യോഗത്തിൽ ഞാൻ പ്രസംഗിച്ചപ്പോൾ, ഹിന്ദിയിലുള്ള ഭൂരിഭാഗം പദങ്ങളും കർണ്ണാടകത്തിൽ ഉള്ളവതന്നെയാണെന്ന് ഞാൻ കാണിച്ചുകൊടുത്തു.

ഇപ്പോൾ ഞാൻ ഇതെല്ലാം പറയുന്നത് നിങ്ങളെ വെറുതെ ഉപദ്രവിക്കുന്നതിനല്ല. ഒരു അഖിലഭാരതീയവീക്ഷണകോണിൽനിന്നും നോക്കുമ്പോൾ നിങ്ങൾക്ക് ഹിന്ദി അറിയണമെന്നുള്ളത് ഒരു സംശയരഹിതമായ സംഗതിയാണ്. എന്നാൽ അതിന് ഈ വിളംബരത്തോടും ചില ബന്ധങ്ങൾ ഉണ്ട്. സവർണ്ണക്ക് ഈ വിളംബരം നടപ്പിൽ കൊണ്ടുവരണമെന്നുണ്ടെങ്കിൽ, അവർ അവർണ്ണരോട് രക്തബന്ധമുള്ള സോദരന്മാരായി പെരുമാറണം. അതിനു വേണ്ടി അവർണ്ണരുടെ ഇടയിൽ ചെന്ന് നിങ്ങൾ അവരുമായി സമ്പർക്കം തേടണം. നിങ്ങളിൽ അല്പമെങ്കിലും ആദ്ധ്യാത്മികതപമുണ്ടെങ്കിൽ അതു പല വഴിക്കും കരകവിഞ്ഞൊഴുകും. ഇന്നു കാലത്ത് ഒരു പുലയപെൺകുട്ടി ഒരു ഹജ്ജിയുമായി എന്റെ അടുക്കൽ വന്നിരുന്നു. അവൾ മനുഷ്യവർഗ്ഗത്തിന്റെ ഒരു നല്ല മാതൃകയായിരുന്നു. എന്നാൽ അവളുടെ ഹർജ്ജി അവൾ തെററായ ഇംഗ്ലീഷിലാണ് എഴുതിയിരുന്നത്. തന്റെ ഇംഗ്ലീഷ്വിദ്യാഭ്യാസത്തിനായി ഏതെങ്കിലും സഹായം ചെയ്യണമെന്ന് അവൾ ആവശ്യപ്പെട്ടു. അവൾക്കു വേണ്ടി ആ അപേക്ഷ എഴുതിയ ആൾ കാര്യങ്ങൾ തെററിദ്ധരിപ്പിച്ചിരുന്നു. എന്നാൽ അവൾക്ക് ഇംഗ്ലീഷോ ഹിന്ദിയോ സംസാരിക്കാൻ സാദ്ധ്യമല്ലാതിരുന്നതിനാൽ, അവളുടെ ശരിയായ സ്ഥിതി എന്തെന്ന് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചില്ല. ഞാൻ അവളുടെ ഹജ്ജി അവിടത്തെ ഹരിജനസേവാസംഘത്തിനെ ഏല്പിച്ചിട്ടുണ്ട്. എന്നാൽ ഈ പെൺകുട്ടിയെ ഹിന്ദി പഠിപ്പിച്ചിരുന്നെങ്കിൽ അവൾ എന്നോട് ഭംഗിയായി സംസാരിക്കാൻ പ്രാപ്തയാകമായിരുന്നു എന്ന് തീർച്ചയാണ്. പതിമൂന്നു വയസ്സു പ്രായമുള്ള ഒരു പെൺകുട്ടി, അവൾ തന്നത്താൻ, വെറും തിരുവിതാംകൂർകാരി എന്നല്ല, ഒരു ഭാരതീയയാണ് എന്നുകൂടി പറ

യുവാൻ പ്രാപ്തയായിരിക്കണം എന്ന് ഞാൻ നിങ്ങളോട് പ്രസ്താവിക്കുന്നു. അവർക്ക് ഹിന്ദി അറിയാമായിരുന്നെങ്കിൽ ഭാരതത്തിന്റെ ഒരററത്തു നിന്നും മറെറാരററത്തേക്ക് അവർക്ക് യാതൊരു ബുദ്ധിമുട്ടുകളും കൂടാതെ സഞ്ചരിക്കാൻ സാദ്ധ്യമാകുമായിരുന്നു. നിങ്ങൾ നിങ്ങളുടെ ഭാവനയിൽ എന്നോടുകൂടി ഹിന്ദുക്കുഷ്പർവ്വതത്തിലേക്കു പറക്കുക. ഈ പെൺകുട്ടിക്ക് അവിടെ എന്തു സംഭവിക്കും? കാശ്മീരത്തു ചെന്നാലും താൻ ഒരു അന്യദേശത്തു താമസിക്കുകയാണെന്നുള്ള വിചാരം അവളിൽ ഉണ്ടാവുകയില്ല. ഞാൻ നിങ്ങളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്നത് ഈ കാര്യമാണ്. ഞാൻ പറയുന്നതിലുള്ള കാര്യം നിങ്ങൾ മനസ്സിലാക്കി നിങ്ങൾ അവർണ്ണരുടെ ഇടയിൽ പോകുവാൻ തീർച്ചയാക്കുന്നുവെങ്കിൽ, നിങ്ങൾ അവരെ പഠിപ്പിക്കേണ്ടത് ഇംഗ്ലീഷല്ല; ഹിന്ദിയാണ്. തന്മൂലം നിങ്ങൾ നിങ്ങളേ തന്നെയും, നിങ്ങൾ ഏറെറടുക്കുന്ന ആൺകുട്ടികളേയും, പെൺകുട്ടികളേയും നിങ്ങൾ കൂടുതൽ വിജ്ഞന്മാരാക്കിത്തീർക്കും. ഇതിനുംപുറമെ അതുകൊണ്ട് നിങ്ങൾ നിങ്ങളുടേയും അവരുടേയും നിരീക്ഷണകോണുകളെ വിസ്തൃതമാക്കിത്തീർക്കും. അല്പം ചീത്ത ഇംഗ്ലീഷ് ഭാഷ അവർക്കു പ്രദാനം ചെയ്യുക എന്ന ഭയങ്കരമായ അപരാധം നിങ്ങൾ പ്രവർത്തിക്കയില്ല. നേരേ മറിച്ച് തുളസീദാസനിൽ മറഞ്ഞുകിടക്കുന്ന രത്നാകരം നിങ്ങൾ അവർക്കു പ്രദാനം ചെയ്യും. എന്തെന്നാൽ മഹാരാജാവിന്റെ വീഴ്ചകളാൽ അല്ല, എന്നാൽ നിങ്ങളുടെ പ്രവൃത്തികളിലും ഉപേക്ഷകളിലും നിന്നു ജാതമാകുന്ന പാപങ്ങളാൽ ആണ് ഈ വിളംബരം പ്രയോഗത്തിൽ വരാത്ത ഒരു നിയമമായി തീർന്നേക്കാൻ ഇടയുള്ളത് എന്നു പറയുമ്പോൾ നിങ്ങൾ എന്നെ വിശ്വസിക്കുക.

ഹരിപ്പാട്.

(൧—൧—൧൯൩൧)

[മനോഹരമായ മരത്തിലുള്ള കൊത്തുപണികൾകൊണ്ടു നിറഞ്ഞ സുബ്രഹ്മണ്യക്ഷേത്രത്താൽ ആണ് ഹരിപ്പാട് പ്രസിദ്ധി നേടിയിട്ടുള്ളത്.]

ആനന്ദാനുഭൂതിക്കു ത്യാഗം ആവശ്യമാണ്.

ഇന്നലെ രാത്രി കൊല്ലത്തെ യോഗത്തിൽ വച്ച് ഞാൻ നൽകിയ ഹിന്ദുമതസന്ദേശത്തെപ്പററി ഈ യോഗത്തിൽ കുറച്ചുനേരം നിങ്ങളോടു സംസാരിക്കുന്നതിന് ഞാൻ ഇഷ്ടപ്പെടുന്നു. ഹിന്ദുമതം മുഴുവനുംതന്നെ ഈശോപനിഷത്തിലെ ആദ്യത്തെ ശ്ലോകത്തിൽ അടക്കാമെന്നു പ്രസ്താവിക്കുവാൻ ഞാൻ ആ യോഗത്തിൽ ശ്രമിച്ചു. മറെറല്ലാ ഹിന്ദുമതഗ്രന്ഥങ്ങളും നശിച്ചു ചാമ്പലായിത്തീർന്ന്, അവ വിസ്മൃതിയിൽ ആണ്ടുപോവുകയാണെങ്കിലും ഈ ഒരു ഒററ ശ്ലോകം മാത്രം അവശേഷിക്കുന്നു എങ്കിൽ, ആ നാശം ഒരു നഷ്ടമായിത്തീരുകയില്ലെന്ന് ഞാൻ അവിടെ അഭിപ്രായപ്പെട്ടു. എന്നാൽ കൂടിയും ഹിന്ദുമതം നമ്മുടെ ഇടയ്ക്ക് നിലനില്ക്കും. ആ മന്ത്രത്തിൻെറ സംസ്കൃതമൂലം, സംസ്കൃതം പഠിക്കുന്ന യാതൊരുവനും ആശിച്ചേക്കാവുന്നിടത്തോളം, അത്ര എളുപ്പമാണ്. ഈ ഉപനിഷത്ത്, മൂലവേദങ്ങളുടെ ഒരു ഭാഗമാണെന്നുള്ള പ്രസിദ്ധി കൈക്കൊള്ളുന്നുണ്ട്. അത് നമുക്ക് അറിവായിട്ടുള്ളതിൽ വച്ച് ഏററവും ദൈർഘ്യം കുറഞ്ഞ ഉപനിഷത്താണ്. എന്നാൽ ഞാൻ പറഞ്ഞതുപോലെ ആ ഉപനിഷത്തിലെ ആദ്യത്തെ ശ്ലോകം മാത്രം നമുക്കു ശേഷിക്കുന്നു എങ്കിൽ, അത് നമ്മുടെ സകല ആവശ്യങ്ങളും നിറവേററുന്നതായിരിക്കും. എൻെറ പിഴയോടുകൂടിയ സംസ്കൃതോച്ചാരണത്തിൽ ഞാൻ ആ മന്ത്രം ആവർത്തിക്കട്ടെ.

"ഈശാവാസ്യമിദം സർവ്വം
യത് കിഞ്ച ജഗത്യാം ജഗത്"

തേന ത്യക്തേന ഭുംജീഥാഃ
മാഗൃധഃ കസ്യ സ്വിദ്ധനം"

മററു വേദമന്ത്രങ്ങളിൽ കാണുന്നതുപോലെ മനസ്സിലാക്കാൻ പ്രയാസമുള്ള ഒന്നുംതന്നെ ഇതിൽ ഇല്ല എന്നു് കുറച്ചെങ്കിലും സംസ്കൃതപരിജ്ഞാനമുള്ളവർക്കെല്ലാം അറിയാവുന്നതാണു്. അതിൻെറ അർത്ഥം ഇത്രമാത്രമേയുള്ളു. ഈ പ്രപഞ്ചത്തിൽ കാണുന്ന സകലതും—ചെറുതും വലുതും എന്നു വേണ്ട, ഏററവും ചെറിയ അണുക്കൾ കൂടിയും—സൃഷ്ടികർത്താവെന്നോ, സർവ്വശക്തനെന്നോ അറിയപ്പെടുന്ന ദൈവത്താൽ വ്യാപരിക്കപ്പെട്ടിരിക്കുന്നു. 'ഈശ' എന്നതിൻെറ അർത്ഥം ഭരണകർത്താവെന്നാകുന്നു; സൃഷ്ടികർത്താവായ അദ്ദേഹം പ്രകൃത്യാ തന്നെ ഭരണാധികാരിയും ആയിത്തീരുന്നു. ഈ പദ്യത്തിൽ, ദൈവത്തിനു് ഭരണകർത്താവു് എന്നുള്ളതല്ലാതെ മററു യാതൊരു വിശേഷണങ്ങളും ആ ഋഷി ചേർത്തിട്ടില്ല; ആ ഋഷി അദ്ദേഹത്തിൻെറ അധികാരസീമയിൽ നിന്നും യാതൊന്നിനേയുംതന്നെ ഒഴിച്ചിട്ടുമില്ല. നാം കാണുന്ന എല്ലാത്തിലും ദൈവം നിറഞ്ഞിട്ടുണ്ടെന്നു് അദ്ദേഹം പറയുന്നു. അതിൽ നിന്നു് പ്രകൃത്യാ മന്ത്രത്തിൻെറ മററു ഭാഗങ്ങൾ തുടരുന്നു. അദ്ദേഹം ഇപ്രകാരം ഉപദേശിക്കുന്നു:—എല്ലാം ത്യജിക്കുക, അതായതു് ഈ പ്രപഞ്ചത്തിലുള്ള എല്ലാത്തിനേയും, നമ്മുടെ നിസ്സാരമായ ഈ ലോകത്തെ മാത്രമല്ല, ഈ പ്രപഞ്ചത്തെ മുഴുവനുംതന്നെ ത്യജിക്കുക. നമുക്കു് എന്തെങ്കിലും കൈവശം വച്ചുകൊണ്ടിരിക്കാനുള്ള അവകാശംതന്നെ അബദ്ധമാണെന്നു തോന്നത്തക്ക വിധത്തിൽ അത്ര നിസ്സാരങ്ങളായ അണുക്കളായതുകൊണ്ടു് നാം എല്ലാത്തിനേയും ത്യജിക്കുന്നതിനു് അദ്ദേഹം നമ്മോടു് ആവശ്യപ്പെടുന്നു. ഇതിനെത്തുടർന്നു് ഋഷി പറയുന്നു: ത്യാഗത്തിനുള്ള സമ്മാനം "ഭുംജീഥാഃ" ആകുന്നു എന്നു്; അതായതു് നിങ്ങൾക്കു് ആവശ്യമുള്ള സകലതിൻെറയും അനുഭവമാകുന്നു എന്നു്. 'അനുഭവിക്കുക' എന്ന വാക്കിനു് ഒരു അർത്ഥമുണ്ടു്—നിങ്ങൾക്കു വേണമെങ്കിൽ 'ഉപയോഗിക്കുക' എന്നും പറയാം—എന്നാൽ അതിൻെറ അർത്ഥം നിങ്ങളുടെ വളർച്ചയ്ക്കു് ആവശ്യമുള്ളതിൽ കൂടുതൽ എടുക്കരുതെന്നാകുന്നു. അതുകൊണ്ടു് ഈ അനുഭവം രണ്ടു വ്യവസ്ഥകളാൽ നിയന്ത്രിത

മാണ്. ഒന്ന് ത്യാഗകർമ്മം, അല്ലെങ്കിൽ ഭഗവൽഗീതാകർത്താവ് പറയുന്നതുപോലെ "കൃഷ്ണാർപ്പണമസ്തു സർവം" (എല്ലാം അദ്ദേഹത്തിൽ അർപ്പിച്ചിരിക്കുന്നു) എന്നവിധത്തിലുള്ള അനുഭവം. ഭാഗവതധർമ്മത്തിൽ വിശ്വസിക്കുന്ന സകലർക്കും എല്ലാ ദിവസവും പ്രഭാതത്തിൽ അവൻെറ ചിന്തകളും, വാക്കുകളും, പ്രവൃത്തികളും കൃഷ്ണനിൽ സമർപ്പിക്കേണ്ടതുണ്ട്. ദിവസം തോറുമുള്ള ആ ത്യാഗകർമ്മം, അല്ലെങ്കിൽ സമർപ്പണം നിർവ്വഹിച്ചിട്ടല്ലാതെ അയാൾക്ക് മറെറന്തെങ്കിലും സാധനത്തെ സ്പർശിക്കുവാനോ, ഒരു പാത്രം വെള്ളം കുടിക്കുവാനോ ഉള്ള അവകാശം ഇല്ല. ഒരു മനുഷ്യൻ ആ ത്യാഗവും സമർപ്പണവും നിർവ്വഹിച്ചുകഴിയുമ്പോൾ, അയാൾക്ക് തന്റെ നിത്യജീവിതത്തിന് ആവശ്യമുള്ളിടത്തോളം ഉള്ള ഭക്ഷണത്തിനും, പാനത്തിനും, വസ്ത്രത്തിനും, വീടിനും ഉള്ള അവകാശം ലഭിക്കുന്നു. അതുകൊണ്ട് ത്യാഗത്തിനുള്ള ഫലമാണ് അനുഭവമെന്നോ, അല്ലെങ്കിൽ അനുഭവത്തിനുള്ള ഒരു വ്യവസ്ഥയാണ് ത്യാഗമെന്നോ നിങ്ങളുടെ ഇഷ്ടംപോലെ നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക. നമ്മുടെ വെറും സത്തയ്ക്ക്, നമ്മുടെ ആത്മാവിന്, ത്യാഗം അവശ്യം ആവശ്യമാകുന്നു. മന്ത്രത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥ അപൂർണ്ണമെന്നപോലെ "അന്യന് അവകാശപ്പെട്ടതിനെ ആഗ്രഹിക്കരുതെ"ന്നുകൂടി പറഞ്ഞ് ഋഷി അതിനെ പൂർണ്ണമാക്കാൻ ശ്രമിച്ചിട്ടുണ്ട്. ലോകത്തിൻെറ ഏതൊരു ഭാഗത്തും കാണാവുന്ന പരിപൂർണ്ണമായ തത്വശാസ്ത്രവും മതവും ഈ മന്ത്രത്തിൽ അടങ്ങിയിരിക്കുന്നുവെന്നും, അതിനു വിപരീതമായ മറെറല്ലാംതന്നെ അതിൽ നിന്നും വേർതിരിച്ചു നിറുത്തിയിരിക്കുന്നു എന്നുംകൂടി ഞാൻ നിങ്ങളോടു പറയുന്നു. വ്യാഖ്യാനനിയമപ്രകാരം ശ്രുതിക്കു യോജിക്കാത്ത ഏതിനെയും—ഈശോപനിഷത്ത് ഒരു ശ്രുതിയാണ്—ആകപ്പാടെ നിഷേധിക്കേണ്ടതാണ്.

ദേവാലയങ്ങൾ പരിശുദ്ധമാക്കി.

വിളംബരഫലമായി ഇവിടെ ഉണ്ടാവിട്ടുള്ള അവസ്ഥയിൽ ഈ മന്ത്രത്തെ ഇവിടെ പ്രയോഗിച്ചുകൊള്ളട്ടെ. ഈ വിളംബരത്തെപ്പററിയുള്ള നിങ്ങളുടെ ആഹ്ലാദപ്രകടനങ്ങ

ളിൽ ഞാൻ ഹാർദ്ദമായി ഭാഗഭാക്കായിരുന്നു് ഞാൻ മഹാരാജാവു തിരുമനസ്സിലേക്കും, മഹാറാണി തിരുമനസ്സിലേക്കും, ദിവാനും എന്റെ വന്ദനങ്ങളും അഭിനന്ദനങ്ങളും അപ്പിച്ചപ്പോൾ, ഈ വിളംബരം ഞാൻ ഇപ്പോൾ ഉദ്ധരിച്ച ഈശോപനിഷത്തിലെ ശ്ലോകത്തിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശത്തിന്റെ മന്ദഗതിയോടുകൂടിയ ഒരു നിവ്വഹണമാണു് എന്നും കൂടി പ്രസ്താവിക്കുവാൻ ഞാൻ നിർബന്ധിതനായി. ഇന്നലെവരെ നാം ഹിന്ദുക്കൾ എന്നു് തന്നത്താൻ വിളിക്കപ്പെടുവാൻ കൂടി അയോഗ്യരായിരുന്നു. എന്തെന്നാൽ ഈ പ്രപഞ്ചത്തിലുള്ളതിലെല്ലാത്തിലും ദൈവം കുടികൊള്ളുന്നുണ്ടെങ്കിൽ, അതായതു് ബ്രാഹ്മണനും, ഭംഗിയും, വിദ്വാനും, തോട്ടിയും, ഈഴവനും, പറയനും—അവരെല്ലാം ഏതു ജാതിയിൽപെട്ടിരുന്നാലും—ഇവരിലെല്ലാം ദൈവം കുടികൊള്ളുന്നുണ്ടെങ്കിൽ, ഈ മന്ത്രം അനുസരിച്ചു് ഉച്ചസ്ഥിതിയിലും, നീചസ്ഥിതിയിലും ആരുംതന്നെ ഇല്ല; എല്ലാവരും സമന്മാരാണു്. സമന്മാരാകുന്നതു് എന്തെന്നാൽ അവരെല്ലാവരും ദൈവത്തിന്റെ സൃഷ്ടികളാകുന്നു. ഇതു് ബ്രാഹ്മണക്കോ, ക്ഷത്രിയക്കോ മാത്രമായി ഉണ്ടാക്കിയിട്ടുള്ള ഒരു തത്വശാസ്ത്രപരമായ സൂക്തമല്ല. നേരേ മറിച്ചു്, അതു് യാതൊരു പ്രകാരത്തിലുള്ള ചുരുക്കലിനോ ലഘൂകരണത്തിനോ വിധേയമല്ലാത്ത ഒരു ശാശ്വതമായ സത്യത്തെയാണു് പ്രസ്താവിക്കുന്നതു്. അതുകൊണ്ടു് മഹാരാജാവും മഹാറാണിയും തിരുവിതാംകൂറിലുള്ള അതിനീചമായ ഏതൊരു മനുഷ്യനെക്കാളും ഒട്ടുംതന്നെ ഉച്ചത്തിലുള്ളവരല്ല. നാം എല്ലാവരും തന്നെ ഒരേ ദൈവത്തിന്റെ സൃഷ്ടികളും ദാസന്മാരും ആകുന്നു. സമന്മാരുടെ ഇടയിൽ മഹാരാജാവു് ഒന്നാമനാണെങ്കിൽ—അദ്ദേഹത്തിന്റെ സ്ഥിതി അതാണു്—അദ്ദേഹം അപ്രകാരം സ്ഥിതിചെയ്യുന്നതു് പരമാധികാരംകൊണ്ടല്ല, സേവനാവകാശംകൊണ്ടു മാത്രമാണു്. അതുകൊണ്ടു് സകല മഹാരാജാക്കന്മാരും പത്മനാഭദാസ് എന്ന ബിരുദ വഹിക്കുന്നതു് എത്ര നന്നായിരിക്കുന്നു! എത്ര ശ്രേഷ്ഠമായിരിക്കുന്നു! അതു് അഭിമാനകരമായ ഒരു ബിരുദാണു്. ആ ബിരുദു് തിരുവിതാംകൂർ മഹാരാജാക്കന്മാക്കു് നൽകിയവരെ ഞാൻ അഭിനന്ദിക്കുന്നു. അതുകൊണ്ടു് മഹാരാജാവോ

മഹാറാണിയോ നമ്മിൽ ആരെക്കാളും ഒരുവിധത്തിലും ശ്രേഷ്ഠരല്ല എന്നു് പറഞ്ഞപ്പോൾ, ആ തിരുമേനിമാർ സ്വീകരിച്ചിട്ടുള്ള ഒരു സത്യാവസ്ഥയേ പററി മാത്രമാണു് ഞാൻ നിങ്ങളോടു് പറഞ്ഞതു്. അതു് അപ്രകാരം ആണെങ്കിൽ, ഇവിടെ ഉള്ളവരിൽ ആരെങ്കിലും, മറെറാരു മനുഷ്യനെക്കാൾ താൻ ഉന്നതനാണെന്ന ഭാവം എങ്ങിനെ ആണു് കൈക്കൊള്ളാൻ സാദ്ധ്യമാകുന്നതു്? അതുകൊണ്ടു് ഈ മന്ത്രം ശരിയാണെങ്കിൽ, അവർണ്ണർ എന്നു പറയപ്പെടുന്നവരുടെ പ്രവേശനം മൂലം ദേവാലയങ്ങൾ മലിനപ്പെടുമെന്നു വിശ്വസിക്കുന്ന സ്ത്രീപുരുഷന്മാർ ആരെങ്കിലും ഇവിടെ ഉണ്ടെങ്കിൽ, അങ്ങിനെ ഉള്ളവർ ഒരു മഹാപാപം ചെയ്തിട്ടുള്ളവർ ആണെന്നു് ഞാൻ പ്രസ്താവിക്കുന്നു. അവയിൽ ഉണ്ടായിരുന്ന കളങ്കങ്ങളെ നിർമ്മാർജ്ജനം ചെയ്തു നമ്മുടെ ദേവാലയങ്ങളെ വിളംബരം പരിശുദ്ധമാക്കിയിരിക്കുന്നു എന്നു് ഞാൻ നിങ്ങളോടു പറയുന്നു.

ഞാൻ ഉദ്ധരിച്ച മന്ത്രം, നമ്മുടെ സകല പുരുഷന്മാരുടേയും സ്ത്രീകളുടേയും ശിശുക്കളുടേയും ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠിതമായിക്കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ വിചാരിക്കുന്നപോലെ ഇതിൽ ഹിന്ദുമതത്തിൻെറ സാരം അടങ്ങിയിട്ടുണ്ടെങ്കിൽ, അതു് എല്ലാ ദേവാലയങ്ങളുടേയും ഗോപുരദ്വാരങ്ങളിന്മേൽ കൊത്തപ്പെടേണ്ടതാണു്. ആ ദേവാലയങ്ങളിൽനിന്നും നാം ആരെ എങ്കിലും അകററി നിർത്തുകയാണെങ്കിൽ, നാം ആ മന്ത്രത്തെ എല്ലാ കാര്യങ്ങളിലും അപലപിക്കുക ആയിരിക്കും ചെയ്യുന്നതു് എന്നു് നിങ്ങൾ അപ്പോൾ വിചാരിക്കുകയില്ലേ? അതുകൊണ്ടു് മഹത്തായ ഈ വിളംബരത്തെ നിങ്ങൾ അർഹിക്കുന്നുണ്ടെന്നു തെളിയിക്കുകയും, നിങ്ങൾ നിങ്ങളോടു തന്നേയും, നിങ്ങളുടെ ഭാവിയെ നിയന്ത്രിക്കുന്നവരോടും നിങ്ങൾക്കു് ഭക്തി ഉണ്ടായിരിക്കുകയും ചെയ്യുന്നു എങ്കിൽ, നിങ്ങൾ ഈ വിളംബരത്തിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ അക്ഷരംപ്രതി അനുഷ്ഠിക്കുന്നതായിരിക്കും. അവിശ്വാസികളുടെ ഹൃദയങ്ങളിൽ നിന്നു് സംശയാത്മകത്വവും, ഹിന്ദുമതത്തിൻെറ, എന്നുവേണ്ട മതത്തിൻെറതന്നെ, യാഥാർത്ഥ്യത്തെപ്പററി സംശയിച്ചിട്ടുള്ള

വരുടെ ഹൃദയങ്ങളിൽനിന്ന് ആ സംശയവും നിവാരണം ചെയ്യുന്നതിന് മതിയാകത്തക്ക അത്ര വലിയ ഒരു ആദ്ധ്യാത്മികകർമ്മം ആയിട്ടാണ് ഞാൻ അതിനെ കരുതുന്നത്. ശരിയായ വിധത്തിൽ മനസ്സിലാക്കുകയാണെങ്കിൽ, ഈ വിളംബരം നാസ്തികന്മാർ എന്ന് അറിയപ്പെടുന്നവരുടെ അജ്ഞാനത്തിൽനിന്നും ജാതമാകുന്നതിന് നിരീശ്വരമതത്തെ അകററുകയാണു വേണ്ടത്. ഞാൻ ഒരിക്കൽ പറഞ്ഞിട്ടുള്ളതുപോലെ, ദൈവാലയങ്ങൾ അല്ലാതിരുന്ന തിരുവിതാംകൂറിലെ ദേവാലയങ്ങൾ ഈ വിളംബരതീയതിമുതൽ യഥാർത്ഥമായ ദൈവാലയങ്ങൾ ആയിത്തീർന്നിട്ടുണ്ട്. എന്തെന്നാൽ തൊടീൽ ജാതിക്കാരായി ഗണിക്കപ്പെട്ടിരുന്നവരിൽ ആരുംതന്നെ മേലിൽ ഈ ദേവാലയങ്ങളിൽനിന്നും അകററിനിറുത്തപ്പെടുന്നതല്ല. സമുദായത്തിലെ നീചന്മാരായി ഗണിക്കപ്പെട്ടിരുന്നവർക്ക് ദേവാലയങ്ങൾ തുറന്നുകൊടുക്കപ്പെട്ടു എന്നുള്ള കാരണം പ്രമാണിച്ച്, ക്ഷേത്രഗമനം നിറുത്തുന്നവരായി പുരുഷനോ സ്ത്രീയോ ആരുംതന്നെ തിരുവിതാംകൂർ ഒട്ടുക്ക് ഉണ്ടാകാതെയിരിക്കണമെന്ന് ഞാൻ അതുകൊണ്ട് ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ചേത്തല.

(൧൯൩—൪—൧൯൩൧)

[ഈഴവരുടെ പ്രധാന സ്ഥാപനമായ എസ്. എൻ. ഡി. പി. യോഗത്തിന്റെ ഒരു ക്ഷേത്രപ്രവേശനവിളംബര ആഘോഷവിശേഷാൽയോഗം ചേത്തലവച്ച് കൂടി. അനേകായിരം ഈഴവർ സന്നിഹിതരായിരുന്ന ഈ യോഗത്തിൽ ഗാന്ധിജി പ്രസംഗിച്ചു.]

വിളംബരം—ദൈവീകഅനുഗ്രഹം.

ഈ സായാഹ്നത്തിൽ നിങ്ങളുടെ ഇടയ്ക്കു സന്നിഹിതനായിരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. തിരുവിതാംകൂർ മഹാരാജാവിനോട് ഉള്ള കൃതജ്ഞതാപ്രകടനത്തിൽ ഞാൻ പൂർണ്ണമായി യോജിക്കുന്നു എന്നുള്ള സംഗതി ഇപ്പോൾ ഞാൻ ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല. തന്റെ പൂർവ്വീകന്മാരുടെ മതത്തോടുള്ള മഹാരാജാവു തിരുമനസ്സിലെ വാത്സല്യാതിരേകവും, മഹാറാണി തിരുമനസ്സിലെ ബുദ്ധിപൂർവ്വകമായ മാർഗ്ഗദർശിത്വവും, സചിവോത്തമൻ സർ സി. പി. രാമസ്വാമിഅയ്യരുടെ പ്രാപ്തിയേറിയ സഹായവും ഇല്ലാതിരുന്നു എങ്കിൽ, നിശ്ചയമായും നമുക്ക്, ഈ വിളംബരം ലഭിക്കുകയില്ലായിരുന്നു. എന്നാൽ മററവസരങ്ങളിൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ, ആ് വിളംബരം തുല്യംചാർത്തിയ തൃക്കൈയ്യ് മഹാരാജാവിന്റേതാണെങ്കിലും, ആ വിളംബരത്തെ തുല്യംചാർത്തുന്നതിന് ആ തൃക്കൈയ്യിനെ പ്രേരിപ്പിച്ച ചൈതന്യം ദൈവത്തിന്റേതാണ് എന്ന് ഞാൻ നിങ്ങളോട് ആവർത്തിച്ചു പറയുന്നു. അദ്ദേഹത്തിന്റെ ബുദ്ധിമതിയായ മാതാവിന്റെ ധീരമായ മാർഗ്ഗദർശിത്വം ഉണ്ടായിരുന്നെങ്കിലും, തിരുവിതാംകൂറിലെ, യുവാവായ ഭരണാധികാരി, തിരുവിതാംകൂറിൽ നല്ലപോലെ വേരുറച്ചിരുന്ന 'തൊടീലി'നെ, ഒരു തൂലികാപ്രയോഗത്താൽ നിർമ്മാർജ്ജനം ചെയ്യുക എന്ന അദ്ഭുതപൂർവ്വമായ കൃത്യം നിർവ്വഹിക്കുന്നതിൽ നിശ്ചയമായും സങ്കോചപ്പെട്ടുമായിരുന്നു.

എന്നാൽ പല സംഗതികളും വെറും മനുഷ്യന് അസാദ്ധ്യം ആയിരിക്കുമ്പോൾ, ദൈവത്തിന് സാദ്ധ്യം അല്ലാത്തതായി യാതൊന്നുംതന്നെയില്ല. അന്തർലീനമായ ദൈവീകപ്രേരണയ്ക്ക് മഹാരാജാവ് വിധേയനായി സ്വധൈര്യം തുലിക എടുത്ത്, സചിവോത്തമനാൽ തയ്യാറാക്കപ്പെട്ട വിളംബരത്തിൽ തുല്യം ചാർത്തി. ഈ വിളംബരത്തെ ഒരു ദൈവീക അനുഗ്രഹമായി നിങ്ങൾ കരുതി, അതു് നിങ്ങൾക്ക്. നൽകിയിട്ടുള്ളതിന്റെ ആന്തരികമായ ഉദ്ദേശത്തെ മനസ്സിലാക്കി അതിനനുസരിച്ച് നിങ്ങൾ പെരുമാറണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഒരു സാർവ്വത്രികമായ നിയമം.

അതു് അതിപുരാതനവും എന്നാൽ മതവിരുദ്ധവുമായ ഉച്ചനീചത്വഭേദങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നു എന്നാണ് ഈ വിളംബരത്തെപ്പററിയുള്ള എന്റെ വ്യാഖ്യാനം. ദൈവസന്നിധിയിൽ, അദ്ദേഹത്തിന്റെ സൃഷ്ടികളായ നമുക്കെല്ലാം തന്നെ പരിപൂർണ്ണമായ സമത്വമാണുള്ളത്. മനുഷ്യനാണ് അവന്റെ ധാർഷ്ട്യംകൊണ്ട് മഹത്തായ ദൈവത്തിന്റെ സമമായ നീതിയെ അലങ്കോലപ്പെടുത്തുന്നത്. ഇപ്പോൾ മഹാരാജാവ് അസ്പൃശ്യതയാകുന്ന കളങ്കത്തെ നീക്കംചെയ്ത് ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ചിടത്തോളം സകലക്കും സമാവകാശമുണ്ടെന്ന് തന്റെ പ്രജകളോട് എന്നെന്നേയ്ക്കുമായി പ്രസ്താവിച്ചുകഴിഞ്ഞു. ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ചിടത്തോളം അവക്ക് തുല്യാവകാശമുണ്ടെങ്കിൽ, ജീവിതത്തിലെ മറെറല്ലാ സംഗതികളിലും അവക്ക് സമാവകാശമുണ്ടായിരിക്കണമെന്ന് ഇതിൽനിന്നും വ്യക്തമാകുന്നു. കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങളായി ഞാൻ പറഞ്ഞുവരുന്നതുപോലെ ഈ വിളംബരം ഈശോപനിഷത്തിലെ ആദ്യത്തെ മന്ത്രത്തിൽ ചുരുക്കിയും, എന്നാൽ അതിന്റെ സ്ഫുടതയ്ക്ക് ഒട്ടും ഹാനി തട്ടാതേയും വിവരിക്കപ്പെട്ടിട്ടുള്ള ഹിന്ദുമതതത്ത്വങ്ങൾ അനുസരിച്ചുള്ളതുമാണ്. ഇവിടെ കൂടിയിരിക്കുന്ന സകലരുടേയും ശ്രദ്ധയെ, ഞാൻ ആ ഉപനിഷത്തിനെ, കുറഞ്ഞപക്ഷം അതിലെ ആദ്യമന്ത്രത്തിനെ എങ്കിലും, വിഷയീഭവി

പ്പിച്ചുകൊള്ളുന്നു. ആ മന്ത്രത്തിന്റെ ഒരു ഏകദേശപരി ഭാഷ മാത്രമേ ഞാൻ നിങ്ങളോടു പറയുകയൊള്ളു. അതിന്റെ അർത്ഥം ഇതാണ്:—ഈ പ്രപഞ്ചത്തിലുള്ള സകലതിലും, അതിസൂക്ഷ്മമായ അണുവരെയുള്ള സകലതിലും, ഭരണാധികാരിയും സൃഷ്ടികർത്താവുമായ ദൈവം വ്യാപരിക്കുന്നു. ദൈവം ഇല്ലാത്ത യാതൊന്നുംതന്നേ ഇല്ല. ഈ മന്ത്രത്തിന്റെ മറു ഭാഗത്തു് ഋഷികൾ പ്രസ്താവിച്ചിട്ടുള്ളതു്, ഇതിൽനിന്നും പ്രകൃത്യാ തുടരുന്നുണ്ടു്. സർവ്വശക്തന്റെ പാദാരവിന്ദങ്ങളിൽ സർവ്വം സമർപ്പിക്കുക; അഥവാ ഗീതയുടെ ഭാഷയിൽ പറയുകയാണെങ്കിൽ, സർവ്വവും ത്യജിക്കുക. എന്നാൽ ത്യാഗം ആത്മഹത്യ അല്ല; ആത്മഹത്യ ആവുകയും ചെയ്യരുതു്. അതുകൊണ്ടു് അതേ ശ്വാസത്തിൽ തന്നെ ആ ഋഷി "ത്യജിക്കുക അല്ലെങ്കിൽ സമർപ്പിക്കുക, പിന്നീടു് ഉപയോഗിക്കുക അഥവാ, അനുഭവിക്കുക എന്നും പറയുന്നു. എന്നാൽ ഒരു ചെറിയ കുട്ടിക്കുപോലും മനസ്സിലാകത്തക്കവിധത്തിൽ, മുഴുവൻ തത്ത്വത്തേയും അതിൽ പ്രതിപാദിക്കപ്പെട്ടിട്ടില്ല എന്നു് അദ്ദേഹത്തിനു തോന്നി. അതുകൊണ്ടു് "മറ്റൊരാളുടെ ധനത്തെ ആഗ്രഹിക്കരുതെ"ന്നു പറഞ്ഞു് അദ്ദേഹം അവസാനിപ്പിച്ചു. തന്മൂലം നിങ്ങളുടെ ഉപയോഗവും അനുഭവവും രണ്ടു പ്രകാരത്തിൽ നിയന്ത്രിതമായിരിക്കുന്നു. ഒന്നാമത്തെ വ്യവസ്ഥ, നാം ഒന്നുംതന്നെ—നമ്മുടെ ശരീരങ്ങൾപോലും—നമ്മുടെ സ്വന്തമായി ഗണിക്കരുതു് എന്നാകുന്നു. എന്തെന്നാൽ നമുക്കു് എല്ലാംതന്നെ സർവ്വാധികാരിയായ ദൈവത്തിനു് സമർപ്പിക്കുകയോ, നൾകുകയോ ചെയ്യേണ്ടതായിട്ടുണ്ടു്. രണ്ടാമത്തെ വ്യവസ്ഥ അന്യർക്കു് അവകാശപ്പെടുന്നതു നാം മോഷ്ടിക്കരുതു് എന്നാണു്. അതിന്റെ അർത്ഥം നമ്മുടെ അയൽപക്കക്കാരുടെ സാധനങ്ങൾ നാം അപഹരിക്കരുതു് എന്നു മാത്രമല്ല; എന്നാൽ നാം നമ്മുടെ കണ്ണുകൾ അവയിന്മേൽ മോഹത്തോടേ പതിപ്പിക്കരുതു് എന്നുകൂടിയുമാണു്. നാം ഭക്ഷിക്കുന്ന സാധനങ്ങളേയും, നാം ധരിക്കുന്ന വസ്ത്രങ്ങളേയും, നാം വസിക്കുന്ന ഗൃഹങ്ങളേയും, നമുക്കു വാസ്തവത്തിൽ അനുഭവിക്കണമെങ്കിൽ, ഈ സാധനങ്ങൾ നമ്മുടെ നിത്യവൃത്തിക്കു നമ്മുടെ സൃഷ്ടികർത്താവിന്റെ പ്രശസ്തിക്കുമായി നമുക്കു് ആവശ്യമുള്ളതിൽ കൂടുതൽ ഒരിക്കലും നാം എടുക്കരുതെന്നു തീർച്ചയാ

ക്കണം. അപ്പോൾ നാം ഭക്ഷിക്കുന്നതും ധരിക്കുന്നതും വസിക്കുന്നതും എല്ലാംതന്നെ, ദൈവത്തിന്റെ സൃഷ്ടികൾ എന്നോ, ശിശുക്കൾ എന്നോ, ഉള്ള നിലയിൽ, നമ്മുടെയല്ല, എന്നാൽ ദൈവത്തിന്റെ ആകുന്നു എന്ന് നാം മനസ്സിലാക്കും. ഈ ഉപദേശം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട സ്വല്പം ചിലക്കുമാത്രമല്ല നൽകപ്പെട്ടിരിക്കുന്നത്; പിന്നെയോ, ലോകത്തിലെ സകലക്കുമാണ്. ആ മന്ത്രത്തിന്റെ അതിപ്രധാനമായ ഭാഗം, എല്ലാ അണുക്കളിലും ദൈവം കുടികൊള്ളുന്നുണ്ട് എന്നാണ്. അതുകൊണ്ട് ത്യാഗം, സമർപ്പണം മുതലായവയെപ്പററിയുള്ള ഉപദേശം അദ്ദേഹത്തിന്റെ സകല സൃഷ്ടികൾക്കുമാണ് നൽകപ്പെട്ടിട്ടുള്ളത്. സ്വല്പം ചിലക്കു നൽകപ്പെട്ടിട്ടുള്ള ഒരു ഉത്തരവുപോലെ അല്ല എന്നാൽ സാവ്ത്രികമായ ഒരു നിയമം, അഥവാ ഒരു സാവ്ത്രികമായ പരമാത്മാവായിട്ടാകുന്നു അതു കണക്കാക്കപ്പെടേണ്ടത്. നമ്മുടെ ജീവിതത്തിന്റെ ആ മഹത്തായ നിയമമനുസരിച്ച് അതിൽ നിന്നും ഒട്ടും വ്യതിചലിക്കാതെ നാം ജീവിക്കുന്നെങ്കിൽ, നാം ജീവിക്കുന്ന ലോകം എത്ര വളരെ സൌഭാഗ്യമുള്ളതായിത്തീരുമായിരുന്നു. അപ്പോൾ അവിടെ പരസ്പര അസൂയകളോ അന്യോന്യമുള്ള വഴക്കുകളോ ഉണ്ടാവുകയില്ല. എനിക്ക് അപ്രകാരം പ്രസ്താവിക്കാമെങ്കിൽ, കുറച്ചു സമ്പാദ്യങ്ങളാൽ അനുഗ്രഹീതരായിട്ടുള്ളവർ തന്നത്താൻ അങ്ങിനെയല്ലാത്തവരുടെ ട്രസ്റ്റിയായിത്തീരും. ഞാൻ ഇപ്പോൾ നിങ്ങളോട് വിവരിച്ചുപറയാൻ ശ്രമിച്ച നിയമപ്രകാരം ധാരാളം സ്വത്തുള്ളവർ അവയെ അവരുടെ പരിമിതങ്ങളായ ആവശ്യങ്ങൾക്കു മാത്രമായിട്ടേ ഉപയോഗിക്കുകയുള്ളൂ. പ്രത്യക്ഷത്തിൽ തിരുവിതാംകൂർ മഹാരാജാക്കന്മാർ പത്മനാഭദാസന്മാർ ആയിത്തീരുന്ന ഐതിഹ്യമനുസരിച്ച്, മഹാരാജാവ് ക്ഷേത്രത്തിൽ പോയി അദ്ദേഹം സ്വയം ദൈവത്തിന് അർപ്പിച്ച് അദ്ദേഹത്തിന്റെ ഏജന്റോ പ്രതിനിധിയോ ആയി ദൈനംദിനകൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കല്പനകൾ വാങ്ങുകയാണ് ഇന്നു നടപ്പിലിരിക്കുന്ന ആചാരം. മനുഷ്യൻ മനുഷ്യനോട് എന്ന മാതിരിയിലല്ല ഈ കല്പനകൾ നൽകുന്നതും വാങ്ങുന്നതും എന്നത് കേവലം ഒരു പരമാത്മാവാകുന്നു.

എന്നാൽ ദൈവചൈതന്യമാണ് മഹാരാജാവിനെ ഈ കൃത്യം നടത്തുന്നതിനു പ്രേരിപ്പിച്ചതെന്നു ഞാൻ സൂചിപ്പിച്ചതുപോലെതന്നെ അപ്രകാരം പ്രാർത്ഥനയോടും താഴ്മയോടും കൂടി ഉത്തരവുകൾ വാങ്ങുന്നതിനായി ദേവാലയത്തിലേക്കു പോകുമ്പോൾ അദ്ദേഹം ദൈവചൈതന്യത്താൽ സ്വയം ആവൃതനാകുന്നു. അതുകൊണ്ട് ഞാൻ എന്നെത്തന്നെയോ നിങ്ങളേയോ ഒരു അസത്യമായ വിശ്വാസംകൊണ്ടോ, അന്ധവിശ്വാസംകൊണ്ടോ ചതിക്കുന്നില്ല. മഹാരാജാവ് ഒരിക്കലും തെററു പററാത്ത ഒരാളാണെന്നോ,അദ്ദേഹത്തിന്റെ തീർപ്പുകളിൽ പിശക് ഉണ്ടാവുകയില്ലെന്നോ സൂചിപ്പിക്കണമെന്നേ എനിക്കു വിചാരമില്ല. അദ്ദേഹം തന്റെ തീർപ്പുകളിൽ എന്തെങ്കിലും പിശകുകൾ വരുത്തിയിട്ടുണ്ടെങ്കിൽതന്നെ അവ എന്തെല്ലാമാണെന്ന് എനിക്ക് അറിഞ്ഞുകൂട. എന്നാൽ അദ്ദേഹം ഒരു മർത്ത്യൻ മാത്രമാണെന്നും, തൻമൂലം നമ്മളിൽ ആരെയെങ്കിലുംപോലെതന്നെ അദ്ദേഹത്തിന്റെ തീർപ്പുകളിലും പിശക പററാൻ ഇടയുണ്ടെന്നും വിചാരിക്കുന്ന പക്ഷം, അദ്ദേഹവും ഈ മന്ത്രം അനുസരിച്ച് ജീവിക്കാൻ കടപ്പെട്ടവനാകുന്നു. ഈ കടപ്പാട് തിരുവിതാംകൂറിലെ പ്രഭുക്കന്മാർ അംഗീകരിച്ചിട്ടുണ്ടെന്നും, മഹാരാജാവ് ദൈനംദിനകൃത്യങ്ങൾ നിർവ്വഹിക്കുന്നതിന് ഈ സമപ്പണകർമ്മം പതിവനുസരിച്ച് ആവശ്യമാണെന്നും, അതനുസരിച്ച് അദ്ദേഹം പ്രവർത്തിക്കുന്നിടത്തോളം അദ്ദേഹത്തിന്റെ കർമ്മങ്ങൾ പ്രമാദാതീതങ്ങൾ ആണെന്നും വരുന്നു. മഹാരാജാവിന്റെ കൃത്യങ്ങളേപ്പററിയുള്ള കാര്യങ്ങൾ എന്തുതന്നെയായിരുന്നാലും, ഈ നിയമം ബ്രിട്ടീഷ്ഇൻഡ്യയിലുള്ള ഞങ്ങളെ എങ്ങിനെ ബാധിക്കുന്നു എന്ന് ഉദാഹരിക്കുന്നതിന് ഞാൻ ഇക്കാര്യത്തെ ഉപയോഗിച്ചതാണ്. മനഃപൂർവ്വമായോ, അല്ലാതെയോ, അത് എത്ര അപൂർണ്ണമായിട്ടെങ്കിലും നമ്മുടെ കർമ്മങ്ങളിലും ജീവിതത്തിലും പ്രത്യക്ഷപ്പെടേണ്ടതാണ്. നിങ്ങളുടെ ക്ഷേത്രഗമനത്തിന്റെ അർത്ഥം ഇതല്ലാതെ മറെറാന്നുമല്ല ഈ മനോഭാവത്തോടുകൂടി നിങ്ങൾ ദേവാലയങ്ങളെ സമീപിക്കുമ്പോൾ, നിങ്ങൾ ക്ഷേത്രങ്ങളിൽ പോകുമ്പോൾ, നിങ്ങൾക്കു പുതിയ ഒരു ജീവച്ഛക്തിയുണ്ടായിത്തീരും. ഇതേവരെ ദിവസം

തോടുള്ള ഈ ആത്മാർപ്പണത്തിനും, കീഴ്വഴങ്ങലിനും അവസരം ലഭിക്കാതെയിരുന്ന ഒരു വലിയ ഭാഗം ഹിന്ദുക്കൾക്ക് ഇപ്പോൾ അതു് ലഭ്യമാകും. ഈ വിളംബരം വളരെ വലിയതും ഗൌരവതരവുമായ ഈ കുറവിനെ, അല്ലെങ്കിൽ, പൊരുത്തമില്ലായ്മയെ ഇപ്പോൾ മാററിയിട്ടുണ്ട്.

ഏററവും താഴ്ന്നവരെ നിങ്ങളുടെ നിരപ്പിലേയ്ക്ക് ഉയർത്തുക.

നിങ്ങൾ ഈ വിളംബരത്തെപ്പററി ആഹ്ലാദിക്കുന്നതു ശരിയാണ്. രാജ്യഭക്തിപരമായ നിങ്ങളുടെ അഭിനന്ദനങ്ങൾ തിരുമേനിമാരിൽ അപ്പിക്കുക എന്നതു് തീർച്ചയായും നിങ്ങളുടെ കർത്തവ്യമായിരുന്നു; അക്ഷേ അതു് ഈ വിളംബരത്തിനുള്ള നിങ്ങളുടെ മറുപടിയുടെ ആരംഭം മാത്രമാണ്. ഇപ്പോൾ നിങ്ങൾ ഈ വിളംബരത്തിൻെറ സമ്പൂർണ്ണമായ പ്രാധാന്യത്തേയും, ധ്വനികളേയും പററി ധരിക്കണം. നിങ്ങൾക്കു നൾപ്പെട്ടിട്ടുള്ള ഈ അവസരത്തെ ആദ്ധ്യാത്മികമായ വിധത്തിൽ നിങ്ങൾ ഉപയോഗിക്കണം. ഈ വിളംബരത്തിൻെറ ആഴമേറിയ ആദ്ധ്യാത്മികതത്വത്തെ പററി നിങ്ങൾ ഗ്രഹിക്കുന്നു എങ്കിൽ, മറെറല്ലാ സംഗതികളും, പകൽ രാത്രിയെ എന്നപോലെ അതിനെ പിൻതുടർന്നുകൊള്ളും. നിങ്ങളുടെ നിരാശയാകുന്ന കുളിർകാലം കഴിഞ്ഞു; നിങ്ങളുടെ ആശയാകുന്ന വസന്തകാലം ഇപ്പോൾ നിങ്ങൾക്ക് ആസന്നമായിരിക്കുന്നു. നിങ്ങൾ വേണ്ടത്ര വികസിക്കുകയും, ഈ വിളംബരത്തിൻെറ ഫലങ്ങൾ നിങ്ങൾക്കു പൂർണ്ണമായി അനുഭവമാവുകയും ചെയ്യണം എങ്കിൽ, നിങ്ങൾ അലസന്മാർ ആയിരിക്കുകയില്ല; എന്നാൽ ഈശോപനിഷത്തിലെ ആദ്യമന്ത്രത്തിൻെറ, ഞാൻ നിങ്ങൾക്ക് പറഞ്ഞുതന്നിട്ടുള്ള, അർത്ഥം അനുസരിച്ച് നിങ്ങൾ ജീവിക്കും. ഈ വിളംബരത്തിൻെറ അർത്ഥം എന്താണെന്നു ധരിക്കാൻ സാദ്ധ്യം അല്ലാത്തവരുടെ അടുക്കലേയ്ക്കു കൂടി നിങ്ങൾ ഈ ആശാഗർഭമായ സന്ദേശത്തെ വഹിച്ചുകൊണ്ടു പോവുക എന്നുള്ളതും അതിനോടു തുല്യമായ പ്രാധാന്യം വഹിക്കുന്ന ഒന്നാകുന്നു. ഇതിനെപ്പററി ധരിച്ചിട്ടില്ലാത്ത അനേകായിരം ജനങ്ങൾ ഉണ്ടായേയ്ക്കും എന്നു് ദൈവത്തിനു് അറിയാം. നിങ്ങളെക്കാൾ ഭാഗ്യ

ഹീനരുടെ അടുക്കലേയ്ക്കു് ഈ സന്ദേശത്തെ വഹിച്ചുകൊണ്ടു പോകേണ്ടതു് നിങ്ങളുടെ കൎത്തവ്യം ആണു്. കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾ എന്തുതന്നെ ചെയ്തിരുന്നാലും, നിങ്ങൾ ഈഴവരും, പുലയരും, പറയരും ആയി എന്തെങ്കിലും വ്യത്യാസം കാണിക്കുക എന്ന ആപൽക്കരമായ തെറ്റു് ഇനി പ്രവൎത്തിക്കയില്ലെന്നു് ഞാൻ ആശിക്കുന്നു. എന്നാൽ നിങ്ങൾ അവരെക്കൂടി നമ്മുടെ പൊതുവായ മനഃസ്ഥിതിയിലേക്കു് ഉയൎത്തത്തക്കവിധത്തിൽ ചിന്തിക്കുന്നതിനും പ്രവൎത്തിക്കുന്നതിനും ദൃഢമായി നിശ്ചയിക്കണം.

ഹിന്ദുമതത്തിന്റെ സാരം, ഞാൻ നിങ്ങളോടു പ്രസ്താവിച്ച ആ ഏകമന്ത്രത്തിൽ അടങ്ങിയിരിക്കുന്നു എന്നു പറയുമ്പോൾ നിങ്ങൾ എന്നെ വിശ്വസിക്കണം. ആ മന്ത്രത്തിന്റെ അൎത്ഥത്തിനു വിരുദ്ധമായ യാതൊന്നും തന്നെ ഹിന്ദുമതമല്ലെന്നു് ഞാൻ പറയുമ്പോഴും നിങ്ങൾ എന്നെ വിശ്വസിക്കണം. ഹിന്ദുമതം എന്നറിയപ്പെടുന്നതിൽ ഈ മന്ത്രത്തിനു വിരുദ്ധമായിട്ടുള്ള മറ്റെന്തെല്ലാം സംഗതികൾ ഉണ്ടെന്നുള്ളതിനെപ്പററി ഒട്ടുംതന്നെ ആലോചിക്കേണ്ടതില്ല. നിങ്ങൾ ഈ മന്ത്രത്തിൽ വിശ്വസിക്കുന്നു എങ്കിൽ, അതു നിങ്ങളുടെ ഏററവും ഉന്നതങ്ങളായ ആഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുന്നതായിരിക്കും. കഴിഞ്ഞ തവണ ഞാൻ കൊച്ചിയിലും തിരുവിതാംകൂറിലുംകൂടി കടന്നുപോയപ്പോൾ നിരവധി ഈഴവസ്നേഹിതന്മാരെ കാണുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായി. അവരിൽ ഏറിയ ഭാഗവും ഹിന്ദുമതത്തോടും, ഹിന്ദുക്കളോടും വളരെ വെറുപ്പുള്ളവരായിരുന്നു. അവർ ഹിന്ദുക്കൾ അല്ലെന്നും, നാസ്തികരാണെന്നും സ്വയം അഭിമാനിക്കുന്നതായി ഞാൻ കണ്ടു. ഹിന്ദുമതഗ്രന്ഥങ്ങൾ എന്നു് അറിയപ്പെടുന്ന പുസ്തകങ്ങളെ അവർ സസന്തോഷം ചുട്ടുകളയുമായിരുന്നു. ഈ അവിശ്വാസികളെ ആ വിളംബരം സ്വസ്ഥചിത്തരാക്കിത്തീൎത്തു എന്നു് എനിക്കറിയാം. അക്കാലത്തു് ഞാൻ അവരോടൊത്തു സഹതപിച്ചു എന്നുള്ളതിനു് അന്നു് അതിനെക്കുറിച്ചു് എന്നോടു് വാദപ്രതിവാദം ചെയ്തിട്ടുള്ളവർ തന്നെ സാക്ഷ്യം വഹിക്കും. അവൎക്കു് എതിരായി നില്ക്കുന്നതു് സവൎണ്ണരാണു് എന്നവർ കണ്ടപ്പോൾ, തങ്ങളിൽ ജനിച്ച വെറുപ്പും നാസ്തികത്വവും ചെറുക്കുവാൻ അവൎക്കു കഴിഞ്ഞില്ല. യഥാ

ത്മമായ ഹൈന്ദവവിശ്വാസത്തിന്റെയും ആചാരങ്ങളുടേയും ഒരു ശരിയായ സൂചനയായി സവർണ്ണവിശ്വാസത്തേയും ആചാരങ്ങളേയും അവക്ക് പരിഗണിക്കാതെ ഗത്യന്തരമില്ലാതിരുന്നു. എന്നാൽ ഇന്നാകട്ടെ സവർണ്ണഹിന്ദുക്കൾ തികച്ചും മാനസാന്തരപ്പെട്ടിരിക്കുന്നു എന്ന് അവക്ക് അറിയാം. അതുകൊണ്ട് ഈ തീർത്ഥയാത്രയിൽ തിരുവിതാംകൂറിൽക്കൂടി കടന്നുപോകുന്നതിനിടയ്ക്ക് ഞാൻ കണ്ടുമുട്ടിയ സവർണ്ണരുടെ ഇടയ്ക്ക് യാതൊരു എതിർപ്പും ഉണ്ടായിരുന്നതായി ഞാൻ കണ്ടില്ല. ഈ യാത്രയിൽ ഞാൻ അനേകായിരം ജനങ്ങളെ കണ്ടു. എന്നാൽ അവരുടെയിടയിൽ മനുഷ്യനിൽനിന്നും മനുഷ്യനെ അകററുന്ന യാതൊരു വ്യത്യാസങ്ങളും ഉള്ളതായി എനിക്ക് അനുഭവപ്പെട്ടില്ല. കുറച്ചുനാൾമുൻപ് അസ്പൃശ്യരായിരുന്ന അനേകായിരം ആളുകൾ ഈ ജനക്കൂട്ടങ്ങളിൽ ഉണ്ടായിരുന്നെങ്കിൽ, അവയിൽ അനേകായിരം സവർണ്ണരെന്ന് അറിയപ്പെടുന്നവരുംകൂടി ഉണ്ടായിരുന്നു. എന്നാൽ സവർണ്ണരുടെ ഹൃദയത്തിന് യാതൊരു മാററവും സംഭവിച്ചിട്ടില്ലെന്ന് ഒരു നിമിഷനേരത്തേയ്ക്കു വിചാരിക്കുക. നമ്മുടെ മതം അന്യരുടെ നമ്മോടുള്ള പെരുമാററത്തിൽനിന്നും തികച്ചും സ്വതന്ത്രമായിരിക്കണം. എന്തുകൊണ്ടെന്നാൽ അതിന്റെ ഉത്ഭവം അന്തർസ്ഥിതമായിരിക്കുന്ന ഈശ്വരനിൽനിന്നുമാണ്. നാം നമ്മുടെ ദൈവത്തോടു നിഷ്കപടമായി വർത്തിക്കുന്നതായാൽ നമുക്ക് അദ്ദേഹത്തിൽനിന്നും ലഭിക്കുന്ന മതത്തെ നാം ഒരിക്കലും ഉപേക്ഷിക്കുന്നതല്ല. നമ്മുടെ ഓരോ പ്രവൃത്തികളിലും ദൈവത്തെ നമ്മുടെ മാർഗ്ഗദർശിയും ഗുരുവും നായകനുമായി കരുതുകയാണെങ്കിൽ, നമുക്ക് ലോകരുടെ മുഴുവൻ എതിർപ്പിനെ വിഗണിക്കുന്നതിനും നമ്മുടെ മതത്തെ മുറുകെ പിടിച്ചുകൊണ്ടിരിക്കുന്നതിനും കഴിയും. ഞാൻ ഇപ്പോൾ ഇവിടെ വ്യാഖ്യാനിച്ച ആ മന്ത്രം ഈ ലോകത്തിലുള്ള ഏതൊരു മനുഷ്യന്റേയും അത്യുന്നതങ്ങളായ ആകാംക്ഷകളെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാണെന്ന് ഞാൻ ധൈര്യപൂർവം പറയും. അതു നിങ്ങളുടെ ആകാംക്ഷകളേയും തൃപ്തിപ്പെടുത്തട്ടെ. അതനുസരിച്ച് ജീവിക്കുന്നതിനുള്ള ശക്തി ദൈവം നിങ്ങൾക്കു പ്രദാനം ചെയ്യട്ടെ. ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു.

വൈയ്ക്കം.

(൧൯൨—൧—൧൯൯൨)

[സത്യഗ്രഹംമൂലം ഇൻഡ്യ ഒട്ടുക്കു സുപ്രസിദ്ധമായിത്തീൎന്നിട്ടുള്ള വൈയ്ക്കത്തു് തിരുവിതാംകൂറിലെ അതിപുരാതനമായ ക്ഷേത്രങ്ങളിൽ ഒന്നു് സ്ഥിതിചെയ്യുന്നു. അവിടത്തെ ശിവലിംഗം വ്യഘ്രപാദമഹൎഷിയാൽ പ്രതിഷ്ഠിക്കപ്പെട്ടതാണെന്നു് വിശ്വസിച്ചുവരുന്നു. സത്യഗ്രഹക്യാമ്പിലേക്കും, ക്ഷേത്രത്തിലേയ്ക്കുമുള്ള തെരുവുകളുടെ ഇരുഭാഗങ്ങളിലും, അനേകായിരം ജനങ്ങൾ മാതൃകാപരമായ സമാധാനത്തോടും ശാന്തതയോടും കൂടി നിരന്നുനിന്നിരുന്നു. പഴയ സത്യഗ്രഹാശ്രമസ്ഥലത്തു്, ഇരുപത്തിഅയ്യായിരത്തിൽ പരം ജനങ്ങൾ പൂൎണ്ണനിശ്ശബ്ദതയിൽ ഗാന്ധിജിയുടെ പ്രസംഗം ശ്രവിച്ചു]

പോരാടി മൃതിയടഞ്ഞവർ.

നിങ്ങൾക്കു് എല്ലാം അറിവുള്ളതുപോലെ, ഈ സൌഭാഗ്യസർന്ദത്തിൽ രണ്ടാമതൊരിക്കൽ കൂടി നിങ്ങളുടെ മദ്ധ്യത്തിൽ വന്നുചേരാൻ സാധിച്ചതിൽ എനിക്കുള്ള സന്തോഷം ഞാൻ വിവരിക്കുന്നതിനെക്കാൾ നല്ലതിൻവണ്ണം നിങ്ങൾക്കു് ഭാവനകൊണ്ടു് അറിയുവാൻ സാധിച്ചേക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. ഈ മഹാക്ഷേത്രത്തിലേയ്ക്കു നയിക്കുന്ന റോഡുകൾ അവൎണ്ണഹിന്ദുക്കൾക്കു് തുറന്നുകിട്ടുവാൻ വേണ്ടി മാത്രം കുറച്ചു വൎഷങ്ങൾക്കു മുൻപു് വളരെ ബുദ്ധിമുട്ടേണ്ടിയിരുന്നു. പാവനമായ സ്മരണയ്ക്കു് അൎഹനായ കൃഷ്ണസ്വാമിയാലും കേളപ്പനാലും സഹായിക്കപ്പെട്ട ശ്രേഷ്ഠനായ മാധവനാണു് ആ ആയോധനത്തിന്റെ അടിസ്ഥാനമിട്ടതു്. നമ്മുടെ ആഹ്ലാദങ്ങളിൽ ഭാഗഭാക്കാകുന്നതിനു് മാധവനോ കൃഷ്ണസ്വാമിയോ ഇവിടെ ഇല്ലെന്നുള്ളതു് നിങ്ങൾക്കു് എന്നപോലെ എനിക്കും അഗാധമായ സങ്കടത്തിനു കാരണമാണു്.

ശ്രദ്ധിക്കുള്ള ഒരു ആഹ്വാനം.

തിരുവിതാംകൂറിലെ യാത്രയെ ഞാൻ നാമകരണം ചെയ്തിട്ടുള്ളതനുസരിച്ച് ഇപ്പോൾ ഞാൻ ഒരു തീർത്ഥാടനം ചെയ്യുകയാണ്. ഈ തീർത്ഥയാത്രയിലെ കഴിഞ്ഞ രണ്ടു മൂന്നു ദിവസങ്ങളിൽ ചെയ്തിട്ടുള്ളതുപോലെ, എന്റെ ജീവിതത്തിൽ ഒരിക്കലും ഇത്ര വളരെ ക്ഷേത്രങ്ങളിൽ പോയിട്ടുള്ളതായി ഓർക്കുന്നില്ല. ഇനി ഒരു മണിക്കൂറിനകം ഈ പ്രദേശത്തെ മഹത്തായ ക്ഷേത്രത്തിനു ചുററും നിരോധനഭാവത്തോടെ നോക്കിനില്ക്കുന്നതായി അന്ന് എനിക്കു തോന്നിയ മതിലുകൾക്കുള്ളിൽ ഞാൻ പ്രവേശിക്കും. ഈ നല്ല കാര്യങ്ങൾ നടപ്പിൽ വന്നിട്ടുള്ളത് എന്തുകൊണ്ടെന്നാൽ പത്മനാഭസ്വാമിയുടെ പ്രേരണയാൽ മഹാരാജാവും മഹാറാണിയും അവരുടെ പരിപാവനമായ തീർച്ചയെ നടപ്പിൽ വരുത്തുവാൻ നിശ്ചയിച്ചതുകൊണ്ടാണ്. എന്നാൽ തിരുവിതാംകൂറിലെ സവർണ്ണരും അവർണ്ണരും, ഈ വിളംബരത്തിനോട് ഉചിതമായവിധം പെരുമാറിയില്ലെങ്കിൽ ആ വിളംബരം മുഴുവനും പ്രയോജനശൂന്യമാക്കാവുന്നതാണ്. സവർണ്ണരും അവർണ്ണരും ക്ഷേത്രപ്രദർശനം ഇപ്പോഴത്തെ മാതിരി തുടർന്നുകൊണ്ടു പോയാൽ മാത്രം പോരാ. ഇതുവരെ ജനങ്ങൾ ക്ഷേത്രത്തിൽ പോയിരുന്നത് വെറും ഒരു ചടങ്ങായിട്ടു മാത്രമാണ്; അല്ലാതെ അതിലുള്ള വിശ്വാസം കൊണ്ടല്ല. ക്ഷേത്രങ്ങളിൽ പോകേണ്ട ആവശ്യമെന്തെന്ന് അവർ തന്നത്താൻ ആലോചിച്ചുനോക്കിയിട്ടില്ല. ഭാരതഖണ്ഡമൊട്ടുക്ക് ക്ഷേത്രങ്ങളിൽ പുരുഷന്മാരേക്കാൾ കൂടുതൽ പൊയ്ക്കൊണ്ടിരുന്നത് സ്ത്രീകൾ ആണ്. അവർ അവിടെ പോകുന്നത് ആ ക്ഷേത്രത്തിൽ വസിക്കുന്ന ദൈവത്തിനോട് ഏതെങ്കിലും അനുഗ്രഹത്തിനു വേണ്ടി അപേക്ഷിക്കുവാനാണ്. എന്നാൽ ഇപ്പോൾ ഈ വിളംബരത്തേയും, അതിന്റെ അർത്ഥത്തേയും നിങ്ങൾ ശരിയായി മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ, വെറും ചടങ്ങനുസരിച്ചുള്ള ക്ഷേത്രഗമനത്തേക്കാൾ വളരെ കൂടുതലായിട്ടുള്ള ഒന്നാണ് ഞാൻ നിങ്ങളിൽ നിന്നും ആശിക്കുന്നത്. എന്റെ അഭിപ്രായത്തിൽ ഈ വിളംബരം തിരുവിതാംകൂറിലെ എല്ലാ

ഹിന്ദുക്കളേയും—അവർണ്ണരോ സവർണ്ണരോ ആയിക്കൊള്ളട്ടേ—അഭിസംബോധനം ചെയ്യുന്ന ഒരു ശുദ്ധിക്കുള്ള ആഹ്വാനമാകുന്നു. തങ്ങളുടെ സ്വന്തം മതാനുയായികൾക്കുതന്നെ തങ്ങൾ ആരാധിക്കുന്ന ദൈവത്തെ അതേപ്രകാരത്തിൽതന്നെ ആരാധിക്കുന്നതിനുള്ള അവകാശത്തെ ഇല്ലാതെയാക്കിയതു്, കഴിഞ്ഞ ആയിരം വർഷങ്ങളായിട്ടു്—ഒരുപക്ഷേ അനേകായിരം വർഷങ്ങൾ ആയിരിക്കാം—സവർണ്ണർ ആയിരുന്നു. അപ്രകാരമുള്ള ഒരു ഭയങ്കരമായ അനീതിയെ ന്യായീകരിക്കുവാനായി—കാരണങ്ങൾ എന്തായിരുന്നാലും തരക്കേടില്ല—ഒരുകൂട്ടം മനുഷ്യരെ തൊടീൽജാതിക്കാരായി കണക്കാക്കപ്പെട്ടിരുന്നു. ഇപ്പോൾ ഒരൊററ തൂലികാപ്രയോഗംകൊണ്ടു് പാപകരമായ ഈ വ്യത്യാസത്തെ നശിപ്പിച്ചതു നിമിത്തം അവർണ്ണഹിന്ദുക്കൾക്ക് നിങ്ങൾ എന്തെങ്കിലും ഒരു നഷ്ടപരിഹാരം ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ടു് നിങ്ങൾ ഇത്രനാളും അവകാശപ്പെട്ടിരുന്നതുപോലെയുള്ള മേൽജാതിക്കാർ അല്ലെന്നു് അവരെ മനസ്സിലാക്കുന്നതിനായി നിങ്ങൾക്കു ചില കാര്യങ്ങൾ ചെയ്യുവാനുണ്ടു്. അതുകൊണ്ടു് ഈ മഹത്തായ സ്വാതന്ത്ര്യസന്ദേശം ഓരോ അവർണ്ണഗൃഹത്തിലും എല്ലാ സവർണ്ണരും കൊണ്ടുപോയി പ്രചരിപ്പിക്കുമെന്നു ഞാൻ ആശിക്കുന്നു. അതു വളരെ എളുപ്പത്തിലും വലിയ ബുദ്ധിമുട്ടുകൾ കൂടാതെയും നിങ്ങൾക്കു ചെയ്യാൻ കഴിയും. ഒരു അപരിത്യാജ്യമായ വ്യവസ്ഥ മാത്രമേ അതിനുള്ളു. ഈ വിളംബരത്തിന്റെ ആവശ്യത്തിൽ നിങ്ങൾ ഹൃദയപൂർവ്വം വിശ്വസിക്കണം. എല്ലാ ഹിന്ദുക്കളും—അവർണ്ണരും സവർണ്ണരും, പുരുഷന്മാരും സ്ത്രീകളും—കുറേ അവർണ്ണരെ കണ്ടുപിടിച്ചു്, ഈ വിളംബരത്തിന്റെ സന്ദേശം അവർക്കു നൽകി, അവരെ ക്ഷേത്രത്തിലേയ്ക്കു കൊണ്ടുപോവുക എന്നതു് അവരുടെ വ്യക്തിപരമായ ജോലിയാക്കണം. ഒരു വ്യക്തിയുടേയൊ, ഒരു രാജ്യക്കാരുടേയൊ ആദ്ധ്യാത്മികപുനരുജ്ജീവനത്തിൽ ജീവിതത്തിലെ എല്ലാ വകുപ്പുകളും—സാമ്പത്തികം, മതപരം, സാമുദായികം മുതലായവ—ഉൾപ്പെടേണ്ടതാകകൊണ്ടു്, ഈ വകുപ്പുകളിലും പുനരുദ്ധാരണം തീർച്ചയായും ഉണ്ടാകുന്നതാണു്. ഈവക കാര്യങ്ങൾ എല്ലാം തന്നെ ഈ വിളംബരത്താൽ മാത്രം

നിഗ്രഹിക്കപ്പെടാൻ പോകുമെന്നുള്ള ഒരു അബദ്ധവിശ്വാസത്തിൽ നിങ്ങൾ പെടാൻ പോകുന്നുവെങ്കിൽ നിങ്ങൾക്കു വലുതായ തെററു പററും.

ഒരു ചരിത്രപരമായ സംഗതി.

ഈ വിളംബരം പ്രസിദ്ധപ്പെടുത്തിയതുകൊണ്ടു്, അസ്പൃശ്യതയെ സംബന്ധിച്ചിടത്തോളം മഹാരാജാവിന്റേയും മഹാറാണിയുടേയും ജോലി അവസാനിച്ചു എന്നു് ഞാൻ വിചാരിക്കുന്നു. ഈ വർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിനു് രാഷ്ട്രത്തിന്റെ സാമ്പത്തികസഹായം ഉണ്ടാകുമെന്നുള്ളതു് നേരത്തേ അറിയാവുന്ന ഒരു കാര്യമാണു്. എന്നാൽ അതുകൊണ്ടു മാത്രം ഞാൻ സ്വയം ചിത്രീകരിക്കുന്ന പുനരുജ്ജീവനം ഉണ്ടാകുവാൻ സാദ്ധ്യമല്ല. അതിനു് ആവശ്യമുള്ളതു് സവർണ്ണഹിന്ദുക്കളുടെ, ഒരു വർഗ്ഗം എന്ന നിലയിലുള്ള, ഹൃദയംഗമവും മനഃപൂർവ്വവുമായ സഹകരണമാണു്. അതുകൊണ്ടു് ക്ഷേത്രങ്ങളിൽ സാധാരണ പോയിക്കൊണ്ടിരുന്ന ചില പുരുഷന്മാരും സ്ത്രീകളും ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ മടി കാണിക്കുന്നു എന്നു കേട്ടപ്പോൾ—ഈ വാർത്തയിൽ എത്രത്തോളം സത്യമുണ്ടെന്നു് എനിക്കറിഞ്ഞുകൂടാ—എനിക്കുണ്ടായ വ്യസനത്തെ നിങ്ങൾക്കു് മനസ്സിലാക്കാൻ കഴിയും. അങ്ങിനെയുള്ള സംശയവാദികൾ ആരെങ്കിലും ഇവിടെയുണ്ടെങ്കിൽ, അവരുടെ സംശയങ്ങളെ മാററുന്നതിനായി, വൈയ്ക്കം സത്യഗ്രഹം സംബന്ധിച്ചു് ഞാൻ ഇവിടെ വന്നപ്പോൾ ഉണ്ടായ ഒരു ചരിത്രപരമായ സംഗതിയെ എനിക്കു് ഇവിടെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു. അന്നു് ക്ഷേത്രപരിസരങ്ങളിൽ വസിച്ചിരുന്ന ശാസ്ത്രിമാരുമായി—എന്റെ ഓർമ്മ ശരിയാണെങ്കിൽ അവർ എല്ലാംതന്നെ ക്ഷേത്രവുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിട്ടുള്ളവരായിരുന്നു—എനിക്കു് ഒന്നിലധികം ഗൌരവമായ വാദപ്രതിവാദങ്ങൾ നടത്തുവാനുണ്ടായിരുന്നു എന്നു് നിങ്ങളിൽ ചിലക്കു് ഓർമ്മ ഉണ്ടായിരിക്കാം. എനിക്കു് ഇപ്പോൾ ഓർമ്മിക്കാൻ കഴിയുന്നിടത്തോളം, ആ വാദപ്രതിവാദത്തിന്റെ ശരിയായ ഒരു പാഠമാണു് ഞാൻ നിങ്ങളുടെ മുൻപിൽ സമർപ്പിക്കുവാൻ

ശ്രമിക്കുന്നതു്. ക്ഷേത്രങ്ങളിലേയ്ക്കു് നയിക്കുന്ന റോഡുകൾ 'അഹിന്ദു'ക്കൾക്കു് തടയപ്പെട്ടിരുന്നില്ലെങ്കിലും, അവർണ്ണ ഹിന്ദുക്കൾക്കു് അവ തടയപ്പെട്ടിരുന്നു എന്ന തത്വത്തെ പിൻതാങ്ങുന്നതിനായി, അവർ ശങ്കരസ്മൃതി എന്ന ഒരു ഗ്രന്ഥം ഹാജരാക്കി. ഞാൻ വയ്ക്കത്തു വന്നു് അതിൽനിന്നും അവർ ഉദ്ധരിച്ചതുകേൾക്കുന്നതുവരെ ഞാൻ ഇപ്രകാരം ഒരു സ്മൃതിയെപ്പററി കേട്ടിട്ടില്ലായിരുന്നു. ഞാൻ എനിക്കു വേണ്ടി ആ സ്മൃതി തർജ്ജിമ ചെയ്യിച്ചപ്പോൾ, റോഡുകൾ തടയുന്നതിനുള്ള യാതൊരു പ്രമാണങ്ങളും അതിൽ എനിക്കു് കാണാൻ കഴിഞ്ഞില്ല എന്നു പറയുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടേക്കും. അവരുടെ തർക്കങ്ങൾ ശങ്കരസ്മൃതി പിൻതാങ്ങുന്നു എന്നു് അവർ വിശ്വസിച്ചിരുന്നു എന്നുള്ളതു മാത്രം മതിയായിരുന്നു അവർക്കു്, എന്നു് ഞാൻ സമ്മതിക്കുന്നു. അന്നു് ഞാൻ പോലീസ്കമ്മീഷണർ മുഖാന്തിരം സീനിയർ മഹാറാണിയുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരുന്നപ്പോൾ, ആ ആലോചനകളുടെ ഫലമായി മഹാറാണി അവർണ്ണഹിന്ദുക്കൾക്കായി റോഡുകൾ തുറന്നുകൊടുക്കുവാൻ ഉത്തരവിടുന്നുവെങ്കിൽ, അതിനെപ്പററി അവരുടെ മനോഭാവം എന്തായിരിക്കും എന്നു് ഞാൻ അവരോടു് ചോദിച്ചു. ഇതിനു് യാതൊരു മടിയും കൂടാതെ അവർ പറഞ്ഞു "ഓ, അതു് വളരെ വ്യത്യാസമായ ഒരു സംഗതിയാണു്. ഒരു ഹിന്ദുരാജാവിനോ, രാജ്ഞിക്കോ ഒരു സ്മൃതിയുടെ പ്രാബല്യമുള്ള ഒരു ഉത്തരവു നടപ്പിൽ വരുത്താനുള്ള സകല അവകാശങ്ങളും ഉണ്ടു്." ഹിന്ദുരാജാക്കന്മാർ ഹിന്ദുമതത്തിന്റെ സൂക്ഷിപ്പുകാർ ആയതുകൊണ്ടും, ശ്രുതിക്കു വിരുദ്ധമല്ലാത്ത ഏതൊരുത്തരവുകളും പുറപ്പെടുവിക്കാനുള്ള അവകാശം അവർക്കുള്ളതുകൊണ്ടും അതു ഹിന്ദുമതത്തിൽ ലീനമായിരിക്കുന്നു എന്നു് അവർ പറഞ്ഞു. ഈ തത്വങ്ങൾ തന്നെ ക്ഷേത്രപ്രവേശനകാര്യത്തിലും സ്വീകാര്യങ്ങളാണോ എന്നു ഞാൻ അവരോടു ചോദിച്ചു. "തീർച്ചയായും" എന്നു് അവർ പറഞ്ഞു. ഈ ഒരുകൂട്ടം ശാസ്ത്രികൾ മാത്രമല്ല ഇപ്രകാരം ഒരു മറുപടി എനിക്കു നൽകിയിട്ടുള്ളതെന്നു കൂടി ഞാൻ നിങ്ങളോടു പറയട്ടെ. ഞാൻ ഈ ചോദ്യം തന്നെ കൊച്ചിയിലേയും, തമിഴ്നാട്ടിലേയും ശാസ്ത്രിമാരോടു ചോദിച്ചു. അവരും ഇതേ ഉത്തരം തന്നെ എനിക്കു നൽകി,

വാസ്തവത്തിൽ അതാകുന്നു സ്മൃതികളുടെ—എന്നു വേണ്ട പതിനെട്ടു പുരാണങ്ങളുടേയും—ചരിത്രപരമായ പരിവർത്തനം. അവ എല്ലാംതന്നെ നിർമ്മിക്കപ്പെട്ടതു് അതാതു കാലങ്ങളുടെ ആവശ്യാർത്ഥമാണു്. സനാതനങ്ങളായ സത്യങ്ങളെ അവ എല്ലായ്പ്പോഴും ആവിഷ്കരിക്കുന്നില്ല. ഞാൻ പറയുന്നതു പോലെശാശ്വതമായ സത്യം സംഗ്രഹിച്ചിട്ടുള്ളതു് ഈശോപനിഷത്തിലെ ഒരു പദ്യത്തിലാകുന്നു. ഈ പദ്യത്തിൽ വിശ്വസിക്കുന്നവർ എല്ലാം തന്നെ ഹിന്ദുക്കൾ ആണെന്നു് എനിക്കു യാതൊരു എതിർപ്പുകളേയും ഭയപ്പെടാതെ പറയാൻ കഴിയും. ഈ മന്ത്രം പഠിപ്പിക്കുന്നതനുസരിച്ചു പ്രവർത്തിക്കുന്നവർക്കു് ഇഹത്തിലും, പരത്തിലും മോക്ഷം ലഭിക്കുന്നതുമാണു്. നിങ്ങളെ സൌഭാഗ്യത്തിലേയ്ക്കു നയിക്കുന്നതിനു് ഈശോപനിഷത്തിലെ ഈ ആദ്യമന്ത്രത്തിൽ അടങ്ങിയിരിക്കുന്നതു കൂടാതെയോ, അല്ലെങ്കിൽ അതിനെക്കാൾ നല്ലതോ ആയ മററു യാതൊരു പന്ഥാക്കളേയും പററി എനിക്കു് അറിഞ്ഞുകൂട. ഈ മന്ത്രത്തിൻെറ ആന്തരമായ തത്വങ്ങൾ അനുസരിച്ചു് ഒരു ഹിന്ദുരാജാവു്, ഇപ്പോൾ തിരുവിതാംകൂർ മഹാരാജാവു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുപോലെയുള്ള ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുന്നെങ്കിൽ, അതു് ഈ മന്ത്രത്തിനനുസരിച്ചുള്ള അധികാരത്തെക്കൂടി വഹിക്കുന്നതായിരിക്കും. ഈ വിളംബരത്തിൽ ഈ മന്ത്രത്തിനു വിരുദ്ധമായി എന്തെങ്കിലും ഉണ്ടോ എന്നു പറയുവാനായി ഞാൻ ഈശോപനിഷത്തിനെപ്പററി എന്തെങ്കിലും അറിയാവുന്നവരെ ക്ഷണിച്ചുകൊള്ളുന്നു. അവർ പ്രാർത്ഥനാപൂർവ്വമായ ഒരു അന്വേഷണം നടത്തി ഇതിനെ പരിശോധിക്കുന്നെങ്കിൽ, ഈ വിളംബരം ആ മന്ത്രത്തിൻെറ ആവശ്യങ്ങളുടെ വളരെ താമസിച്ചുള്ള ഒരു നിറവേററൽ മാത്രമാണെന്നു് അവർക്കു കാണാൻ കഴിയും. അതുകൊണ്ടു് എല്ലാ സംശയാത്മാക്കളോടും—പുരുഷന്മാരോടും സ്ത്രീകളോടും—അവരുടെ ആ സംശയങ്ങളെ ദൂരെ വലിച്ചെറിഞ്ഞു് ഹൃദയപൂർവ്വമായി ഈ വിളംബരത്തോടു സഹകരിക്കുവാൻ എൻെറ സർവ്വശക്തികളോടുംകൂടി ഞാൻ ആവശ്യപ്പെടുന്നു. എനിക്കു മറെറാരു വിഷയത്തെപ്പററി സംസാരിക്കാനുള്ളതുകൊണ്ടു്, ഞാൻ ഇതിനെ ഇനി ദീർഘിപ്പിക്കു

ന്നില്ല. ഈ വിളംബരത്തിന് നിങ്ങളുടെ ഹൃദയംഗമമായ ആനുകൂല്യമുണ്ടാവുമെന്നും, അതിനെ നിങ്ങൾ അക്ഷരംപ്രതിയും, ആന്തരാർത്ഥമനസരിച്ചും നടപ്പിൽ വരുത്തുമെന്നും ആശിച്ചുകൊണ്ട് ഞാൻ ഈ ഭാഗം അവസാനിപ്പിച്ചുകൊള്ളുന്നു.

കൊച്ചീ മഹാരാജാവിനോടുള്ള അഭ്യർത്ഥന.

ഇനി ഞാൻ നിങ്ങളെ നിങ്ങളുടെ ഭാവനയിൽ കയറ്റി കൊച്ചിയിലേക്കു കൊണ്ടുപോകുന്നു. എന്നെക്കൊണ്ട് സാദ്ധ്യമാകുന്നിടത്തോളം ഞാൻ കൊച്ചിയുടെ അതൃത്തിവരെ വന്നു കഴിഞ്ഞു. ഈ ജലാശയത്തിന്റെ മറുകരെ പത്തു മൈലിനു ഇപ്പുറമായി കൊച്ചീരാജ്യം സ്ഥിതിചെയ്യുന്നു എന്ന് എനിക്കറിയാം. കഴിഞ്ഞ തവണ ഞാൻ കൊച്ചിയിൽക്കൂടെയാണ് വയ്ക്കത്തു വന്നതെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഇപ്പോൾ ഞാൻ കൊച്ചിയ്ക്കു പോകുന്നില്ലാത്തതുകൊണ്ട്, തിരുവിതാംകൂറിനോട് വളരെ ബന്ധപ്പെട്ടിരിക്കുന്ന കൊച്ചിയെപ്പററി പരാമർശിക്കുന്നതിന് ഞാൻ മുതിരുന്നു. ഈ രണ്ടു സംസ്ഥാനങ്ങളിലേയും സ്ഥിതിഗതികൾ ഒരുപോലെതന്നെയാണ്. ഈ രണ്ടു ദിക്കുകളിലേയും ആചാരങ്ങളും നടപടികളും ഒരേ മാതിരി തന്നേയാണ്; വയ്ക്കം ക്ഷേത്രത്തെ സംബന്ധിച്ചുകൂടി കൊച്ചീ മഹാരാജാവിന് ചില അധികാരങ്ങളും അവകാശങ്ങളും ഉണ്ടെന്ന് ഞാൻ അറിയുന്നു. കൊച്ചീ മഹാരാജാവ് തിരുവിതാംകൂർമഹാരാജാവിന്റെ കാലടികളെ തുടരുന്നതു കാണാൻ ഞാൻ അക്ഷമനായിരിക്കുന്നു എന്ന് നിങ്ങളോട് പറഞ്ഞുകൊള്ളട്ടെ. ആ തിരുമനസ്സിനെ ബുദ്ധിമുട്ടിക്കണമെന്ന് ഞാൻ ഒട്ടുംതന്നെ ആഗ്രഹിക്കുന്നില്ല. ഞാൻ തന്നെ യമരാജാവിന്റെ വാറണ്ടിനെ കാത്തുകൊണ്ടിരിക്കുന്ന ഒരു വൃദ്ധനാണ്. മഹാരാജാവിന് എന്നേക്കാൾ ആറു വയസ്സു പ്രായം കൂടുതൽ ഉണ്ട്. തിരുവിതാംകൂറിലെ വിളംബരത്തേയും, അതിനെ സംബന്ധിച്ചുള്ള ആഘോഷങ്ങളേയും പററി ഞാൻ സന്തോഷിക്കുമ്പോൾ, ഇതിൽ ഓരോ സവർണ്ണഹിന്ദുവിനും ഉള്ള ഉത്തരവാദിത്വത്തെപ്പററി—ഈ ഉത്തരവാദിത്വം അവർണ്ണഹിന്ദുക്കൾക്ക് ഇല്ലാഞ്ഞിട്ടല്ല—എനിക്കു ഭയം തോന്നുന്നു എന്ന് ഞാൻ നിങ്ങ

ളോട് പറയുന്നു. ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നതു് ഇപ്പോൾത്തന്നെ ചെയ്തുതീർക്കേണ്ടതായിട്ടുണ്ടു്. അതു് സവർണ്ണഹിന്ദുക്കളാൽ മാത്രമേ ചെയ്തുതീർക്കുവാൻ സാദ്ധ്യമാവുകയുമൊള്ളു. കൊച്ചിയിലെ വൃദ്ധനായ മഹാരാജാവിനോടു നിങ്ങൾ ബഹുമാനപൂർവ്വവും പ്രാർത്ഥനാപൂർവ്വവുമായിട്ടുള്ള ഒരു മനഃസ്ഥിതിയെയാണു് കൈക്കൊള്ളേണ്ടതു്. എന്നാൽ അദ്ദേഹത്തിന്റെ പ്രായത്തേയും സ്ഥാനത്തേയും ആദരിച്ചുകൊണ്ടു് നമ്മുടെ അഗാധമായ ആഗ്രഹങ്ങളെ അദ്ദേഹത്തിന്റെ മുൻപിൽ സമർപ്പിച്ചില്ലെങ്കിൽ, അദ്ദേഹത്തോടൊന്നിച്ചു് നാമും അനുഷ്ഠിക്കുന്ന മതത്തിനോടും, സത്യത്തോടും വിരുദ്ധമായിട്ടായിരിക്കും നാം പ്രവർത്തിക്കുന്നതു്. ഹിന്ദുമതതത്വങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്നു ഞാൻ അഭിമാനിക്കുന്നു. എന്നെപ്പോലെയുള്ള ഒരു അപൂർണ്ണജീവിക്കു സാദ്ധ്യമാകുന്നിടത്തോളം ആ തത്വങ്ങളെ കഴിഞ്ഞ അൻപതു വർഷങ്ങളായി നിരന്തരമായി ഞാൻ അനുഷ്ഠിക്കുകയും ചെയ്യുന്നു. അസ്പൃശ്യത ഹിന്ദുമതത്തിനുള്ള ഒരു കളങ്കമാണെന്നു് ഞാൻ സകല പ്രസംഗപീഠങ്ങളിൽനിന്നും ആവർത്തിച്ചിട്ടുള്ളപ്പോൾ ഞാൻ അതിലെ ഓരോ പദങ്ങളും ശരിയായി തൂക്കിനോക്കിയിട്ടുണ്ടു്. അസ്പൃശ്യതയെ ഞാൻ എതിർക്കുന്നതു് ഹിന്ദുശാസ്ത്രങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയാണു്. അല്ലാതെ മറ്റൊന്നിനേയും അടിസ്ഥാനപ്പെടുത്തിയല്ല. അതുകൊണ്ടു് തന്റെ മാതാവിന്റെ മാർഗ്ഗദർശിത്വത്തോടുകൂടി തിരുവിതാംകൂർ മഹാരാജാവു് ചെയ്തിട്ടുള്ളതു് ഒരു യുവാവായ രാജാവിന്റെ പുതുപരിഷ്കാരഭ്രമംകൊണ്ടുള്ള ഒരു പ്രവൃത്തി അല്ല എന്നു് കൊച്ചീ മഹാരാജാവിനെ ഞാൻ അറിയിച്ചുകൊള്ളുന്നു. തിരുവിതാംകൂറിനെപ്പററി മറ്റെല്ലാം വിസ്മൃതമാകുമ്പോഴും മഹാരാജാവിന്റെ ഈ ഒരു ഏകകൃത്യം ഭാവിതലമുറകൾ നന്ദിയോടുകൂടി സ്മരിക്കുമെന്നു് ഞാൻ ഗാഢമായി വിശ്വസിക്കുന്നു. ഈ വിളംബരം തിരുവിതാംകൂറിന്റെ അന്തത്തിയിൽ തുടങ്ങി അവിടെ അവസാനിക്കരുതെന്നും ഞാൻ ആഗ്രഹിക്കുന്നു.

അദ്ദേഹത്തിൽ അനുഭാവം ഉളവാക്കുക.

ഇനി ഞാൻ നിങ്ങളോട് ഒരു ചെറിയ കാര്യം പറയട്ടെ. നിങ്ങൾ കൊച്ചിയിലാണെന്നു ഭാവന ചെയ്യാൻ

ഞാൻ ആവശ്യപ്പെടുന്നു. അതിന്റെ അർത്ഥം നിങ്ങളുടെ നടപടികൾ കൊച്ചീമഹാരാജാവിന്റെ തീരുമാനത്തിനു പ്രേരകമായിത്തീരണം എന്നാകുന്നു. ഇതു് എങ്ങിനെ സാദ്ധ്യമാകും? നിങ്ങളുടെ വ്യക്തിപരമായ പെരുമാററത്തിൽ കൂടി നിങ്ങൾ ആവിഷ്കരിക്കുന്ന പ്രാർത്ഥനാപൂർവ്വവും, മതപരവും ആയിട്ടുള്ള മനഃസ്ഥിതിയാൽ നിങ്ങൾക്ക് ആ തിരുമേനിയെ സ്വാധീനപ്പെടുത്താൻ കഴിയും. കൊച്ചീമഹാരാജാവിനു് ഹർജികൾ അയയ്ക്കണമെന്നല്ല ഞാൻ സൂചിപ്പിക്കുന്നതു്. കൊച്ചീക്കാക്ക് ഹർജികൾ, വേണമെങ്കിൽ സമർപ്പിക്കാം. എന്നാൽ അതിനേക്കാൾ നല്ലതായ ഒരു കൃത്യം തിരുവിതാംകൂർകാരായ നിങ്ങൾക്കു ചെയ്യാൻ കഴിയും. ബുദ്ധിപരമായ അഭ്യർത്ഥനകളാൽ വൃദ്ധന്മാരെ നിങ്ങൾക്ക് അവരുടെ ഉദ്ദേശങ്ങളിൽനിന്നും പിൻതിരിപ്പിക്കാൻ സാധിക്കുകയില്ല. എന്നെ അവരുടെ അഭിപ്രായത്തിലേക്ക് മാററുവാൻ ശ്രമിക്കുന്ന വളരെ ചെറുപ്പക്കാർ എന്റെ പുറകിൽ ഉണ്ടെന്നു് ഞാൻ നിങ്ങളോടു പറയുന്നു. എന്നെ അത്ര വേഗത്തിൽ അവരോടുകൂടി ചേർക്കാൻ കഴിയുകയില്ലെന്നു് അവർക്ക് അറിയാം. എന്നാൽ വൃദ്ധന്മാരുടെ ഹൃദയം പ്രായംകൂടുന്തോറും കൂടുതൽ കൂടുതൽ അനുഭാവപൂർണ്ണമായി തീരുന്നുണ്ടു്. അതുകൊണ്ടു് എപ്പോഴെങ്കിലും, യുവാക്കന്മാർക്കോ യുവതികൾക്കോ എന്നെ വശപ്പെടുത്തണമെന്നുണ്ടെങ്കിൽ അവർ കൈയ്ക്കലാക്കേണ്ടതു് എന്റെ ബുദ്ധിയെയോ, യുക്തിയെയോ അല്ല; പിന്നെയൊ, എന്റെ ഹൃദയത്തെ ആകുന്നു. വൃദ്ധനായ കൊച്ചീമഹാരാജാവിനെ സംബന്ധിച്ചും ഇതുതന്നേയാണു സംഭവിക്കേണ്ടതു്. അദ്ദേഹത്തിന്റെ ഹൃദയത്തെ നിങ്ങൾക്കു സ്പർശിക്കാൻ സാധിക്കുന്നതു്, പത്രങ്ങളിലെ പ്രചരണവേലകൊണ്ടല്ല. എന്നാൽ ഈ വിളംബരത്താൽ നൽകപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യങ്ങളിൻകീഴിൽ നിങ്ങൾ മുൻപിലത്തേക്കാൾ നല്ല ഹിന്ദുക്കൾ ആയിത്തീരുന്നതുകൊണ്ടും, സവർണ്ണഹിന്ദുക്കളായ നിങ്ങൾ നിങ്ങളുടെ മതപരമായ ഉത്സാഹത്തിൽ അണുപോലും കുറവു വരുത്തിയിട്ടില്ലെന്നും, അവർണ്ണരുടെ പുനഃപ്രവേശംമൂലം, ക്ഷേത്രങ്ങളോടു ഘടിപ്പിച്ചിരുന്ന പാവനതയ്ക്ക് ലേശവും കുറവു വന്നിട്ടില്ലെന്നും പ്രത്യക്ഷമാക്കുന്നതുകൊണ്ടുമാണ് നിങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തെ സ്പർശിക്കേണ്ടതു്.

നമ്മുടെ അയിത്തസഹോദരങ്ങളുടെ നേക്കുള്ള കററകരമായ അലക്ഷ്യഭാവം നിമിത്തം നമ്മുടെ ദേവലായങ്ങൾക്ക് അവയുടെ പരിപാവനത നഷ്ടപ്പെട്ടുവരുന്നു എന്നു വിശ്വസിക്കുകയും അതിനെപ്പററി ഞാൻ പലപ്പോഴും പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. വിളംബരംമൂലമുള്ള നിങ്ങളുടെ ചുമതലയെ നിങ്ങൾ അറിയുന്നുണ്ടെങ്കിൽ, ക്ഷേത്രംകൊണ്ട് നിങ്ങൾ എന്തു് അർത്ഥമാക്കുന്നു എന്നുള്ളതിലും, നിങ്ങൾ അവിടെ പോവുകയോ പോകാതെയിരിക്കുകയോ ചെയ്യുന്നതിലും നിങ്ങൾക്ക് ഉദാസീനരായിരിക്കുവാൻ സാധിക്കുകയില്ലെന്നു നിങ്ങൾ എന്നെപ്പോലെ മനസ്സിലാക്കുന്നതാണ്. നിങ്ങളിൽ ഉത്തമന്മാർ ദേവാലയഗമനം തുടർന്ന് ക്ഷേത്രങ്ങൾക്ക് ഒരു പുനരുജ്ജീവനം നൽകുന്നതിലും അവർണ്ണരുടെ ജീവിതം ശുദ്ധീകരിക്കുന്നതിലും ഭാഗഭാക്കാകുമ്പോൾ ആ കാഴ്ചയിൽ ഏതൊരു മഹാരാജാവും ഹൃദയവിക്ഷോഭത്തിനു വശംവദനാകാതെയിരിക്കയില്ല. ഈ വിളംബരത്തിന്റെ ആന്തരാർത്ഥം നിങ്ങൾക്ക് പരമാർത്ഥത്തിൽ മനസ്സിലായിട്ടുണ്ടെങ്കിൽ, തിരുവിതാംകൂറിൽ ഹൈന്ദവജീവിതത്തിൽ ഉണ്ടാവുന്ന നിശ്ശബ്ദമായ വിപ്ലവം അപ്രതിഹതമായി തീർന്ന്, അതു കൊച്ചിയിലേക്കു മാത്രമല്ല, ഭാരതവർഷത്തിന്റെ സകല ഭാഗങ്ങളിലേക്കും കൂടി വ്യാപിക്കുന്നതാണ്.

മാധവൻ, പരേതനായ കൃഷ്ണസ്വാമി, കേളപ്പൻ തുടങ്ങിയുള്ള എളിയ പ്രവർത്തകന്മാരാൽ, തിരുവിതാംകൂർ ക്ഷേത്രപ്രവേശനത്തിന്റെ അടിസ്ഥാനം ഈ പ്രദേശത്തു വച്ചു സ്ഥാപിച്ചതുപോലെ തന്നെ, ഹിന്ദുമതശുദ്ധീകരണത്തിന്റെ അടിക്കല്ലും വൈക്കത്തെ ജനങ്ങൾ സ്ഥാപിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ! തൻമൂലം തന്റെ സംസ്ഥാനത്തിലെ സകല ദേവാലയങ്ങളും തുറക്കുന്നതിന് കൊച്ചീ മഹാരാജാവിന് അതു പ്രേരകമായും തീരട്ടെ! അപ്രകാരം അദ്ദേഹം തിരുവിതാംകൂർമഹാരാജാവിനോടു ചേർന്ന് അതുപോലെ തന്നെ മഹത്തായ സേവനം ഹിന്ദുമതത്തിനു നൽകുമാറാകട്ടെ!

ഏററവാന്തർ.

(ക്ഷൻ—ക—ക്ഷൻനമ.)

അത്ഭുതസംഭവങ്ങളുടെ കാലം കഴിഞ്ഞിട്ടില്ല.

നിങ്ങളുടെ മനോഹരമായ സംസ്കൃതഭാഷയിലുള്ള മംഗളപത്രത്തിനും, നിങ്ങൾ എനിക്കു നൽകിയ മരവിരിക്കും ഞാൻ നിങ്ങളോട് വളരെ നന്ദിയുള്ളവനാണ്. ഈ വസ്ത്രം ഞാൻ ധരിക്കാൻ പോകുന്നു എന്നു പറയാൻ എനിക്കു കഴിയുകയില്ല. ഒരുപ്രകാരം നോക്കുകയാണെങ്കിൽ ഇത് എനിക്ക് ധരിക്കാൻ വഹിയാത്ത വിധത്തിൽ അത്ര വളരെ പ്രിയതരമാണ്. എന്നാൽ ഗ്രാമകരകൌശലവേലകളുടെ മാതൃകകൾ കാണിക്കുന്ന മാഗൻവാഡിയിൽ ഞങ്ങൾ ഈയിടെ സ്ഥാപിച്ചിട്ടുള്ള കാഴ്ചബംഗ്ലാവിനെ അത് അലങ്കരിക്കുന്നതാണ്.

ഞാൻ ക്ഷേത്രത്തിനു ചുററും ആനയിക്കപ്പെട്ടപ്പോഴും, ഞാൻ അതിൻെറ മദ്ധ്യഭാഗത്തെ സമീപിച്ചപ്പോഴും, എനിക്ക് ഒരു പുലയബാലനെ കാണിച്ചുതരുകയുണ്ടായി. അവനും എൻെറ കൂടെ തന്നെ ധൈര്യസമേതം കല്പടകൾ കയറി. കുറച്ചു മാസങ്ങൾക്കു മുൻപിൽ, എൻെറ ജീവിതകാലത്ത് ഇങ്ങിനെയുള്ള ഒരു സംഭവം ഉണ്ടാവുമെന്നു വിചാരിക്കുവാൻ സാദ്ധ്യമല്ലായിരുന്നു. എന്നാൽ പലപ്പോഴും മനുഷ്യന് അസാദ്ധ്യമായിട്ടുള്ളത് ദൈവത്തിനു നിറവേററാൻ എളുപ്പത്തിൽ സാദ്ധ്യമാണ്. ഇന്നലെ രാത്രി ഞാൻ പ്രസ്താവിച്ചപോലെയും, ഞാൻ നിരവധി യോഗങ്ങളിൽ ആവർത്തിച്ചിട്ടുള്ളതുപോലെയും, ഈ വിളംബരത്തിൽ ദൈവചൈതന്യം മഹാരാജാവിൽ കൂടി പ്രവർത്തനം ചെയ്യുന്നത് ഞാൻ കാണുന്നു. ഒരു മനുഷ്യൻ എന്ന സ്ഥിതിയിൽ അദ്ദേഹത്തിൻെറ സ്ഥാനം എത്ര വളരെ ഉയർന്നതായിരുന്നാലും, ഞാൻ ഇന്നു തിരുവിതാംകൂറിൽ എൻെറ ചുററും കാണുന്ന അത്ഭുതങ്ങൾ അദ്ദേഹത്താൽ മാത്രം പ്രവർത്തനത്തിൽ കൊണ്ടുവരാൻ സാദ്ധ്യമായിട്ടുള്ളവയല്ല. അദ്ദേഹം ഒരു സമ്പൂർണ്ണസ്വേച്ഛാധികാരിയായിരുന്നെങ്കിൽ അദ്ദേഹത്തിൻെറ പ്രജകളുടെ അഭിപ്രായങ്ങളെ

അവഗണിച്ച് ഈ വിളംബരം പുറപ്പെടുവിക്കാമായിരുന്നു. എന്നാൽ ആ കൃത്യംമൂലം, ഞാൻ ഈ വിളംബരം നിങ്ങൾക്ക് അയച്ചുതരുന്നപക്ഷം എനിക്കു സാദ്ധ്യമാകുമായിരുന്നതിൽ കൂടുതലായി അദ്ദേഹത്തിനു നിങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കുവാൻ സാദ്ധ്യമാകുമായിരുന്നില്ല. അനേകായിരം സവർണ്ണരെ അവർണ്ണർ എന്നു പറയപ്പെടുന്നവരോടുകൂടി സംയോജിപ്പിച്ച്, പ്രാർത്ഥനയ്ക്കനുകൂലമായ ഒരു മനഃസ്ഥിതിയോടുകൂടി ദേവാലയങ്ങളിലേക്ക് ആനയിക്കുന്നതിനും അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ഹൃദയത്തിന്റെ ഈ മാനസാന്തരത്തിന്—ഇതിനെ മററു യാതൊരു പേരും വിളിക്കുന്നതിന് എനിക്കു കഴിയുകയില്ല—ചുമതലക്കാരൻ ദൈവം മാത്രമാണ്. കുറച്ചു വർഷങ്ങൾക്കു മുൻപ് ഞാൻ ഇവിടെ വന്നപ്പോൾ, എനിക്ക് അസ്പൃശ്യതയുടെ കോട്ടകളിൽനിന്നും മാററുവാൻ സാധിക്കാത്ത അനേകായിരം ജനങ്ങളുടെ നൈരാശ്യപൂർണ്ണമായ മുഖഭാവങ്ങൾ ഞാൻ ഇവിടെ കണ്ടില്ലേ? കാഠിന്യമേറിയ ഉരുക്കിനേക്കാൾ കട്ടിയേറിയതാണ് ആ കോട്ട എന്ന് എനിക്ക് അന്നു തോന്നി. എനിക്കു ദൈവത്തിൽ ഒരു സജീവമായ വിശ്വാസം ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങളുടെ ഹൃദയം സ്പർശിക്കുന്നതിന് എനിക്ക് ഒരിക്കലും സാദ്ധ്യമല്ലെന്നു വിചാരിച്ച് ഞാൻ നിരാശപ്പെട്ടുമായിരുന്നു. എന്നാൽ തീർച്ചയായും അത്ഭുതസംഭവങ്ങളുടെ കാലം കഴിഞ്ഞിട്ടില്ല. ആ കഠിനഹൃദയങ്ങൾ ഇന്ന് അലിയുന്നതു് ഞാൻ കാണുന്നു. വൈക്കം ക്ഷേത്രത്തോട് വളരെ അടുത്തു ബന്ധപ്പെട്ടിട്ടുള്ള ഒരു നമ്പൂരിശാസ്ത്രിയെ ഞാൻ ഇന്നലെ രാത്രി കണ്ടു. വൈക്കത്തെ സത്യഗ്രഹകാലത്ത് ഞാനുമായി വാദപ്രതിവാദങ്ങൾ നടത്തിയ ഒരു പഴയ സ്നേഹിതനായിരുന്നു അദ്ദേഹമെന്ന് ഞങ്ങളുടെ സംഭാഷണത്തിൽ നിന്നും എനിക്കു മനസ്സിലായി. ഞങ്ങൾ തമ്മിൽ അന്നുണ്ടായതും, എന്റെ ഇന്നലത്തെ പ്രസംഗത്തിൽ വിവരിച്ചതുമായ സംഭാഷണത്തെ അദ്ദേഹത്തിന് ഇപ്പോൾ സ്ഥിരപ്പെടുത്തുവാൻ കഴിയുമോ എന്ന് ഞാൻ അദ്ദേഹത്തോടു ചോദിച്ചു. തിരുവിതാംകൂറിലെ സൂര്യന്റെ കീഴിൽ മഞ്ഞുകട്ട എന്നപോലെ, കഴിഞ്ഞ കുറച്ചുവർഷങ്ങൾകൊണ്ട് ആ വൃദ്ധന്റെ ഹൃദയം അലിഞ്ഞിരിക്കുന്നു. ഞങ്ങൾ രണ്ടുപേരും വിപരീതപക്ഷങ്ങ

ളിൽ നിൽക്കുന്നതിനു പകരം, ഇന്നലെ രാത്രി ഞങ്ങൾ രണ്ടാളുംകൂടി ഈ വിളംബരം പുറപ്പെടുവിച്ചതിന് ഗവമ്മെൻറിനെ അഭിനന്ദിക്കുകയായിരുന്നു ചെയ്തത്.

ഒരു ഹൃദയംഗമമായ സ്വീകരണം ആവശ്യമുണ്ട്.

എന്നാൽ അഭിനന്ദനങ്ങൾ മാത്രം പോരാ. മഹാരാജാവിനേയും മഹാറാണിയേയും നിങ്ങൾ അഭിനന്ദിക്കുന്നില്ലെങ്കിൽ അത് രാക്ഷസീയമായിരിക്കും. ഇത്തുപോലെയുള്ള ഒരു അവസരത്തിൽ, നിങ്ങൾ അനേകായിരംപേർ ഒന്നിച്ചുചേന്ന് യാതൊരു വ്യത്യാസവും കൂടാതെ ദേവാലയങ്ങളിൽ പോയാൽ മാത്രം പോരാ. ഈ ആഹ്ലാദാവിഷ്കരണം, സവർണ്ണരുടേയും അവർണ്ണരുടേയും ഹൃദയങ്ങൾ തമ്മിലുള്ള ഈ സംയോജനം, വെറും ക്ഷണികമായ ഉത്സാഹത്തിനു മാത്രം കാരണമായാൽ പോരാ. ഈ പ്രവത്തനങ്ങൾ ദ്വിഗുണീകരിച്ച ശക്തിയോടുകൂടി തുടരണം. തിരുവിതാംകൂർ തീണ്ടൽജാതിക്കാരുടേയും, തൊടീൽജാതിക്കാരുടേയും രാജ്യമാണെന്ന് ആക്കും വിവരിക്കുന്നതിനുള്ള ദുർഭാഗ്യത്തെ ഇല്ലായ്മചെയ്യത്തക്ക ശക്തിയോടുകൂടി ഈ പ്രവത്തനങ്ങൾ തുടരണം. പുലയന്മാരേയും, പറയന്മാരേയുംപററിയുള്ള സാഹിത്യം, പഴയ ഒരു കാര്യമായിത്തീരണം. അവയെപ്പററി സ്മരിക്കേണ്ട ആവശ്യം വരുന്നെങ്കിൽത്തന്നേ അത് ഭൂതകാലത്തെ ഒരു അവശിഷ്ടമായിട്ടു മാത്രമേ സ്മരിക്കാവൂ. ജീവിതത്തിലെ ഓരോ വകുപ്പുകളിലും ഈ മാററങ്ങൾ വരുത്തിയില്ലെന്നു വരുകിൽ, ഈ വിളംബരം അതിൻെറ ഉദ്ദേശത്തിൽ പരാജയപ്പെടുമെന്ന് ഞാൻ തീച്ചപറയുന്നു. മഹാരാജാവും മഹാറാണിയും അവരുടെ കത്തവ്യങ്ങൾ ചെയ്യുതീന്നു. സമുദായത്തിലെ ഭ്രഷ്ടകാരായി കണക്കാക്കപ്പെട്ട് നാം ഹിംസിച്ചുകൊണ്ടിരുന്ന അവരുടെ അടുക്കൽപോയി അവരോട് സഹോദരബുദ്ധ്യാ പെരുമാറി, അവരെ നമ്മുടെ കുടുംബങ്ങളിലെ അംഗങ്ങളായി സ്വീകരിക്കേണ്ട കടമ, തിരുവിതാംകൂറിലെ സവർണ്ണരായ സ്ത്രീപുരുഷന്മാർ മേലാൽ നിവ്വഹിക്കേണ്ടതായിട്ടാണിരിക്കുന്നത്. അത് യാതൊരു മാനസികമായ കരുതലുകളും കൂടാതെയുള്ള ഹൃദയംഗവും, വാസ്തവവും, ആത്മാത്ഥവുമായ ഈ വിളംബര

ത്തിൻെറ സ്വീകരണം ആയിരിക്കണം. അതു് ഒരു നിർജ്ജീവനിയമമാകാൻ അനുവദിക്കരുതു്. അതു് അങ്ങിനെയുള്ള ഒരു നിയമമായി സ്ഥിതിചെയ്യുന്നതിനല്ല ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. മഹാറാണിയും മഹാരാജാവും ദിവാനുമായി ഞാൻ നടത്തിയ ഹൃദയംഗമങ്ങളായ സംഭാഷണങ്ങളിൽനിന്നും, ഈ വിളംബരത്തിനു് പൂർണ്ണമായ പ്രാബല്യം കൊടുക്കുന്നതിനാണു് അവർ ആഗ്രഹിക്കുന്നതെന്നു് എനിക്കു് അറിയാം. അതുകൊണ്ടു് ഹിന്ദുമതത്തെ ശുദ്ധീകരിക്കുന്നതിനുള്ള ആത്മാർത്ഥമായ ഒരു മഹാപ്രയത്നമായി നിങ്ങൾ ഇതിനെ കരുതുക. ആ ശുദ്ധീകരണം ഏതെങ്കിലും ഒരു മനുഷ്യൻെറ മാത്രം കർത്തവ്യമല്ല. അതു് ഇവിടെ കൂടിയിരിക്കുന്ന നിങ്ങളുടെ ഓരോരുത്തരുടേയും വ്യക്തിപരമായ കടമയാകുന്നു. ഈ വിളംബരത്തിൻെറ പിന്നിൽ സ്ഥിതിചെയ്യുന്ന ഉദ്ദേശത്തെ നിറവേറുവാൻ വേണ്ട ശക്തി ദൈവം നിങ്ങൾക്കു പ്രദാനം ചെയ്യട്ടെ.

കുമാരനല്ലൂർ.

(ക്ഷ—ക്ഷ—ക്ഷ)

[ഉദ്ദേശം രണ്ടായിരം വർഷങ്ങളോളം പഴക്കമുണ്ടെന്ന് പറയപ്പെടുന്ന ഒരു അതിപുരാതനക്ഷേത്രം കുമാരനല്ലൂർ ഉണ്ട്. ധാരാളം നമ്പൂതിരിമാർ വസിക്കുന്ന ഒരു പ്രദേശത്തിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നതും നമ്പൂതിരിമാരുടെ വകയുമായ ഒരു സ്വകാര്യക്ഷേത്രമാണ് അത്. ആ ക്ഷേത്രത്തിന്റെ നമ്പൂതിരി ഊരാഴ്മക്കാരാൽ കുറെ പുലയരോടും പറയരോടുംകൂടി ആ ക്ഷേത്രം സന്ദർശിക്കുവാനായി ഗാന്ധിജി പ്രത്യേകം ക്ഷണിക്കപ്പെട്ടു.]

അപ്രതിരൂപമായ ഒരു സംഭവം.

ഈ പ്രഭാതത്തിൽ ഈ ക്ഷേത്രത്തിൽവന്ന് ഇവിടെ കണ്ടതെല്ലാം കാണുവാൻ സാധിച്ചതിൽ ഞാൻ ഇന്ന് പ്രത്യേകമായ ഒരു ആനന്ദം അനുഭവിക്കുന്നുണ്ട്. ഈ ഉന്നമനത്തിന് ഞാൻ തയ്യാറായിരുന്നു. ഇതു് അതിപുരാതനവും, അതിപ്രധാനവുമായ സ്വകാര്യക്ഷേത്രങ്ങളിൽ ഒന്നാണെന്നും, ഇതു് നമ്പൂതിരിമാരുടെ സ്വന്തമാണെന്നും, ഈ ക്ഷേത്രം തുറക്കപ്പെട്ടപ്പോൾ ഇനി ക്ഷേത്രപ്രവേശനവിഷയത്തിൽ യാതൊന്നുംതന്നെ ചെയ്യുവാൻ ബാക്കിയില്ലെന്ന് ജനങ്ങൾ വിശ്വസിച്ചു എന്നും എന്നോടു പറയുകയുണ്ടായി. എന്നാൽ ഞാൻ ഇവിടെ വന്ന് ഇവിടത്തെ സ്ഥിതികൾ കണ്ടപ്പോൾ ഞാൻ മുൻകൂട്ടി കരുതിവച്ചിരുന്ന ആഹ്ലാദം വളരെ വർദ്ധിക്കുകയുണ്ടായി. വലിയ വാത്സല്യത്തോടുകൂടി എന്നെ ക്ഷേത്രത്തിലേയ്ക്കു കൊണ്ടുപോയ ക്ഷേത്രത്തിന്റെ ഊരാഴ്മക്കാരൻ ഇവിടെ എന്റെ പുറകിൽ ഉണ്ട്. ഇതിന് ഞാൻ തയ്യാറാകാതെയിരുന്നില്ല; എന്തെന്നാൽ ഇത്തരത്തിലുള്ള വ്യക്തിപരമായ വാത്സല്യങ്ങൾ അനുഭവിക്കുന്നതിനുള്ള ഭാഗ്യം എനിക്ക് ഈ തീർത്ഥാടനത്തിൽ മുഴുവനും ഉണ്ടായിരുന്നു. എന്നാൽ എന്റെ ഹൃദയത്തെ അത്യധികമായി

സന്തോഷിപ്പിച്ചതു് അദ്ദേഹം അവർണ്ണരെന്നു വിളിക്കപ്പെടുന്നവരേക്കൂടി വിളിച്ചു്, എനിക്കു മുൻപിൽ അവരെ ഇവിടെ പ്രവേശിപ്പിച്ചതാണു്. അതു് കൃത്രിമമായ ഒരു പ്രവൃത്തിയായി എനിക്കു തോന്നിയില്ല; എന്നാൽ നേരേമറിച്ചു് അതിനു് സംപൂർണ്ണമായ സ്വാഭാവികത ഉണ്ടായിരുന്നു. എന്റെ ഈ ഏഴുദിവസത്തെ തീർത്ഥാടനത്തിനിടയിൽ ഇതുപോലെ മറ്റൊരിടത്തും സംഭവിച്ചിട്ടില്ല. ഒരു ദിക്കിലും ഈ ഉപേക്ഷ ഞാൻ കാണുകയുണ്ടായില്ല; എന്തെന്നാൽ അവർണ്ണർ എന്നു വിളിക്കപ്പെടുന്നവർ—അല്ലെങ്കിൽ ഞാൻ ഓമനപ്പേരായി അവരെ വിളിച്ചുവരുന്നതുപോലെ, 'ഹരിജനങ്ങൾ'—മററുള്ളവരുമായി യോജിച്ചുകഴിഞ്ഞുകൂടിയിരിക്കുന്നു. ക്ഷേത്രത്തിൽ പോകുന്നതിനു് അവരെ പ്രേരിപ്പിക്കുന്നതിനു് ഇതിനുപുറമേ ഒന്നും ആവശ്യമുണ്ടായിരുന്നില്ല. എന്നാൽ ഇവിടെ നമ്മുടെ സ്നേഹിതനായ ഊരാഴ്മക്കാരനു് സംശയാകുലരായ അവർണ്ണരെ വിളിച്ചു് അവരെ എന്റെ ദൃഷ്ടിയിൽപ്പെടുത്തുന്നതുവരെ തൃപ്തി ഉണ്ടായില്ല. ഈ വിളംബരം ശരിയായവിധത്തിൽ പ്രയോഗത്തിൽ വരുത്തുന്നതിനുള്ള പരമാർത്ഥമായ വഴി ഇതാണെന്നു് എനിക്കു് അപ്പോൾ തോന്നി. അഭിമാനികളായ നമ്പൂതിരിമാർ അവർണ്ണരെ അവരുടെ കൈയ്ക്കു പിടിച്ചു് ക്ഷേത്രങ്ങളിൽ കൊണ്ടുവന്നു് അവർക്കു് മുൻഗണന നൽകണമെന്നു് ഈ വിളംബരം പറയുന്നില്ല. തീർച്ചയായും ഈ വിളംബരത്തിന്റെ തത്വങ്ങൾ ഈ സ്നേഹിതൻ ഈ പ്രഭാതത്തിൽ ചെയ്ത കർമ്മങ്ങളെ ആവശ്യപ്പെടുന്നുണ്ടു് എന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ യാതൊരു രാജാവിനും തന്റെ പ്രജകളുടെ ഹൃദയങ്ങളോടു് ആജ്ഞാപിക്കുവാൻ കഴിയുകയില്ല. ഹൃദയംഗമമായ മാറുപടികൾ, സ്വാഭാവികമായിരുന്നേ മതിയാവൂ. ഇതിൽ അദ്ദേഹത്തിന്റെ സാഹോദര്യാവിഷ്കരണത്തിന്റെ പ്രകൃത്യാ ഉള്ള പ്രവൃത്തിയിൽ, ഈ വിളംബരത്തിന്റെ തത്വങ്ങളുടെ ശരിയായ നിർവ്വഹണം ഞാൻ ദർശിച്ചു. നമ്പൂതിരിമാർ കൊച്ചിയിൽ എന്നപോലെ തന്നെ ഈ സംസ്ഥാനത്തിലും അഭിമാനവും, അവകാശവും ഉള്ള ഒരു സ്ഥാനത്തെയാണു് അലങ്കരിച്ചിരിക്കുന്നതെന്നു അറിഞ്ഞതിൽ എന്റെ ആഹ്ലാദം പിന്നെയും വർദ്ധിച്ചു. അവർ രഹസ്യവും, അതൃപ്തിപൂർണ്ണവും ആയ വിരോധത്തെത്തന്നെയാണു് ഈ വിളം

ബരത്തോട്ട് പ്രത്യക്ഷപ്പെടുത്തിയിരുന്നതെങ്കിൽ, അതിനെ പ്രയോജനശൂന്യമാക്കിത്തീർക്കാൻ കഴിയുന്നതാണ്. എന്നാൽ ഇവിടെ, ഈ സ്വകാര്യക്ഷേത്രത്തിൽ,—പൂർവ്വാചാരപ്രിയന്മാരായ നമ്പൂതിരിമാരുടെ നടുക്ക്—ഈ വിളംബരം അതിന്റെ ആന്തരമായ അർത്ഥം അനുസരിച്ചും, അക്ഷരംപ്രതിയും പ്രയോഗത്തിൽ കൊണ്ടുവരപ്പെട്ടിരിക്കുന്നു.

നിങ്ങൾ ഹിന്ദുമതത്തിന്റെ മോചകരായിത്തീരട്ടെ!

ഇവിടെ നിങ്ങളോട് എനിക്ക് ഒരു ചെറിയ രഹസ്യം പറയാനുണ്ട്. തിരുവിതാംകൂർ സന്ദർശിക്കുന്നതിന് എനിക്ക് ഒട്ടുംതന്നെ ഇഷ്ടമുണ്ടായിരുന്നില്ലെന്നും, സെഗയോണിൽ നിന്നും എന്നെ പുറത്തു വലിച്ചുകൊണ്ടുവരുന്നതിന് ശ്രീമാന്മാർ ഗോവിന്ദനും, രാമചന്ദ്രനും വളരെ പ്രയത്നിക്കേണ്ടിവന്നുവെന്നും, ഒരിക്കൽ അവരുടെ പ്രയത്നങ്ങൾ എല്ലാംതന്നെ നിഷ്ഫലമായി പോകുമെന്നുകൂടി തോന്നിയിരുന്നു എന്നും ഞാൻ നിങ്ങളോടു പറഞ്ഞുകൊള്ളട്ടെ! എന്നാൽ എന്റെ ഹൃദയത്തെ അലിയിപ്പിക്കുന്നതിനുള്ള സംഗതികൾ ഉണ്ടായി. തൽഫലമായി ഒരു സ്വാഭിപ്രായമില്ലാത്ത സ്ത്രീയേയോ പുരുഷനേയോപോലെ രാമചന്ദ്രനും കൂട്ടുകാരും എന്റെ ചെവിക്കു പിടിച്ചുംകൊണ്ട് എന്നെ നയിക്കുന്നു. എന്നാൽ എനിക്ക് ഇവിടെ വച്ചുണ്ടായിട്ടുള്ള ഹൃദയാവർജ്ജകങ്ങളായ അനുഭവങ്ങൾ എന്നോടു പറയുന്നതു് ഞാൻ ഈ ഹരിജനങ്ങളെ അമ്പലങ്ങളിലേക്കു കൊണ്ടുപോകുന്ന കാഴ്ച കാണുന്നതിനായിട്ടെങ്കിലും തിരുവിതാംകൂർ സന്ദർശിച്ചില്ലെങ്കിൽ അതു് എന്റെ മൂഢമായ ഒരു മണ്ടത്തരമായിത്തീർന്നേനേ എന്നാണ്. ഇതു് സകല നമ്പൂരിമാർക്കും, മററ് അവർണ്ണക്കും അനുകരിക്കാനുള്ള ഒരു നല്ല മാതൃകയായിരിക്കട്ടെ! ഈ വിളംബരം പ്രയോഗത്തിൽ കൊണ്ടുവരേണ്ടതു് സവർണ്ണരാണെന്ന് ഞാൻ നിരവധി യോഗങ്ങളിൽ പറഞ്ഞതിന്റെ അർത്ഥം ഉദാഹരിക്കുന്നതിന് ഇതൊരു നല്ല അവസരമാണ്. പരിചയം സിദ്ധിച്ചിട്ടുള്ളവർക്കല്ലാതെ മററുള്ള അവർണ്ണഹിന്ദുക്കൾക്ക് ഈ വിളംബരം എന്താണെന്നോ, അതിന്റെ അർത്ഥം എന്താണെന്നോ അറിയുവാൻ പാടില്ല എന്ന കാര്യം നിങ്ങൾ

മനസ്സിലാക്കണം. നമ്മുടെ അജ്ഞാനവും മറയത്തരവും കാരണം അവർ വസിക്കുന്നതിനു നിർബന്ധിതരായിരിക്കുന്ന അനാരോഗ്യമായ പരിസരപ്രദേശങ്ങളിൽനിന്നും അവരെ പുറത്തേയ്ക്കു കൊണ്ടുവന്നു് അവക്കായി കരുതപ്പെട്ടിട്ടുള്ള സൂര്യപ്രകാശം കാണിച്ചുകൊണ്ടു് അവരെ ദേവാലയങ്ങളിലേക്കു നയിച്ചു് അവരുടെ ഹൃദയം കുളുപ്പിക്കുന്നതിനുള്ള ഭാരം സ്ഥിതി ചെയ്യുന്നതു് സവർണ്ണരിൽ ആകുന്നു. തിരുവിതാംകൂറിലെ ഏററവും ഉയന്ന ജാതിക്കാരായി കണക്കാക്കുന്ന നമ്പൂതിരിമാർ പ്രവത്തിച്ചതു് മററുള്ളവർ ചെയ്തില്ലെന്ന പഴി തിരുവിതാംകൂർകാരിൽ ചുമത്താതിരിക്കട്ടെ! അവരുടെ കുടിലുകളിൽനിന്നും അവർണ്ണസഹോദരീസഹോദരന്മാരെ പുറത്തേയ്ക്കു കൊണ്ടുവരേണ്ട ഭാരം സവർണ്ണരുടെ ഇടയിൽ പുരുഷന്മാക്കുള്ളതിൽ ഒട്ടുംതന്നെ കുറവല്ല സ്ത്രീകൾക്കുള്ളതും. തിരുവിതാംകൂറിലെ സവർണ്ണഹിന്ദുക്കൾ എല്ലാംതന്നെ ഈ വിളംബരത്തെ പൂണ്ണമായി നടപ്പിൽ വരുത്തുമെന്നും അവർ ഹിന്ദുമതോദ്ധാരകന്മാർ—കുറഞ്ഞപക്ഷം ഹിന്ദുമതമോചകർ—എന്ന പേരിനെ അർഹിക്കുമെന്നും ഞാൻ ആശിക്കുകയും അതിനായി പ്രാത്ഥിക്കുകയും ചെയ്യുന്നു.

തിരുവാർപ്പ്.

(ഫൻ—ഫ—ഫൻസ)

[സത്യഗ്രഹത്തിന്റേയും, പോലീസുമർദ്ദനത്തിന്റേയും രംഗമായിരുന്ന ഒരു സ്ഥലമാണ് ഇത്. ബോട്ടുവഴിയാണു ഞങ്ങൾ ഈ ചെറുഗ്രാമത്തിൽ എത്തിയത്. തോടിന്റെ രണ്ടു ഭാഗങ്ങളും പുരുഷന്മാരാലും, സ്ത്രീകളാലും, കുട്ടികളാലും നിബിഡമായിരുന്നു. ഞങ്ങളുടെ ബോട്ടിനെ തുടർന്ന് മററു അനേകം കളിവള്ളങ്ങളും ഉണ്ടായിരുന്നു. നിരവധി പുലയരോടും പറയരോടും കൂടി ഗാന്ധിജി സന്ദർശിച്ച അവിടത്തെ ക്ഷേത്രത്തിൽ ധാരാളം ജനങ്ങൾ കൂടിയിരുന്നു. ആ പ്രദേശത്തെ ഒരു മാന്യൻ നിരവധി സാധുക്കളായ ഹരിജനങ്ങൾക്ക് ഖദർ വിതരണംചെയ്തു. ഒരുപക്ഷേ ഇതിനു മുൻപ് അവരുടെ ജീവിതത്തിൽ ഒരിക്കലും ഒരു ക്ഷേത്രത്തിന്റെ സമീപങ്ങളിൽ പോലും വരുവാൻ സാധിച്ചിട്ടില്ലാത്ത, അർദ്ധനഗ്നരായ പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും ഖദർ വസ്ത്രവിതരണം ചെയ്യുന്നതിൽ ഗാന്ധിജിക്ക് അത്യധികം സന്തോഷം ഉണ്ടായിരുന്നു.]

ഒരു സ്വാതന്ത്ര്യാവകാശശാസനം.

ഈ പ്രദേശം ഒരു സത്യഗ്രഹത്തിന്റേയും, കുഷ്ഠപ്പാടിന്റേയും രംഗമായിരുന്നു എന്ന് ഞാൻ പറഞ്ഞുകേട്ടു. സത്യഗ്രഹികൾ അവരുടെ ദുരിതങ്ങൾ അനുഭവിക്കുന്ന കാലത്ത് ആശിച്ചിരുന്നിരിക്കാൻ ഇടയില്ലാത്ത ആഹ്ലാദം ഈ വിളംബരംമൂലം ലഭ്യമായിട്ടുള്ളതിനാൽ, അന്നു സഹിച്ച ദുരിതങ്ങൾ എല്ലാംതന്നെ സന്തോഷത്തോടെ സ്മരിക്കാൻ സാദ്ധ്യമാകും. എനിക്ക് ഇന്ന് ഒരു ദീർഘമായ പ്രസംഗം ചെയ്യുന്നതിനുള്ള സമയം ഇല്ല; എന്നിൽ നിന്നും ദീർഘമായ ഒരു പ്രസംഗം നിങ്ങൾക്ക് ആവശ്യമുണ്ടെന്നും എനിക്കു തോന്നുന്നില്ല. എനിക്കു പറയാനുള്ളതെല്ലാം, എന്നേക്കൊണ്ടു പറയുവാൻ സദ്ധ്യമാകുന്നതെല്ലാംതന്നെ മിക്കവാറും ഞാൻ പറഞ്ഞു

കഴിഞ്ഞു. എന്നാൽ ഇത്രയും എനിക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ വിളംബരത്തിൻെറ വിലയേറിയ ഫലങ്ങൾ നിങ്ങൾക്കു കൊയ്തെടുക്കണമെന്നുണ്ടെങ്കിൽ, അതിനായി നിങ്ങൾ ഓരോരുത്തരും വ്യക്തിപരമായി പ്രവൎത്തിക്കേണ്ടിവരും എന്നു പറയാതിരിക്കാൻ എനിക്കു സാദ്ധ്യമല്ല. മററു ചട്ടങ്ങളേയും നിയമങ്ങളേയുംപോലെ, ഈ വിളംബരത്തെ പ്രവൎത്തനമില്ലാതെ നിയമഗ്രന്ഥങ്ങളിൽ വച്ചുസൂക്ഷിക്കുവാൻ അനുവദിക്കരുതു്. ഈ വിളംബരം എല്ലാ അവൎണ്ണൎക്കും ഒരു സ്വാതന്ത്ര്യാവകാശം നൾകുന്ന ഒരു ശാസനമാകുന്നു. അതു് സവൎണ്ണർ അവൎണ്ണരോടു കാണിച്ചിട്ടുള്ള പാപങ്ങളെ കഴുകിക്കളയുകയും ചെയ്യുന്നു. ഈ വിളംബരത്തിൻെറ പൂർണ്ണമായ പ്രാധാന്യത്തെ അവർ ഗ്രഹിക്കുന്നെങ്കിൽ മാത്രമേ അതിനു് ഈ പാപങ്ങളെ കഴുകിക്കളയുവാൻ സാദ്ധ്യമാകുകയുള്ളു. അതുകൊണ്ടു് സവൎണ്ണർ അവൎണ്ണരോടു് സഹോദരഭാവേന വൎത്തിക്കണം; അന്യരെ കാണിക്കുന്നതിനു മാത്രമായിട്ടല്ല; എന്നാൽ ഹൃദയംഗമമായിട്ടു വേണം അവർ ഇപ്രകാരം പെരുമാറാൻ. അപ്പോൾ ഇൻഡ്യയിലെ എല്ലാ ഹിന്ദുക്കൾക്കും തിരുവിതാംകൂർ ഒരു തീൎത്ഥാടനസ്ഥലമായിത്തീരും. മാത്രമല്ല അതു് ഹിന്ദുമതചരിത്രത്തിലെ ഒരു വലിയ കാലഘട്ടത്തെ കുറിക്കുന്നതുകൂടി ആയിരിക്കും. ഹിന്ദുമതസന്ദേശം എല്ലാവരിലും പ്രചരിപ്പിക്കുന്നതിനുള്ള ഭാരം സ്ഥിതിചെയ്യുന്നതു് സവൎണ്ണരിലാണു്; നിങ്ങളുടെ ഹൃദയം ഈ വിളംബരതത്വങ്ങളോടു യോജിക്കുന്നില്ലെങ്കിൽ, ഇതിൽ പരാജയപ്പെടുമെന്നു് നിങ്ങൾ ഓൎമ്മിക്കണം. അതിനു വേണ്ട ശക്തിയേയും ബുദ്ധിയേയും ദൈവം നിങ്ങൾക്കു് പ്രദാനംചെയ്യട്ടെ.

കോട്ടയം.

മഹിളായോഗം.

(൧൯—൧—൩൧)

ഗാന്ധിജി ഹിന്ദിയിൽ ഇപ്രകാരം പറഞ്ഞു:—എന്റെ തീൎത്ഥയാത്രയ്ക്കിടയ്ക്കു് ആദ്യമായി ഒരു മഹിളായോഗത്തിൽ പ്രസംഗിക്കുന്നതിൽ എനിക്കു് സന്തോഷമുണ്ടു്. ഞാൻ അതുകൊണ്ടു് ആദ്യമായി ഒരു സഹോദരി ഹിന്ദിയിൽ സ്വാഗതപ്രസംഗം ചെയ്തതും നിരവധി ജനങ്ങൾ സന്നിഹിതരായിട്ടുള്ളതും ആയ ഇവിടെ നിങ്ങൾക്കു് കൂടുതൽ സമയം തരേണ്ടതും നിങ്ങളുമായി കൂടുതൽ പരിചയപ്പെടേണ്ടതിനു യത്നിക്കേണ്ടതുമായിരുന്നു. നിങ്ങൾ എനിക്കു പ്രദാനം ചെയ്ത സ്വാഗതത്തിനും, ഹിന്ദി മംഗളപത്രത്തിനുംവേണ്ടി ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. വിളംബരത്തെ പററി സ്വല്പം സംസാരിച്ചിട്ടു് ഞാൻ മതിയാക്കിയേക്കാം. എന്റെ പ്രസംഗത്തിനു ശേഷം നിങ്ങളോടു് സംസാരിക്കാൻ പോകുന്ന, അഖിലഭാരത സ്ത്രീസമാജത്തിന്റെ കാൎയ്യദൎശിയെന്ന നിലയിൽ നിങ്ങളെയെല്ലാം അറിഞ്ഞിരിക്കാൻ ഇടയുള്ള രാജകുമാരി അമൃതകോർ സ്ത്രീകളുടെ പ്രശ്നങ്ങളേപററി പ്രസംഗിക്കുന്നതായിരിക്കും. അസ്പൃശ്യത ഹിന്ദുമതത്തിനുള്ള ഒരു വലിയ കളങ്കമാണെന്നും, അതു് ഹിന്ദുമതത്തിന്റെ ജീവനെ നശിപ്പിച്ചേക്കാൻ കൂടി ഇടയുള്ളതാണെന്നും ഞാൻ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ടു്. ആ കളങ്കത്തെ നിൎമ്മാർജനം ചെയ്യുന്നതിനു് നമ്മെ പ്രാപ്തമാക്കാൻ തക്ക സമയത്താണു് ഈ വിളംബരം പുറപ്പെട്ടിട്ടുള്ളതു്. എന്നാൽ അതിനു് തന്നത്താൻ അപ്രകാരം ചെയ്യാൻ സാദ്ധ്യമല്ല. മഹാരാജാവിന്റെ ജോലി ഈ വിളംബരത്തോടുകൂടിത്തീൎന്നു. വിളംബരത്തെ പ്രായോഗികമാക്കിത്തീൎത്തു് അസ്പൃശ്യതയെ ഉന്മൂലനാശം വരുത്തേണ്ടതു് നിങ്ങളുടെ കടമയാകുന്നു. ഈ ശുദ്ധീകരണശ്രമത്തെ നയിക്കേണ്ട ജോലി പ്രധാനമായി സവർണ്ണഹിന്ദുക്കളിലാണു് സ്ഥിതിചെയ്യുന്നതു്. ജനങ്ങളുടെ പരി

ശുദ്ധിയുടെ സംരക്ഷകർ സ്ത്രീകളായിരിക്കുന്നതുകൊണ്ട് അവക്ക് മാത്രമേ മതത്തിന്റെ രക്ഷിതാക്കളായിരിക്കാൻ സാധിക്കുകയൊള്ളു എന്ന് ഞാൻ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. അതു് വിശേഷിച്ചും സ്ത്രീകളുടെ ജോലിയാണ്. എന്തെന്നാൽ മതശുദ്ധീകരണം അവസാനമായി ഹൃദയശുദ്ധീകരണത്തെ ആശ്രയിച്ചാണിരിക്കുന്നതു്. സ്ത്രീകൾ ഈ വിളംബരത്തിന്റെ ശരിയായ തത്വം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ അവക്ക് പുരുഷന്മാരേക്കാൾ അതിനെ കൂടുതൽ ഫലവത്താക്കിത്തീർക്കുവാൻ സാധിക്കുന്നതാണ്. ഇതുവരെ നാം, നമ്മുടെ വീടുകളിലും ക്ഷേത്രങ്ങളിലും മാത്രമല്ല, നമ്മുടെ ഹൃദയങ്ങളിൽക്കൂടി അവർണ്ണരെ അസ്പൃശ്യരായിട്ടാണു കണക്കാക്കിയിരുന്നതു്. അവരെ നമുക്ക് നമ്മുടെ സ്വന്തം വർഗ്ഗക്കാരായി കണക്കാക്കണം. അതുകൊണ്ട് ഈ വിളംബരപ്രഖ്യാപനത്താൽ മഹാരാജാവ് ക്ഷേത്രങ്ങളേയും ഹിന്ദുമതത്തേയും അശുദ്ധമാക്കിയതായി വിചാരിക്കുന്ന ആരെങ്കിലും നിങ്ങളുടെ ഇടയിൽ ഉണ്ടെങ്കിൽ, ആ സ്ത്രീ മാനവവംശത്തോടും ദൈവത്തോടും തെററു ചെയ്യുന്നവളായിരിക്കും. ക്ഷേത്രകവാടങ്ങൾ ഹരിജനങ്ങൾക്ക് അടയ്ക്കപ്പെട്ടിരുന്നിടത്തോളം കാലം ഈ ക്ഷേത്രങ്ങൾ അശുദ്ധങ്ങളായിരുന്നു എന്ന് ഞാൻ നിങ്ങളോടു പറയുന്നു. ഈ വിളംബരം അവയെ എല്ലാം പരിശുദ്ധമാക്കിത്തീർത്തിട്ടുണ്ട്. അവയെ അശുദ്ധപ്പെടുത്തിക്കളഞ്ഞു എന്നുള്ള വിശ്വാസത്താൽ നിങ്ങളാരും അതുകൊണ്ട് ക്ഷേത്രത്തിൽ പോകുന്ന പതിവു മുടക്കരുതു്. ആ അന്ധവിശ്വാസത്തെ ഉപേക്ഷിച്ച് ഹരിജനസ്ത്രീകളോട് സഹകരിച്ച് അവരെ സഹോദരങ്ങളായി കരുതി അവരെ നിങ്ങൾക്കൊപ്പം സാമുദായികസമത്വമുള്ള ഒരു സ്ഥിതിയിലേയ്ക്ക് ഉയർത്തുന്നതിന് നിങ്ങൾ ബദ്ധശ്രദ്ധരായി സഹായിക്കുമെന്ന് ഞാൻ ആശിക്കുന്നു.

കോട്ടയം.

(ഫൻ—ഫ—ഫൻസ.)

[ഈ പ്രദേശത്തെ മഹാക്ഷേത്രത്തിനു പുറത്ത് ഹിന്ദുക്കളും ക്രിസ്ത്യാനികളും ഉൾപ്പെട്ടിരുന്ന ഒരു മഹായോഗം മാതൃകാപരമായ നിശ്ശബ്ദതയോടെ ഗാന്ധിജിയുടെ പ്രസംഗം ശ്രവിച്ചു.]

ഉയർത്തുന്നതിനായി താഴുക.

മഹാരാജാവു തിരുമനസ്സുകൊണ്ട് തിരുവിതാംകൂറിലെ ജനങ്ങൾക്ക് പ്രദാനം ചെയ്ത ആ വിളംബരത്തെപ്പററിയുള്ള ആനന്ദത്തിന്റെ നിരവധി പ്രകടനങ്ങളിൽ ഒന്നാണ് ഈ മഹായോഗം എന്ന് എനിക്കറിയാം. തിരുമേനിമാർക്കും ദിവാനും നിങ്ങളുടെ അഭിനന്ദനത്തെ സമർപ്പിക്കേണ്ടത് നിങ്ങളുടെ കർത്തവ്യമാണെങ്കിലും ഈ ആഘോഷങ്ങൾക്കുള്ള പരിശ്രമങ്ങൾകൊണ്ട് നിങ്ങളുടെ ഉത്സാഹം മുഴുവനും അവസാനിപ്പിക്കുന്നെങ്കിൽ അത് ഒരു വലിയ അബദ്ധമായിരിക്കും. തിരുമേനിമാർക്കുള്ള നിങ്ങളുടെ ഈ അഭിനന്ദനം മാനുഷികഉദ്യമങ്ങളാൽ സാധിക്കാവുന്നവിധത്തിൽ ഈ വിളംബരത്തെ വിജയപ്രദമാക്കിത്തീർക്കുവാൻ നിങ്ങൾ പ്രയത്നിക്കുമെന്നുള്ള നിശ്ചയത്തിന്റെ ഒരു പ്രാരംഭപ്രവൃത്തിയായിരിക്കട്ടെ. ഞാൻ നിരവധി യോഗങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഈ വിളംബരത്തെ വിജയകരമായി നടപ്പിൽ വരുത്തേണ്ട ഭാരം സവർണ്ണർ എന്നു വിചാരിക്കപ്പെടുന്നവരിലാണു സ്ഥിതിചെയ്യുന്നത്. അവർണ്ണർ എന്ന് തെററായി നാമകരണം ചെയ്യപ്പെട്ടിരിക്കുന്നവരുടെ ദരിദ്രങ്ങളായ ഗൃഹങ്ങളിലേക്ക് ആശയുടേയും മോചനത്തിന്റേയും ഈ സന്ദേശം കൊണ്ടുപോകേണ്ടത് അവരാണ്. അവർണ്ണർ എന്നു പറഞ്ഞുവരുന്ന സഹോദരീസഹോദരന്മാരുടെ എളിയ കുടിലുകളെ സമീപിച്ച് അവരുടെ അടുക്കൽ എളിയതും പ്രാർത്ഥനാപരവുമായ ഭാവത്തിൽ സന്ദേശവാഹകന്മാരായിത്തീരേണ്ടത് അവരുടെ കടമയും അവകാശവുമാണ്. നാം അമർത്തി വച്ചുകൊണ്ടി

രുന്ന ആളുകളോടു ചെയ്തിട്ടുള്ള തെററുകൾക്കുള്ള ഒരു പരിഹാരമായിരിക്കും—എത്ര തന്നെ തുച്ഛമായാലും ശരി—അതു്. ദിവസംതോറും കീഴോട്ടു കീഴോട്ടു പോകുന്നതിന് നാം സഹായിച്ചവരെ ഉയർത്തുന്നതിനായി താഴുക എന്നതു് അവരുടെ അഭിമാനപൂർവ്വമായ അവകാശമാകുന്നു; അതു് അപ്രകാരം തന്നെയാണു് ആയിരിക്കേണ്ടതും. സവർണ്ണഹിന്ദുക്കളെപ്പററി ഇന്നു് ഇത്രയും മതി.

പരിഹാരത്തിൽ ക്രിസ്ത്യാനികൾ സഹായിക്കണം.

തിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ഒരു കേന്ദ്രം ആണു് കോട്ടയം എന്നു് എനിക്കറിയാം. അവരും, ഞാനുമായി അഭേദ്യവും എന്നാൽ അദൃശ്യവുമായ ഒരു ബന്ധമുണ്ടെന്നു് ക്രിസ്ത്യാനികൾക്കു് അറിയാം. അതുകൊണ്ടു് ഈ വിളംബരത്തെ സംബന്ധിച്ചിടത്തോളം അവർ മിണ്ടാതിരിക്കാതെ, അതിൽ ലീനമായിരിക്കുന്ന പുരോഗതിക്കു വേണ്ടി ശ്രമിക്കുന്നതിനു് ഞാൻ ഇൻഡ്യൻക്രിസ്ത്യാനികളോടു്—അവർ ജന്മനാ ക്രിസ്ത്യാനികൾ ആയാലും കൊള്ളാം, അല്ലെങ്കിൽ അവർ ക്രിസ്തുമതത്തിലേക്കു് മതപരിവർത്തനം ചെയ്യപ്പെട്ടവരായാലും കൊള്ളാം—ഉപദേശിക്കുന്നതിനു് ഉദ്യമിക്കുന്നു. ഞാൻ പറഞ്ഞതിന്റെ അർത്ഥം ഞാൻ കഴിയുന്നത്ര ചുരുക്കത്തിൽ ഒന്നുകൂടി വിവരിക്കാം. ഇൻഡ്യയുടെ മററു ഭാഗങ്ങളിൽ എന്നപോലെ തിരുവിതാംകൂറിലും പ്രാബല്യത്തിൽ ഇരുന്നിരുന്ന വലിയവരും എളിയവരും തമ്മിലുള്ള എല്ലാ വ്യത്യാസങ്ങളേയും ഈ വിളംബരം നശിപ്പിക്കുന്നു. ഒരു തൂലികാപ്രയോഗത്താൽ എല്ലാ അവർണ്ണരേയും, സവർണ്ണരുടെ സ്ഥിതിയിലേക്കു് ഒരു മാനുഷികമായ ശാസനത്തിനു് ഉയർത്തുന്നതിനു സാധിക്കുമെങ്കിൽ—ഈ വിളംബരം വാസ്തവത്തിൽ അതാണു ചെയ്യുന്നതു്—ഈ സംസ്ഥാനത്തിലെ ക്രിസ്ത്യാനികൾക്കു്, അവർക്കു് ഒരിക്കലും ഉപേക്ഷിക്കാൻ സാദ്ധ്യമല്ലാത്ത ഒരു കർത്തവ്യം അവരുടെ ഹിന്ദുസഹോദരങ്ങളോടു് ഉണ്ടു്. ലോകത്തിലെ സകല പ്രധാനപ്പെട്ട മതങ്ങളും സത്യാത്മകങ്ങളാണെന്നു് നിങ്ങൾ എന്നെപ്പോലെ വിശ്വസിക്കുന്നുണ്ടെങ്കിൽ—ഒരു വലിയ ഭാഗം ക്രിസ്ത്യാനികൾ ഇപ്രകാരം

വിശ്വസിക്കുന്നുണ്ടെന്ന് എനിക്കറിയാം—ഈ വിളംബരപ്രകാരം അവർ അനുഷ്ഠിക്കേണ്ട പശ്ചാത്താപത്തിലും പ്രായശ്ചിത്തത്തിലും നിങ്ങൾ സവർണ്ണഹിന്ദുക്കളെ സഹായിക്കേണ്ടതാണ്.

എന്റെ ദുഃഖം.

ഹിന്ദുമതത്തിനോടുള്ള വെറുപ്പുകാരണം, ആ മതത്തെ ഉപേക്ഷിച്ച് മററു വല്ല മതവും സ്വീകരിക്കുവാൻ, അധഃകൃതസമുദായങ്ങളിൽപ്പെട്ട ചിലക്ക് തോന്നിയപ്പോൾ, അത് ഹൃദയംഗമമായി എന്നെ വ്യസനിപ്പിക്കുകയാണു ചെയ്തത്. അധഃകൃതവർഗ്ഗക്കാരെ, അനേകം നൂററാണ്ടുകളായി അവർ ഉൾപ്പെട്ടിരുന്ന മതത്തിൽനിന്നും അകററി തങ്ങളുടെ മതങ്ങളിൽ ചേർക്കുന്നതിനുള്ള അന്യമതാവലംബികളുടെ ശ്രമങ്ങളെപ്പററി കേട്ടപ്പോൾ, എനിക്ക് അതുപോലെതന്നെ നിർവ്യാജമായ ദുഃഖം ഉണ്ടായി. ഹിന്ദുമതം ഭയങ്കരങ്ങളായ ആചാരങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും ഒരു സഞ്ചയം മാത്രമാണെന്നും, അത് മാനവസമുദായത്തോടുള്ള ഒരു വൻചതിയാണെന്നും നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ,—അങ്ങിനെ വിശ്വസിക്കുന്നവർ ചിലർ ഉണ്ടെന്ന് എനിക്കറിയാം,—ആ വൻചതിയെ പ്രത്യക്ഷപ്പെടുത്തുന്നതിനേക്കാൾ മഹത്തായ സേവനം അവർണ്ണഹിന്ദുക്കൾക്കും, സവർണ്ണഹിന്ദുക്കൾക്കും വേണ്ടി നിങ്ങൾക്കു ചെയ്യുവാൻ സാധിക്കുന്നതല്ല. അപ്രകാരം വിശ്വസിക്കുന്നവരുടെ അഭിപ്രായത്തിൽ ഈ വിളംബരത്തിന്റെ പ്രവർത്തനത്തിന് തടസ്ഥമുണ്ടാക്കേണ്ടതും ആ സ്വാതന്ത്ര്യവിളംബരപ്രഖ്യാപനംമൂലം സ്വാഭാവികമായ നാശത്തിൽ പര്യവസാനിക്കുവാൻ പോകുന്ന ഒരു അന്ധവിശ്വാസസമുച്ചയത്തിന് കുറേനാൾകൂടി ജീവിക്കുന്നതിനുള്ള അനുമതി നൽകി, ദുരിതത്തെ ദീർഘിപ്പിക്കുകയാണ് മഹാരാജാവു ചെയ്യുന്നതെന്ന് അദ്ദേഹത്തിനെ ബോദ്ധ്യപ്പെടുത്തേണ്ടതും അവരുടെ കർത്തവ്യമാകുന്നു എന്നു വരുന്നതാണ്. ഹിന്ദുമതത്തെ മനുഷ്യവർഗ്ഗത്തോടുള്ള ഒരു വൻചതിയായോ, അല്ലെങ്കിൽ ദുരാചാരങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും ഒരു സഞ്ചയമായോ കരുതാത്തവരായ അനേകം കൃസ്തുമതാവലംബികൾ ഭാരതഖണ്ഡം ഒട്ടുക്ക് ഉണ്ടെന്ന് എനിക്ക് അറിയാം. രാമ

കൃഷ്ണനേയും, ചൈതന്യനേയും, ശങ്കരനേയും, വിവേകാനന്ദനേയും സൃഷ്ടിച്ച ഒരു മതം അന്ധവിശ്വാസജടിലമായിരിക്കാൻ ഇടയില്ല. നിങ്ങൾക്ക് അറിയാവുന്നതുപോലെ—അതു നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ നിങ്ങളെ അറിയിക്കാനായി ഞാൻ ഇവിടെ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നു—ലോകത്തിലെ എല്ലാ പ്രധാന മതങ്ങളും സത്യാത്മകങ്ങളാണെന്നു മാത്രമല്ല, അവ തുല്യങ്ങൾ ആണെന്നു കൂടി എനിക്കു വ്യക്തിപരമായ അഭിപ്രായമുണ്ട്.

അതിവിപുലമായ ഒരു മന്ത്രം.

ഭക്തനായ ഒരു ക്രിസ്ത്യാനിയെപ്പോലെ ബൈബിളിനേയും, ഒരു ഭക്തനായ മുസൽമാനെപ്പോലെ കൊറാനേയും പഠിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഈ രണ്ടു മതഗ്രന്ഥങ്ങളിലും നല്ലതായിട്ടുള്ളവയെ എല്ലാം ഗ്രഹിക്കുന്നതിനു ഞാൻ മടി കാണിച്ചിട്ടില്ല. ഞാൻ ലോകത്തിലെ മററു മതഗ്രന്ഥങ്ങളും പഠിച്ചിട്ടുണ്ട്; എന്നാൽ ഒരു ഉദാഹരണത്തിനു വേണ്ടി മാത്രം ഇവയെ ചൂണ്ടിക്കാണിച്ചു എന്നേയുള്ളു. അപ്പോൾ എന്നോട് ഇങ്ങിനെ ചോദിക്കുമായിരിക്കും. ഈ എല്ലാ മതങ്ങളും ഒരുപോലെ സത്യാത്മകങ്ങളും, ഒരുപോലെ തന്നെ എൻെറ ബഹുമാനത്തെ അർഹിക്കുന്നവയും ആകുന്നു എന്ന് ഞാൻ പറയുന്നുവെങ്കിൽ, ഞാൻ ഒരു ഹിന്ദുവായിരിക്കുന്നതിൻെറ അർത്ഥമെന്തു്? അതു് എന്തുകൊണ്ടെന്ന് ഞാൻ പറയാം. ഈയിടെയായി ഞാൻ പ്രസംഗിച്ചിട്ടുള്ള നിരവധി പുരുഷന്മാരും സ്ത്രീകളുമുള്ള യോഗങ്ങളിൽ വച്ച്, ഹിന്ദുമതത്തിൻെറ സാരാംശം എന്താണെന്നുള്ളതിനെപ്പററി വിവരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഞാൻ അവക്ക് ഈശോപനിഷത്തിലെ ഒരു ലഘുവായ മന്ത്രം മാത്രമാണ് ചൂണ്ടിക്കാണിച്ചുകൊടുത്തുകൊണ്ടിരുന്നതു്. നിങ്ങൾക്ക് എല്ലാം അറിയാവുന്നതുപോലെ വേദത്തിൻെറ പാവനത അർഹിക്കുന്ന ഒരു ഉപനിഷത്താണ് അതു്. ഈശോപനിഷത്തിലെ ആദ്യപദ്യത്തിൻെറ അർത്ഥം ഇതാണ്:—ഏററവും ചെറുതായ അണുവരെ പ്രപഞ്ചത്തിൽ ഉള്ള സകലതിലും ദൈവം വ്യാപരിക്കുന്നു. ആ മന്ത്രം ദൈവത്തെ സൃഷ്ടികർത്താവ് എന്നും,

ഭരണാധിപൻ എന്നും, നാഥൻ എന്നും വിവരിക്കുന്നു. ഈ മന്ത്രം അല്ലെങ്കിൽ പദ്യം വെളിപ്പെടുത്തിയ മഹർഷി "ദൈവം എല്ലായിടത്തും വ്യാപ്തനായിരിക്കുന്നു" എന്നുള്ള മഹനീയമായ പ്രസ്താവനകൊണ്ടു മാത്രം തൃപ്തനായിരുന്നില്ല; എന്നാൽ അദ്ദേഹം തുടർന്ന് ഇപ്രകാരം പറയുന്നു:—"ദൈവം എല്ലാത്തിലും ഉള്ളതുകൊണ്ടു നിങ്ങളുടേതായിട്ട് ഒന്നുംതന്നെയില്ല. നിങ്ങളുടെ സ്വന്തം ശരീരവും കൂടി നിങ്ങളുടേതല്ല. നിങ്ങളുടെ കൈവശമുള്ള സകലത്തിന്റെയും അനിഷേധ്യമായ ഉടമസ്ഥൻ ദൈവമാകുന്നു." അതുകൊണ്ട് ഹിന്ദുവെന്നു പറയുന്ന ഒരാൾ ഒരു പുനർജ്ജന്മത്തിൽകൂടി—അല്ലെങ്കിൽ ക്രിസ്ത്യാനികൾ പറയാറുള്ളതുപോലെ ഒരു രണ്ടാംജന്മത്തിൽ കൂടി—കടന്നുപോകുമ്പോൾ, അവൻ തന്റെ സ്വന്തം സാധനങ്ങൾ എന്ന് അവന്റെ അജ്ഞതകൊണ്ട് വിളിച്ചുവന്ന എല്ലാ സാധനങ്ങളേയും ത്യജിക്കുകയോ അപ്പിക്കുകയോ ചെയ്യേണ്ട ഒരു കർത്തവ്യം അവനുണ്ട്. പിന്നെ ഈ കർമ്മം അനുഷ്ഠിക്കുമ്പോൾ അവന് ആവശ്യമുള്ള ഭക്ഷണം, വസ്ത്രം, ഗൃഹം മുതലായവയെപ്പററി ദൈവം നല്ലപോലെ നോക്കിക്കൊള്ളും എന്നുള്ള വിശ്വാസമാണ് അവനു ലഭിക്കുന്ന ഒരു സമ്മാനമായി പറഞ്ഞിരിക്കുന്നത്. അതുകൊണ്ട്, ജീവിതത്തിന് ആവശ്യമുള്ള സാധനങ്ങളുടെ ഉപയോഗം അഥവാ അനുഭവം എന്നതിനോട് അനുബന്ധിച്ചിട്ടുള്ള ഒരു വ്യവസ്ഥ അവയുടെ സമപ്പണം അല്ലെങ്കിൽ ത്യാഗമാകുന്നു. കാര്യവ്യഗ്രരായിരിക്കുന്ന ലോകർ ജീവിതത്തിലെ ആ കേന്ദ്രമായ കാര്യം മറക്കാതെയിരിക്കുന്നതിനായിക്കൊണ്ട് ആ അപ്പണം അഥവാ ത്യാഗം നാം ദിനംതോറും ചെയ്യേണ്ടതായിട്ടുണ്ട്. ഇതിനെല്ലാത്തിനും ഉപരിയായി മഹർഷി പറയുന്നു:—"അന്യന്റെ ധനത്തെ മോഹിക്കരുതെ"ന്ന്. ഈ ചെറിയ മന്ത്രത്തിൽ അടക്കം ചെയ്തിരിക്കുന്ന സത്യം, എല്ലാ മനുഷ്യരുടേയും അത്യന്തതങ്ങളായ എല്ലാ ആശകളേയും—അത് ഇഹലോകത്തേതോ പരലോകത്തേതോ ആകട്ടേ—സംതൃപ്തിപ്പെടുത്തുന്നതിനു മതിയായതാണ്. ലോകത്തിലെ മതഗ്രന്ഥങ്ങൾ എല്ലാം തന്നെ തേടിയിട്ടും, ഈ മന്ത്രത്തിനോടു കൂടുതലായി ചേർക്കുന്നതിന് ഞാൻ ഒന്നുംതന്നെ ഇതേവരെ കണ്ടുപിടിച്ചിട്ടില്ല. ഞാൻ വായിച്ചിട്ടുള്ള സകല മതഗ്രന്ഥങ്ങളിലേയ്ക്കും—അവ

വളരെ കുറവാണെന്നു ഞാൻ സമ്മതിക്കുന്നു—ഞാൻ പിൻ തിരിഞ്ഞുനോക്കുമ്പോൾ, മററു മതഗ്രന്ഥങ്ങളിലെ സകല സുതത്വങ്ങളും ജാതമായിട്ടുള്ളതു് ഈ മന്ത്രത്തിൽനിന്നാണെന്നു് എനിക്കു തോന്നുന്നു. അതു് സാർവ്വത്രികമായ സാഹോദര്യം—സകല മനുഷ്യർക്കും തമ്മിലുള്ള സാഹോദര്യം മാത്രമല്ല, സകല ജീവജന്തുക്കൾക്കും തമ്മിലുള്ള സാഹോദര്യമാണു്—ആണെങ്കിൽ, അതും ഞാൻ ഈ മന്ത്രത്തിൽ കാണുന്നു. അതു് ദൈവത്തോടും ലോകഗുരുവിനോടും—നിങ്ങൾക്കു ചിന്തിക്കാൻ കഴിയുന്ന സകല വിശേഷണങ്ങളും ചേർത്തുകൊള്ളുക—ഉള്ള അചഞ്ചലമായ ഭക്തിയാണെങ്കിൽ,അതു ഞാൻ ഈ മന്ത്രത്തിൽ കാണുന്നു. അതു ദൈവത്തിനു് സമ്പൂർണ്ണമായി അടിപെടുക എന്നും അദ്ദേഹം നമ്മുടെ ആവശ്യങ്ങൾ നടത്തിക്കൊള്ളും എന്നുമുള്ള ആശയമാണെങ്കിൽ, അതും ഈ മന്ത്രത്തിൽ കാണാൻ കഴിയുമെന്നു് ഞാൻ പറയുന്നു. ദൈവം എൻേറയും നിങ്ങളുടേയും സത്തയുടെ ഓരോ ഞരമ്പുകളിലും ലീനമായിരിക്കുന്നതുകൊണ്ടു് ഞാൻ അതിൽനിന്നും ലോകത്തിൽ സകല ജീവികൾ തമ്മിലുള്ള സമത്വതത്വത്തേയാണു് അനുമാനിക്കുന്നതു്. അതു് എല്ലാ തത്വചിന്തകന്മാരായ കമ്മ്യൂനിസ്റ്റുകാരേയും സംതൃപ്തിപ്പെടുത്തണം. ദൈവത്തിന്റേതായിട്ടുള്ള യാതൊന്നുംതന്നെ എൻേറതായി വിചാരിക്കാൻ പാടില്ല എന്നു് ഈ മന്ത്രം എന്നോടു പറയുന്നു. എൻെറ ജീവിതവും, ഈ മന്ത്രത്തിൽ വിശ്വാസമുള്ളവരുടെ ജീവിതവും സമ്പൂർണ്ണമായ ഒരു സമർപ്പണമായിരിക്കണമെങ്കിൽ, അതിൽനിന്നും ആ ജീവിതം നമ്മുടെ സഹജീവികളോടുള്ള നിരന്തരമായ ഒരു സേവനം ആയിരിക്കണം എന്നു വരുന്നു.

എൻെറ വിശ്വാസം ഇതാണു് എന്നും, ഹിന്ദുക്കൾ എന്നറിയപ്പെടുന്നവരുടെ എല്ലാം വിശ്വാസം ഇതുതന്നെയായിരിക്കണമെന്നും ഞാൻ പറയുന്നു. ഇതിൽ കൂടുതലായി യാതൊന്നുംതന്നെ തങ്ങളുടെ മതഗ്രന്ഥങ്ങളിൽ തിരയുകയാണെങ്കിൽ കാണുകയില്ലെന്നു് ക്രിസ്ത്യാനികളും മുസൽമാന്മാരുമായ എൻെറ സ്നേഹിതന്മാരോടു് ഞാൻ പറഞ്ഞുകൊള്ളുന്നു. തിരുവിതാംകൂറിലെ ഹിന്ദുക്കൾ ഈ മന്ത്രത്തിൻെറ അത്യുന്നതങ്ങളായ ഉദ്ദേശങ്ങളെ നിർവ്വഹിക്കുന്നതിനായിട്ടു് ലോകത്തി

ലുള്ള സകലരുടേയും—അവർ ക്രിസ്ത്യാനികളോ മുസൽമാന്മാരോ ആരെങ്കിലുംതന്നെ ആയിക്കൊള്ളട്ടെ—സഹായങ്ങൾ ഞാൻ ആവശ്യപ്പെടുന്നു. ഹിന്ദുമതം എന്ന പേരിൽ നിലനിന്നുവരുന്ന നിരവധി അന്ധവിശ്വാസങ്ങളെപ്പററി ഞാൻ അജ്ഞനല്ല എന്ന വിവരം നിങ്ങളിൽനിന്നും മറച്ചുവെയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഹിന്ദുമതം എന്ന നിലയിൽ നടപ്പിലിരിക്കുന്ന നിരവധി അന്ധവിശ്വാസങ്ങളെപ്പററി ഞാൻ സൂക്ഷ്മബോധത്തോടും ദുഃഖത്തോടുംകൂടി അറിയുന്നുണ്ട്. കാര്യങ്ങളെ അതേതരത്തിൽ വിവരിക്കുവാൻ എനിക്ക് യാതൊരു മടിയുമില്ല. ഇത്തരം അന്ധവിശ്വാസങ്ങളിൽവച്ച് ഏററവും വലിയതു് അസ്പൃശ്യതയാണെന്നു വിചാരിക്കുന്നതിന് ഞാൻ അശേഷം മടിച്ചിട്ടില്ല. എന്നാൽ അതെല്ലാം അങ്ങിനെയിരുന്നിട്ടും ഞാൻ ഇന്നും ഒരു ഹിന്ദുവായി വർത്തിച്ചുവരുന്നു. എന്തെന്നാൽ ഈ അന്ധവിശ്വാസങ്ങൾ ഹിന്ദുമതത്തിന്റെ ഒരു ഭാഗമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഞാൻ ഇപ്പോൾ നിങ്ങളോടു പ്രസ്താവിച്ച സത്യത്തിനും ഞാൻ ഇപ്പോൾ ഉച്ചരിച്ച മന്ത്രത്തിൽ അന്തർലീനമായി സ്ഥിതി ചെയ്യുന്നതിനും വിരുദ്ധമായ സകലതും ഹിന്ദുമതത്തിനു യോജിച്ചതല്ലെന്നു വിചാരിച്ച് അങ്ങനെതന്നെ അവയെ നിഷേധിക്കുന്നതിന് ഹിന്ദുമതത്തിലെ വ്യാഖ്യാനനിയമങ്ങൾ എന്നെ പഠിപ്പിക്കുന്നു. സവർണ്ണർ ഇതേവരെ അയിത്തജാതിക്കാർ എന്നും, തീണ്ടൽജാതിക്കാർ എന്നും, കാണാൻ പാടില്ലാത്ത ജാതിക്കാർ എന്നും മററും വിചാരിക്കപ്പെട്ടിരുന്നവരുടെ ഇടയിൽ ഈ സത്യം പ്രചരിപ്പിക്കുന്നതിൽ സവർണ്ണർ എന്നു വിളിക്കപ്പെട്ടവരുന്നവരെ അഹിന്ദുക്കളായ നിങ്ങളും സഹായിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

ഒരു അഭ്യർത്ഥന.

ഈ വലിയ യോഗത്തിൽ, പ്രത്യേകിച്ച് ഒരു ക്രിസ്ത്യൻ കേന്ദ്രത്തിൽ നടത്തുന്ന ഈ വലിയ യോഗത്തിൽ, ഞാൻ എന്റെ ജീവിതംപോലെ തന്നെ വില മതിക്കുന്ന ഒരു സത്യത്തെപ്പററി പ്രസ്താവിക്കാൻ സന്നദ്ധനാവുന്നില്ലെങ്കിൽ ഈ യോഗത്തോട് ന്യായം ചെയ്യാൻ സാധിക്കുകയില്ലെന്ന്

എനിക്കു തോന്നുന്നു. നാം എല്ലാവരും, ഈ ലോകത്തിൽ സമാധാനത്തിനും, മനുഷ്യവർഗ്ഗത്തിൽ സന്മനോഭാവത്തിനും വേണ്ടി അറിഞ്ഞും അറിയാതെയും ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യുന്നു. വിവിധ മതാവലംബികളുടെ ഇടയിലുള്ള വഴക്കുകളാലും, അവരുടെ ഇടയ്ക്കുള്ള തർക്കങ്ങളാലും, നമുക്ക് ആ സമാധാനത്തേയും സന്മനോഭാവത്തേയും ലഭിക്കുവാൻ സാദ്ധ്യമല്ലെന്ന് എനിക്കു നല്ല തീർച്ചയുണ്ട്. മനുഷ്യവർഗ്ഗത്തിൽ ഏറ്റവും എളിയവനെക്കൂടി പ്രാർത്ഥനാപരമായ മനോഭാവത്തോടുകൂടി സമീപിക്കുകയാണെങ്കിൽ, നമുക്ക് സത്യത്തേയും സമാധാനത്തേയും സന്മനോഭാവത്തേയും ദർശിക്കുവാൻ കഴിയും. ഈ മഹായോഗത്തിൽ ഹാജരായിരിക്കുന്ന ക്രിസ്ത്യാനികളോടുള്ള എന്റെ എളിയ അഭ്യർത്ഥന അതാകുന്നു. അതു് നിങ്ങൾക്ക് നിങ്ങളുടെ ജീവിതത്തിൽ ഇനി ഒരിക്കലും സംഭവിക്കാത്ത ഒരു അവകാശമാകുന്നു. ഞാൻ മററു സ്ഥലങ്ങളിൽ വച്ച് പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ ഈ വിളംബരത്തിനു തുല്യം ചാർത്തിയ കൈയ് മഹാരാജാവിന്റേതായിരുന്നുവെങ്കിലും, ആ കൃത്യത്തിലേയ്ക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ച ചൈതന്യം ദൈവത്തിന്റേതായിരുന്നു. ഈ വിളംബരത്തിന്റെ ആന്തരാർത്ഥങ്ങൾ തിരുവിതാംകൂറുകാരനായ ഏവനും ഗ്രഹിക്കുന്നതിനും, ഈ വിളംബരംമൂലം നടപ്പിൽ വന്നിരിക്കുന്ന കാര്യങ്ങൾ നിറവേററുന്നതിനു നിങ്ങളെ സഹായിക്കുന്നതിനും ആ ദൈവചൈതന്യം നിങ്ങളെ അനുഗ്രഹിക്കട്ടെ!

മാതൃകാപരമായ നിശ്ശബ്ദതയോടുകൂടി എന്റെ പ്രസംഗത്തെ നിങ്ങൾ ശ്രവിച്ചുകൊണ്ടിരുന്നതിന് ഞാൻ നിങ്ങൾക്കു ഹൃദയംഗമമായി വന്ദനം പറയുന്നു.

ചങ്ങനാശ്ശേരി.

(൨൦—൧—൧൯൩൩.)

[നമ്പൂതിരിമാരുടെ വകയായുള്ള ഇവിടത്തെ ക്ഷേത്രമാണ്, തിരുവിതാംകൂറിൽ ആദ്യമായി ഹരിജനങ്ങൾക്കു തുറന്നുകൊടുക്കപ്പെട്ട സ്വകാര്യക്ഷേത്രം.]

നിങ്ങളുടെ വാദങ്ങളെ ന്യായീകരിക്ക.

തിരുവിതാംകൂർ ഹരിജനസേവാസംഘം അദ്ധ്യക്ഷന്റെ പക്ഷപാതമാണ് നിങ്ങളുടെ മംഗളപത്രങ്ങളിൽ ഒന്നിവിടെ വായിക്കുന്നതിനു നിങ്ങൾക്കു സാദ്ധ്യമാക്കിത്തന്നത്. ചങ്ങനാശ്ശേരി അദ്ദേഹത്തിന്റെ നാടായതുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ പക്ഷപാതത്തിൽ അത്ഭുതപ്പെടുന്നില്ല. എന്നാൽ ഈ മംഗളപത്രം വാദീകരിക്കുന്നതിനു പര്യാപ്തമായ ഒന്നായി എനിക്കു തോന്നുന്നു; എന്തെന്നാൽ അത് നിങ്ങളുടെ അഭിപ്രായങ്ങളെ വാസ്തവത്തിൽ പ്രതിനിധീകരിക്കുന്നുവെങ്കിൽ അദ്ധ്യക്ഷന്റെ പക്ഷപാതം എളുപ്പത്തിൽ ക്ഷമിക്കത്തക്കതാണ്. നിങ്ങളുടെ മംഗളപത്രത്തിൽ നിങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ആശ്വാസപ്രദമായ പ്രസ്താവന ഇതാണ്: "നമ്മുടെ മതം ശുദ്ധീകരിക്കപ്പെട്ടു." ഇതിനെത്തുടന്ന് നിങ്ങൾ പറയുന്നു: "സകല സാമുദായികഅസമത്വങ്ങളും നീക്കപ്പെട്ടു. ദൈവത്തിന്റെ പൈതൃകത്വവും, മനുഷ്യന്റെ സാഹോദര്യവും സ്ഥാപിക്കപ്പെട്ടു. സർവ്വപ്രകാരേണയും "രാമരാജ്യം" എന്ന നാമത്തെ അർഹിക്കുന്ന ഒരു സൌഭാഗ്യപ്രദേശത്താണ് നാം വസിക്കുന്നത്." ഞാൻ ചങ്ങനാശ്ശേരി സ്വദേശിയും, ഈ മംഗളപത്രം എന്റെ പേരിൽ വായിക്കുകയും, ഞാൻ ഇതിൽ ഒപ്പിടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നെങ്കിൽ, അതിലെ പ്രസ്താവനകളോട് എനിക്കു യോജിക്കുവാൻ കഴിയുന്നതിനു മുൻപ് എനിക്ക് നിദ്രാവിഹീനങ്ങളായ പല രാത്രികളും കഴിച്ചുകൂട്ടേണ്ടിവരുമായിരുന്നു. നിങ്ങൾ ഉത്സാഹത്തോടുകൂടി പ്രസ്താവിച്ചിട്ടുള്ള പല സംഗതികളും വിളംബരത്തിൽ ലീനമായിട്ടുണ്ടെന്നു പറഞ്ഞ് സന്തുഷ്ടരായിരുന്നെ

ങ്കിൽ അതു് അവസരോചിതമായിരുന്നേനെ. പോരെങ്കിൽ വിളംബരത്തിൽ ലീനമായിരിക്കുന്ന ഈ സംഗതികൾ ശരിയാണെന്നും, ഇവയ്ക്കനുസരിച്ചു ജീവിക്കുന്നതിനു് ദൈവം നിങ്ങളെ സഹായിക്കട്ടെ എന്നും ഞാൻ പറയുമായിരുന്നു. എന്നാൽ നിങ്ങൾ ചുമതലാബോധത്തോടുകൂടി മുന്നോട്ടു വന്നു് ഞാൻ ഇപ്പോൾ വായിച്ചുകേൾപ്പിച്ച ധീരമായ വാദങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. ക്ഷന്തവ്യമായ ഉത്സാഹത്തോടുകൂടിയാണു് നിങ്ങൾ അതെല്ലാം പ്രസ്താവിച്ചിട്ടുള്ളതെന്നു് എനിക്കു് അറിയാം. എന്നാൽ ഇപ്പോൾ നിങ്ങളുടെ പ്രസ്താവനകളെ മുറുകെപ്പിടിച്ചുകൊണ്ടു് നിങ്ങളുടെ ഇവിടത്തെ ശ്രേഷ്ഠമായ പെരുമാററങ്ങളാൽ ആ വാദങ്ങളുടെ സാധുത്വത്തെ തെളിയിക്കാൻ ഞാൻ നിങ്ങളോടു് ആവശ്യപ്പെടും. നിങ്ങളുടെ പ്രസ്താവനകളെ നിങ്ങൾ തെളിയിക്കുന്നപക്ഷം, ഞാൻ അതിൽ ഒട്ടുംതന്നെ അത്ഭുതപ്പെടുകയില്ല; എന്തെന്നാൽ നിങ്ങൾ എന്നെ അറിയിച്ചിട്ടുള്ളതനുസരിച്ചു് ചങ്ങനാശ്ശേരി നമ്പൂതിരിമാക്കു പ്രാബല്യമുള്ള ഒരു സ്ഥലവും, അവർ ഹരിജനങ്ങൾക്കായി സ്വമനസ്സാലെ ഹൃദയപൂർവ്വം തുറന്നുകൊടുത്തിട്ടുള്ള ഒരു സ്വകാര്യക്ഷേത്രവുമാണു് ഇതു്. ഈ അഭിപ്രായങ്ങൾ തങ്ങളുടെ ഓരോരുത്തരുടേയും—സ്ത്രീയാകട്ടെ, പുരുഷനാകട്ടെ—വ്യക്തിപരമായ പ്രവൃത്തികളിൽ പ്രത്യക്ഷപ്പെടുത്തുകയാണു്, അതനുസരിച്ചു ജീവിക്കുന്നതിനുള്ള മാർഗ്ഗം. സത്യാത്മകമായി നയിക്കുന്ന ഒരു ആദ്ധ്യാത്മികജീവിതം ലോകത്തിലുള്ള സകല രോഗബീജങ്ങളേക്കാളും വേഗത്തിലും കൂടുതലായും പകരുന്ന ഒന്നാണു്. മററുള്ള സകല പകർച്ചവ്യാധികളേയും നാം ഭയപ്പെടുമ്പോൾ, ഇതാകട്ടെ നാം എല്ലാവരും സ്വാഗതം ചെയ്യുന്ന ഒരു പകർച്ചവ്യാധിയാണു്.

നിങ്ങൾ ഈ മംഗളപത്രത്തിൽ പ്രസ്താവിച്ച സകല സംഗതികളും തിരുവിതാംകൂറിൽ സത്യമായിത്തീരട്ടേ എന്നു് ഞാൻ ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതു് അപ്രകാരമായിത്തീരുന്നുവെങ്കിൽ, ഭാരതഖണ്ഡത്തിൽ ആകമാനം അതു സത്യമായി വെളിപ്പെടുമെന്നു് ഞാൻ പറയുന്നു.

തിരുവല്ല.

(൨൦—൧—൧൯൩൧.)

[ഈ സ്ഥലത്തു വച്ചു സമപ്പിക്കപ്പെട്ട പല മംഗളപത്രങ്ങൾക്കും മറുപടിയായി ഗാന്ധിജി ഒരു ചെറിയ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:]

ഞാൻ അവയെ മറക്കാതെയിരിക്കുന്നതിനെന്നു തോന്നുമാറ്, എന്റെ പല സദ്ഗുണങ്ങളേയുംപററി എന്നെ ഓർമ്മിപ്പിക്കുവാനുള്ള നന്മ നിങ്ങൾക്ക് ഉണ്ടായി. എന്നിൽ ആ സദ്ഗുണങ്ങൾ ഉണ്ടെങ്കിൽ തീർച്ചയായും നിങ്ങളുടെ ഓർമ്മപ്പെടുത്തൽ കൂടാതെതന്നെ അവ തുടൎന്നുകൊള്ളും. അവയെപ്പററി നിങ്ങൾ എന്നെ സ്മരിപ്പിക്കുന്നതുകൊണ്ട് ഞാൻ ഒട്ടുംതന്നെ കൂടുതൽ ബുദ്ധിയുള്ളവനായിത്തീരുന്നില്ല. എന്നാൽ വാസ്തവത്തിൽ ആവശ്യമായ ഒരു സംഗതി നിങ്ങൾ വിട്ടുകളഞ്ഞു. എന്റെ സദ്ഗുണങ്ങളെപ്പററി എന്നെ സ്മരിപ്പിച്ചതിനു ശേഷം, നിങ്ങൾ ഈ വിളംബരത്തേപ്പററി ആഹ്ലാദഭരിതരായിത്തീൎന്നിട്ടുണ്ട്. എന്നാൽ വിളംബരത്തേക്കുറിച്ച് നിങ്ങൾ എന്താണു പ്രവൎത്തിക്കുവാൻ പോകുന്നതെന്ന് എന്നോടു പറയുവാൻ നിങ്ങൾ വിസ്മരിച്ചുപോയി. ഞാൻ ഓരോ മഹായോഗത്തിലും പറയുന്നതുപോലെ, ഹരിജനങ്ങളുടെ ഓരോ കുടിലിലും പോയി, അവരെ പുറത്തേയ്ക്കു കൊണ്ടുവന്ന് സമുദായത്തിൽ നിങ്ങൾ സ്ഥിതിചെയ്യുന്ന നിലയിലേയ്ക്ക് അവരെയും ഉയൎത്തുക എന്നതു്, മഹാരാജാവിന്റെ കൃത്യമല്ല; എന്നാൽ അതു് തിരുവിതാംകൂറിലെ ഓരോ പുരുഷന്റേയും സ്ത്രീയുടേയും കൎത്തവ്യമാണ്. അതു ചെയ്യുന്നതുവരെ, വിളംബരത്തിന് അനുസരിച്ചുള്ള നിങ്ങളുടെ കൎത്തവ്യം നിങ്ങൾ നിൎവ്വഹിക്കുകയില്ല.

ചെങ്ങന്നൂർ.

(൨൦—൧—൧൯൩൩.)

[ഈ സ്ഥലത്തെ നമ്പൂതിരിമാരുടെ ഒരു സ്വകാര്യക്ഷേത്രമായ താഴമൺമഠത്തിലെ കാഴ്ചകൾ ദൈവങ്ങൾക്കുകൂടി ദൃശ്യയോഗ്യങ്ങളായിരുന്നു. നമ്പൂതിരിമാരുടെ വാസഗൃഹത്തിലും, അതിനു മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിലും പുലയർ പ്രവേശിച്ചു. നമ്പൂതിരിസ്ത്രീകൾ അവരുടെ പർദ്ദാ ഉപേക്ഷിച്ച്, ഗാന്ധിജിയുടെ അനുഗ്രഹങ്ങൾക്ക് അഭ്യർത്ഥിച്ചു.]

നിങ്ങളുടെ പരിവർത്തനത്തെപ്പററി
യാഥാസ്ഥിതികരെ ബോദ്ധ്യപ്പെടുത്തുക.

നിങ്ങൾ എനിക്കു നൽകിയ മംഗളപത്രത്തിന് ഞാൻ നിങ്ങളോടു നന്ദിയുള്ളവനാണ്. തീർച്ചയായും നിങ്ങൾ എനിക്കു മംഗളപത്രങ്ങൾ നൽകിയതു് വളരെ നല്ലതുതന്നെ. അവ ശരിയായ വിധത്തിൽ രൂപവൽക്കരിച്ച്, ഉത്തമമായ മനോഭാവത്തോടുകൂടി നൽകപ്പെടുന്നെങ്കിൽ, അവ പ്രയോജനകരമായിരിക്കും. 'അവയെ ശരിയായ വിധത്തിൽ രൂപവൽക്കരിക്കണം' എന്നു ഞാൻ പറയുമ്പോൾ, നിങ്ങൾ പൂർണ്ണമായി ആഗ്രഹിക്കുന്ന മനോഭാവം അവയിൽ ആവിഷ്കരിച്ചിരിക്കണം എന്നാണ് ഞാൻ സമർത്ഥിക്കുന്നതു്. നിങ്ങൾ മംഗളപത്രം ആർക്കു സമർപ്പിക്കുന്നുവോ, ആ ആളിനെക്കുറിച്ചുള്ള അമിതമായ സ്തുതി അവയിൽ അടങ്ങിയിരിക്കരുതു്. എന്നാൽ മംഗളപത്രം കൊടുക്കപ്പെടുന്ന ആളിൻെറ അറിവിലേയ്ക്കായി നിങ്ങൾ നിർവ്വഹിച്ചതും, നിങ്ങൾ നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നതുമായ കാര്യങ്ങൾ അതിൽ പ്രസ്താവിച്ചിരിക്കണം. ഇന്നു നമ്മുടെ ആഹ്ലാദത്തിൻെറ പ്രധാന വിഷയം, മഹാരാജാവിനാൽ പ്രഖ്യാപിതമായിട്ടുള്ള മോഹനമായ വിളംബരമാകയാൽ, നിങ്ങൾ ഈ വിളംബരത്തിനനുസരിച്ചുള്ള ആശകളേയും പ്രവൃത്തികളേയും പ്രകൃത്യാ ആവിഷ്കരിക്കും. അതു് ചെറിയ ശിശുക്കളിൽനിന്നോ, ഹിന്ദുപൊതുജനങ്ങളിൽനിന്നോ, യുവസംഘത്തിൽനിന്നോ എന്നുള്ളതു് ഒട്ടും

തന്നെ കാര്യമായിട്ടുള്ളതല്ല. നിങ്ങൾ നിങ്ങളുടെ മംഗളപത്രം ആ രീതിയിലല്ല വാസ്തവത്തിൽ എഴുതിയിട്ടുള്ളത്; അതു സാരമില്ല. മഹാരാജാവും മഹാറാണിയും മാത്രമല്ല, എന്നാൽ ഭാരതം മുഴുവൻ, നിങ്ങളിൽനിന്നും ആശിക്കുന്നതെന്തെന്ന് നിങ്ങളെ സ്മരിപ്പിക്കുന്നതിനാണ് ഞാൻ ഇവിടെ വന്നിട്ടുള്ളത്. വാസ്തവത്തിൽ ഭാരതഖണ്ഡം മുഴുവനും ഇന്ന് അത്ഭുത പരതന്ത്രരായിരിക്കുകയാണ്. ഇപ്രകാരമുള്ള ഒരു സംഭവം ഈ യുഗത്തിൽ സംഭവ്യമാണോ എന്ന് അവർക്ക് അറിഞ്ഞുകൂട. യാഥാസ്ഥിതികക്കോട്ട അതിന്റെ അസ്ഥിവാരംവരെ കുലുങ്ങിയിരിക്കുന്നു. വിളംബരത്തിന്റെ ഫലങ്ങളെ ചിന്തിച്ച് അതു വിറകൊള്ളുന്നു; തീർച്ചയായും അത് ഒരു വൈപരീത്യ മനോഭാവംകൊണ്ടല്ല; പിന്നെയോ, അത് സംശയംകൊണ്ടും ആശ്ചര്യംകൊണ്ടും മാത്രമാണ്. ആകപ്പാടെ അസ്പൃശ്യത മനുഷ്യവർഗ്ഗത്തോടുള്ള ഒരു പാപവും കുററവും അല്ലേ എന്ന് അത് അത്ഭുതപ്പെടുന്നു. പൂർവ്വാചാരപ്രിയന്മാരുടെ മനസ്സിൽ ജാതമായിട്ടുള്ള ഈ സംശയത്തിന്റെ ആകെ ഫലം എന്തായിരിക്കുമെന്ന് എനിക്കു നിങ്ങളോട് ഇപ്പോൾ പറയാൻ കഴിയും. ആ ഫലങ്ങളിൽ ഒന്നു തീർച്ചയായും ഉണ്ടാവും; അത് സവർണ്ണഹിന്ദുക്കളുടെ അവസ്ഥയെ മാത്രം ആശ്രയിച്ചിരിക്കുകയും ചെയ്യും. തിരുവിതാംകൂറിലെ സവർണ്ണഹിന്ദുക്കൾ അസ്പൃശ്യതയാകുന്ന പാപത്തെ അവരിൽനിന്നും കഴുകിക്കളഞ്ഞിരിക്കുന്നു എന്ന് പൂർവ്വാചാരപ്രിയന്മാർ വാസ്തവത്തിൽ കാണുമ്പോൾ, അവരുടെ സംശയങ്ങൾ പ്രഭാതത്തിലെ മൂടൽ മഞ്ഞുപോലെ അപ്രത്യക്ഷമാകും. എന്നാൽ നേരേ മറിച്ച് നിങ്ങൾ വേണ്ടപോലെ പ്രവർത്തിക്കുന്നില്ലെന്നോ, നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളിൽ ഇപ്പോഴും അസ്പൃശ്യതയെ ഗൂഢമായി വച്ചു വാഴിക്കുന്നുവെന്നോ, അവർ അറിയുവാനോ, വിശ്വസിക്കുവാനോ ഇടവരുന്നെങ്കിൽ, അപ്പോൾ ആ യാഥാസ്ഥിതികന്മാർ അവരുടെ ഹൃദയങ്ങളെ കട്ടിയാക്കും. ഇപ്രകാരമുള്ള ഒരു ഫലം, നമ്മുടെ ഇപ്പോഴത്തെ അവസ്ഥയെക്കാൾ അനാശാസ്യമാണെന്ന് നിങ്ങൾ സമ്മതിക്കുമല്ലോ? അതുകൊണ്ട് ഞാൻ ഇപ്പോൾ ഇവിടെ ദർശിച്ച ഉത്സാഹം, ഈ ആഘോഷങ്ങൾ കഴിയുന്നതോടുകൂടി ഉടൻതന്നെ പുകപോലെ അപ്രത്യക്ഷമാകാതിരിക്കട്ടെ! നേരേ മറിച്ച് ഈ

ഉത്സാഹത്തിൽനിന്നും ജാതമായ ശക്തി ഹിന്ദുമതത്തിന്റെ ശുദ്ധീകരണത്തിലേക്കു നയിക്കപ്പെട്ടു എന്നു് സവർണ്ണഹിന്ദുക്കളായ നിങ്ങളെപ്പററി പറയുന്നതിനിടവരട്ടെ! നിങ്ങളുടെ ഹൃദയങ്ങളിൽ തങ്ങിയേക്കാവുന്ന ബുദ്ധിമുട്ടുകളുടെ പരിഹാരത്തിനുള്ള സുവർണ്ണത്താക്കോൽ ഞാൻ നിങ്ങളിൽ ഏല്പിക്കുന്നു എന്നുള്ള വിശ്വാസത്തിൽ ഞാൻ അഭിമാനിക്കുന്നു. അതു് ഈശോപനിഷത്തിലെ ആദ്യപദ്യത്തെ മാത്രം സ്മരിച്ചു്, മററുള്ള സകല മതഗ്രന്ഥങ്ങളേയും വിസ്മരിക്കുകയാകുന്നു. മതഗ്രന്ഥങ്ങൾ എന്നു് അറിയപ്പെടുന്ന സാഹിത്യസമുദ്രത്തിൽ നിങ്ങൾക്കു വാസ്തവത്തിൽ മുങ്ങി ശ്വാസംമുട്ടി മരിക്കാൻ കഴിയും. വിദ്വാന്മാക്കും ബുദ്ധിമാന്മാക്കും അവ നല്ലതുതന്നെ; എന്തെന്നാൽ അവർ അവയെ എളിയ മനോഭാവത്തോടുകൂടി സമീപിക്കും; എന്നാൽ തെരുവിലെ ഒരു സാധാരണ മനുഷ്യന് അവ ഒരു ഭാരമല്ലാതെ മറെറാന്നുമല്ലെന്നു് എനിക്കു നിശ്ചയമുണ്ടു്. ഈ കാര്യങ്ങൾ പറയുന്നതു ഞാനല്ല; ഇതെല്ലാം ഈ മതഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളവർ പറയുന്നതാണു്. അതുകൊണ്ടു് ഈ മന്ത്രത്തിന്റെ ഒരു ഏകദേശതജ്ജിമയോടുകൂടി ഞാൻ ഈ യോഗത്തിനു യാത്രപറഞ്ഞുകൊള്ളാം. അതിന്റെ അർത്ഥം ഇതാണു്:—"നാം കാണുന്ന എല്ലാത്തിലും തന്നെ ദൈവം കുടികൊള്ളുന്നു." അതുകൊണ്ടു് പ്രകൃതി ഒരു ശൂന്യപ്രദേശത്തെ വെറുക്കുന്നു എന്നു് പാശ്ചാത്യശാസ്ത്രം നമ്മോടു പറയുന്നതു് പദാനുപദമായി വാസ്തവമാണു്; എന്തെന്നാൽ ദൈവം ഇല്ലാത്തതായ യാതൊന്നും ലോകത്തിൽ ഇല്ല. ദൈവം എല്ലാത്തിലും സ്ഥിതിചെയ്യുന്നെങ്കിൽ, നമുക്കു സ്ഥിതിചെയ്യുന്നതിനു യാതൊന്നും ഇല്ല. അതുകൊണ്ടു് "നിങ്ങൾ സകലതും ത്യജിക്കണം" എന്നു് മന്ത്രം പറയുന്നു; എന്നാൽ "എല്ലാം ത്യജിച്ചു് നശിക്കുക" എന്നു് അതു പറയുന്നില്ല. മനുഷ്യരേ മറിച്ചു് "നിങ്ങൾക്കു ജീവിക്കണമെങ്കിൽ സകലതും പരിത്യജിക്കുക" എന്നാണു പറയുന്നതു്. എന്തെന്നാൽ ദൈവത്തിനുള്ള ആ ത്യാഗം, അഥവാ അർപ്പണകൃത്യം, നിങ്ങൾക്കു് ഭക്ഷണം, ഗൃഹം, വസ്ത്രം മുതലായവ തരുന്നതിനുള്ള ചുമതല ദൈവത്തിൽത്തന്നെ ആക്കിത്തീർക്കും. "അന്യന്മാരുടെ ധനത്തെ ആഗ്രഹിക്കരുതു്" എന്ന മോഹനമായ വിധിയോടു് അഥവാ ഉപദേശത്തോടുകൂടി ആ മന്ത്രം അവസാനിക്കുന്നു—

ഈ മംഗളപത്രങ്ങൾ എന്നിൽനിന്നും നിങ്ങൾ അപഹരിച്ചു കൊണ്ടുപോകരുതെന്ന് അതിൽനിന്നും അർത്ഥമാകുന്നില്ല. എന്നാൽ അതിന്റെ അർത്ഥം നിങ്ങളുടെ കണ്ണുകൾ ഏകാഗ്രവും ശുദ്ധവും ആയിരിക്കണം; അല്ലെങ്കിൽ നിങ്ങൾ കുറവാളികളാവും. നിങ്ങളുടേതായി ഇതുവരെ ഒന്നുമുണ്ടായിട്ടില്ല; ഒന്നുമുണ്ടാകുവാൻ ഇടയുമില്ല. അത് നിങ്ങളുടെ എല്ലാ അവയവങ്ങൾക്കും ബാധകമാണ്. നിങ്ങൾ ഞാൻ പറയുന്നതിനെ അനുസരിക്കുകയാണെങ്കിൽ ഈ വിളംബരത്തിനു അനുസരിച്ചുള്ള കൃത്യങ്ങൾ വളരെ എളുപ്പമായിരിക്കും. ഹിന്ദുമതത്തിലെ ഈ തത്ത്വം—ജീവിച്ചിരുന്ന സകല മഹർഷിമാരുടേയും ബുദ്ധികളിൽനിന്നും വാററിയെടുത്ത ഈ തത്ത്വം—നിങ്ങൾ മനസ്സിലാക്കുന്നെങ്കിൽ, നിങ്ങൾ പോയി സഹോദരത്വത്തോടെ ഹരിജനങ്ങളോടു വർത്തിച്ച്, അവരെ അവരുടെ കുടിലുകളിൽനിന്നും വെളിയിൽ കൊണ്ടുവന്ന്, നിങ്ങൾ സ്ഥിതിചെയ്യുന്ന സാമുദായികനിലയിലേക്ക് ഉയർത്തുന്നതാണ്.

ആറന്മുള.

(൨൦—൫—൧൯൩൯.)

[ഈ യോഗത്തിൻെറ രംഗം ഞാൻ ഈ പുസ്തകത്തിലെ അദ്ധ്യായങ്ങളിൽ ഒന്നിൽ വിവരിച്ചിട്ടുണ്ട്.]

ഒരു ഹിന്ദുവായിരിക്കുന്നതിൻെറ അർത്ഥമെന്തു്?

ഈ യോഗത്തിൻെറ രംഗം, ഞാൻ ഇപ്പോൾ നടത്തുന്നതു് ഒരു തീർത്ഥാടനമാണെന്നുള്ളതിൻെറ ഒരു പ്രത്യക്ഷപ്രകടനമാണ്. അതാ പമ്പാനദി! അതാ ക്ഷേത്രം! ഇവിടെയാണെങ്കിൽ ഈ വിളംബരത്തിൽ ആനന്ദിക്കുന്നതിനായി അനേകായിരം ജനങ്ങളും കൂടിയിട്ടുണ്ട്. ഭാരതമൊട്ടുക്ക് തീർത്ഥാടനത്തിനു ഇറങ്ങുന്നവർ കാണുന്ന കാഴ്ചകൾ ഇത്തരത്തിലുള്ളവയാണ്. എന്നാൽ, തീർത്ഥാടനങ്ങൾ സംശയലേശമെന്യേ ആത്മാവിന്റെ ആനന്ദത്തിനു ഉപകരിക്കുന്നവയാണെങ്കിൽ, അവ അതേ സമയം തന്നെ, നാം നമ്മുടെ സൃഷ്ടികർത്താവിനെ സംതൃപ്തനാക്കുന്നതിന്, നാം നമ്മെത്തന്നെ ശുദ്ധീകരിക്കണമെന്ന് നമ്മെ തുടച്ചയായി അനുസ്മരിപ്പിക്കുന്നതാണ്. ഇപ്പോൾ മഹാരാജാവുതിരുമനസ്സുകൊണ്ട് നമുക്കു പ്രദാനം ചെയ്തിട്ടുള്ള ഈ മഹത്തായ വിളംബരംമൂലം പ്രത്യേകിച്ചും അതു ചെയ്യേണ്ട കർത്തവ്യം നമുക്കുണ്ട്.

ഹരിജനങ്ങൾ എന്നോ ഹരിജനങ്ങൾ അല്ലാത്തവർ എന്നോ ഉള്ള യാതൊരു വ്യത്യാസവും കൂടാതെയാണ് നാം ഇവിടെ കൂടിയിരിക്കുന്നതെന്ന് എനിക്ക് അറിയാം. നമ്മുടെ ഹൃദയങ്ങളും അതുപോലെ തന്നെ ഐക്യതയോടുകൂടി ഇരുന്നാൽ കൊള്ളാം. എന്നാൽ അവ അപ്രകാരം യോജിക്കാതേയും കഴിഞ്ഞുപോയ അനേകയുഗങ്ങൾ, ഹിന്ദുസമുദായത്തെ വികൃതമാക്കിത്തീർത്തിരുന്ന സകലവിധ വ്യത്യാസങ്ങളേയും നിലനിറുത്തിയുംകൊണ്ടു പോവുകയാണെങ്കിൽ നാം ഈ മഹത്തായ വിളംബരത്തിന് അനർഹരാണ്. ഉയർന്ന ജാതിക്കാർ എന്ന് ഇതുവരെ സ്വയം വിചാരിച്ചുകൊണ്ടുവന്നവ

രുടെ ചുമലുകളിൽ സ്ഥിതിചെയ്യുന്ന ചുമതല എത്രയും വലുതാണ്. അവർ അന്യരിൽ യാതൊരു ബഹുമാനത്തെ ഉളവാക്കാതേയും, എന്നാൽ അവർക്കും, അവർ വളരെ തെററിദ്ധരിപ്പിച്ചിരുന്ന മതത്തിനും വലിയ അവമതിയോടുംകൂടി അവർ സ്ഥിതിചെയ്തിരുന്ന ഉന്നതപീഠങ്ങളിൽനിന്നും കീഴോട്ടു വരുവാൻ അത്തരം ജനങ്ങളെ ഈ വിളംബരം ക്ഷണിക്കുന്നു. അതുകൊണ്ട് സവർണ്ണഹിന്ദുക്കൾ എന്നു വിളിക്കപ്പെടുന്ന സകലരുംതന്നെ അവരുടെ ഹൃദയങ്ങളിൽനിന്ന് അസ്പൃശ്യതയെ ബഹിഷ്കരിക്കുന്നതിനു തീരുമാനിച്ച്, വളരെക്കാലമായി അവരാൽ അമർത്തപ്പെട്ടിരിക്കുന്നവരോടു ചേൎന്നു പ്രവൎത്തിക്കുമെന്ന് ഞാൻ ആശിക്കുകയും, പ്രാൎത്ഥിക്കുകയും ചെയ്യുന്നു.

ഇപ്പോൾ ഈ തീൎത്ഥാടനം അവസാനിക്കാറായതുകൊണ്ട് കഴിഞ്ഞ നാലഞ്ചു ദിവസങ്ങളിലെപ്പോലെ തന്നെ, നിങ്ങളുടെ ആലോചനയ്ക്കും ഗ്രഹണത്തിനുമായി ഈശോപനിഷത്തിനെ എനിക്ക് നിങ്ങളുടെ മുൻപിൽ കൊണ്ടുവരണം. ആ മന്ത്രം നിങ്ങളുടെ പ്രവൃത്തികളിൽ എല്ലാംതന്നെ നിങ്ങളുടെ മാർഗ്ഗദൎശിയും, പ്രേരകശക്തിയും ആയിത്തീരട്ടെ! അതിൻെറ അൎത്ഥം ഒരു ചെറിയ കുട്ടികൾകൂടി മനസ്സിലാക്കാവുന്നതാണ്. അത് ഇതാകുന്നു. "ഈ വിപുലമായ പ്രപഞ്ചത്തിലെ ഏററവും ചെറുതായ അണുവിൽപ്പോലും ദൈവം വ്യാപിച്ചിരിക്കുന്നു. ഈ പ്രപഞ്ചത്തിൽ ഉള്ളതിൻെറയും, ഉണ്ടെന്നു ചിന്തിക്കുവാൻ കഴിയുന്നതിൻെറയും എല്ലാം അനുപേക്ഷണീയനായ നാഥനും ഏകഭരണകൎത്താവും അദ്ദേഹമാകുന്നു. സകലതും അദ്ദേഹത്തിൽ അൎപ്പിക്കുവാൻ നമ്മെ ക്ഷണിക്കുന്നു. നമ്മുടെ അജ്ഞതയിൽ നമുക്ക് പലതും കൈവശമുണ്ടെന്നും, അവയ്ക്ക് എല്ലാംതന്നെ മററുള്ളവൎക്കും യാതൊരു അവകാശവുമില്ലെന്നും നമുക്കു തോന്നീട്ടുണ്ട്. അപ്രകാരമുള്ള ഒരു വിശ്വാസം നാം വച്ചുവളൎത്തുന്ന കാലത്തോളം, നാം ഹിന്ദുമാതാപിതാക്കന്മാരിൽനിന്നും ജാതമായവരാണെങ്കിലും, നാം ഹിന്ദുക്കൾ എന്ന പേരിനാൽ അറിയപ്പെടുന്നുവെങ്കിലും, നാം വാസ്തവത്തിൽ ഹിന്ദുക്കൾ അല്ല. അതുകൊണ്ട് വാസ്തവത്തിലും, കരുതിക്കൂട്ടിയും മനഃപൂൎവ്വമായും ഹിന്ദുക്കൾ ആകുന്നതിന്, ഹിന്ദുമതത്തിലേയും, സകല

ഉപനിഷത്തുകളിലേയും ഏററവും പ്രധാനപ്പെട്ട ഈ മന്ത്രം അനുസരിച്ച് നാം വർത്തിച്ച്, നാം എല്ലാംതന്നെ—നമ്മുടെ ദേഹംതന്നേയും, നാം നമുക്ക് അടുത്തതും പ്രിയപ്പെട്ടതും എന്നു കരുതുന്ന എല്ലാത്തിനേയുംതന്നേ—ത്യജിച്ച്, അതെല്ലാംതന്നെ ദൈവത്തിൻെറ പാദത്തിങ്കൽ സമർപ്പിക്കണം. "മറെറാന്നും ചെയ്യാതെ ഇതു മാത്രം നിങ്ങൾ ചെയ്യുന്നെങ്കിൽ, ദൈവം നിങ്ങൾക്ക് നിങ്ങളുടെ ദിവസേനയുള്ള ആഹാരവും, വസിക്കുന്നതിനുള്ള ഗൃഹവും, നിങ്ങളുടെ ശരീരത്തെ മറയ്ക്കുന്നതിനുള്ള വസ്ത്രങ്ങളും തരും." അതു് ഇപ്രകാരം പറഞ്ഞുകൊണ്ടു് തുടരുന്നു. "ദൈവം സർവ്വശക്തനായതുകൊണ്ടും, അദ്ദേഹത്തിന് അസാദ്ധ്യമായിട്ട് യാതൊന്നും ഇല്ലാത്തതുകൊണ്ടും, നിങ്ങൾ നിങ്ങളുടെ സകലതും അദ്ദേഹത്തിന് അടിയറ വച്ചതുകൊണ്ടും, അദ്ദേഹം നിങ്ങളെ ഉപേക്ഷിക്കാൻ പോകുന്നില്ല. തൻമൂലം നിങ്ങൾ അന്യന്റെ യാതൊരു സാധനവും—ഒരു സൂചിപോലും— ആഗ്രഹിക്കരുതു്."

ഇപ്പോൾ സകലത്തിലും വ്യാപിച്ചിരിക്കുന്ന ഈ ദൈവത്തിൻെറ—ഈ പ്രപഞ്ച ഭരണകർത്താവിൻെറ—മുൻപിൽ എല്ലാവരും—താഴ്ന്നവരിലും താഴ്ന്നവർ എന്നു നാം വിളിച്ചിരുന്നവർ ക്രൂടി—സമന്മാരാണു് എന്നു നിങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. അതുകൊണ്ടു് മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇപ്രകാരത്തിലുള്ള ഒരു വിളംബരം പ്രഖ്യാപനം ചെയ്യേണ്ടിയിരുന്നതു് എത്രത്തോളം ആവശ്യമായിരുന്നു എന്ന് നിങ്ങൾക്ക് കാണാൻ കഴിയും. എന്തെന്നാൽ ഒരു ഹിന്ദുരാജാവു് എന്നുള്ള ബിരുദത്തിന് അർഹനാകുന്നതിനുവേണ്ടി അദ്ദേഹത്തിന് ഇതു് ചെയ്യേണ്ടിയിരുന്നു.

ഈ മന്ത്രം നിങ്ങൾക്കായി വിട്ടുതന്നിട്ട് ഞാൻ ഇപ്പോൾ വിരമിക്കുന്നു. ഈ മന്ത്രത്തിനു വിരുദ്ധമായി, ഹിന്ദുമതത്തിൻെറ പേരിൽ എന്തെങ്കിലും പറഞ്ഞു് നിങ്ങളെ ആരെങ്കിലും പോരിനു വിളിക്കുന്നെങ്കിൽ, നിങ്ങൾക്ക് ഹിന്ദുമതത്തെപ്പററി സകലതും അറിയാമെന്നും, ഈ മന്ത്രത്തിനു വിരുദ്ധമായിട്ടുള്ളതൊന്നുംതന്നെ ഹിന്ദുമതമല്ലെന്നും അയാളോട് പറയാൻ കഴിയും.

ഇലവന്തൂർ.

(൨൦—൧—൧൯൩൯)

വിളംബരത്തിന്റെ ആന്തരാർത്ഥം.

ഇതൊരു മാതൃകാഗ്രാമമാകുന്നു. വിളംബരപ്രഖ്യാപനത്തിനു മുൻപുതന്നെ നിങ്ങൾ സ്വയമേവ അസ്പൃശ്യതയെ അകററിയതിന്ന് ഞാൻ നിങ്ങളെ അനുമോദിക്കുന്നു. ഈ വിളംബരം ഇപ്പോൾ നിങ്ങളുടെ പ്രവൃത്തിയെ ശരിവയ്ക്കുകയാണ്. തിരുവിതാംകൂറിനു മുഴുവനും അത് സ്വീകാരയോഗ്യമാണെന്ന് പ്രഖ്യാപനം ചെയ്യുകയും ചെയ്യുന്നു. നിങ്ങൾ ഈ മംഗളപത്രത്തിൽ അവകാശപ്പെടുന്നതുപോലെ നിങ്ങളുടെ ഗ്രാമം അത്ര വളരെ പുരോഗതിയെ പ്രാപിച്ചിട്ടുണ്ടെങ്കിൽ, അവിടെ ഈ വിളംബരംമൂലം അത്ഭുതാവഹമായ ഫലങ്ങൾ ഉണ്ടാകുമെന്ന് ഞാൻ ആശിക്കും. നിങ്ങൾ എന്തു ചെയ്യുമെന്നാണ് എന്റെ പ്രതീക്ഷ എന്ന് ഞാൻ നിങ്ങളോടു പറയാം. സവർണ്ണർ എന്നു പറഞ്ഞുവരുന്ന ഏതാനും ഹിന്ദുക്കൾ മാത്രം അവർ അവർണ്ണർ എന്നു വിളിച്ചുവരുന്ന ഏതാനുംപേരോടുകൂടി സമ്പർക്കം ചെയ്യുന്നതുകൊണ്ടു മാത്രം അത് എന്നെ തൃപ്തിപ്പെടുത്തുകയില്ല—അത് നിങ്ങളേയും തൃപ്തിപ്പെടുത്താൻ പാടില്ല. ഈഴവർ, പുലയർ, പറയർ മുതലായവരും മററുള്ളവരും തമ്മിലുള്ള സകല വ്യത്യാസങ്ങളും, നിങ്ങൾ മാത്രമല്ല, നിങ്ങളുടെ ഗ്രാമവും, നിങ്ങളുടെ അയൽഗ്രാമങ്ങളും മറക്കുമെന്നും നിങ്ങളുടെ ഹൃദയങ്ങളിൽ കൂടി നിങ്ങൾ അപ്രകാരമുള്ള യാതൊരു വ്യത്യാസങ്ങളും വച്ചു സൂക്ഷിക്കുകയില്ലെന്നും ഞാൻ ആശിക്കുന്നു. നിങ്ങൾ ഇതു ചെയ്യുമെങ്കിൽ, ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഇവയുടെ അഭാവത്താൽ ഒരു ഹരിജനവും നശിക്കുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. ഹരിജനങ്ങൾ അല്ലാത്തവരെപ്പോലെ തന്നെ ഹരിജനങ്ങളും നിങ്ങളുടെ പള്ളിക്കൂടങ്ങളിൽ ഹാജരാകുമെന്ന് ഞാൻ വിചാരിക്കുന്നു. അധികകാലതാമസം കൂടാതെ നിങ്ങൾ ഈ ഫലത്തെ സംജാതമാക്കുമെന്ന് ഞാൻ ആശിക്കുന്നു.

ഒരു ചെപ്പടിവിദ്യ പോലെ ഈ വിളംബരം സവർണ്ണർ എന്നു പറയപ്പെടുന്നവരുടെ ഹൃദയങ്ങൾക്ക് മാററം വരുത്തിയെങ്കിൽ, പിന്നെ നിങ്ങൾ ഹരിജനങ്ങൾ എന്നു പറയപ്പെടുന്നവരുടെ അഭിവൃദ്ധിയെ—സാമുദായികവും, മാനസികവും, സാമ്പത്തികവും ആയ അഭിവൃദ്ധിയെ—തുള്ളിതുള്ളിയായി അളക്കുകയില്ല. എന്നാൽ ആ പുരോഗതി വഴിയിൽക്കൂടി പോകുന്ന എല്ലാ നിരീക്ഷകന്മാർക്കും കാണത്തക്ക വിധത്തിൽ അത്ര വിപുലമായിരിക്കും. എന്റെ അഭിപ്രായത്തിൽ, ഈ വിളംബരത്തിന്റെ ആന്തരാർത്ഥം അതാകുന്നു; അല്ലാതെ മറെറാന്നുമല്ല. ഈ മൌലികതത്ത്വമനുസരിച്ച് നിങ്ങൾ ജീവിക്കുമെന്ന് ഞാൻ ആശിക്കട്ടെയോ?

പന്തളം.

(൨൦—൧—൧൯൯൫)

ദൈവീകമായ മൌനം.

തിരുവിതാംകൂറിലെ അനേകം ശ്രേഷ്ഠങ്ങളായ മഹാ യോഗങ്ങളിൽ ഞാൻ സന്നിഹിതനായിട്ടുള്ളതുകൊണ്ടു് എത്ര വലിയ യോഗത്തിനേയും അഭിമുഖീകരിക്കുവാനും, അവിടെ കാണാവുന്ന ഗാഢമായ നിശ്ശബ്ദത കണ്ടു് അത്ഭുതപ്പെടാതെ യിരിക്കുവാനും ഞാൻ പരിചിതനായിത്തീന്നിട്ടുണ്ടു്. എന്റെ ഈ തീൎത്ഥാടനത്തിൽ അനന്യസാധാരണമായ ഒരു സംഭവമാണു് ഞാൻ കാണുന്നതു്. എന്റെ കഴിഞ്ഞ മൂന്നു സന്ദൎശനാവസരങ്ങളിലും, ഞാൻ പ്രസംഗിച്ച യോഗങ്ങളെപ്പറ്റി എനിക്കു് സൂക്ഷ്മവും സന്തോഷകരവുമായ ഒരു സ്മരണയുണ്ടു്. അവ വളരെ ശാന്തമായിരുന്നുവെന്നും, അവ എന്നിൽ സംതൃപ്തിയെ ഉളവാക്കിയെന്നും ഞാൻ സ്മരിക്കുന്നുണ്ടു്. എന്നാൽ ഇതു് എങ്ങിനെയോ എന്റെ അഭിപ്രായത്തിൽ ഒരു എളിയ പശ്ചാത്താപപൂർണ്ണനായ ഒരു മനുഷ്യന്റെ ഒരു വെറും മതപരമായ തീൎത്ഥാടനമായതുകൊണ്ടു്, എനിക്കു് പരിപൂർണ്ണമായ മൌനത്തിന്റെ ആവശ്യം തോന്നിയിരുന്നു; എന്റെ ആ പ്രാൎത്ഥന നല്ലപോലെ ഫലിക്കുകയും ചെയ്തു.

ഇന്നലെ വൈകുന്നേരം ഏകദേശം ഈ സമയത്തു് കോട്ടയത്തു് എന്റെ മുൻപിൽ ആൎക്കും നിർണ്ണയിക്കാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ അത്ര വളരെ പുരുഷന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും ഒരു യോഗം ഞാൻ കണ്ടു. അതു് മനുഷ്യമുഖങ്ങളുടെ ഒരു കടലായിരുന്നു. ഞാൻ ഭയത്തോടും വിറയലോടും കൂടിയാണു് അതിനെ സമീപിച്ചതു്; എന്തെന്നാൽ നിർഭാഗ്യവശാൽ അവിടെ ഉച്ചഭാഷിണിയുടെ ഏൎപ്പാടുണ്ടായിരുന്നില്ല. പ്രവൎത്തകന്മാർ അതിനു വേണ്ടി ഏൎപ്പാടുകൾ ചെയ്യാൻ ശ്രമിച്ചു; പക്ഷേ അവർ പരാജിതരായി. എന്നിട്ടും ആ സഭയിൽ ഇതിന്റെ പത്തിരട്ടി ജനങ്ങൾ ഉണ്ടായിരുന്നു. ആ സഭയിൽ ഒരു മണി

ക്കുർ നേരത്തേയ്ക്കോ, അതിൽ കൂടുതൽ സമയത്തേയ്ക്കോ അത്ഭുതകരമായ നിശ്ശബ്ദതയുണ്ടായിരുന്നു എന്നറിയുവാൻ നിങ്ങൾക്ക് സന്തോഷമുണ്ടാകുന്നതാണല്ലോ. ആ മഹായോഗത്തിലെ അപ്രതീക്ഷിതമായ നിശ്ശബ്ദതയിലും, അവിടെ കൂടിയിരുന്ന നിരവധി സ്ത്രീപുരുഷന്മാരുടെ ക്ഷമാശീലത്തിലും ഞാൻ അത്ഭുതപ്പെട്ടു. അലസമായ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതിനോ, സമയം കൊല്ലുന്നതിനോ അല്ല ഞാൻ ഈ കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുന്നത്. ഈ യോഗങ്ങൾക്ക് ഒരു മതപരമായ സ്വഭാവം ഉണ്ടെന്നുള്ള വസ്തുത സുദൃഢമാക്കുന്നതിനാണ് ഞാൻ ഇത് ഇവിടെ പറയുന്നത്. ഈ വലിയ ജനസമൂഹങ്ങളുടെ പെരുമാററങ്ങളിൽനിന്നും, ഒരുപക്ഷേ അവർ അറിയാതെ തന്നെ ഒരു മതപരമായ ചൈതന്യം അവരിൽ ഉദ്ദീപിപ്പിക്കപ്പെട്ടു എന്ന് അനുമാനിച്ചതിൽ എനിക്ക് തെററു പററിയിട്ടില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. നിങ്ങൾ എനിക്കു പ്രദാനം ചെയ്ത ഈ ദൈവീകമായ നിശ്ശബ്ദതയുടെ കാരണം എന്തുതന്നേയായിരുന്നാലും, അതിന് എന്നെ സംബന്ധിച്ചിടത്തോളം വേറെ യാതൊരർത്ഥവും ഉണ്ടാവാൻ കഴിവില്ലെന്ന് എനിക്കറിയാം.

ദൈവീകമായ കൃത്യം.

പുറമേ അത് ഒരു മഹാനായ രാജാവിന്റെ പ്രവൃത്തിയാണെങ്കിലും, ഈ വിളംബരത്തെ ഒരു ദൈവീകമായ കൃത്യമായി ഞാൻ ഗണിച്ചിട്ടുണ്ട്. യുവാവായ മഹാരാജാവിനേയും, അദ്ദേഹത്തിന്റെ ബുദ്ധിമതിയായ മാതാവിനേയുംകാൾ, ധീരനായ ഏതൊരാളും, ഇത്തരത്തിലുള്ള ഒരു വിളംബരത്തിന്റെ നന്മതിന്മകളേപററി യുക്തിപൂർവ്വം ചിന്തിച്ചിരുന്നെങ്കിൽ, തീർച്ചയായും അന്ധാളിക്കുമായിരുന്നു. എന്നിട്ടും അതിന് എന്തുദ്ദേശമുണ്ടായിരുന്നുവോ അതിനെ പൂർണ്ണമാക്കുന്നതിനായി ആ വിളംബരത്തെ തുല്യംചാർത്തിയത് ഈ യുവാവായ മഹാരാജാവായിരുന്നു. അതുകൊണ്ടാണ് വിളംബരത്തിന് തുല്യംചാർത്തിയത് മഹാരാജാവാണെങ്കിലും, അതിന്റെ പുരോഭാഗത്തുണ്ടായിരുന്ന ചൈതന്യം മഹാരാജാവിൽക്കൂടി പ്രവർത്തനം ചെയ്തിരുന്ന ദൈവത്തിന്റേതായി

രുന്നു എന്നു് ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതു്. ആ വിളംബരത്തെ ആ രീതിയിൽ ദർശിക്കുന്നതുകൊണ്ടും, ഭയത്തോടും വിറയലോടുംകൂടി ഈ തീൎത്ഥാടനത്തിനു തുടങ്ങിയതുകൊണ്ടും, നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുന്നതിനായി ഞാൻ വളരെ ആഗ്രഹിച്ചിട്ടുണ്ടു്. നിങ്ങളുടെ യുക്തിയെ സ്പർശിക്കുന്നതിനായി ഞാൻ ഇതുവരെ മനഃപൂർവ്വമായി ശ്രമിച്ചിട്ടില്ല; എന്നാൽ നിങ്ങളുടെ ഹൃദയങ്ങളെ സ്പർശിച്ചു് അവയിലേയ്ക്കു കടക്കുന്നതിനായി ഞാൻ മനഃപൂർവ്വം യത്നിച്ചിട്ടുണ്ടു്. ഞാൻ എന്നാൽതന്നെ വഞ്ചിതനായിട്ടില്ലെങ്കിൽ, ഞാൻ നിങ്ങളുടെ ഹൃദയങ്ങളോടു സമീപിച്ചിട്ടുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. ഞാൻ അപ്രകാരം ചെയ്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, ഈ വിളംബരത്തെ അക്ഷരംപ്രതിയും, ആന്തരാൎത്ഥമായും പ്രായോഗികമാക്കിത്തീൎക്കാനുള്ള പ്രധാന ചുമതല സവർണ്ണഹിന്ദുക്കൾക്കാണെന്നു് കഴിഞ്ഞ പല യോഗങ്ങളിലും പ്രസംഗിച്ചിട്ടുള്ളതിനെ ഞാൻ ഇവിടെ ആവൎത്തിക്കാൻ ആഗ്രഹിക്കുന്നു. ഹിന്ദുമതത്തേ പററിയുള്ള തെററായ സന്ദേശവും, ഇതുവരെ അവരും അവർണ്ണഹിന്ദുക്കളും തമ്മിൽ നടപ്പിൽ വരുത്തിയിട്ടുള്ള വ്യത്യാസങ്ങളും സവർണ്ണഹിന്ദുക്കൾ മറക്കണമെന്നാണു് അതിൻെറ ആന്തരാൎത്ഥം. തൊടീൽ, തീണ്ടൽ, ദർശനനിരോധനം, ഇവ എല്ലാം തന്നെ ഭൂതകാലത്തിന്റെ അവശിഷ്ടങ്ങൾ ആണെന്നാണു് ഈ വിളംബരം ശക്തിയായി സമൎത്ഥിക്കുന്നതു്. ഔന്നത്യത്തെ തന്നത്താൻ ഏറെറടുത്തിരിക്കുന്നവർ, അവർ പ്രാമാണ്യമുള്ള മനുഷ്യരാണെന്ന ബോധം വിസ്മരിച്ചു്, അവർ എല്ലാംതന്നെ ഒരേ ദൈവത്തിന്റെ സന്താനങ്ങൾ ആണെന്നും, അവർണ്ണരും സവർണ്ണരും സമന്മാർ ആണെന്നും സ്മരിക്കണമെന്നും കൂടി ഈ വിളംബരം അനുശാസിക്കുന്നു. എല്ലാ ഹിന്ദുക്കളേയും ഈ വിളംബരം അഭിസംബോധനം ചെയ്യുന്നു. അതു് നിങ്ങൾക്കു് മനസ്സിലായി എന്നു് നിങ്ങൾ എല്ലാവരും പ്രത്യക്ഷമാക്കുമെന്നും ഞാൻ ആശിക്കുന്നു. സമുദായത്തിലെ പറയന്മാരായി ഇതുവരെ കരുതപ്പെട്ടിരുന്നവരോടു്, നിങ്ങളുടെ ദൈനംദിനജീവിതപെരുമാററങ്ങളിൽ നിങ്ങൾക്കു് ഈ വിളംബരം പ്രായോഗികമാക്കിത്തീൎക്കാനുണ്ടു്. സവർണ്ണഹിന്ദുക്കളോടുള്ള ഈ അഭ്യൎത്ഥന ഇന്നു

രാത്രി ഇനിയും തുടൎന്നുകൊണ്ടുപോകണമെന്ന് ഞാൻ വിചാരിക്കുന്നില്ല.

ഈ വിളംബരം പ്രഖ്യാപനം ചെയ്യുതല്ലാതെ മറ്റൊന്നും മഹാരാജാവിന്ന ചെയ്യുവാനുണ്ടായിരുന്നില്ല. അസ്പൃശ്യതയെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം അറിയേണ്ട ഒരാൾക്ക് അവ മുഴുവനും (നൂറു ശതമാനവും) വാസ്തവമായിരുന്നു. എനിക്കു കാണാൻ കഴിവുള്ളിടത്തോളം ഈ വിളംബരത്തെ കൂടുതൽ വിപുലമാക്കുവാൻ ഒന്നുംതന്നെയില്ല. അതുകൊണ്ട് നിങ്ങളുടെ മുൻപാകെ വച്ച്, മഹാരാജാവുതിരുമേനിയോടും, മഹാറാണി തിരുമനസ്സിനോടും, അവരുടെ ഉപദേശകന്മാരോടും രണ്ടു വാക്കു പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നു.

തിരുമേനിമാരോടുള്ള ഒരു അഭ്യൎത്ഥന.

ഈ വിളംബരം മഹത്തും, അതിന്റെ മതപരമായ ശ്രേഷ്ഠതകൾ അതിലും മഹത്തും ആണെങ്കിലും, ഇവയിലെല്ലാംതന്നെ ശ്രേഷ്ഠമായിട്ടുള്ള ചുമതലയാണ് തിരുമേനിയും അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കളും തങ്ങളുടെ തോളുകളിൽ ഏറെറടുത്തിരിക്കുന്നത്. ഓരോ അവർണ്ണഹിന്ദുവിന്റേയും പ്രയത്നം ഇല്ലെങ്കിൽ ഈ വിളംബരം സംശയമെന്യേ അപ്രായോഗികമാകുമെന്നുള്ളത് വാസ്തവമാണെങ്കിലും, സൎക്കാരിന്റെ വിപുലമായ പ്രവൎത്തനംകൊണ്ട് അതിനെ പിൻതാങ്ങുന്നില്ലെങ്കിൽ ഈ വിളംബരം സമ്പൂൎണ്ണമായി പ്രയോജനപ്പെടുകയില്ലെന്നുകൂടി എനിക്കു പറയേണ്ടിയിരിക്കുന്നു. എനിക്കു കാണാൻ കഴിയുന്നിടത്തോളം, ഈ വിളംബരം ഗവൎമ്മെൻറിന്റെ പ്രവൎത്തനങ്ങൾ ജീവിതത്തിലെ സകല വകുപ്പുകളിലും ആവശ്യപ്പെടുന്നു. ഇവയിൽ മതപരങ്ങളായുള്ളവയെപ്പററി ഞാൻ ആദ്യം പറയാം:—എന്തെന്നാൽ അതിൽനിന്നാണ് ജീവിതത്തിലെ മററു വകുപ്പുകളിലേക്ക് പ്രവൎത്തനങ്ങൾ പ്രവഹിക്കേണ്ടത്. ദൈവീകമായ വിശ്വാസമല്ലാതെ മററു യാതൊരു മൂലധനവുമില്ലാത്ത സ്ത്രീകളേയും, സമ്മിശ്രങ്ങളായ ഉദ്ദേശങ്ങളോടുകൂടി അവിടെ പോകുന്ന പുരുഷന്മാരേയും ഒഴിച്ച് മറെറല്ലാവൎക്കുംതന്നെ ക്ഷേത്രങ്ങൾ ഉദാസീനമായ കാൎയ്യം ആയിത്തീൎന്നിട്ടുണ്ട്. പ്രബു

ദ്ധമാനസർ എന്നു വിളിക്കപ്പെടുന്നവരാൽ, അവ ഉപേക്ഷിക്കപ്പെട്ടുകഴിഞ്ഞു. തൽഫലമായി അവർ പ്രായേണ ഹിന്ദുമതത്തിന്റെ ഭണ്ഡാരങ്ങൾ അപ്രാതെയായിത്തീൎന്നു. ആ മതത്തെ അവലംബിച്ചിട്ടുള്ളവൎക്ക് ആദ്ധ്യാത്മികശക്തി പ്രദാനം ചെയ്യുന്നതിനും അവർ അശക്തരായി. അവർ അവരിലും, അവരുടെയിടയിലും അവൎക്കു ചുററുമുള്ളവരിലും സുവ്യക്തമായ ആദ്ധ്യാത്മികചൈതന്യം പൊഴിച്ചുകൊണ്ടിരുന്നതും ഇപ്പോൾ അവസാനിച്ചിരിക്കുന്നു. അപ്പോൾ പിന്നെ ആ കൎത്തവ്യം ഗവൎമ്മെൻറിന്റേതു്—അല്ലെങ്കിൽ മഹാരാജാവിനും ഗവൎമ്മെൻറിനും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ മഹാരാജാവിന്റേതു്; എന്തെന്നാൽ ഭൂരിഭാഗം ഹിന്ദുക്ഷേത്രങ്ങളുടേയും ഭരണാധികാരി അദ്ദേഹമാണു്—ആയിത്തീൎന്നു. ആദ്ധ്യാത്മികമായി ഈ ക്ഷേത്രങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്നതും, അവയ്ക്കു് ഒരുകാലത്തു് നിസ്സംശയമായി ഉണ്ടായിരുന്ന അധികാരവും പാവനതയും അവയിൽ പ്രത്യക്ഷപ്പെടുത്തുക എന്നതും ആണു് പ്രസ്തുത കൎത്തവ്യമെന്നു് ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. തങ്ങളുടെ കൎത്തവ്യമെന്തെന്നു് മനസ്സിലാക്കാൻ കഴിയുന്നവരും ക്ഷേത്രങ്ങളുടെ പാവനതയെപ്പററി അറിവുള്ളവരും തങ്ങൾ നിൎവ്വഹിക്കേണ്ട ജോലികൾ എന്തെല്ലാമെന്നു് അറിയാവുന്ന പുരോഹിതന്മാരുടെ കീഴിൽ ഈ ക്ഷേത്രങ്ങൾ വന്നുചേൎന്നാൽ മാത്രമേ അതു ചെയ്യാൻ സാദ്ധ്യമാവൂ എന്നു് ഞാൻ വിശ്വസിക്കുന്നു. മററു വിധത്തിൽ പറയുകയാണെങ്കിൽ, അവർ ഉപജീവനാൎത്ഥം അവരുടെ തൊഴിൽ അനുവൎത്തിക്കുന്ന അജ്ഞന്മാരായിരിക്കരുതു്. നേരേ മറിച്ചു് അവരുടെ പെരുമാററങ്ങളാലും ജീവിതത്താലും ഈ ക്ഷേത്രങ്ങൾ ദൈവീകാലയങ്ങൾ ആണെന്നു കാണിച്ചുകൊടുത്തു് ക്ഷേത്രദൎശനക്കാൎക്കു ദൈവത്തിന്റെ സന്ദേശം കൊണ്ടുവരുന്നതിനുള്ള അവകാശമുള്ളവരാണു് തങ്ങൾ എന്നു് അഭിമാനിക്കുന്നവരായിരിക്കണം അവർ.

അവയെ സജീവമായ ദൈവത്തിന്റെ ആലയങ്ങളാക്കിത്തീൎക്കുക.

പിന്നെ ഈ ക്ഷേത്രങ്ങൾ ആരാധനയെ സംബന്ധിച്ചുള്ള, ശരിയായ നിൎദ്ദേശങ്ങൾ കൊടുക്കണം. അമ്പല

ത്തിന്റെ ചുമതല വഹിക്കുന്ന ആരെങ്കിലും, ഹരിജനങ്ങളെ അവരുടെ കൈയ്ക്കു പിടിച്ചു കൊണ്ടുപോകണം. ക്ഷേത്രാരാധനകൊണ്ടു് അവർക്കുണ്ടാകാവുന്ന ഗുണങ്ങളെപ്പററി അവരെ പറഞ്ഞുകേൾപ്പിക്കണം. ഇതു് ഇന്നത്തെ ചിന്താഗതി അനുസരിച്ചു് ക്ഷേത്രങ്ങളുടെ സൂക്ഷിപ്പിലും, അവിടത്തെ ആചാരങ്ങളിലും തീർച്ചയായും ഒരു വിപ്ലവമായിത്തന്നെയിരിക്കും. എന്നാൽ ഈ വിളംബരംതന്നെ ഒരു വിപ്ലവകരമായ പ്രമാണമല്ലാതെ മറെറാന്നുമല്ല. അതു് സ്പർശിക്കേണ്ടതുപോലെ എല്ലാ ഹിന്ദുക്കളുടേയും ജീവിതത്തെ സ്പർശിക്കണമെങ്കിൽ, പ്രകൃത്യാ ക്ഷേത്രങ്ങൾ സജീവമായ ദൈവത്തിന്റെ ആലയങ്ങൾ ആയിത്തീരണം; അല്ലാതെ വെറും സ്വർണ്ണം തുടങ്ങിയുള്ള മററു ലോഹക്കൂട്ടുകളാൽ നിർമ്മിച്ചിട്ടുള്ള നിരവധി പ്രതിമകളുടെ മാത്രം ആലയങ്ങൾ ആകരുതു്. പിന്നെ സാധാരണക്കാർക്കു മനസ്സിലാകത്തക്ക വിധത്തിൽ എഴുതപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങളുടെ ചരിത്രമാണു് ഞാൻ ആശിക്കുന്നതു്. ഈ ക്ഷേത്രങ്ങൾ എന്താണെന്നു് അറിയുവാൻ ആഗ്രഹമുള്ള സകലർക്കും അവ സൌജന്യമായോ അല്ലെങ്കിൽ ഒരു ചില്ലറ വിലയ്ക്കോ വിതരണം ചെയ്യണം. മനുഷ്യരുടെ മതപരമായ അദ്ധ്യയനത്തെ ഏല്പിക്കുന്നതിനു് ഉതകുന്ന ശരിയായ തറത്തിലുള്ള അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു പരിശീലനപാഠശാലയായിരിക്കണം ക്ഷേത്രങ്ങൾ. ഇപ്രകാരമുള്ള എന്തെങ്കിലും ഒന്നു സംഭവിച്ചില്ലെങ്കിൽ, ഈ വിളംബരത്തിന്റെ ഉദ്ദേശം—അതായതു്, ലക്ഷോപിലക്ഷം ഹരിജനങ്ങൾ മതപരമായ മനഃസ്ഥിതിയോടുകൂടി ക്ഷേത്രത്തിൽ പോകുന്നതിനു പ്രേരിതരാവുക എന്ന ആശ—പരാജയപ്പെടും.

അവർണ്ണരുടെ സ്ഥിതി ഉയർത്തുക.

മതത്തേ സംബന്ധിച്ചു് ഇത്രയും മാത്രം പറയുന്നു. ഇനി ഞാൻ സാമ്പത്തികവകുപ്പു് എടുക്കാം. ഹരിജനങ്ങളുടെ സാമ്പത്തികജീവിതം, അതിന്റെ പരിതാപകരമായ സ്ഥിതിയിൽ നിന്നും ഉയർത്തേണ്ടതുണ്ടു്. ഈ കാര്യപരിപാടിയുടെ ന്യായവും ചിന്താപൂർണ്ണവുമായുള്ള പ്രവർത്തനത്താൽ അതു്

വളരെ കുറച്ചു സമയംകൊണ്ടും തുച്ഛമായ ഒരു മൂലധനംകൊണ്ടും, ഹരിജനങ്ങൾക്ക് അവരുടെ പ്രയത്നഫലമായി പരമാത്ഥത്തിൽ ഒരു ചക്രമെങ്കിലും ഉണ്ടാക്കുവാൻ പഠിക്കത്തക്ക വിധത്തിൽ അത്ത് നടപ്പിൽ വരുത്തുവാൻ സാദ്ധ്യമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇക്കൂട്ടരുടെ മാനസികമായ പരിശീലനത്തേയും—അതായത്ത് സാഹിത്യപരമായ പരിശീലനത്തേയും—സക്കാരിന്ന് ഉപേക്ഷിക്കുവാൻ കഴിയുകയില്ല. ജീവിതത്തിലെ അതിലഘുവായ സംഗതികളെപ്പററി പോലും, പുലയരുടേയും പറയരുടേയും അടുക്കൽ നിന്നും ശരിയായ ഒരു മറുപടി കിട്ടത്തക്കവിധത്തിൽ തുടർച്ചയായുള്ള ഒരു സംഭാഷണം നടത്തുക എന്നുള്ളത്ത് ഇന്ന് അസാദ്ധ്യമാണെന്ന് എനിക്കു നല്ലപോലെ അനുഭവംകൊണ്ട് അറിയാം.

അതുപോലെ തന്നെ ഗവമ്മെൻറിന്ന് ഇവരുടെ സാമുദായികസ്ഥിതിയേയും ഉയത്തേണ്ടതായിട്ടുണ്ട്. ഡർബാറുകൾ പോലെയുള്ള എല്ലാ സക്കാർ ആഘോഷങ്ങളിലും, പ്രവത്തനങ്ങളിലും ഭാഗഭാക്കാകുവാൻ അവരെ ക്ഷണിക്കണം. ഇത്തരം ആഘോഷങ്ങൾ അവക്കു തടയപ്പെട്ടിട്ടുള്ളവയാണെന്ന് അവരെക്കൊണ്ടു വിചാരിപ്പിക്കരുത്ത്. അതുമാതിരിയുള്ള ആഘോഷങ്ങളിൽ ഭാഗഭാക്കാകുന്നതിനുള്ള സാമുദായികസമത്വം അവക്കു കൈവരുന്നതിലേയ്ക്കായി വേറെ ഒരു പ്രക്ഷോഭണവും കൂടി ആവശ്യമായിത്തീരരുത്ത്. എന്നാൽ ഞാൻ നൾകിയിരിക്കുന്ന അത്ഥം ഈ വിളംബരത്തിനുണ്ടെന്നു വരുകിൽ, മതപരമായ ക്ഷേത്രപ്രവേശനത്തെപ്പോലെ തന്നെ, ഹരിജനങ്ങളുടെ സാമുദായികോദ്ധാരണവും ഒരു മാന്ത്രികശക്തിയാൽ എന്നപോലെ നടപ്പിൽ വരേണ്ടതാണ്. ഹരിജനങ്ങളുടെ ഉദ്ധാരണാത്ഥം ഞാൻ സൂചിപ്പിച്ചിട്ടുള്ള ചതുർവിധത്തിലുള്ള കാൎയ്യപരിപാടി തിരുവിതാംകൂറിനെപ്പോലെയുള്ള ഒരു സംസ്ഥാനത്തിൻെറ ശക്തിയ്ക്കോ ധനസ്ഥിതിയ്ക്കോ അസാദ്ധ്യമായിട്ടുള്ള ഒന്നല്ല എന്നാണ് എൻെറ അതിവിനീതമായ അഭിപ്രായം.

ജനങ്ങളുടെ സഹകരണം അത്യാവശ്യം.

എത്രയും താഴ്മയോടുകൂടി ഈ അല്പം വാക്കുകൾ ഗവമ്മെൻറിനോടായി പറഞ്ഞുകൊണ്ട്, ഞാൻ നിങ്ങളുടെ അടു

ക്കലേയ്ക്കു തിരിച്ചുവരുവാൻ ആഗ്രഹിക്കുന്നു. ഈ കാര്യങ്ങൾ എല്ലാം ചെയ്തുതീർക്കുവാൻ സർക്കാർ തീർച്ചയാക്കിയേക്കാം. എന്നാൽ ആ തീർച്ചകൾ ഒന്നുംതന്നെ അവയെ നടപ്പിൽ കൊണ്ടുവരുന്നതിന് ഉതകുന്ന മനുഷ്യശക്തിയുടെ ആവിർഭാവം ഉണ്ടായി എന്നു വരുത്തുന്നതല്ല. ഞാൻ തിരുമേനിമാരേയും അവരുടെ ഉപദേഷ്ടാക്കളേയും ഉൽബോധിപ്പിച്ച കുറച്ചു വാക്കുകളിൽ നിന്ന്, ഈവക സകല കാര്യങ്ങളും തിരുമേനിമാരാണു ചെയ്യേണ്ടതെന്നും, നിങ്ങൾക്ക് ഒന്നുംതന്നെ പ്രവർത്തിക്കാനില്ലെന്നും നിങ്ങൾ വിചാരിക്കുന്നെങ്കിൽ എന്റെ പ്രയത്നങ്ങൾ എല്ലാം നിഷ്ഫലമായിപ്പോയി എന്നു ഞാൻ ഭയപ്പെടുന്നു. ആവശ്യമുള്ള മനുഷ്യശക്തി നിങ്ങളാൽ നൽകപ്പെടണം. പണത്താൽ ആവിർഭവിക്കുന്ന ഒന്നല്ല മനുഷ്യശക്തി എന്ന് ലോകപരിചയമുള്ള ഒരാളുടെ നിലയിൽ ഞാൻ നിങ്ങളോട് പറയുന്നു. ഉദാഹരണമായി നിരവധി പണം വേതനമായി നൽകിയാലും, ക്ഷേത്രഭരണത്തിനു പ്രാപ്തരായവരെ ലഭിച്ചു എന്നു വരുകയില്ല. എന്തെന്നാൽ അത്തരം ആളുകൾ മതാസക്തിയാലും അവരുടെ പ്രവൃത്തിയോടുള്ള പ്രേമത്താലും പ്രേരിതരായവരും, തൻമൂലം വെറും ഒരു ജീവസന്ധാരണത്തിനു മാത്രം ഉതകുന്ന പ്രതിഫലത്തിനു വേല ചെയ്യുവാൻ തയ്യാറുള്ളവരും ആയിരിക്കണം. ഈ പരിശീലനം സ്വീകരിച്ച്, ജീവിതത്തിലെ ഏററവും മഹത്തായ ഈ ജോലിക്ക് സ്വയം അനുയോജ്യരായിത്തീരുക എന്നത് അവരുടെ അഭിമാനകരമായ അവകാശമായിരിക്കണം. അതുപോലെ തന്നെ ഹരിജനങ്ങൾക്കു വിദ്യാഭ്യാസപരിശീലനം നൽകുന്നതിന് ആവശ്യമുള്ള ജനങ്ങളെ ഗവമ്മെൻറിനു ലഭിച്ചില്ലെങ്കിൽ അവർക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

എന്തായാലും തിരുവിതാംകൂർ മഹാരാജാക്കന്മാർ സ്വയം സ്വീകരിച്ചിട്ടുള്ള സ്ഥാനത്തിന്—അതായത്—പത്മനാഭദാസൻ എന്നതിന്, അതിവിപുലമായ അർത്ഥമുണ്ട്. ദൈവത്തിന്റെ ദാസന്മാർ എന്നു തന്നെത്താനെ അഭിസംബോധനം ചെയ്യുന്നതിൽ അവർ സ്വയം അഭിമാനിക്കുന്നു. എന്നാൽ അതിന്റെ അർത്ഥം അവർ പ്രജകളുടേയും ദാസ

ന്മാർ ആണെന്നാകുന്നു. അതുകൊണ്ടു് ഞാൻ മുൻപു് ഒരു യോഗത്തിൽ പ്രസംഗിച്ചതുപോലെ, തിരുവിതാംകൂറിലെ ജനാവലിയുടെ ഇടയിലുള്ള ഒന്നാംകിട പ്രഭുക്കന്മാർ അല്ല മഹാരാജാക്കന്മാർ. പിന്നെയോ, ഭൃത്യന്മാരായ ജനതതിയുടെ ഇടയിൽ ഒന്നാംകിടക്കാരായ ദാസന്മാർ ആകുന്നു അവർ. ജനതതിയുടെ ഈ ഒന്നാംകിടദാസന്മാർ, അവരുടെ സഹഭൃത്യന്മാരായ ജനങ്ങളാൽ സമർത്ഥമാകുംവണ്ണം സഹായിക്കപ്പെടുന്നില്ലെങ്കിൽ, കഷ്ടപ്പെടേണ്ടിവരുന്നതാണു്. അതിനാൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് ദിവസംപ്രതി ക്ഷേത്രത്തിൽ പോയി ശ്രീപത്മനാഭസ്വാമിയിൽ നിന്നും തൻെറ ദൈനംദിനകൃത്യങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ വാങ്ങുന്നതിൻെറ അർത്ഥം അദ്ദേഹം, തൻെറ പ്രജകളാൽ അവരുടെ സ്വന്തം നന്മയ്ക്കു വേണ്ടി—ആത്മീയവും, മതപരവും, സാമുദായികവും, സാമ്പത്തികവും ആയ നന്മയ്ക്കു വേണ്ടി—സഹായിക്കപ്പെടണമെന്നല്ലാതെ മറെറാന്നുമല്ല.

കൊട്ടാരക്കര.

(൧൯—൯—൯൯൩൧.)

[ശ്രീയുത് കെ. എം. എം. നാരായണൻനമ്പൂതിരിപ്പാടിന്റെ വകയായ ഒരു സ്വകാര്യക്ഷേത്രത്തെ ഹരിജനങ്ങൾക്കു തുറന്നുകൊടുക്കപ്പെട്ടതായി പ്രസ്താവിക്കുന്നതിന് ഗാന്ധിജിയെ കൊട്ടാരക്കരയിലേയ്ക്കു ക്ഷണിച്ചു. ക്ഷേത്രം ഉൽഘാടനം ചെയ്തുകൊണ്ടു് അദ്ദേഹം പറഞ്ഞു: "ഈ സ്വകാര്യക്ഷേത്രം തുറക്കുന്നതിനായി ക്ഷണിക്കപ്പെട്ടിരിക്കുന്നതു് അതിയായ ആഹ്ലാദമുള്ള ഒരു കാര്യമാണ്. നമ്മുടെ സ്നേഹിതൻ കെ. എം. എം. നാരായണൻനമ്പൂരിപ്പാടു് എന്നിൽനിന്നും വളരെ അഭിനന്ദനങ്ങൾ അർഹിക്കുന്നു. മഹാരാജാവു തിരുമനസ്സിലെ മഹനീയദൃഷ്ടാന്തത്തെ അനുകരിച്ചതിന് അദ്ദേഹത്തിനു നൽകുന്ന അനുമോദനങ്ങളിൽ നിങ്ങളും എന്നോടുകൂടി ഭാഗഭാക്കാകുമെന്നു ഞാൻ ആശിക്കുന്നു. അപ്രകാരം ചെയ്യുന്നതിൽ അദ്ദേഹം ഹിന്ദുമതത്തിലെ അത്യുത്തമങ്ങളായ പാരമ്പര്യങ്ങളെ പിൻതുടരുക മാത്രമാണു ചെയ്യുന്നതു്. അതുകൊണ്ടു് ഇതും അദ്ദേഹത്തിന്റെ വകയായ മററു പതിനേഴു ക്ഷേത്രങ്ങളും തുറക്കുന്നതിനാൽ ഹിന്ദുമതശുദ്ധീകരണവിഷയത്തിൽ ഒരു പ്രത്യേകസേവനം അനുഷ്ഠിക്കുകയാണ് അദ്ദേഹം ചെയ്യുന്നതു്. ക്ഷേത്രം തുറന്നതായി പ്രഖ്യാപിക്കുന്നതിന് എനിക്കു് വളരെ സന്തോഷമുണ്ടു്." ഇതിനു ശേഷം ഗാന്ധിജി പൊതുയോഗത്തിൽ പ്രസംഗിച്ചു. തീർത്ഥാടനകാലത്തു് അദ്ദേഹം പ്രസംഗിച്ച ഒടുവിലത്തെ യോഗം ഇതായിരുന്നു.]

ആദ്ധ്യാത്മികനിധികൾ കൊണ്ടുപോകുന്നു.

തിരുവിതാംകൂറിലെ എന്റെ തീർത്ഥാടനത്തിന്റെ ഒടുവിലത്തെ ഘട്ടമാണ് ഇതു്. ഞാൻ ഇവിടെ വന്നതു് വലിയ സംശയത്തോടും, തുല്യമായ മടിയോടും, ഭയത്തോടും, കിടുകിടുപ്പോടും കൂടിയാണ് എന്നു് ഞാൻ മുൻപു് എവിടെയോ വച്ചു പ്രസ്താവിച്ചിട്ടുണ്ടു്. ശ്രീയുത് ഗോവിന്ദന്റെ നിർബന്ധപൂർവമായ അടിയന്തിരക്കമ്പിയില്ലായിരുന്നെങ്കിൽ നിങ്ങൾ

എന്നെ നിങ്ങളുടെയിടയിൽ ഇന്നു കാണുകയില്ലായിരുന്നു. കമ്പികൾ ശ്രീയുത് രാമചന്ദ്രന്റേയും, ശ്രീയുത് ഗോവിന്ദന്റേയും പേരുകളിലാണ് അയയ്ക്കപ്പെട്ടിരുന്നത്. എന്നാൽ രാമചന്ദ്രൻ സബർമതിയിലെ ഒരു കുഞ്ഞായതുകൊണ്ട് ഞാൻ ശ്രദ്ധിക്കുകയില്ലായിരുന്നു. പക്ഷേ, തിരുവിതാംകൂറിലെ ഒരു പെൻഷ്യൻജഡ്ജിയും, അതിനെക്കാൾ കൂടുതലായി ഒരു ഈഴവനേതാവും ആയ ശ്രീയുത് ഗോവിന്ദന്റെ ഒപ്പിനെ ഞാൻ ഭയപ്പെട്ടു. അതുകൊണ്ട് ഒടുവിൽ വളരെ മനസ്സില്ലാമനസ്സോടുകൂടി ഞാൻ കീഴടങ്ങി. എന്നാൽ അപ്രകാരം ചെയ്തതിനു ശേഷം ഞാൻ കീഴടങ്ങിയതിൽ എനിക്കു സന്തോഷമാണുള്ളതെന്നു സമ്മതിക്കുന്നതിന് എനിക്കു സ്വാതന്ത്ര്യമുണ്ട്. ഇതിനു മുൻപ് ഞാൻ സ്വപ്നത്തിൽകൂടി കാണാത്ത ആദ്ധ്യാത്മികനിധികളെ ഞാൻ എന്റെ കൂടെ കൊണ്ടുപോകുന്നു. ഇന്നാളുവരെ സവർണ്ണഹിന്ദുക്കളാൽ നിന്ദിക്കപ്പെട്ടിരുന്ന ഈഴവർ, പറയർ, പുലയർ മുതലായവരിൽ ശ്രേഷ്ഠന്മാർക്കെന്നപോലെതന്നെ നിങ്ങളുടെ മോഹനങ്ങളായ ക്ഷേത്രങ്ങൾ എന്നെ സംബന്ധിച്ചിടത്തോളവും എന്റെ സ്വന്ത മനസ്സാൽ എനിക്കും നിരോധിക്കപ്പെട്ടിരുന്നു. എന്നാൽ തിരുമനസ്സിലെ അതിധാർമ്മികമായ പ്രവൃത്തികൊണ്ട് ഈ ക്ഷേത്രകവാടങ്ങൾ തുറക്കപ്പെട്ടതായി കണ്ട് ആ വിളംബരത്തിനു ശേഷം ഈ ക്ഷേത്രങ്ങളിൽ പോയിട്ടുള്ള നിരവധി ഈഴവർ, പറയർ, പുലയർ മുതലായവർക്ക് അനുഭവപ്പെട്ടമാതിരിയുള്ള അതേ ആനന്ദത്തോടുകൂടി ഞാനും അവയിൽ പ്രവേശിച്ചു. ചുമതലാബോധമുള്ള ജീവിതത്തിൽ പ്രവേശിച്ചതിനു ശേഷം ഞാൻ എപ്പോഴെങ്കിലും ക്ഷേത്രദർശനം ശീലിച്ചിരുന്നുവെന്ന് എനിക്കു പറയുവാൻ കഴിയുകയില്ല. എന്നാൽ ഭക്തിപരവും പ്രാർത്ഥനാപരവുമായ ഒരു മനസ്ഥിതിയോടുകൂടി ഈ ക്ഷേത്രങ്ങൾ സന്ദർശിച്ചതിനു ശേഷം എനിക്ക് മുൻപ് ഒരിക്കലും അനുഭവപ്പെടാത്തമാതിരി ഭക്തിപരവും പ്രാർത്ഥനാപരവുമായ മനോഭാവത്തോടുകൂടിയുള്ള ക്ഷേത്രപ്രവേശനം മൂലം ആദ്ധ്യാത്മികവളർച്ചയ്ക്കുള്ള സാദ്ധ്യത എന്നിൽ ഉദിച്ചിട്ടുണ്ട്.

എന്നാൽ തീർച്ചയായും ഈ ക്ഷേത്രസന്ദർശനങ്ങളിൽനിന്നും ആത്യന്തികമായ ശാന്തിയും ആദ്ധ്യാത്മികമായ ആന

ന്നവും ഒരാൾക്ക സിദ്ധിക്കുവാൻ കഴിയുന്നതിനു മുൻപിൽ അയാൾക്ക് ഒരു ശരിയായ മനഃസ്ഥിതി ഉണ്ടാവേണ്ടതാണ്. ശ്രീയുത് കെ. എം. എം. നാരായണൻനമ്പൂതിരിപ്പാടിന്റെ വക ഒരു സ്വകാര്യക്ഷേത്രം തുറന്നുകൊടുക്കുക എന്ന കർമ്മം അനുഷ്ഠിച്ചതിനു ശേഷം ഞാൻ ഇപ്പോൾ ഇവിടെ വന്നുചേർന്നതേയുള്ളു. ഈ ക്ഷേത്രം തുറന്നുകൊടുക്കുക എന്ന കർമ്മം തിരുവിതാംകൂറിലെ അദ്ദേഹത്തിന്റെ മററു ക്ഷേത്രങ്ങൾ തുറന്നുകൊടുക്കുക എന്നതിനു തുല്യമായിരുന്നു. ഈ ക്ഷേത്രം തുറന്നുകൊടുക്കുക എന്ന അവകാശത്തിൽനിന്നും എനിക്ക് അതിയായ സന്തോഷം കൈവന്നിട്ടുണ്ട്. ഇതിനു മുൻപ് ഞാൻ പല ക്ഷേത്രങ്ങളും തുറന്നുകൊടുത്തിട്ടുണ്ട്. എന്നാൽ ആ ക്ഷേത്രങ്ങൾ തുറന്നുകൊടുത്തതിൽ എനിക്ക് ഇത്രത്തോളം സന്തോഷമുണ്ടായിരുന്നുവെന്നു പറയാൻ പാടില്ല. ദൈവസാന്നിദ്ധ്യം ആ ക്ഷേത്രങ്ങളിൽ എനിക്ക് അനുഭവപ്പെട്ടില്ല. ആ ക്ഷേത്രങ്ങൾ തുറന്നുകൊടുത്തതിൽ ഒരുതരം കൃത്രിമത്വം ഉണ്ടായിരുന്നതായി എനിക്കു തോന്നി. ഇവിടെ നേരേമറിച്ച് ഞാൻ പോയേടത്ത് എല്ലാംതന്നെ ഞാൻ പ്രതീക്ഷിക്കാതെയിരുന്ന ഒരു സ്വാഭാവികത എനിക്കു ദൃശ്യമായി. ഈ ക്ഷേത്രങ്ങളിലേയ്ക്കുള്ള എന്റെ പ്രവേശനത്തെ കാത്തുനിന്നിരുന്ന നിരവധി ജനങ്ങളേയും ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. അവക്ക് അവരെ സംബന്ധിച്ചിടത്തോളം പ്രാണിശാസ്ത്രസംബന്ധമായ ഒരു മാതൃക കാണുന്നതിനു വേണ്ടിയാണ് അവർ വന്നിരുന്നതെന്നുള്ളതിന് യാതൊരു സംശയവുമില്ല. എന്നാൽ ഇവിടെ നിശ്ശബ്ദതയോടും, അത്യന്തം ഭക്തിപരമായ മനഃസ്ഥിതിയോടും കൂടി വന്നുനിന്നിരുന്ന നിരവധി ജനങ്ങളുടെ ഏകഉദ്ദേശം അതായിരുന്നില്ല എന്നുള്ളത് എനിക്കു തീർച്ചയാണ്. ഇതെല്ലാം എന്റെ ഭാവനയുടെ ഒരു സൃഷ്ടിയാണെന്നും, അതിന് പരമാർത്ഥവുമായി യാതൊരു സാമ്യവുമില്ലെന്നും പറയുന്നതിന് ഒരു നിരീശ്വരവാദിയും ഒരു സംശയാത്മാവും എളുപ്പത്തിൽ തുനിഞ്ഞേക്കാം. എന്നാൽ വാസ്തവത്തിൽ സംഗതി ഇപ്രകാരമാണെങ്കിൽ എന്റെ ജീവിതവും വളർച്ചയും മുഴുവനും ഭാവനയുടെ ഇത്തരം സൃഷ്ടികളെയാകുന്നു ആശ്രയിച്ചിരിക്കുന്നതെന്നാണ് ഇവിടെ എനിക്കു നിങ്ങളോടു പറയാനുള്ളത്. ഇത്തരത്തിലുള്ള സൃഷ്ടികൾ

എന്റെ വളർച്ചയ്ക്ക് എനിക്ക് ആവശ്യമായിരുന്നുവെന്ന് എന്നെപ്പററി പറയുന്നതെങ്കിലും വാസ്തവമായിരിക്കും. എന്തൊക്കെയായാലും, ജീവിതത്തിലെ ലൌകികകാര്യങ്ങളിൽ പൂർണ്ണമായി നിങ്ങൾക്ക് ഉപേക്ഷിക്കാവുന്ന അത്ര നിന്ദ്യമായ ഒന്നല്ല ഭാവന.

ക്ഷേത്രങ്ങൾ നമ്മുടെ ജീവിതത്തിലെ മുഖ്യമായ ഒരു ഭാഗം.

പത്മനാഭസ്വാമിയുടെ മാർഗ്ഗദർശിത്വം സ്വീകരിച്ചിട്ടുള്ള നിങ്ങളുടെ മഹാരാജാവുതിരുമനസ്സുകൊണ്ട് നിങ്ങൾക്കു നൽകിയിരിക്കുന്ന വിളംബരത്തെ നിങ്ങൾ പ്രവൃത്തിയിൽ പരിഭാഷപ്പെടുത്തുന്നു ഏങ്കിൽ നിങ്ങൾക്ക് എല്ലാവരുമായി പൂർണ്ണമായ സാത്മീകരണം വേണ്ടിവരുന്നതും, അവർണ്ണരെന്നും സവർണ്ണരെന്നും വലിയവരെന്നും ചെറിയവരെന്നും ഉള്ള വ്യത്യാസങ്ങളെ നശിപ്പിക്കേണ്ടതും ആകുന്നു. അപ്രകാരം പ്രവർത്തിക്കുന്നതിൽ നിങ്ങളെ സഹായിക്കുന്നതിനായി, കഴിഞ്ഞ നാലഞ്ചു ദിവസങ്ങളായി ഞാൻ പൊതുജനങ്ങളുടെ പുൻപിൽ സമർപ്പിക്കാറുള്ള ഒരു പദ്യത്തെ പരിഭാഷപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ പദ്യത്തിന്റെ അർത്ഥം ഇതാകുന്നു: പ്രപഞ്ചത്തിൽ ഏററവും ചെറുതായ അണുവരെയുള്ള സകലതിലും നമ്മുടെ നാഥനും, ഗുരുവും, രക്ഷിതാവും ആയ ദൈവം വ്യാപിച്ചിരിക്കുന്നു. അതിന്റെ അർത്ഥം അദ്ദേഹം എന്റേയോ നിങ്ങളുടേയോ ഹൃദയത്തിൽ മാത്രമല്ലെന്നും, എന്നാൽ അക്ഷരംപ്രതിയും പൂർണ്ണമായും അദ്ദേഹം നമ്മുടെ ത്വക്കിലുള്ള നിരവധി രോമകൂപങ്ങളിൽ ഓരോന്നിലും നമ്മുടെ ശിരസ്സിലെ ഓരോ മുടിയിലും സ്ഥിതി ചെയ്യുന്നു എന്നുമാണ്. അതുകൊണ്ട് അദ്ദേഹം എനിക്കും നിങ്ങൾക്കും നമുക്കു പ്രിയപ്പെട്ടവരേക്കാൾ ഏററവും അടുത്താണു സ്ഥിതിചെയ്യുന്നത്. നാം ഇവിടെ ഇരിക്കുന്നു എന്നും, നിങ്ങൾ എന്റെ പ്രസംഗം ശ്രദ്ധിക്കുന്നു എന്നും അനുഭവപ്പെട്ടതുപോലെ തന്നെ ഈ മഹത്തായ പ്രസ്താവനയുടെ സത്യം അനുഭവപ്പെടുക എന്നതാണ് ഹിന്ദുമതത്തിന്റെ പ്രാഥമികമായ തത്വം. ഈ സത്യം അനുഭവപ്പെട്ടതിനുശേഷം ആ മഹർഷി 'ദൈവം നമ്മോട്ട് അടുത്തും,

നമ്മുടെ സകല പ്രവൃത്തികളിലും നേതൃത്വം വഹിക്കുന്നതു കൊണ്ടു് നാം നമ്മുടെ സ്വന്തം വസ്തു വിചാരിക്കുന്ന ഏതു്വസ്തുവിനേയുംതന്നെ അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പിക്കുകയും, അവയെ ത്യജിക്കുകയും ചെയ്യണം് എന്നു തുടർന്നു പറയുന്നു. എന്നാൽ മനഃപൂർവ്വവും സുനിശ്ചിതവുമായ അർപ്പണവും ത്യാഗവും കഴിഞ്ഞിട്ടും നമുക്കു് ഭക്ഷണവും വസ്ത്രങ്ങളും ഗൃഹങ്ങളും ആവശ്യമുണ്ടായേക്കാം. അതുകൊണ്ടു് "ഈ സമർപ്പണം കഴിഞ്ഞതിനുശേഷം, ജീവിതത്തിന് ആവശ്യമുള്ള ഈ സാമാനങ്ങൾ ദൈവത്താൽതന്നെ നിങ്ങൾക്കു നൽകപ്പെട്ടതായ വിധത്തിൽ ഉപയോഗിക്കണം" എന്നു് ആ മഹർഷി പറയുന്നു. യുക്തിപൂർവ്വമായി സ്വയം ചിന്തിക്കാതെ ഒരു കുട്ടിക്കു് അവന്റെ മാതാപിതാക്കന്മാരുടെ നേരേ തോന്നുന്ന തരത്തിലുള്ള വിശ്വാസം, ഭക്തി, സ്നേഹം മുതലായതു് അതിനും ആവശ്യമാണു്. അവന്റെ മാതാപിതാക്കന്മാർ ഉണ്ടായിരിക്കുന്നിടത്തോളം കാലവും, അവർ അവന്റെ ആവശ്യങ്ങളെ മുൻകൂട്ടി അറിഞ്ഞു നിവർത്തിച്ചുകൊണ്ടിരിക്കുന്ന പതിവു തുടർന്നുകൊണ്ടുപോകുന്ന കാലത്തോളവും, അവസം അവക്കും എല്ലാം സുഖമാണെന്നുള്ളതിനെപ്പററി, അവൻ ഒരിക്കലും യുക്തിവാദം ചെയ്യുന്നില്ല. നമ്മെപ്പോലെ തന്നെ നമ്മുടെ മാതാപിതാക്കന്മാരും മൃത്യുവശഗരാണു്. അതുകൊണ്ടു് ആവശ്യങ്ങൾ കാലേക്കൂട്ടി അറിഞ്ഞു നിറവേററുന്നതിനുള്ള ശക്തി ദൈവത്തിനുണ്ടായിരിക്കുമെന്നുള്ളതിൽ നാം വിശ്വസിക്കേണ്ടതു് കൂടുതൽ ആവശ്യവും ഏററവും യുക്തിയുക്തവും ആകുന്നു. ഈ മൂന്നു സംഗതികൾ പറഞ്ഞതിനുശേഷം, മഹർഷി അന്യന്മാരുടെ സ്വത്തിനെ ആഗ്രഹിക്കരുതെന്നു നമ്മെ തടയുന്നു. നിങ്ങൾ ഈ മന്ത്രത്തിൽ വിശ്വസിക്കുന്നുവെങ്കിൽ—എല്ലാ ഹിന്ദുക്കളും ഇതിൽ വിശ്വസിക്കുന്നതിനു കടപ്പെട്ടവരാണു്—,ഹിന്ദുമതത്തിന്റേയും ഹിന്ദുസമുദായത്തിന്റേയും അടിസ്ഥാനത്തെ ബലഹീനമാക്കുന്നതിനുതകുന്ന വിധത്തിലുള്ള യാതൊരു വ്യത്യാസങ്ങളും ഉണ്ടായിരിക്കുകയില്ല എന്നു നമുക്കു കാണാൻ കഴിയും. ക്ഷേത്രങ്ങൾ നമ്മുടെ ജീവിതത്തിലെ ഒരു മുഖ്യ ഭാഗമായിരിക്കുന്നതും, ആയിരിക്കേണ്ടതും എന്തുകൊണ്ടാണെന്നു് ഇപ്പോൾ ഉടനെ നിങ്ങൾക്കു

മനസ്സിലാക്കാൻ സാദ്ധ്യമാകും. നമ്മുടെ കടപ്പാടുകളെ നാം എളുപ്പത്തിൽ വിസ്മരിക്കുന്നതുകൊണ്ടു്, ദൈനംദിനം നമ്മുടെ ത്യാഗത്തേയും സമർപ്പണത്തേയും ദൈവത്തോടുള്ള നമ്മുടെ ഭക്തിവിശ്വാസപ്രതിജ്ഞയേയും നമുക്കു് പുതുക്കേണ്ടതായിട്ടുണ്ടു്. ദൈവത്തിന്റെ ശക്തിയുടേയും അധികാരത്തിന്റേയും പ്രത്യക്ഷചിഹ്നങ്ങളാണു് ഈ ക്ഷേത്രങ്ങൾ. അതുകൊണ്ടാണു് അവയെ വാസ്തവത്തിൽ, ദൈവത്തിന്റെ ആലയങ്ങൾ എന്നും, പ്രാർത്ഥനയുടെ ആലയങ്ങളെന്നും വിളിച്ചുവരുന്നതു്. പ്രഭാതകാലത്തു് ദേഹശുദ്ധി വരുത്തിയതിനു ശേഷം ഒന്നാമതായി നാം അവിടെ ഒരു പ്രാർത്ഥനാപരമായ മനഃസ്ഥിതിയോടുകൂടി പോയി, സമർപ്പണവും കീഴടങ്ങലും നിർവഹിക്കുന്നു. നിരീശ്വരവാദികളും സംശയാത്മാക്കളും ഇതെല്ലാം ഭാവനയുടെ സൃഷ്ടികളാണെന്നും, നാം ദർശിക്കുന്ന വിഗ്രഹങ്ങളിൽ ദൈവം ഉണ്ടെന്നു് നാം ഭാവനാപരമായി വിചാരിക്കുന്നേ ഉള്ളു എന്നും പറഞ്ഞേക്കാം. അതു് അപ്രകാരം തന്നേയാണെന്നു് ഞാൻ ഈ നിരീശ്വരവാദികളോടു സമ്മതിക്കും. ഭാവന ജീവിതത്തിൽ ഒരു ശക്തിമത്തായ ഘടകമാണെന്നു സമ്മതിക്കുന്നതിൽ എനിക്കു ലജ്ജ തോന്നുന്നില്ല. ഉദാഹരണമായി, എന്റെ പശു മറേറതൊരു മനുഷ്യനെപ്പോലെയും എന്റെ ഒരു സഹജീവിയാണെങ്കിലും ആ പശുവിനു് ക്ഷേത്രം ഒരു ദേവാലയമല്ല. എന്തെന്നാൽ പശുവിനെ ദൈവം ഭാവനകൊണ്ടു് അനുഗ്രഹിച്ചിട്ടില്ല. ക്ഷേത്രത്തിലുള്ള അതിന്റെ സാന്നിദ്ധ്യം അതിൽ യാതൊരു ഫലത്തേയും ഉണ്ടാക്കുന്നില്ല. എന്നാൽ എന്റെ സാന്നിദ്ധ്യത്തിനു വ്യക്തമായ ഫലമുണ്ടു്; എന്തുകൊണ്ടെന്നാൽ, ആ പ്രത്യേക ക്ഷേത്രത്തിൽ, ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടെന്നു ഞാൻ ഭാവന ചെയ്യുന്നുണ്ടു്. അതുകൊണ്ടു് ഞാൻ ഈ മന്ത്രം നിങ്ങൾക്കു പ്രദാനംചെയ്യുന്നതിനു് ഇഷ്ടപ്പെടുന്നു. ഈ മന്ത്രത്തിനു വിരുദ്ധമായിട്ടുള്ളതു് എല്ലാം തന്നെ, ഹിന്ദുമതമല്ലെന്നു കരുതി നിങ്ങൾ തിരസ്കരിക്കണം എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഈ മന്ത്രത്തിലുള്ളതെല്ലാം തന്നെ നിങ്ങൾ ഗ്രഹിച്ചാൽ, ഹിന്ദുമതഗ്രന്ഥങ്ങൾ എന്ന പേരിനാൽ അറിയപ്പെടുന്ന മററു ഗ്രന്ഥങ്ങളെപ്പററി നിങ്ങൾ വ്യാകുലപ്പെടേണ്ട ആവശ്യമില്ല. മറെറല്ലാം തന്നെ അശേഷം വിലയില്ലാത്തതും,

ഉപദ്രവകരങ്ങളും ആണെന്നല്ല ഞാൻ സൂചിപ്പിക്കുന്നത്. ഹിന്ദുശാസ്ത്രമെന്ന പേരിൽ ഇന്നു നടപ്പിൽ ഇരിക്കുന്ന പല വിലയില്ലാത്ത കാര്യങ്ങളും ഉണ്ടെന്നുള്ളതു നിസ്സംശയമാണ്. എന്നാൽ ഈ ഗ്രന്ഥങ്ങളിൽത്തന്നെ വിലമതിക്കാൻ പാടില്ലാത്ത മറഞ്ഞുകിടക്കുന്ന നിധികളും ഉണ്ട്. എന്നാൽ അവ പഠിക്കുന്നതിനുള്ള സമയം, നിങ്ങൾക്കോ എനിക്കോ ഇല്ല. നിങ്ങൾക്ക് അതിനുള്ള സമയം ഉണ്ടെങ്കിൽതന്നെ, മതഗ്രന്ഥങ്ങളുടെ പഠനംമൂലം നിങ്ങളുടെ മനസ്സിനു കുഴപ്പം നേരിട്ടെങ്കിൽ, അവയെ അങ്ങിനെതന്നെ വിട്ട് മററു സകലതിനേയും ഉപേക്ഷിച്ച് ഈ മന്ത്രത്തിനുനിന്നും നിങ്ങൾക്കു വേണ്ട സമാധാനം കൈക്കൊള്ളുന്നതു നന്നായിരിക്കുമെന്നു ഞാൻ നിങ്ങളെ ഗുണദോഷിക്കും.

ഇനി, തിരുവിതാംകൂറിൽ എൻെറ സന്തോഷകരങ്ങളായ അനുഭവങ്ങളെപ്പററിയുള്ള ഒരു ചുരുങ്ങിയ പരാമർശത്തോടും, ഒരു സന്ദർശകൻ തൻെറ ആതിഥേയന്മാരോടുള്ള കടപ്പാടുകളുടെ ഉപചാരപരമായ നിർവ്വഹണത്തോടുംകൂടി ഞാൻ ഈ കാര്യപരിപാടി അവസാനിപ്പിക്കാം.

എല്ലാവർക്കും വന്ദനം.

ഞാനും എൻെറ കൂട്ടുകാരും ഈ തീർത്ഥയാത്ര കഴിയുന്നതും സുഖമാക്കിത്തീർക്കുന്നതിന് അതിയായി പ്രയത്നിച്ച ഈ പ്രവർത്തകന്മാരോട് നന്ദിക്കു വളരെ കടപ്പെട്ടിട്ടുള്ളവരാണ്. സംസ്ഥാനത്തിൻെറ ആതിഥ്യം എനിക്കും എൻെറ കൂട്ടുകാർക്കും നൽകിയതിന് ഞാൻ തിരുമേനിമാർക്കും, സചിവോത്തമൻ സർ സി. പി. രാമസ്വാമിഅയ്യർക്കും വളരെ കടപ്പെട്ടിരിക്കുന്നു. ഈ അതിഥിസൽക്കാരം തിരുവിതാംകൂറിൽ കൂടിയുള്ള എൻെറ യാത്രയെ—അതു് അതിശീഘ്രത്തിലുണ്ടായ ഒരു യാത്രയായിരുന്നു—ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷിക്കുകയും, അപ്രകാരം ചെയ്തിരുന്നില്ലെങ്കിൽ എനിക്കു ലഭ്യമാകുവാൻ ഇടയില്ലാതിരുന്ന സുഖങ്ങൾ നൽകുകയും ചെയ്തു. എന്നാൽ ഉന്നതസ്ഥാനാവലംബികളായ ഈ മാന്യന്മാരേക്കാളും, കൂട്ടുതലായി ദൈനംദിനകാര്യപരിപാടിയുടെ ചാർജ്ജ് വഹിക്കുന്നവർ ഞങ്ങളുടെ വന്ദനങ്ങൾക്ക് അർഹന്മാരാണ്.

ഉദാഹരണമായി, ഞങ്ങളുടെ ആവശ്യത്തിലേക്കായി നിയോഗിക്കപ്പെട്ട മൂന്നു മോട്ടാർകാറുകളുടേയും ഡ്രൈവറന്മാർ അവരുടെ ശ്രദ്ധയിൽ ഒട്ടുംതന്നെ കുറവു കാണിച്ചിരുന്നില്ല. ഒരു ഒററ അപകടവും കൂടാതെ അവർ അവരുടെ ജോലി നിർവ്വഹിച്ചു എന്നു പ്രസ്താവിക്കുന്നതിന് എനിക്കു സന്തോഷമുണ്ട്. രാത്രിയെന്നോ, പകലെന്നോ ഭേദമെന്യേ അവർ അവരുടെ ജോലി സന്തോഷത്തോടെ ചെയ്തുതീർത്തു. പാചകന്മാരും, അപ്രകാരംതന്നെ ചെയ്തു. അവർക്ക്—ഗുഡുവുകൾതോറും ഞങ്ങളുടെ ആഹാരം പാകംചെയ്യുക എന്ന ജോലി വളരെ വിഷമമേറിയ ഒന്നായിരുന്നു. ഇരുപത്തിനാലു മണിക്കൂറിൽ കൂടുതൽ ഞങ്ങൾ ഒരു സ്ഥലത്തും താമസിച്ചില്ല. മിക്കവാറും വ്യത്യാസംകൂടാതെ കണ്ടു് ഞങ്ങൾക്കു പ്രാതൽ ഒരു സ്ഥലത്തും, ഉച്ചഭക്ഷണം മറെറാരു സ്ഥലത്തും, അത്താഴം വേറെ ഒരു സ്ഥലത്തുമാണു കഴിക്കേണ്ടി വന്നിട്ടുള്ളതു്. എന്നാൽ ഈ പാചകന്മാർ അവർക്കു നിശ്ചയിച്ചിരുന്ന ജോലികൾ ചെയ്യുന്നതിന് എല്ലായ്പോഴും തയ്യാറായിരുന്നു. ഇവരുടെ ചാർജ്ജു വഹിച്ചിരുന്ന മേലുദ്യോഗസ്ഥൻ തിരുവനന്തപുരത്തുനിന്നും ഞങ്ങളെ അനുഗമിച്ചു്, സകലതിൻെറയും മേൽനോട്ടം നിർവ്വഹിച്ചിരുന്നു. അയാളും, അയാളുടെ ശ്രദ്ധയിലും മര്യാദയിലും യാതൊരു കുറവും വരുത്തിയില്ല; ഞാൻ പറഞ്ഞ ഈ സ്നേഹിതന്മാരുടെയെല്ലാം ഹൃദയംഗമമായ സഹകരണം ഇല്ലായിരുന്നെങ്കിൽ, ഞങ്ങളിൽ ആർക്കെങ്കിലും സുഖക്കേടു പിടിപെടാതെ ഈ തീർത്ഥയാത്ര കഴിച്ചുകൂട്ടുന്നതിനു ഞങ്ങൾക്കു സാധിക്കുകയില്ലായിരുന്നു.

ഇതിനുംപുറമേ ആവശ്യമുള്ള ഏതു സൌകര്യവും ചെയ്തുതരുന്നതിനു തയ്യാറായിരുന്ന സകല ദിക്കിലേയും തഹശീൽദാരന്മാരേയും പററി പ്രസ്താവിക്കാൻ ഞാൻ വിട്ടുകളയരുതു്. എൻെറ വന്ദനങ്ങൾ അവരിൽ ഓരോരുത്തരും ഞാൻ മനഃപൂർവ്വമല്ലാതെ പ്രസ്താവിക്കുന്നതിനു വിട്ടുപോയിട്ടുള്ള മറെറല്ലാവരും അർഹിക്കുന്നുണ്ട്.

നിയമത്തിന് അവശ്യമായ ആ അവയവത്തെ—അതായതു് പോലീസിനെ—ഞാൻ വിട്ടുപോയ കഥ എന്നെ ഇപ്പോൾ ഓർമ്മിപ്പിച്ചിരിക്കുന്നു. ഇൻഡ്യയിൽ ഞങ്ങൾക്ക് നിത്യ

പരിചയമുള്ള പോലീസുകാരെപ്പോലെ ഇവിടത്തെ പോലീസുകാർ പെരുമാറിയിട്ടില്ല. അവർ വാസ്തവത്തിൽ ഏററവും മര്യാദയോടുകൂടി—ലോകമൊട്ടുക്ക് മര്യാദയ്ക്കു പ്രസിദ്ധി നേടിയിട്ടുള്ള ഇംഗ്ലണ്ടിലെ പോലീസുകാരെപ്പോലെ—പെരുമാറി. ഇൻഡ്യയിലെ ഇംഗ്ലീഷുകാരൻ ഏതുതരത്തിലുള്ളവനായാലും ഇംഗ്ലണ്ടിലെ ഇംഗ്ലീഷുകാരനായ പോലീസ് കാൻസ്റ്റബിൾ തീർച്ചയായും ഒരു മാന്യനാണ്. ഓരോ ദിവസവും രാവിലെ അയാൾ ജോലിക്ക് നിയോഗിക്കപ്പെടുമ്പോൾ താൻ ജനങ്ങളുടെ യജമാനനല്ല ഭൃത്യനാണ് എന്ന തത്വം ഉരുവിടുവാൻ അയാൾ നിർബന്ധിതനാണെന്ന് എനിക്ക് അറിയാം. അയാൾ ദിവസംതോറും ഇടപെടേണ്ടതായി വരുന്ന നിരവധി ജനങ്ങളോട് അയാൾക്ക് മര്യാദയായി പെരുമാറേണ്ടതുണ്ട്. കുററവാളികളെപ്പോലും അയാൾക്ക് രൂക്ഷമായ വിധത്തിൽ കൈകാര്യം ചെയ്യാൻ പാടുള്ളതല്ല. എല്ലാ നിയമങ്ങളെയുംപോലെതന്നെ ഇംഗ്ലീഷ് നിയമവും ഒരാൾ നിയമപ്രകാരം കുററക്കാരനാണെന്നു തീരുമാനിക്കുന്നതുവരെ അയാളെ കുററക്കാരനായി ഗണിക്കാത്തതുകൊണ്ട് കൊലപാതകം ചെയ്ത് ആ കൃത്യത്തിൽ കണ്ടുപിടിക്കപ്പെടുന്നവരോടുപോലും ഇംഗ്ലണ്ടിലെ പോലീസുകാരെ മര്യാദയായി പെരുമാറാൻ പഠിപ്പിച്ചിട്ടുണ്ട്. അവർ ലണ്ടൻപോലീസുകാർ പെരുമാറുന്ന രീതിയിൽ അത്ര മാന്യമായ ഒരു നിലയിലാണ് വർത്തിച്ചതെന്നു ഞാൻ പറയുമ്പോൾ ഞാൻ ഇവിടത്തെ പോലീസുകാർക്ക് എത്ര വലിയ പ്രശംസയാണു നൽകുന്നതെന്നു നിങ്ങൾക്കു മനസ്സിലാക്കാമല്ലോ. അതുകൊണ്ട് അവരും ഞാൻ മുൻപു പ്രസ്താവിച്ച മററുള്ളവർക്കു നൽകിയതുപോലെയുള്ള വന്ദനങ്ങൾക്ക് അർഹരാണ്.

അവസാനമായി ഈ വിളംബരത്തിന്റെ നടത്തിപ്പ് നിങ്ങളിൽ ഓരോരുത്തരിലും വ്യക്തിപരമായി സ്ഥിതിചെയ്യുന്നു എന്നുള്ളത് മറക്കരുതെന്നു നിങ്ങളോട് ആവശ്യപ്പെട്ടുകൊണ്ട് ഈ സദസ്യരോട് ഞാൻ വന്ദനം പറയുന്നു.

ക്ഷേത്രങ്ങളിലെ പ്രാർത്ഥനായോഗങ്ങൾ

[വൈകുന്നേരങ്ങളിൽ ഞങ്ങൾ എവിടെയെങ്കിലും ഒരു ക്ഷേത്രത്തിനു സമീപം ആകുവാൻ ഇടയായാൽ ആ ക്ഷേത്ര പരിസരങ്ങളിൽ വച്ച് സന്ധ്യാസമയത്ത് പ്രാർത്ഥനായോഗങ്ങൾ കൂടുക പതിവായിരുന്നു. എല്ലായിടത്തും ഗാന്ധിജി പ്രാർത്ഥനയുടെ വിവിധ വശങ്ങളുടെ അർത്ഥം ചുരുക്കത്തിൽ വിവരിക്കുക പതിവാണ്. ഈ പ്രാർത്ഥനായോഗങ്ങളിൽ അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്.]

അമ്പലങ്ങളോടു ചേർന്നുള്ള മുറ്റങ്ങളിൽ വച്ച് ഭജനസംഘക്കാർ ഭജനം നടത്തുന്നതും ഗുരുക്കന്മാർ പ്രസംഗങ്ങൾ നടത്തുക എന്നുള്ളതും ഇൻഡ്യയിലെ—തെക്കേ ഇൻഡ്യയിലേയും വടക്കേ ഇൻഡ്യയിലേയും—ക്ഷേത്രങ്ങളെ സംബന്ധിച്ചിടത്തോളം വാസ്തവമാണെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഞാൻ ഇവിടെ പ്രവർത്തിക്കാൻ പോകുന്നതും, കുറച്ചു ദിവസമായി ഞാൻ പ്രവർത്തിച്ചുവരുന്നതും, ഞാൻ നിങ്ങളോടു വിവരിച്ചതിൽ നിന്നും കുറച്ചു വ്യത്യാസപ്പെട്ടതാണ്.

ഞാൻ ഇൻഡ്യയിലേയ്ക്കു തിരിച്ചുവന്നതിൽ പിന്നീട് എല്ലായ്പ്പോഴും, എല്ലാ സായാഹ്നങ്ങളിലും ഈ സമയത്ത് ഞങ്ങളുടെ ആശ്രമത്തിലും, ഞാൻ എവിടെയോ അവിടെ വച്ചും പ്രാർത്ഥനകൾ നടത്താറുണ്ട്. ഈ തീർത്ഥാടനത്തിൽ നിങ്ങളുടെ മഹത്തായ ക്ഷേത്രങ്ങളുടെ തണലുകളിൽ വച്ച് എന്റെ പ്രാർത്ഥനകൾ നടക്കത്തക്കവിധത്തിൽ ഞാൻ അത്രവളരെ ഉത്സാഹമുള്ളവനായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് ഞാൻ എന്റെ ജീവിതത്തിൽ ആദ്യമായി സന്ദർശിക്കുന്ന ക്ഷേത്രങ്ങളിലെ ദൈവസന്നിധിയിൽ വച്ച് എനിക്ക് ഒരു പ്രാർത്ഥനായോഗം നടത്താമോ എന്ന് ഞാൻ ഈ ക്ഷേത്രത്തിന്റെ ട്രസ്റ്റിയോടു ചോദിച്ചു. അതിനു വേണ്ട അനുവാദം ഉടൻതന്നെ നൽകപ്പെടുകയുണ്ടായി. ഞാൻ അതിന് ആ ട്രസ്റ്റികളോട് കൃതജ്ഞതയുള്ളവനാണ്.

ഞങ്ങൾ എല്ലാ ദിവസവും നിർവ്വഹിക്കുന്ന പ്രാർത്ഥനയുടെ വിവിധ ഭാഗങ്ങളെപ്പററി ഞാൻ നിങ്ങളോടു വിവരിക്കാം.

പല യോഗങ്ങളിലും ഞാൻ വ്യാഖ്യാനിച്ചിട്ടുള്ള ഈശോപനിഷത്തിൻെറ ആദ്യത്തെ ശ്ലോകം ചൊല്ലിക്കൊണ്ടു് ഞാൻ അതു തുടങ്ങുവാൻ പോവുകയാണു്. ഹിന്ദുമതത്തിന്റെ അടിസ്ഥാനമാണെന്നു ഞാൻ കരുതുന്ന ആ പദ്യത്തിൻെറ സാരം ഞാൻ നിങ്ങളോടു പറയാം. ആ ശ്ലോകമില്ലാതെ ഹിന്ദുമതം ഒന്നുംതന്നെയാകുന്നില്ല; അതുപോലെതന്നെ ആ പദ്യം ഉണ്ടായാൽ പിന്നെ ഹിന്ദുമതത്തിനു മററു് ഒന്നും വേണ്ടതാനും. പ്രപഞ്ചത്തിലുള്ള സകല അണുക്കളിലും—അവ എത്രതന്നെ ചെറുതായിരുന്നാലും—സൃഷ്ടികർത്താവും ഭരണാധിപനുമായ ദൈവം കുടികൊള്ളുന്നു; അതുകൊണ്ടു് സകലതും ദൈവത്തിൻേറതാണെന്നും, ദൈവം എല്ലാത്തിലും വ്യാപിച്ചിരിക്കുന്നു എന്നും കണ്ടു് നമുക്കു് ദിവസംപ്രതി അദ്ദേഹം തരുന്നതിനെ ഭക്ഷിക്കുകയും അനുഭവിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്തുകൊണ്ടു് നാം നമ്മുടെ സകലതിനേയും പരിത്യജിച്ചു് അവയെ അദ്ദേഹത്തിനു് അടിയറവയ്ക്കണം. അന്യരുടെ ധനത്തെ കാമിക്കരുതെന്നു് ഉൽബോധിപ്പിച്ചുകൊണ്ടാണു് ആ മന്ത്രം അവസാനിക്കുന്നതു്. ഈ മന്ത്രത്തെപ്പോലെ ഇത്ര വളരെ സംതൃപ്തികരവും മോഹനവും ആയ ഒന്നുംതന്നെ ലോകത്തിലെ മറെറാരു മതഗ്രന്ഥങ്ങളിലും ഇല്ല. എല്ലാത്തിലും പ്രയോഗിക്കാവുന്ന ഒരു സാർവ്വത്രികമായ സത്യത്തെയാണു് അതു് പ്രഖ്യാപനംചെയ്യുന്നതു്. ഇതിനെ തുടർന്നു് ഭഗവൽഗീതയിലെ ഇരുപത്തിഏഴാം അദ്ധ്യായത്തിലെ ഒടുവിലത്തെ പത്തൊൻപതു പദ്യങ്ങളുടെ പാരായണം ഇതിൽ നടക്കുന്നതാണു്. നല്ല ഹിന്ദുക്കളായിത്തീരുന്നതിനു് എന്തുവേണമെന്നും,—നാം പരസ്പരവും, അന്യന്മാരോടും എങ്ങിനെ പെരുമാറണമെന്നും ആ ശ്ലോകങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

എല്ലാവർക്കുംതന്നെ സംസ്കൃതം മനസ്സിലാക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് ഹിന്ദുമതസാരത്തെ നമ്മെ മനസ്സിലാക്കുന്നതിനായി ഈ മനോഹരമായ മാർഗ്ഗം കണ്ടുപിടിച്ച നമ്മുടെ മഹർഷിമാരിൽ ഒരാളുടെ കൃതികളിൽ നിന്നും, ലഘുവായ ഭജനയോ സ്തവമോ ഞങ്ങൾ പിന്നീടു് പാടും. കബീർ, തുളസീദാസ്, ശൂരദാസ്, നാനാക്ക്, മീരാബായി, ത്യാഗരാജ്,

ത്തുക്കാറാം തുടങ്ങിയുള്ള നിരവധി മഹർഷിമാരുടെ അവസാനമില്ലാത്ത കൃതികളിൽ നിന്നാണ് ഞങ്ങൾ ഈ ഭജനകളെ എടുക്കുന്നത്.

എന്നാൽ ഈ എളുപ്പമേറിയ ഭജനകൾപോലും മനസ്സിലാക്കാൻ സാധിക്കാത്ത ആളുകളും ധാരാളമുണ്ട്. അതുകൊണ്ട് അവരുടെ ശ്രദ്ധ ദൈവത്തിങ്കലേയ്ക്കു നയിക്കുന്നതിനായിക്കൊണ്ടു ഞങ്ങൾ രാമനാമത്തെ മാത്രം ആവർത്തിക്കുന്നു.

ഞങ്ങളുടെ ഗ്രാമങ്ങളിലേയ്ക്കുള്ള പോക്കിനുശേഷം നമ്മുടെ മതപരമായ സാഹിത്യരത്നങ്ങളിൽവച്ച് ഒന്നായ തുളസീദാസന്റെ രാമായണത്തിൽനിന്നും ഞങ്ങൾ ചില ഭാഗങ്ങൾ വായിക്കാറുണ്ട്. ഉത്തരഇൻഡ്യയിലെ നിരവധി ഗ്രാമീണർക്ക് അത് അറിയാം. അതിന്റെ ഉച്ചാരണത്തെ ശ്രവിച്ചാൽ തന്നെ നിങ്ങൾക്ക് ഉയർച്ച വരുത്തത്തക്ക വിധത്തിലുള്ളതാണ് അതിലെ സംഗീതം.

ഇപ്പോൾ കുറച്ചെങ്കിലും ബുദ്ധിപൂർവ്വകമായി നിങ്ങൾ പ്രാർത്ഥനയിൽ പങ്കുകൊള്ളുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Yours
Good Bye.
Swamy

34877

വേണാടിന്റെ വീരചരിതം

p01 വിഷയവിവരം

p1 തിരുവിതാംകൂർ ഒരു കടംകഥ

p9 പ്രക്ഷോഭണകാലം

p26 അത്ഭുതം സംഭവിക്കുന്നു

p46 അത്ഭുതത്തിന്റെ മഹത്വം

p48 (1) മഹാറാണി സേതു പാർവ്വതീഭായി തിരുമനസ്സുകൊണ്ട്

p55 തീർത്ഥയാത്ര

p2-1 വിളംബരത്തിനു മുൻപുള്ള ഗാന്ധിജിയുടെ ലേഖനങ്ങളും പ്രസംഗങ്ങളും

p2-3 വൈക്കം

p2-12 നാഗർകോവിൽ

p2-17 തിരുവനന്തപുരം

p2-28 കൊല്ലം

p2-30 പള്ളുരുത്തി

p2-36 ആലപ്പുഴ

p2-46 തിരുവെഴുത്തുവിളംബരത്തെ പറ്റിയുള്ള മഹാത്മജിയുടെ ലേഖനങ്ങൾ

p2-48 ഹിന്ദുരാജാക്കന്മാർക്കും അവരുടെ ഉപദേഷ്ടാക്കൾക്കും ഒരു മാതൃക

p2-53 ദൈവത്തിന്റെ മഹിമ

p2-59 തിരുവിതാംകൂർ തീർത്ഥാടനം

p2-67 തീർത്ഥാടന പ്രസംഗങ്ങൾ